# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**2018 മാർച്ച് 14, ബുധൻ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 14, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

614/2020

# മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി : ശ്രീ. പിണറായി വിജയൻ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക
സമുദായക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പുമന്ത്രി : ശ്രീ. എ. കെ. ബാലൻ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി : ശ്രീ. ഇ. ചന്ദ്രശേഖരൻ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി : ഡോ. കെ. ടി. ജലീൽ

വൈദ്യുതി വകുപ്പുമന്ത്രി : ശ്രീ. എം. എം. മണി

ജലവിഭവ വകുപ്പുമന്ത്രി : ശ്രീ. മാത്യു ടി. തോമസ്

മത്സ്യബന്ധനവും ഹാർബർ
എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും
വകുപ്പുമന്ത്രി : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

വ്യവസായവും സ്പോർട്സും യുവജനകാര്യവും
വകുപ്പുമന്ത്രി : ശ്രീ. എ. സി. മൊയ്തീൻ

വനവും മൃഗസംരക്ഷണവും മൃഗശാലകളും
വകുപ്പുമന്ത്രി : ശ്രീ. കെ. രാജു

തുറമുഖവും മ്യൂസിയവും പുരാവസ്തു
സംരക്ഷണവും വകുപ്പുമന്ത്രി : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി : ശ്രീ. റ്റി. പി. രാമകൃഷ്ണൻ

വിദ്യാഭ്യാസ വകുപ്പുമന്ത്രി : പ്രൊഫ. സി. രവീന്ദ്രനാഥ്

ഗതാഗത വകുപ്പുമന്ത്രി : ശ്രീ. എ. കെ. ശശീന്ദ്രൻ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി : ശ്രീ. ജി. സുധാകരൻ

കൃഷി വകുപ്പുമന്ത്രി : ശ്രീ. വി. എസ്. സുനിൽ കുമാർ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും
വകുപ്പുമന്ത്രി : ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി : ശ്രീ. പി. തിലോത്തമൻ

ധനകാര്യവും കയറും വകുപ്പുമന്ത്രി : ഡോ. ടി. എം. തോമസ് ഐസക്

# ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...30
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...30
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...72

**II. അടിയന്തരപ്രമേയം**

കാർഷിക മേഖലയിലെ പ്രതിസന്ധി
— ശ്രീ. കെ. എം. മാണി
(അവതരണാനുമതി നിഷേധിച്ചു.) ...404

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) ഓഖി ദുരിതബാധിതരുടെ പുനരധിവാസം
— ശ്രീ. കെ. ദാസൻ ...429

(2) നോക്കുകൂലി നിരോധന നിയമം
— ശ്രീ. പാറക്കൽ അബ്ദുല്ല ...433

**IV. സബ്മിഷൻ**

(1) കാട്ടുതീ
— പ്രതിപക്ഷനേതാവ്(ശ്രീ. രമേശ് ചെന്നിത്തല)...437

(2) ജപ്തി നടപടികൾക്ക് മൊറട്ടോറിയം
— ശ്രീ. കെ.സി. ജോസഫ് ...442

(3) ഫയർ & റെസ്ക്യൂ സ്റ്റേഷൻ
— ശ്രീ. പുരുഷൻ കടലുണ്ടി ...445

(4) കൊച്ചി മെട്രോ
— ശ്രീ. വി. പി. സജീന്ദ്രൻ ...446

*പേജ്*

(5) പട്ടികവർഗ്ഗക്കാരുടെ ക്ഷേമപദ്ധതികൾ
— ശ്രീ. ഒ. ആർ. കേളു ...447

(6) ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജനം
— ശ്രീ. അനൂപ് ജേക്കബ് ...449

(7) കുടിവെള്ള ക്ഷാമം
— ശ്രീ. അബ്ദുൽ ഹമീദ്. പി ...451

(8) ഗതാഗത നിയമങ്ങളുടെ അവബോധം
— ശ്രീ. മുല്ലക്കര രത്നാകരൻ ...454

(9) റോഡ് നിർമ്മാണം
— ശ്രീമതി യു. പ്രതിഭ ഹരി ...456

(10) തിരൂർ-പൊൻമുണ്ടം ബൈപ്പാസ്
— ശ്രീ. സി. മമ്മൂട്ടി ...458

(11) ജങ്കാർ കൈമാറൽ
— ശ്രീ. എ. എം. ആരിഫ് ...459

**V. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന**

ദി കേരള പബ്ലിക് ഹെൽത്ത് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2017-നുള്ള ഭേദഗതികളുടെ പരിഗണന ...461

**VI. അറിയിപ്പ്**

(1) സ്റ്റീഫൻ വില്യം ഹോക്കിംഗിന്റെ നിര്യാണം ...464

(2) ശ്രീ. കെ. പി. രാമനുണ്ണിയുടെ 'ദൈവത്തിന്റെ പുസ്തക'ത്തെപ്പറ്റി ചർച്ചയും സംവാദവും ...465

*പേജ്*

**VII. ധനകാര്യം**

2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XV – പൊതുമരാമത്ത് ...466

ധനാഭ്യർത്ഥന നമ്പർ XL – തുറമുഖങ്ങൾ ...468

**VIII. അറിയിപ്പ്**

– മി. ഡെപ്യൂട്ടി സ്പീക്കർ ...582

**IX. അനുബന്ധം** ...583

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 മാർച്ച് 14, ബുധൻ*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2018 മാർച്ച് മാസം 14-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ</u> : ഓർഡർ....ഓർഡർ... ചോദ്യം നമ്പർ *301

#### ഭക്ഷ്യവിതരണം ഫലപ്രദമാക്കുന്നതിന് നടപടി

1 (*301) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>:
<u>ശ്രീ. കെ. വി. വിജയദാസ്</u>:
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>:
<u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ഭക്ഷ്യവിതരണവും സിവിൽ സപ്ലൈസും കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി കേരള റേഷനിംഗ് ഓർഡറിലും സിവിൽ സപ്ലൈസ് മാന്വലിലും പരിഷ്കരണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭക്ഷ്യഭദ്രതാ നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് അഡ്വൈസറി കമ്മിറ്റിയും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയും രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(സി) പൊതുവിതരണ സമ്പ്രദായത്തിൽ പരമാവധി ആളുകളെ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഭക്ഷ്യഭദ്രതയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നവകേരള മിഷന്റെ ഉപഘടകമായ ഹരിത കേരളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013-നെ അടിസ്ഥാനപ്പെടുത്തി കേരള റേഷനിംഗ് ഓർഡർ പുതുക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സിവിൽ സപ്ലൈസ് മാനുവൽ പരിഷ്കരിക്കുന്നതിന് റേഷനിംഗ് കൺട്രോളറുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ദേശീയ ഭക്ഷ്യഭദ്രതാനിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ആഡിറ്റിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് സോഷ്യൽ ഓഡിറ്റ് (പൈലറ്റ് പ്രോജക്ട്) നടത്തി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് പ്രാവർത്തികമാവും.

(സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തിലെ ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രി-പോപ്പുലേറ്റഡ് ഫോറത്തിൽ കാർഡുടമകൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും കൃത്യമായ നടപടികളിലൂടെ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും 1-6-2017 മുതൽ പ്രസ്തുത പട്ടികയുടെ അടിസ്ഥാനത്തിൽ റേഷൻ വിതരണം തുടർന്നുവരികയും ചെയ്യുന്നു. അന്തിമ ലിസ്റ്റ് പരിശോധിച്ചപ്പോൾ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ ചില ദുർബ്ബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തേ അംഗീകരിച്ച മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുകയുണ്ടായി. മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരെ ഉൾപ്പെടുത്തി ഏപ്രിൽ മധ്യത്തോടെ പട്ടിക കൃത്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ ക്ലോസ് 13 പ്രകാരം മുൻഗണനാപ്പട്ടിക ക്രമമായ കാലയളവിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. വിവിധ വകുപ്പുകളുടെ സഹായത്തോടെ പരമാവധി അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മുൻഗണനാ വിഭാഗത്തിന് പുറമേ ടൈഡ്ഓവർ വിഹിതത്തിൽനിന്ന് ലഭ്യതയനുസരിച്ച് അരിയും ഗോതമ്പും ആട്ടയും മുൻഗണനേതര വിഭാഗത്തിന് നൽകിവരുന്നു.

എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് ആധാർ അധിഷ്ഠിത ബയോമെട്രിക് രീതിയിൽ റേഷൻ വിതരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിലൂടെ യഥാർത്ഥ ഗുണഭോക്താവിനെത്തന്നെ തിരിച്ചറിഞ്ഞ് അർഹതപ്പെട്ട റേഷൻ വിഹിതം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്.

(ഡി) കേരളത്തിൽ നെൽകൃഷിയുടെ വിസ്തീർണ്ണം രണ്ട് ലക്ഷം ഹെക്ടറിൽ നിന്നും മൂന്ന് ലക്ഷം ഹെക്ടറിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ഹരിത കേരളം മിഷന്റെ ഭാഗമായി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ കൃഷിയോഗ്യമായ മുഴുവൻ തരിശു ഭൂമികളും കണ്ടെത്തി ഓരോ ബ്ലോക്ക് പഞ്ചായത്തിന്റെയും പരിധിയിലുള്ള ഒരു പഞ്ചായത്തെങ്കിലും സമ്പൂർണ്ണ തരിശുരഹിത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തിവരുന്നു. അങ്ങനെ സംസ്ഥാനത്താകെ 152 പഞ്ചായത്തുകളെങ്കിലും തരിശുരഹിത പഞ്ചായത്തുകളാക്കാനും അതുവഴി കാർഷിക മേഖലയിലെ ഉന്നമനത്തിലൂടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്താനാകുമെന്നും പ്രതീക്ഷിക്കുന്നു.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013-ൽ പാസ്സായി. എന്നാൽ 2016 മെയ് മാസം വരെ മുൻസർക്കാർ ഇതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഇതുകാരണം കേരളത്തിനുണ്ടായിട്ടുള്ള പ്രയാസങ്ങൾ എന്തെല്ലാമാണ്?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെതന്നെ കേന്ദ്രത്തിന്റെ ശക്തമായ ഇടപെടൽ ഉണ്ടായി. അരിവിഹിതം വെട്ടിക്കുറയ്ക്കുക, മുൻഗണനേതര വിഭാത്തിനുണ്ടായിരുന്ന അരിയുടെ റേറ്റ് വർദ്ധിപ്പിക്കുക തുടങ്ങിയ വളരെ കർശനമായ നടപടികളാണ് സ്വീകരിച്ചത്. അതുകൊണ്ട് നമുക്ക് എൻ.എഫ്.എസ്.എ. നടപ്പിലാക്കാൻ വളരെ പെട്ടെന്ന് ഇറങ്ങിത്തിരിക്കേണ്ടി വന്നു. അതിനുവേണ്ടി മുന്നൊരുക്കങ്ങളൊന്നും പ്രത്യേകിച്ച് നടത്താൻ കഴിഞ്ഞിരുന്നില്ല. ഇതിൽ ഏറ്റവും പ്രധാനം പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കുക എന്നതായിരുന്നു. സർവ്വേ നടത്തി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി കുറ്റമറ്റ രീതിയിൽ മുൻഗണനാ പട്ടിക തയ്യാറാക്കാനായില്ല എന്നുള്ളതായിരുന്നു ഏറ്റവും പ്രധാന പ്രശ്നം. രണ്ടാമത്തെ കാര്യം, എൻ.എഫ്.എസ്.എ. അടിസ്ഥാനത്തിൽ കേന്ദ്രം തരുന്ന അരിക്ക് റേറ്റ് കുറവുണ്ടായിരുന്നു. നമുക്ക് നേരത്തെ ബി.പി.എൽ. റേറ്റിൽ ലഭിച്ചുകൊണ്ടിരുന്ന അരിയുടെയും ഗോതമ്പിന്റെയും റേറ്റിനേക്കാൾ കുറഞ്ഞ റേറ്റിലാണ് എൻ.എഫ്.എസ്.എ. പ്രകാരം കേന്ദ്രം തരുന്നത്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ ഇപ്പോൾ ഏകദേശം 275000 അനർഹരെ കണ്ടുപിടിച്ച് ഒഴിവാക്കിയതായി കാണാൻ സാധിച്ചു. പകരം അർഹരെ ഉൾപ്പെടുത്തുന്ന പ്രവർത്തനം എവിടെവരെയെത്തി; അർഹരായ മുഴുവനാളുകൾക്കും ബി.പി.എൽ. കാർഡ് നൽകുവാൻ കഴിയുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, തീർച്ചയായും ആ പ്രോസസ്സാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. 261000 അനർഹരെ കണ്ടെത്തി അവരെ ഒഴിവാക്കി ആ സ്ഥാനത്തേയ്ക്ക് ഉൾപ്പെടുത്തേണ്ട അർഹരെ തിരിച്ചറിഞ്ഞിട്ടുണ്ട്, അവരെ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിൽ അനുശാസിക്കുന്നത്, എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും കൃത്യമായി റേഷൻ കടകളിലേയ്ക്ക് ഭക്ഷ്യധാന്യം എത്തിച്ചുകൊടുക്കണമെന്നാണ്. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും കൃത്യമായ അളവിൽ റേഷൻ കടകളിലേയ്ക്കുള്ള ധാന്യം ലഭിക്കുന്നില്ല എന്നതാണ് വസ്തുത. ഈയടുത്ത കാലത്താണ് മേനംകുളം ഗോഡൗണിൽനിന്നും 15 ലോഡ് അരിപിടിച്ചതായുള്ള വാർത്ത പത്രത്തിൽ കാണാനിടയായത്. ഗോഡൗണുകളിൽത്തന്നെ അരിയുടെ കൃത്രിമം ഉണ്ടാകുന്നു, വെട്ടിപ്പ് നടക്കുന്നുവെന്നാണ് ഇതിന്റെയർത്ഥം. അങ്ങനെ ധാന്യങ്ങൾ ലഭ്യമാകാത്ത അവസ്ഥയിൽ അളവിലെ വെട്ടിപ്പ് തടയാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, നമ്മുടെ ഗോഡൗണുകളിൽനിന്നും എ.ആർ.ഡി.-കളിലേയ്ക്ക് അരി വിതരണം ചെയ്യുന്ന ഘട്ടത്തിൽ കൃത്യമായ അളവ് കൊടുക്കണമെന്ന് വളരെ കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുറപ്പുവരുത്താനാവശ്യമായ എൻഫോഴ്സ്മെന്റ് കാര്യങ്ങളും നമ്മൾ നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ചില സ്ഥലങ്ങളിൽ ചില വിഷയങ്ങളുണ്ട്. അതെല്ലാം കർക്കശമായി നേരിട്ടുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. എന്നാൽ എങ്ങുനിന്നും ഞങ്ങൾക്ക് കൃത്യമായ അളവ് കിട്ടുന്നില്ല എന്ന രീതിയിൽ വ്യാപകമായി എ.ആർ.ഡി. ഉടമകളുടെ ഒരു പ്രചരണമുണ്ട്, അത് അവർ കൃത്യമായി കൊടുക്കാത്തതിനുള്ള ന്യായീകരണമായി പറയുന്നതാണ്. കുറച്ച് സ്ഥലങ്ങളിൽ പ്രശ്നമുണ്ട്, അവിടെയെല്ലാം കർശനമായി ഇടപെട്ട് പരിഹരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അനർഹരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനായുള്ള ഗവൺമെന്റ് ശ്രമം വളരെ ശരിയാണ്. അതേസമയം അർഹരായിട്ടുള്ളയാളുകൾക്ക് ചില ഓഫീസർമാരുടെ ഇടപെടൽ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്, നിങ്ങൾക്ക് വണ്ടിയില്ലായെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വേണമെന്ന് നിർബന്ധിക്കുന്ന അവസ്ഥ ചിലയിടങ്ങളിലുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടാണ് അത് തടഞ്ഞത്. അത്തരത്തിൽ അർഹരായിട്ടുള്ള ആളുകളെ പൂർണ്ണമായും ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; രണ്ടുമാസം തുടർച്ചയായി റേഷൻ വാങ്ങിയില്ലെങ്കിൽ റേഷൻ തടയുമെന്ന വാർത്തയുണ്ടായിരുന്നു, യഥാർത്ഥത്തിൽ അങ്ങനെയുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, കൃത്യമായി അർഹതപ്പെട്ടവരെ ഉൾപ്പെടുത്താൻ വേണ്ടിയുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആദ്യം ചെയ്ത റാങ്കിംഗിനുപകരം രണ്ടാമതായി റാങ്കിംഗ് ചെയ്ത് പട്ടിക പ്രസിദ്ധീകരിച്ചു. അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻപിൽ സമർപ്പിച്ചു. അവിടെനിന്നും അതിനുപരിയായും ഏതാണ്ട് 7 ലക്ഷത്തിൽപ്പരം പരാതികൾ നമുക്ക് കിട്ടിയിട്ടുണ്ട്. ആ പരാതികൾ പ്രോസസ് ചെയ്ത് ഏകദേശം 590000 പേർ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതും റാങ്കിംഗിന് വിധേയമാക്കി, അനർഹരെ ഒഴിവാക്കുമ്പോൾ വരുന്ന ഒഴിവിൽ അവരെ മുൻഗണനാടിസ്ഥാനത്തിൽ പോസ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആന്റണി ജോൺ: സർ, സംസ്ഥാനത്തെ റേഷൻ വ്യാപാരികളിൽ ഭൂരിഭാഗവും സത്യസന്ധരായി പ്രവർത്തിക്കുന്നവരാണ്. എന്നാൽ അതിൽ കുറച്ചാളുകൾ റേഷൻ വിതരണത്തിൽ തിരിമറി നടത്തുന്നതായി ആക്ഷേപമുണ്ട്. ഇത് പൂർണ്ണമായും ഒഴിവാക്കുന്നതിനായി ചില്ലറ റേഷൻ വ്യാപാരികളുടെ പ്രതിഫല പാക്കേജിന് സർക്കാർ അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ശ്രീ. പി. തിലോത്തമൻ: സർ, എൻ.എഫ്.എസ്.എ. നടപ്പാക്കുന്ന ഘട്ടത്തിൽ റേഷൻ കടക്കാർക്ക് ആശങ്കകളുണ്ടായിരുന്നു. അവ ദൂരീകരിക്കുന്ന രൂപത്തിലുള്ള ചർച്ചകളും തീരുമാനങ്ങളുമാണ് ഉണ്ടായിട്ടുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ പങ്കെടുത്തുകൊണ്ട് രണ്ടുമൂന്ന് സന്ദർഭങ്ങളിലായി യോഗം കൂടി റേഷൻ കടക്കാർക്ക് പ്രത്യേക പാക്കേജ് തയ്യാറാക്കുകയും അതിപ്പോൾ നടപ്പിലാക്കിവരികയുമാണ്. എൻ.എഫ്.എസ്.എ. പ്രകാരം ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ ആ പാക്കേജ് നടപ്പിലാക്കിവരുന്നുണ്ട്. ഇതോടുകൂടി ക്രമക്കേടുകളെല്ലാം അവസാനിപ്പിക്കാൻ കഴിയുമെന്ന് ഉറപ്പാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, റേഷൻ കാർഡിൽ പേരുകൾപ്പെടുത്താനും തിരുത്താനുമുള്ള അപേക്ഷകൾ നൽകാനുള്ള അവസാന തീയതി എന്നാണ്; ഈ അപേക്ഷകളുമായി ബന്ധപ്പെട്ട് എല്ലാവരും എം.എൽ.എ.-മാരുടെ സർട്ടിഫിക്കറ്റ് ചോദിക്കുന്നുണ്ട്, ഒരു കോൺസ്റ്റിറ്റ്യുവൻസിയിലുള്ള മുഴുവൻ റേഷൻ കാർഡുകളെപ്പറ്റിയും എം.എൽ.എ.-ക്ക് അറിയാൻ പറ്റുമോ; എന്തിനാണ് എം.എൽ.എ.-യുടെ സർട്ടിഫിക്കറ്റ് compulsory ആക്കുന്നത്; പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞാൽപ്പോരേ; അങ്ങനെയുള്ള അസൗകര്യം ഉണ്ടാക്കാതെ ദയവായി പഞ്ചായത്ത് പ്രസിഡന്റിൽനിന്നുള്ള സർട്ടിഫിക്കറ്റ് മതി എന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, 8018030 റേഷൻ കാർഡുകളാണ് പ്രിന്റ് ചെയ്ത് വിതരണത്തിന് തയ്യാറാക്കിയത്. അതിൽ 7949195 എണ്ണവും (99.14%) വിതരണം ചെയ്തുകഴിഞ്ഞു. ഇനിയുമെവിടെയെങ്കിലും റേഷൻ കാർഡിൽ പേരില്ലാത്തവരുണ്ടെങ്കിൽ അവർക്ക് അപേക്ഷിക്കാനുള്ള അവസരമാണ് കൊടുത്തത്. അതുപ്രകാരം ഏതാണ്ട് നാൽപ്പത്താറായിരത്തിൽപ്പരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവർക്ക് ഉടനെ റേഷൻ കാർഡ് നൽകും. കുറവുചെയ്ത് പുതിയ റേഷൻ കാർഡുകൾ ലഭിക്കേണ്ടവർക്കാണ് ഇനി അപേക്ഷിക്കാൻ അവസരം കൊടുക്കേണ്ടത്. അതിനുള്ള നടപടികൾ വൈകാതെ സ്വീകരിക്കും. എം.എൽ.എ.-മാരുടെ കത്ത് എന്നത് പുതുതായി ഏർപ്പെടുത്തിയതല്ല, നിലനിന്ന സമ്പ്രദായമാണ്. അപേക്ഷകന് ഒരിടത്തും റേഷൻ കാർഡിൽ പേരില്ലെന്ന സത്യവാങ്മൂലം എം.എൽ.എ.-മാരാണ് ഇതുവരെ നൽകിയിരുന്നത്; അത് എം.എൽ.എ.-മാരുടെ റൈറ്റാണ്; അത് ഒഴിവാക്കേണ്ട ആവശ്യമില്ല.

ശ്രീ. കെ. ദാസൻ: സർ, കടലോരത്ത് മത്സ്യത്തൊഴിലാളികൾ ഇടതിങ്ങിയാണ് താമസിക്കുന്നത്. ഒരു വീട്ടിൽത്തന്നെ മൂന്നും നാലും കുടുംബങ്ങളുണ്ടാകും. അവർക്ക് പ്രത്യേകം പ്രത്യേകം അടുക്കള ഉണ്ടായിരിക്കും. എന്നാൽ അവരിലെ ഓരോ കുടുംബത്തിനും പ്രത്യേകമായി റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷ പരഗണിക്കപ്പെടുന്നില്ല. ഇക്കാര്യം പരിഗണിക്കാനാവശ്യമായ നടപടിയുണ്ടോ; മാവേലി സ്റ്റോറും സൂപ്പർമാർക്കറ്റും പീപ്പിൾസ് മാർക്കറ്റുമെല്ലാം പുതിയതായി ആരംഭിക്കുന്നതായി കേട്ടു, അങ്ങനെയെന്തെങ്കിലും നടപടി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, നമ്മുടെ തീരപ്രദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ പല കുടുംബങ്ങളും ഒരുമിച്ച് പാർക്കുന്നുണ്ട്. അതിന്റെ പശ്ചാത്തലം നമുക്ക് എല്ലാവർക്കും അറിയാം. അങ്ങനെയുള്ള കുടുംബങ്ങളായിട്ടാണ് താമസിക്കുന്നതെങ്കിൽ, ഫീൽഡ് വിസിറ്റ് നടത്തി ഉദ്യോഗസ്ഥൻമാർ

സാക്ഷ്യപ്പെടുത്തുന്നവർക്ക് തീർച്ചയായും റേഷൻ കാർഡുകൾ കൊടുക്കും. മുഴുവൻ മത്സ്യത്തൊഴിലാളികളെയും മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തുവാൻ വേണ്ടിയുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്.

പുതിയ മാവേലി സ്റ്റോറും അതുപോലെതന്നെ സൂപ്പർമാർക്കറ്റുകളും നൽകുന്നുണ്ട്. പഞ്ചായത്തുകളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ, പ്രത്യേക സൗകര്യം ഒരുക്കിത്തരണം. അതിന്റെ അടിസ്ഥാനപരമായ പ്രാഥമിക പ്രവർത്തനങ്ങളും സൗകര്യങ്ങളും ഒരുക്കുവാൻ പഞ്ചായത്തിൽനിന്നും ഒരു ലക്ഷം രൂപ തരികയും വേണമെന്ന വ്യവസ്ഥയിലാണ്. അങ്ങനെ തരുന്നവർക്ക് പുതുതായി മാവേലി സ്റ്റോറുകളോ സൂപ്പർമാർക്കറ്റുകളോ അനുവദിക്കുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി എന്തുതന്നെ പറഞ്ഞാലും, നിലവിൽ കേരളത്തിലെ പൊതുവിതരണ മേഖല ആകെ തകർന്നിരിക്കുകയാണ്. ഒരു വിഭാഗം റേഷൻ വ്യാപാരികൾ സമരത്തിലായിരുന്നു. മറ്റൊരു വിഭാഗം സമരത്തിലേയ്ക്ക് പോകുവാനും പോകുന്നു. റേഷൻ കടയിൽ ചെന്നാൽ അര ലിറ്റർ മണ്ണെണ്ണയാണ് കിട്ടുന്നത്, പഞ്ചസാര കിട്ടുന്നതുമില്ല. പലർക്കും കിട്ടുന്നത് മോശമായ അരിയാണെന്നുള്ള പരാതി ഉണ്ടാകുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എ.പി.എൽ. വിഭാഗത്തിന് ഏഴ് മുതൽ പത്ത് കിലോഗ്രാം വരെ കിട്ടിയിരുന്ന അരി ഇപ്പോൾ ഒരു മാസം ഒരു കിലോയാണ് കൊടുക്കുന്നത്. ഓരോ അരിയെടുത്താണോ ആളുകൾ കഴിക്കേണ്ടത്? എ.പി.എൽ.-കാർക്ക് ഒരു മാസം ഒരു കിലോ അരിയാണ് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത്. ബഹുമാന്യനായ മന്ത്രി ഇക്കാര്യത്തിൽ സജീവമായി ഇടപെടലുകൾ നടത്തുകയും കൂടുതൽ അരി കിട്ടാനുള്ള സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുകയും അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തുനിന്നും പണം ചെലവഴിച്ച് കൂടുതൽ അരി വാങ്ങുകയും ചെയ്ത് കേരളത്തിലെ ജനങ്ങൾക്ക് ഉണ്ടായിരിക്കുന്ന ഈ ബുദ്ധിമുട്ട് പരിഹരിക്കുമോ ?

ശ്രീ. പി. തിലോത്തമൻ : സർ, ദേശീയ ഭക്ഷ്യഭദ്രതാനിയമം പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയത് ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ പാർട്ടി തന്നെയാണ്. ആ സന്ദർഭത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും 67% ജനങ്ങൾ മുൻഗണനാ പട്ടികയിൽ വരാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ കേരളത്തിന്റെ കാര്യം വന്നപ്പോൾ അത് 46% ആയി പരിമിതപ്പെടുത്തി. അതിന്റെ ഉത്തരവാദിത്വം ഞങ്ങൾക്കല്ല, താങ്കൾക്കും താങ്കളുടെ പാർട്ടിക്കും ഗവൺമെന്റിനും തന്നെയാണ്. ഭക്ഷ്യ ഉൽപ്പന്നങ്ങൾ വളരെ പരിമിതമായ അളവിൽ ഉല്പാദിപ്പിക്കുന്ന കേരളത്തിലുണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം

മാറി പുതിയ നിയമം വന്നപ്പോൾ എന്തുകൊണ്ടാണ് സാമ്പത്തിക മാനദണ്ഡം കൊണ്ടുവന്ന് കേരളത്തെ ഉപദ്രവിച്ചത്? അതിനൊക്കെ മറുപടി പറയേണ്ട ഉത്തരവാദിത്വം ഞങ്ങൾക്കല്ല. 14.25 ലക്ഷം മെട്രിക് ടൺ ധാന്യമാണ് എൻ.എഫ്.എസ്.എ. പ്രകാരം നമുക്ക് കിട്ടുന്നത്. എ.എ.വൈ. കുടുംബത്തിന് 35 കിലോ ധാന്യവും മുൻഗണനാപ്പട്ടികയിലെ ഒരാൾക്ക് 5 കിലോ ധാന്യവും എന്നതാണ് കണക്ക്. പിന്നീട് വരുന്ന 121 ലക്ഷം ആളുകൾക്ക് ഒരാൾക്ക് രണ്ട് കിലോ പ്രകാരം ധാന്യം കൊടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചത്. തിരുവിതാംകൂറിലാണ് അണുകുടുംബങ്ങൾ ഏറ്റവും കൂടുതലായുള്ളത്. എന്നാലും 4 പേർ ഒരു കുടുംബത്തിലുണ്ടാകും. നാലുപേരുള്ള എ.പി.എൽ. കുടുംബത്തിന് എട്ട് കിലോ വീതം കിട്ടും. 65 ലക്ഷം കുടുംബങ്ങൾക്കാണ് മുൻഗണനേതര സബ്സിഡിയില്ലാതെ ലഭിക്കുന്നത്. ലഭ്യതയുടെ അടിസ്ഥാനത്തിലാണ് ഒന്നര കിലോ അരി, രണ്ട് കിലോ ആട്ട എന്നിവ കൊടുക്കുന്നത്. എന്നാലത് ഒരു ഘട്ടത്തിൽ 8 കിലോ വരെ കൊടുത്തിട്ടുണ്ട്. ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇനിയും കൊടുക്കും. ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ അവസാനത്തെ കടമ്പയായ ഇ-പോസ് മെഷീൻ സാർവ്വത്രികമായി നടപ്പിലാക്കിക്കഴിഞ്ഞാൽ തീർച്ചയായും ആ വിഭാഗത്തിന്റെ അരിയുടെ അല്ലെങ്കിൽ ഗോതമ്പിന്റെ അളവിൽ വ്യത്യാസം വരുത്താൻ കഴിയുമെന്ന കാര്യം ഉറപ്പാണ്. കുറെ എ.ആർ.ഡി. ഉടമകൾ പ്രക്ഷോഭത്തിലേയ്ക്ക് പോകുന്നുവെന്നും പോകുന്നില്ലെന്നുമൊക്കെ പറയുന്നത് ശരിയാണ്; ആ റസിസ്റ്റൻസ് ഉണ്ട്. നമ്മുടെ റേഷൻ ഷോപ്പുകളിൽ നടന്നിരുന്ന ക്രമക്കേടുകൾക്ക് ഒരു കാരണവശാലും അവസരമില്ലായെന്നുള്ളതുകൊണ്ട് പദ്ധതി നടപ്പാക്കുന്നതിന് എല്ലായിടത്തും വലിയ റെസിസ്റ്റൻസ് ഉണ്ട്. പരിശീലന പരിപാടികൾ നടത്തുമ്പോൾ അതിൽ പങ്കെടുത്തിട്ട് ഇ-പോസ് മെഷീൻ വാങ്ങാതെ പോകുകയും പിന്നീട് തിരിച്ചുവന്ന് വാങ്ങുകയും ചെയ്യുന്നു. ഈ പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. കർക്കശമായി ആ നിയമം നടപ്പാക്കാനും ഇ-പോസ് മെഷീൻ സ്ഥാപിക്കാനുമുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാത്ത എ.ആർ.ഡി.-കൾ ഉണ്ടെങ്കിൽ അതിന് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കും.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, നിരവധി ആദിവാസി കുടുംബങ്ങളെ എ.പി.എൽ. പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുപോലെതന്നെ തോട്ടം തൊഴിലാളികളെ ബി.പി.എൽ. മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുമെന്നും നേരത്തെ പറഞ്ഞതാണ്. ഈ രണ്ട് കാര്യങ്ങളും, അതായത് ആദിവാസികളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താനും തോട്ടം തൊഴിലാളികളെ ബി.പി.എൽ. മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താനും സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ കഴിയുമോ? റേഷൻ വിതരണം നടക്കുമ്പോൾ ആദിവാസികൾക്ക്

ളുക്കം കുറച്ചുകൊടുക്കുന്ന നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. ആദിവാസി കോളനികളിൽ നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കാനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, ആദിവാസി കുടുംബങ്ങളിലെ ബഹുഭൂരിപക്ഷം പേരും എ.എ.വൈ. വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. അവർക്ക് കൃത്യമായി അരിയും ധാന്യവും കൊടുത്തിരുന്നു എന്നുള്ള വസ്തുതയൊക്കെ നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇപ്പോൾ സംസ്ഥാനത്ത് ഒല്ലൂർ മണ്ഡലത്തിൽ നന്നായി വിതരണം നടത്തിയതിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. ആദിവാസികളുടെ ഊരുകളിലേയ്ക്ക് റേഷൻ കൊണ്ടുചെന്ന് എത്തിക്കുന്ന പദ്ധതി വളരെ വിജയമായിരുന്നു. ഇപ്പോൾ ബഹുമാന്യനായ ചാലക്കുടി എം.എൽ.എ. ശ്രീ. ബി. ഡി. ദേവസ്സി അതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തി കൊണ്ടിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പൊതുവിൽ ആദിവാസി ഊരുകളിലേയ്ക്ക് അരി എത്തിച്ചുകൊടുക്കുന്നതിനെക്കുറിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞദിവസം മീറ്റിംഗ് വിളിച്ചിരുന്നു. ഭക്ഷ്യവകുപ്പ്, ആരോഗ്യവകുപ്പ്, വനം വകുപ്പ്, പട്ടികജാതി വികസന ക്ഷേമവകുപ്പ് എന്നീ നാലു വകുപ്പുകളുടെ മന്ത്രിമാരുടേയും വകുപ്പ് സെക്രട്ടറിമാരുടെയും യോഗമാണ് അദ്ദേഹം വിളിച്ചത്. അവിടെ ഈ വിഷയത്തെക്കുറിച്ച് ആലോചിച്ചു. അതിനെക്കുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് നൽകാനായി വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആദിവാസി ഊരുകളിൽ അരിയും മറ്റ് ധാന്യങ്ങളും പലവ്യഞ്ജനങ്ങളും എത്തിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഗവൺമെന്റ് ചെയ്യുന്നതാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, ഭക്ഷ്യഭദ്രതാനിയമം കേരളത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. അതുപോലെ, ഇ-പോസ് മെഷീൻ മിക്കവാറും എല്ലാ സ്ഥലത്തും വാങ്ങിക്കഴിഞ്ഞു. റേഷൻ വ്യാപാരികൾ മുഖ്യമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ അറിയിച്ചത് ന്യായമായ വേതനം ലഭിക്കാത്തതിനാൽ പ്രതിസന്ധിയിലായതിനെത്തുടർന്ന് അവർ സമരത്തിലേയ്ക്ക് പോകാനിരിക്കുകയാണ് എന്നാണ്. ഒട്ടുമിക്ക ജില്ലകളിലും ഫോട്ടോയെടുത്തതും പേരു വിട്ടുപോയതുമായ ധാരാളം ആളുകൾ റേഷൻ കാർഡ് കിട്ടാതെ പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. വരാനിരിക്കുന്ന കാലഘട്ടങ്ങളിൽ ഇതിന്റെ രണ്ടിന്റേയും അടിസ്ഥാനത്തിൽ റേഷൻ മേഖലകളിൽ ഉണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ അടിയന്തരമായി ഇടപെട്ട് അതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ ?

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിനുമുമ്പ് എ.ആർ.ഡി.-കൾക്ക് കമ്മീഷനുണ്ടായിരുന്നു. ഒരു ക്വിന്റൽ ധാന്യം വിറ്റാൽ 90 രൂപയായിരുന്നു. ആ സ്ഥാനത്താണ് പുതിയ പാക്കേജിൽ 220 രൂപയാക്കി വർദ്ധിപ്പിച്ചുകൊടുക്കുന്നത്. അതിനും പുറമെ 45 ക്വിന്റലെങ്കിലും ധാന്യം ക്രയവിക്രയം ചെയ്യണമെന്ന വ്യവസ്ഥ വന്നു. 45 ക്വിന്റൽ ധാന്യം വിൽക്കുന്ന കടകൾ അത് 100% വിറ്റാൽ അവർക്ക് 16,000 രൂപ ലഭിക്കുന്ന പാക്കേജാണ് നമ്മൾ അംഗീകരിച്ചത്. അങ്ങനെ വളരെ മിനിമം നിലവാരത്തിൽ ക്രയവിക്രയം നടത്തുന്നവർക്ക് സ്റ്റേറ്റ് സപ്പോർട്ടോടുകൂടി 16,000 രൂപ ലഭിക്കണം. 72 ക്വിന്റൽ കഴിഞ്ഞുള്ളവർക്ക് അതിനുപുറമെ ഓരോ ക്വിന്റലിനും 220 രൂപ പ്രകാരമുള്ള കമ്മീഷൻ ലഭിക്കണം. ആ അടിസ്ഥാനത്തിൽ ഒരു നല്ല പാക്കേജാണ് തയ്യാറാക്കിയിട്ടുള്ളത്. എല്ലാ റേഷൻ കടക്കാരുടെയും സംഘടനകൾ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരുമിച്ചിരുന്ന് ചർച്ചചെയ്ത് അംഗീകരിച്ച പാക്കേജാണിത്. പാക്കേജ് നടപ്പാക്കുന്ന ഘട്ടം വന്നപ്പോൾ ചിലരുടെ എതിർപ്പ് വന്നു. എന്നാൽ അതിൽനിന്നും നമുക്ക് പിറകോട്ട് പോകുവാൻ സാധിക്കില്ല. വലിയ ബാദ്ധ്യതയാണ് ഗവൺമെന്റ് അതിന്റെ പേരിൽ ഏറ്റെടുക്കുന്നത്. എ.ആർ.ഡി.-കൾ മുമ്പ് ഗോഡൗണിൽ പോയി അരി സ്വന്തം ചെലവിൽ റേഷൻ കടകളിൽ കൊണ്ടുവരണമായിരുന്നു. ആ സ്ഥാനത്ത് ആ ചുമതല പരിപൂർണ്ണമായും ഗവൺമെന്റ് ഏറ്റെടുത്ത് ഒരു രൂപപോലും ചെലവില്ലാതെ റേഷൻ കടയ്ക്ക് അകത്തുകൊണ്ടുപോയി ധാന്യം വച്ചുകൊടുക്കുകയാണ്. അതിനുപുറമേയാണ് ക്വിന്റലിന് 220 രൂപ പ്രകാരം കമ്മീഷനും ഗവൺമെന്റ് സപ്പോർട്ടും കൊടുത്ത് ഈ പാക്കേജ് മുന്നോട്ടുവച്ചിരിക്കുന്നത്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം മൂന്ന് വർഷക്കാലം നടപ്പാക്കാതെയിരുന്ന സ്ഥാനത്ത് ഈ ഗവൺമെന്റ് വന്നതിനുശേഷം ഇച്ഛാശക്തിയോടെ അത് നടപ്പാക്കിയതിൽ അഭിനന്ദനം അർഹിക്കുന്നു. തീർച്ചയായും, ഇ-പോസ് മെഷീൻ മാതൃകാപരമായി നടപ്പാക്കാൻ സാധ്യമായ സ്ഥലമാണ് എന്റെ മണ്ഡലം. അവിടത്തെ റേഷൻ കടക്കാർക്ക് സ്വാഭാവികമായി വന്നിട്ടുള്ള വരുമാനനഷ്ടം കുറച്ച് അത് പരിഹരിക്കണം. റേഷൻ കടകളിലൂടെ മാവേലി സ്റ്റോറുകൾവഴി വിതരണം ചെയ്തുകൊണ്ടിരിക്കുന്ന നിത്യോപയോഗ സാധനങ്ങളിൽ കുറച്ച് സാധനങ്ങൾ, ഈ റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിച്ച് അവരുടെ വരുമാനത്തിന് വർദ്ധനവ് ഉണ്ടാക്കാനുള്ള അവസരം ഉണ്ടാക്കുമോ ?

ശ്രീ. പി. തിലോത്തമൻ: സർ, എൻ.എഫ്.എസ്.എ.യുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും പൂർത്തീകരിച്ച് ഇ-പോസ് മെഷീൻ എല്ലാ എ.ആർ.ഡി.-കളിലും സ്ഥാപിച്ച് പദ്ധതി പരിപൂർണ്ണമാക്കിയതിനുശേഷം റേഷൻ കടകളെ വൈവിദ്ധ്യവൽക്കരിക്കാനുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, വെട്ടിപ്പും തട്ടിപ്പും ഒഴിവാക്കി, റേഷൻ നേരിട്ട് ആദിവാസി ഊരുകളിൽ എത്തിക്കാനെടുക്കുന്ന ആത്മാർത്ഥമായ നടപടി വളരെ മാതൃകാപരമാണ്. കേന്ദ്ര ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ ഭാഗമായി അഗതിമന്ദിരങ്ങൾ, ഇതര മുൻഗണനാ വിഭാഗങ്ങൾ, അതുപോലെ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്കൊക്കെ കേന്ദ്ര വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ ലെപ്രസി ഹോസ്പിറ്റൽ, ഗാന്ധിഗ്രാം ത്വക്ക് രോഗ ആശുപത്രി - അവിടെ 200-ലധികം അന്തേവാസികൾ ഉണ്ട്; അവർക്ക് ആദ്യം ബി.പി.എൽ. ലിസ്റ്റിൽപ്പെട്ട് റേഷൻ കിട്ടിയിരുന്നതാണ്. ഇപ്പോഴത് ലഭിക്കുന്നില്ല. അതിന്റെ ഭാഗമായി മിച്ചംവരുന്ന അരിയാണവർക്ക് കൊടുക്കുന്നത്. ഇത് തികയാത്ത സാഹചര്യത്തിൽ വ്യക്തികൾ, സ്ഥാപനങ്ങൾ, ആശുപത്രിയിലെ ജീവനക്കാരൊക്കെ സംഭാവനയെടുത്ത് അവർക്ക് വേണ്ടുന്ന അരി കൊടുക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ആശുപത്രികൾ അടക്കമുള്ള അഗതിമന്ദിരങ്ങൾക്ക് റേഷൻ കൊടുക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാന്യനായ മെമ്പർ പറഞ്ഞതുപോലുള്ള വിഭാഗത്തിന് ധാന്യം കൊടുക്കാൻ പ്രത്യേകമായ അലോട്ട്മെന്റ് കേന്ദ്രഗവൺമെന്റ് നൽകിക്കൊണ്ടിരുന്നതാണ്. എന്നാൽ ഈ കഴിഞ്ഞ സാമ്പത്തികവർഷം ഒരു സന്ദർഭത്തിൽ മാത്രമാണ് ആറുമാസത്തേയ്ക്കുള്ളത് നമുക്ക് അലോട്ട് ചെയ്തത്. പിന്നീട് ആ അലോട്ട്മെന്റ് ഉണ്ടായില്ല. അതിന്റേതായ പ്രയാസവുമുണ്ട്. എന്നാൽ ലഭിച്ചതിനേക്കാളും കൂടുതൽ ധാന്യം പങ്കുവച്ച് ഈ വിഭാഗത്തിന് നൽകുന്നുണ്ട്. അത് എത്രുകണ്ട് ഇനി സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിച്ച് നടപടികൾ സ്വീകരിക്കാം.

ശ്രീ. സി. കൃഷ്ണൻ: സർ, ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയപ്പോഴുണ്ടായ പട്ടികയിൽ വന്നിട്ടുള്ള അപാകത പരിഹരിക്കാൻ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പും ഗവൺമെന്റും സ്വീകരിക്കുന്ന നടപടി ശ്ലാഘനീയമാണ്. ഈ അപാകത പരിഹരിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ആ വിവരണം കൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. പൊതുവിതരണ രംഗത്ത് മാവേലി സ്റ്റോർ ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. ആദ്യമൊക്കെ പതിനഞ്ച് കിലോ മീറ്ററോളം യാത്ര

ചെയ്തതിനുശേഷമാണ് ഒരു മാവേലി സ്റ്റോറിൽ എത്താൻ സാധിച്ചിരുന്നത്. അതിന് പരിഹാരം എന്നുള്ള നിലയിൽ മൊബൈൽ മാവേലി സ്റ്റോർ സഹായമായിരുന്നു. തളിപ്പറമ്പ് മണ്ഡലത്തിൽ ഒരു വാഹനമാണ് അതിനുവേണ്ടി ഉപയോഗിച്ചുവന്നിരുന്നത്. രണ്ടാഴ്ച കൂടുമ്പോൾ ഒരു തവണയാണ് ഒരു വില്ലേജിൽ മൊബൈൽ മാവേലി സ്റ്റോർ എത്തുന്നത്. വില വർദ്ധിപ്പിക്കാതെ പതിമൂന്നിനം സാധനങ്ങൾ ഗവൺമെന്റ് മാവേലി സ്റ്റോർവഴി കൊടുക്കുന്നുണ്ട്. അതുകൊണ്ട് ആളുകൾക്ക് സൗകര്യപ്രദമായി ഒരു വാഹനംകൂടി അനുവദിച്ച് മാവേലി സ്റ്റോറിലും മൊബൈൽ മാവേലി സ്റ്റോർ എത്തിച്ചേരുന്നതിനുവേണ്ടിയുള്ള സഹായം ഉണ്ടാകുമോ; എന്റെ മണ്ഡലത്തിൽ പയ്യന്നൂർ എന്നുപറയുന്ന ഒരു പുതിയ താലൂക്കുകൂടി വന്നിരിക്കുകയാണ്. ഇതിനെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു വാഹനം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ റിമോട്ട് ഏരിയയിലേയ്ക്കുള്ള പലചരക്ക് ഉല്പന്നങ്ങൾ എത്തിക്കുന്നതിന് സപ്ലൈകോ മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തനം നടത്തുന്നുണ്ട്. അക്കാര്യങ്ങൾ വളരെ പ്രധാനപ്പെട്ട ഇത്തരം കേന്ദ്രങ്ങളിലേയ്ക്ക് മാത്രമായാണ് പരിമിതപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇപ്പോൾ ഒരു പ്രത്യേക താലൂക്കുകൂടി രൂപീകരിച്ചതുകൊണ്ട് അവിടെ ഒരു മാവേലിസ്റ്റോറോ സൂപ്പർ മാർക്കറ്റോ അനുവദിക്കാവുന്നതാണ്. എന്നാൽ അതിനാവശ്യമായ കെട്ടിട സൗകര്യങ്ങളും അടിസ്ഥാന കാര്യങ്ങൾ ചെയ്യാനുള്ള പഞ്ചായത്തിന്റെ സഹായവും കിട്ടിക്കഴിഞ്ഞാൽ മാവേലി സ്റ്റോർ തന്നെ അനുവദിക്കാം. മൊബൈൽ മാവേലി സ്റ്റോർ പുതിയ താലൂക്കിൽ ആരംഭിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ചോദ്യം നമ്പർ *302.

**വർദ്ധിച്ചുവരുന്ന ഇടത് തീവ്രവാദം**

2 (*302) <u>ശ്രീ. കെ. എം. ഷാജി:</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടത് തീവ്രവാദം വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇടത് തീവ്രവാദം തടയുന്നതിനാവശ്യമായുള്ള ഫണ്ട് ലഭിക്കുന്നതിനായി എന്തെങ്കിലും ശിപാർശകൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളെയാണ് തീവ്രവാദ സാന്നിദ്ധ്യമുള്ള പ്രദേശങ്ങളായി കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) മാവോയിസ്റ്റുകൾ ഉൾപ്പെടുന്ന ഇടത് തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലെ വന പ്രദേശങ്ങളിൽ, പ്രത്യേകിച്ച്, ആദിവാസി മേഖലകളിൽ റിപ്പോർട്ട് ചെയ്യിട്ടുണ്ട്.

ആദിവാസി മേഖലയിലെ ഇടത് തീവ്രവാദ പ്രവർത്തനം ഫലപ്രദമായി നേരിടുന്നതിനും നിരീക്ഷിക്കുന്നതിനും ആദിവാസി വിഭാഗങ്ങളുടെ വികസനവും ക്ഷേമവും അവലോകനം ചെയ്യുന്നതിനും മുഖ്യമന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി (യൂണിഫൈഡ് കമാന്റ്) രൂപീകരിച്ചിട്ടുണ്ട്.

മാവോയിസ്റ്റ് ഭീഷണി ഫലപ്രദമായി നേരിടുന്നതിനുതകുംവിധം സിവിൽ പോലീസിലേയ്ക്ക് പ്രത്യേക നിയമനത്തിലൂടെ 75 ആദിവാസി യുവതീ-യുവാക്കളെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാവോയിസ്റ്റ് ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരെ അതിൽനിന്ന് പിന്തിരിപ്പിച്ച് സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് തിരിച്ചുകൊണ്ടു വരുന്നതിനുവേണ്ടി 'പുനരധിവാസ കീഴടങ്ങൽ പദ്ധതി' (Surrender cum Rehabilitation Policy) സർക്കാർ ആസൂത്രണം ചെയ്തുവരുന്നു.

കൂടാതെ മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള മേഖലകളിലെ, പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ പോലീസ് ഉദ്യോഗസ്ഥർക്കും ഭീഷണി നേരിടാനുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരും ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും ചേർന്ന് പട്രോളിംഗ് നടത്തിവരുന്നു. ഇത്തരം കുറ്റവാളികളെ യഥാസമയം കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

ആദിവാസി മേഖലകളിൽ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ട്രൈബൽ കോളനികളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ഇടതു തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് കേരളത്തിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള ജില്ലകളെക്കൂടി കേന്ദ്ര സർക്കാരിന്റെ എസ്.ആർ.ഇ.എസ്. (Security Related Expenditure Scheme) പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

മലപ്പുറം, വയനാട്, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ളതായി കണക്കാക്കിയിട്ടുള്ളത്.

ശ്രീ. കെ. എം. ഷാജി: സർ, കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തുവിട്ട പുതിയ കണക്കനുസരിച്ച് 18 വർഷത്തിനിടിയിൽ മാവോയിസ്റ്റുകളടക്കം ഇന്ത്യയിൽ 13219 പേർ കൊല്ലപ്പെട്ടു എന്നാണ് വ്യക്തമാക്കുന്നത്. 2017-ഓടുകൂടി കേരളത്തിൽ ഇടതു തീവ്രവാദത്തിന് വലിയ തോതിൽ വളർച്ചയുണ്ടായി എന്നാണ് റിപ്പോർട്ടിൽ പറയുന്നത്. ഈ കാര്യം എത്രമാത്രം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതിന് എന്തെല്ലാം പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനാണ് ഗവൺമെന്റ് പരിശ്രമിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാനത്ത് ഇടതു തീവ്രവാദം വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകളില്ല.

ശ്രീ. കെ. എം. ഷാജി: സർ, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഔദ്യോഗിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ചോദിച്ചത്. എന്നാൽ അങ്ങ് ഒറ്റവാക്കിൽ ഉത്തരം പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ആദിവാസി മേഖലകളിൽ വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ട്രൈബൽ കോളനിയിൽ മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. ആദിവാസി മേഖല പോലുള്ള ദുർബ്ബല പ്രദേശങ്ങളിൽ അതുമാത്രമാണോ പരിഹാരം? ഇപ്പോൾ മധു കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് വലിയ പ്രശ്നങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ പിൻബലം ഇല്ലാത്തവിധത്തിലുള്ള വലിയ സ്വാധീനം ആ മേഖലകളിലുണ്ടായിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളെ തടയാൻ ഇങ്ങനെയുള്ള ചെറിയ നടപടികൾ മാത്രം മതിയാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ആദ്യ ചോദ്യത്തിന് സംസ്ഥാനത്തുള്ള കാര്യമാണ് പറഞ്ഞത്. അദ്ദേഹം ഇന്ത്യയിൽ ആകെയുള്ള കാര്യമാണ് ഉദ്ധരിച്ചത്. സംസ്ഥാനത്തിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. ആദിവാസി മേഖലയിൽ ഈ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം മൊത്തമായി ആദിവാസി മേഖലയെ കൂടുതൽ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന തരത്തിലുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. എല്ലാ ആദിവാസി മേഖലയെയും കണ്ടുകൊണ്ടുതന്നെയുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2016 നവംബർ മാസത്തിൽ മലപ്പുറത്തെ നിലമ്പൂർ വനത്തിൽ പോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ കുപ്പുദേവരാജ്, അജിത എന്നീ രണ്ട് മാവോയിസ്റ്റ് തീവ്രവാദികൾ കൊല്ലപ്പെട്ടിരുന്നു. ഈ ഏറ്റുമുട്ടലുകൾ

വ്യാജമാണെന്നുള്ള രീതിയിൽ പോലീസിനെതിരെ ആരോപണങ്ങൾ വന്നിട്ടുണ്ട്. ഈ ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇത് ശരിയല്ലെന്ന സി.പി.ഐ. പ്രവർത്തകരുടെ പ്രതിഷേധത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരും പോലീസുകാരും ഇവർക്കെതിരെയുള്ള നടപടികൾ മയപ്പെടുത്തിയെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, 24-11-2016-നാണ് നിലമ്പൂർ താലൂക്കിലെ കരുളായി വനമേഖലയിലുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് മാവോയിസ്റ്റുകൾ കൊലചെയ്യപ്പെട്ടത്. ഇതിനെക്കുറിച്ച് ആ ഘട്ടത്തിൽത്തന്നെ വിശദമായി ചർച്ച ചെയ്തതാണ്. പൊതുസമൂഹം അക്കാര്യത്തിൽ വലിയ തോതിലുള്ള എതിർപ്പുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. കാരണം എന്താണ് സംഭവിച്ചതെന്ന് എല്ലാവർക്കും ധാരണയുള്ളതാണ്. ഇക്കാര്യത്തിൽ നാം ആ ഘട്ടത്തിൽതന്നെ ഇതുമായി ബന്ധപ്പെട്ടുള്ള മജിസ്ട്രേട്ടുതല അന്വേഷണം നടത്തുന്നതിനായി മലപ്പുറം ജില്ലാ കളക്ടറെ നിയോഗിച്ചിരുന്നു. ആ അന്വേഷണവും പൂർത്തിയായിട്ടുണ്ട്. അതിലും പരസ്യമായി പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായ തരത്തിലുള്ള നിലപാടുകളല്ല ഉണ്ടായിട്ടുള്ളത്. മറ്റു പ്രശ്നങ്ങൾ അതിന്റെ ഭാഗമായി കാണേണ്ടതില്ല. ഇവിടെ എല്ലാവരും കാണേണ്ട ഒരു കാര്യം മാവോയിസ്റ്റുകൾ ഏറ്റുമുട്ടാൻ തയ്യാറായി വരികയാണ്. അപ്പോൾ മറ്റു മാർഗ്ഗമില്ലാത്ത ഒരു സാഹചര്യത്തിലാണ് പോലീസ് നടപടികളിലേയ്ക്ക് നീങ്ങേണ്ടി വന്നിട്ടുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇടത് തീവ്രവാദം എന്ന് കേൾക്കുമ്പോൾ കാട്ടിനുള്ളിൽ സായുധരായി പ്രവർത്തിക്കുന്ന മാവോയിസ്റ്റുകളെയാണ് ഓർമ്മ വരുന്നത്. കാട്ടിലുള്ളത് അണ്ടർഗ്രൗണ്ട് ഗ്രൂപ്പാണ്. ഇവരോട് ആഭിമുഖ്യമുള്ള അർബൻ ഗ്രൂപ്പുകൾ നമ്മുടെ നാട്ടിൽ ഇപ്പോൾ വലിയ തോതിൽ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. ചെറുപ്പക്കാരുടെയിടയിൽ ഈ അർബൻ ഗ്രൂപ്പുകൾക്ക് വലിയ സ്വാധീനമുള്ളതായി കാണുന്നുണ്ട്. അതാണ് ഈ മാവോയിസ്റ്റുകൾക്കെതിരായ ചില നടപടിക്രമങ്ങൾ ഉണ്ടായപ്പോൾ പാലക്കാട് പട്ടണത്തിലും എറണാകുളം ടൗണിലുമൊക്കെ അക്രമങ്ങളുണ്ടായത്. അർബൻ ഗ്രൂപ്പുകൾ ഉയർത്തുന്ന ചില മുദ്രാവാക്യങ്ങളോട് ചില ചെറുപ്പക്കാർക്ക് ആഭിമുഖ്യം ഉണ്ടാകുകയാണ്. ഇത്തരത്തിലുള്ള പ്രവണതകൾ പോലീസിന്റെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് കുറച്ചുകൊണ്ടുവരുന്നതിന് എന്തെങ്കിലും ഇടപെടലുകളുണ്ടായിട്ടുണ്ടോ? കൂടാതെ എന്റെ നിയോജകമണ്ഡലത്തിലെ ആദിവാസി മേഖലകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ട്. അതിനുള്ള ഒരു പോംവഴി എന്നുപറയുന്നത് വളരെ വിദൂരതയിലുള്ള, ഉൾവനങ്ങളിലുള്ള ഈ ഊരുകളുമായി

രാഷ്ട്രീയ പാർട്ടികളും സാമൂഹ്യ സംഘടനകളും നല്ല ബന്ധം പുലർത്തിയാൽ മാത്രമേ അവരിൽനിന്നും ഈ ആദിവാസികളെ മോചിപ്പിക്കാൻ കഴിയുകയുള്ളൂ എന്നതാണ്. ഇതിന് കൃത്യമായ ഒരു പാക്കേജിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം രണ്ട് കാര്യങ്ങളാണ് ഉന്നയിച്ചത്. അതിൽ ആദ്യഭാഗത്ത് പറഞ്ഞത് നമ്മുടെ സംസ്ഥാനത്തെ യഥാർത്ഥ സ്ഥിതിയെ പ്രതിഫലിപ്പിക്കുന്നതല്ല. ഈ പറയുന്ന ആശയം അപൂർവ്വം ചിലരിലുണ്ടാകാം. എന്നാൽ അത് വ്യാപിച്ചുകൊണ്ടിരിക്കുകയല്ല. നഗരങ്ങളിൽ അങ്ങനെയൊരു വ്യാപകമായ അവസ്ഥയില്ല. ഒറ്റപ്പെട്ട ആശയം ആരെങ്കിലും വച്ചുപുലർത്തുന്നുണ്ടെങ്കിൽ ആശയത്തെ ആശയം കൊണ്ട് നേരിടുക എന്ന നിലപാടുതന്നെയാണ് സർക്കാരിനുള്ളത്. അത്തരം തെറ്റായ ആശയങ്ങൾക്കെതിരെയുള്ള നല്ല പ്രചരണങ്ങൾ നമ്മുടെ സമൂഹത്തിൽ പൊതുവെ വരുന്നുണ്ട്. തീവ്രവാദ നിലപാടുകൾ സ്വീകരിക്കുന്നത് പൊതുവെ ആപൽക്കരമാണെന്ന പൊതുനിലപാടാണ് മൊത്തത്തിൽ സ്വീകരിച്ചുവരുന്നത്. അതുകൊണ്ടുതന്നെ അത് വല്ലാതെ ഒറ്റപ്പെട്ടുപോയിട്ടുണ്ട്. ഭയപ്പെടുന്ന രീതിയിലുള്ള അന്തരീക്ഷമോ അല്ലെങ്കിൽ ആശങ്കയുളവാക്കത്തക്ക രീതിയിലുള്ള അന്തരീക്ഷമോ നഗരങ്ങളിലോ നാട്ടിൻപുറങ്ങളിലോ ഇല്ല എന്നതാണ് വസ്തുത. ആദിവാസി മേഖലയിൽ അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും പ്രസ്ഥാനങ്ങളുമൊക്കെ ആദിവാസികളെ കൂടുതലായി ശ്രദ്ധിക്കുകയും അവരുമായി ബന്ധപ്പെട്ട് അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്ന അവസ്ഥയുമുണ്ടാകണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മാവോയിസ്റ്റുകളെ കാട്ടിൽ തിരയാൻ സർക്കാർ ഒരു കോടി രൂപ ചെലവഴിച്ച് നാല് Polaris Eicher 800 വിഭാഗത്തിൽപ്പെട്ട വാഹനങ്ങൾ വാങ്ങിയിരുന്നു. അത് ഇപ്പോൾ ഉപയോഗത്തിലുണ്ടോ; പോലീസുമായുള്ള ഏറ്റുമുട്ടലിൽ സി.പി.ഐ. മാവോയിസ്റ്റ് കേന്ദ്ര കമ്മിറ്റി അംഗം കുപ്പുദേവരാജും അജിതയും കൊല്ലപ്പെട്ടിട്ടും കാട്ടിലെ തിരച്ചിലിന് ഈ വാഹനം പുറത്തെടുക്കാത്തത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഉപയോഗിക്കേണ്ട വാഹനങ്ങൾ സാധാരണ നിലയിൽ ഉപയോഗിക്കുന്ന നിലയായിരിക്കും, എന്തെങ്കിലും തകരാറുകളുണ്ടെങ്കിൽ അത് നന്നാക്കി ഉപയോഗിക്കുകയും ചെയ്യും. അതുസംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ കൈവശമില്ല.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഇന്ത്യയിലൊട്ടാകെ മാവോയിസ്റ്റ് ആക്രമണം വർദ്ധിക്കുന്നതിന് പല കാരണങ്ങളുണ്ട്. ഒരു കാരണം പറയുന്നത് ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ടാണ്. ഭൂപരിഷ്കരണം നടപ്പാക്കുക എന്നതാണ് മാവോയിസ്റ്റ് തീവ്രവാദം അവസാനിപ്പിക്കുന്നതിന് ഏറ്റവും നല്ല മാർഗ്ഗമെന്ന് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പക്ഷെ കേന്ദ്ര ഗവൺമെന്റ് അത് നടപ്പാക്കുന്നില്ല. ഗവൺമെന്റ് പ്രഖ്യാപിക്കുന്ന ക്ഷേമ പദ്ധതികൾ കാട്ടിലെ ഊരുകളിലെ താമസക്കാരിൽ എത്തുന്നതിന് തീവ്രവാദം തടസ്സമായി നിൽക്കുന്നു. അവരുടെ ആവശ്യങ്ങൾ ഗവൺമെന്റ് മനസ്സിലാക്കുന്നതിനും ഇത് തടസ്സമായി നിൽക്കുകയാണ്. കേരള ഗവൺമെന്റ് തീർച്ചയായും മാതൃകാപരമായി തന്നെയാണ് പ്രവർത്തിക്കുന്നത്. പക്ഷേ ഇന്ത്യയിലൊട്ടാകെയുള്ള സ്ഥിതി അതല്ല. മയക്കുമരുന്ന് സംവിധാനമുൾപ്പെടെ ഒറീസ്സ മുതൽ കേരളം വരെയുള്ള ഒരു ബെൽറ്റുണ്ടെന്നാണ് പറയുന്നത്. ഇതിനെയെല്ലാം നിയന്ത്രിക്കുന്നതിനും ആവശ്യമായ തരത്തിൽ നമ്മുടെ നയങ്ങൾ അവരിൽ കൃത്യമായി എത്തിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ ഗവൺമെന്റ് മനസ്സിലാക്കുന്നതിനും സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനുമുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഇക്കാര്യത്തിൽ രാജ്യത്ത് പൊതുവിലുള്ള അവസ്ഥയും കേരളത്തിലെ സ്ഥിതിയും പൂർണ്ണമായും വ്യത്യസ്തമാണ്. വ്യത്യസ്തമാണെന്നുമാത്രമല്ല തീർത്തും വിരുദ്ധമാണെന്നുതന്നെ വേണമെങ്കിൽ പറയാം. നമ്മുടെ രാജ്യത്തെ ചില ആദിവാസി മേഖലകളിൽ ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. കോർപ്പറേറ്റുകൾക്ക് ഭൂമി കൊടുത്തതിന്റെ ഭാഗമായി അനുഭവിക്കേണ്ടിവരുന്ന വിഷമങ്ങളുണ്ട്. സ്വതവെ വിഷമം അനുഭവിക്കുന്ന ജനവിഭാഗത്തിന് ജീവിതംതന്നെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത നിലയാണ്. ഇത്തരം സാഹചര്യങ്ങൾ രാജ്യവ്യാപകമായിട്ടുണ്ട്. അവിടത്തെ ആദിവാസി പ്രദേശവും കേരളത്തിലെ ആദിവാസി പ്രദേശവും ഒരുപോലെ കാണാൻ കഴിയില്ല. കേരളത്തിൽ പിന്നോക്കാവസ്ഥയുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ ആദിവാസി മേഖല രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽനിന്ന് വ്യത്യസ്തമാണ്. അതുകൊണ്ടാണ് ഇവർക്ക് ആദിവാസി മേഖലയിൽ വേരുറപ്പിക്കാൻ കഴിയാത്തത്. ഏത് സ്ഥലത്തുള്ള ആദിവാസികൾക്കിടയിലായാലും ഇവരെ സ്വീകരിക്കുന്ന നിലയല്ല ഉള്ളത്. പെട്ടെന്ന് ഒരു ദിവസം ചെന്ന് കുറച്ച് ഭക്ഷണം വേണമെന്നാവശ്യപ്പെട്ടുമ്പോൾ ഭക്ഷണം കൊടുക്കുന്ന അവസ്ഥ മാത്രമാണുണ്ടാകുന്നത്. അല്ലാതെ അവരെ സ്വീകരിച്ച് അവിടെ നിലനിർത്തുന്ന

അവസ്ഥയില്ല. മാത്രമല്ല, ഇത്തരം കാര്യങ്ങൾക്കെതിരെ ആദിവാസികളിൽത്തന്നെ ശക്തമായ രീതിയിലുള്ള പ്രതിരോധം ഉയർന്നുവരുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്താനും കഴിയും. ആ നിലയിലാണ് സർക്കാർ നീങ്ങി കൊണ്ടിരിക്കുന്നത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കണ്ണൂർ ജില്ലയിലെ വനാതിർത്തി പങ്കിടുന്ന, പ്രത്യേകിച്ച് ആറളം ആദിവാസി മേഖലയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ, രാഷ്ട്രീയ ബോധവൽക്കരണവും വികസന പ്രവർത്തനങ്ങളും നടത്തിയതിനെത്തുടർന്ന് അവരൊക്കെ മുഖ്യധാരയിൽത്തന്നെയാണ് നിൽക്കുന്നത്. തീവ്രവാദം പോലുള്ള കാര്യങ്ങളിലൊന്നും മഹാഭൂരിപക്ഷവും അടിപ്പെട്ടിട്ടില്ല. മൈക്രോസ്കോപ്പിക് മൈനോറിറ്റി മാത്രമേ ഇത്തരത്തിലുള്ള ബന്ധങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് സംശയിക്കാൻ കഴിയൂ. എന്നാൽ പോലീസിന് ഭീഷണിയുണ്ട്. വനാതിർത്തിയിലുള്ള പോലീസ് സ്റ്റേഷനുകളായ കേളകം, കരിക്കോട്ടക്കരി, ആറളം എന്നിവിടങ്ങളിൽ മണലിന്റെ ചാക്കുമാത്രമാണ് സെക്യൂരിറ്റിയുടെ ഭാഗമായി ഉയർത്തി നിർത്തിയിട്ടുള്ളത്. ആ പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ സുരക്ഷാ സംവിധാനങ്ങളും ആവശ്യമായ ഫോഴ്സും ആയുധങ്ങളും നൽകിക്കൊണ്ട് പ്രത്യേക സംരക്ഷണ നടപടികൾ സ്വീകരിക്കുമോ; ആദിവാസി മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടിയും ഇതിന്റെ ഭാഗമായി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ബഹുമാനപ്പെട്ട അംഗം പ്രസ്താവിച്ച ആദ്യഭാഗം പൂർണ്ണമായും ശരിയാണ്. രണ്ടാമത്തെ ഭാഗത്ത്, വനാതിർത്തിയിലുള്ള പോലീസ് സ്റ്റേഷനുകളെ ശാക്തീകരിക്കാനുള്ള നടപടി ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്. അവർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. പ്രത്യേക പരിശീലനം ലഭിച്ച പോലീസുകാരെ ഈ ഭാഗത്ത് വിന്യസിച്ചിട്ടുണ്ട്. ആവശ്യമായ കരുതൽ നടപടി ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്. എന്തെങ്കിലും പ്രത്യേക പ്രശ്നമുണ്ടെങ്കിൽ അത് കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യാം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, ഇടത് തീവ്രവാദ സംഘടനയെക്കാൾ നമ്മുടെ നാടിന് വലിയ ആപത്ത് മത തീവ്രവാദ വർഗ്ഗീയ സംഘടനയാണെന്നാണ് നാട്ടിൽ പറഞ്ഞുവരുന്നത്. ഇതുമായി ബന്ധപ്പെട്ട് എത്രയോ അനുഭവങ്ങൾ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് ഇടത് തീവ്രവാദ സംഘടനയെ സഹായിക്കുന്നത് മത തീവ്രവാദ സംഘടനയാണ്. അത് തിരിച്ചറിയാനും അങ്ങനെയുള്ളവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനും നടപടി സ്വീകരിച്ചാൽ മാത്രമേ നമുക്കിത് ഇല്ലായ്മ ചെയ്യാൻ കഴിയുകയുള്ളൂ. തീവ്രവാദം എന്നുപറഞ്ഞ് മത തീവ്രവാദ പ്രവർത്തനമാണ് കേരളത്തിൽ കൂടുതലായി നടക്കുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് വ്യത്യസ്തമായ ചോദ്യമാണ്. ആ ചോദ്യത്തിന്റെ മുന എന്നത് 'ഇടത് തീവ്രവാദികൾ സാരമില്ല' എന്നാണ്. അങ്ങനെയൊരു നിലപാട് നമുക്ക് സ്വീകരിക്കാൻ കഴിയില്ല. പ്രത്യേകിച്ച് ബഹുമാനപ്പെട്ട കെ. കുഞ്ഞിരാമനെപ്പോലുള്ളവർ അത്തരമൊരു നിലപാട് സ്വീകരിക്കാൻ പാടില്ലെന്നാണ് എനിക്ക് വ്യക്തമാക്കാനുള്ളത്. മത തീവ്രവാദികളുമായി ബന്ധപ്പെട്ട പ്രശ്നം വരുമ്പോൾ പൊതുവെ നമ്മുടെ സമൂഹം ഒന്നിച്ചുനിൽക്കാറുണ്ട്, നമ്മൾ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ ട്രൈ ജംഗ്ഷൻ കേന്ദ്രീകരിച്ചാണ് സാധാരണ ഗതിയിൽ തീവ്രവാദം നടക്കുന്നത്. തമിഴ്നാട്, കർണാടകം, കേരളം എന്നീ സംസ്ഥാനങ്ങളുടെ ജോയിന്റ് കോമ്പിംഗ് സിസ്റ്റം എല്ലാ വർഷവും നടക്കുന്നുണ്ട്. നമുക്ക് തണ്ടർബോൾട്ട് പോലെയുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ പോലീസ് സേനയുണ്ട്. ഇവിടെയുള്ള പ്രധാന പ്രശ്നം, ചില സ്ഥലങ്ങളിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ആക്രമിക്കപ്പെടുന്നു എന്നതാണ്. ആക്രമിക്കപ്പെട്ട ചില ഫോറസ്റ്റ് സ്റ്റേഷനുകൾ ഞാൻ പോയി കണ്ടിട്ടുണ്ട്. മറ്റ് ചില സ്ഥലങ്ങളിൽ, ഭയം കാരണം ഫോറസ്റ്റേഴ്സ് നിൽക്കുന്നില്ല. ഫോറസ്റ്റിൽ ആളില്ലാത്തതുകൊണ്ട് ജോയിന്റ് കോമ്പിംഗ് നടക്കുന്ന സമയത്ത് വഴി കാണിച്ചുകൊടുക്കുന്നതിനുപോലും ആളില്ലാത്ത അവസ്ഥയാണ്. ഫോറസ്റ്റേഴ്സിന് വളരെ കൃത്യമായി കാര്യങ്ങൾ അറിയാമെങ്കിലും അവരുടെ ആബ്സൻസുണ്ടാവുകയാണ്. അതുകൊണ്ട് വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ഒത്തൊരുമിച്ചുള്ള പരിശ്രമവും അതോടൊപ്പം മറ്റ് സംസ്ഥാനങ്ങളെക്കൂടി യോജിപ്പിച്ചുകൊണ്ട് സാധാരണഗതിയിൽ നടത്തിക്കൊണ്ടിരിക്കുന്ന ജോയിന്റ് കോമ്പിംഗും ശക്തിപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ അതിർത്തി സംസ്ഥാനങ്ങളും അയൽ സംസ്ഥാനങ്ങളുമായുള്ള കൂടിയാലോചനകൾ നേരത്തെയുള്ളതുപോലെ ഇപ്പോഴും തുടർന്നുവരുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുന്ന അവസ്ഥയാണുണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ ചില പ്രത്യേക പ്രശ്നങ്ങൾ നേരിടുന്നുണ്ട് എന്നത് വസ്തുതയാണ്. അക്കാര്യത്തിൽ സംരക്ഷണം നൽകാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. തണ്ടർബോൾട്ട് പോലുള്ള സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികളും ഇതോടൊപ്പം സ്വീകരിക്കുന്നുണ്ട്.

## പി.എസ്.സി. പരീക്ഷ എഴുതാത്ത ഉദ്യോഗാർത്ഥികളിൽ നിന്നും പിഴ

3(*303) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എം. ഉമ്മർ:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷനിൽ അപേക്ഷ സമർപ്പിച്ചശേഷം പരീക്ഷ എഴുതാത്ത ഉദ്യോഗാർത്ഥികളിൽനിന്നും പിഴ ഈടാക്കാനുള്ള നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) പരീക്ഷ എഴുതാത്തവരെ തുടർന്നുള്ള പരീക്ഷകളിൽനിന്നും വിലക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തൊഴിൽരഹിതരായവരെ ദ്രോഹിക്കുന്ന ഇത്തരം നടപടികൾ ഒഴിവാക്കുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ-സി)അപേക്ഷ സമർപ്പിച്ചശേഷം പരീക്ഷ എഴുതാത്ത ഉദ്യോഗാർത്ഥികളിൽ നിന്നും പിഴ ഈടാക്കുവാനോ അവരെ തുടർ പരീക്ഷകളിൽനിന്നും വിലക്കുന്നത് സംബന്ധിച്ചോ യാതൊരു നിർദ്ദേശവും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, സർക്കാരിന്റെ പരിഗണനയിൽ ഇല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വളരെയധികം സന്തോഷകരമാണ്. ബൾക്കായി ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുകയും അപേക്ഷ പ്രോസസ് ചെയ്ത് പരീക്ഷ എഴുതുന്ന ഘട്ടത്തിൽ 60 ശതമാനം ഉദ്യോഗാർത്ഥികളും പരീക്ഷാകേന്ദ്രങ്ങളിൽ എത്താതിരിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്കുവേണ്ടി പി.എസ്.സി. സർക്കാരിന് ഭീമമായ ബാദ്ധ്യത വരുത്തിവയ്ക്കുന്നുവെന്നുള്ളത് ചർച്ചകളിൽ ഉരുത്തിരിഞ്ഞതും അതിന്റെ പത്രറിപ്പോർട്ടുകൾ വന്നതുമാണ്. ഒരു ഉദ്യോഗാർത്ഥി പരീക്ഷ കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ, ഇന്റർവ്യൂ അടക്കം 500 രൂപ ചെലവ് വരുമെന്നും ഇത്രയും ഭാരിച്ച ചെലവ് വരുന്നത് തടയുന്നതിനുവേണ്ടി ഉദ്യോഗാർത്ഥികൾ ആവശ്യമില്ലാതെ അപേക്ഷ കൊടുക്കുന്നത് തടയുന്നതിന് ഒരാളിൽനിന്ന് നിശ്ചിത ശതമാനം തുക ഈടാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളും വരുംകാലങ്ങളിൽ ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ തുടർന്ന് അപേക്ഷിക്കുന്നതിൽനിന്നും

വിലക്കുന്ന കാര്യവും ചർച്ചചെയ്തുവെന്നുള്ള പത്രറിപ്പോർട്ടുകളും വന്നിരുന്നു. ഇത്തരത്തിൽ പി.എസ്.സി. ശിപാർശ സമർപ്പിച്ചാൽപ്പോലും സർക്കാർ ആ ഉദ്യോഗാർത്ഥികൾക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കില്ലെന്നാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനർത്ഥം.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ഉന്നയിക്കപ്പെട്ട ചോദ്യം, പരീക്ഷയ്ക്ക് അപേക്ഷിക്കുകയും പരീക്ഷ എഴുതാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടിയുണ്ടോ എന്നുള്ളതാണ്. മറ്റൊന്ന്, പരീക്ഷ എഴുതാത്തവരെ തുടർന്നുള്ള പരീക്ഷകളിൽനിന്നും വിലക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നുള്ളതാണ്. ഇത്തരത്തിലുള്ള ഒരു കാര്യവും സർക്കാർ ആലോചിച്ചിട്ടില്ല. ഇപ്പോൾ സർക്കാരിന്റെ മുന്നിൽ അത്തരത്തിലുള്ള ഒരു കാര്യവുമില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പി.എസ്.സി.-യുമായി ബന്ധപ്പെട്ട മറ്റ് ചില കാര്യങ്ങൾ ചോദിക്കാനുള്ള അവസരം കൂടിയാണിത്. പി.എസ്.സി.-യുമായി ബന്ധപ്പെട്ട ചോദ്യം വന്നിട്ടില്ലാത്തതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സഭാംഗങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങൾ ചോദിക്കാനുണ്ടാകും. എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നിയമനം നടക്കുന്നില്ലെന്ന കാരണത്താൽ ഇന്ന് സെക്രട്ടേറിയറ്റിന് മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം ഇരിക്കുയാണ്. എൽ.എസ്.ജി.ഡി. അടക്കമുള്ള വകുപ്പുകളിൽ ഒരു വർഷം കഴിഞ്ഞിട്ടും ഡ്രൈവേഴ്സിന്റെ ഷോർട്ട്ലിസ്റ്റ് പോലും ആയിട്ടില്ല. ഇങ്ങനെയുള്ള നിരവധി ആക്ഷേപങ്ങൾ പി.എസ്.സി.-യുമായി ബന്ധപ്പെട്ട് റാങ്ക് ഹോൾഡേഴ്സിന്റെ ഭാഗത്തുനിന്നുമുണ്ട്. ഇതുസംബന്ധിച്ച് സർക്കാരിന് മറുപടി നൽകാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, എന്റെ കയ്യിൽ അതുസംബന്ധിച്ച വിവരങ്ങളില്ല. അക്കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, പി.എസ്.സി.-യുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്തുവാനും നിയമന നടപടികൾ ത്വരിതപ്പെടുത്തുവാനും സത്വരനടപടി സ്വീകരിക്കുമോയെന്ന എന്റെ 26-2-2018-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 24-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി "നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ എ.ഡി.ബി.സി.3/304/2017/ പി.& എ.ആർ.ഡി. നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി.(വിവിധം), എൽ.ജി.എസ്.(വിവിധം) റാങ്ക്

ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിനായി ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്." എന്നാണ്. ഇങ്ങനെ കൊടുക്കുന്ന കർശന നിർദ്ദേശം വകുപ്പദ്ധ്യക്ഷന്മാർ പാലിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കൃത്യമായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വലിയ അലംഭാവമാണ് ഉദ്യോഗസ്ഥർ കാണിക്കുന്നത്. ജില്ലാ വികസന സമിതിയുടെ എല്ലാ യോഗങ്ങളിലും ഞങ്ങൾ ഇക്കാര്യം പറയുന്നുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ പറയുന്നതൊഴിച്ചാൽ കൃത്യമായി റിപ്പോർട്ട് ചെയ്യാത്തതിന്റെ ഫലമായാണ് സെക്രട്ടേറിയറ്റ് നടയിൽ വനിതാ ഉദ്യോഗാർത്ഥികൾ ഉൾപ്പെടെയുള്ളവർ നിരാഹാരമിരിക്കേണ്ട അവസ്ഥ വന്നത്. മാർച്ച് 31-ന് കാലാവധി അവസാനിക്കുന്ന ലിസ്റ്റിലുൾപ്പെട്ട ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാതെ അവർ പ്രയാസമനുഭവിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കർശന നിർദ്ദേശം നൽകുന്നതിനുപകരം ഏതെങ്കിലും ഉദ്യോഗസ്ഥർ കൃത്യസമയത്ത് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കാനും, മാർച്ച് 31-ന് കാലാവധി അവസാനിക്കുന്ന ലിസ്റ്റിലുൾപ്പെട്ട നിരാഹാരമിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാനും സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുക എന്നുള്ളത് തന്നെയാണ് നയം. അതിൽ ഒരു വീഴ്ചയും വരുത്താൻ പാടില്ലെന്ന് താങ്കൾ പറഞ്ഞതുപോലെ കർശനമായിത്തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. ആ നിർദ്ദേശം സാധാരണ നിലയിൽ ഉദ്യോഗസ്ഥർ പാലിക്കുന്നുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥൻ പാലിക്കാതിരുന്നെങ്കിൽ അത് നടപടിക്ക് വിധേയമാകത്തക്ക കുറ്റവുമാണ്. അക്കാര്യത്തിൽ ഒരു തരത്തിലുള്ള ആശങ്കയും വേണ്ട. കൃത്യമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നടപടി സ്വീകരിക്കാൻ സർക്കാർ ആവർത്തിച്ച് നിർദ്ദേശം നൽകുന്നതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, പി.എസ്.സി.-യുടെ ഭാഗത്തുനിന്നും ഉദ്യോഗാർത്ഥികളെ ബുദ്ധിമുട്ടിക്കുന്ന ധാരാളം നടപടികളുണ്ട്. പി.എസ്.സി.-യുടെ നിലവിലുള്ള തീരുമാനപ്രകാരം പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം ഹാൾടിക്കറ്റ് കൂടി ഡൗൺലോഡ് ചെയ്തെടുക്കണം. നിശ്ചിത തീയതിക്കകം കലണ്ടറും ഹാൾടിക്കറ്റും എടുക്കണമെന്നാണ് പറയുന്നത്. ആ തീയതിക്കകം ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാത്തവർക്ക് പരീക്ഷ എഴുതാൻ സാധിക്കുന്നില്ല. അതുകൊണ്ട് പരീക്ഷ എഴുതുന്നവരുടെ ഹാജർ 50 ശതമാനമായി കുറയുകയും പരീക്ഷ എഴുതാനുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുകയുമാണ്.

ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ഉൾപ്പെടെയുള്ളവർക്കും മറ്റ് ബുദ്ധിമുട്ടുകൾ കാരണവും ഹാൾടിക്കറ്റ് എടുക്കാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുകയാണ്. കലണ്ടർ നിശ്ചയിക്കുന്നത് രണ്ട് മാസം മുമ്പും ഹാൾടിക്കറ്റ് എടുക്കാൻ പറയുന്നത് ഒരു മാസം മുമ്പുമാകും. പരീക്ഷയ്ക്ക് ഒരു മാസം ഉള്ളപ്പോൾത്തന്നെ ആദ്യത്തെ ഡേറ്റിനകം ഹാൾടിക്കറ്റ് എടുക്കാതിരുന്നാൽ പിന്നീട് എടുക്കാൻ കഴിയുന്നില്ല. അങ്ങനെയുള്ള ഉദ്യോഗാർത്ഥികൾക്ക് ഹാൾടിക്കറ്റ് എടുക്കുന്നതിന് രണ്ടാമതൊരവസരം കൂടി കൊടുക്കാനുള്ള നിർദ്ദേശം നൽകുമോ? ഉദ്യോഗാർത്ഥികളിൽനിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ചോദിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ഹാൾടിക്കറ്റുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ ഒരു പ്രശ്നമുണ്ടെന്ന് ഇതുവരെ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.)-നുള്ള സിലബസ്, പരീക്ഷാ സ്കീം എന്നിവ തയ്യാറാക്കുന്ന പി.എസ്.സി.-യുടെ നടപടികളിൽ സർക്കാർ ചില നിബന്ധനകൾ ഏർപ്പെടുത്തുന്നുവെന്നും ഇത് കെ.എ.എസ്. യാഥാർത്ഥ്യമാക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുവെന്നും റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം മറ്റ് വകുപ്പുതല നിയമനങ്ങൾക്കും സംവരണം പാലിക്കുന്ന പി.എസ്.സി., കെ.എ.എസ്.-ന്റെ രണ്ടും മൂന്നും സ്കീമുകളിലേയ്ക്കുള്ള നിയമനത്തിന് സംവരണം പാലിക്കേണ്ടെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. ചുരുക്കത്തിൽ കെ.എ.എസ്.-ന്റെ കാര്യത്തിൽ സർക്കാരിന്റെയും പി.എസ്.സി.-യുടെയും ഇടപെടലുകളിൽ സുതാര്യമല്ലാത്ത ചില ഹിഡൻ അജണ്ടകൾ ഉണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെയും പി.എസ്.സി.യുടെയും നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് കെ.എ.എസ്.-മായി ബന്ധപ്പെട്ട ചോദ്യമാണ്, പി.എസ്.സി.-യുമായി ബന്ധപ്പെട്ടതല്ല. സുതാര്യമായ നടപടികൾ തന്നെയാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. രാജൻ: സർ, എനിക്കൊരു പ്രധാനപ്പെട്ട വിഷയം പറയാനുണ്ട്. ചെറുപ്പക്കാരായ വിദ്യാർത്ഥി നേതാക്കൾ എവിടെയാണെന്ന് ഇന്നലെ ശ്രീ. വി. ടി. ബൽറാം സഭയിൽ പറഞ്ഞതായറിഞ്ഞു; ഞങ്ങൾ ഇവിടെയുണ്ട്. പുതിയ കുപ്പായം തേച്ചുമിനുക്കി ഇട്ടുകൊണ്ട് വന്നതല്ല. .....(ബഹളം)....... ഞങ്ങൾ സമരംചെയ്ത് വന്നതാണ്. ചരിത്രത്തിൽ ആദ്യമായി 56 വയസ് പെൻഷൻ പ്രായം പ്രഖ്യാപിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ (യു.ഡി.എഫ്. ഗവൺമെന്റിന്റെ) കാലത്താണ്. അക്കാലത്ത് സമരം ചെയ്ത് തല്ലുകൊണ്ട് കയ്യൊടിഞ്ഞ ആളുകളാണ് ഞാനും ശ്രീ. എം. സ്വരാജും. ഞങ്ങൾ എവിടെയും ഓടിപ്പോയിട്ടില്ല.

മി. സ്പീക്കർ: ചോദ്യം ചോദിക്കു. അക്കാര്യങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പറയാം.

ശ്രീ. കെ. രാജൻ: സർ, പെൻഷൻ പ്രായം ഉയർത്തിയ വിഷയവുമായി ബന്ധപ്പെട്ട് കേരളത്തിലെ ഇടതുപക്ഷ യുവജന പ്രസ്ഥാനങ്ങൾ നടത്തിയതുപോലെ ഒരു സമരവും നടത്താതെ വെറുതെയിരുന്ന് ചർച്ചചെയ്യുന്ന ആളുകളാണ് നിങ്ങൾ. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നിലവിൽ മൂന്ന് വർഷമാണ്. പ്രതിപക്ഷത്തുനിന്നും ചോദിച്ചതൊന്നും യാഥാർത്ഥ്യമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ പ്രധാനപ്പെട്ട പ്രശ്നം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കലാണ്. അതൊരു ജനാധിപത്യ വിരുദ്ധമായ കാര്യമായിരുന്നു. പലപ്പോഴും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചതിന്റെ പേരിൽ അവസരം കിട്ടാത്ത ചെറുപ്പക്കാരുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ദുരന്തത്തിന്റെ ഭാഗമായാണ് ഇന്ന് നിരാഹാരം കിടക്കുന്നത്. റാങ്ക് ലിസ്റ്റുകളുടെ കാലാവധി അപ്പോയിന്റ്മെന്റ് ആരംഭിച്ചതുമുതൽ മൂന്നുവർഷമായി നിജപ്പെടുത്തിയാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. അതുകൊണ്ട് അപ്പോയിന്റ്മെന്റ് തുടങ്ങിയതുമുതൽ മൂന്നുവർഷമായി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നിജപ്പെടുത്തുമോ?

ശ്രീ. പിണറായി വിജയൻ : സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച ഒരു ഭാഗം വസ്തുതാപരമായി ശരിയാണ്. ചില ഡിപ്പാർട്ട്മെന്റുകളിൽ ഇപ്പോൾ നിയമനം നടത്താൻ കഴിയാത്ത ഒരവസ്ഥയുണ്ട്. കാരണം, ഭാവിയിലുള്ള നിയമനം കൂടി കണക്കാക്കി സൂപ്പർന്യൂമററിയായി ആളുകളെ നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ട്. ഇത് ഗൗരവമായൊരു പ്രശ്നമായി ഉയർന്നു വരികയാണ്. യഥാർത്ഥത്തിൽ ഉദ്യോഗാർത്ഥികളോട് കാണിക്കുന്ന വലിയൊരു നീതികേടായി ഇത് മാറിയിട്ടുണ്ട്. ലിസ്റ്റിന്റെ കാര്യത്തിൽ നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. അടൂർ പ്രകാശ് : സർ, പി.എസ്.സി. റാങ്ക് ലിസ്റ്റ് പലപ്പോഴും ലാപ്സായിപ്പോകുന്നുണ്ട്. ലിസ്റ്റിന്റെ കാലാവധി പൂർത്തിയാകുന്നതനുസരിച്ചാണ് അത് ലാപ്സാകുന്നത്. നിലവിലുള്ള ലിസ്റ്റിലെ ആളുകളിവിടെയുണ്ട്. പല അവസരങ്ങളിലും ഡിപ്പാർട്ട്മെന്റിലെ ഉന്നത ഉദ്യോഗസ്ഥർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാറില്ല. ഇവിടെ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ ഞങ്ങളൊക്കെ ജില്ലാ വികസന സമിതി യോഗത്തിൽ ഈ പ്രശ്നങ്ങൾ ഉന്നയിക്കാറുണ്ട്. എങ്കിലും ഇതിനൊരു പരിഹാരമാർഗ്ഗം കണ്ടെത്താൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ കാര്യത്തിൽ അടിയന്തരമായ ചില തീരുമാനങ്ങൾ കൈക്കൊള്ളണം. റാങ്ക് ലിസ്റ്റിൽ

വന്നിട്ടുള്ളവർക്ക് ഒരവസരമുണ്ടാക്കികൊടുക്കാൻ തയ്യാറാകുമോ; അങ്ങനെ വരികയാണെങ്കിൽ ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ : സർ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ട കാര്യത്തിൽ എന്തെങ്കിലും വീഴ്ചകൾ വരുന്നുണ്ടെങ്കിൽ അതിനൊരു ന്യായീകരണവുമില്ല. കൃത്യസമയത്ത് ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നു തന്നെയാണ് സർക്കാർ നിർബന്ധം ചെലുത്താൻ പോകുന്നത്. എന്തെങ്കിലും വീഴ്ചയുണ്ടെങ്കിൽ നേരത്തെ പ്രസ്താവിച്ചതുപോലെ നടപടികളെടുക്കുന്ന കാര്യവും ആലോചിക്കുന്നതാണ്. അതുകൊണ്ടുതന്നെ സംസ്ഥാനത്ത് നിലവിലുള്ള ഒഴിവുകളിൽ കൃത്യമായി നിയമനം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ് : സർ, കഴിഞ്ഞ പത്തൊമ്പത് മാസത്തിനുള്ളിൽ 61160 പേർക്ക് നിയമനം നൽകി നിയമനത്തിൽ റെക്കോർഡ് സൃഷ്ടിച്ച, പതിനായിരത്തോളം തസ്തികകൾ സൃഷ്ടിച്ച ഈ സർക്കാരിനെ ഞാൻ ഹൃദയം നിറഞ്ഞ് അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം പി.എസ്.സി.-യുമായി ബന്ധപ്പെട്ട ഒരു വിഷയം സംബന്ധിച്ചാണ്. കേരളത്തിലെ വിവിധ പി.ജി. കോഴ്സുകളിൽ കാലാനുസൃതമായ മാറ്റങ്ങളുണ്ടാകുന്നു. അതോടൊപ്പംതന്നെ ചില കൂട്ടിച്ചേർക്കലുകളും ഉണ്ടാവുകയാണ്. ഉദാഹരണത്തിന് ഫാർമസി, എം.ഫാം. ഇപ്പോൾ ഫാം.ഡി. കോഴ്സുള്ളവർക്ക് മതിയായ യോഗ്യതയുണ്ട്. പക്ഷെ അവർക്ക് സർക്കാർ ഫാർമസി കോളേജിൽ അപേക്ഷിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതോടൊപ്പം ചില തസ്തികകളിൽ ഫസ്റ്റ് ലിസ്റ്റും സെക്കൻഡ് ലിസ്റ്റും വരുന്നു. അപ്പോൾ ഒരേ യോഗ്യതയുള്ള ആളുകൾ വ്യത്യസ്ത കോഴ്സുകൾ പഠിച്ചാലും മതിയായ യോഗ്യത അവർക്കുണ്ട്. പക്ഷെ അവരെ സംബന്ധിച്ചിടത്തോളം അവർക്ക് സെക്കൻഡ് ലിസ്റ്റിലുള്ള അവസരം കുറയുന്നു. ഇത് ഉദ്യോഗാർത്ഥികളോടുള്ള ഒരു വിവേചനമാണ്. ഇത്തരത്തിൽ ഒരുപാട് പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടു. പക്ഷെ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിൽ കാലതാമസം വരുന്നു. ഇത്തരം വിഷയങ്ങൾ അടിയന്തരമായി പരിഹരിക്കാൻ, ഉദ്യോഗാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ; അതിനൊരു കമ്മിറ്റിയെ നിയോഗിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ചില പുതിയ കോഴ്സുകൾ വരുന്ന ഘട്ടത്തിൽ ഇത്തരം ചില പ്രശ്നങ്ങൾ ഉയരുന്നുണ്ട്. അത് ഉദ്യോഗാർത്ഥികളായവർതന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. എന്തെങ്കിലും പ്രത്യേക പ്രശ്നമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, നമ്മുടെ ത്രിതല പഞ്ചായത്തുകളിലെ പഞ്ചായത്ത് ഡ്രൈവർമാരുമായി ബന്ധപ്പെട്ടതാണ് എന്റെ ചോദ്യം. ആയിരത്തോളം വരുന്ന ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിൽ ഇന്ന് ഡെയ്‌ലി വേജസ് ജീവനക്കാരാണ് ഡ്രൈവർമാരായിട്ടുള്ളത്. ആ തസ്തികയിലേയ്ക്ക് പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ ഇടംപിടിച്ച ധാരാളം ആളുകൾ പുറത്ത് വെയ്റ്റ് ചെയ്യുകയാണ്. ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനായി ഒരു ബുദ്ധിമുട്ടുമില്ല. ഇത് പകൽ പോലെ സത്യമാണ്. പഞ്ചായത്ത് പ്രസിഡന്റുമാർക്കും അവിടെയുള്ള മെമ്പർമാർക്കും ജീവനക്കാർക്കുമൊക്കെ ഡെയ്‌ലിവേജസ് ജീവനക്കാർ തുടരണമെന്ന് വലിയ താല്പര്യമുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് അവർ കാണിക്കുന്നത്. വർഷങ്ങളായി ഡെയ്‌ലി വേജസ് ജീവനക്കാർ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇത് കണ്ടില്ലെന്നുനടിച്ച് ആളുകളെ പറ്റിച്ചിട്ട് കാര്യമില്ല. പഞ്ചായത്തുകളിൽ അടിയന്തരമായി പി.എസ്.സി. മുഖേന ഡ്രൈവർമാരെ നിയമിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ ഈ പ്രത്യേക കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

## സോളാർ കേസ്സിൽ അഴിമതി നിരോധന നിയമപ്രകാരം കേസെടുത്ത് അന്വേഷണം

4 (*304) ശ്രീ. എം. രാജഗോപാലൻ:

ശ്രീ. രാജു എബ്രഹാം:

ശ്രീ. എൻ. വിജയൻ പിള്ള:

ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കേസ്സ് സംബന്ധിച്ച് മുൻ സർക്കാർ നിയോഗിച്ച കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണ തലത്തിലുള്ളവർക്കും അവരുടെ സ്റ്റാഫ് അംഗങ്ങൾക്കും എതിരെ അഴിമതി നിരോധന നിയമപ്രകാരം കേസെടുത്ത് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ബി) അക്കാലത്ത് ഭരണ നേതൃത്വത്തിലുണ്ടായിരുന്നവരെ രക്ഷപ്പെടുത്താൻ ശ്രമിച്ചവർക്കെതിരെയും നിയമ നടപടി സ്വീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) സോളാർ കേസ്സിനാസ്പദമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ പോലീസ് സേനയുടെ അച്ചടക്കം ഉയർത്തിപ്പിടിക്കുന്നതിനും സെക്രട്ടേറിയറ്റിന്റെ സുരക്ഷ കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ&ബി) ഭരണ സംവിധാനം ദുരുപയോഗപ്പെടുത്തി ഭരണ തലപ്പത്തുള്ളവർതന്നെ വൻ തുകകൾ കൈപ്പറ്റിയതായും വലിയ തോതിൽ അഴിമതിയും ലൈംഗിക ചൂഷണവും നടത്തിയതായും കൂടാതെ മുൻ എം.എൽ.എ.-മാർ അടക്കമുള്ളവർ അന്നത്തെ ഭരണ നേതൃത്വത്തിലുള്ളവരെ രക്ഷപ്പെടുത്താൻ വേണ്ടി സോളാർ കേസ്സുകൾ ഒത്തുതീർപ്പാക്കാൻ പ്രവർത്തിച്ചതായും കമ്മീഷൻ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടി സംഹിത, അഴിമതി നിരോധന നിയമം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതിനായി നോർത്ത് മേഖലാ ഡി.ജി.പി. ശ്രീ. രാജേഷ് ദിവാൻ അന്വേഷണ സംഘം തലവനായി പ്രത്യേക അന്വേഷണ സംഘത്തെ 8-11-2017-ലെ സ.ഉ.(കൈ) നമ്പർ 231/2017/ആഭ്യന്തരം നമ്പർ ഉത്തരവിലൂടെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(സി) പോലീസ് സേനയുടെ അച്ചടക്കം ഉയർത്തിപ്പിടിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിക്കുവാൻ അനുയോജ്യമായ, കാര്യക്ഷമതയുള്ള ഒരു ഏജൻസിയുടെ അന്വേഷണം അനിവാര്യമാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. കമ്മീഷൻ ശിപാർശയുടെയും അതിന്മേൽ സർക്കാരിന് ലഭിച്ച ഉപദേശത്തിന്റെയും അടിസ്ഥാനത്തിൽ പോലീസ്-ജയിൽ വകുപ്പുകളിൽ നടത്തേണ്ട മാറ്റം സംബന്ധിച്ച് പഠിച്ച് സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കാനായി റിട്ട. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ശ്രീ. സി. എൻ. രാമചന്ദ്രൻനായർ അദ്ധ്യക്ഷനായി മൂന്നംഗ സമിതിയെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിന്റെ സുരക്ഷയ്ക്കുവേണ്ടി സി.സി.ടി.വി.-യുടെ ദൃശ്യങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച കമ്മീഷൻ ശിപാർശ പരിശോധിക്കാനായി ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, ലോക ജനതയ്ക്കുമുമ്പിൽ സാംസ്കാരിക കേരളം അപമാനഭാരത്താൽ തലകുനിക്കേണ്ടിവന്ന ഒന്നായിരുന്നു സോളാർ കേസ്സ്. "മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും അദ്ദേഹം വഴി അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫ് ടെന്നി ജോപ്പൻ, ജിക്കുമോൻ ജേക്കബ്, ഗൺമാൻ സലിംരാജ് കൂടാതെ

ഡൽഹിയിലെ അദ്ദേഹത്തിന്റെ സഹായി മുതലായ എല്ലാവരും ടീം സോളാർ പ്രതി സരിതാ നായർക്കും അവരുടെ കമ്പനിക്കും അവരുടെ ഉപഭോക്താക്കളെ വഞ്ചിക്കാൻതക്കവിധം സഹായിച്ചിട്ടുണ്ടെന്ന് കമ്മീഷൻ ഇതിനകംതന്നെ കണ്ടെത്തിയിട്ടുണ്ട്." സോളാർ കമ്മീഷൻ അന്വേഷണ റിപ്പോർട്ടിന്റെ പേജ് 310 ശിപാർശകൾ എന്ന ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യമാണിത്. കമ്മീഷനുമുമ്പാകെ ഹാജരാക്കിയ തെളിവിന്റെ അടിസ്ഥാനത്തിൽ അഴിമതിയും നിയമവിരുദ്ധവുമായ പ്രതിഫലം പറ്റലും ആരോപിക്കപ്പെട്ട എല്ലാ ആളുകൾക്കുമെതിരായി അഴിമതി തടയൽ നിയമത്തിലെ വ്യവസ്ഥകൾ ബാധകമാണോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ക്രിമിനൽ നടപടി സംഹിത, ഇന്ത്യൻ ശിക്ഷാ നിയമം, അഴിമതി നിരോധന നിയമം, മറ്റ് ബാധകമായ നിയമങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്വേഷണം നടത്താനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഏതാണ് ബാധകമെന്നത് അന്വേഷണത്തിന്റെ ഭാഗമായി നിശ്ചയിക്കേണ്ടതാണ്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, കേരളത്തിൽ ഈയിടെയായി പല സംഭവങ്ങളുടെയും കേസ്സന്വേഷണത്തിൽ കേരള പോലീസ് അവരുടെ പ്രാപ്തിയും കാര്യക്ഷമതയും പ്രാഗത്ഭ്യവും തെളിയിക്കുന്നുണ്ട്. എന്നാൽ കേരള പോലീസിനെ മുഖവിലയ്ക്കെടുക്കാൻ പലപ്പോഴും ഇവിടത്തെ യു.ഡി.എഫ്. തയ്യാറാകാറില്ല. തൊട്ടതിനും പിടിച്ചതിനുമൊക്കെ സി.ബി.ഐ. അന്വേഷണം വേണമെന്ന് ആവശ്യപ്പെടുന്ന ഒരുതരം സി.ബി.ഐ. മാനിയയാണ് ഇവർക്ക് ബാധിച്ചിട്ടുള്ളത്. സോളാർ കേസ്സ് അന്വേഷിക്കാൻ സി.ബി.ഐ. അന്വേഷണം വേണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും യു.ഡി.എഫ്. നേതാക്കൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, എന്റെ ശ്രദ്ധയിൽ ഇതുവരെ അത്തരമൊരു ആവശ്യം ഉണ്ടായിട്ടില്ല.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, തിരുവനന്തപുരം മുതൽ ഡൽഹി വരെ എല്ലാ രാഷ്ട്രീയ സദാചാരമൂല്യങ്ങളും കാറ്റിൽ പറത്തി ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടന്ന കേരളം കണ്ട, ഇന്ത്യ കണ്ട ഏറ്റവും വലിയ മോശപ്പെട്ട അഴിമതികളിൽ ഒന്നാണ് സോളാർ കേസ്സ്. മറ്റ് ധാരാളം ചുമതലകൾ നിർവ്വഹിക്കുന്ന ഒരു ഉദ്യോഗസ്ഥനെയാണ് ഇതിന്റെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത്.

ഈ കേസ്സന്വേഷണം സയമബന്ധിതമായി പൂർത്തിയാക്കാൻ, അദ്ദേഹത്തെ മറ്റ് ചുമതലകളിൽനിന്ന് മാറ്റി, സ്വതന്ത്ര ചുമതല കൊടുത്തുകൊണ്ട് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, സമയബന്ധിതമായിത്തന്നെ അന്വേഷണം പൂർത്തിയാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതിനുവേണ്ടി മറ്റെല്ലാ ചുമതലകളിൽനിന്നും ഒഴിവാക്കി പ്രത്യേകമായി നിയോഗിക്കേണ്ട ആവശ്യകത വരുന്നില്ല.ഒരു വീഴ്ചയുമില്ലാതെതന്നെ അന്വേഷണം തുടർന്നുകൊണ്ടു പോകുന്നതാണ്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, സോളാർ കേസ്സ് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ അന്വേഷണത്തിനായി പ്രഖ്യാപിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം നീട്ടിക്കൊണ്ടു പോകുന്നതിനുള്ള ശ്രമങ്ങൾ ആരുടെയെങ്കിലും ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ആരുടെ ഭാഗത്തുനിന്ന് ഉണ്ടായാലും അന്വേഷണം കൃത്യമായ വഴിക്കുതന്നെ നീങ്ങും. കൃത്യമായ രീതിയിൽത്തന്നെ അത് പൂർത്തിയാക്കുകയും ചെയ്യും.

ശ്രീ. കാരാട്ട് റസാഖ്: സർ, സോളാർ കേസ്സ് അന്വേഷിക്കാൻ ദക്ഷിണ മേഖലാ എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം അട്ടിമറിക്കാൻ ശ്രമിച്ചതായി കമ്മിഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണത്തെ അട്ടിമറിക്കാനുള്ള ശ്രമമുണ്ടായി എന്നാണോ ഉദ്ദേശിച്ചത്?

ശ്രീ. കാരാട്ട് റസാഖ്: സർ, യു.ഡി.എഫ്.-ന്റെ കാലത്ത് നിയോഗിക്കപ്പെട്ട എ.ഡി.ജി.പി.-യുടെ അന്വേഷണത്തിൽ അട്ടിമറി സംഭവിച്ചതായി കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, കമ്മീഷൻ റിപ്പോർട്ടിലെ ഒരു ഭാഗമാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിക്കുന്നത്. അതുസംബന്ധിച്ചുള്ള പ്രത്യേക പരിശോധന ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ശസ്ത്രക്രിയകളിൽ ഉപയോഗിക്കുന്ന സ്റ്റെന്റിന്റെ വില

5 (*305) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയധമനികളിലുണ്ടാകുന്ന തടസ്സം നീക്കം ചെയ്യുന്ന ശസ്ത്രക്രിയകളിൽ ഉപയോഗിക്കുന്ന സ്റ്റെന്റിന്റെയും മെഡിക്കേറ്റഡ് സ്റ്റെന്റിന്റെയും വില നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വളരെയധികം കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നിട്ടും സംസ്ഥാനത്തെ പല സ്വകാര്യ ആശുപത്രികളിലും പ്രസ്തുത നിരക്കിലുണ്ടായിട്ടുള്ള കുറവ് രോഗികൾക്ക് നൽകാതെ അനുബന്ധ ശസ്ത്രക്രിയ സാമഗ്രികളുടെ ചാർജ്ജ് വർദ്ധിപ്പിച്ച് രോഗികളെ ചൂഷണം ചെയ്യുന്നതായ പരാതി ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) രോഗികളിൽ നിന്നും ഇപ്രകാരം അമിത ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഉണ്ട്.

(ബി) 12-2-2018-ൽ നിലവിൽ വന്ന വില നിയന്ത്രണത്തിനുമുമ്പ് ഇതുമായി ബന്ധപ്പെട്ട ചില പരാതികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്.

(സി) ചികിത്സയ്ക്കാവശ്യമായ മറ്റ് ഘടകങ്ങളുടെ നിരക്ക് കൂട്ടി സ്റ്റെന്റിന്റെ വിലക്കുറവുമൂലം ലാഭത്തിലുണ്ടായ കുറവ് പരിഹരിക്കുവാൻ ചില ആശുപത്രികൾ ശ്രമിക്കുന്നതായി ആരോപണമുയർന്ന സാഹചര്യത്തിൽ ആശുപത്രികളിലെ സമീപകാലത്തെ ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ഹൃദ്രോഗ ചികിത്സാ നിരക്കുകൾ പരിശോധിക്കുവാൻ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. സ്റ്റെന്റ് ഉപയോഗിച്ചുകൊണ്ടുള്ള ഹൃദയ ശസ്ത്രക്രിയാ രീതികൾ പിൻതുടരുന്ന ആശുപത്രികൾ/നഴ്സിംഗ് ഹോമുകൾ/ക്ലിനിക്കുകൾ എന്നിവർ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി

സ്റ്റെന്റിന്റെ വില, ബ്രാൻഡ് നെയിം, ബാച്ച് നമ്പർ, നിർമ്മാതാവ്/ഇമ്പോർട്ടറുടെ പേര് എന്നീ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വില നിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യ വസ്തു നിയമം (ESSENTIAL COMMODITIES ACT) അനുശാസിക്കുന്ന പ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടി എടുക്കുന്നതാണ്. കൂടാതെ വിലനിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി ദേശീയ ഔഷധ വിലനിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നുമുണ്ട്.

**ഭക്ഷ്യസുരക്ഷാ നിയമം**

6 (*306) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമപ്രകാരം (ഫുഡ് സേഫ്റ്റി ആക്ട്), ആഹാര പദാർത്ഥങ്ങളുടെ ഉത്പാദന- സംഭരണ - വിതരണ രംഗത്ത് പ്രവർത്തിക്കുന്നവരിൽ പന്ത്രണ്ട് ലക്ഷം രൂപയ്ക്ക് മേൽ വാർഷിക വിറ്റുവരവുള്ളവർ ലൈസൻസും മറ്റുള്ളവർ രജിസ്ട്രേഷനും നേടിയിരിക്കണമെന്ന വ്യവസ്ഥ കർശനമായി പാലിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ;

(ബി) ലൈസൻസോ രജിസ്ട്രേഷനോ നേടിയ സ്ഥാപനങ്ങൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഭക്ഷ്യസുരക്ഷ വകുപ്പിന് സാധ്യമാകുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ആഹാര പദാർത്ഥങ്ങളുടെ ഉത്പാദന-സംഭരണ-വിതരണ രംഗത്ത് പ്രവർത്തിക്കുന്നവരിൽ പന്ത്രണ്ട് ലക്ഷം രൂപയ്ക്ക് മേൽ വാർഷിക വിറ്റുവരവുള്ളവർ ലൈസൻസും മറ്റുള്ളവർ രജിസ്ട്രേഷനും കരസ്ഥമാക്കി മാത്രമെ ഭക്ഷ്യ വ്യാപാരം നടത്താൻ പാടുള്ളൂ. എന്നാൽ ഭക്ഷ്യസുരക്ഷാ നിയമം 2011 ആഗസ്റ്റ് മുതൽ രാജ്യത്തൊട്ടാകെ നടപ്പാക്കി തുടങ്ങിയെങ്കിലും ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കുന്ന വിഷയത്തിൽ 2016 വരെ കേന്ദ്ര സർക്കാർ ഇളവ് നൽകിയിരുന്നു. അതിനാൽ നിയമം സംസ്ഥാനത്ത് ഇപ്പോൾ കർശനമായി നടപ്പാക്കി തുടങ്ങുകയും എല്ലാ ഫുഡ് ബിസിനസ്സ്

ഓപ്പറേറ്റർമാരെയും ലൈസൻസ്/ രജിസ്ട്രേഷനിലേക്ക് എത്തിക്കുന്നതിനുവേണ്ടി നോട്ടീസ് നൽകുകയും ലൈസൻസ്-രജിസ്ട്രേഷൻ മേളകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

(ബി) ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് ലൈസൻസിംഗ്/ രജിസ്ട്രേഷൻ റെഗുലേഷൻ 2011-ൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പാലിക്കേണ്ടതാണ്.

<u>ഹോട്ടൽ/റസ്റ്റോറന്റ്/മറ്റ് ആഹാര പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവ പാലിക്കേണ്ട വ്യവസ്ഥകൾ :</u>

1. FSSAI ലൈസൻസ്/രജിസ്ട്രേഷൻസ്ഥാപനത്തിൽ പ്രദർശിപ്പിച്ചിരിക്കണം.
2. സ്ഥാപനത്തിന്റെ തറ, ഭിത്തി, അടുക്കള പരിസരം എന്നിവ ശുചിയായി സൂക്ഷിക്കേണ്ടതാണ്.
3. പ്രാണികളും മറ്റ് ജീവികളും കടക്കാത്ത വിധത്തിൽ സ്ഥാപനത്തിന്റെ സ്റ്റോർ റൂം, പ്രോസസ്സിംഗ് ഏര്യ എന്നിവ സൂക്ഷിക്കേണ്ടതാണ്.
4. സ്ഥാപനത്തിൽ ഉപയോഗിക്കുന്ന പാത്രങ്ങളും മറ്റും ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാൻ പറ്റുന്ന നിലവാരത്തിലുള്ളവ ആയിരിക്കണം
5. സ്ഥാപനത്തിലെ വേസ്റ്റ് ബിൻ മൂടിയുള്ളതായിരിക്കണം. മാലിന്യം സംസ്കരിക്കുവാൻ വേണ്ടി ഉചിതമായ നടപടികൾ സ്വീകരിക്കണം.
6. സ്ഥാപനത്തിൽ ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം ആറ് മാസത്തിൽ ഒരിക്കൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
7. ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെ വൈദ്യ പരിശോധനാ റിപ്പോർട്ട് എല്ലാ വർഷവും പുതുക്കുകയും ഭക്ഷണം വഴി പകരുന്ന രോഗങ്ങൾ ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
8. ജീവനക്കാർ മികച്ച രീതിയിലുള്ള വ്യക്തി ശുചിത്വം പാലിക്കേണ്ടതാണ്.
9. ഭക്ഷ്യവസ്തുക്കൾ എല്ലായിപ്പോഴും മൂടി സൂക്ഷിക്കേണ്ടതാണ്.
10. സസ്യാഹാരങ്ങളും, മാംസാഹാരങ്ങളും ഒരുമിച്ച് ഒരേ ഫ്രീസറിൽ സൂക്ഷിക്കുവാൻ പാടുള്ളതല്ല.
11. ഭക്ഷ്യവസ്തുക്കളിൽ സിന്തറ്റിക് ഫുഡ് കളർ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

ഉല്പാദന, സംഭരണ, വിതരണ മേഖലകളിൽ പ്രവർത്തിക്കുന്ന മറ്റ് ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർ പാലിക്കേണ്ട വ്യവസ്ഥകൾ ഫുഡ് സേഫ്റ്റി & ലൈസൻസിംഗ് & റെഗുലേഷൻസ് റൂൾ 2.1.1(2) അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

മേൽ വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി ഫുഡ് സേഫ്റ്റി ഓഫീസർമാർ നിരന്തരം പരിശോധനകൾ നടത്തുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ കോമ്പൗണ്ടിംഗ്/അഡ്ജ്യൂഡിക്കേഷൻ നടപടികൾക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഗുരുതരമായ ആരോഗ്യ ഭീഷണിയുള്ള സാഹചര്യത്തിൽ ലൈസൻസ് സസ്പെൻഡ് ചെയ്ത് സ്ഥാപനം അടച്ചുപൂട്ടുന്ന നടപടികളും സ്വീകരിക്കാറുണ്ട്.

## ലിംബ് സെന്ററുകൾ

7(*307) ശ്രീ. ആർ. രാമചന്ദ്രൻ
ശ്രീ. സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ ലിംബ് സെന്ററുകൾ എവിടെയൊക്കെയാണ് നിലവിലുള്ളത് എന്നറിയിക്കുമോ;

(ബി) കൈകാലുകൾക്ക് സ്വാധീനം നഷ്ടപ്പെട്ടവർക്ക് രക്ഷാകേന്ദ്രങ്ങളായിരുന്ന ലിംബ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സാഹചര്യം മുതലെടുത്ത് സ്വകാര്യ സ്ഥാപനങ്ങൾ കൊള്ളലാഭം ഉണ്ടാക്കുന്നുവെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ലിംബ് സെന്ററുകളിൽ ഏതൊക്കെ സേവനങ്ങളാണ് നല്കുന്നതെന്നും അവ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഇ) ലിംബ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) തിരുവനന്തപുരം ജനറൽ ആശുപത്രിയും കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, ആലപ്പുഴ ജില്ലാ ആശുപത്രികളിലും തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ വിഭാഗത്തോട് അനുബന്ധിച്ചും ആർട്ടിഫിഷ്യൽ ലിംബ് ഫിറ്റിംഗ് സെന്ററുകൾ നിലവിലുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കൃത്രിമ കൈകാലുകൾ, ജയ്പൂർ പാദങ്ങൾ, കാലിപ്പറുകൾ, കോർസെറ്റുകൾ, ചലന സഹായികൾ, എം.സി.ആർ. ചപ്പൽ, (മൈക്രോ സെല്ലുലാർ ചപ്പൽ), എം.സി.ആർ. ഷീറ്റുകൾ, പോളി പ്രൊപ്പബിൻ ഷീറ്റുകൾ, പാഡിംഗ് മെറ്റീരിയൽസ്, കൃത്രിമ കാലുകൾക്കുള്ള എൻഡോ സ്കെൽറ്റൽ ജോയിന്റുകൾ, സ്പൈനൽ ജാക്കറ്റുകൾ, സർവൈക്കൽ കോളറുകൾ, പലതരം ചെരിപ്പുകൾ, ഷൂസുകൾ തുടങ്ങിയവ ലിംബ് സെന്ററുകളിൽ നിന്നും നിർമ്മിച്ചുനൽകുന്നു. ലിംബ് സെന്ററുകളിലെ പ്രവർത്തനം സുഗമമായി നടന്നുവരുന്നു.

(ഇ) ലിംബ് ഫിറ്റിംഗ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 2018-19-ൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2018-19-ൽ മലപ്പുറം ജില്ലയിലെ തിരൂർ ആശുപത്രിയിൽ ലിംബ് ഫിറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതി ഈ വർഷത്തെ ധന സഞ്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മെറ്റീരിയൽ ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഈ നടപ്പുവർഷത്തിൽ 15 ലക്ഷത്തോളം രൂപയ്ക്കുള്ള മെറ്റീരിയൽ വാങ്ങുകയും ചെയ്തിട്ടുണ്ട്. ആർട്ടിഫിഷ്യൽ ലിംബ് സെന്ററുകളിൽ നവീനമായ ഉപകരണങ്ങൾ നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ആർട്ടിഫിഷ്യൽ ലിംബ് ഫിറ്റിംഗ് സെന്ററിന്റെ നവീകരണത്തിനായി 95 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

### ആരോഗ്യ രംഗത്തെ കേന്ദ്ര ധനസഹായം

8 (*308) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് തയ്യാറാക്കിയ വാർഷിക വളർച്ചാ നിരക്കിന്റെ അടിസ്ഥാനത്തിലാണ് ദേശീയ ആരോഗ്യമിഷന് കീഴിലുള്ള പദ്ധതികൾക്ക് കേന്ദ്രവിഹിതമനുവദിക്കുക എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളർച്ചാ നിരക്കിൽ കേരളം പിന്നിലാണെന്ന നീതി ആയോഗിന്റെ പഠന റിപ്പോർട്ട്, കേന്ദ്രധനസഹായം സംസ്ഥാനത്തിന് ലഭിക്കുന്നതിന് വിഘാതമാവുമോയെന്നറിയിക്കുമോ;

(സി) കേന്ദ്ര സഹായത്തിൽ കുറവ് വരുന്നത് ആരോഗ്യ രംഗത്തെ നിലവിലുള്ള സ്ഥിതി നിലനിർത്താൻ സംസ്ഥാനത്തിന് തടസ്സമാവുമോയെന്ന് വിശദമാക്കുമോ;

(ഡി) എങ്കിൽ തീരുമാനം പുനഃപരിശോധിക്കാൻ കേന്ദ്രത്തെ സമീപിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ&ബി) ദേശീയ ആരോഗ്യ മിഷന് കീഴിലുള്ള പദ്ധതികൾക്ക് കേന്ദ്ര വിഹിതം അനുവദിക്കുന്നത് നാഷണൽ പ്രോഗ്രാം കോ-ഓർഡിനേഷൻ കമ്മിറ്റി അംഗീകരിക്കുന്ന പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാനിന്റെ (PIP) അടിസ്ഥാനത്തിലാണ്. ദേശീയ ആരോഗ്യ മിഷൻ ഒരു 60:40 പദ്ധതിയാണ്.

നീതി ആയോഗ് രൂപീകൃതമായതിനുശേഷം വകുപ്പ് തലത്തിലുള്ള വിശകലന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ വകുപ്പിനും വിവിധ പദ്ധതികൾക്ക് കീഴിൽ വരുന്ന വിവിധങ്ങളായ സൂചികകളുടെ പ്രവർത്തന പുരോഗതിയും നേട്ടങ്ങളും കണക്കിലെടുത്ത് Incremental Scores and Ranks നിശ്ചയിച്ച് ഓരോ സംസ്ഥാനത്തിന്റേയും അതാത് വകുപ്പുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്. കഴിഞ്ഞ വർഷം 2014-15 അടിസ്ഥാന വർഷമായും 2015-16 പ്രവർത്തന വർഷമായും കണക്കാക്കിയ പഠന റിപ്പോർട്ടാണ് പുറത്തിറക്കിയിട്ടുള്ളത്. ആരോഗ്യ രംഗത്തെ പ്രധാന സൂചികകളായ ഭരണ സംവിധാനം, ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ് (Health Outcomes, Governance and Information key inputs/process), എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള സൂചികകളുടെ പ്രവർത്തനപുരോഗതി അടിസ്ഥാനപ്പെടുത്തി രാജ്യത്തെ സംസ്ഥാനങ്ങളെ വലിയ സംസ്ഥാനങ്ങൾ, ചെറിയ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ടെങ്കിലും വലിയ സംസ്ഥാനങ്ങളോടൊപ്പം കേരളത്തെ ഉൾക്കൊള്ളിച്ച് നടത്തിയ പഠനത്തിലും കേരളം ഒന്നാം സ്ഥാനത്താണ്.

നീതി ആയോഗിന്റെയും മറ്റ് മാനദണ്ഡങ്ങളും അനുസരിച്ച് കേരളത്തിന് ലഭിക്കുന്ന ഇൻസെന്റീവ് എത്രയാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കിയിട്ടില്ല. എന്നിരുന്നാലും വെയിറ്റേജുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് റിസോഴ്സ് എൻവലപ്പിന് പുറമെ അധികമായി 15 ശതമാനം ഇൻസെന്റീവ് ലഭിക്കുമെന്നാണ് കരുതുന്നത്.

(സി&ഡി) നീതി ആയോഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സഹായത്തിന് കുറവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

മൗലികമായ മേഖലകൾക്കുവേണ്ടി നൽകിവരുന്ന കേന്ദ്ര സഹായം പെട്ടെന്ന് നിർത്തലാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും കേന്ദ്ര സർക്കാരിൽ നിന്നും കൂടുതൽ സാമ്പത്തിക സഹായം നേടിയെടുക്കുന്നതിന് വകുപ്പുതലത്തിലും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ മേൽനോട്ടത്തിലും കൃത്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനങ്ങളുടെ റാങ്കിങ്ങുമായി ബന്ധപ്പെടുത്തി ഇൻസെന്റീവ് നൽകുമ്പോൾ മെച്ചപ്പെട്ട ആരോഗ്യ സൂചികകളുള്ള കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് Disincentive ഉണ്ടാകരുതെന്നും ഇൻസെന്റീവിന്റെ മാനദണ്ഡം നിശ്ചയിക്കുമ്പോൾ ഇതുകൂടി പരിഗണിക്കണമെന്നും നീതി ആയോഗ്, കേന്ദ്ര ആരോഗ്യ മന്ത്രാലയം എന്നിവരെ അറിയിച്ചിട്ടുണ്ട്.

**റേഷൻ കടക്കാർക്കുള്ള പാക്കേജ്**

9(*309) ശ്രീമതി ഗീതാ ഗോപി
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ അനുവദിക്കുന്നതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും നിയമാനുസരണം നൽകേണ്ട വിഹിതം കേരളത്തിൽ നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-പോസ് യന്ത്രങ്ങൾ വഴി ധാന്യവിതരണം നടത്തിയ സ്ഥലങ്ങളിൽ റേഷൻ കടക്കാർക്കുള്ള പാക്കേജ് നടപ്പിലാക്കിയോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) 1966-ലെ കേരള റേഷനിംഗ് ഓർഡറിലെ 45, 2(എ) പ്രകാരം പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും വനിതകൾക്ക് 20 ശതമാനവും അംഗപരിമിതർക്ക് 5 ശതമാനവും റേഷൻകടകളുടെ ലൈസൻസി നിയമനത്തിൽ സംവരണം അനുവദിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിന് 50,000 രൂപ സോൾവൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടപ്പോൾ പ്രസ്തുത വിഭാഗങ്ങൾക്ക് 15,000 രൂപ ആക്കിയിട്ടുണ്ട്. എങ്കിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കുമായി റേഷൻ കടകളുടെ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ അപേക്ഷകരുടെ അപര്യാപ്തത മൂലം മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് നിയമാനുസരണമുള്ള വിഹിതം നൽകുവാൻ

കഴിഞ്ഞിട്ടില്ല. ആയതിനാൽ ജനറൽ വിഭാഗത്തിൽ നിന്നും നിയമനം നടത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. നിലവിൽ സംവരണ തത്വം പാലിച്ചുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമാണ് വിജ്ഞാപനം നടത്തുന്നത്.

(ബി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് 10-11-2017-ലെ സ.ഉ. (കൈ)നമ്പർ 29/2017/ഭ.പൊ.വി.വ. പ്രകാരമാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. ഇ-പോസ് യന്ത്രങ്ങൾ വഴി റേഷൻ വിതരണം ആരംഭിച്ച കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 കടകൾക്ക് മേൽ ഉത്തരവ് പ്രകാരമുള്ള കമ്മീഷൻ പാക്കേജ് ജനുവരി മാസത്തിൽ 1-3-2018-ലെ (സി.എസ്.)എ 9-4350/18 നമ്പർ നടപടിക്രമ പ്രകാരം അനുബന്ധമായി *അനുവദിച്ചിട്ടുണ്ട്.

## പോലീസ് സേനയുടെ കാര്യക്ഷമതയും നിലവാരവും വർദ്ധിപ്പിക്കാൻ നടപടി

10 (*310) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ഡി. പ്രസേനൻ : :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ താൽക്കാലിക കണക്കുപ്രകാരം 2013 മുതൽ കുറ്റകൃത്യങ്ങൾ ക്രമാനുഗതമായി വർദ്ധിച്ചു വന്നിരുന്ന സ്ഥിതിയിൽ നിന്ന് വ്യത്യസ്തമായി, മുൻവർഷത്തെ അപേക്ഷിച്ച് കുറ്റകൃത്യങ്ങളിൽ പത്തു ശതമാനത്തോളം കുറവുണ്ടായത് ഭാവിയിൽ കൂടുതൽ മെച്ചപ്പെടുത്താനായി പോലീസ് സേനയുടെ അംഗബലവും കാര്യക്ഷമതയും വർദ്ധിപ്പിക്കാനും നവീകരണ പ്രവർത്തനങ്ങൾ നടത്താനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ ;

(ബി) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് പോലീസ് സേനയുടെ പ്രവർത്തനം ഉയർത്താനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഇതിന്റെ ഭാഗമായി പശ്ചാത്തല സൗകര്യങ്ങളിലും അതോടൊപ്പം പോലീസിന്റെ ഇടപെടലിലും എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ): (എ) സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2013 മുതൽ 2015 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത ക്രൈം കേസ്സുകളിൽ ഐ.പി.സി. കേസ്സുകളുടെ എണ്ണം പരിശോധിക്കുമ്പോൾ കുറ്റകൃത്യങ്ങൾ ക്രമാനുഗതമായി വർദ്ധിച്ചുവരുന്നതായും എസ്.എൽ.എൽ.(സ്പെഷ്യൽ ആന്റ് ലോക്കൽ ലാസ്) (സംസ്ഥാനത്തിൽ പ്രാബല്യത്തിലുള്ള തദ്ദേശീയ നിയമങ്ങളും മറ്റ് പ്രത്യേക നിയമങ്ങളും) കേസ്സുകളുടെ എണ്ണം കുറഞ്ഞ് വരുന്നതായും കാണപ്പെടുന്നു. തൽസ്ഥിതിയിൽ നിന്ന് വ്യത്യസ്തമായി മുൻ വർഷത്തെ (2016) അപേക്ഷിച്ച് 2017 വർഷം കുറ്റകൃത്യങ്ങളിൽ യഥാക്രമം ഐ.പി.സി. കേസ്സുകളുടെ എണ്ണത്തിൽ 9 ശതമാനത്തോളവും എസ്.എൽ.എൽ. കേസ്സുകളുടെ എണ്ണത്തിൽ 7 ശതമാനത്തോളവും കുറവുള്ളതായി കാണപ്പെടുന്നു. വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | കൊഗ്നൈസിബിൾ ക്രൈംസ് | |
|---|---|---|
| | ഐ.പി.സി | എസ്.എൽ.എൽ. |
| 2013 | 176334 | 406848 |
| 2014 | 206789 | 403576 |
| 2015 | 257074 | 396334 |
| 2016 | 260097 | 447773 |
| 2017 | 236685 | 416206 |

ഇത്തരത്തിൽ ഐ.പി.സി, എസ്.എൽ.എൽ. കേസ്സുകളിൽ വന്നിട്ടുള്ള കുറവ് ഭാവിയിൽ കൂടുതൽ മെച്ചപ്പെടുത്തുവാനായി പോലീസ് സേനയുടെ അംഗബലം ജനസംഖ്യാ ആനുപാതികമായി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്.

പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിയമം, സൈബർ ക്രൈം, ഫോറൻസിക് സയന്റിഫിക്, ഫിംഗർ പ്രിന്റ് എവിഡൻസ് കളക്ഷൻസ്, കമ്പ്യൂട്ടർ പരിശീലനം തുടങ്ങിയവയിൽ അവബോധം ഉണ്ടാകുന്നതിനായി വിദഗ്ദ്ധ പരിശീലനവും ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു.

(ബി&സി) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് പോലീസ് സേനയുടെ പ്രവർത്തനം ഉയർത്തുന്നതിന് സംസ്ഥാനത്ത് നിരവധി പ്രവർത്തനങ്ങൾ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു:

കേസ്സന്വേഷണത്തിനും തെളിവുകൾക്കുമായി ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും അതുവഴി കുറ്റവാളികളെ കണ്ടെത്തി അവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനുമുള്ള രീതിയാണ് അവലംബിക്കുന്നത്.

ക്രമസമാധാനപാലനത്തിന് ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ നിരീക്ഷണ സംവിധാനം ഫലപ്രദമായി ഏർപ്പെടുത്തുകയും പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടി മനസ്സിലാക്കി അവിടങ്ങളിൽ പോലീസ് സാന്നിദ്ധ്യമുറപ്പാക്കുകയും ചെയ്യുന്നു.

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും, സബ് ഡിവിഷൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും ജി.ഡി. രേഖപ്പെടുത്തുന്നതിനും മറ്റുമായി സി.സി.റ്റി.എൻ.എസ്. സംവിധാനം നടപ്പിലാക്കിയിട്ടുള്ളതുമാണ്.

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കിയിട്ടുണ്ട്.

കേരള പോലീസിന്റെ വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് കേസ്സിന്റെ എഫ്.ഐ.ആർ. ഡൗൺലോഡ് ചെയ്യുന്നതിനും, പോലീസ് സ്റ്റേഷനിൽ നേരിട്ട് ഹാജരാകാതെ തന്നെ പരാതികൾ ഇ-മെയിൽ മുഖാന്തരം അയയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്.

കേസ്സന്വേഷണം സുഗമമാക്കുന്നതിനായി എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സി.യു.ജി. സിം കാർഡുകൾ നൽകിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് പരസ്പരം സൗജന്യമായി വിളിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള സി.യു.ജി. സിം കാർഡുകൾ, കേസ്സന്വേഷണത്തിനും പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വളരെ സൗകര്യപ്രദമായിട്ടുണ്ട്. പരാതിയുമായി എത്തുന്നവരെ സ്വീകരിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പി.ആർ.ഒ. സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്.

കേസ്സുകളുടെ അന്വേഷണം കാര്യക്ഷമമാക്കുന്നതിന് ജില്ലാതലങ്ങളിൽ സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. കുറ്റകൃത്യം നടന്ന സ്ഥലങ്ങളെ ക്രൈം മാപ്പിംഗ് സൈറ്റിൽ രേഖപ്പെടുത്തുന്ന ജി.ഐ.എസ്. (ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം) സംവിധാനം നിലവിലുണ്ട്. ആധുനിക വൽക്കരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ സംവിധാനം, സീനിയർ സിറ്റിസൺ ഫ്രണ്ട് ലി ഓഫീസ്, വനിതാ ഹെൽപ്പ് ഡെസ്ക്, IAPS പെറ്റീഷൻ സംവിധാനം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

## റേഷൻ കടകളിലെ ഇ-പോസ് മെഷീൻ

11(*311) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ എല്ലാ കാർഡുടമകൾക്കും അവരവർക്കിഷ്ടമുള്ള റേഷൻ കടകളിൽ നിന്നും ധാന്യം വാങ്ങുന്നതിനുള്ള പോർട്ടിംഗ് സൗകര്യം ലഭ്യമാക്കുമോ; എങ്കിൽ ആയത് എന്നുമുതൽ നടപ്പാകുമെന്നറിയിക്കുമോ;

(ബി) ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതോടുകൂടി ധാന്യങ്ങൾ ചെലവാകാതെ മിച്ചം വരുന്ന സാഹചര്യം ഉണ്ടാകുമോ;

(സി) ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന റേഷൻ കടകളിൽ റേഷൻ കടക്കാർക്ക് പ്രത്യേക പാക്കേജ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ എല്ലാ കാർഡുടമകൾക്കും അവരവർക്കിഷ്ടമുള്ള റേഷൻ കടകളിൽ നിന്നും ധാന്യം വാങ്ങുന്നതിനുള്ള പോർട്ടിംഗ് സൗകര്യം ഇ-പോസ് മെഷീനുകളിൽ ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം എന്നുമുതൽ നടപ്പാക്കണം എന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ബി) യഥാർത്ഥ ഗുണഭോക്താവിനെ ബയോമെട്രിക് ആതന്റിക്കേഷൻ വഴി തിരിച്ചറിഞ്ഞാണ് ഇ-പോസ് മുഖേന റേഷൻ വിതരണം നടത്തുന്നത്. കാർഡിലെ ഏതെങ്കിലും അംഗത്തിനോ കാർഡുടമയ്ക്കോ നേരിട്ട് ഹാജരാകാൻ സാധിക്കാത്ത സാഹചര്യത്തിൽ ഒരു പ്രോക്സിയെ (അധികാരപ്പെടുത്തുന്ന ആൾ) റേഷൻ വിഹിതം വാങ്ങുന്നതിനായി ചുമതലപ്പെടുത്താവുന്നതാണ്. കാർഡുടമകൾ റേഷൻ സാധനം വാങ്ങുന്നതനുസരിച്ചായിരിക്കും സ്റ്റോക്ക് നീക്കിയിരിപ്പ് വരുന്നത്.

(സി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് 10-11-2017-ലെ സ.ഉ.(കൈ)നമ്പർ 29/2017/ഭ.പൊ.വി.വ. പ്രകാരമാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നിയമവാഴ്ച നിലനിർത്തുന്നതിന് നടപടി

12(*312) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. വി. ഡി. സതീശൻ
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമം കയ്യിലെടുക്കാനും നിരപരാധികളെ തല്ലിക്കൊല്ലാനും ആക്രമിക്കാനും ആൾക്കൂട്ടം തയ്യാറാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിയമവാഴ്ച ഇല്ലാതാകുന്നതിന്റെ സൂചനയായി ഇത്തരം സംഭവങ്ങളെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നിയമവാഴ്ചയില്ലെന്ന് ഡി.ജി.പി. റാങ്കിലുള്ള ഒരു മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അട്ടപ്പാടിയിൽ മധു എന്ന ആദിവാസി യുവാവിനെ ഫോറസ്റ്റ് ജീവനക്കാർ പിടിച്ച് ജനക്കൂട്ടത്തിന് കൊടുക്കുകയും അവർ പരസ്യമായി അയാളെ മർദ്ദിച്ച് കൊലപ്പെടുത്തുകയും ചെയ്തത് നിയമവാഴ്ച സംസ്ഥാനത്ത് നിലവിലില്ലായെന്നതിന്റെ സൂചനയായി വിലയിരുത്തുന്നുണ്ടോ;

(ഇ) നിയമവാഴ്ച നിലനിർത്തുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും എന്ത് നടപടിയാണ് കൈക്കൊള്ളുകയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ&ബി) 22-2-2018-ന് അഗളിയിൽ ആദിവാസി യുവാവിനെ കുറച്ചുപേർ ചേർന്ന് കൊലപ്പെടുത്തിയത് അങ്ങേയറ്റം ദൗർഭാഗ്യകരമായ സംഭവമായിരുന്നു. ഒറ്റപ്പെട്ട ഈ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കും. ഈ സംഭവം മുൻനിർത്തി സംസ്ഥാനത്ത് ആൾക്കൂട്ടം നിയമം കയ്യിലെടുക്കലായി വിലയിരുത്തൽ നടത്തേണ്ടതില്ല.

ഏതെങ്കിലും ഒരു ഒറ്റപ്പെട്ട സംഭവം എടുത്തുകാട്ടി സംസ്ഥാനത്ത് നിയമവാഴ്ച ഇല്ലായെന്ന് പ്രചരിപ്പിക്കുന്ന രീതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ

ഏറ്റവും ശക്തമായ രീതിയിൽ നിയമവാഴ്ച നിലനിൽക്കുന്നതും ക്രമസമാധാനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുള്ള സംസ്ഥാനമാണ് കേരളം.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അട്ടപ്പാടിയിൽ മധു എന്ന യുവാവ് ദാരുണമായി കൊല്ലപ്പെട്ടത് വനംവകുപ്പ് ഉദ്യോഗസ്ഥർ ആൾക്കൂട്ടത്തിന് പിടിച്ചുനൽകി കൊല്ലിച്ചതാണ് എന്നൊരന്വേഷണത്തിലും വെളിവായിട്ടില്ല. മധു മരിച്ച സംഭവത്തിൽ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവന്നിട്ടുണ്ട്. ഒറ്റപ്പെട്ട സംഭവം സംസ്ഥാനത്തിന്റെ പൊതുക്രമസമാധാനനിലയെ പ്രതിഫലിപ്പിക്കുന്നതല്ല.

(ഇ) നിയമവാഴ്ച നിലനിർത്തുന്നതിന്റെയും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന്റെയും ഭാഗമായി പ്രശ്നബാധിത പ്രദേശങ്ങളിൽ പോലീസിന്റെ സാന്നിധ്യം ഉറപ്പാക്കുകയും, നിയമ നടപടികൾ സ്വീകരിക്കേണ്ട സാഹചര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം ശക്തമാക്കിയും, നിയമവാഴ്ചയെ ഹനിക്കുന്ന രീതിയിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പോലീസിന്റെ പെട്ടെന്നുള്ള ഇടപെടൽ ഉണ്ടാകുകയും ഫലപ്രദമായി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

### എം.എം.ആർ. വാക്സിന്റെ ക്ഷാമം

13(*313) <u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. സി. മമ്മൂട്ടി:</u>
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.എം.ആർ. വാക്സിന് കടുത്ത ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രികളിൽ നിന്നും ഈ പ്രതിരോധ കുത്തിവയ്പ് സൗജന്യമായാണോ നൽകുന്നതെന്നും ഏതൊക്കെ ദിവസങ്ങളിലാണ് ഇത് നൽകുന്നതെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എം.എം.ആർ. വാക്സിനുകൾ എവിടെ നിന്നാണ് ലഭ്യമാകുന്നതെന്നറിയിക്കാമോ;

(ഡി) സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് എം.എം.ആർ. വാക്സിനുകൾ ലഭ്യമാകാതെ വന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) (എ) MR വാക്സിനേഷൻ കാമ്പയിൻ നടന്ന ഒക്ടോബർ മുതൽ നവംബർ അവസാനം വരെ MMR വാക്സിൻ നൽകേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഈ കാലയളവിൽ MMR വാക്സിൻ മുൻകൂട്ടി വാങ്ങി സൂക്ഷിക്കേണ്ടതില്ലെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് ചില ജില്ലകളിൽ ടി മരുന്ന് സ്റ്റോക്ക് ചെയ്യാതിരുന്നത്.

(ബി) സർക്കാർ ആശുപത്രികളിൽ നിന്നും എം.എം.ആർ. വാക്സിൻ സൗജന്യമായാണ് നൽകുന്നത്. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ബുധനാഴ്ച ദിവസമാണ് എം.എം.ആർ. വാക്സിൻ നൽകുന്നത് ഇതുകൂടാതെ ഉപകേന്ദ്രങ്ങളിൽ മുൻകൂട്ടി നിശ്ചയിച്ച ദിവസങ്ങളിലും വാക്സിൻ ലഭ്യമാണ്.

(സി) സംസ്ഥാനത്തെ ആശുപത്രികളിൽ എം.എം.ആർ. വാക്സിൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ് വാങ്ങുന്നത്.

(ഡി) എം.എം.ആർ. വാക്സിൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നൽകുന്നില്ല. ആരോഗ്യ വകുപ്പിനുവേണ്ടി കേരള സാമൂഹ്യ സുരക്ഷ മിഷൻ (കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ)-ന്റെ ധനസഹായത്തോടെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ് വാങ്ങുന്നത്. എം.ആർ. (മീസിൽസ്-റൂബല്ല) വാക്സിനേഷൻ കാമ്പയിൻ ഒക്ടോബർ 3-ാം തീയതി മുതൽ നവംബർ അവസാന ആഴ്ച വരെ കേരളത്തിൽ നടപ്പിലാക്കി. ഈ കാമ്പയിൻ നടക്കുന്ന അവസരത്തിൽ എം.എം.ആർ. വാക്സിൻ നൽകേണ്ട എന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എം.എം.ആർ. വാക്സിൻ ആശുപത്രികളിൽ എം.ആർ. കാമ്പയിനുശേഷം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇത് പ്രകാരം കെ.എം.എസ്.സി.എൽ. എം.എം.ആർ. വാക്സിൻ ഉടൻ ലഭ്യമാകുമെന്ന് അറിയിച്ചിട്ടുണ്ട്.

## ലോക കേരളസഭയുടെ പ്രധാന നിർദ്ദേശങ്ങളും ആശയങ്ങളും

14 (*314) ശ്രീ. കെ. ദാസൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. ബാബു:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ ജനപ്രതിനിധികളുടെയും പ്രവാസി പ്രതിനിധികളുടെയും സ്ഥിരം സംവാദ-ആലോചന വേദിയായ ലോക കേരളസഭയുടെ പ്രഥമ സമ്മേളനത്തിൽ രൂപപ്പെട്ട പ്രധാന നിർദ്ദേശങ്ങളും ആശയങ്ങളും എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ ഫലപ്രദമായ നടത്തിപ്പിനായി എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം തീരുമാനങ്ങളാണ് ലോക കേരളസഭ സമ്മേളനത്തിൽ കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ലോക കേരളസഭയുടെ അടുത്ത സമ്മേളനം എന്നേയ്ക്ക് ചേരുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) കേരളത്തിന്റെ വികസന ഭാവിക്ക് പുതിയ ഊർജ്ജം പകരുന്ന ഒട്ടേറെ നിർദ്ദേശങ്ങളുടെ രൂപീകരണത്തിലേയ്ക്ക് ലോക കേരള സഭ നയിച്ചിട്ടുണ്ട്.

- പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം.
- അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം.
- പുതിയകാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം - ലോക കേരളസഭാ സെക്രട്ടേറിയറ്റിന് രൂപം നല്കും.
- കേരള വികസന നിധി രൂപീകരണം.

- പ്രവാസി സംരക്ഷണ പദ്ധതി-രോഗബാധിതരാകുന്നവർക്ക്, അപകടത്തിൽപ്പെടുന്നവർക്ക്, തൊഴിൽ നഷ്ടമാകുന്നവർക്ക് സംരക്ഷണം നല്കാൻ കഴിയുന്നവിധം വികസന പദ്ധതികളിലെ നിക്ഷേപത്തിന് മാർഗ്ഗ രേഖയും സുരക്ഷാ ചട്ടക്കൂട്ടും രൂപീകരിക്കൽ.
- സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകളുടെ രൂപീകരണം.
- വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക-കാർഷികാനുബന്ധ ഉൽപ്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലനരംഗം, നൂതനസാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിന് പദ്ധതി തയ്യാറാക്കൽ.
- അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.
- മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.

(ബി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ അന്തിമ മാർഗ്ഗരേഖ തയ്യാറായിട്ടില്ല. അവ തയ്യാറാകുന്ന മുറയ്ക്ക് നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്.

(സി) ജനുവരി 12,13 തീയതികളിൽ നടന്ന സമ്മേളനത്തിൽ പ്രവാസികളിൽ നിന്നുള്ള നിക്ഷേപം കേരളത്തിന്റെ അടിസ്ഥാന നിക്ഷേപ മേഖലയിൽ എത്തിക്കുന്നത് ഒരു മുഖ്യ വിഷയമായിരുന്നില്ല. ആയതിനാൽ പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് മാത്രമായി ലോക കേരളസഭാ സമ്മേളനത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നാൽ ഇക്കാര്യത്തിനുവേണ്ടി ലോക കേരളസഭയുടെ ഭാഗമായി സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് ആലോചനയുണ്ട്.

(ഡി) ലോക കേരളസഭ കാലാവധിയില്ലാത്ത തുടർച്ചയായ സഭയായിരിക്കും. കുറഞ്ഞത് രണ്ട് വർഷത്തിലൊരിക്കലെങ്കിലും ചേരുവാനാണ് ഉദ്ദേശിക്കുന്നത്.

## പറമ്പിക്കുളം-ആളിയാർ പദ്ധതി

15 (*315) ശ്രീ. കെ. കൃഷ്ണൻകുട്ടി
ശ്രീ. സി. കെ. നാണു
ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി പൂർത്തിയായപ്പോൾ കേരളത്തിന് തിരിച്ച ലഭിക്കേണ്ട ഭൂമിയും കെട്ടിടങ്ങളും മറ്റ് നിർമ്മിതികളും സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണതിന് കാരണമെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കെട്ടിടങ്ങളും നിർമ്മിതികളുമാണ് ഏറ്റെടുക്കാനുള്ളതെന്നും അവ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതിയിലുൾപ്പെട്ട തമിഴ്നാട് ഷോളയാർ ഡാമിന്റെ സൈഡ് സ്പിൽവേയിൽക്കൂടിയുള്ള ജലത്തിന്റെ അവകാശം ഏത് സംസ്ഥാനത്തിനാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ജലം തമിഴ്നാട് അനധികൃതമായി കടത്തിക്കൊണ്ടു പോകുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ&ബി) പൂർണ്ണമായും കേരളത്തിന് തിരികെ ലഭ്യമായിട്ടില്ല; സ്ഥിരവും താല്ക്കാലികവുമായി ഉപയോഗിക്കുന്നതിനായി തമിഴ്നാട് ലൈസൻസ് നല്കിയിരുന്ന 2457.3466 ഹെക്ടർ ഭൂമിയിൽ ഇതുവരെ 2.1190 ഹെക്ടർ ഭൂമി കേരളത്തിന് തിരികെ ലഭിച്ചിട്ടുണ്ട്. പറമ്പിക്കുളം തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ പ്രദേശങ്ങളിൽ ആകെയുള്ള 165 ബിൽഡിങ്ങ് യൂണിറ്റുകളിൽ, 92 ബിൽഡിങ്ങ് യൂണിറ്റുകൾ (80 കെട്ടിടങ്ങൾ) ഇപ്പോഴും തമിഴ്നാടിന്റെ കൈവശമാണ്.

കേരള വനംവകുപ്പിന് കീഴിലുള്ള പറമ്പിക്കുളം കടുവ സങ്കേതത്തിൽ ഉൾപ്പെടുന്നതാണ് ഈ പ്രദേശം തമിഴ്നാട് കൈവശം വച്ചിരിക്കുന്ന കെട്ടിടങ്ങൾ, പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ജീവനക്കാരുടെ താമസത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും അത്യാവശ്യമാണെന്നാണ് അവരുടെ വാദം. പി.എ.പി. കരാറിലെ അനുബന്ധം II ഖണ്ഡിക 7 പ്രകാരം പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഭൂമിയും കെട്ടിടങ്ങളും കേരളത്തിന് കൈമാറണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ ആവശ്യം കേരളം നിരന്തരം ഉന്നയിച്ചുവരുന്നു.

19-1-2018-ന് നടന്ന ഇരുസംസ്ഥാനങ്ങളുടെയും സെക്രട്ടറിതല യോഗത്തിൽ, തമിഴ്നാടിന്റെ കൈവശമുള്ള കെട്ടിടങ്ങൾ കേരളത്തിന് കൈ മാറുന്നത് സർക്കാർ തലത്തിൽ ചർച്ച ചെയ്തതിനുശേഷം അറിയിക്കുന്നതാണെന്ന് തമിഴ്നാട് അഭിപ്രായപ്പെടുകയുണ്ടായി. 27-1-2018-ലെ പാലക്കാട് ജില്ലാ വികസന സമിതി യോഗത്തിൽ, ഉയർന്ന നിർദ്ദേശമനുസരിച്ച് വനം, റവന്യൂ, ഇറിഗേഷൻ എന്നീ 3 വകുപ്പുകളുടെ സംയുക്ത യോഗം സർക്കാർ തലത്തിൽ വിളിച്ച് ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിന് അവകാശപ്പെട്ടതാണ്.

(ഡി) തമിഴ്നാടുമായി കേരളം നടത്തുന്ന ചർച്ചകളിലും, സംയുക്ത ജലക്രമീകരണ സമിതി യോഗങ്ങളിലും ഇക്കാര്യം നിരന്തരം ആവശ്യപ്പെട്ടു വരികയാണ്. ഇനി വരുന്ന ചർച്ചകളിൽ ഈ വിഷയം കൂടുതൽ ശക്തമായി ഉന്നയിക്കാൻ കേരളം ഉദ്ദേശിക്കുന്നു.

## ഐ.ടി നയത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

16 (*316) <u>ശ്രീ. എസ്. ശർമ്മ:</u>
<u>ശ്രീ. റ്റി. വി. രാജേഷ്:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. ആർ. രാജേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര വിനിമയ സാങ്കേതികവിദ്യയുടെ വളർച്ച കൊണ്ടുണ്ടാകുന്ന നേട്ടം സംസ്ഥാനത്ത് എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് പ്രഖ്യാപിച്ച ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിൽ ഈ രംഗത്ത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതി കരാർ പ്രകാരമുള്ള സമയരേഖയനുസരിച്ച് പുരോഗമിക്കുന്നുണ്ടോ എന്ന് അവലോകനം നടത്തിയിരുന്നോ; വിശദാംശം അറിയിക്കാമോ;

(സി) കേരളത്തെ ഹാർഡ്‌വെയർ ഉല്പാദന കേന്ദ്രമാക്കാൻ ഉള്ള സാധ്യതയ്ക്ക് വഴിതെളിക്കാൻ സർക്കാർ നടത്തിവരുന്ന ഇടപെടൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) വിവര വിനിമയ സാങ്കേതിക വിദ്യയുടെ വളർച്ച കൊണ്ടുണ്ടാകുന്ന നേട്ടം സംസ്ഥാനത്ത് എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് പ്രഖ്യാപിച്ച ഐ.ടി നയത്തിന്റെ അടിസ്ഥാനത്തിൽ ഈ രംഗത്ത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ)

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്കൽ നെറ്റ് വർക്ക് (കെ-ഫോൺ). ഈ പദ്ധതി വഴി സംസ്ഥാനത്ത് 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും, മറ്റുള്ളവർക്ക് വളരെ കുറഞ്ഞ ചെലവിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സൗജന്യ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാവുന്നതും പ്രസ്തുത പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്.

പബ്ലിക് വൈ-ഫൈ.

ഇന്റർനെറ്റ് അധിഷ്ഠിത സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ആയാസ രഹിതവുമായി ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതിയാണ് പബ്ലിക് വൈ-ഫൈ പദ്ധതി. പൊതുസ്ഥലങ്ങളിൽ പബ്ലിക് വൈ-ഫൈ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 2000 കേന്ദ്രങ്ങളിൽ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പൊതുജനങ്ങൾക്ക് ദിവസവും 300 MB സൗജന്യ ഡാറ്റാ വൈ-ഫൈ വഴി ഉപയോഗിക്കാം. 300 MB-യ്ക്ക് മുകളിലും സർക്കാർ സേവനങ്ങൾ സൗജന്യമായി തന്നെ ഉപയോഗിക്കാവുന്നതാണ്.

എം.-കേരളം

സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു സ്മാർട്ട് ഫോണിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് എം. കേരളം മൊബൈൽ ആപ്പ്. സർക്കാർ സേവനങ്ങൾക്കുള്ള അപേക്ഷ ഫീസ് കൂടാതെ വെള്ളക്കരം, വൈദ്യുതി ബില്ല്, സർവ്വകലാശാല ഫീസ് മുതലായ പണമിടപാടുകളെല്ലാം ഓൺലൈനായി നടത്താം. നിലവിൽ നൂറോളം സർക്കാർ സർക്കാരിതര സേവനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ

നാഷണൽ ഇ-ഗേവണൻസ് പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ സേവനങ്ങളും പൊതുജനങ്ങൾക്കായി ഒരു പോർട്ടലിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2012-ൽ ആരംഭിച്ച പദ്ധതിയിൽ 58 വിവിധ സർക്കാർ സേവനങ്ങളാണ് തുടക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും 39 സേവനങ്ങൾ ഇപ്പോൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നിലവിലെ സർക്കാർ പോർട്ടലിന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## ഡിജിറ്റൽ എംപവർമെന്റ് കാമ്പയിൻ

ഡിജിറ്റൽ വിപ്ലവം ജനങ്ങൾക്ക് അനുഗുണമായ രീതിയിൽ രൂപപ്പെടുത്തുകയും സമൂഹത്തെയാകെ ഡിജിറ്റൽവൽക്കരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ഡിജിറ്റൽ ശാക്തീകരണ പ്രചരണം സംഘടിപ്പിക്കുന്നത്. അക്ഷയ, ലൈബ്രറി കൗൺസിൽ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ മുതലായവരുടെ സഹകരണത്തോടെ സാമ്പത്തിക സാക്ഷരതയടക്കം ഡിജിറ്റൽ അനുബന്ധ മേഖലകളിലെല്ലാം ജനങ്ങളെയും വ്യാപാരികളെയും അറിവും പ്രാവീണ്യവുമുള്ളവരാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

## യുവ സംരംഭകത്വ വികസന പദ്ധതി

സ്കൂൾതലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താല്പര്യം ജനിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതി മുതൽ മികച്ച സാങ്കേതിക ആശയവുമായി സമീപിക്കുന്ന സംരംഭകന് മികച്ച കമ്പനിയായി വികസിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നത് വരെയുള്ള ഘടകങ്ങൾ അടങ്ങിയതാണ് യുവ സംരംഭകത്വ വികസന പദ്ധതി.

## ടെക്നോളജി ഇന്നവേഷൻ സോൺ

എറണാകുളം കളമശ്ശേരിയിൽ 13.2 ഏക്കറിൽ പൂർണ്ണതോതിലുള്ള ഒരു ഇന്നവേഷൻ ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ മേൽനോട്ടത്തിലുള്ള ബയോടെക്നോളജി ഇൻക്യുബേറ്റർ, IIITM-K-യുടെ മേൽനോട്ടത്തിലുള്ള ഇലക്ട്രോണിക്സ് ഇൻക്യുബേറ്റർ, കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇങ്കുബേറ്റർ, ഫാബ് ലാബ് എന്നിവ നിലവിൽ പ്രസ്തുത സോണിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. സ്മാർട്ട്സിറ്റി പദ്ധതിയുടെ നിർമ്മാണ പൂർത്തീകരണം തിട്ടപ്പെടുത്തിയിരിക്കുന്നത് കേരള സർക്കാരും ടീക്കോം ദുബായിയും ഒപ്പുവച്ചിട്ടുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡെവലപ്പ്മെന്റ് പ്ലാൻ പ്രകാരമാണ്. പദ്ധതി എഗ്രിമെന്റ് പ്രകാരമുള്ള ക്ലോസിംഗ് തീയതി നിശ്ചയിച്ച ശേഷം പത്തുവർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡ് 21 ഫെബ്രുവരി 2018-ൽ യോഗം ചേരുകയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും, പുരോഗതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും തീരുമാനിക്കുകയുണ്ടായി. 6.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യത്തെ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 20-ൽപ്പരം ഐ.ടി. കമ്പനികളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 55 ലക്ഷം ചതുരശ്രയടി വിസ്താരമുള്ള ഐ.ടി. മന്ദിരങ്ങളുടെ നിർമ്മാണം, ഘട്ടംഘട്ടമായി 2021 ഓട്ടുകൂടി പൂർത്തീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്തെ വിവിധ ഏജൻസികൾ നടത്തിവരുന്ന ഇലക്ട്രോണിക്സും ഹാർഡ്‌വെയറും സംബന്ധിച്ച മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ട് ഒരു കുടക്കീഴിൽ നടത്തണമെന്ന ഉദ്ദേശ്യത്തോടുകൂടി കേരള സർക്കാർ ഹാർഡ്‌വെയർ മിഷൻ സ്ഥാപിക്കുകയുണ്ടായി. ഹാർഡ്‌വെയർ മിഷൻ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടത്തുവാനുദ്ദേശിക്കുന്നത്.

- ഇന്റലും യു.എസ്.ടി. ഗ്ലോബലുമായി ചേർന്ന് കേരള സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലാപ്ടോപ്പ്, സെർവർ നിർമ്മാണ യൂണിറ്റ് കേരളത്തിൽ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുക.

- വൈദ്യുതി വാഹനങ്ങളുടെ നിർമ്മാണവും പ്രവർത്തിപ്പിക്കലും സംബന്ധിച്ച് നയങ്ങൾ ഉണ്ടാക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനും മുൻകൈ എടുക്കുക.

- കേരളത്തിൽ പ്രവർത്തനം ആരംഭിക്കാൻ/വിപുലീകരിക്കാൻ ആഗ്രഹിക്കുന്ന കമ്പനികൾക്ക് വേണ്ട സഹായം ലഭ്യമാക്കുക.

- ഐ.ടി.ആർ.ഐ. തായ്‌വാനുമായി ചേർന്ന് എക്കോടി തുടങ്ങിയ ജലശുദ്ധീകരണ സാങ്കേതികവിദ്യകളിൽ പ്രാരംഭ പദ്ധതികൾ ആരംഭിക്കുക.

- അന്താരാഷ്ട്ര ഏജൻസികളുമായി ചേർന്ന് നവ സാങ്കേതികവിദ്യകളിൽ പ്രാരംഭ ഗവേഷണ പദ്ധതികൾ നടത്തുക.

## പ്രതിരോധ കുത്തിവയ്പിനെക്കുറിച്ച് ബോധവൽക്കരണം

17 (*317) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിരോധ കുത്തിവയ്പ് എടുക്കുന്നവരുടെ എണ്ണത്തിൽ കുറവ് വന്നതായി നീതി ആയോഗിന്റെ ആരോഗ്യസൂചികയിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(ബി) 2015-16-ലെ പ്രസ്തുത സൂചിക അനുസരിച്ച് എത്ര ശതമാനം കുറവാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) പ്രതിരോധ കുത്തിവയ്പുകൾക്കെതിരെ വ്യാപക പ്രചാരണം നടത്തുന്നത് ഇത്തരത്തിൽ കുറവ് വരുവാൻ കാരണമായിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) വാക്സിനേഷന്റെ ആവശ്യകതയെക്കുറിച്ച് എല്ലാ തലത്തിലും ബോധവൽക്കരണം നടത്തുന്നതിനും പ്രതിരോധ കുത്തിവയ്പിന്റെ കാര്യത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്തേക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിനും ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സൂചിപ്പിച്ചിട്ടുണ്ട്.

(ബി) 2015-16-ൽ 0.9 ശതമാനത്തിന്റെ കുറവുള്ളതായി റിപ്പോർട്ടിൽ കാണുന്നു.

(സി) വാക്സിനേഷനെതിരെ ചിലർ വ്യാപക പ്രചരണം നടത്തുന്നത് ചില സ്ഥലങ്ങളിൽ വാക്സിനേഷൻ എടുക്കുന്ന കുട്ടികളുടെ ശതമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ MR വാക്സിനേഷൻ മുന്നോടിയായി സമഗ്രമായ ബോധവത്കരണ പരിപാടി സംഘടിപ്പിക്കുകയും പ്രസ്തുത ദൗത്യം വൻ വിജയമാക്കാനും കഴിഞ്ഞിട്ടുണ്ട്. ബോധവത്കരണ പരിപാടികൾ തുടരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## വിജിലൻസ് സംവിധാനം

18 (*318) ശ്രീ. എം. സ്വരാജ്:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തിൽ വരുത്തേണ്ട എന്തൊക്കെ പരിഷ്കാരങ്ങളാണ് ഭരണ പരിഷ്കാര കമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്നത്;

(സി) അഴിമതിക്ക് കേസ്സുകളുടെ സ്വഭാവത്തിൽ വന്ന മാറ്റത്തിനനുസരിച്ച് അത്തരം കേസ്സുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ വിജിലൻസിൽ വരുത്തിയ നവീകരണ നടപടികൾ എന്തെല്ലാമാണ്;

(ഡി) മുൻകാലങ്ങളിൽ യാതൊരു തെളിവുമില്ലാതെ നിക്ഷിപ്ത താൽപര്യത്തോടെ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും തെളിവില്ല എന്ന കാരണത്താൽ കോടതിയിൽ അവസാനിപ്പിക്കുകയും ചെയ്തിരുന്നു എന്ന ആക്ഷേപം ഒഴിവാക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം (IAPS) ആരംഭിച്ചു.

2. ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ്സ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

3. വിജിലൻസിന്റെ കൈവശമുള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡി-സ്പേസ് (D-Space) എന്ന ആർക്കൈവ് സംവിധാനം ആരംഭിക്കുന്നുണ്ട്.

4. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിനുവേണ്ടി COB മെസ്സേജ് സംവിധാനം ആരംഭിക്കുന്നുണ്ട്.

5. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 16-12-2016-ലെ സ.ഉ.(എം.എസ്.)34/16/വിജി ഉത്തരവ് പ്രകാരം ബ്യൂറോയിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ചു. അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിന് 12 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും വാങ്ങിയിട്ടുണ്ട്. കൂടാതെ 60 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിജിലൻസ് അന്വേഷണങ്ങൾ/ കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ സമയബന്ധിതവും കൃത്യതയോടും ലഭ്യമാക്കുന്നതിനായി നിലവിലുള്ള വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

(ബി) നാലാമത് ഭരണ പരിഷ്കാര കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിൽ സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ രൂപീകരിക്കാൻ ശിപാർശ നൽകിയിട്ടുണ്ട്.

(സി) ആധുനിക കാലഘട്ടത്തിൽ സമൂഹം നേരിടുന്ന നൂതന കുറ്റകൃത്യങ്ങൾ കണക്കിലെടുത്ത് ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിനും കേസ്സ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ അന്വേഷണങ്ങൾ മുന്നോട്ടുകൊണ്ടുപോകുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്യാൻ ഉത്തരവിടുന്നതിന് മുമ്പ് വളരെ ജാഗ്രതയോടെ പരാതിയിന്മേൽ വിജിലൻസ് അന്വേഷണം/പ്രാഥമിക അന്വേഷണം/ സത്വരാന്വേഷണം/രഹസ്യാന്വേഷണം എന്നിവ നടത്തി അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾക്ക് അനുയോജ്യമായ കുറ്റകൃത്യങ്ങൾ നടന്നുവെന്ന് കണ്ടെത്തിയാൽ മാത്രമേ നിലവിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്തിവരാറുള്ളൂ.

## ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ

19 (*319) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാവിധി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുമായി ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തലങ്ങളിലാണ് ഇവ രൂപീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പൊതുവിതരണം സംബന്ധിച്ച് ജനങ്ങൾ നൽകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രസ്തുത സമിതികൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി.തിലോത്തമൻ): (എ&ബി) ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം 2001-നെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന/ജില്ല/താലൂക്ക്/പഞ്ചായത്ത് തലങ്ങളിൽ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന/ ജില്ല/ താലൂക്ക്/റേഷൻകടതല വിജിലൻസ് സമിതികൾ സംസ്ഥാന ഭക്ഷ്യ ഭദ്രതാനിയമം നിലവിൽ വന്നതിനുശേഷം ആരംഭിക്കുന്നതാണ്.

(സി) വിജിലൻസ് സമിതികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും ലഭിക്കുന്ന പരാതികളിൽ/നിർദ്ദേശങ്ങളിൽ ആവശ്യമായ തുടർ നടപടികൾ യഥാസമയം സ്വീകരിക്കുന്നതുമാണ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണമായ രീതിയിൽ നടപ്പിലാക്കുമ്പോൾ രൂപീകരിക്കപ്പെടുന്ന പുതിയ വിജിലൻസ് സമിതികളുടെ പ്രവർത്തനം നിയമം അനുശാസിക്കുന്ന തരത്തിൽ ആയിരിക്കുവാൻ എല്ലാ കരുതലുകളും സ്വീകരിക്കുന്നതാണ്.

**അന്ത്യോദയ അന്നയോജന പദ്ധതി ഗുണഭോക്താക്കൾ**

20 (*320) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ത്യോദയ അന്നയോജന (എ.എ.വൈ.) പദ്ധതിയിൽ ഉൾപ്പെടുന്ന വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ആരാണ് നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എ.എ.വൈ. വിഭാഗക്കാരെ കണ്ടെത്തുന്നതിന് സംസ്ഥാനം പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്താൻ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളും എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ അറിയിക്കുമോ;

(ഡി) എ.എ.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ വിഹിതത്തിന് അർഹതയുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി(ശ്രീ. പി. തിലോത്തമൻ): (എ&ബി)അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുന്ന വിഭാഗങ്ങളെ കണ്ടെത്തുന്നതിനായി ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ലെ വകുപ്പ് 10(a) പ്രകാരം കേന്ദ്രസർക്കാർ മാനദണ്ഡങ്ങളും വകുപ്പ് 10(b) പ്രകാരം മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. എ.എ.വൈ. വിഭാഗക്കാരെ കണ്ടെത്തുന്നതിന് സംസ്ഥാനം പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

(സി) നിലവിൽ ദേശീയ തലത്തിൽ 2.5 കോടി കുടുംബങ്ങൾ ഉൾപ്പെടുന്ന എ.എ.വൈ. പദ്ധതിയിൽ താഴെ പറയുന്ന മുൻഗണനാ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട് :

1. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യരോഗ ബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ.

2. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യരോഗ ബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ, ഏകയായ സ്ത്രീയോ പുരുഷനോ.

3. എല്ലാ പ്രാക്തന (പ്രാചീന) ഗ്രോത്ര വർഗ്ഗ കുടുംബങ്ങളും കൂടാതെ, കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വരുന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/2011/ ത.സ്വ.ഭ.വ., 27-4-2012-ലെ സ.(കൈ)നമ്പർ 112/2012/ ത.സ്വ.ഭ.വ., ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ 18-9-2017-ലെ സ.ഉ(സാധാ) നമ്പർ 320/17/ ഭ.പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 പ്രകാരം 595800 ഗുണഭോക്താക്കളാണ് എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്തിന് അനുവദനീയമായിട്ടുള്ളത്. 17757.49 മെ.ടൺ അരിയും 3095.475 മെ.ടൺ ഗോതമ്പുമുൾപ്പെടെ 20852.965 മെ.ടൺ ഭക്ഷ്യധാന്യം എ.എ.വൈ വിഭാഗത്തിനായി കേന്ദ്രത്തിൽ നിന്ന് പ്രതിമാസം അനുവദിക്കുന്നുണ്ട്.

## തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളെ സംരക്ഷിക്കുന്നതിന് പദ്ധതികൾ

21 (*321) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ നടക്കുന്ന സ്വദേശിവൽക്കരണം മലയാളികളുടെ ഗൾഫ് സ്വപ്നങ്ങൾക്ക് മങ്ങലേല്പിക്കുന്നു എന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളെ സംരക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രവാസികളുടെ തിരിച്ചുവരവ് കേരള സമൂഹത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്. ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശീവല്ക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഫലമായി പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. കൂടാതെ പുതിയ തൊഴിലവസരങ്ങളിൽ ഗണ്യമായ കുറവുണ്ടാകാനുള്ള സാദ്ധ്യതയും നിലനിൽക്കുന്നുണ്ട്.

(ബി) മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി 11-3-2013-ലെ ജി.ഒ.(ആർ.ടി.)നമ്പർ 75/2013/നോർക്ക നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈതാങ്ങൽ നല്കുന്ന പദ്ധതിയാണിത്.

(സി) ഗൾഫ് രാജ്യങ്ങളിലെ പ്രത്യേകിച്ച് സൗദി അറേബ്യയിലെ സ്വദേശി വൽക്കരണത്തിന്റെ ഫലമായി പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്നതായി വിവരം ലഭിക്കുന്നുണ്ട്. എന്നാൽ ഇതിന്റെ യഥാർത്ഥ കണക്ക് ലഭ്യമല്ല. താരതമ്യേന അവിദഗ്ദ്ധ തൊഴിലാളികൾക്കാണ് ഈ രീതിയിൽ തൊഴിൽ നഷ്ടപ്പെടുന്നത്. ഇത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ ആഘാതം ഉണ്ടാക്കുമെന്ന് കരുതുന്നു.

## മാനസികാരോഗ്യം മെച്ചപ്പെടുത്താൻ നടപടികൾ

22 (*322) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എൻ. എ ഖാദർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന ജീവിത നിലവാരവും ശാരീരികാരോഗ്യവും കൈവരിച്ചിട്ടുണ്ടെങ്കിലും മാനസികാരോഗ്യത്തിന്റെ കാര്യത്തിൽ കേരളീയർ പിന്തള്ളപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനസികാരോഗ്യകുറവിനാലും മാനസിക വൈകല്യങ്ങൾക്കടിമപ്പെട്ടും വിവിധ വിഭാഗം ജനങ്ങൾ ആത്മഹത്യയിലേക്ക് തിരിയുന്ന പ്രവണത ഒഴിവാക്കുന്നതിനായി കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാരിന്റെ സുസ്ഥിര വികസന പദ്ധതിയിൽ ആത്മഹത്യാ പ്രതിരോധം, വിഷാദരോഗ ചികിത്സ എന്നിവയെ പ്രധാന ലക്ഷ്യങ്ങളാക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 'ആശ്വാസം' പദ്ധതി 2017 ഏപ്രിൽ മുതൽ പ്രവർത്തിച്ചുവരുന്നു. പ്രാഥമികാരോഗ്യതലത്തിൽ തന്നെ വിഷാദരോഗം ബാധിച്ചവരെ കണ്ടെത്തുവാനും ചികിത്സ ലഭ്യമാക്കാനും കഴിയുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ, നഴ്സുമാർ, ഹെൽത്ത് വർക്കർമാർ എന്നിവർക്ക് ഇതിനുള്ള പരിശീലനം നൽകി കഴിഞ്ഞു. ഔഷധ ചികിത്സ വേണ്ടവർക്കുള്ള മരുന്നുകളും ജില്ലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ തന്നെ 'സമ്പൂർണ്ണ മാനസികാരോഗ്യപദ്ധതി' ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആശാവർക്കർമാർക്ക് മാനസികാരോഗ്യ പരിശീലനം നൽകുകയും, പഞ്ചായത്തിലെ എല്ലാ വീടുകളും സന്ദർശിച്ച് സ്ക്രീനിംഗ് നടത്തുകയും, വിഷാദരോഗം, ഉത്കണ്ഠരോഗം മറ്റ് മാനസിക രോഗങ്ങൾ, മദ്യപാനം, ആത്മഹത്യാ ചിന്തകൾ, ആത്മഹത്യാശ്രമം നടത്തിയിട്ടുള്ളവർ, മാനസിക പ്രശ്നമുള്ള കുട്ടികൾ മറവിരോഗം ബാധിച്ചവർ തുടങ്ങിയവരെ കുടുംബാരോഗ്യകേന്ദ്രത്തിൽ നടത്തുന്ന ക്യാമ്പുകളിലേക്ക് എത്തിച്ച് ചികിത്സയും, തുടർചികിത്സയും നൽകുന്നു.

ഇതിനുപുറമെ ജില്ലാ മാനസികാരോഗ്യ പരിപാടി വഴി സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ മാനസികാരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഔഷധങ്ങളും കൗൺസിലിംഗും സൗജന്യമായിത്തന്നെ ലഭ്യമാക്കി വരുന്നു.

## വയോജന കമ്മീഷൻ രൂപീകരണം

23 (*323) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വയോജന സംരക്ഷണത്തിന് ദേശീയ പുരസ്കാരം നേടിയിട്ടുള്ള സാഹചര്യത്തിൽ, വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ജീവിത സായാഹ്നത്തിലെ വരുമാനമില്ലായ്മയോ കുറഞ്ഞ വരുമാനമോമൂലം ശിഷ്ടജീവിതം ദുരിതപൂർണ്ണമാകുന്നത് ഒഴിവാക്കാൻ സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വയോജനങ്ങൾക്ക് എതിരെയുള്ള ശാരീരിക മാനസിക അതിക്രമങ്ങൾ തടയുന്നതിനും വൃദ്ധ സദനങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിനും വയോജന സംരക്ഷണത്തിനുള്ള നിയമപരമായ ബാധ്യത നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനുമായി വയോജന കമ്മീഷൻ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) വയോജനക്ഷേമത്തിനായി ഈ സർക്കാർ താഴെപ്പറയും വിധം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(i) സായംപ്രഭ ഹോം പദ്ധതി:

നിലവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് "സായംപ്രഭ ഹോം" ആയി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയാണ് സായംപ്രഭ ഹോം പദ്ധതി. ആദ്യ ഘട്ടത്തിൽ 70 പകൽ പരിപാലന കേന്ദ്രങ്ങളെയാണ് പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ii) മന്ദഹാസം പദ്ധതി:

പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സംസ്ഥാനത്തെ വയോജനങ്ങൾക്ക് പൂർണ്ണ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ച് കൊടുക്കുന്ന പദ്ധതിയാണ് മന്ദഹാസം പദ്ധതി. ആദ്യഘട്ടത്തിൽ 1500 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(iii) വയോ അമൃതം പദ്ധതി :

സംസ്ഥാനത്തെ 16 വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവ്വേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി. 16 വൃദ്ധസദനങ്ങളിലെ 800-ൽപ്പരം അന്തേവാസികൾക്ക് പദ്ധതി പ്രയോജനം ലഭിക്കുന്നു.

(iv) മൾട്ടി സ്പെഷ്യൽ ഡേ കെയർ സെന്റർ:

വയോജനങ്ങൾക്കായി ഒരു മാതൃകാ സായംപ്രഭ ഹോം സ്ഥാപിക്കുന്ന പദ്ധതിയാണിത്. പദ്ധതി ഉടൻ പൂർത്തിയാക്കുന്നതാണ്.

(v) വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത്:

മുതിർന്ന പൗരന്മാരുടെ അവശതകൾ പരിഹരിക്കുക, അവരുടെ ആരോഗ്യ പരിപാലനം, വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തുകളെ വയോ സൗഹൃദമാക്കുന്നതിനായി തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത്.

(vi) രാഷ്ട്രീയ വയോശ്രീ യോജന:

ബി.പി.എൽ. കുടുംബങ്ങളിലുള്ള മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങളായ ശ്രവണ സഹായി, വീൽചെയർ, വാക്കിംഗ് സ്റ്റിക്, കണ്ണടകൾ തുടങ്ങിയവ പൂർണ്ണമായും സൗജന്യമായി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്.

(ബി) ജീവിത സായാഹ്നത്തിലെ വരുമാനമില്ലായ്മയോ കുറഞ്ഞ വരുമാനമോമൂലം ശിഷ്ട ജീവിതം ദുരിത പൂർണ്ണമാകുന്നത് ഒഴിവാക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനുകീഴിൽ 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഞ്ചായത്തുതലത്തിൽ തെരഞ്ഞെടുത്ത 70 പകൽ പരിപാലന കേന്ദ്രങ്ങളെ അപ്ഗ്രേഡ് ചെയ്ത് സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ

തുടർന്നുവരുന്നു. കൂടാതെ സർക്കാർ ആശുപത്രികളിലെ കിടപ്പ് രോഗികളിൽ അസുഖം ഭേദമായി തിരികെ പോകുന്നതിന് വീടോ ബന്ധുക്കളോ ഇല്ലാത്ത വയോജനങ്ങളെ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ സർക്കാർ വൃദ്ധ സദനങ്ങളിലോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള മറ്റ് സ്വകാര്യ വൃദ്ധ സദനങ്ങളിലോ മാറ്റുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) വയോജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ വയോജന കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ സമയബന്ധിതമായി യോഗം ചേർന്ന് വയോജനക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച കേന്ദ്രനിയമം 2007, ആയതിന്റെ അനുബന്ധമായുള്ള സംസ്ഥാന ചട്ടങ്ങൾ എന്നിവ സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കും വിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രിബ്യൂണലുകളും, ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രിബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. വയോജനങ്ങളെ സംരക്ഷിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ട. ജസ്റ്റിസ് രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായുള്ള മൂന്നംഗ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് മക്കളിൽ നിന്നും സമൂഹത്തിൽ നിന്നും നേരിടുന്ന പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരം കാണുന്നതിന് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടുകൂടിയ വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഷുഹൈബിന്റെ വധത്തിൽ സി.ബി.ഐ. അന്വേഷണം

24 (*324) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മട്ടന്നൂർ ബ്ലോക്ക് കോൺഗ്രസ് പ്രവർത്തകനായിരുന്ന ഷുഹൈബിന്റെ കൊലപാതകം സംബന്ധിച്ച് കേരള ഹൈക്കോടതി സർക്കാരിനെ വിമർശിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നു;

(ബി) ഈ കേസ്സിൽ സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഏജൻസി ഈ കേസ്സ് അന്വേഷിച്ചാൽ ചില ഉന്നതർ കേസ്സിൽ ഉൾപ്പെടുമെന്നതിനാലാണോ സി.ബി.ഐ. അന്വേഷണം ആവശ്യമില്ലെന്ന നിലപാട് സർക്കാർ സ്വീകരിച്ചത് എന്നറിയിക്കുമോ?

മുഖ്യമന്ത്രി(ശ്രീ. പിണറായി വിജയൻ): (എ) ഉത്തരമേഖലാ ഐ.ജി.-യുടെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണസംഘത്തെ നിയോഗിക്കുകയും കേസ്സിൽ പ്രതികളെ അറസ്റ്റ് ചെയ്യുകയും, കുറ്റകൃത്യത്തിന് ഉപയോഗിച്ച വാഹനവും ആയുധവും കണ്ടെത്തുകയും, മജിസ്ട്രേറ്റിന് മുമ്പാകെ തിരിച്ചറിയൽ പരേഡ് അടക്കം നടത്തുകയും ചെയ്ത സാഹചര്യത്തിൽ സി.ബി.ഐ. അന്വേഷണം ഈ ഘട്ടത്തിൽ ആവശ്യമില്ലെന്നാണ് കോടതിയെ അറിയിച്ചത്.

(ബി) ഉണ്ട്.

(സി) അല്ല. ഈ കേസ്സിൽ പ്രതികളുടെ പങ്ക് മാത്രമാണ് ഇതുവരെയുള്ള പോലീസിന്റെ അന്വേഷണത്തിൽ നിന്ന് വെളിപ്പെട്ടിട്ടുള്ളത്. പ്രാദേശികമായി എടയന്നൂരിൽ നടന്ന സി.പി.ഐ.(എം)-കോൺഗ്രസ് സംഘട്ടനത്തിന്റെ തുടർച്ചയായ രാഷ്ട്രീയ വിരോധമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നാണ് അന്വേഷണത്തിൽ വ്യക്തമായത്.

**ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

25 (*325) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മർദ്ദന സംവിധാനത്തിലൂടെ ക്രമസമാധാനം ഉറപ്പുവരുത്തുകയെന്ന പഴയ രീതിയിൽ നിന്ന് വ്യത്യസ്തമായി അതാത് പ്രദേശത്തെ ജനങ്ങളുടെ പങ്കാളിത്തത്തോടെ സമാധാനം ഉറപ്പാക്കാനായി ആവിഷ്കരിച്ച ജനമൈത്രി പോലീസ് സംവിധാനം വിഭാവനം ചെയ്ത രീതിയിൽ പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടുണ്ടോ;

(ബി) ജനമൈത്രി പോലീസ് സംവിധാനം എല്ലാ സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ബീറ്റ് ഓഫീസർമാർക്ക് പരിശീലനം സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) പോലീസ് സ്റ്റേഷനുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള പരിമിതികൾ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തി അതിലൂടെ പൊതുജനങ്ങളുടെ തദ്ദേശീയമായ പ്രശ്നങ്ങളിൽ സമയോചിതമായ ഇടപെടലിനും അതിന്റെ ഫലമായി നിയമ-ക്രമസമാധാന ലംഘനങ്ങൾ, കുറ്റകൃത്യങ്ങൾ എന്നിവ മുൻകൂട്ടി തടയുന്നതിലും ജനമൈത്രി പോലീസ് സംവിധാനം വളരെ അധികം ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇത് ക്രമസമാധാനപാലനത്തിനും കേസ്സന്വേഷണത്തിനും സമൂഹത്തിന്റെ സുരക്ഷയ്ക്കുമായി ഉപയോഗപ്പെടുത്തിയും ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ്. ജനമൈത്രി പോലീസിംഗിന്റെ ഭാഗമായി മുഴുവൻ വീടുകളും സന്ദർശിക്കുന്നതിനുള്ള പദ്ധതിയും വീടുകളിൽ താമസിക്കുന്ന ജനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിലൂടെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വേണ്ടിയുള്ള പരിശീലനം ബീറ്റ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(സി) 2018-19 സാമ്പത്തികവർഷത്തിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി മാത്രം 14.4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പരിമിതികൾ പരിഹരിക്കുന്നതിനും സ്റ്റേഷനുകളിൽ ആവശ്യാനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സ്റ്റേറ്റ് പ്ലാൻ, MoPF തുടങ്ങിയ വിഹിതം വിനിയോഗിച്ച് അടിയന്തരമായി അറ്റകുറ്റപ്പണി/നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

## പരാതി പരിഹാരത്തിനായി പ്രത്യേക വകുപ്പ് രൂപീകരണം

26 (*326) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകമെമ്പാടുമുള്ള ജനാധിപത്യ ഭരണ സംവിധാനങ്ങളിൽ പൗരന്മാരുടെ പരാതി പരിഹാരത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള മാറ്റം സംജാതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൗരന്മാരുടെ പരാതി പരിഹാരത്തിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഭരണപരിഷ്കാര നടപടികൾക്ക് തയ്യാറാകുമോ;

(ഡി) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ ഉൾപ്പെടെ വിവിധ വകുപ്പുകളിലുള്ള പരാതി പരിഹാര സംവിധാനങ്ങളെ സമന്വയിപ്പിച്ച് പരാതി പരിഹാരത്തിനായി മാത്രം ഒരു വകുപ്പ് രൂപീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്.

(ബി) പൗരന്മാർ സമർപ്പിക്കുന്ന പരാതികൾ പരിശോധിച്ച് തീർപ്പാക്കാനായി വിപുലമായ സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളത്. ഓൺലൈനായും തപാലിലും ലഭിക്കുന്ന പരാതികളും ജനങ്ങൾ നേരിട്ടെത്തി സമർപ്പിക്കുന്ന പരാതികളും പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്കോ ഓഫീസുകൾക്കോ കൈമാറി തീർപ്പുകൽപ്പിക്കാൻ നിർദ്ദേശിക്കുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. പ്രാധാന്യമർഹിക്കുന്നതും സജീവ ഇടപെടൽ ആവശ്യമുള്ളതുമായ പരാതികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശത്തോടെയാണ് വിവിധ ഓഫീസുകൾക്കും വകുപ്പുകൾക്കും കൈമാറുന്നത്. സമയപരിധി നിശ്ചയിച്ച് റിപ്പോർട്ട് തേടുന്ന പരാതികളിൽ റിപ്പോർട്ട് ലഭിച്ചാലുടൻ സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിവരുന്നു. പരാതികൾ തീർപ്പാക്കുന്ന കാര്യത്തിൽ അതീവ മുൻഗണന നൽകണമെന്ന് എല്ലാ അധികാരികളോടും മുഖ്യമന്ത്രി

നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാരുമായുള്ള വീഡിയോ കോൺഫറൻസുകളിൽ പരാതി പരിഹാരത്തിന് പ്രാധാന്യം നൽകണമെന്ന് മുഖ്യമന്ത്രി പ്രത്യേകമായി നിർദ്ദേശിക്കാറുണ്ട്. എല്ലാ വകുപ്പുകളും പരാതി പരിഹാര സംവിധാനത്തിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. ജില്ലാ കളക്ടർമാർ കാലാകാലങ്ങളിൽ ജനസമ്പർക്ക പരിപാടി നടത്തുകയും ലഭിക്കുന്ന പരാതികളിൽ ഏറെക്കുറെയും തീർപ്പുകൽപ്പിക്കുകയും ചെയ്യുന്നു.

ഓൺലൈനായി ലഭിക്കുന്ന പരാതികൾ നടപടിക്ക് നിർദ്ദേശിച്ചുകൊണ്ട് ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും നടപടി സ്വീകരിച്ച് പരാതിക്കാരന് മറുപടി നൽകാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികളെല്ലാം cmo.kerala.gov.in എന്ന വെബ്പോർട്ടൽ വഴിയാണ് കൈകാര്യം ചെയ്യുന്നത്. പൗരന്മാർ നൽകുന്ന പരാതികൾ സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്ത് ഓൺലൈനിലാക്കി ഒരേസമയം തന്നെ വിവിധ ഓഫീസുകളിലേക്ക് കൈമാറുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ പരാതിപരിഹാര പോർട്ടലിൽ നിന്നും കേരള സർക്കാരിന് ലഭ്യമാക്കുന്ന പരാതികളും ഇതേ സംവിധാനത്തിലാണ് പരിഹാരത്തിനായി അയച്ചുനൽകുന്നത്. പൗരന്മാർ ബഹുമാനപ്പെട്ട കേരളാ ഗവർണർക്ക് സമർപ്പിക്കുന്ന പരാതികളും ബഹുമാനപ്പെട്ട ഗവർണറുടെ ഓഫീസിൽ നിന്നും ലഭ്യമാകുമ്പോൾ ഇതേ വെബ്പോർട്ടൽ സംവിധാനത്തിലൂടെ പരിഹാരത്തിനായി കൈമാറുന്നു. പരാതികളിന്മേൽ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അതാത് ഓഫീസുകൾ തന്നെ വെബ്പോർട്ടലിൽ ഉൾപ്പെടുത്തുന്നുണ്ട്. സർക്കാരിന് ലഭിക്കുന്ന പരാതികളിൽ പൊതുസ്വഭാവമുള്ളവ ക്രോഡീകരിച്ച് പൊതുവായ പരിഹാരം കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക എന്ന വലിയ ദൗത്യവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. പരാതികളിൽ നിന്നും ഉരുത്തിരിയുന്ന വിഷയങ്ങൾ വിശകലനം ചെയ്ത് വ്യക്തിപരമായ പരിഹാരത്തിനുപരിയായി പൊതുനന്മ ലക്ഷ്യമിട്ട് അർത്ഥവത്തായ നടപടികൾ സ്വീകരിക്കുകയാണ് ഈ നടപടിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) സർക്കാർ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ എല്ലാ വകുപ്പുകളും നടപടി സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകളും പെയ്മെന്റുകളും ഓൺലൈനായി സ്വീകരിച്ചും സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കിയും ഇ-ഗവേണൻസ് ശക്തിപ്പെടുത്തിയും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് എല്ലാ വകുപ്പുകളും മുന്നോട്ടു പോവുകയാണ്. ആധാരമെഴുത്തും രജിസ്ട്രേഷനും ഉൾപ്പെടെയുള്ള

സുപ്രധാന മേഖലകൾപോലും ഓൺലൈനായി സേവനം നൽകി വരുന്നുണ്ട്. റവന്യൂ വകുപ്പ്, പോലീസ് വകുപ്പ്, ഗതാഗത വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കിത്തുടങ്ങിയതോടെ ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സമയനഷ്ടവും കാലതാമസവും ഒഴിവായിട്ടുണ്ട്. ഓൺലൈൻ സംവിധാനങ്ങളിലൂടെ ഭരണനിർവ്വഹണം കാര്യക്ഷമവും അഴിമതിരഹിതവുമാക്കാൻ കഴിയുന്നു. ഈ വർഷം മുതൽ ട്രഷറി സേവനങ്ങളും പൂർണ്ണമായും ഓൺലൈൻ ആവുകയാണ്.

ഭരണപരിഷ്കാര നടപടികളുടെ ഭാഗമായി കൂടുതൽ മേഖലകളിൽ ഇ-ഗവേണൻസ് ശക്തിപ്പെടുത്തുകയും ഓൺലൈൻ സേവനങ്ങൾ വ്യാപിപ്പിക്കുകയാണ് സർക്കാർ ചെയ്യുന്നത്.

(ഡി) നിലവിൽ ഇത്തരത്തിലുള്ള ശിപാർശ പരിഗണനയിൽ ഇല്ല.

**നെല്ലിന്റെയും അരിയുടെയും ഗുണനിലവാരം സംബന്ധിച്ച മാനദണ്ഡങ്ങൾ**

27 (*327) ശ്രീ. കെ. രാജൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സീസണിലെ നെല്ല് സംഭരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നെല്ലിന്റെയും അരിയുടെയും ഗുണനിലവാരം സംബന്ധിച്ച് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) നെല്ലിന്റെ ഗുണനിലവാരം കുറഞ്ഞതിനെത്തുടർന്ന് നെല്ല് സംഭരണത്തിൽ തടസ്സം നേരിട്ടിരുന്നോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) കൃഷി വകുപ്പിലെ എത്ര ഉദ്യോഗസ്ഥർ നെല്ല് സംഭരണ പ്രക്രിയയുമായി ബന്ധപ്പെട്ട് സപ്ലൈകോയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ ശൃംഖലയിൽ വിതരണം ചെയ്യുന്നതിന് മുന്നോടിയായി ഗുണനിലവാരം പരിശോധിക്കുന്നുണ്ടോ; എങ്കിൽ എവിടെ വെച്ചാണെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) 2017-18 സീസണിൽ 6-3-2018-വരെ സംസ്ഥാനത്ത് 17,99,97,060 കിലോ ഗ്രാം നെല്ല് സംഭരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | അളവ് (കിലോ ഗ്രാം) |
|---|---|---|
| 1 | തിരുവനന്തപുരം | 3,28,442.00 |
| 2 | കൊല്ലം | 58,142.00 |
| 3 | പത്തനംതിട്ട | 50,806.00 |
| 4 | ആലപ്പുഴ | 5,33,46,844.00 |
| 5 | കോട്ടയം | 2,56,84,936.00 |
| 6 | ഇടുക്കി | 23,349.00 |
| 7 | എറണാകുളം | 14,13,964.00 |
| 8 | തൃശ്ശൂർ | 1,86,30,816.00 |
| 9 | പാലക്കാട് | 7,14,41,306.00 |
| 10 | മലപ്പുറം | 49,18,461.00 |
| 11 | വയനാട് | 38,53,914.00 |
| 12 | കണ്ണൂർ | 61,831.00 |
| 13 | കാസർഗോഡ് | 1,84,249.00 |
| | ആകെ | 17,99,97,060.00 |

(ബി) നെല്ലിന്റെയും അരിയുടെയും ഗുണനിലവാരം സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു. *

(സി) നെല്ലിന്റെ ഗുണനിലവാരം കുറഞ്ഞതിനെത്തുടർന്ന് നെല്ല് സംഭരണത്തിന് ചില സ്ഥലങ്ങളിൽ തടസ്സം നേരിട്ടിരുന്നു. ആയത് മില്ലുടമകളും, കർഷക പ്രതിനിധികളുമായി സർക്കാർ തലത്തിൽ ചർച്ച നടത്തി പരിഹരിച്ചിട്ടുണ്ട്.

(ഡി) കൃഷി വകുപ്പിലെ 16 ഉദ്യോഗസ്ഥർ നെല്ല് സംഭരണ പ്രക്രിയയുമായി ബന്ധപ്പെട്ട് സപ്ലൈകോയിൽ പ്രവർത്തിക്കുന്നു.

(ഇ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ഗുണനിലവാര മാനദണ്ഡങ്ങൾക്കനുസരിച്ച് മില്ലിൽവച്ച് അരിയുടെ ഗുണനിലവാരം പരിശോധിക്കുന്നു. കൂടാതെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (FCI)-യിൽ നിന്നുള്ള ഉദ്യോഗസ്ഥർ റാൻഡം ബേസിസിലും (Random basis) പരിശോധനകൾ നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ നടപടി

28 (*328) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒമ്പത് ജില്ലകളിൽ മലേറിയ കണ്ടെത്തിയെന്നതും കോഴിക്കോട് ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ മന്ത് രോഗം വ്യാപകമാകുന്നുവെന്നതും ഉള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗം പകരാനുള്ള സാഹചര്യം ഒഴിവാക്കാനും അത് മുൻകൂട്ടി കണ്ടെത്തി പ്രതിരോധിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പാളിയത് കൊണ്ടാണ് ഇത്തരം രോഗങ്ങൾ വീണ്ടും ഉണ്ടാകുന്നതെന്നത് പരിഗണിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമുള്ള ഐ.ഡി.എസ്.പി. (സംയോജിത രോഗ നിരീക്ഷണ പരിപാടി) എൻ.വി.ബി.ഡി.സി.പി. (ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടി) എന്നിവ വഴി മലമ്പനി, മന്ത് ഉൾപ്പെടെയുള്ള പകർച്ച വ്യാധികൾ മുൻകൂട്ടി കണ്ടുപിടിക്കുവാനും, ചികിത്സിക്കുവാനും പ്രതിരോധിക്കുവാനുമുള്ള സംവിധാനമുണ്ട്. ഈ സംവിധാനത്തിലൂടെയാണ് തദ്ദേശീയരേയും ഇതര സംസ്ഥാനത്തുനിന്നും കേരളത്തിൽ എത്തുന്നവരേയും നിരീക്ഷിച്ച് കാലേക്കൂട്ടിയുള്ള രോഗനിർണ്ണയം നടത്തി ചികിത്സിച്ച് ഭേദമാക്കുന്നത്. ഇതര സംസ്ഥാനത്തുനിന്നും ധാരാളംപേർ കേരളത്തിൽ എത്തുന്നതിനാൽ അവരിലൂടെയുള്ള രോഗവ്യാപനം തടയുന്നതിന് മൊബൈൽ ഇമിഗ്രന്റ് സ്ക്രീനിംഗ് ടീം ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ വിവിധ ജില്ലകളിൽ രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കൊതുക് നിരീക്ഷണം, കൊതുക് നിയന്ത്രണം, ബോധവൽക്കരണം തുടങ്ങിയ കാര്യങ്ങൾ ഈ വർഷത്തെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടിയുടെ (ആരോഗ്യ ജാഗ്രത) ഭാഗമായും നടത്തിവരുന്നുണ്ട്.

കോഴിക്കോട് ഇതരസംസ്ഥാന തൊഴിലാളികളിൽ മന്ത് രോഗാണുക്കളെ കണ്ടെത്തിയ സ്ഥലങ്ങളിൽ സോണൽ എന്റമോളജി യൂണിറ്റിന്റേയും ജില്ലാവെക്ടർ കൺട്രോൾ യൂണിറ്റിന്റെയും നേതൃത്വത്തിൽ കൊതുക് നിരീക്ഷണവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളും നടത്തി. തദ്ദേശീയർക്ക് മന്ത് രോഗം പകരാനുള്ള സാധ്യത നിലവിലില്ല എന്നാണ് ജില്ലാതല സർവ്വേ സൂചിപ്പിക്കുന്നത്.

## സെക്രട്ടേറിയറ്റിൽ ഫയലുകളുടെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി

29 (*329) ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെക്രട്ടേറിയറ്റിൽ ഭരണവകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ;

(ബി) സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് വഴിയും ഫിസിക്കൽ ആയും രൂപംകൊള്ളുന്ന ഫയലുകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതിനുശേഷം തപാൽ നമ്പർ ഇടുന്ന ഫയലുകൾക്ക് വകുപ്പുകൾ വീണ്ടും നമ്പർ ഇടുന്ന സംവിധാനം അവസാനിപ്പിക്കാമോ; ഈ നമ്പറിൽ എം.എൽ.എ.-മാർക്കും സെർച്ച് ചെയ്ത് കണ്ടുപിടിക്കുന്നതിന് അവസരമൊരുക്കുമോ എന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഫയലുകളിൽ തീരുമാനം എടുക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് കീഴ്കാര്യാലയങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കേണ്ടിവരുമ്പോഴാണ്. അത്തരം സാഹചര്യങ്ങളിൽ റിപ്പോർട്ട് വേഗം ലഭ്യമാക്കുന്നതിന് ഫാക്സ്, ഇ-മെയിൽ, ടെലിഫോൺ തുടങ്ങിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വരുന്നു. വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഫയൽ അദാലത്തുകൾ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കിവരുന്നു. കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമുണ്ടാകാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്നുമാസത്തിൽ ഒരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ E-office സംവിധാനത്തിലൂടെ ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കിവരുന്നു. ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽനീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

(സി) ഒരു വകുപ്പിലെ തപാൽ സെക്ഷനിൽ ഒരു പുതിയ തപാൽ വരുമ്പോൾ നൽകുന്നതാണ് തപാൽ നമ്പർ. ഇത് ഓരോ സെക്ഷനുകളിൽ എത്തുമ്പോൾ പുതിയ തപാൽ നമ്പർ നൽകുന്നില്ല. മറിച്ച് പുതിയ ഫയലുകളാക്കി മാറ്റുമ്പോൾ പുതിയ ഫയൽ നമ്പർ നൽകുന്നു. ഈ രണ്ട് നമ്പറും തികച്ചും വ്യത്യസ്തമാണ്. എന്നാൽ ഈ രണ്ടുനമ്പർ ഉപയോഗിച്ചും ഇ-ഓഫീസിലൂടെയും സിറ്റിസൺ ഇന്റർഫേസിലൂടെയും ഫയലിന്റെ തൽസ്ഥിതി വിവരം അറിയുവാൻ സാധിക്കും. സിറ്റിസൺ ഇന്റർഫേസ് http://eoffice.kerala.gov.in എന്ന URL മുഖാന്തരം ID, Password എന്നിവയില്ലാതെ തന്നെ ഇന്റർനെറ്റിലൂടെ ഫയൽ നീക്കം സംബന്ധിച്ച വിവരം ലഭ്യമാകുന്നതാണ്. നിയമവകുപ്പിൽ തപാൽ നമ്പർ വച്ചാണ് മുഴുവൻ ഫയലുകളിലും നടപടികൾ സ്വീകരിക്കുന്നത്. പ്രസ്തുത നമ്പർ വച്ചാണ് ഫയൽ സെർച്ച് ചെയ്യുന്നത്.

## മുല്ലപ്പെരിയാർ വിഷയത്തിൽ പ്രശ്നപരിഹാരം

30 (*330) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളവും തമിഴ്നാടും സമവായത്തിലെത്തിയാൽ മുല്ലപ്പെരിയാറിൽ പുതിയ ഡാമാകാം എന്ന സുപ്രീംകോടതി വിധിയെ തുടർന്ന് ഇക്കാര്യത്തിൽ സമവായം ഉണ്ടാക്കാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന നിയമസഭ 2014-ൽ ഏകകണ്ഠമായി ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജനങ്ങളുടെ ജീവനും സ്വത്തിനും ഉള്ള ഭീഷണി കണക്കിലെടുത്ത് ഭരണഘടനയുടെ അനുഛേദം 143 പ്രകാരമുള്ള അധികാരം പ്രയോഗിച്ചുകൊണ്ട് രാഷ്ട്രപതി ഈ വിഷയം സുപ്രീംകോടതിയ്ക്ക് റഫർ ചെയ്യണമെന്ന ആവശ്യത്തിൽ എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) രാജ്യത്തെ ഐ.ഐ.ടി.-കൾ നടത്തിയ പഠന റിപ്പോർട്ട് യുക്തിരഹിതമായി തള്ളിയ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ദ്ധ സംഘത്തെ ഉപയോഗിച്ച് പഠനം നടത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; ഡാമിന്റെ സുരക്ഷ സംബന്ധിച്ച പഠനം നടത്തുന്നത് സുപ്രീംകോടതി വിലക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാനം ഇതിനായി അന്താരാഷ്ട്ര വിദഗ്ദ്ധ സമിതിയെ നിയമിക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ക്രിയാത്മകമായ ഇടപെടലുകളൊന്നും ഉണ്ടായിട്ടില്ല.

(ബി) സുപ്രീംകോടതിയിൽ കേരളത്തിന്റെ കേസ്സ് നടത്തുന്ന അഭിഭാഷകരിൽ നിന്നും ലഭിച്ച നിയമോപദേശത്തിൽ, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെപ്പറ്റിയുള്ള 2006-ലേയും 2014-ലേയും സുപ്രീംകോടതി വിധികളിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതിനാൽ, രാഷ്ട്രപതി 143-ാം അനുച്ഛേദം അനുസരിച്ച് സുപ്രീംകോടതിയിലേയ്ക്ക് റഫർ ചെയ്യുന്നതിനുള്ള സാദ്ധ്യത വിരളമാണെന്നും, ഇനി റഫർ ചെയ്താൽ തന്നേയും സുപ്രീം കോടതി ഇത് പരിഗണനാർഹമല്ലെന്ന് പറഞ്ഞ് തിരിച്ചയയ്ക്കുകയോ അല്ലെങ്കിൽ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് അന്തിമമായ തീർപ്പ് കൽപിച്ചതിനാൽ വീണ്ടും പരിഗണിക്കുന്നത് 'res judiciate'എന്ന നിയമതത്വ പ്രകാരം വിലക്കുള്ളതായി കണ്ടെത്തുകയോ ചെയ്യുവാനാണ് സാദ്ധ്യതയെന്നും അറിയിക്കുകയുണ്ടായി. കൂടാതെ അണക്കെട്ടിന്റെ സുരക്ഷയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും പ്രസ്തുത വിധികളിൽ പരിഗണിച്ചതിനാൽ പുതിയതായി ഒരു സുരക്ഷാപ്രശ്നം ചൂണ്ടിക്കാണിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 143-ാം അനുച്ഛേദം അനുസരിച്ചുള്ള രാഷ്ട്രപതിയുടെ റഫറൻസിനുള്ള സാദ്ധ്യതയില്ലായെന്നാണ് നിയമവിദഗ്ദ്ധർ നൽകിയ ഉപദേശം. പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിച്ചിട്ടില്ല.

(സി) അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ദ്ധ സംഘത്തെ ഉപയോഗിച്ച് പഠനം നടത്തുന്നതിന് മുല്ലപ്പെരിയാർ അണക്കെട്ടിൽ സുരക്ഷ വിലയിരുത്തുന്നതിനായി വിവിധങ്ങളായ പരിശോധനകൾ നടത്തേണ്ടതുണ്ട്. നിലവിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിയന്ത്രണം തമിഴ്നാട് സർക്കാരിനായതിനാൽ അവരുടെ സമ്മതമില്ലാതെ പരിശോധനകൾ നടത്താൻ സാധിക്കുകയില്ല. അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ദ്ധ സംഘത്തെ ഉപയോഗിച്ച് പഠനം നടത്തുന്നത് സംബന്ധിച്ച സാദ്ധ്യതകൾ ആരാഞ്ഞുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അഴിമതി കേസ്സുകളിൽ നടപടി

1(3123) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഴിമതി കേസ്സുകളിൽ എത്ര സർക്കാർ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 150 സർക്കാർ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

### ലോക കേരളസഭ

2 (3124) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭ യോഗം ചേർന്ന ഹാളിലെ സീറ്റിംഗ് ക്രമീകരണങ്ങൾക്ക് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; ഈയിനത്തിൽ പ്രസ്തുത ഏജൻസിക്ക് എന്ത് തുക നൽകി;ടെൻഡർ വിളിച്ചാണോ പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തിയത്; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ലോക കേരളസഭയിൽ പങ്കെടുത്ത എത്ര പ്രതിനിധികൾക്ക് വിമാന ടിക്കറ്റ് അനുവദിച്ച് നൽകി; അതിനായി എന്ത് തുക ചെലവഴിച്ചു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഏതൊക്കെ ഹോട്ടലുകളിലാണ് അംഗങ്ങൾക്ക് താമസസൗകര്യം ഒരുക്കിയത്; പ്രസ്തുത താമസസൗകര്യം, ഭക്ഷണം, യാത്രാ ചെലവ് എന്നീ ഇനങ്ങളിൽ എന്ത് തുക ചെലവഴിച്ചു;

(ഡി) ലോക കേരളസഭയിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ലോക കേരളസഭ യോഗം ചേർന്ന ഹാളിലെ സീറ്റിംഗ് ക്രമീകരണങ്ങൾക്ക് മൈത്രി അഡ്വർടൈസിംഗ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയത്. ബില്ലുകളുടെ അന്തിമ സെറ്റിൽമെന്റ് നടത്തിയിട്ടില്ലാത്തതിനാൽ ചെലവായ ആകെ തുക സംബന്ധിച്ച വിവരം ലഭ്യമല്ല. ലോക കേരളസഭ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ രൂപീകരിച്ച എംപവേർഡ് കമ്മിറ്റിയുടെ തീരുമാന പ്രകാരം വിനോദസഞ്ചാര വകുപ്പിന്റെ എംപാനൽഡ് ഏജൻസിയായ മൈത്രി അഡ്വർടൈസിംഗ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡിനെയാണ് ചുമതല ഏൽപ്പിച്ചത്. അതിനാൽ ടെണ്ടർ നടപടികൾ ഉണ്ടായിട്ടില്ല.

(ബി) ലോക കേരളസഭയിൽ പങ്കെടുത്ത 65 പ്രതിനിധികൾക്ക് തിരുവനന്തപുരത്തേയ്ക്കും തിരിച്ചുമുള്ള വിമാനയാത്രാ ടിക്കറ്റുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ബില്ലുകളുടെ അന്തിമ സെറ്റിൽമെന്റ് പൂർത്തിയായിട്ടില്ല.

(സി) താജ് വിവാന്ത, ഹിൽട്ടൺ, അപ്പോളോ ഡിമോറ, ഹൈസിന്ത്, എസ്.പി. ഗ്രാന്റ് ഡെയ്സ് എന്നീ ഹോട്ടലുകളിലാണ് പ്രതിനിധികൾക്ക് താമസ സൗകര്യം ഒരുക്കിയിരുന്നത്. ചെലവുകൾ സംബന്ധിച്ച ബില്ലുകളുടെ അന്തിമ സെറ്റിൽമെന്റ് പൂർത്തിയായിട്ടില്ല.

(ഡി) ലോക കേരള സഭയുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ലോക കേരളസഭ സെക്രട്ടേറിയറ്റ് സംവിധാനം ഒരുക്കുന്നതിന് ആലോചനയുണ്ട്.

## കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി അന്തിമ ഉത്തരവ്

3 (3125) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മാണത്തിനായി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതിക്കായി വളപട്ടണം ഗ്രാമപഞ്ചായത്തിൽ നിന്നും അയച്ച

8-8-2017-ലെ A3/1010/17 (ശ്രീമതി. സാഹിദ-യുടെ അപേക്ഷ), 8-8-2017 -ലെ A3/1011/17 (ശ്രീമതി. ആയിഷാ ബി-യുടെ അപേക്ഷ) എന്നീ നമ്പർ കത്തുകളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇനിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) എന്നത്തേയ്ക്ക് അന്തിമ ഉത്തരവ് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) കേരള തീരദേശ പരിപാലന അതോറിറ്റിയിൽ 2017 മേയ് മാസം വരെ ലഭ്യമായ അപേക്ഷകളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച രണ്ട് അപേക്ഷകളും 14-8-2017-നാണ് കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിച്ചത്. അപേക്ഷകൾ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്ന മുൻഗണനാ ക്രമത്തിലാണ് തീർപ്പാക്കിവരുന്നത്.

**മാതൃഭാഷയുടെ പ്രയോഗവും വികസനവും**

4(T3126) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>
<u>ശ്രീ. എം. മുകേഷ്</u>
<u>ശ്രീ. പി. ഉണ്ണി</u>
<u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പ്രദേശത്തിന്റെ തനതു സംസ്കാരം പരിപോഷിപ്പിക്കുന്നതിന് മാതൃഭാഷയുടെ പ്രയോഗവും വികസനവും അനിവാര്യമായതിനാൽ ആയതിന് വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ പാസാക്കിയ നിയമമനുസരിച്ച് ഏതു പാഠ്യപദ്ധതി പ്രകാരം അധ്യയനം നടത്തിയാലും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധമായും പഠിപ്പിച്ചിരിക്കണമെന്ന നിർദ്ദേശം എത്രമാത്രം പ്രാവർത്തികമായിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രീപ്രൈമറി സൗകര്യം വർദ്ധിച്ചതോടെ, അംഗൻവാടികളിൽ കുട്ടികൾ കുറയുന്നുവെന്ന കാരണത്താൽ, ഇംഗ്ലീഷ് പഠനം അനിവാര്യമായ എൽ.കെ.ജി.-യും യു.കെ.ജി.-യും

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അങ്കണവാടികളിൽ ആരംഭിക്കാൻ നിർബന്ധിതമാക്കിയ നടപടി തിരുത്താൻ വിപുലമായ ബോധവൽക്കരണ പ്രചരണം സംഘടിപ്പിക്കുമോ ;

(സി) ഔദ്യോഗിക രംഗത്ത് മാതൃഭാഷ പ്രയോഗം എത്ര മാത്രം പുരോഗതി പ്രാപിക്കുന്നുണ്ടെന്ന് വിലയിരുത്താറുണ്ടോ; ഭാഷാമൗലിക വാദത്തിന് പകരം ഭാഷയെ സർഗ്ഗാത്മകമായി പരിപോഷിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഭാഷയും സംസ്കാരവും പരിപോഷിപ്പിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ സാംസ്കാരിക വകുപ്പിന് കീഴിൽ കേരള സാഹിത്യ അക്കാദമിപോലെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. മലയാള ഭാഷയെയും കേരള സംസ്കാരത്തെയും നിലനിർത്താനും പരിപോഷിപ്പിക്കാനും വേണ്ടി സാംസ്കാരിക സ്ഥാപനങ്ങൾ ഭാഷാരംഗത്തെ ഗവേഷണം, സാഹിത്യ പരിപോഷണം, സാംസ്കാരിക മണ്ഡലങ്ങളിലെ സെമിനാറുകൾ എന്നിങ്ങനെ പല രീതിയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. മാതൃഭാഷാ പ്രയോഗത്തിനും വികസനത്തിനുമായി കേരള സാംസ്കാര ചരിത്ര നിഘണ്ടു ഉൾപ്പെടെ പാഠപുസ്തകങ്ങളും റഫറൻസ് പുസ്തകങ്ങളും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു വരുന്നു. ലോകമെമ്പാടുമുള്ള മലയാളികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനും അവസരം ഒരുക്കിക്കൊണ്ട് സാംസ്കാരിക വകുപ്പിന് കീഴിൽ മലയാളം മിഷൻ എന്ന ഒരു സ്വയംഭരണ സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. സർട്ടിഫിക്കറ്റ് കോഴ്സ് (കണിക്കൊന്ന), ഡിപ്ലോമ കോഴ്സ് (സൂര്യകാന്തി), ഹയർ ഡിപ്ലോമ കോഴ്സ് (ആമ്പൽ), സീനിയർ ഹയർ ഡിപ്ലോമ കോഴ്സ് (നീലക്കുറിഞ്ഞി) എന്നിങ്ങനെയുള്ള നാല് കോഴ്സുകളാണ് മലയാളം മിഷൻ പാഠ്യ പദ്ധതിയിലുള്ളത്. മലയാളം മിഷനുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പാഠപുസ്തകങ്ങളും മലയാളം മിഷൻ വെബ്സൈറ്റിൽ (www.mm.kerala.gov.in) ലഭ്യമാണ്. മലയാളം മിഷൻ പ്രസിദ്ധീകരിക്കുന്ന പൂക്കാലം വെബ് മാസിക (www.pookalam.keral.gov.in) കുട്ടികൾക്കും അദ്ധ്യാപകർക്കും രസകരവും വിജ്ഞാനപ്രദവുമായ വിഭവങ്ങൾകൊണ്ട് സമ്പന്നമാണ്.

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധിത ഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 2017-ലെ മലയാള ഭാഷാ പഠന ആക്ട് 2017 ഏപ്രിൽ 10-ന് നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലും (സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. തുടങ്ങിയ ബോർഡുകളുടെ സിലബസ് പഠിപ്പിക്കുന്ന സ്കൂളുകൾ

ഉൾപ്പെടെ) ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള ക്ലാസ്സുകളിൽ ക്രമാനുഗതമായി 2017-18 അദ്ധ്യയനവർഷം മുതൽ മലയാളം ഒരു ഭാഷയായി പഠിപ്പിക്കണമെന്നാണ് ഈ നിയമം വിഭാവന ചെയ്യുന്നത്. ഇപ്രകാരമുള്ള മലയാള പഠനത്തിനായി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പാഠപുസ്തകമാണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ വിലക്കുകൾ ഏർപ്പെടുത്തുന്നതിനെയും നിയമം പ്രതിരോധിക്കുന്നുണ്ട്. ഭാഷാന്യൂനപക്ഷങ്ങൾക്ക് മാത്രമുള്ള സ്കൂളുകളിലും ഓറിയന്റൽ സ്കൂളുകളിലും മലയാള ഭാഷാ പഠനത്തിനുള്ള വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിൽ മലയാളം സംസാരിക്കുന്നത് വിലക്കുകയോ മറ്റേതെങ്കിലും ഭാഷ സംസാരിക്കാൻ നിർദ്ദേശം നൽകുകയോ ചെയ്താൽ സ്കൂളുകളിലെ പ്രഥമാദ്ധ്യാപകന് പിഴ ശിക്ഷ ചുമത്താനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. കുട്ടികൾക്ക് മലയാള ഭാഷാ പഠനത്തോട് ആഭിമുഖ്യം വളർത്തുന്നതിനും ഭാഷാ പഠനത്തിന് ഏറെ സഹായകമാകുന്നതിനുമായി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ 'നമ്മുടെ മലയാളം' എന്ന പാഠപുസ്തകം മലയാള ഭാഷാ പഠനത്തിനായി ഭാഷാ ന്യൂനപക്ഷ മേഖലയിലെ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

അങ്കണവാടികളിൽ എൽ.കെ.ജി.-യും യു.കെ.ജി.-യും ആരംഭിക്കുന്നതിന് സർക്കാർ തലത്തിൽ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി) ഉണ്ട്. സംസ്ഥാനത്തിന്റെ ഭരണഭാഷ മാതൃഭാഷയായ മലയാളത്തിൽ ആയിരിക്കണമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി ആറ് മാസത്തിലൊരിക്കലും, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഔദ്യോഗിക ഭാഷാ സമിതി നാല് മാസത്തിലൊരിക്കലും യോഗം ചേർന്ന് ഭാഷാമാറ്റപുരോഗതി വിലയിരുത്തുകയും തുടർ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാതലത്തിലുള്ള ഭാഷാമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഏകോപന സമിതികൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നുണ്ട്. ഇവ കൂടാതെ വകുപ്പിലെ ജില്ലാതല മേധാവി അദ്ധ്യക്ഷനായ ഔദ്യോഗിക ഭാഷ സംബന്ധിച്ച ജില്ലാതല സമിതി രണ്ട് മാസത്തിലൊരിക്കലും വകുപ്പുതല മേധാവി അദ്ധ്യക്ഷനായ വകുപ്പുതല ഏകോപനസമിതി, വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ വകുപ്പുതല സമിതി എന്നിവ മൂന്ന് മാസത്തിലൊരിക്കലും യോഗം ചേർന്ന്

ഭാഷാമാറ്റം അവലോകനം ചെയ്യാറുണ്ട്. ഈ സമിതികൾ സർക്കാരിന്റെ ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിവിധ തലത്തിൽ പരിശോധിക്കുകയും ഭാഷാമാറ്റ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ, ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനായി വകുപ്പുതലത്തിൽ പരിശോധനകളും നടത്തിവരുന്നുണ്ട്.

ഭാഷാമൗലികവാദ സമീപനം ഇല്ലാതെ ഭാഷാ വൈവിദ്ധ്യങ്ങളെ സ്വീകരിക്കുകയും ഭാഷാ ന്യൂനപക്ഷങ്ങളുടെയും തൊഴിൽ തേടി വരുന്നവരുടെയും ഭാഷകളെ സാഹോദര്യ ഭാവേന കാണുകയും ചെയ്യാനുള്ള ശ്രമങ്ങളാണ് കേരളത്തിലുള്ളത്. നമ്മുടെ നാടിന്റെ ഭാഷയും സംസ്കാരവും നാട്ടിൽനിന്ന് അകന്നു കഴിയേണ്ടിവരുന്നവർക്ക് പകർന്നുനൽകുന്ന സർഗ്ഗാത്മക പ്രവർത്തനമാണ് മലയാളം മിഷൻ നടത്തുന്നത്. ഇതിനുപുറമെ കേരളത്തിലെ തമിഴ്, കന്നഡ, ഭാഷാന്യൂനപക്ഷ പ്രദേശങ്ങളെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ പ്രാദേശിക ആഫീസുകളുമായുള്ള അവരുടെ കത്തിടപാടുകളിൽ അവരുടെ ഭാഷകൾ ഉപയോഗിക്കുന്നതിനും അങ്ങനെയുള്ള സംഗതികളിൽ അയയ്ക്കുന്ന മറുപടികൾ അവരവരുടെ ന്യൂനപക്ഷ ഭാഷകളിൽ തന്നെയായിരിക്കേണ്ടതുമാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഭരണരംഗത്ത് ഏഴ് സാഹചര്യങ്ങളിൽ കത്തിടപാടുകൾക്ക് ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാമെന്ന് 13-01-2015-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഭാഷാ മൗലിക വാദത്തിന് ഒരു തരത്തിലും സാദ്ധ്യതയുണ്ടാകാത്ത വിധത്തിലാണ് മലയാള ഭാഷാ വ്യാപനത്തിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്.

## പുന്നപ്ര-വയലാർ സമരസേനാനികളുടെ പെൻഷൻ

5 (3127) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര-വയലാർ സമരസേനാനികളെ സ്വാതന്ത്ര്യ സമര സേനാനികളായി കണക്കാക്കി അവർക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോ; എന്ത് തുകയാണ് നിലവിൽ പെൻഷനായി അനുവദിക്കുന്നത്;

(ബി) പെൻഷൻ ആനുകൂല്യം ലഭിച്ചിരുന്ന പുന്നപ്ര വയലാർ സമരസേനാനികൾ മരണമടഞ്ഞാൽ കുടുംബ പെൻഷൻ പ്രായപൂർത്തിയായ അവരുടെ ആൺമക്കൾക്ക് ലഭിക്കുന്നതിന് അർഹതയുണ്ടോ;

(സി) നിലവിൽ ആർക്കെങ്കിലും ഇപ്രകാരം പെൻഷൻ നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക കേസായി പരിഗണിച്ച് പുന്നപ്ര-വയലാർ സമരസേനാനികളുടെ പ്രായപൂർത്തിയായ ഏതെങ്കിലും ആൺമക്കൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കാണ് അനുവദിച്ചതെന്നും അതിനുള്ള കാരണമെന്തെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 6,750 രൂപയാണ് ഇപ്പോഴത്തെ അടിസ്ഥാന പെൻഷൻ തുക. ക്ഷാമബത്തയടക്കം നിലവിൽ ഇത് 11,000 രൂപയാണ്.

(ബി) ഉണ്ട്. പെൻഷൻ ആനുകൂല്യം ലഭിച്ചിരുന്ന മരണമടഞ്ഞ സ്വാതന്ത്ര്യ സമര സേനാനികളുടെ 75 ശതമാനത്തിന് മുകളിൽ ശാരീരിക/മാനസിക വൈകല്യമുള്ള ആൺ മക്കൾക്കുകൂടി തുടർപെൻഷന് അർഹതയുള്ളവരുടെ പട്ടികയിലുൾപ്പെടുത്തി 2-5-2012-ലെ ജി.ഒ.(പി)നമ്പർ 92/12/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(സി) ഏറ്റവും അർഹതപ്പെട്ട വിഭാഗത്തിൽ ("Most deserving case") ഉൾപ്പെടുത്തി 75 ശതമാനത്തിനുമുകളിൽ ശാരീരിക/മാനസിക വൈകല്യമുള്ള താഴെപ്പറയുന്ന വ്യക്തികൾക്ക് തുടർപെൻഷൻ അനുവദിച്ചിട്ടുണ്ട്.

ശ്രീ. സുഗുണൻ, നാഗനേഴത്ത്, തണ്ണീർമുക്കം, ചേർത്തല

ശ്രീ. ഇ. നവാസ്, കുറ്റിക്കൽ വീട്, പുറക്കാട്.

ശ്രീ. വി. ആർ. സതീശൻ, വൈശ്യം പറമ്പിൽ, പാതിരപ്പള്ളി, ആലപ്പുഴ

ശ്രീ. രാജീവ് കുമാർ, കറ്റുവീട്ടിൽ ചിറ, കണിച്ചുകുളങ്ങര, ചേർത്തല.

ശ്രീ. സി. കെ. ഷാജി, ചിറയിൽവീട്, തിരുമലഭാഗം. പി.ഒ, തുറവൂർ,ചേർത്തല.

ശ്രീ. പി. കെ. തങ്കപ്പൻ, പനയ്ക്കൽ വെളിയിൽ വീട്, കണിച്ചുകുളങ്ങര. പി.ഒ. മായിത്തറ, ചേർത്തല.

ശ്രീ. റോഷൻ ചെറിയാൻ, മുക്കാട്ടുതറ, കൈനകരി, ആലപ്പുഴ

(ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-9-2017-ലെ സ.ഉ. (കൈ)നമ്പർ 209/17/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ശ്രീ. പി. കെ. തങ്കപ്പൻ പനയ്ക്കൽ വെളിയിൽ വീട്, കണിച്ചുകുളങ്ങര പി.ഒ. മായിത്തറ, ചേർത്തല എന്നയാൾക്ക് ടിയാന്റെ മകൻ വെറും കൂലിപ്പണിക്കാരനാണെന്ന തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസ്സ്സെന്ന നിലയ്ക്ക് കേരള സ്വാതന്ത്ര്യസമര സേനാനി പെൻഷൻ അനുവദിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്**

6(3128) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതിയിൽ, വിവിധ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെ ബാദ്ധ്യത കൂടി ഉൾപ്പെടുത്തുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ച് ഉത്തവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്**

7 (3129) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടിലേക്ക് ഏതെല്ലാം വിഭാഗക്കാർക്കാണ് അപേക്ഷിക്കുവാൻ കഴിയുകയെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

മുഖ്യമന്ത്രിയുടെ ജനസാന്ത്വനം പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഉത്തരവ് ഇറങ്ങുന്ന മുറയ്ക്ക് അപേക്ഷിക്കാനുള്ള യോഗ്യത സംബന്ധിച്ചും അപേക്ഷ സമർപ്പിക്കുമ്പോൾ നൽകേണ്ടുന്ന രേഖകൾ സംബന്ധിച്ചും നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## പി.എസ്.സി. നിയമനം

8(3130) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിലേറിയ ശേഷം ഓരോ വകുപ്പുകൾ വഴിയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം 31-1-2018 വരെ പി.എസ്.സി. വഴി 64,982 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## ഡ്രൈവർ തസ്തികയിലെ നിയമനം

9(3131) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 016/2014 പ്രകാരം നിലവിൽ വന്ന ഡ്രൈവർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ലിസ്റ്റിൽ നിന്നും അഡ്വൈസ് ലഭിച്ചിട്ട് ആറ് മാസം കഴിഞ്ഞിട്ടും നിയമനം ലഭിക്കാത്തതിന്റെ കാരണം അറിയിക്കുമോ;

(സി) നിലവിൽ ഈ ലിസ്റ്റുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കിയിട്ടും നിയമന നടപടികൾ ആരംഭിക്കാത്തതിന്റെ കാരണമറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) നിയമനശിപാർശാ നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

10 (3132) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 130/12) ലിസ്റ്റ് നിലവിൽ വന്ന തീയതി എന്നാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്ന തസ്തിക കേരളത്തിലെ ഏതൊക്കെ ഡിപ്പാർട്ട്മെന്റിലാണ്/കമ്മീഷനുകളിലാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലും എത്ര പേർ താൽക്കാലിക കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; ഏതൊക്കെ ഡിപ്പാർട്ട്മെന്റിലാണ് ഈ താൽക്കാലികക്കാർ ജോലി ചെയ്യുന്നത്;

(ഡി) കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവ് (ജില്ലതിരിച്ച്) സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുമോ; എന്നത്തേക്ക് റിപ്പോർട്ട് ചെയ്യും എന്ന് അറിയിക്കാമോ; നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി ആളുകളെ നിയമിക്കുമോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ 26-5-2016-നും മലപ്പുറം ജില്ലയിൽ 23-05-2016-നും റാങ്ക് പട്ടിക നിലവിൽവന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേനയും കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി.(വിവിധം), എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് 13-12-2017-ലെ ഉ.പ.സി. 3/428/17/ഉ.ഭ.പ.വ. സർക്കുലർ മുഖേനയും, ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖാന്തരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ 20-12-2017-ലെ ഉപസി3/141/17/ഉഭപവ സർക്കുലർ മുഖേനയും, നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ 7-2-2018-ലെ ഉപസി3/536/17/ഉഭപവ സർക്കുലർ മുഖേനയും എല്ലാ വകുപ്പുമേധാവികൾക്കും നിയമന അധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കുന്ന എല്ലാ ഒഴിവിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽനിന്നുതന്നെ പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

## കുമാരി കെ. ടി. ലക്ഷ്മിക്ക് ആശ്രിത നിയമനം നൽകുന്നതിന് നടപടി

11 (3133) <u>ശ്രീ. ബി. ഡി. ദേവസ്സി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ നോർത്ത് പറവൂരിൽ ജോയിന്റ് ആർ.ടി.ഒ ആയി സർവ്വീസിലിരിക്കെ മരണമടഞ്ഞ കെ. എസ്. തോമസിന്റെ മകൾ കുമാരി കെ. ടി. ലക്ഷ്മിയ്ക്ക്, അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന കാലതാമസംമൂലം ആശ്രിത നിയമനം നൽകാതെ അപേക്ഷ നിരസിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തികമായ വിഷമാവസ്ഥമൂലം ബി.ഡി.എസ്. പഠനം ഇടയ്ക്കുവച്ച് നിർത്തേണ്ടി വന്നതിനാൽ പ്ലസ് ടു വരെ മാത്രം പഠനയോഗ്യതയുള്ള കുമാരി ലക്ഷ്മിയ്ക്ക് ആശ്രിതനിയമന അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കി, നിയമനം നൽകുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സർവ്വീസിലിരിക്കെ മരണമടഞ്ഞ നോർത്ത് പറവൂർ ജോയിന്റ് ആർ.ടി.ഒ. ശ്രീ. കെ. എസ്. തോമസിന്റെ മകൾ കുമാരി ലക്ഷ്മി കെ. ടി, ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചത് നിശ്ചിത സമയപരിധിയേക്കാളും മൂന്ന് വർഷത്തിലധികം കാലതാമസം വരുത്തിയായിരുന്നു. നിലവിലെ വ്യവസ്ഥകൾ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്നറിയിച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാരുടെ സ്വന്തം വാഹനങ്ങളിൽ ഔദ്യോഗിക ബോർഡ്

12 (3134) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സ്വന്തം വാഹനങ്ങളിൽ തസ്തിക പ്രദർശിപ്പിക്കുന്ന തരത്തിൽ ഔദ്യോഗിക ബോർഡ് വയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) ഏത് വിഭാഗം/തസ്തികയിലുള്ള ജീവനക്കാർക്കാണ് ഇത്തരത്തിൽ ബോർഡ് പ്രദർശിപ്പിക്കുവാൻ അനുമതി ഉള്ളത്; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വി.ഐ.പി. സംസ്കാരം ഒഴിവാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്ന കാലഘട്ടത്തിൽ ഇത്തരത്തിൽ സ്വകാര്യവാഹനങ്ങളിൽ ബോർഡ് പതിപ്പിച്ച് പൊതുനിരത്തിൽ ഉപയോഗിക്കുന്നത് നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് സ്വന്തം വാഹനങ്ങളിൽ ഔദ്യോഗിക പദവി പ്രദർശിപ്പിക്കാൻ അനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഔദ്യോഗിക പദവി സൂചിപ്പിക്കുന്ന ബോർഡുകൾ, ചിഹ്നങ്ങൾ എന്നിവയുടെ ഉപയോഗം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. അനുവദനീയമല്ലാതെ ബോർഡുകൾ പ്രദർശിപ്പിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സെക്രട്ടേറിയറ്റിലെ പഞ്ചിംഗ് സമ്പ്രദായം

13 (3135) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ജീവനക്കാർക്ക് പഞ്ചിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) പഞ്ചിംഗ് നിർബന്ധമാക്കിയതിനുശേഷം ജീവനക്കാരുടെ ഹാജർ നില ഉയർന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പഞ്ചിംഗ് നിർബന്ധമാക്കിയശേഷം സെക്രട്ടേറിയറ്റിലെ ഫയൽ നീക്കത്തിൽ വർദ്ധന വന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(ഇ) പഞ്ചിംഗ് നിർബന്ധമാക്കിയതുപോലെ ഫയലുകളിൽ അടിയന്തരമായി തീർപ്പുകൽപ്പിക്കുവാനും ഏതെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജീവനക്കാർ ഓഫീസിൽ ഹാജരാകുമ്പോഴും ഓഫീസ് വിടുമ്പോഴും കർശനമായും ബയോമെട്രിക് സംവിധാനം വഴി ഹാജർ രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി അത്യാധുനിക ബയോമെട്രിക് പഞ്ചിംഗ് മെഷീനുകൾ സ്ഥാപിക്കുകയും അറ്റൻഡൻസ് സംവിധാനം നിരീക്ഷിക്കുന്നതിന് അറ്റൻഡൻസ് മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സംവിധാനം ശമ്പളവിതരണ സോഫ്റ്റ്‌വെയറായ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 1-1-2018 മുതൽ സെക്രട്ടേറിയറ്റിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം കർശനമാക്കിയതിനുശേഷം ഹാജർ നിലയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് പരിശോധന നടത്തിവരുന്നു.

(ഇ) വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഫയൽ അദാലത്തുകൾ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കി വരുന്നു. കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമുണ്ടാക്കാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്ന് മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയായ E-office സംവിധാനത്തിലൂടെ വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു. ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽ നീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

**സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ തസ്തിക**

14 (3136) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ജീവനക്കാരുടെ തസ്തികകളിൽ അംഗീകൃത തസ്തികകളേക്കാൾ (Sanctioned post) അധികരിച്ചുള്ള എത്ര തസ്തികകൾ ഉണ്ട്; വിശദവിവരം നൽകുമോ;

(ബി) അണ്ടർ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി തുടങ്ങിയ തസ്തികകളുടെ

അംഗീകൃത തസ്തികകൾ (Sanctioned post)എത്ര; നിലവിൽ ഓരോ തസ്തികയിലും ജോലിചെയ്തുവരുന്ന ജീവനക്കാരുടെ എണ്ണം എത്ര; വിശദവിവരം നൽകുമോ;

(സി) അംഗീകൃത തസ്തികകളേക്കാൾ അധികരിച്ച് ഉള്ളവയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് എപ്രകാരമാണ് ശമ്പളം നൽകാൻ കഴിയുന്നതെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ ജീവനക്കാരുടെ തസ്തികകളിൽ അംഗീകൃത തസ്തികകളേക്കാൾ (Sanctioned Post) അധികരിച്ചുള്ള തസ്തികകൾ ഇല്ല. സെക്രട്ടേറിയറ്റിലെ വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥർ വിവിധ സെക്രട്ടേറിയറ്റിതര വകുപ്പുകളിലും മറ്റ് സ്ഥാപനങ്ങളിലും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിലും അന്യത്രസേവന വ്യവസ്ഥയിലും സേവനമനുഷ്ഠിക്കുന്നുണ്ട്.

(ബി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) (എ) പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## അർഹമായ ആനുകൂല്യം കേന്ദ്രത്തിൽനിന്നും നേടിയെടുക്കുന്നതിനുള്ള നടപടികൾ

15 (3137) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനത്തിന് അർഹമായ ആനുകൂല്യം കേന്ദ്രത്തിൽ നിന്നും നേടിയെടുക്കുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2018-19 -ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് അർഹമായ ആനുകൂല്യം നേടിയെടുക്കുന്നതിന് സർക്കാർ തലത്തിൽ കേന്ദ്ര ധനകാര്യ മന്ത്രിക്ക് സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. 2018-19-ൽ പൊതുവിപണിയിൽ നിന്നും കടമെടുക്കാവുന്ന പരിധി ജി.എസ്.ഡി.പി. യുടെ 3.5 ശതമാനമായി അനുവദിക്കുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കേന്ദ്ര നികുതി വിഹിതം എല്ലാ മാസത്തിന്റെയും തുടക്കത്തിൽ നൽകുക, ജി.എസ്.ടി.യുടെ നഷ്ടപരിഹാരം മാസത്തവണയായി അനുവദിക്കുക.

3. മുൻകാലങ്ങളിൽ കേന്ദ്ര നികുതി വിഹിതം നൽകിയതിലുണ്ടായ കുറവ് നികത്തുക.

4. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കുറഞ്ഞ കേന്ദ്ര വിഹിതം 75 ശതമാനമാക്കി ഉയർത്തുകയും കേന്ദ്ര വിഹിതം വിനിയോഗ സർട്ടിഫിക്കറ്റ് കൂടാതെതന്നെ രണ്ടോ മൂന്നോ തവണകളായി അനുവദിക്കുകയും ചെയ്യുക.

5. പ്രകൃതിക്ഷോഭങ്ങളെ നേരിടുന്നതിലേയ്ക്കായി സംസ്ഥാനത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുക.

6. സാമൂഹ്യ സുരക്ഷാ/ക്ഷേമ പെൻഷനുകൾ ഏറ്റവും കുറഞ്ഞത് 1000 രൂപയായി ഉയർത്തുക.

7. 50 രൂപ കേന്ദ്ര സഹായത്തോടുകൂടി റബ്ബറിന്റെ താങ്ങുവില കിലോഗ്രാമിന് 200 രൂപയാക്കി ഉയർത്തുക.

8. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY)-യുടെ കീഴിലുള്ള കുടുംബ വാർഷിക ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ 30,000 രൂപയിൽനിന്നും 1,00,000 രൂപയായി വർദ്ധിപ്പിക്കുക.

9. കണ്ണൂരിൽ അന്തർദ്ദേശീയ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

10. സി.എൻ.ജി.-യിൽ പ്രവർത്തിക്കുന്ന ഒരു യൂറിയ പ്ലാന്റ് കേരളത്തിന് അനുവദിക്കുക.

11. കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ സ്ഥാപിക്കുക.

12. കേരളം ഫൈബർ ഓപ്റ്റിക്കൽ നെറ്റ്‌വർക്ക് ഫണ്ട് നീക്കിവയ്ക്കുക.

13. കേരളത്തിൽ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് തുടങ്ങുക.

14. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ആരോഗ്യനിധി പദ്ധതിയിൽ തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്റർകൂടി ഉൾപ്പെടുത്തുക.

15. അങ്കമാലി-ശബരി റെയിൽ പ്രോജക്ടിന് ആവശ്യമായ ഫണ്ട് വകയിരുത്തുക

16. തിരുവനന്തപുരം-കാസർഗോഡ് കോറിഡോർ പ്രോജക്ടിന് അനുമതി നൽകുകയും മതിയായ ഫണ്ട് വകയിരുത്തുകയും ചെയ്യുക.

17. തലശ്ശേരി-മൈസൂർ റെയിൽപാത നിർമ്മാണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ഇക്വിറ്റി വിഹിതം അനുവദിക്കുക.

18. തിരുവനന്തപുരം-ഉത്തുക്കുടി റോഡ് കം റെയിൽവേ കണക്ടിവിറ്റി സാദ്ധ്യതാ പഠനത്തിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും അനുമതി നൽകുകയും മതിയായ ഫണ്ട് വകയിരുത്തുകയും ചെയ്യുക.

19. പശ്ചിമതീര കനാൽ നീട്ടുന്നത് സംബന്ധിച്ച പദ്ധതി പ്രഖ്യാപിക്കുക.

## സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

16 (3138) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നവകേരള മിഷന്റെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഓരോ മിഷന്റെയും പ്രവർത്തന പുരോഗതി പ്രത്യേകം വിശദമാക്കാമോ;

(സി) മിഷനിൽ ഉൾപ്പെട്ട ലൈഫ് ഭവന പദ്ധതിയുടെ കീഴിൽ 2017-18 കാലയളവിൽ എത്ര പേർക്ക് ഭവനങ്ങൾ അനുവദിച്ചു; ജില്ല തിരിച്ച് വിശദമാക്കാമോ;

(ഡി) ഹരിത കേരള മിഷൻ മുഖേന ഓരോ ജില്ലയിലും നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ജില്ലാതല പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

17 (3140) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാതല പദ്ധതികളുടെ കരട് പൂർത്തിയായോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കാൻ ഓരോ ജില്ലയിലും ആവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര വർഷത്തിനകമാണ് ഈ പദ്ധതി പൂർത്തീകരിക്കുക എന്ന് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലയിലെ കരട് പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതികൾ പൂർത്തീകരിക്കാൻ എത്ര തുക വേണ്ടിവരുമെന്നും ഇത് എവിടെ നിന്ന് കണ്ടെത്തുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലയുടെ സംയോജിത വികസന കാഴ്ചപ്പാട് രൂപീകരിക്കുകയാണ് ജില്ലാ പദ്ധതിയുടെ പ്രധാന ലക്ഷ്യം. അതായത് ഭരണത്തിന്റെ വിവിധ തട്ടുകൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുന്നതിനും ഏകോപനം ഉറപ്പാക്കുന്നതിനുമുള്ള ഒരു ഉപാധിയായാണ് ജില്ലാ പദ്ധതിയെ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പതിനാല് ജില്ലകളുടെയും കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി&ഡി) ജില്ലാ പദ്ധതി ഒരു സമഗ്ര വികസന കാഴ്ചപ്പാട് രേഖയാണ്. പതിമൂന്നാം പദ്ധതി കാലയളവിലും ദീർഘകാലാടിസ്ഥാനത്തിലും എന്തെല്ലാം മാറ്റങ്ങളാണ് ജില്ലയിൽ ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കുന്ന വികസന കാഴ്ചപ്പാട്

ജില്ലാ പദ്ധതിയുടെ പ്രധാന ഭാഗമാണ്. അതോടൊപ്പം വിവിധ വികസന ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് അവരുടെ വിഹിതം സമന്വയിപ്പിച്ച് നടപ്പിലാക്കാൻ കഴിയുന്ന വലിയ പ്രോജക്ട് ആശയങ്ങളും ഉണ്ടാകും. അന്തിമ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

(ഇ) ജില്ലയുടെ സമഗ്ര വികസനത്തിന് പര്യാപ്തമായ 63-ഓളം പദ്ധതി നിർദ്ദേശങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ കണ്ടെത്തി വിവിധ വിഷയ മേഖലകളിലായി കരട് ജില്ലാ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ മേൽത്തട്ട്, കീഴ്ത്തട്ട് വികസന നിർദ്ദേശങ്ങൾ സംയോജന-ഏകോപന സാദ്ധ്യതകൾ, നവകേരളാ മിഷനുമായി ബന്ധപ്പെടുത്താവുന്നവ തുടങ്ങി നിരവധി നിർദ്ദേശങ്ങൾ ഓരോ മേഖലയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) മേൽപ്പറഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമായാണ് പദ്ധതികളായും പ്രോജക്ടുകളായും രൂപം കൊള്ളേണ്ടത്. അതുകൊണ്ടുതന്നെ ജില്ലാ പദ്ധതിക്കകത്ത് ഇതിന് പ്രത്യേക വികയിരുത്തലുകളും നീക്കിവെയ്പ്പുകളും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

## 2017-18-ലെ പ്ലാൻ വിനിയോഗം

18 (3141) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ പ്ലാൻ ഫണ്ട് വിനിയോഗം ഇതുവരെ എത്ര ശതമാനമാണെന്നറിയിക്കാമോ;

(ബി) ഓരോ വകുപ്പിലെയും പ്ലാൻ തുകയുടെയും, അതിന്റെ ഇതുവരെയുള്ള ചെലവിന്റെയും വിശദാംശം നൽകുമോ;

(സി) പ്ലാൻ ഫണ്ട് വിനിയോഗത്തിൽ ഡിസംബർ 31-ന് മുമ്പ് എത്ര ശതമാനം വിനിയോഗം ഉണ്ടാകണമെന്നാണ് തീരുമാനിച്ചിരുന്നത്;

(ഡി) പ്രസ്തുത ടാർജറ്റ് നേടുവാൻ വകുപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്താണ് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2017-18-ലെ സംസ്ഥാന പദ്ധതി വിനിയോഗം 7-3-2018-ലെ കണക്കുകൾ പ്രകാരം 65.43 ശതമാനമാണ്.

(ബി) ഓരോ വകുപ്പിലെയും പ്ലാൻ തുകയുടെയും ചെലവിന്റേയും വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിരിക്കുന്നു.

(സി) 67%

(ഡി) ചില വകുപ്പുകൾക്ക് ടാർജറ്റ് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ GST നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ചില സാങ്കേതിക പ്രശ്നങ്ങൾമൂലം പദ്ധതി നിർവ്വഹണത്തിന് തടസ്സം നേരിട്ടിട്ടുണ്ട്.

## തുക കുറവ് വരുത്തിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ

19(3142) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഏതൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുകകളിലാണ് കേന്ദ്ര ഗവൺമെന്റ് കുറവുവരുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽനിന്നും 42 ശതമാനമാക്കി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന പദ്ധതികൾക്കുള്ള സാധാരണ കേന്ദ്ര സഹായം, ഒറ്റത്തവണ കേന്ദ്രസഹായം എന്നിവ നിറുത്തലാക്കിക്കൊണ്ടും മറ്റ് ധനസഹായങ്ങളിൽ ആനുപാതികമായ കുറവ് വരുത്തിക്കൊണ്ടുമാണ് ഈ വർദ്ധനവ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. നീതി ആയോഗിന്റെ രൂപീകരണത്തിനുശേഷം കഴിഞ്ഞ സാമ്പത്തികവർഷം നിലവിലുണ്ടായിരുന്ന 66 കേന്ദ്രാവിഷ്കൃത പദ്ധതികളെ യുക്ത്യാനുസരണം ക്രമപ്പെടുത്തിയതിന്റെ ഭാഗമായി നടപ്പുസാമ്പത്തിക വർഷം (2017-18) കോർ, കോർ ഓഫ് ദി കോർ, ഓപ്ഷണൽ എന്നീ വിഭാങ്ങളിലായി 28 സ്കീമുകളാണ് നിലവിലുള്ളത്. ഇതിൽ കോർ ഓഫ് ദി കോർ വിഭാഗത്തിൽ ഉൾപ്പെടുന്ന 6 സ്കീമുകൾക്ക് നിലവിലുണ്ടായിരുന്ന ഫണ്ടിംഗ് പാറ്റേൺ (100% കേന്ദ്രവിഹിതം) തന്നെയാണ് നടപ്പുവർഷവും തുടരുന്നത്. വിവിധങ്ങളായ ഫണ്ടിംഗ് പാറ്റേണിലുള്ള കോർ വിഭാഗത്തിലെ സ്കീമുകളെ നടപ്പുവർഷം 20 സ്കീമുകളിലേയ്ക്കായി 60:40 എന്ന ഫണ്ടിംഗ് പാറ്റേണിൽ ഏകീകരിച്ചിട്ടുണ്ട്. കോർ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60 ശതമാനം കേന്ദ്രവിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് 75 ശതമാനം, 80 ശതമാനം എന്നീ വിവിധ രീതികളിൽ കേന്ദ്രവിഹിതം ലഭ്യമാക്കിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേന്ദ്ര ഫണ്ട് വിനിയോഗത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ

20(3143) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാരിന്റെ ഫണ്ട് വിനിയോഗത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഫണ്ട് ചെലവാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എങ്ങിനെ എന്ന് വിശദീകരിക്കാമോ?

ഉത്തരം

കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കേന്ദ്രപദ്ധതി നടപ്പാക്കുന്നതിനും ഫണ്ട് ചെലവഴിക്കുന്നതിനും സംസ്ഥാനങ്ങൾക്ക് ചില തടസ്സങ്ങൾ നേരിടാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ കേന്ദ്ര സർക്കാരിനോട് മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ അഭ്യർത്ഥന നടത്താറുണ്ട്.

## കേന്ദ്ര ഫണ്ടിന്റെ വിനിയോഗം

21(3144) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിഹിതം ശരിയായി വിനിയോഗിക്കുന്നതിൽ സംസ്ഥാന സർക്കാർ അലംഭാവം കാട്ടുന്നതായും കേന്ദ്ര ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവഗണിക്കുന്നതായുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) പല കേന്ദ്രാവിഷ്കൃത പദ്ധതികളും പേര് മാറ്റി സംസ്ഥാന സർക്കാരിന്റെ പദ്ധതിയായി അവതരിപ്പിക്കുന്നു എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(സി) കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡു ശരിയായ രീതിയിൽ വിനിയോഗിക്കാതിരിക്കുകയോ വകമാറ്റി ചെലവഴിക്കുകയോ ചെയ്യുന്നതിനാലാണ് കേരളത്തിന് അടുത്ത ഗഡുക്കൾ ലഭിക്കാത്തതെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്രസർക്കാർ കേരളത്തെ വികസനത്തിന്റെ കാര്യത്തിൽ അവഗണിക്കുന്നു എന്ന ആക്ഷേപം വസ്തുതാപരമാണോ; വിശദമാക്കുമോ;

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും തരത്തിലുള്ള വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്താൻ ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും യോഗത്തിൽ ഓരോ വകുപ്പിന്റെയും പദ്ധതി പുരോഗതി അവലോകനം നടത്തിവരികയും ചെയ്യാറുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ത്രൈമാസ പുരോഗതി വിലയിരുത്തുന്നുമുണ്ട്. പദ്ധതിയുടെ നടത്തിപ്പുവേളയിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടായാൽ ആയവ മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് പുരോഗതി വിലയിരുത്താറുണ്ട്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം

22(3145) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2014-15 മുതൽ 2017-18 വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതമായി കേന്ദ്ര സർക്കാരിൽ നിന്ന് എത്ര ഫണ്ട് ലഭിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

2014-15 മുതൽ 2017-18 വരെ കേന്ദ്രാവിഷ്കൃത പദ്ധതികളിന്മേൽ ലഭ്യമായ കേന്ദ്രവിഹിതം ചുവടെ ചേർത്തിരിക്കുന്നു:

2014-15 : Rs.4412.07 കോടി

2015-16 : Rs.7686.32 കോടി

2016-17 : Rs.6534.17 കോടി

2017-18 : Rs.4614.57 കോടി

## കേന്ദ്രസർക്കാർ നൽകുന്ന ഫണ്ട്

23 (3146) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലസ്റ്റർ വികസനത്തിന് കേന്ദ്രസർക്കാർ നൽകുന്ന ഫണ്ട് ചെലവഴിക്കാറുണ്ടോ ; 2014-15 മുതൽ 2017-18 വരെ സാമ്പത്തിക വർഷത്തിൽ

ലഭ്യമായ കേന്ദ്ര ഫണ്ട് എത്ര; പ്രസ്തുത ഫണ്ടിൽ നിന്നും എത്ര തുക വിനിയോഗിച്ചുവെന്നും ആയത് മോണിറ്റർ ചെയ്യാറുണ്ടോയെന്നും വിശദമാക്കാമോ;

(ബി) 2014-15 മുതൽ 2017-18 വരെ ഏതെങ്കിലും കേന്ദ്ര ഫണ്ട് പൊതു മേഖലാ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ;വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ലോക പരിസ്ഥിതി ദിനാഘോഷം**

24 (T3147) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ ലോക പരിസ്ഥിതി ദിനാഘോഷങ്ങളോടനുബന്ധിച്ച് പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും പരസ്യം നൽകിയ വകയിൽ എത്ര തുക ചെലവഴിച്ചു; വെളിപ്പെടുത്തുമോ;

(ബി) 2017 ജൂൺ 5-ന്റെ പത്രപ്പരസ്യത്തിന് ചെലവായ തുക എത്രയാണെന്നറിയിക്കുമോ;

(സി) പ്രസ്തുത പരസ്യങ്ങൾ ഹരിത കേരള മിഷൻ വഴിയാണോ നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2017-ലെ ലോക പരിസ്ഥിതി ദിനാഘോഷങ്ങളോടനുബന്ധിച്ച് ദൃശ്യമാധ്യമങ്ങളിൽ പരസ്യം നൽകിയ വകയിൽ തുക ചെലവഴിച്ചിട്ടില്ല. പത്രപ്പരസ്യത്തിനായി 3,94,36,691 രൂപ (മൂന്ന് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി മുപ്പത്തറായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റൊന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) അല്ല.

**കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നൽകിയ അപേക്ഷകളിൽ നടപടി**

25 (3148) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മാണത്തിനുള്ള അനുമതിക്കായി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നൽകിയ അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളവ എത്ര; വ്യക്തമാക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) 2017-ൽ ഏത് മാസംവരെ ലഭിച്ച അപേക്ഷകളിലാണ്ഏറ്റവും അവസാനം തീരുമാനം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള അപേക്ഷകളിൽ തീർപ്പുണ്ടാകുന്നതിന് ഒരു വർഷത്തോളം കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2017 മേയ് മാസം വരെ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്. അതിനുശേഷം കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിച്ച അപേക്ഷകളിൽ 1700 അപേക്ഷകൾ തീർപ്പാക്കുവാനുണ്ട്.

(സി & ഡി) നിലവിൽ CRZ Clearance-നുവേണ്ടി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെയും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ചീഫ് സയന്റിസ്റ്റ്, പ്രിൻസിപ്പൽ സയന്റിസ്റ്റ് എന്നിവരുടെയും സഹായത്തോടെ തീർപ്പാക്കി വരികയാണ്.

**കായൽ തീരങ്ങളിലെ കെട്ടിട നിർമ്മാണം**

26(T3149) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന് അനുയോജ്യമായ കേരളത്തിലെ സുന്ദരമായ കായലോരങ്ങളിൽ കേന്ദ്രസർക്കാരിന്റെ സി.ആർ.ഇസഡ്. നിയമങ്ങൾ കാരണം വിവിധ തരത്തിലുള്ള ഹോട്ടൽ സമുച്ചയങ്ങളോ ടൂറിസ്റ്റ് കേന്ദ്രങ്ങളോ നിർമ്മിക്കുവാൻ കഴിയുകയില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ വിവിധ കായൽ തീരങ്ങളിൽ വിവിധ തരത്തിലുള്ള സി.ആർ.ഇസഡ്. നിയമങ്ങളാണോ നിലവിലുള്ളത്; വിശദമാക്കുമോ;

(സി) ആക്കുളം കായൽ തീരങ്ങൾ ഏത് സി.ആർ.ഇസഡ്. നിയമത്തിന്റെ പരിധിയിലാണ്; ഇവിടെ കായലിൽ നിന്നും എത്ര മീറ്റർ മാറി കെട്ടിട/ഹോട്ടൽ സമുച്ചയങ്ങൾ നിർമ്മിക്കാൻ കഴിയും; വിശദമാക്കുമോ;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) പുതിയ കേന്ദ്ര സി.ആർ.ഇസഡ്. നിയമത്തിലെ വ്യവസ്ഥകൾ എന്താണെന്നറിയാമോ; നിയമപ്രകാരം കേരളത്തിലെ കായൽ തീരങ്ങളിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ദൂരപരിധി എത്രയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കേന്ദ്ര സി.ആർ.ഇസഡ്. നിയമം പരിഷ്കരിക്കുന്ന കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധികളുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ പേരു വിവരം ലഭ്യമാക്കുമോ;

(എഫ്) കേരളത്തിലെ കായൽ തീരങ്ങളിൽ ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ തരത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി, കായൽ തീരങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞ ദൂരത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ആവശ്യമായ റിപ്പോർട്ട് സർക്കാർ കേന്ദ്ര സി. ആർ. ഇസഡ്. കമ്മിറ്റിക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ജി) കായൽ തീരങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം അനുസരിച്ച് വേലിയേറ്റ രേഖയിൽനിന്നും നിശ്ചിത ദൂരം മാറി ടൂറിസം ആവശ്യങ്ങൾക്കുള്ള കെട്ടിടം നിർമ്മിക്കാവുന്നതാണ്.

(ബി) അല്ല. കേരളത്തിലെ വേലിയേറ്റ പ്രഭാവമുള്ള എല്ലാ കായൽത്തീരങ്ങളിലും 2011-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച 'തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം' ആണ് ബാധകമായിട്ടുള്ളത്.

(സി) ആക്കുളം കായലിന്റെ തീരപ്രദേശങ്ങളുടെ വേലിയേറ്റരേഖ മുതൽ കരയുടെ ദിശയിലേയ്ക്ക് നൂറ് മീറ്റർ വരെയുള്ള ദൂരം, അഥവാ കായലിന്റെ വീതി ഇതിൽ ഏതാണോ കുറവ് അത്രയും പ്രദേശം വികസന നിഷിദ്ധ മേഖലയായിരിക്കും.

(ഡി) 2011-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച 'തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം' ആണ് നിലവിലുള്ള ഏറ്റവും പുതിയ CRZ നിയമം. CRZ III-യിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ, കടലുമായി ബന്ധപ്പെട്ടിരിക്കുന്നതും, വേലിയേറ്റ വേലിയിറക്കങ്ങളാൽ സ്വാധീനിക്കപ്പെടുന്നതുമായ കായലുകളുടെ വേലിയേറ്റ രേഖ മുതൽ കരയുടെ ദിശയിലേയ്ക്ക് നൂറ് മീറ്റർ വരെയുള്ള പ്രദേശം അഥവാ കായലിന്റെ വീതി ഇതിൽ ഏതാണോ കുറവ് അത്രയും പ്രദേശം വികസന നിഷിദ്ധ മേഖലയായിരിക്കും. CRZ II-ൽ

കായലുകളുടെ വേലിയേറ്റ രേഖ മുതൽ കരയുടെ ദിശയിലേയ്ക്കുള്ള പ്രദേശത്ത് നിലവിലുള്ള പാതയിൽ നിന്നും കരയുടെ ഭാഗത്തേയ്ക്കോ, അതോ നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും, കരയുടെ ഭാഗത്തേയ്ക്കോ മാത്രമേ കെട്ടിടങ്ങൾ അനുവദിക്കുകയുള്ളൂ. കായൽ തുരുത്തുകളിൽ CRZ പരിധി വേലിയേറ്റരേഖയിൽ നിന്നും 50 മീറ്റർ ആണ്.

(ഇ) കേന്ദ്ര CRZ നിയമം പരിഷ്കരിക്കുന്നതിനായി സംസ്ഥാനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് കമ്മിറ്റി നിലവിലില്ല.

(എഫ്) തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച് പുതുക്കിയ വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന അവസരത്തിൽ, സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.

(ജി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം-2011, തണ്ണീർ തടങ്ങൾ (സംരക്ഷണവും പരിപാലനവും)-2017 ചട്ടം എന്നിവയാണ് കായൽ തീരങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സംസ്ഥാനത്ത് നിലവിലുള്ള പ്രധാന നിയമങ്ങൾ.

## മലിനീകരണ നിയന്ത്രണ അവാർഡ് നിർണ്ണയ ചട്ടങ്ങൾ

27 (3150) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള മലിനീകരണ നിയന്ത്രണ അവാർഡ് നിർണ്ണയത്തിനുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തരമായി അവാർഡ് നിർണ്ണയ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) മലിനീകരണ നിയന്ത്രണ അവാർഡ് നിർണ്ണയ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കമ്മിറ്റിയിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ഉദ്യോഗസ്ഥരെ ഒഴിവാക്കി മറ്റ് സമാന സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മലിനീകരണ നിയന്ത്രണ അവാർഡ് നിർണ്ണയത്തിനുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. അവാർഡ് നിർണ്ണയത്തിന് മാർഗ്ഗരേഖകൾ നിഷ്കർഷിക്കാറുണ്ട്.

(സി&ഡി) ഓരോ വർഷവും അതാത് വർഷത്തേയ്ക്കാണ് അവാർഡ് ജഡ്ജിംഗ് കമ്മിറ്റി രൂപീകരിക്കുന്നത്. ഈ വർഷത്തെ അവാർഡ് ജഡ്ജിംഗ് കമ്മിറ്റി ഇതുവരെ രൂപീകരിച്ചിട്ടില്ല.

സാധാരണയായി ബോർഡ് ഉദ്യോഗസ്ഥരെ കൂടാതെ Factories & Boilers Director, Cochin University of Science and Technology-ലെ വിദഗ്ദ്ധർ, Government Engineering College, Thrissur-ലെ Chemical Engineering Department മേധാവി എന്നീ വിദഗ്ധരെ അവാർഡ് ജഡ്ജിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്താറുണ്ട്.

**ഭാരതപ്പുഴയുടെ മലിനീകരണം**

28 (3151) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ ഭാരതപ്പുഴയുടെ മലിനീകരണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ഭാരതപ്പുഴയിലെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണലിന്റെ 23-5-2016-ലെ ഉത്തരവ് നമ്പർ O.A.No.16/2016 പ്രകാരം ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായി. ടി കമ്മിറ്റിയിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, പരിസ്ഥിതി ഡയറക്ടറേറ്റ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റി ഭാരതപ്പുഴയുടെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് മലിനീകരണം തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനും ഉതകുന്ന നടപടികൾ ശിപാർശ ചെയ്യണമെന്ന് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിൽ പറഞ്ഞതിൻ പ്രകാരം ടി കമ്മിറ്റിയിലേയ്ക്ക് പ്രതിനിധികളെ ബന്ധപ്പെട്ട വകുപ്പുകൾ നിയോഗിക്കുകയും, കമ്മിറ്റി ഭാരതപ്പുഴയുടെ പ്രാന്തപ്രദേശങ്ങൾ പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഗാർഹിക മാലിന്യങ്ങളും ചെറുകിട ഹോട്ടലുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലവും മറ്റും നദിയിലെത്തിച്ചേരുന്നത് മലിനീകരണത്തിന് പ്രധാന കാരണമായതിനാൽ ഭാരതപ്പുഴയുടെയും

കൈവഴികളുടെയും തീരത്തുള്ള പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുനിസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, കുറ്റിപ്പുറം പഞ്ചായത്തുകളുടെയും കൽപ്പാത്തി വില്ലേജിലെയും സെക്രട്ടറിമാർക്ക്, ഇത്തരം സ്ഥാപനങ്ങൾ മലിനജലം ശുദ്ധീകരിക്കാതെ കാനയിലേയ്ക്ക് നേരിട്ട് വിടുന്നത് തടയണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നുള്ള മലിനജലം ഒഴുക്കുന്നത് തടയുവാനും മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുവാനും നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരികയാണ്. കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് തൃത്താല ഗ്രാമപഞ്ചായത്ത്, പട്ടാമ്പി നഗരസഭ, ഒറ്റപ്പാലം നഗരസഭ, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, ഷൊർണ്ണൂർ നഗരസഭ ഉൾപ്പെടെയുള്ളവരുമായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചേർന്ന യോഗതീരുമാനപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളോട് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ചില വ്യവസായ ശാലകൾ ബോർഡിന്റെ പ്രവർത്തനാനുമതിയിലെ നിബന്ധനകൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ഇക്കാര്യത്തിൽ വ്യവസായ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകുകയും സ്ഥാപനങ്ങൾ നിർദ്ദേശങ്ങൾ പാലിച്ചതായി തുടർ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതുമാണ്.

**ഭാരതപ്പുഴയുടെ മലിനീകരണം തടയുന്നതിനായുള്ള നടപടി**

29 (3153) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, മലപ്പുറം ജില്ലകളിലൂടെ ഒഴുകുന്ന ഭാരതപ്പുഴയുടെ മലിനീകരണം തടയുന്നതിനായി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് ശാസ്ത്രീയപഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഭാരതപ്പുഴ സംരക്ഷണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ഭാരതപ്പുഴയിലെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണലിന്റെ 23-5-2016-ലെ ഉത്തരവ് നമ്പർ O.A.No. 16/2016 പ്രകാരം

ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായി. ടി കമ്മിറ്റിയിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, പരിസ്ഥിതി ഡയറക്ടറേറ്റ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റി ഭാരതപ്പുഴയുടെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് മലിനീകരണം തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനും ഉതകുന്ന നടപടികൾ ശിപാർശ ചെയ്യണമെന്ന് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിൽ പറഞ്ഞതിൻ പ്രകാരം ടി കമ്മിറ്റിയിലേയ്ക്ക് പ്രതിനിധികളെ ബന്ധപ്പെട്ട വകുപ്പുകൾ നിയോഗിക്കുകയും കമ്മിറ്റി ഭാരതപ്പുഴയുടെ പ്രാന്തപ്രദേശങ്ങൾ പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഗാർഹിക മാലിന്യങ്ങളും ചെറുകിട ഹോട്ടലുകളിൽനിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലവും മറ്റും നദിയിലെത്തിച്ചേരുന്നത് മലിനീകരണത്തിന് പ്രധാന കാരണമായതിനാൽ ഭാരതപ്പുഴയുടെയും കൈവഴികളുടെയും തീരത്തുള്ള പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുനിസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, കുറ്റിപ്പുറം പഞ്ചായത്തുകളുടെയും കൽപ്പാത്തി വില്ലേജിലെയും സെക്രട്ടറിമാർക്ക്, ഇത്തരം സ്ഥാപനങ്ങൾ മലിനജലം ശുദ്ധീകരിക്കാതെ കാനയിലേയ്ക്ക് നേരിട്ട് വിടുന്നത് തടയണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നുള്ള മലിനജലം ഒഴുക്കുന്നത് തടയുവാനും മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുവാനും നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരികയാണ്. കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് തൃത്താല ഗ്രാമപഞ്ചായത്ത്, പട്ടാമ്പി നഗരസഭ, ഒറ്റപ്പാലം നഗരസഭ, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, ഷൊർണ്ണൂർ നഗരസഭ ഉൾപ്പെടെയുള്ളവരുമായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചേർന്ന യോഗതീരുമാനപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളോട് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(സി) ഭാരതപ്പുഴ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനപ്പെടുന്നത് തടയുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ജലനിയമ പ്രകാരം ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. ജല (മലിനീകരണവും നിയന്ത്രണവും) നിയമം, 1974-ന്റെ പരിധിയിൽ വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയവയിൽനിന്നുമുള്ള പാഴ്ജലം വേണ്ട വിധം ശുദ്ധി ചെയ്ത് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ജല നിയമപ്രകാരം നൽകുന്ന അനുമതിയിൽ നിഷ്കർഷിച്ചുവരുന്നു. ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്നും ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല മലിനീകരണം നിയന്ത്രിച്ചു വരുന്നു.

## മാവേലിക്കരയിൽ റീജിയണൽ സയൻസ് സെന്ററും പ്ലാനറ്റോറിയവും

30 (3154) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ റീജിയണൽ സയൻസ് സെന്ററും പ്ലാനറ്റോറിയവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇത്തരം സംവിധാനം കേരളത്തിൽ നിലവിൽ എവിടെയൊക്കെയുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇതിനാവശ്യമായ ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) തൽക്കാലം പരിഗണനയിലില്ല.

(ബി) റീജിയണൽ സയൻസ് സെന്ററും പ്ലാനറ്റോറിയവും അതിനനുബന്ധമായിട്ടുള്ള വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, പ്രദർശന ഗ്യാലറികൾ, കിഡ്സ് കോർണർ മുതലായ സംവിധാനങ്ങൾ കേരളത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിച്ചുവരുന്നുണ്ട്. ചാലക്കുടിയിൽ റീജിയണൽ സയൻസ് സെന്ററിന്റേയും പ്ലാനറ്റോറിയത്തിന്റേയും പണികൾ പൂർത്തീകരിച്ചു വരുന്നു. പരപ്പനങ്ങാടിയിൽ റീജിയണൽ സയൻസ് സെന്ററിന്റേയും, പ്ലാനറ്റോറിയത്തിന്റേയും പണികൾ ആരംഭഘട്ടത്തിലാണ്. കോട്ടയം കുറവിലങ്ങാട് താലൂക്കിൽ ഇതെല്ലാം ഉൾപ്പെടെയുള്ള തെക്കേ ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സംരംഭമായ സയൻസ് സിറ്റിയുടെ പണികൾ നടന്നുവരികയാണ്.

(സി) ഇതിലേയ്ക്കായി ഗതാഗത സൗകര്യവും കുടിവെള്ള ലഭ്യതയും മാലിന്യ നിർമ്മാർജ്ജന സൗകര്യവുമുള്ള അഞ്ച് ഏക്കർ ഭൂമിയെങ്കിലും ആവശ്യമാണ്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനം

31 (3155) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എ.എസ്. നിയമനം എപ്പോൾ നടത്താനാവുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

ഉത്തരം

29-12-2017-ലെ എസ്.ആർ.ഒ. നം. 861/17 ഗസറ്റ് വിജ്ഞാപനം പ്രകാരം 1-1-2018 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽ വന്നു. നിയമനം സംബന്ധിച്ച നടപടികൾ കൈക്കൊള്ളുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമന രീതികൾ

32 (3156) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷക്കായി വിവിധ വകുപ്പുതലങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് അപേക്ഷിക്കുന്നതിനായുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കേരള സിവിൽ സർവ്വീസ് നടപ്പാക്കുന്നതും അതിന്റെ നിയമന രീതികളും വിശദമാക്കുന്നതിനായി നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, എസ്. ആർ.ഒ. എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 29-12-2017-ലെ എസ്.ആർ.ഒ. നമ്പർ 861/17 ഗസറ്റ് വിജ്ഞാപനം പ്രകാരം പ്രസിദ്ധീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ ചട്ടം 12-ൽ നിയമന രീതിയെ കുറിച്ച് പ്രതിപാദിക്കുന്നു. വിശേഷാൽ ചട്ടം അനുബന്ധമായി ചേർക്കുന്നു. *

(ബി) അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റാഫ് നേഴ്സ്, ബി.എസ്.സി. നേഴ്സ് എന്നിവരുടെ ഒഴിവ് നികത്തുന്നതിന് നടപടി

33 (3157) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് നേഴ്സ്, ബി.എസ്.സി. നേഴ്സ് എന്നിവരുടെ ഒഴിവ് നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ സ്റ്റാഫ് നേഴ്സിന്റെ ഒഴിവുകൾ നികത്തുന്നതിനായി പി. എസ്. സി. ലിസ്റ്റിൽ നിന്നും (കാറ്റഗറി നമ്പർ 454/2016) നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമായെന്ന് അറിയിക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും പുതിയ ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിനും നടപടികൾ ത്വരിതപ്പെടുത്തുവാൻ അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1285 സ്റ്റാഫ് നഴ്സുമാർക്ക് വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിയമനം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് തസ്തികയുടെ ഒഴിവ് നികത്തുന്നതിനുള്ള നിർദ്ദേശം അതാത് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) പി.എസ്.സി.-യിൽ ചുരുക്കപ്പട്ടിക തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച് ഇന്റർവ്യൂ കൂടി പൂർത്തിയാക്കി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പി.എസ്.സി. പരീക്ഷ നടത്തിപ്പിലെ കാലതാമസം

34 (3158) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-2015 കാലയളവിൽ അപേക്ഷ ക്ഷണിച്ച എത്ര കാറ്റഗറികളിലേയ്ക്കുള്ള പി.എസ്.സി. പരീക്ഷകൾ നടത്താനുണ്ടെന്നും പ്രസ്തുത തസ്തികകളേതെന്നും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ അപേക്ഷ ക്ഷണിച്ച കാറ്റഗറികളിൽ പരീക്ഷ നടത്തുന്നതിന് കാലതാമസം നേരിടുന്നതിലെ കാരണം വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ പൂർത്തിയാക്കുന്നതിനുള്ള പരീക്ഷകൾ അടിയന്തരമായി നടത്തി ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) വിവരം ശേഖരിച്ചു വരുന്നു.

**പി.എസ്.സി. പരീക്ഷകൾ മലയാളത്തിൽ നടത്തുന്നതിന് നടപടി**

35 (3159) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷകൾ 2017 നവംബർ 1 മുതൽ മലയാളത്തിൽ നടത്തുന്നതിന് പി.എസ്.സി. യോഗം തീരുമാനമെടുത്തിരുന്നോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2017 നവംബർ 1- ന് ശേഷം, ഇംഗ്ലീഷിൽ നടത്തിയിരുന്ന എത്ര പരീക്ഷകൾ മലയാളത്തിലേയ്ക്ക് മാറ്റി നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി പരീക്ഷകളിൽ ഇംഗ്ലീഷിനോടൊപ്പം മലയാളത്തിലും ചോദ്യപേപ്പറുകൾ നൽകി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം ചോദ്യപേപ്പർ പരിഷ്കരണത്തിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. ബിരുദം യോഗ്യതയായിട്ടുള്ള സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ്/കമ്പനി ബോർഡ് കോർപ്പറേഷൻ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിൽ 10 മാർക്കിന് മലയാളം/തമിഴ്/കന്നഡ മാധ്യമത്തിൽ ഭരണഭാഷാ ചോദ്യങ്ങൾ ഉൾപ്പെടുത്തുവാനാണ് തീരുമാനിച്ചത്.

(സി) പരിഗണിക്കാവുന്നതാണ്.

## എച്ച്.എസ്.എസ്.ടി. ജൂനിയർ (മാത്തമാറ്റിക്സ്) പരീക്ഷ

36 (3160) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചേർസ് ജൂനിയർ (മാത്തമാറ്റിക്സ്) തസ്തികയിലേക്ക് 2017-2018-ൽ പി.എസ്.സി. നടത്തിയ പരീക്ഷയെ സംബന്ധിച്ച് വ്യാപകമായ പരാതി ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജി.കെ. പബ്ലിക്കേഷൻസിന്റെ ഗേറ്റ് പേപ്പർ 2012 എഡിഷന്റെ ആദ്യത്തെ ഇരുപത്തിയാറ് പേജിൽ നിന്നും 19 ചോദ്യങ്ങൾ യാതൊരു മാറ്റവും ഇല്ലാതെ പി.എസ്.സി. നടത്തിയ പരീക്ഷയിൽ പകർത്തി എന്ന ആരോപണം വസ്തുതയാണോ; എങ്കിൽ പ്രസ്തുത പരീക്ഷ റദ്ദാക്കി പുനഃപ്പരീക്ഷ നടത്തണമെന്ന ഉദ്യോഗാർത്ഥികളുടെ ആവശ്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരീക്ഷ സംബന്ധിച്ച പരാതികൾ കമ്മീഷൻ പരിശോധിച്ച് വരികയാണ്. പരിശോധന പൂർത്തിയായശേഷം ഇക്കാര്യം സംബന്ധിച്ച് കമ്മീഷൻ കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പി.എസ്.സി.-യിൽ നടപ്പാക്കുന്ന മാറ്റങ്ങൾ

37 (3161) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷാ നടപടികളിൽ, നിലവിലുള്ള കമ്മീഷൻ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) പരീക്ഷാ നടത്തിപ്പുകൾക്കും മറ്റുമായി കെ.പി.എസ്.സി നടത്തിവരുന്ന പ്രവർത്തനങ്ങളും ആയതിന്റെ ചെലവുകളും എന്ത് എന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ വരുത്തുന്ന മാറ്റങ്ങൾ അപേക്ഷകർക്ക് ഗുണകരമാക്കുവാനും ചെലവുകുറയ്ക്കുവാനും, ആയതിനായി അഭ്യസ്തവിദ്യരുടെ അഭിപ്രായ ക്രോഡീകരണം നടത്തുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓൺലൈൻ പരീക്ഷകൾ കൂടുതൽ വ്യാപിപ്പിക്കുന്നതിലേയ്ക്കാവശ്യമായ നടപടികൾ കൈക്കൊണ്ടു വരുന്നു. ഒ.എം.ആർ. പരീക്ഷകളിൽ ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലായ തസ്തികകളിൽ രജിസ്റ്റർ നമ്പർ നിശ്ചിത സമയത്തിനകം ജനറേറ്റ് ചെയ്ത് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നവർക്ക് മാത്രം പരീക്ഷ എഴുതാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തി വരുന്നു.

(ബി) പി.എസ്.സി.-യുടെ ഒ.എം.ആർ. പരീക്ഷകളിൽ ചോദ്യപേപ്പർ രൂപീകരണം, ചോദ്യപേപ്പർ തയ്യാറാക്കൽ, ഒ.എം.ആർ. ഷീറ്റുകൾ തയ്യാറാക്കൽ, പാക്കിംഗ്, വിതരണം, പരീക്ഷാ കേന്ദ്രങ്ങൾ സജ്ജീകരിക്കൽ, ഉദ്യോഗസ്ഥ നിയമനം, പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്ക് പരീക്ഷാ സാമഗ്രികൾ എത്തിക്കൽ, പരീക്ഷാ നടത്തിപ്പ് എന്നിങ്ങനെ വൈവിദ്ധ്യങ്ങളായ മേഖലകളിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇതുകൂടാതെ ഓൺലൈൻ പരീക്ഷകളും നടത്തുന്നുണ്ട്. ഇവയിലെല്ലാം തന്നെ വിവിധ തലങ്ങളിലാണ് ചെലവുകൾ ഉണ്ടാകുന്നത്.

(സി) പരിശോധിക്കാവുന്നതാണ്.

## ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (കമ്പ്യൂട്ടർ സയൻസ്) ജൂനിയർ പരീക്ഷ

38 (3162) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഫെബ്രുവരി ഒന്നിന് നടത്തിയ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (കമ്പ്യൂട്ടർ സയൻസ്) ജൂനിയർ പരീക്ഷാ ചോദ്യപേപ്പറിനെതിരെ ഉദ്യോഗാർത്ഥികൾ പരാതി നൽകിയിട്ടുണ്ടോ; ഉദ്യോഗാർത്ഥികൾ ഉന്നയിച്ച കാര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഗുരുതരമായ പാളിച്ചകൾ ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ ഉണ്ടായിട്ടുണ്ടെങ്കിൽ പ്രസ്തുത പരീക്ഷ റദ്ദ് ചെയ്യണമെന്ന കാര്യം പരിഗണിക്കുവാൻ പി.എസ്.സി.-യോട് ആവശ്യപ്പെടുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) പരാതികൾ ലഭിച്ചിട്ടുണ്ട്. ആയവ പരിശോധിച്ച് വരികയാണ്. പരിശോധന പൂർത്തിയായശേഷം ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം പി.എസ്.സി. കൈക്കൊള്ളുന്നതാണ്.

**കോഴിക്കോട് ജില്ലയിലെ പ്രതീക്ഷിത ഒഴിവുകൾ**

39 (3163) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉപ. സി3/3014/17 തീയതി 16-8-2017 നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിൽ 2018 കലണ്ടർ വർഷത്തിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾ വിവിധ വകുപ്പുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വകുപ്പ് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

**പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ നടപടി**

40 (3164) <u>ശ്രീ. യു. ആർ. പ്രദീപ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ പി.എസ്.സി. ഏതെല്ലാം തസ്തികകളിലേയ്ക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത് ;

(ബി) ഇതിൽ എല്ലാം കൂടി എത്ര ലക്ഷം അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) 2017-ൽ പി.എസ്.സി. ഏതെല്ലാം റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി. പരീക്ഷകൾ സമയബന്ധിതമായി നടത്തി റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിന് ആധുനിക സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2017-ൽ 666 തസ്തികകളിലേയ്ക്കാണ് അപേക്ഷ ക്ഷണിച്ചത്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ബി) 12750766 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) 1209 തസ്തികകളുടെ റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നാല് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളിലായി ഓൺലൈൻ പരീക്ഷ നടത്തി വരുന്നു. ഇത് കൂടുതൽ വ്യാപിപ്പിക്കുന്നതിലേയ്ക്കായുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ പരീക്ഷ, മൂല്യനിർണ്ണയം എന്നിവയിൽ നൂതന സാങ്കേതിക സംവിധാനങ്ങളുടെ പ്രയോഗം സംബന്ധിച്ച പഠനങ്ങൾ പി.എസ്.സി. നടത്തുന്നുണ്ട്.

## പി.എസ്.സി. നിയമനം

41(3165) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കെ.പി.എസ്.സി. മുഖാന്തരം എത്ര പേർക്ക് സർക്കാർ നിയമനം നല്കി വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാർ കാലയളവിൽ കെ.പി.എസ്.സി. ലിസ്റ്റുകളിൽ എത്ര എണ്ണത്തിന് എത്ര കാലാവധി നീട്ടി നല്കി എന്ന വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ കെ.പി.എസ്.സി. അഡ്വൈസ് നല്കിയവരിൽ എത്ര പേർ അഡ്വൈസ് ലഭിച്ചിട്ടും ജോലിക്ക് ഹാജരായില്ല ; ലിസ്റ്റ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) അഡ്വൈസ് ലഭിച്ചിട്ട് മതിയായ കാരണമില്ലാതെ ജോലിക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്കെതിരെ കെ.പി.എസ്.സി. ഫൈൻ ഉൾപ്പെടെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 31-1-2018 വരെ 64,982 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് 3 വർഷം പൂർത്തിയായതും $4^{1/2}$ വർഷം പൂർത്തിയായിട്ടില്ലാത്തതുമായ റാങ്ക് പട്ടികകളുടെ കാലാവധി $4^{1/2}$ വർഷം എന്ന രീതിയിൽ വ്യവസ്ഥകൾക്ക് വിധേയമായി 11 തവണ ദീർഘിപ്പിച്ചിട്ടുണ്ട്. കാലാവധി ദീർഘിപ്പിച്ച ലിസ്റ്റുകളുടെ വിശദാംശം പി.എസ്.സി. ക്രോഡീകരിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇല്ല.

**ലോവർ ഡിവിഷൻ ക്ലാർക്കിന്റെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

42 (3166) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിലവിലിരിക്കുന്ന ലോവർ ഡിവിഷൻ ക്ലാർക്കിന്റെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നത് മന്ദഗതിയിലാണെന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ആശ്രിത നിയമനത്തിന്റെ ബാക്ക് ലോഗ് ക്ലിയർ ചെയ്യുന്നതിനും അവരെ റെഗുലറൈസ് ചെയ്യുന്നതിനുമാണ് ഉപയോഗിക്കുന്നതെന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ആനുപാതികമായ നിയമനം നൽകിയിട്ടില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാറായ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുവാൻ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിലേയ്ക്കുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലെ നിയമനത്തിനായി എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് നിലവിലെ ലിസ്റ്റുകളിൽ നിന്നും സമയ ബന്ധിതമായി പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു.

(ബി & സി) സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിച്ച ജീവനക്കാരെ ഓരോ വർഷവും അതാത് വകുപ്പുകളിൽ ഉണ്ടാകുന്ന ആകെ ഒഴിവുകളിൽ 5% ഒഴിവിൽ മാത്രമാണ് ആഗിരണം ചെയ്ത് ക്രമീകരിക്കുന്നത്. സർവ്വീസ് ക്രമീകരണം നടത്തുന്നതുവരെ സൂപ്പർ ന്യൂമററി ജീവനക്കാരുടെ നിയമനം KS&SSR ഭാഗം - II ചട്ടം 9(a)(i) പ്രകാരമുള്ള താൽക്കാലിക നിയമനമാണ്. ഇവരുടെ സർവ്വീസ് ക്രമീകരണം സംബന്ധിച്ച വ്യവസ്ഥകൾ 21-07-2014-ലെ G.O.(Ms)No.22/2014/P&ARD, 4-9-2015-ലെ G.O.(Ms)No.26/2015/P&ARD എന്നീ ഉത്തരവുകൾ മുഖാന്തരം വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ആശ്രിത നിയമനത്തിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുക വഴി റാങ്ക് ലിസ്റ്റിൽ നിന്നും ശിപാർശ ചെയ്യേണ്ട ഒഴിവുകളൊന്നും നഷ്ടപ്പെട്ടിട്ടില്ല.

(ഡി) നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ Ad.vC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേനയും കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി. (വിവിധം), എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് 13-12-2017-ലെ ഉ.പ.സി.3/428/17/ഉ.ഭ.പ.വ. സർക്കുലർ മുഖേനയും ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖാന്തരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ 20-12-2017-ലെ ഉ.പ.സി.3/141/17/ഉഭപവ. സർക്കുലർ മുഖേനയും നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും എല്ലാ വകുപ്പുമേധാവികൾക്കും നിയമന അധികാരികൾക്കും 7-2-2018-ലെ ഉ.പ.സി. 3/536/17/ഉ.ഭ.പ.വ. സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കുന്ന എല്ലാ ഒഴിവിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നുതന്നെ പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ റാങ്ക് ലിസ്റ്റ്

43([T]3167) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി പരിഷ്കരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

01/2016 കാറ്റഗറി നമ്പരായി വിജ്ഞാപനം ചെയ്തതും 31-1-2017-ന് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതുമായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി പട്ടിക നിലവിൽ വന്ന് ഒരു വർഷമോ, ഒരു വർഷത്തിനുള്ളിൽ നിയമന ശിപാർശ നടത്തിയ ഉദ്യോഗാർത്ഥികളുടെ അവസാന ബാച്ചിന്റെ പരിശീലനം തുടങ്ങി ഒരു മാസമോ ഏതാണോ അവസാനം വരുന്നത് അതുവരെ ആയിരിക്കും എന്നതാണ് വ്യവസ്ഥ. എന്നാൽ 31-1-2017-ന് നിലവിൽ വന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ (കാറ്റഗറി നമ്പർ 01/2016) തസ്തികയുടെ റാങ്ക് ലിസ്റ്റ് ഇനിയൊരറിപ്പുണ്ടാകുംവരെ റദ്ദ് ചെയ്യാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 2364/2017-ാം നമ്പർ OA-യിൽ ഉത്തരവായിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. (മലയാളം) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ

44 (3168) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. (മലയാളം) റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര നിയമനങ്ങൾ നടന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) 2010 മുതൽ മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. (മലയാളം) റാങ്ക് ലിസ്റ്റിൽ നിന്നും ഓരോ വർഷവും നടന്ന നിയമനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) 2018-19 വർഷത്തിൽ മലപ്പുറം ജില്ലയിലെ HSA (മലയാളം) തസ്തികയിൽ വന്നേക്കാവുന്ന ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) 57 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി)

| വർഷം | നിയമന ശിപാർശ |
|---|---|
| 2010 | NIL |
| 2011 | 50 |
| 2012 | 12 |

| | |
|---|---|
| 2013 | 7 |
| 2014 | 4 |
| 2015 | 16 |
| 2016 | 12 |
| 2017 | 26 |
| 2018 | 31 |

(സി) 5 ഒഴിവുകൾ

## മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ

45 (3169) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് (567/2013) ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം ലഭിച്ചുവെന്നും എത്ര എൻ. ജെ. ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ മലപ്പുറം ജില്ലയിൽ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇത് പരിശോധിച്ച് വസ്തുതകൾ ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ എത്ര ലാസ്റ്റ് ഗ്രേഡ് ഒഴിവുകളാണ് മലപ്പുറം ജില്ലയിൽ ഉള്ളതെന്നും എത്രപേർക്ക് കൂടി നിയമനം ലഭിക്കുമെന്നുമുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഒഴിവുകൾ വേഗത്തിൽ റിപ്പോർട്ട് ചെയ്ത് നിയമനം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 720 പേർക്ക് നിലവിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിൽ 150 എണ്ണം എൻ.ജെ.ഡി. ഒഴിവുകൾ ആയിരുന്നു.

(ബി) ഉണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിൽ 30 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേനയും കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി. (വിവിധം), എൽ.ജി.എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാകുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് 13-12-2017-ലെ ഉ.പ.സി. 3/428/17/ഉപഭവ സർക്കുലർ മുഖേനയും ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖാന്തരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ 20-12-2017-ലെ ഉ.പ.സി. 3/141/17/ഉ.ഭ.പ.വ. സർക്കുലർ മുഖേനയും നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമന അധികാരികൾക്കും 7-2-2018-ലെ ഉ.പ.സി. 3/536/17/ഉപഭവ. സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 നിയമനം**

46 (3170) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 നിയമനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 22-2-2018-ലെ 342/സി2/2017/ആ.കു.വ. കത്ത് പ്രകാരം പി.എസ്.സി. എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കത്തിന്റെ അടിസ്ഥാനത്തിൽ നിയമന നടപടികളുമായി മുന്നോട്ട് പോകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 22-2-2018-ലെ 342/സി2/2017/ആ.കു.വ. കത്തിൽ പരാമർശിക്കുന്ന വിഷയം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്. കമ്മീഷന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ലോക്കോ മോട്ടോ ഡിസെബിലിറ്റി-സെറിബ്രൽപാൾസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സർവ്വേയർ ഗ്രേഡ്-II ആയി നിയമനം

47(3171) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ സർവ്വേയർ ഗ്രേഡ് II ആയി നിയമിക്കപ്പെടുന്നതിന് 24-11-2015 ൽ കേരള പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് പ്രകാരം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഫോർ ഡി എ , കാറ്റഗറി നം. 645/2013, റാങ്ക് ലിസ്റ്റ് നമ്പർ 534/2015/SS VII) നിയമനത്തിനായി എത്ര പേർക്ക് പി.എസ്.സി. ശിപാർശക്കത്ത് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ലോക്കോ മോട്ടോ ഡിസെബിലിറ്റി-സെറിബ്രൽപാൾസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സർവ്വേയർ ഗ്രേഡ് II ആയി നിയമനം ലഭിക്കുന്നതിന് മതിയായ ഒഴിവുകൾ വാട്ടർ അതോറിറ്റിയിൽ നിന്ന് റിപ്പോർട്ട് ചെയ്ത് ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര ഒഴിവുകൾ എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ലോക്കോ മോട്ടോ ഡിസെബിലിറ്റി - സെറിബ്രൽപാൾസി വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. ഇതിനകം നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർവ്വേയർ ഗ്രേഡ് - II തസ്തികയിലേയ്ക്ക് ഒരു ഒഴിവാണ് റിപ്പോർട്ട് ചെയ്തിരുന്നത്. ടി ഒഴിവ് Hearing Impairment വിഭാഗത്തിന് സംവരണം ചെയ്യപ്പെട്ടിട്ടുള്ളതായതിനാലും റാങ്ക് പട്ടികയിൽ ടി വിഭാഗം ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും ആർക്കും നിയമന ശിപാർശ നല്കിയിട്ടില്ല.

(ബി&സി) പ്രസ്തുത വിഭാഗത്തെ പരിഗണിക്കുന്നതിനാവശ്യമായത്ര ഒഴിവുകൾ വാട്ടർ അതോറിറ്റിയിൽ നിന്നും എഴുതി അറിയിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ടി വിഭാഗത്തിൽ നിന്നും ആർക്കും നിയമന ശിപാർശ നൽകിയിട്ടുമില്ല.

## സർവ്വേയർ ഗ്രേഡ്-II പരീക്ഷയുടെ റാങ്ക് ലിസ്റ്റ്

48 (3172) <u>ശ്രീ. എ. എം. ആരിഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയർ ഗ്രേഡ് II (കാറ്റഗറി നമ്പർ 415/2015) പരീക്ഷയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നോ; ഇല്ലെങ്കിൽ എന്ന് നിലവിൽ വരും എന്ന് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റാങ്ക് പട്ടിക തയ്യാറാക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) കഴിഞ്ഞ ലിസ്റ്റിൽനിന്നും ഭിന്നശേഷി വിഭാഗത്തിനുള്ള (Unfilled Turn) 5 ഒഴിവുകൾ ഉൾപ്പെടെ 138 ഒഴിവുകൾ നിലവിലുണ്ട്.

**തുല്യ യോഗ്യതയിലൂടെ ജോലിയിൽ കയറുന്നവർക്ക് തുല്യ ശമ്പളം**

49 (3173) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദം അടിസ്ഥാന യോഗ്യതയായി പി.എസ്.സി. പരീക്ഷ മുഖാന്തരം ഗവൺമെന്റ് സർവ്വീസിൽ എത്തുന്ന എല്ലാ ജീവനക്കാർക്കും ഒരേ ശമ്പള സ്കെയിൽ തന്നെയാണോ നൽകുന്നത്;

(ബി) അല്ലെങ്കിൽ തുല്യ യോഗ്യതയിലൂടെ ജോലിയിൽ കയറുന്നവർക്ക് തുല്യ ശമ്പളം നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) അല്ല. തസ്തികയ്ക്ക് അനുസൃതമായ ശമ്പള സ്കെയിലാണ് നൽകുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഒന്നാം ഗ്രേഡ് ലൈബ്രറികളിൽ ഫ്രീ വൈഫൈ സൗകര്യം**

50 (3174) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഒന്നാം ഗ്രേഡ് ലൈബ്രറികളിലെല്ലാം ഫ്രീ വൈഫൈ സൗകര്യം ലഭ്യമാക്കുമെന്ന ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കുവാൻ വിവരസാങ്കേതികവിദ്യ വികസന വകുപ്പ് എത്ര തുകയാണ് നീക്കിവച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര തുക പദ്ധതി പ്രവർത്തനങ്ങൾക്കായി ഇതിനോടകം ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എത്ര ഒന്നാം ഗ്രേഡ് ലൈബ്രറികളിൽ ഫ്രീ വൈഫൈ സൗകര്യം ഈ പദ്ധതിയിലൂടെ ഇതിനകം ലഭ്യമാക്കിക്കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഓഫീസുകൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, ലൈബ്രറികൾ, മറ്റു പൊതു കേന്ദ്രങ്ങൾ മുതലായവയിൽ ആയിരം വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് വിവരസാങ്കേതികവിദ്യാ വകുപ്പ് പത്ത് കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പദ്ധതി നടത്തിപ്പ് ലഭിച്ചിട്ടുള്ള ബി.എസ്.എൻ.എൽ.-ന്റെ ചുമതലയിൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

(സി) പദ്ധതിയിൽ ഉൾപ്പെടുത്തി പത്തോളം ലൈബ്രറികളിൽ വൈഫൈ ഉപകരണങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. അവയുടെ പ്രവർത്തനക്ഷമത പരിശോധിച്ചു വരുന്നു.

**സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകാൻ നടപടി**

51 (3175) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഇരുപത് ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുമെന്നുള്ള ബജറ്റ് പ്രഖ്യാപന പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖാന്തരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) കെ ഫോൺ എന്ന പുതിയ സർക്കാർ സംരംഭം രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഇരുപത് ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുമെന്നുള്ള ബജറ്റ് പ്രഖ്യാപന പ്രകാരം സർക്കാർ വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ്‌വർക്ക് (കെ-ഫോൺ). പദ്ധതി നിർവ്വഹണത്തിനായി കേരള സ്റ്റേറ്റ് ഐ.ടി.

ഇൻഫ്രാസ്ടക്ചർ ലിമിറ്റഡും (കെ.എസ്.ഐ.ടി.ഐ.എൽ.) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും (കെ.എസ്.ഇ.ബി.) ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടെ ഒരു പുതിയ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കമ്പനിയുടെ രൂപീകരണത്തിനുവേണ്ടി കരട് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, ജോയിന്റ് വെൻച്വർ എഗ്രിമെന്റ് എന്നിവ അംഗീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ പുതിയ കമ്പനിയുടെ നടത്തിപ്പിനുവേണ്ടി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

(ബി) പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായതിനാൽ നിലവിൽ ആർക്കും കണക്ഷൻ നൽകിയിട്ടില്ല.

(സി) സംസ്ഥാന ഐ.ടി. വകുപ്പിന് കീഴിലുള്ള കമ്പനിയായ കെ.എസ്.ഐ.ടി.ഐ.എൽ. (കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്)-നെയാണ് പ്രാരംഭ ഘട്ടത്തിൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെ.എസ്.ഐ.ടി.ഐ.എൽ.-ഉം കെ.എസ്.ഇ.ബി.-യും ചേർന്ന് തുല്യഓഹരി പങ്കാളിത്തത്തോടുകൂടി ഒരു ജോയിന്റ് വെൻച്വർ കമ്പനി നിലവിൽ വരുന്നതോടെ ഈ കമ്പനിക്കായിരിക്കും തുടർന്നുള്ള പദ്ധതി നിർവ്വഹണ ചുമതല.

(ഡി) ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ്‌വർക്ക് (കെ-ഫോൺ). ഇതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ടക്ച്ചർ ലിമിറ്റഡും (കെ.എസ്.ഐ.ടി.ഐ.എൽ.), കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും (കെ.എസ്.ഇ.ബി.)-ഉം ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടെ ഒരു പുതിയ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി വഴി സംസ്ഥാനത്ത് 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും, മറ്റുള്ളവർക്ക് വളരെ കുറഞ്ഞ ചെലവിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, സംസ്ഥാനത്തെ 30000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സൗജന്യ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാവുന്നതും പ്രസ്തുത പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്.

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സാവധാനത്തിൽ പുരോഗമിക്കുന്നതിനുള്ള കാരണം

52(T 3176) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിശ്ചയിച്ച സമയത്ത് തന്നെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമോ എന്ന് അറിയിക്കുമോ;

(സി) സ്മാർട്ട് സിറ്റിയുടെ ബോർഡ് യോഗം അവസാനമായി ചേർന്നത് എപ്പോൾ; എവിടെയായിരുന്നു ; പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ എന്തായിരുന്നു; വിശദമാക്കാമോ;

(ഡി) ഐ.ടി. സമുച്ചയങ്ങൾ എത്ര ചതുരശ്ര അടി വിസ്തൃതിയിൽ നിർമ്മിക്കും എന്നായിരുന്നു സ്മാർട്ട് സിറ്റിയുടെ വാഗ്ദാനം എന്ന് വ്യക്തമാക്കുമോ;

(ഇ) ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ഇതുവരെ എത്ര ചതുരശ്ര അടി പൂർത്തിയായെന്ന് അറിയിക്കുമോ;

(എഫ്) നിർമ്മാണം വളരെ സാവധാനത്തിലാണ് പുരോഗമിക്കുന്നതെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സർക്കാരും ടീക്കോം ദുബായിയും ഒപ്പുവച്ചിട്ടുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡെവലപ്മെന്റ് പ്ലാൻ പ്രകാരമാണ് കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർമ്മാണ പൂർത്തീകരണം തിട്ടപ്പെടുത്തിയിരിക്കുന്നത്. പദ്ധതി എഗ്രിമെന്റ് പ്രകാരമുള്ള ക്ലോസ്സിങ്ങ് തീയതി നിശ്ചയിച്ചശേഷം 10 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(ബി) ഐ.ടി.-യുമായി ബന്ധപ്പെട്ട കൊമേഴ്സ്യൽ ഡെവലപ്മെന്റിന്റെ ഭാഗമായ 66 ലക്ഷം ച.അടി ബിൽഡപ്പ് ഏരിയ സമയബന്ധിതമായി പുരോഗമിക്കുന്നുണ്ട്. ഇത് 2021-ഓടെ പൂർത്തീകരിക്കപ്പെടുന്നതാണ്. നിർമ്മാണ രംഗത്തുണ്ടായിട്ടുള്ള ഇടിവും ഐ.ടി. രംഗത്തുള്ള മാന്ദ്യതയും കൂടുതൽ നിക്ഷേപത്തിനും പ്രോജക്ടിന്റെ ടൗൺഷിപ്പിലുള്ള ഭവന നിർമ്മാണത്തേയും ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും 3000 വിദ്യാർത്ഥികളെ ഉൾക്കൊള്ളാവുന്ന

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനം സ്മാർട്ട് സിറ്റി ടൗൺഷിപ്പിൽ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. 2018-ലെ സ്കൂൾ വർഷാരംഭത്തിൽ ഈ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡ് 21-2-2018-ൽ ദുബായിലുള്ള ദുബായ് ഹോൾഡിങ്ങിന്റെ ആസ്ഥാനത്തിൽ യോഗം ചേരുകയുണ്ടായി. ബോർഡ്, പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും പുരോഗതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ സ്മാർട്ട് സിറ്റി ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്ത് സ്ഥലം ലഭ്യമാക്കുക, കൂടാതെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാനുള്ള സ്ഥലത്തിന്റെ സമയക്രമം എന്നിവ ചർച്ച ചെയ്യുകയുണ്ടായി.

(ഡി) ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം 66 ലക്ഷം ച. അടി ഐ.ടി. സ്പേയ്സ് 2020-21 പീരിഡിൽ പൂർത്തീകരിക്കാൻ കഴിയും.

(ഇ) 6.5 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ആദ്യത്തെ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 20-ൽപരം ഐ.ടി. കമ്പനികളുടെ പ്രവർത്തനത്തിന് സജ്ജമാക്കിയിട്ടുണ്ട്. ഏകദേശം 55 ലക്ഷം ച.അടി വിസ്താരമുള്ള ഐ.ടി. മന്ദിരങ്ങളുടെ നിർമ്മാണം കോ-ഡെവലപ്പേഴ്സിന്റെ നേതൃത്വത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 2019 മുതൽ 2021 വരെയുള്ള കാലയളവിൽ ഈ കെട്ടിടങ്ങൾ ഘട്ടംഘട്ടമായി പൂർത്തീകരിക്കപ്പെടുന്നതാണ്.

(എഫ്) ഐ.ടി. രംഗത്തെ മാന്ദ്യം നിലനിൽക്കേ തന്നെ സ്മാർട്ട് സിറ്റിയിലെ ഐ.ടി. മന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പുരോഗമിക്കുന്നുണ്ട്. റസിഡൻഷ്യൽ ടൗൺഷിപ്പ് ഏരിയയിലെ പ്രവർത്തനത്തെ റിയൽ എസ്റ്റേറ്റ് മാന്ദ്യം ബാധിച്ചിട്ടുണ്ട്.

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുള്ളതായ റിപ്പോർട്ടുകൾ

53(3177) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി അടക്കം ദുബായിക്ക് പുറത്തുള്ള എല്ലാ പദ്ധതികളും ഉപേക്ഷിക്കാൻ സംരംഭകരായ ദുബായ് ഹോൾഡിങ്ങ്സ് കമ്പനി തീരുമാനിച്ചിട്ടുള്ളത് സംബന്ധമായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംരംഭകരുടെ ദുബായിലെ ഓഫീസ് പ്രവർത്തനം പൂർണ്ണമായും നിലച്ചതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(സി) പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ഈ സ്വപ്നപദ്ധതി സമയബന്ധിതമായി തന്നെ ആരംഭിക്കുവാനാകുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

സ്മാർട്ട് സിറ്റി - കൊച്ചി പ്രോജക്ടും സ്മാർട്ട് സിറ്റി - മാൾട്ട പ്രോജക്ടും, ദുബായ് ഹോൾഡിങ്ങിന്റെ നേതൃത്വത്തിൽ തുടർന്ന് പ്രവർത്തിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) സ്മാർട്ട് സിറ്റി, ദുബായ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കമ്പനി ലോകമെമ്പാടുമുള്ള സ്മാർട്ട് സിറ്റി കമ്പനികളുടെ ഹോൾഡിങ്ങ് കമ്പനിയായി, ദുബായ് ഹോൾഡിങ്ങിന്റെ റിയൽ എസ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

(സി) ആദ്യഘട്ടത്തിൽ 6.5 ലക്ഷം ച. അടി വിസ്താരമുള്ള ഐ.ടി. മന്ദിരം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ 30 ഏക്കറിൽ അടിസ്ഥാന സൗകര്യങ്ങളായ 7 കി.മീ. നാലുവരി പാതകളും, സർവ്വീസ് ട്രൻച്ചുകളും, ഡ്രെയിൻസ്, ബന്ധിപ്പിക്കുന്ന പാലം, സബ് സ്റ്റേഷനുകൾ, വൈദ്യുതി വിതരണ സൗകര്യങ്ങൾ, ജലവിതരണ സൗകര്യങ്ങൾ, നെറ്റ്‌വർക്ക് കണക്ടിവിറ്റി തുടങ്ങിയവയും പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ അനുസരിച്ച് രണ്ടാം ഘട്ടത്തിൽ 55 ലക്ഷം ച. അടി വിസ്താരത്തിൽ ഐ.ടി. മന്ദിരങ്ങളുടെ നിർമ്മാണം കോ-ഡെവലപ്പേഴ്സ് മുഖേന പുരോഗതിയിലാണ്. ഈ മന്ദിരങ്ങൾ ഘട്ടംഘട്ടമായി 2019-നും 2021-നും ഇടയ്ക്ക് പ്രവർത്തനസജ്ജമാകുന്നതാണ്.

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സം

54 (3178) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം സർക്കാർ ചെയ്യുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള എല്ലാ സഹായവും ഉറപ്പ് വരുത്തുന്നതിനും പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) അനുവദിച്ച ഭൂമിയുടെ അളവും കൈവശാവകാശം ലഭിച്ച ഭൂമിയുടെ വിസ്തൃതിയും തമ്മിൽ വ്യത്യാസം ഉണ്ടെന്ന് സ്മാർട്ട് സിറ്റി അധികൃതർ പരാതിപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കരാർ പ്രകാരം പദ്ധതി പൂർത്തീകരിക്കേണ്ടത് എന്നാണ്; പ്രസ്തുത സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് സർക്കാർ ഭാഗത്ത് നിന്നും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചി സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഫ്രെയിം വർക്ക് എഗ്രിമെന്റിൽ പറഞ്ഞിട്ടുള്ള പ്രകാരം ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. എന്നാൽ ടൗൺഷിപ്പ് നിർമ്മാണത്തെ റിയൽ എസ്റ്റേറ്റ് രംഗത്തുള്ള മാന്ദ്യം ബാധിച്ചിട്ടുണ്ട്.

(ബി) ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ സഹായവും ഉറപ്പുവരുത്തുന്നതിനും പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിനും പദ്ധതി പുരോഗതിയുടെ വേഗത ഉറപ്പുവരുത്തുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ നിയന്ത്രണത്തിൽ ഒരു നിരീക്ഷണ സംവിധാനം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയുടെ ശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും വിലയിരുത്തുവാനും വേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ യോഗത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

(സി) ഉണ്ട്. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ റീ-സർവ്വേ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ആയത് 2018 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കപ്പെടുകയും ചെയ്യും.

(ഡി) കേരള സർക്കാരും ടീക്കോം ദുബായിയും ഒപ്പുവച്ചിട്ടുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡെവലപ്മെന്റ് പ്ലാൻ പ്രകാരമാണ് കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർമ്മാണ പൂർത്തീകരണം തിട്ടപ്പെടുത്തിയിരിക്കുന്നത്. പദ്ധതി എഗ്രിമെന്റ് പ്രകാരമുള്ള ക്ലോസ്സിംഗ് തീയതി നിശ്ചയിച്ചശേഷം 10 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## സ്മാർട്ട് സിറ്റി പദ്ധതിയുടെ മാനേജ്മെന്റ് കൺസൾട്ടൻസി കമ്പനി

55 (3179) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ മാനേജ്മെന്റ് കൺസൾട്ടൻസിയായി തെരഞ്ഞെടുക്കപ്പെട്ട കമ്പനി ഏതാണെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം കമ്പനിയെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും തെരഞ്ഞെടുക്കപ്പെടുന്നതിന് അപേക്ഷിച്ചിരുന്ന കമ്പനികൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(സി) ഇപ്പോൾ സർക്കാർ തെരഞ്ഞെടുത്തിട്ടുള്ള കമ്പനി ആസാം ഗവൺമെന്റ് കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന കമ്പനിയാണെന്ന് തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിനുശേഷം സർക്കാർ സ്വീകരിച്ച നിലപാടുകൾ വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടില്ല. തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) QCBS (Quality and Cost Based Selection) 80:20 മാനദണ്ഡം മുഖേന two Cover E-tender Bid വഴി കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. മൂന്ന് കമ്പനികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

1. Wadia Techno Engg. Services Ltd. (Lead Bidder), Ideck, Avineon
2. Mahindra Consulting Engg. (Lead Bidder), PWC, L&T
3. IPE Global (Lead Bidder), JLL

(സി) Wadia Techno Engg. Services Ltd.-നെ ആസാം സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി വിവരം ലഭിച്ചതിനെ തുടർന്ന് കമ്പനിയുടെ വിശദീകരണം ആവശ്യപ്പെടുകയും, കമ്പനി മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശം ആരാഞ്ഞിട്ടുണ്ട്.

## ഡാറ്റാ സെന്റർ നിയന്ത്രണം സ്വകാര്യ മേഖലയിലേയ്ക്ക് മാറ്റുവാനുള്ള നീക്കം

56 (T 3180) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കൈകാര്യം ചെയ്യുന്ന ഡാറ്റാ സെന്ററിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഡാറ്റാ സെന്റർ സംസ്ഥാനത്തിന് പുറത്ത് ഏതെങ്കിലും ടെൻഡറുകളിൽ പങ്കെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഡാറ്റാ സെന്ററിനെ മുൻപ് റിലയൻസ് നിയന്ത്രിച്ചിരുന്നതുപോലെ വീണ്ടും സ്വകാര്യ മേഖലയിലേയ്ക്ക് മാറ്റുവാൻ ഐ.ടി.മിഷൻ തയ്യാറെടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഡാറ്റാ സെന്ററിനെ എന്തുകൊണ്ടാണ് ഐ.ടി. മിഷൻ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ വിഷയത്തിൽ ഐ.ടി.മിഷൻ സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ; നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഐ.ടി. വകുപ്പിന്റെ കീഴിൽ രണ്ട് ഡാറ്റാ സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്.

സെർവറുകളുടെ കോ-ലൊക്കേഷൻ, കോ-ഹോസ്റ്റിംഗ് സേവനങ്ങൾ, ആപ്ലിക്കേഷനുകൾ, വിവിധ വകുപ്പുകളുടെ സെർവർ ഹോസ്റ്റിങ്ങുകൾക്കുള്ള സഹായം, സെർവർ മോണിറ്ററിംഗ്, സിസ്റ്റം അഡ്മിനിസ്ട്രേഷൻ, ഡാറ്റാ ബേസ് അഡ്മിനിസ്ട്രേഷൻ, ഇ-മെയിൽ അഡ്മിനിസ്ട്രേഷൻ, പ്രോക്സി സർവ്വീസ് മാനേജ്മെന്റ്, വെബ് & ആപ്ലിക്കേഷൻ സെർവർ മാനേജ്മെന്റ് സേവനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഡാറ്റാ സെന്റർ നിർവ്വഹിച്ചുവരുന്നത്.

കോ-ബാങ്ക് ടവേഴ്സിൽ പ്രവർത്തിക്കുന്ന ഡാറ്റാ സെന്റർ -1-ന്റെ ദൈനംദിന നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് കെൽട്രോൺ കൈകാര്യം ചെയ്യുന്നത്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഡാറ്റാ സെന്റർ ടെൻഡറുകളിൽ പങ്കെടുക്കേണ്ടതായി വരുന്നില്ല. എന്നാൽ കെൽട്രോൺ സംസ്ഥാനത്തിന് പുറത്ത് വിവിധ ടെണ്ടറുകളിൽ പങ്കെടുക്കുകയും പൂനെ മുനിസിപ്പൽ കോർപ്പറേഷൻ CGRAPS പ്രോജക്ട് ഡാറ്റാ സെന്റർ, കൊൽക്കത്ത പോലീസിന്റെ IGVTDC പ്രോജക്ട് ഡാറ്റാ സെന്റർ, ബിദാൻ നഗർ മുനിസിപ്പൽ കോർപ്പറേഷൻ (BMC, West Bengal) ഡാറ്റാ സെന്റർ എന്നിവയുടെ നടത്തിപ്പിനും പരിപാലനത്തിനുമുള്ള ടെണ്ടറുകളിൽ യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്.

(സി) രണ്ട് ഡാറ്റാ സെന്ററുകളുടെയും ഓപ്പറേറ്റർമാരുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ഭരണനിർവ്വഹണ സൗകര്യാർത്ഥമാണ് രണ്ട് ഡാറ്റാ സെന്ററുകൾക്കും കൂടി ഒരു പൊതു ഓപ്പറേറ്ററെ തെരഞ്ഞെടുക്കുവാൻ തീരുമാനിക്കുകയും ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തത്. ടെണ്ടർ നടപടികളിൽ സ്വകാര്യ കമ്പനികൾ ഉൾപ്പെടെയുള്ളവർ പങ്കെടുക്കുകയും അതിൽ യോഗ്യതാ മാനദണ്ഡം പൂർണ്ണമായും പാലിച്ച കമ്പനിയെ തെരഞ്ഞെടുക്കാൻ ഐ.ടി. മിഷൻ ശിപാർശ ചെയ്യുകയുമാണുണ്ടായത്. ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(ഡി) ഡാറ്റാ സെന്റർ നടത്തിപ്പിനായുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികളിൽ നിന്നും കെൽട്രോണിനെ ഒഴിവാക്കിയിട്ടില്ല. എന്നാൽ സാങ്കേതിക യോഗ്യതാ നിർണ്ണയത്തിലും മറ്റു മാനദണ്ഡങ്ങളിലും നിശ്ചിത യോഗ്യത നേടുന്നതിൽ കെൽട്രോൺ വിജയിച്ചിരുന്നില്ല.

(ഇ) ഡാറ്റാ സെന്റർ നടത്തിപ്പിനായുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ഐ.ടി. മിഷൻ സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## സ്റ്റാർട്ടപ്പ് പദ്ധതികൾ നേരിടുന്ന പ്രതിസന്ധി

57 (3181) <u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് സ്വയം സംരംഭങ്ങൾ തുടങ്ങാനും പുതിയ മേഖലകൾ കണ്ടെത്താനുമായി ആരംഭിച്ച സ്റ്റാർട്ടപ് പദ്ധതികൾ പ്രതിസന്ധിയിലാണോ എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം വൻകിട മുതൽമുടക്കുള്ള 688 സ്റ്റാർട്ടപ്പുകൾ രാജ്യത്ത് തുടങ്ങിയപ്പോൾ അതിൽ കേരളത്തിന്റെ സംഭാവന തുലോം കുറവായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കഴിഞ്ഞവർഷം സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളിൽ ഉണ്ടായ നിക്ഷേപം എത്രയാണ്; വിജയകരമാകുന്ന സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്തിന് പുറത്തേക്ക് സ്ഥാപനം മാറ്റുന്നതിനുള്ള പ്രവണത വർദ്ധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സ്റ്റാർട്ടപ്പുകൾ വികസിപ്പിക്കുന്നതിന് സംസ്ഥാനത്ത് നിന്നും കഴിവുറ്റ ഉദ്യോഗാർത്ഥികൾ ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) സ്റ്റാർട്ടപ്പുകളുടെ പ്രതിസന്ധി പഠിച്ച് ഐ.റ്റി. നയത്തിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്റ്റാർട്ടപ്പ് പദ്ധതികളിൽ പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എഞ്ചിനീയറിംഗ് കോളേജുകളിൽ കൂടുതൽ ഇന്നവേഷൻ & എന്റർപ്രണർഷിപ്പ് സെന്ററുകൾ സ്ഥാപിക്കുകയും നിലവിലുള്ളവ ഉൾപ്പെടെ മികച്ച നിലയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

(ബി) വിദഗ്ദ്ധ ഏജൻസിയായ Tracxn-ന്റെ കണക്കുപ്രകാരം കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് 2015-ൽ ലഭ്യമായ നിക്ഷേപം 48 കോടിയോളം രൂപയും 2017-ലേത് 1000 കോടിയോളം രൂപയുമാണ്. ഇതിൽനിന്നും കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുന്ന നിക്ഷേപത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്.

(സി) Tracxn-ന്റെ കണക്കുപ്രകാരം 2017-ൽ സംസ്ഥാനത്ത് 1000 കോടിയോളം രൂപയുടെ നിക്ഷേപമുണ്ടായിട്ടുണ്ട്. സ്റ്റാർട്ടപ്പുകൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് പോകുന്ന പ്രവണത കുറഞ്ഞിട്ടുണ്ടെന്ന് മാത്രമല്ല മറ്റു മേഖലകളിൽ നിന്നും കേരളത്തിലേയ്ക്ക് മാറുന്ന പ്രവണത ഉണ്ടായിട്ടുമുണ്ട്.

(ഡി) സ്റ്റാർട്ടപ്പുകളായി മാറാവുന്ന 1200-ഓളം ആശയങ്ങൾ ഐഡിയ ഡേയിൽ പരിഗണിക്കുന്നതിനായി ലഭിച്ചിരുന്നു. അതിൽ 112 ആശയങ്ങൾക്ക് വിപണന സാധ്യതയുള്ള ഉല്പന്നമായി മാറുന്നതിന് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഇതിൽനിന്നും സ്റ്റാർട്ടപ്പുകൾ വികസിപ്പിക്കുന്നതിന് കഴിവുള്ളവരുടെ ലഭ്യതയിൽ യാതൊരു കുറവുമില്ല എന്ന് കാണാവുന്നതാണ്.

(ഇ) സ്റ്റാർട്ടപ്പ് പദ്ധതികളിൽ പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ മേഖലയിലെ മാറ്റങ്ങൾ നിരന്തരം നിരീക്ഷിക്കുകയും സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി നയത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തുന്നതിനും പുതിയ ഐ.ടി. നയത്തിൽ വ്യവസ്ഥയുണ്ട്.

## കാസർഗോഡ് റീഹാബിലിറ്റേഷൻ വില്ലേജിന്റെ നിർമ്മാണം

58 (3182) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന റീഹാബിലിറ്റേഷൻ വില്ലേജിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; ഇതിനായി എത്ര ഏക്കർ സ്ഥലമാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത വില്ലേജിൽ ദുരിതബാധിതർക്കായി എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കുമോ;

(സി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ദുരിതബാധിതർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും തുക ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ഡി) 2011 ജനവരി മാസം ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശപ്രകാരം ദുരിതബാധിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും തുക ഈടാക്കിയിരുന്നോ; പ്രസ്തുത തുക ദുരിതബാധിതർക്ക് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ;

(ഇ) നിലവിൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള അർഹരായ ദുരിതബാധിതരെ കണ്ടെത്തി സഹായം അനുവദിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) കാസർഗോഡ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന റീഹാബിലിറ്റേഷൻ വില്ലേജിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കാസർഗോഡ് ജില്ലാ കളക്ടർ സമർപ്പിച്ച 25 കോടി രൂപയുടെ സമഗ്രമായ പ്രോജക്ട് പ്രൊപ്പോസൽ വിശദമായ എസ്റ്റിമേറ്റും പ്ലാനും (ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുഖാന്തരം തയ്യാറാക്കിയത്) സർക്കാർ പരിശോധിച്ചുവരുന്നു. മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ

മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്ന റീഹാബിലിറ്റേഷൻ വില്ലേജിൽ വിദഗ്ദ്ധ ആരോഗ്യ പരിപാലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, തൊഴിൽ പരിശീലനം, വ്യക്ത്യാധിഷ്ഠിതമായ ശാരീരിക മാനസിക വികസനത്തിനുള്ള കോഴ്സുകൾ, ഷോർട്ട് സ്റ്റേ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിലുള്ളത്. കൂടാതെ, Library, Recreation Room, Physiotherapy, Discussion Room, Vocational Rehabilitation Facility, Dining Hall, Kitchen, Garden, Gym and Consultation room എന്നീ സൗകര്യങ്ങളും ഒരുക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിൽനിന്ന് ദുരിതബാധിതർക്ക് ധനസഹായം നൽകുന്നതിന് ജില്ലാ ഭരണകൂടത്തിന് ഫണ്ട് ലഭിച്ചിട്ടില്ല.

(ഡി) കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി 53.105 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശയുടെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, എൻഡോസൾഫാൻ ദുരിതംമൂലം മരണപ്പെട്ടവരുടെ ആശ്രിതർ, ശാരീരിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ എന്നീ വിഭാഗങ്ങൾക്ക് പ്രസ്തുത തുക ഉപയോഗിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഇ) സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് വഴിയാണ് കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം ദുരിതബാധിതരെ കണ്ടെത്തുന്നത്. പ്രസ്തുത മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് എല്ലാവർക്കും അവസരം നൽകുന്നുണ്ട്. ഇനിയും പട്ടികയിൽ ഉൾപ്പെടാത്തവർ ഉണ്ടോ എന്നുള്ള വിവരങ്ങൾ മെഡിക്കൽ ക്യാമ്പിലൂടെ മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ.

**ദേവികുളം താലൂക്കിൽ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായം**

59 (3184) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയാണ് നല്കിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ആയത് സംബന്ധിച്ച വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം താലൂക്കിൽ 1,13,83,000(ഒരു കോടി പതിമൂന്നുലക്ഷത്തി എൺപത്തി മൂവായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വില്ലേജ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## ഫാറൂഖിന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കാൻ നടപടി

60 (3185) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ സൗദിയിലെ യമൻ അതിർത്തി പ്രവിശ്യയായ ജിസാനിൽ ഷെൽ ആക്രമണത്തിൽ മരണപ്പെട്ട എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി പനയപ്പിള്ളി തായലക്കളത്തിൽ ഫാറൂഖിന്റെ കുടുംബത്തിന് നാളിതുവരെ യാതൊരു സഹായവും ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ;

(ബി) കുടുംബത്തിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്ത് അർഹമായ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2015-ൽ സൗദിയിലെ യമൻ അതിർത്തി പ്രവിശ്യയായ ജിസാനിൽ ഷെൽ ആക്രമണത്തിൽ മരണപ്പെട്ട എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി പനയപ്പിള്ളി തായലക്കളത്തിൽ ഫാറൂഖിന്റെ ഭാര്യ നാദിറ ധനസഹായത്തിന് വേണ്ടി സമർപ്പിച്ച അപേക്ഷ റിയാദിലെ ഇന്ത്യൻ എംബസ്സിയുടെ പരിഗണനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ സാന്ത്വന പദ്ധതി പ്രകാരം മരണമടഞ്ഞ പ്രവാസികളുടെ അനന്തരാവകാശിക്ക് നൽകുന്ന ധനസഹായത്തിനുവേണ്ടിയുള്ള അപേക്ഷ നോർക്ക റൂട്ട്സ് മുഖേന സമർപ്പിക്കുവാൻ ശ്രീമതി നാദിറയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ

61 (3187) ശ്രീ. മുരളി പെരുനെല്ലി
ശ്രീ. പി. വി. അൻവർ
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ദുരിതാശ്വാസനിധിയിൽ നിന്നും ഭൂരഹിതർക്കും ഭവനരഹിതർക്കും വീട് നിർമ്മിച്ച് കൊടുക്കുന്നതിനുള്ള ധനസഹായം കൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനകൾ വിപുലപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മാരകരോഗങ്ങൾക്ക് ചികിത്സാ ധനസഹായം, അപകട മരണങ്ങൾക്ക് ഇരയായവരുടെ ആശ്രിതർക്ക് ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത വീടുകൾക്കും ചെറുകിടകച്ചവട സ്ഥാപനങ്ങൾക്കും തീപിടുത്തത്തിൽ നാശനഷ്ടം ഉണ്ടായാൽ ധനസഹായം, കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം തുടങ്ങിയവയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പ്രധാനമായും നൽകി വരുന്നത്. ധനസഹായത്തിന് അപേക്ഷ നൽകുന്നതിനുള്ള അപേക്ഷകന്റെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകളായ 6 മാസത്തിനകം എടുത്ത മെഡിക്കൽ സർട്ടിഫിക്കറ്റ്, അപകടമരണം സംബന്ധിച്ച കേസ്സുകളിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ., മരണ സർട്ടിഫിക്കറ്റ് തുടങ്ങിയവയും ഹാജരാക്കേണ്ടതാണ്. അപകടമരണം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ നൽകിയിരിക്കണം. മുഖ്യമന്ത്രി, റവന്യൂ മന്ത്രി, ജില്ലാ കളക്ടർ, റവന്യൂ സ്പെഷ്യൽ സെക്രട്ടറി എന്നിവർക്ക് ഒരാൾക്ക് അനുവദിക്കാവുന്ന തുകയുടെ പരിധി യഥാക്രമം 3,00,000 രൂപ, 25,000 രൂപ, 10,000 രൂപ, 15,000 രൂപ എന്നിവയായി നിശ്ചയിച്ചിട്ടുണ്ട്. അനുവദിക്കുന്ന തുക നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പരിധിയിൽ സംസ്ഥാനത്തെ ഭൂരഹിത-ഭവനരഹിതർക്ക് വീട് വച്ചു നൽകുന്ന പദ്ധതി (ലൈഫ് മിഷൻ) കൂടി ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി സ്കീം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കുള്ള സംഭാവനകൾ വിപുലപ്പെടുത്തുന്നതിനായി 'ഓഖി ദുരന്തം' പോലുള്ള പ്രത്യേകവും അടിയന്തരവുമായ സാഹചര്യങ്ങളിൽ പത്ര-ദൃശ്യ-നവ മാധ്യമങ്ങളിലൂടെ മുഖ്യമന്ത്രി/ചീഫ് സെക്രട്ടറി തലത്തിൽ അഭ്യർത്ഥന പുറപ്പെടുവിക്കാറുണ്ട്.

## ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട്

62 (3188) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ ഗ്രീൻഫീൽഡ് എയർപോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ സാധ്യതാ പഠനം നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി 25-4-2017-ൽ സമർപ്പിച്ച സ്ഥല പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ചെറുവള്ളി എസ്റ്റേറ്റിനെ സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലവിലുണ്ടോ;

(ഡി) സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം സർക്കാർ ഭൂമിയായ ചെറുവള്ളി എസ്റ്റേറ്റ് സംബന്ധിച്ച് കോടതിയുടെ പരിഗണനയിലുള്ള കേസ്സ് വേഗത്തിൽ തീർപ്പാക്കുന്നതിനും നഷ്ടപരിഹാരം നൽകാതെ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ഇതിലേയ്ക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാദ്ധ്യതാ പഠനം നടത്തുന്നതിന് 21-2-2017-ലെ സ.ഉ. (കൈ.)13/2017/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോ

ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും M/s. Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുത്ത് 25-9-2017-ലെ സ.ഉ.(കൈ.) 76/2017/ ഗതാഗത നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റായി കെ.എസ്.ഐ.ഡി.സി. ധാരണാപത്രം ഒപ്പിടുകയും പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി & ഡി) സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം സർക്കാർ ഭൂമിയായ ചെറുവള്ളി എസ്റ്റേറ്റ് സംബന്ധിച്ച കേസ്സിന്റെ അന്തിമവാദം ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുൻപാകെ പുരോഗമിച്ചുവരികയാണ്.

## കൊച്ചി മെട്രോ റെയിൽ പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ട വ്യാപാരികൾക്കുള്ള പാക്കേജ്

63(3189) ശ്രീ. എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിക്കായി പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുന്നതിന് മുമ്പായി കുടിയൊഴിക്കപ്പെട്ട വ്യാപാരികൾക്ക് പാക്കേജ് പ്രഖ്യാപിച്ചതിനുശേഷം ഉള്ള നഷ്ടപരിഹാരം നൽകുവാൻ സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര വ്യാപാരികളെയാണ് ബാനർജി റോഡ് വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഒഴിപ്പിച്ചിട്ടുള്ളത്;

(സി) ഇവർക്ക് അർഹമായ പുനരധിവാസ പാക്കേജ് നൽകാമെന്ന സർക്കാർ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കൊച്ചി മെട്രോ റെയിൽ പദ്ധതിക്കായി ബാനർജി റോഡ് വികസനത്തിന് വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട 28 വ്യാപാരികൾക്ക് Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 പ്രകാരമുള്ള ഉയർന്ന നഷ്ടപരിഹാര പാക്കേജ് അനുവദിക്കുന്നതിന് 7-8-2017-ൽ ചേർന്ന State Level Empowered Committee (SLEC) യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

## കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

64(3190) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി കാര്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനം എടുക്കാത്ത സാഹചര്യത്തിൽ ഡി.എം.ആർ.സി. അതിന്റെ ഓഫീസ് പ്രവർത്തനം അവസാനിപ്പിച്ചതായി അറിയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വൈകുന്നതിൽ ശ്രീ. ഇ. ശ്രീധരൻ അതൃപ്തി അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതൃപ്തി അറിയിച്ചിട്ടും ആവശ്യമായ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോടിന്റെ വികസന കുതിപ്പിനും നഗരത്തിലെ ഗതാഗത കുരുക്കിനും പരിഹാരമാകുമായിരുന്ന ഈ പദ്ധതിയോട് അവഗണന കാണിക്കുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ&ബി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ ജോലികൾ വൈകുന്നതിലുള്ള ആശങ്ക ഡി.എം.ആർ.സി.-യുടെ മുഖ്യ ഉപദേഷ്ടാവ് അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയത്തിന് അനുസൃതമായി ഡി.എം.ആർ.സി. പുതുക്കി സമർപ്പിച്ച ലൈറ്റ് മെട്രോ പദ്ധതിയുടെ രൂപരേഖ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത രേഖ പരിശോധിക്കുന്നതിന് ധനകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ പരിശോധനയ്ക്കുശേഷം സംസ്ഥാന സർക്കാർ അംഗീകാരത്തോടെ കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതാണ്.

(സി) ലൈറ്റ് മെട്രോ പദ്ധതിയോട് സർക്കാർ അവഗണന കാണിച്ചിട്ടില്ല. ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവന ചെയ്തിട്ടുള്ള പദ്ധതിയായതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## അന്തർ സംസ്ഥാന നദീജല കരാറും ജലനഷ്ടവും

65 (3191) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മുതൽ 2018 വരെയുള്ള വർഷങ്ങളിൽ പി.എ.പി. കരാർ അനുസരിച്ച് കേരളത്തിന് മണക്കടവിൽ ലഭിച്ച ജലമെത്ര; കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാത്തതിനാൽ ഉണ്ടായ ജലനഷ്ടവും കൃഷി നാശവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ജലനഷ്ടവും കൃഷി നഷ്ടവും വകവെച്ചു കിട്ടുന്നതിന് തമിഴ്നാടിനെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) 20-11-1959-ൽ തമിഴ് നാട് മുഖ്യമന്ത്രി 4240/J -59 -9 നമ്പറായി കേരള ഗവർണർക്കയച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്തിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) കരാറിന് വിരുദ്ധമായി നീരാർ, ആനമലയാർ, ഷോളയാർ എന്നിവടങ്ങളിൽനിന്നും തമിഴ്നാട് അധികജലം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ 2005 മുതൽ ഓരോവർഷവും തമിഴ്നാട് എടുത്ത അധികജലം എത്ര;

(ഇ) ഇപ്രകാരം അധികജലം അനധികൃതമായി തമിഴ്നാട് എടുത്താൽ കേരളത്തിന് അത് നിയന്ത്രിക്കാമെന്ന തമിഴ്നാട് മുഖ്യമന്ത്രിയുടെ മുൻ സൂചിപ്പിച്ച കത്ത് പ്രകാരമുള്ള എന്തെങ്കിലും നടപടികൾ കേരളം സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2013-14 ജലവർഷം മുതൽ 2017-18 ജലവർഷം ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ പി.എ.പി. കരാർ അനുസരിച്ച് മണക്കടവ് വിയറിൽ ലഭിച്ച ജലവും ഉണ്ടായ ജലനഷ്ടവും താഴെ പട്ടികയിൽ കൊടുക്കുന്നു:

| ജലവർഷം | കരാർ പ്രകാരം ലഭിക്കേണ്ട ജലം (എം.സി.എഫ്.ടി. യിൽ) | ലഭിച്ച ജലം (എം.സി.എഫ്.ടി. യിൽ) | ജലനഷ്ടം (എം.സി.എഫ്.ടി. യിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 2013-2014 | 7250 | 7521 | ഇല്ല |
| 2014-2015 | 7250 | 7467 | ഇല്ല |

| (1) | (2) | (3) | (4) |
|---|---|---|---|
| 2015-2016 | 7250 | 7292 | ഇല്ല |
| 2016-2017 | 7250 | 4378 | 2872 |
| **2017-2018 ഫെബ്രുവരി 28 വരെ | 5870 | 5263 | 607 |

**2017-18 ജലവർഷത്തിൽ 2017 ഡിസംബർ 16-നുശേഷമുള്ള കണക്കുകൾ തമിഴ്നാടുമായി റീകൺസൈൽ ചെയ്യേണ്ടതുണ്ട്. പി.എ.പി. കരാർ പ്രകാരം വെള്ളം ലഭിക്കാത്തതിനാൽ 2016-17 കാലയളവിൽ പാലക്കാട് ജില്ലയിൽ 97.26458 കോടി രൂപയുടെയും തൃശ്ശൂർ ജില്ലയിൽ 2.1849592 കോടി രൂപയുടെയും കൃഷി നാശം ഉണ്ടായതായി കണക്കാക്കുന്നു.

(ബി) 2012-13 ജലവർഷത്തിൽ, തമിഴ്നാട് പി.എ.പി.-യിൽ നടത്തിയ കരാർ ലംഘനങ്ങൾക്കെതിരെ സുപ്രീംകോടതിയിൽ കേരളം അസൽ അന്യായം (O.S.No.2/2013) ഫയൽ ചെയ്തിട്ടുണ്ട്. ഈ ഹർജിയിൽ വൈദ്യുതോൽപ്പാദനരംഗത്തും കാർഷിക മേഖലയിലുമായി കേരളത്തിന് ഉണ്ടായ നഷ്ടം യഥാക്രമം 39,26,00,000 രൂപയും 16,86,22,548 രൂപയും കണക്കാക്കി ആകെ 56,12,22,548 രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ തുടർനടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. തുടർന്നുള്ള ജലവർഷങ്ങളിൽ കരാർ ലംഘനം മൂലമുണ്ടായ നാശനഷ്ടങ്ങൾ നിലവിലുള്ള കേസ്സിന്റെ വാദത്തോട് ചേർത്ത് ഉന്നയിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്.

(സി) 20-11-1959-ൽ തമിഴ്നാട് മുഖ്യമന്ത്രി, കേരള ഗവർണർക്ക് അയച്ചതായി പറയുന്ന കത്തിന്റെ ഫോട്ടോസ്റ്റാറ്റ് (നമ്പർ 4240-41/59-9) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, എന്നാൽ ഇതിന്റെ അസൽ ലഭ്യമല്ല. ഇത് കണ്ടുപിടിക്കുന്നതിനുള്ള ശ്രമം നടത്തി വരുന്നു.

(ഡി) കരാറിന് വിരുദ്ധമായി ആനമലയാറിൽ നിന്നും തമിഴ്നാട് അധികജലം എടുത്തിട്ടില്ല. കരാറിലെ ഷെഡ്യൂൾ III 'സാമ്പത്തിക വ്യവസ്ഥകൾ' അനുസരിച്ച് തമിഴ്നാട് ഷോളയാറിന്റെ തനതു നീരൊഴുക്കിൽ നിന്നും തമിഴ്നാടിന് എടുക്കാവുന്ന ജലം 2.5 ടി.എം.സി.എഫ്.ടി. ആണ്. എന്നാൽ ചില ജലവർഷങ്ങളിൽ തമിഴ്നാട് 2.5 ടി.എം.സി.എഫ്.ടി.-യിൽ അധിക ജലം പദ്ധതിയിലേയ്ക്ക് തിരിച്ചുവിട്ടിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

| ജലവർഷം | തമിഴ്നാട് ഷോളയാറിന്റെ തനത് നീരൊഴുക്കിൽ നിന്നും തമിഴ്നാട് തിരിച്ചുവിട്ട അധിക ജലം (ടി.എം.സി.എഫ്.ടി. യിൽ) |
|---|---|
| 2004-05 | 2.064 |
| 2007-08 | 9.169 |
| 2009-10 | 1.067 |
| 2011-12 | 2.052 |
| 2013-14 | 8.522 |
| 2014-15 | 3.229 |
| 2015-16 | 1.145 |
| 2016-17 | 0.853 |

കരാറിലെ ഷെഡ്യൂൾ III ' സാമ്പത്തിക വ്യവസ്ഥകൾ ' അനുസരിച്ച് ഒരു ജലവർഷത്തിൽ അപ്പർ നീരാർ വിയറിൽനിന്നും ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന ആകെ ജലം 9 ടി.എം.സി.എഫ്.ടി.-യാണ്. കരാറിലെ ഷെഡ്യൂൾ II പാരഗ്രാഫ് I(ii)(a) പ്രകാരം ഒരു ജലവർഷത്തിൽ ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാർ വിയറിലെ തനതു നീരൊഴുക്ക് കേരളത്തിന് അവകാശപ്പെട്ടതാണ്. എന്നാൽ (2004-05) മുതലുള്ള ചില ജലവർഷങ്ങളിൽ തമിഴ്നാട് 9 ടി.എം.സി.-യിൽ അധികം ജലം (ജൂലൈ 1 മുതൽ സെപ്റ്റംബർ 30 വരെ; ഫെബ്രുവരി 1 മുതൽ ജൂൺ 30 വരെ കാലയളവിൽ) അപ്പർനീരാർ വിയറിൽനിന്നും പറമ്പിക്കുളം ആളിയാർ പദ്ധതിയിലേയ്ക്ക് തിരിച്ചുവിട്ടിട്ടുണ്ട്. ഇതിന്റെ കണക്കുകൾ താഴെ കൊടുക്കുന്നു:

| ജലവർഷം | അപ്പർനീരാർ വിയറിൽ നിന്നും തിരിച്ചുവിട്ട അധിക ജലം (ടി.എം.സി.എഫ്.ടി.-യിൽ) |
|---|---|
| 2005-06 | 6.871 |
| 2006-07 | 1.156 |
| 2007-08 | 2.088 |
| 2009-10 | 1.123 |
| 2010-11 | 0.147 |
| 2014-15 | 0.173 |

(ഇ) അനധികൃതമായി തമിഴ്നാട് ജലം എടുത്താൽ കേരളത്തിന് അത് നിയന്ത്രിക്കാം എന്നതിനെ അടിസ്ഥാനപ്പെടുത്തി 22-12-2017-ലെ 99-ാമത് സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ, കേരളത്തിന് കരാർ പ്രകാരം മുഴുവൻ ജലവും ലഭ്യമാക്കുവാൻ തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. പി.എ.പി. ഒരു അന്തർ സംസ്ഥാന കരാറായതിനാൽ കത്തിലെ സൂചനകൾ പ്രകാരമുള്ള നടപടികൾ ഉന്നതതല ചർച്ചകളുടെയും നിയമപരമായ നടപടികളുടെയും അടിസ്ഥാനത്തിൽ നടത്തുന്നതിനാണ് സർക്കാർ ശ്രമിച്ചു വരുന്നത്.

## പറമ്പിക്കുളം - ആളിയാർ പദ്ധതി പ്രകാരമുള്ള ജലം

66 (3192) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ പ്രകാരമുള്ള ജലം കേരളത്തിന് പൂർണ്ണമായി ലഭിക്കുന്നതിന് വേണ്ടി സംസ്ഥാനം നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

അന്തർ സംസ്ഥാന നദീജല കരാറുകളിൽ കേരളത്തിന്റെ താൽപ്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനുവേണ്ടി ഭരണപരവും നിയമപരവുമായ എല്ലാ സാദ്ധ്യതകളും സംസ്ഥാനം ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിന് പ്രധാനമായും ജലം ലഭിക്കുന്ന പി.എ.പി. കരാറിന്റെ കാര്യത്തിൽ കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ യഥാസമയം കൊണ്ടുവരികയും സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തു വരുന്നു. ഇതിനു പുറമെ കേരള ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും സർക്കാരും പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജലവർഷത്തിൽ നിരവധി കത്തുകൾ അയച്ചിട്ടുണ്ട്.

നടപ്പ് (2017-18) ജല വർഷത്തിന്റെ തുടക്കം മുതൽ തന്നെ പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)യിൽ നിന്ന് അവകാശപ്പെട്ട ജലം പരമാവധി നേടിയെടുത്ത് ജലക്ഷാമം പരിഹരിക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെ തുടർന്ന് 23-11-2017-ന് ജോയിന്റ് ഡയറക്ടർ ജെ.ഡബ്ല്യൂ.ആർ. ഡിവിഷൻ, പാലക്കാട്, തമിഴ്നാടിന്റെ പറമ്പിക്കുളം-ആളിയാർ ബേസിൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുമായി നടത്തിയ ചർച്ചയിൽ, 20-12-2017-ന് മുമ്പായി 500 എം.സി.എഫ്.ടി. ജലം പറമ്പിക്കുളം ഡാമിൽനിന്നും ആളിയാർ ഡാമിൽ എത്തിക്കാമെന്ന് തമിഴ്നാട് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ യോഗ തീരുമാനമനുസരിച്ചുള്ള ജലം പറമ്പിക്കുളം ഡാമിൽനിന്നും ആളിയാർ ഡാമിലെത്തിച്ചിട്ടുണ്ട്.

കേരളവും തമിഴ്നാടും തമ്മിലുള്ള വിവിധ അന്തർ സംസ്ഥാന ജല വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ 19-1-2018-ന് തിരുവനന്തപുരത്ത് ബന്ധപ്പെട്ട സെക്രട്ടറിമാർ തമ്മിലുള്ള ഒരു ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചയ്ക്ക് സമാന്തരമായി ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ ഒരു എക്സ്ട്രാ ഓർഡിനറി മീറ്റിംഗ് ചേരുകയും ഈ ചർച്ചയിൽ 2018 ഫെബ്രുവരി 15 വരെ 400 ക്യൂസക്സ് എന്ന തോതിൽ മണക്കടവ് വിയറിൽ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയുണ്ടായി.

20-2-2018-ൽ ഹൈദരാബാദിൽ ചേർന്ന ദക്ഷിണ സംസ്ഥാനങ്ങളുടെ ആദ്യ പ്രാദേശിക സമ്മേളനത്തിൽ പി.എ.പി. സംബന്ധിച്ച കേരളത്തിന്റെ വാദങ്ങൾ അംഗീകരിച്ച ബഹുമാനപ്പെട്ട കേന്ദ്ര ജലവിഭവ സഹമന്ത്രി, കരാർ വ്യവസ്ഥകൾ പാലിക്കുന്നതിനും കരാർ പ്രകാരം കേരളത്തിനർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനും തമിഴ്നാടിനോട് നിർദ്ദേശിക്കുകയുണ്ടായി.

ഇതിനുപുറമേ 26-2-2018-ന് തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ കേരളത്തിന്റെ ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ പാലക്കാടിന്റെ ജോയിന്റ് ഡയറക്ടറും, തമിഴ്നാടിന്റെ ജലവിഭവ വകുപ്പ് കോയമ്പത്തൂർ റീജിയണൽ ചീഫ് എഞ്ചിനീയറും തമ്മിൽ പി.എ.പി.-യിൽ നിലവിൽ ലഭ്യമായ ജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ചർച്ച നടക്കുകയുണ്ടായി. ഈ ചർച്ചയിൽ കേരളത്തിന് പി.എ.പി.-യിൽ നിന്ന് ജലം വിട്ടുനൽകാമെന്ന് തമിഴ്നാട് സമ്മതിക്കുകയുണ്ടായി. ഈ യോഗത്തിൽ 2018 മാർച്ച് 1 വരെ മണക്കടവ് വിയറിൽ 400 ക്യൂസക്സ് എന്ന തോതിലും, 2018 മാർച്ച് 1 മുതൽ മാർച്ച് 15 വരെ 300 ക്യൂസക്സ് എന്ന തോതിലും ജലം ലഭ്യമാക്കാമെന്ന് തമിഴ്നാട് സമ്മതിക്കുകയുമുണ്ടായി. തുടർന്നുള്ള ജലവിതരണം മാർച്ച് 15-ന് മുമ്പായി ചേരാവുന്ന ഉന്നതതല യോഗത്തിൽ തീരുമാനിക്കാമെന്നും ധാരണയായി. ജലവിതരണത്തിൽ കുറവു വന്ന സന്ദർഭങ്ങളിൽ തമിഴ്നാട് മുഖ്യമന്ത്രിയുടെ ഇടപെടൽ ആവശ്യപ്പെട്ട് നിരവധി കത്തുകൾ അയച്ചിരുന്നു.

## പറമ്പിക്കുളം ആളിയാർ കരാർ ലംഘനങ്ങൾ

67 (3193) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ അനുസരിച്ച് പറമ്പിക്കുളം തുണക്കടവ്-പെരുവരിപ്പള്ളം ഡാമുകളുടെ നിർമ്മാണചെലവ് സംബന്ധിച്ച് കേരളവും തമിഴ്നാടും ഏത് അനുപാതത്തിൽ വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) കരാറിൽ പറമ്പിക്കുളം സിസ്റ്റവുമായി ബന്ധപ്പെടുത്തി ഡാമുകളിലെ 1970 മുതൽ 10 വർഷത്തെ ജലലഭ്യതയുടെ ശരാശരി തിട്ടപ്പെടുത്തി അനുപാതമനുസരിച്ചുള്ള ജലം കേരളത്തിന് ലഭ്യമാക്കണമെന്നുള്ള വ്യവസ്ഥ എല്ലാ വർഷങ്ങളിലും കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പത്ത് വർഷത്തെ ശരാശരിയുടെ അടിസ്ഥാനത്തിൽ വെള്ളം ലഭിച്ചിട്ടില്ലെങ്കിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പി.എ.പി. കരാറിലെ ജെ.ഡബ്ല്യു.ആർ. ബോർഡിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും എന്താണെന്ന് കരാറിലെ വ്യവസ്ഥയനുസരിച്ച് വ്യക്തമാക്കാമോ; കരാറുമായി ബന്ധപ്പെട്ട ഡാമുകളിലേയ്ക്കും നദികളിലേക്കും ജല സംഭരണ വിതരണം എന്നിവ കരാറിൽ നിഷ്കർഷിച്ച പ്രകാരം നടപ്പിലാക്കുന്നുണ്ടോ; നടപ്പിലാക്കുന്നില്ലെങ്കിൽ കഴിഞ്ഞ വർഷക്കാലയളവിൽ കേരളത്തിന്റെ വൈദ്യുതിയുടെയും ജലത്തിന്റെയും നഷ്ടം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) കരാർ പ്രകാരമുള്ള ജലവിഭജനം ജെ. ഡബ്ല്യു. ആർ. ബോർഡ് മാത്രം വിതരണം ചെയ്യണമെന്ന വ്യവസ്ഥ ഉറപ്പാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിൽ പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഡാമുകളുടെ നിർമ്മാണ പരിപാലന ചെലവുകളുടെ നേർപകുതി തമിഴ്നാടും കേരളവും തമ്മിൽ യഥാക്രമം 61:5 എന്ന അനുപാതത്തിൽ വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി & സി) പറമ്പിക്കുളം സിസ്റ്റവുമായി ബന്ധപ്പെടുത്തി ഡാമുകളിലെ 1970 മുതൽ 10 വർഷത്തെ ജലലഭ്യതയുടെ ശരാശരി തിട്ടപ്പെടുത്തി, കരാറിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് ജലം കേരളത്തിന് ലഭ്യമാക്കണമെന്ന് കേരളം, സംയുക്ത ജലക്രമീകരണ ബോർഡ് യോഗങ്ങളിൽ തമിഴ്നാടിനോട്

ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബോർഡ് യോഗങ്ങളിൽ ഇതുസംബന്ധിച്ച് തീരുമാനമാകാതെ വന്നപ്പോൾ കരാർ പുനരവലോകനം ചെയ്യുന്നതിനായി കേരള സർക്കാർ 1988-ൽ തമിഴ്നാടിന് കൈമാറിയ മെമ്മോറാണ്ടത്തിൽ കേരളം ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി. കൂടാതെ ഉഭയതല ചർച്ചകളിൽ കേരളം ഈ ആവശ്യം നിരന്തരം ഉന്നയിച്ചു വരുന്നു.

(ഡി) കേരളത്തിലേയും തമിഴ്നാട്ടിലേയും ജലസേചന-വൈദ്യുതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്. കേരളത്തിലേയും തമിഴ്നാടിന്റേയും ചീഫ് എഞ്ചിനീയർമാർ ഓരോ വർഷവും മാറിമാറി ചെയർമാൻ ആയി function ചെയ്യുന്നതാണ്.

കരാറിലെ വ്യവസ്ഥയനുസരിച്ച് (ഷെഡ്യൂൾ V പാരഗ്രാഫ് (2)) ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും താഴെ കൊടുക്കുന്നു:

2 a) ആനമലയാർ, നീരാർ വിയർ, ലോവർ നീരാർ റിസർവോയർ, തമിഴ്നാട് ഷോളയാർ, കേരള ഷോളയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം, ആളിയാർ എന്നീ റിസർവോയറുകളിലേയും മണക്കടവ് വിയറിലേയും കരാറനുസരിച്ചുള്ള ജലവിതരണവും നിയന്ത്രണവും ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ ഉത്തരവാദിത്വമാണ്.

b) തിരുമൂർത്തി റിസർവോയറിലേയ്ക്ക് ഒഴുകി ചേരുന്ന കോണ്ടൂർ കനാലിൽ ഇന്റർസെപ്റ്റ് ചെയ്യുന്ന ആളിയാർ വൃഷ്ടിപ്രദേശത്തെ നീരൊഴുക്ക് നിർണ്ണയം, ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ ഉത്തരവാദിത്തത്തിൽപ്പെടുന്നു.

3 a) പദ്ധതിയിൽപ്പെടുന്ന എല്ലാ നദികളിലേയും ഒഴുക്കിന്റെ സംയുക്ത അളവെടുപ്പ്, നീരൊഴുക്ക് നിർണ്ണയം എന്നിവ അടിയന്തരമായി ചെയ്യേണ്ടത് ബോർഡിന്റെ ചുമതലയാണ്.

b) മുകളിൽ പ്രതിപാദിച്ചിട്ടുള്ള റിസർവോയറുകളിൽ നിന്നും വിയറുകളിൽ നിന്നും കരാർ അനുസരിച്ച് എങ്ങനെ എപ്പോൾ ജലം പുറത്ത് വിടണം/വിതരണം ചെയ്യണം എന്നതിനെക്കുറിച്ച് തീരുമാനമെടുക്കേണ്ടത് ജെ.ഡബ്ല്യൂ.ആർ. ബോർഡാണ്.

c) ബോർഡിൽ എടുക്കുന്ന തീരുമാനങ്ങൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരിലൂടെ ബോർഡ് നടപ്പാക്കേണ്ടതാണ്.

d) നിശ്ചിത കാലയളവിൽ റിസർവോയറിൽനിന്നും/വിയറിൽനിന്നും എത്ര വെള്ളം പുറത്തേയ്ക്ക് വിട്ടു എന്ന് നിർണ്ണയിക്കേണ്ടത് ജെ.ഡബ്ല്യൂ.ആർ. ബോർഡാണ്.

e) ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും പദ്ധതിയിലെ വിവിധ ഗേജിംഗ് പോയിന്റുകളിലെ ദ്വൈവാര കണക്കുകൾ സ്വീകരിച്ച് അവ ജെ.ഡബ്ല്യൂ.ആർ. ബോർഡ് അംഗീകരിക്കേണ്ടതാണ്.

f) വിവിധ റിസർവോയറുകളിൽ സ്ഥാപിച്ചിട്ടുള്ള 'സർപ്ലസ് ഗേറ്റുകളുടെ ' പ്രവർത്തനത്തിനും നിയന്ത്രണത്തിനും ആവശ്യമായ നിയമാവലി, ജലപ്രളയം ഉണ്ടാകുമ്പോൾ ഷട്ടർ ഓപ്പറേഷനുവേണ്ടി പാലിക്കേണ്ട നിയമാവലി എന്നിവയ്ക്ക് ജെ.ഡബ്ല്യൂ.ആർ. ബോർഡ് രൂപം കൊടുക്കേണ്ടതുണ്ട്. ഇപ്രകാരം ചെയ്യുമ്പോൾ താഴെ സ്ഥിതി ചെയ്യുന്ന നിർമ്മിതികളുടെ സുരക്ഷ കൂടി പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. മുൻകരുതലുകൾ എടുക്കുന്നതിൽ എന്തെങ്കിലും പിഴവുണ്ടാവുകയോ/ കൃത്യസമയത്ത് മുന്നറിയിപ്പ് നൽകാതെ വരുകയോ ചെയ്താൽ ജെ.ഡബ്ല്യൂ.ആർ. ബോർഡ് അന്വേഷണം നടത്തി ഇരു സംസ്ഥാന ഗവൺമെന്റുകൾക്കും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

g) മുകളിൽ പറഞ്ഞ ചുമതലകളുമായി ബന്ധപ്പെട്ട് ഇരു ഗവൺമെന്റുകളും ബോർഡിനോട് ആവശ്യപ്പെടുന്ന ചുമതലകൾ കൂടി ജെ.ഡബ്ല്യൂ.ആർ. ബോർഡ് നിർവ്വഹിക്കേണ്ടതുണ്ട്.

കരാറിൽ നിഷ്കർഷിച്ച പ്രകാരം ജലവിതരണം നടത്തുന്നതിന് സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ തീരുമാനമെടുക്കാറുണ്ടെങ്കിലും, തമിഴ്നാട് പലപ്പോഴും അത് പാലിക്കാറില്ല.

കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കഴിയുന്നത്ര നേടിയെടുക്കാറുണ്ട്. ഇത് ഫലവത്തായില്ലെങ്കിൽ സർക്കാരിന്റെ ശ്രദ്ധയിൽ പ്രശ്നങ്ങൾ യഥാസമയം കൊണ്ടുവരികയും സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തുവരുന്നു.

2004-05 ജലവർഷം മുതൽ 2016-17 ജലവർഷം വരെ കേരള ഷോളയാറിലും മണക്കടവ് വിയറിലും ഉണ്ടായ ജലനഷ്ടത്തിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു:

| ജലനഷ്ടം | മണക്കടവ് വിയര്‍ | | കേരള ഷോളയാര്‍ പവര്‍ഹൗസ് | |
|---|---|---|---|---|
| | ലഭിച്ച ജലം (എം. സി.എഫ്.ടി.) | ജലനഷ്ടം (എം. സി.എഫ്.ടി.) | ലഭിച്ച ജലം (എം. സി.എഫ്.ടി.) | ജലനഷ്ടം (എം. സി.എഫ്.ടി.) |
| 2004-05 | 5866 | 1384 | 15260 | 0 |
| 2005-06 | 6680 | 570 | 14921 | 0 |
| 2006-07 | 7877 | 0 | 13821 | 0 |
| 2007-08 | 6836 | 414 | 13118 | 0 |
| 2008-09 | 7618 | 0 | 12347 | 0 |
| 2009-10 | 7581 | 0 | 12307 | 0 |
| 2010-11 | 7759 | 0 | 12334 | 0 |
| 2011-12 | 7812 | 0 | 12321 | 0 |
| 2012-13 | 5574 | 1676 | 10663 | 1637 |
| 2013-14 | 7521 | 0 | 12950 | 0 |
| 2014-15 | 7467 | 0 | 12725 | 0 |
| 2015-16 | 7292 | 0 | 11114 | 1186 |
| 2016-17 | 4378 | 2872 | 8204 | 4096 |

2012-13-ല്‍ 49.446 ദശലക്ഷം യൂണിറ്റ്, 2015-16-ല്‍ 36.44 ദശലക്ഷം യൂണിറ്റ്, 2016-17-ല്‍ 121.03 ദശലക്ഷം യൂണിറ്റ് എന്നീ അളവില്‍ വൈദ്യുതി നഷ്ടം ഉണ്ടായിട്ടുണ്ട്.

(ഇ) കരാര്‍ പ്രകാരം, ജലവിഭജനം, ജലവിതരണം എന്നിവ സംബന്ധിച്ച് സംയുക്ത ജലക്രമീകരണ ബോര്‍ഡിന് തീരുമാനമെടുക്കാം. സംയുക്ത ജലക്രമീകരണ ബോര്‍ഡ് യോഗങ്ങളില്‍ കേരളം, ശക്തമായ വാദങ്ങള്‍ ഉന്നയിക്കുന്നതുവഴി, കരാര്‍ പ്രകാരം കേരളത്തിന് അര്‍ഹതപ്പെട്ട ജലം ലഭ്യമാക്കാന്‍ ബോര്‍ഡ് തീരുമാനമെടുക്കാറുണ്ട്. എന്നാല്‍ ഈ തീരുമാനം പലപ്പോഴും തമിഴ്നാട് ലംഘിക്കാറുണ്ട്.

കേരളത്തിന് പി.എ.പി. കരാര്‍ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജലക്രമീകരണ ബോര്‍ഡിന്റെ (ജെ.ഡബ്ല്യൂ.ആര്‍.ബി.) യോഗങ്ങളില്‍ ശക്തമായ വാദമുഖങ്ങള്‍ ഉയര്‍ത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥര്‍ കഴിയുന്നത്ര നേടിയെടുക്കാറുണ്ട്. ഇത് ഫലവത്തായില്ലെങ്കില്‍ സര്‍ക്കാരിന്റെ ശ്രദ്ധയില്‍

പ്രശ്നങ്ങൾ യഥാസമയം കൊണ്ടുവരികയും സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തുവരുന്നു.

## പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് ജലം കേരള ഷോളയാർ വരെ എത്തിക്കുന്നതിനുണ്ടായ നഷ്ടം

68(3194) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാറിൽ നിശ്ചയിച്ച പ്രകാരം കേരള ഷോളയാർ ഡാമിൽ നിറയ്ക്കുന്നതിനും നിലനിർത്തുന്നതിനും കഴിഞ്ഞ ജലവർഷങ്ങളിൽ തമിഴ്നാട്ടിൽ നിന്നും ആവശ്യമായ ജലം വിട്ടുകിട്ടിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2005 മുതൽ 2018 വരെ കേരള ഷോളയാർ ഡാമിൽ ജനുവരി,ഫെബ്രുവരി, മാർച്ച്,ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽ ലഭിച്ച ജലവിതരണ കണക്കുകൾ ലഭ്യമാക്കാമോ;

(സി) പറമ്പിക്കുളം-ആളിയാർ കരാറിൽ നിശ്ചയിച്ച പ്രകാരമുള്ള അളവിൽ കേരള ഷോളയാർ ഡാമിൽ ജലം ലഭിക്കാത്തതിനാൽ കേരളത്തിനുണ്ടായ ജലനഷ്ടം, വൈദ്യുതിനഷ്ടം, കൃഷിനഷ്ടം എന്നിവയുടെ വർഷം തിരിച്ചുള്ള കണക്കുകൾ 2005 മുതൽ 2018 വരെയുള്ളത് ക്രോഡീകരിച്ച് നല്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) (1970-71 മുതൽ 2016-17 വരെ) കഴിഞ്ഞ എല്ലാ ജലവർഷങ്ങളിലും കേരള ഷോളയാർ ഡാം നിറയ്ക്കുന്നതിനും കരാർ പ്രകാരമുള്ള നിശ്ചിത ജല നിരപ്പുകൾ നിലനിർത്തുന്നതിനും ആവശ്യമായ ജലം പി.എ.പി.യിൽ നിന്ന് ലഭ്യമായിട്ടില്ല.

1970-71 മുതൽ 2016-17 വരെ ജല വർഷങ്ങളിൽ കേരള ഷോളയാർ പവർഹൗസിൽ ലഭ്യമായ ജലവും സെപ്റ്റംബർ 1-ലേയും ഫെബ്രുവരി 1 -ലേയും റിസർവോയറിലെ ജലനിരപ്പും അനുബന്ധമായി ചേർക്കുന്നു.*

(ബി) 2004-05 മുതലുള്ള ജലവർഷങ്ങളിൽ ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽ കേരള ഷോളയാർ പവർഹൗസിൽ ലഭിച്ച ജലത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2005 മുതൽ 2018 വരെയുള്ള കാലയളവിൽ കേരളത്തിനുണ്ടായ ജലനഷ്ടം അനുബന്ധമായി ചേർക്കുന്നു.* 2005-06 മുതൽ 2011-12 വരെയുള്ള കാലഘട്ടങ്ങളിൽ കേരള ഷോളയാറിൽ ആവശ്യമുള്ള ജലം (12300 ദശലക്ഷം ഘന അടി) ലഭ്യമായിട്ടുണ്ട്. എന്നാൽ തമിഴ്നാട്, 2012-13, 2015-16, 2016-17 ജലവർഷങ്ങളിൽ ജലം അധികമായി എടുത്തിട്ടുണ്ട്. അതുമൂലം 2012-13-ൽ 49.446 ദശലക്ഷം യൂണിറ്റ്, 2015-16-ൽ 36.18 ദശലക്ഷം യൂണിറ്റ്, 2016-17-ൽ 121.03 ദശലക്ഷം യൂണിറ്റ് എന്നീ ക്രമത്തിൽ സംസ്ഥാനത്തിന് ഊർജ്ജനഷ്ടം ഉണ്ടായിട്ടുണ്ട്.

കാർഷിക രംഗത്ത് പാലക്കാട് ജില്ലയിൽ 2012-13 സാമ്പത്തിക വർഷം 16,86,22,548 രൂപയുടേയും 2016-17 സാമ്പത്തിക വർഷം 97,26,45,800 രൂപയുടേയും തൃശ്ശൂർ ജില്ലയിൽ 2018-ൽ 2,18,49,592 രൂപയുടേയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. മറ്റ് വർഷങ്ങളിലെ കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.

## പറമ്പിക്കുളം-ആളിയാർ കരാർ നടപ്പാക്കുന്നതിലെ അപാകതകളും നടപടികളും

69 (3195) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മുതൽ 2018 വരെയുള്ള വർഷങ്ങളിൽ പറമ്പിക്കുളം ആളിയാർ കരാറനുസരിച്ച് എത്ര വെള്ളമാണ് കേരളത്തിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കരാറനുസരിച്ച് വെള്ളം ലഭിക്കാത്തതിനാൽ മേൽ വർഷങ്ങളിൽ ഉണ്ടായ കൃഷിയുടെ നഷ്ടം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

(സി) ജലനഷ്ടവും കൃഷിനഷ്ടവും ഉണ്ടായതിന് പരിഹാരം നൽകുന്നതിന് കരാർലംഘനം നടത്തിയതിന്റെ പേരിൽ തമിഴ് നാടിനെതിരെ ഇന്നുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) ഈ വിഷയത്തിൽ ഇനി എടുക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2005-06 മുതൽ 2016-17 വരെ ജലവർഷങ്ങളിൽ കേരളത്തിന് പി.എ.പി.-യിൽ നിന്ന് ലഭ്യമായ ജലത്തിന്റെ അളവ് അനുബന്ധമായി ചേർക്കുന്നു.* നടപ്പ് (2017-18) ജലവർഷത്തിൽ 2018 ഫെബ്രുവരി അവസാനം വരെ മണക്കടവ് വിയറിൽ 5263 എം.സി.എഫ്.ടി. ജലവും, കേരള ഷോളയാറിൽ 6553 എം.സി.എഫ്.ടി. ജലവും അപ്പർ നീരാർ വിയറിൽനിന്നും 2017 ഒക്ടോബർ 1 മുതൽ 2018 ജനുവരി 31 വരെ 1014 എം.സി.എഫ്.ടി. ജലവും ലഭിച്ചിട്ടുണ്ട്.

(ബി) കാർഷിക രംഗത്ത് പാലക്കാട് ജില്ലയിൽ 2012-13 സാമ്പത്തിക വർഷം 16,86,22,548 രൂപയുടെയും 2016-17 സാമ്പത്തിക വർഷം 97,26,45,800 രൂപയുടെയും തൃശ്ശൂർ ജില്ലയിൽ 2018-ൽ 2,18,49,592 രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. മറ്റ് വർഷങ്ങളിലെ കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തിയ കരാർ വ്യവസ്ഥാ ലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഉഭയകക്ഷി ചർച്ചകളിലും കേരളം ഇക്കാര്യം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. നിലവിലെ കരാറിൽ, കരാർ ലംഘനങ്ങൾക്കെതിരായി നഷ്ടപരിഹാരം ലഭ്യമാക്കുവാനുള്ള വ്യവസ്ഥയില്ല.

എന്നാൽ 2012-13 ജലവർഷത്തിൽ, തമിഴ്നാടിന്റെ, പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ 16-4-2013-ന് ബഹു. സുപ്രീംകോടതിയിൽ ഒരു അസ്സൽ അന്യായവും (2 ഓഫ് 2013), ഒരു ഇടക്കാല ഹർജിയും (1 ഓഫ് 2013) കേരളം ഫയൽ ചെയ്യുകയുണ്ടായി. ഈ ഹർജിയിൽ വൈദ്യുതോല്പാദനരംഗത്തും കാർഷികമേഖലയിലുമായി കേരളത്തിന് ഉണ്ടായ നഷ്ടം യഥാക്രമം 39,26,00,000 രൂപയും 16,86,22,548 രൂപയും കണക്കാക്കി ആകെ 56,12,22,548 രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. കേസ്സിന്റെ തുടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

(ഡി) കരാർ ലംഘനങ്ങൾ അപ്പോൾ തന്നെ തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും പരിഹാര നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുന്നതും കൂടാതെ ഉഭയകക്ഷി ചർച്ചകൾ തമിഴ്നാടുമായി തുടരാനുമാണ് തീരുമാനം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പറമ്പിക്കുളം-ആളിയാർ കരാറിലെ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ ചുമതലകൾ

70(3196) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാറിലെ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കരാറുമായി ബന്ധപ്പെട്ട ഡാമുകളിലെയും നദികളിലെയും ജലസംഭരണം വിതരണം എന്നീ കാര്യങ്ങളിൽ കരാറിൽ നിഷ്കർഷിച്ച പ്രകാരമുള്ള ചുമതലകൾ ജെ. ഡബ്ല്യ. ആർ. ബോർഡ് നിർവഹിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കഴിഞ്ഞ പത്ത് വർഷകാലയളവിനിടയിൽ കേരളത്തിനുണ്ടായ ജലത്തിന്റെയും വൈദ്യുതിയുടെയും നഷ്ടമെത്രയെന്ന കണക്കുകൾ ലഭ്യമാക്കാമോ; ഈ നഷ്ടം വകയിരുത്തിക്കിട്ടുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) പറമ്പിക്കുളം-ആളിയാർ കരാർ വ്യവസ്ഥകൾ തമിഴ്നാട് നിർബാധം ലംഘിക്കുമ്പോൾ ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യം ജെ. ഡബ്ല്യ. ആർ. ബോർഡിലെ ഉദ്യോഗസ്ഥർക്ക് വേണ്ടത്ര പ്രവർത്തന സ്വാതന്ത്ര്യം ഇല്ലാത്തതിനാൽ ഷോളയാറിലും മണക്കടവിലും കേരളത്തിന് ലഭിക്കേണ്ട വെള്ളത്തിൽ കുറവുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജെ. ഡബ്ല്യ. ആർ. ബോർഡിലെ ഉദ്യോഗസ്ഥർക്ക് വേണ്ടത്ര പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പുവരുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലേയും തമിഴ്നാട്ടിലേയും ജലസേചന-വൈദ്യുതി വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നാലംഗ സമിതിയാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ്. കരാറിലെ വ്യവസ്ഥയനുസരിച്ച് (ഷെഡ്യൂൾ V പാരഗ്രാഫ് (2) ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും താഴെ കൊടുക്കുന്നു.

2 a) ആനമലയാർ, നീരാർ വിയർ, ലോവർ നീരാർ റിസർവോയർ, തമിഴ്നാട് ഷോളയാർ, കേരള ഷോളയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം, ആളിയാർ എന്നീ റിസർവോയറുകളിലേയും മണക്കടവ് വിയറിലേയും കരാറനുസരിച്ചുള്ള ജലവിതരണവും നിയന്ത്രണവും ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ ഉത്തരവാദിത്വമാണ്.

b) തിരുമൂർത്തി റിസർവോയറിലേയ്ക്ക് ഒഴുകി ചേരുന്ന കൊണ്ടൂർ കനാലിൽ ഇന്റർസെപ്റ്റ് ചെയ്യുന്ന ആളിയാർ വൃഷ്ടിപ്രദേശത്തെ നീരൊഴുക്ക് നിർണ്ണയം, ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ ഉത്തരവാദിത്വത്തിൽ പ്പെടുന്നു.

3 a) പദ്ധതിയിൽ പെടുന്ന എല്ലാ നദികളിലേയും ഒഴുക്കിന്റെ സംയുക്ത അളവെടുപ്പ്, നീരൊഴുക്ക് നിർണ്ണയം എന്നിവ അടിയന്തരമായി ചെയ്യേണ്ടത് ബോർഡിന്റെ ചുമതലയാണ്.

b) മുകളിൽ പ്രതിപാദിച്ചിട്ടുള്ള റിസർവോയറുകളിൽ നിന്നും വിയറുകളിൽ നിന്നും കരാർ അനുസരിച്ച് എങ്ങനെ എപ്പോൾ ജലം പുറത്ത് വിടണം/ വിതരണം ചെയ്യണം എന്നതിനെക്കുറിച്ച് തീരുമാനമെടുക്കേണ്ടത് ജെ.ഡബ്ല്യൂ.ആർ. ബോർഡാണ്.

c) ബോർഡിൽ എടുക്കുന്ന തീരുമാനങ്ങൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരിലൂടെ ബോർഡ് നടപ്പാക്കേണ്ടതാണ്.

d) നിശ്ചിത കാലയളവിൽ റിസർവോയറിൽനിന്നും/വിയറിൽനിന്നും എത്ര വെള്ളം പുറത്തേയ്ക്ക് വിട്ടു എന്ന് നിർണ്ണയിക്കേണ്ടത് ജെ.ഡബ്ല്യൂ.ആർ. ബോർഡാണ്.

e) ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും പദ്ധതിയിലെ വിവിധ ഗേജിംഗ് പോയിന്റുകളിലെ ദ്വൈവാര കണക്കുകൾ സ്വീകരിച്ച് അവ ജെ.ഡബ്ല്യൂ.ആർ. ബോർഡ് അംഗീകരിക്കേണ്ടതാണ്.

f) വിവിധ റിസർവോയറുകളിൽ സ്ഥാപിച്ചിട്ടുള്ള 'സർപ്ലസ് ഗേറ്റുകളുടെ' പ്രവർത്തനത്തിനും നിയന്ത്രണത്തിനും ആവശ്യമായ നിയമാവലി, ജലപ്രളയം ഉണ്ടാകുമ്പോൾ ഷട്ടർ ഓപ്പറേഷനുവേണ്ടി പാലിക്കേണ്ട നിയമാവലി എന്നിവയ്ക്ക് ജെ.ഡബ്ല്യൂ.ആർ. ബോർഡ് രൂപം കൊടുക്കേണ്ടതുണ്ട്. ഇപ്രകാരം ചെയ്യുമ്പോൾ താഴെ സ്ഥിതി ചെയ്യുന്ന നിർമ്മിതികളുടെ സുരക്ഷ കൂടി പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. മുൻകരുതലുകൾ എടുക്കുന്നതിൽ എന്തെങ്കിലും പിഴവുണ്ടാവുകയോ/

കൃത്യസമയത്ത് മുന്നറിയിപ്പ് നൽകാതെ വരുകയോ ചെയ്താൽ ജെ.ഡബ്ല്യൂ.ആർ. ബോർഡ് അന്വേഷണം നടത്തി ഇരു സംസ്ഥാന ഗവൺമെന്റുകൾക്കും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

g) മുകളിൽ പറഞ്ഞ ചുമതലകളുമായി ബന്ധപ്പെട്ട് ഇരു ഗവൺമെന്റുകളും ബോർഡിനോട് ആവശ്യപ്പെടുന്ന ചുമതലകൾ കൂടി ജെ.ഡബ്ല്യൂ.ആർ. ബോർഡ് നിർവ്വഹിക്കേണ്ടതുണ്ട്.

(ബി) കരാറിൽ നിഷ്കർഷിച്ച പ്രകാരം ജലവിതരണം നടത്തുന്നതിന് സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ തീരുമാനമെടുക്കാറുണ്ടെങ്കിലും, തമിഴ്നാടിന്റെ നിസ്സഹകരണം കാരണം പലപ്പോഴും അത് നടപ്പാക്കാൻ കഴിയാറില്ല.

(സി) 2007-08 മുതൽ 2016-17 വരെ പത്ത് ജലവർഷങ്ങളിൽ കേരളത്തിന് പി.എ.പി.-യിൽനിന്ന് മണക്കടവ് വിയറിൽ ലഭിച്ച ജലവും ഉണ്ടായ ജലനഷ്ടവും കേരള ഷോളയാറിൽ ലഭിച്ച ജലവും ഉണ്ടായ ജലനഷ്ടവും കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു:

| ജലവർഷം | കരാർ പ്രകാരം മണക്കടവ് വിയറിൽ ലഭിക്കേണ്ട ജലം (എം.സി.എഫ്.ടി.) യിൽ | മണക്കടവ് വിയറിൽ ലഭിച്ച ജലം (എം.സി.എഫ്.ടി.) യിൽ | മണക്കടവ് വിയറിലെ ജലനഷ്ടം (എം.സി.എഫ്.ടി.) യിൽ | കരാർ പ്രകാരം കേരള ഷോളയാറിൽ ലഭിക്കേണ്ട ജലം (എം.സി.എഫ്.ടി.) യിൽ | കേരള ഷോളയാറിൽ ലഭിച്ച ജലം (എം.സി.എഫ്.ടി.) യിൽ | കേരള ഷോളയാറിലെ ജലനഷ്ടം (എം.സി.എഫ്.ടി.) യിൽ |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 2007-08 | 7250 | 6836 | 414 | 12300 | 13118 | ഇല്ല |
| 2008-09 | 7250 | 7618 | ഇല്ല | 12300 | 12347 | ഇല്ല |
| 2009-10 | 7250 | 7581 | ഇല്ല | 12300 | 12307 | ഇല്ല |
| 2010-11 | 7250 | 7759 | ഇല്ല | 12300 | 12334 | ഇല്ല |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 2011-12 | 7250 | 7812 | ഇല്ല | 12300 | 12321 | ഇല്ല |
| 2012-13 | 7250 | 5574 | 1676 | 12300 | 10663 | 1637 |
| 2013-14 | 7250 | 7521 | ഇല്ല | 12300 | 12950 | ഇല്ല |
| 2014-15 | 7250 | 7467 | ഇല്ല | 12300 | 12725 | ഇല്ല |
| 2015-16 | 7250 | 7292 | ഇല്ല | 12300 | 11114 | 1186 |
| 2016-17 | 7250 | 4378 | 2872 | 12300 | 8204 | 4096 |

2012-13, 2015-16, 2016-17 ജലവർഷങ്ങളിൽ തമിഴ്നാട് ജലം അധികമായി എടുത്തിട്ടുണ്ട്. അതുമൂലം 2012-13-ൽ 49.446 ദശലക്ഷം യൂണിറ്റ്, 2015-16-ൽ 36.44 ദശലക്ഷം യൂണിറ്റ്, 2016-17-ൽ 121.03 ദശലക്ഷം യൂണിറ്റ് എന്നീ ക്രമത്തിൽ കേരള സംസ്ഥാനത്തിന് ഊർജ്ജ നഷ്ടം ഉണ്ടായിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തിയ കരാർ വ്യവസ്ഥാലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഉഭയകക്ഷി ചർച്ചകളിലും കേരളം ഇക്കാര്യം ശക്തമായി ഉന്നയിച്ചിട്ടുണ്ട്.

2012-13 ജലവർഷത്തിൽ, തമിഴ്നാടിന്റെ, പി.എ.പി. കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ 16-4-2013-ന് ബഹു. സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 ഓഫ് 2013), ഒരു ഇടക്കാല ഹർജിയും (1 ഓഫ് 2013) ഫയൽ ചെയ്യുകയുണ്ടായി. ഈ ഹർജിയിൽ വൈദ്യുതോല്പാദനരംഗത്തും കാർഷിക മേഖലയിലുമായി കേരളത്തിന് ഉണ്ടായ നഷ്ടം യഥാക്രമം 39,26,00,000 രൂപയും 16,86,22,548 രൂപയും കണക്കാക്കി ആകെ 56,12,22,548 രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. കേസ്സിന്റെ തുടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. തുടർന്നുള്ള ജലവർഷങ്ങളിൽ കരാർ ലംഘനം മൂലമുണ്ടായ നാശനഷ്ടങ്ങൾ നിലവിലുള്ള കേസ്സിന്റെ വാദത്തോട് ചേർത്ത് ഉന്നയിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്.

(ഡി) പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ പ്രവർത്തനവും പരിപാലനവും തമിഴ്നാടാണ് നടത്തിവരുന്നത്. ആയതിനാൽ ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് ജെ.ഡബ്ല്യൂ.ആർ.ബി. യോഗങ്ങളിൽ ഇരു സംസ്ഥാനങ്ങളും സംയുക്തമായി എടുക്കുന്ന പല തീരുമാനങ്ങളും തമിഴ്നാട് നടപ്പാക്കാറില്ല. ഇത് കേരളത്തിന് കരാറനുസരിച്ചുള്ള ജലവിഹിതം നിഷേധിക്കപ്പെടുന്നതിന് പ്രത്യേകിച്ച് ജലലഭ്യതക്കുറവുള്ള വർഷങ്ങളിൽ കാരണമാകുന്നു.

അന്തർസംസ്ഥാന നദീജല വിഷയങ്ങളിൽ അയൽ സംസ്ഥാനങ്ങളുമായിട്ടുള്ള പ്രശ്നങ്ങളിലും തർക്കങ്ങളിലും ചർച്ചകളിലൂടെ പരിഹാരം കാണുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ആയതിനാൽ കരാർ ലംഘനങ്ങൾ ഉണ്ടാകുമ്പോൾ ആദ്യം തന്നെ കടുത്ത നടപടികൾ സ്വീകരിക്കാതെ ചർച്ചകളിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള സാധ്യത പരിശോധിക്കണമെന്ന നിർദ്ദേശമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത്. ഈ നയത്തിലൂന്നൽ നൽകിക്കൊണ്ട് സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായിട്ടുള്ള പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇതുകൊണ്ട് പ്രശ്നപരിഹാരം സാദ്ധ്യമായില്ലെങ്കിൽ സർക്കാർ ഇത്തരം വിഷയങ്ങളിൽ കാര്യക്ഷമമായി ഇടപെട്ടുവരുന്നുണ്ട്.

(ഇ) അന്തർസംസ്ഥാന നദീ ജലകരാറുകളിൽ കേരളത്തിന്റെ താൽപ്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനുവേണ്ടി ഭരണപരവും നിയമപരവുമായ എല്ലാ സാദ്ധ്യതകളും സംസ്ഥാനം ഉപയോഗപ്പെടുത്തുന്നുണ്ട്. ഇനിയുള്ള ഉഭയകക്ഷി ചർച്ചകളിൽ സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി.) പ്രവർത്തനക്ഷമത കൂടുതൽ ശക്തിപ്പെടുത്താനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താൻ പരമാവധി ശ്രമിക്കുന്നതായിരിക്കും.

**നോൺ ജേണലിസ്റ്റുകളുടെ പെൻഷൻ വിതരണം**

71 (3197) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തന മേഖലയിൽ ജോലി ചെയ്തിരുന്ന നോൺ ജേണലിസ്റ്റുകളുടെ പെൻഷൻ വിതരണ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) 2013 മുതലുള്ള അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്ന പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പെൻഷൻ പ്രശ്നം പരിഹരിക്കുന്നതിന് പെൻഷൻ കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ടോ; ആയതിന്റെ ഘടന വ്യക്തമാക്കുമോ;

(സി) ഈ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ; കമ്മിറ്റിയുടെ ശിപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 ഡിസംബർ വരെയുള്ള പെൻഷനും ആശ്രിത പെൻഷനും വിതരണം ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 2018 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെൻഷൻ പദ്ധതിയുടെ നടത്തിപ്പിനായി പെൻഷൻ കമ്മിറ്റി രൂപവത്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. *

(സി) ഈ കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റിയുടെ ആദ്യത്തെ സിറ്റിംഗ് 2018 ഏപ്രിൽ 3-ാം തീയതി ചേരുവാൻ തീരുമാനമായിട്ടുണ്ട്. തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് കമ്മിറ്റി ലഭ്യമാക്കുന്ന ശിപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## സൗദ്യ അറേബ്യയിലെ സ്വദേശിവൽക്കരണത്തിന്റെ ഫലമായി മടങ്ങിയെത്തുന്നവർ

72(3198) <u>ശ്രീ. കെ. സി. ജോസഫ് :</u>
<u>ശ്രീ. പി. ടി. തോമസ് :</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ :</u>
<u>ശ്രീ. അനിൽ അക്കര :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിലെ ചെറുകിട വ്യവസായ-വാണിജ്യ മേഖലകളിൽ സമ്പൂർണ്ണ സ്വദേശിവൽക്കരണം ഈ വർഷം സെപ്റ്റംബറിൽ നടപ്പിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലയാളികൾ ധാരാളമായി പ്രവൃത്തിയെടുക്കുന്ന പ്രസ്തുത മേഖലകളിലെ സ്വദേശിവൽക്കരണം മലയാളികളുടെ കൂട്ടത്തോടെയുള്ള ഒഴിഞ്ഞു പോക്കലിന് ഇടയാക്കുമോ;

(സി) എങ്കിൽ പ്രസ്തുത സാഹചര്യം നേരിടുന്നതിനും സംസ്ഥാനത്ത് മടങ്ങിയെത്തുന്ന പ്രവാസികളെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വദേശിവൽക്കരണംമൂലം ധാരാളം പ്രവാസി മലയാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരേണ്ട സാഹചര്യം സംജാതമാകും.

(സി) സംസ്ഥാനത്ത് തിരികെയെത്തുന്ന പ്രവാസികളെ സഹായിക്കുന്നതിന് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. കൂടാതെ വിദേശത്ത് സാങ്കേതിക മേഖലകളിൽ തൊഴിൽ ചെയ്ത് പരിചയമുള്ളതും എന്നാൽ മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരുമായ പ്രവാസികൾക്ക് അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം വിലയിരുത്തി പരിശീലനം നൽകി ആധികാരികമായി സാക്ഷ്യപ്പെടുത്തി നൽകുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി വരുന്നു. ഇവർ നേടിയ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ദ്ധ്യം, പ്രവൃത്തി പരിചയം എന്നിവ കണക്കിലെടുത്ത് ഇവരെ വിവിധ മേഖലകളിൽ മാസ്റ്റർ ട്രെയിനേഴ്സ് ആയി വിനിയോഗിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## വിദേശത്തുനിന്നും മടങ്ങി വരുന്ന മലയാളികൾക്ക് ബാക്ക് എൻഡ് സബ്സിഡി പദ്ധതി

73 (3199) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തു നിന്നും മടങ്ങിവരുന്ന മലയാളികൾക്ക് വായ്പകൾ ലഭ്യമാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്ന ബാക്ക് എൻഡ് സബ്സിഡി പദ്ധതിയുമായി സഹകരിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത സ്ഥാപനങ്ങൾ വായ്പകൾ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പരമാവധി എത്ര തുകയാണ് വായ്പയായി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വായ്പകളുടെ പരമാവധി തിരിച്ചടവ് കാലാവധി എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത വായ്പകൾക്ക് നൽകുന്ന സബ്സിഡി എത്ര ശതമാനമാണെന്നും പരമാവധി എത്ര തുക സബ്സിഡി നൽകുമെന്നും സബ്സിഡി ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുമായി നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായാണ് എം.ഒ.യു. ഒപ്പിട്ടിട്ടുള്ളത്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവയെക്കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയിൻ കീഴിൽ കാർഷികം, കച്ചവടം, ഉൽപ്പാദനം, സേവനം എന്നീ മേഖലകളിൻകീഴിലുള്ള വിവിധ സ്വയംതൊഴിൽ സംരംഭങ്ങൾക്കായി വായ്പ അനുവദിക്കുന്നുണ്ട്.

(സി&ഡി) പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് വരുന്ന സംരംഭങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്. വായ്പാ തുക, വായ്പയുടെ തിരിച്ചടവ് കാലാവധി എന്നിവ പൂർണ്ണമായും ബാങ്കുകളുടെ ചട്ടപ്രകാരമാണ് തീരുമാനിക്കപ്പെടുന്നത്.

(ഇ) 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 15% മൂലധന സബ്സിഡി (പരമാവധി) 3 ലക്ഷം രൂപ വരെ നൽകുന്നു. സംരംഭം വിജയകരമായി നടത്തുന്നവർക്ക് ആദ്യത്തെ 4 വർഷം പലിശയിനത്തിൽ 3% സബ്സിഡിയും ലഭിക്കുന്നു.

മൂലധന സബ്സിഡി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

- പ്രസ്തുത സ്വയംതൊഴിൽ സംരംഭം മൂലധന സബ്സിഡി അനുവദിച്ച് കുറഞ്ഞത് 4 വർഷം പ്രവർത്തനം പൂർത്തീകരിക്കണം.
- പ്രസ്തുത സംരംഭം മറ്റ് കൃത്രിമ മാർഗ്ഗങ്ങളിലൂടെ സബ്സിഡിക്ക് അർഹത നേടിയതാകരുത്.
- ലോൺ കാലാവധി കഴിഞ്ഞു നേരിട്ട് ഗുണഭോക്താവിന് സബ്സിഡി കൈപ്പറ്റുകയോ പദ്ധതി വിപുലീകരണത്തിന് പ്രസ്തുത തുക ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്.
- ഗുണഭോക്താവിന് ലോൺ എടുത്ത് 4 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ലോൺ പൂർണ്ണമായും തിരിച്ചടച്ച ശേഷമോ ലോൺ ക്ലോസ് ചെയ്യുന്നതിനോ സബ്സിഡി തുക ഉപയോഗിക്കാവുന്നതാണ്.

## മറുനാടൻ മലയാളികളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി

74(T 3200) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ സ്വദേശിവൽക്കരണം നടപ്പിലാക്കിയതുമൂലം മടങ്ങിവരുന്ന മറുനാടൻ മലയാളികളിൽ പലരും വിദേശകമ്പനികളിൽ വിവിധ ജോലികളിൽ നൈപുണ്യം നേടിയവരാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇവരുടെ ജോലിയിലുള്ള നൈപുണ്യം നാട്ടിൽ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ഉപയോഗിക്കുന്ന കാര്യം ആലോചിക്കുമോ; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മടങ്ങി വരുന്നവരുടെ കൃത്യമായ വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ലാത്തതിനാൽ ഇവരുടെ വൈദഗ്ധ്യത്തെക്കുറിച്ചുള്ള പൂർണ്ണ വിവരം ലഭ്യമല്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സംസ്ഥാനത്ത് തിരികെയെത്തുന്ന പ്രവാസികളെ സഹായിക്കുന്നതിന് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈതാങ്ങൽ നൽകുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. കൂടാതെ വിദേശത്ത് സാങ്കേതിക മേഖലകളിൽ തൊഴിൽ ചെയ്ത് പരിചയമുള്ളതും എന്നാൽ മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരുമായ പ്രവാസികൾക്ക് അവരുടെ തൊഴിൽ വൈദഗ്ധ്യം വിലയിരുത്തി പരിശീലനം നൽകി ആധികാരികമായി സാക്ഷ്യപ്പെടുത്തി നൽകുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി വരുന്നു. ഇവർ നേടിയ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യം, പ്രവൃത്തി പരിചയം എന്നിവ കണക്കിലെടുത്ത് ഇവരെ വിവിധ മേഖലകളിൽ മാസ്റ്റർ ട്രെയിനേഴ്സ് ആയി വിനിയോഗിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്ക് വിദേശകാര്യ മന്ത്രാലയത്തിന്റെ അറ്റസ്റ്റേഷൻ

75 (3201) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന്റെ അറ്റസ്റ്റേഷൻ കഴിഞ്ഞ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അറ്റസ്റ്റേഷൻ വാങ്ങികൊടുക്കുന്നതിന് നോർക്ക റൂട്ട്സിൽ സംവിധാനമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് വിദേശകാര്യ മന്ത്രാലയത്തിന്റെ അറ്റസ്റ്റേഷൻ നേടുന്നതിന് നോർക്ക റൂട്ട്സിൽ ചെയ്യുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സേവനത്തിനായി ഗുണഭോക്താക്കളിൽ നിന്നും ചാർജ്ജ് ഈടാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സേവനം സൗജന്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആഭ്യന്തര വകുപ്പിന്റെ അറ്റസ്റ്റേഷൻ കഴിഞ്ഞ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അറ്റസ്റ്റേഷൻ വാങ്ങികൊടുക്കുന്നതിന് നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതിലേയ്ക്കായി നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് അപേക്ഷയുടെ പ്രിന്റ് ഔട്ട്, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (ഒരു പകർപ്പ് സഹിതം), പാസ്പോർട്ടിന്റെ പകർപ്പ് എന്നിവ സഹിതം സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററിൽ സമർപ്പിക്കേണ്ടതാണ്.

(ബി) നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററിൽ ലഭിക്കുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് വിദേശകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ആവശ്യമായ വിവരങ്ങൾ സഹിതം അപ് ലോഡ് ചെയ്തശേഷം സർട്ടിഫിക്കറ്റുകളുടെ അസ്സൽ വിദേശകാര്യ മന്ത്രാലയത്തിന്റെ തിരുവനന്തപുരം ഓഫീസിൽ നേരിട്ട് ഹാജരാക്കി അറ്റസ്റ്റ് ചെയ്ത് വാങ്ങുകയാണ് ചെയ്തുവരുന്നത്.

(സി) പ്രസ്തുത സേവനത്തിനായി നോർക്ക് റൂട്ട്സ് സർവ്വീസ് ചാർജ് ഇനത്തിൽ 600 രൂപ 18 ശതമാനം ജി.എസ്.ടി. ചേർത്ത് (ആകെ 708 രൂപ) ഈടാക്കുന്നുണ്ട്.

(ഡി) നോർക്ക റൂട്ട്സിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നത് ഗുണഭോക്താക്കളിൽനിന്നും സർവ്വീസ് ചാർജ്ജിനത്തിൽ ഈടാക്കുന്ന തുകയിൽ നിന്നാണ് എന്നതിനാൽ പ്രസ്തുത സേവനം സൗജന്യമാക്കുന്ന കാര്യം നിലവിൽ പ്രായോഗികമില്ല.

**പ്രവാസി മലയാളികൾക്ക് ആശ്വാസ പദ്ധതി**

76(3202) <u>ശ്രീ. എസ്. ശർമ്മ:</u>

<u>ശ്രീ. പി. വി. അൻവർ:</u>

<u>ശ്രീ. ജോർജ് എം. തോമസ്:</u>

<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾ വൻതോതിൽ തൊഴിൽ സുരക്ഷയില്ലായ്മ നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും പുതിയ ആശ്വാസ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളതായി അറിയിക്കാമോ;

(ബി) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്നവർക്ക് വേണ്ടി വിദേശകാര്യ മന്ത്രാലയം ഏതെങ്കിലും നിലയിലുള്ള സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) വിദേശ ഇന്ത്യക്കാരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും ഇന്ത്യാ ഗവൺമെന്റ് മുന്തിയ പരിഗണനയാണ് നല്കി വരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ഇവരുടെ ക്ഷേമത്തിനായി, The Indian Community Welfare Fund, MADAD Portal, പ്രവാസി ഭാരതീയ ഭീമാ യോജന, ഇ-മൈഗ്രേറ്റ് സിസ്റ്റം, ഇന്ത്യൻ വർക്കേഴ്സ് റിസോഴ്സ് സെന്റർ, ഹെൽപ്പ് ലൈൻസ്, അഭയകേന്ദ്രം തുടങ്ങിയ സേവനങ്ങൾ ഇന്ത്യാ ഗവൺമെന്റ് വിദേശരാജ്യങ്ങളിലെ എംബസി മുഖേന നല്കി വരുന്നു.

ദുരിതം അനുഭവിക്കുന്ന പ്രവാസികൾക്ക് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഒരു ദിശയിലേയ്ക്കുള്ള വിമാന യാത്രാക്കൂലി, ചികിത്സാ ചെലവ്, നിയമപരമായ സഹായം, മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുള്ള സഹായം, ദുരിതമനുഭവിക്കുന്ന സ്ത്രീകളായ പ്രവാസികൾക്ക് അർഹതയ്ക്കനുസരിച്ച് സാമ്പത്തിക സഹായം എന്നിവ ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ട് പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു.

(ബി) ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികളുടെ കാര്യത്തിൽ, സംസ്ഥാനങ്ങളുമായി സഹകരിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

**നോർക്ക റൂട്ട്സ് സാന്ത്വന ധനസഹായ പദ്ധതി**

77 (3203) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നോർക്ക റൂട്സ് സാന്ത്വന ധനസഹായപദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു; വിശദാംശം നൽകുമോ;

(ബി) നോർക്ക ഓഫീസിൽ കെട്ടിക്കിടക്കുന്ന ധനസഹായ അപേക്ഷകൾ തീർപ്പ് കൽപ്പിക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനായി മലപ്പുറം ജില്ലാ ഓഫീസിൽ ആവശ്യമായ ജീവനക്കാരെ അടിയന്തരമായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക റൂട്ട്സ് സാന്ത്വന ധനസഹായ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നിന്നും 1100 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 832 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 81 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) നോർക്ക ഓഫീസിൽ ധനസഹായ അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നോർക്കയുടെ മലപ്പുറം സെല്ലിൽ ആവശ്യമായ ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നോർക്കയുടെ പ്രവർത്തനങ്ങളും പ്രവാസി പെൻഷനും

78 (3204) <u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള:</u>
<u>ശ്രീ. എ. പ്രദീപ്കുമാർ:</u>
<u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) നോർക്ക റൂട്സിന്റെ നേതൃത്വത്തിൽ ജോബ് പോർട്ടൽ വികസിപ്പിക്കുന്നതിനും വിദേശ തൊഴിലുടമകളുമായി സഹകരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) നോർക്ക വെൽഫെയർ ഫണ്ടിൽ നിന്ന് എത്ര രൂപയാണ് പ്രവാസികൾക്ക് പെൻഷൻ അനുവദിക്കുന്നത്;

(ഡി) പ്രസ്തുത പ്രവാസിക്ഷേമ പെൻഷന് പുറമെ പെൻഷൻ ഫണ്ടിലേക്കുള്ള പ്രത്യേക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഉയർന്ന പെൻഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നോർക്കയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ എന്നിവയിലെ മുതിർന്ന ഉദ്യോഗസ്ഥന്മാരുടെ യോഗം സർക്കാർ തലത്തിൽ ചേർന്ന് പ്രവർത്തനങ്ങളെയും പദ്ധതികളെയും കുറിച്ച് അവലോകനം ചെയ്യാറുണ്ട്.

(ബി) നോർക്കയുടെ റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു ജോബ് പോർട്ടൽ (www.jobsnorka.gov.in) നിലവിലുണ്ട്. പ്രസ്തുത പോർട്ടൽ കൂടുതൽ വികസിപ്പിക്കുന്നതിനും പരിഷ്കരിക്കുന്നതിനും കെൽട്രോണുമായി നിലവിലുള്ള കരാർ പ്രകാരം കാലാകാലങ്ങളിൽ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ നോർക്ക റൂട്ട്സുമായി ബന്ധമുള്ള തൊഴിലുടമകളുമായി ചേർന്ന് പ്രവർത്തിക്കുന്നതോടൊപ്പം പുതിയ തൊഴിൽ ദാതാക്കളെ കണ്ടെത്തി അവരുമായി സഹകരിച്ചും വിദേശ തൊഴിൽ റിക്രൂട്ട്മെന്റ് നടത്തി വരുന്നു. ഇതിനു പുറമെ കൂടുതൽ തൊഴിൽ ദാതാക്കളെ കണ്ടെത്തുന്നതിലേയ്ക്കായി റിക്രൂട്ട്മെന്റ് കൺസൾട്ടന്റുമാരെ നിയമിക്കുന്നതിന് നോർക്ക റൂട്ട്സ് ബോർഡ് തീരുമാനിച്ചത് പ്രകാരം പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള പ്രവാസി കേരളീയ ക്ഷേമബോർഡിൽ നിന്നും നിലവിൽ പ്രതിമാസം 2,000 രൂപ നിരക്കിൽ പ്രവാസി പെൻഷൻ അനുവദിച്ചു വരുന്നുണ്ട്.

(ഡി) പ്രത്യേക നിക്ഷേപത്തിന് ആനുപാതികമായി കൂടുതൽ പെൻഷൻ നല്കുന്ന ഒരു പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ ആലോചിച്ചു വരുന്നു.

**സുഗതൻ എന്ന പ്രവാസി തൂങ്ങിമരിക്കുവാനിടയായ സാഹചര്യം**

79(3205) ശ്രീ. വി. ഡി .സതീശൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരത്ത് ഇരുമ്പൽ പൈനാപ്പിൾ ജംഗ്ഷന് സമീപം വർക്ക്ഷോപ്പിനായി നിർമ്മിച്ച ഷെഡ്ഡിൽ സുഗതൻ എന്ന പ്രവാസി തൂങ്ങിമരിക്കുവാനിടയായ സാഹചര്യം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പാട്ടത്തിനെടുത്ത സ്ഥലത്ത് വർക്ക് ഷോപ്പ് തുടങ്ങുവാനുള്ള സുഗതന്റെ ശ്രമങ്ങളെ ഒരു യുവജനസംഘടന എതിർത്തിരുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(സി) പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ പുതിയ സംരംഭം തുടങ്ങുന്നതിന് പരിശ്രമം നടത്തുകയായിരുന്ന സുഗതനെ ആത്മഹത്യയിലേക്ക് നയിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 35 വർഷത്തോളം വിദേശത്ത് ജോലി ചെയ്തിരുന്ന പ്രവാസിയായ സുഗതൻ നാട്ടിൽ തിരിച്ചെത്തി പുതുതായി ആരംഭിക്കാനുദ്ദേശിച്ച വർക്ക് ഷോപ്പിന് മുന്നിൽ യുവജന സംഘടനയിലെ പ്രവർത്തകർ ടി സ്ഥാപനം പ്രവർത്തിപ്പിക്കാൻ അനുവദിക്കാതെ കൊടി കുത്തിയതിലുള്ള മനോവിഷമത്താലാണ് ടിയാൻ തൂങ്ങിമരിക്കാൻ ഇടയായത് എന്നാണ് നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടുള്ളത്.

(ബി) എതിർത്തിരുന്നതായി വെളിവായിട്ടുണ്ട്.

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കുന്നിക്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ: 365/18 u/s 306 & 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് 1, 2, 3 പ്രതികളെ അറസ്റ്റ് ചെയ്ത് ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും തുടർന്ന് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വരുന്നതുമാണ്. ടി കേസ്സിന്റെ അന്വേഷണത്തിനായി പുനലൂർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.

**ജനസൗഹൃദ പോലീസ് സ്റ്റേഷനുകൾ**

80 (3206) <u>ശ്രീ. ബി. ഡി. ദേവസ്സി:</u>
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>:
<u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ക്രമസമാധാന പാലനത്തോടൊപ്പം പൗരന്മാരുടെ മനുഷ്യാവകാശങ്ങളും അന്തസ്സും നിയമാനുസൃതം സംരക്ഷിക്കാൻ ജാഗ്രത പുലർത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) നല്ല പെരുമാറ്റവും അന്വേഷണ മികവ് വർദ്ധിപ്പിക്കാനുള്ള മാർഗങ്ങളും പോലീസുകാരെ പഠിപ്പിക്കാനായി പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ടോ; 2018 പരിശീലന വർഷമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്?

<u>ഉത്തരം</u>

(എ) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട് .

- പരാതികൾ സ്വീകരിക്കുന്നതിനായി പബ്ലിക് റിലേഷൻസ് ഓഫീസർ സംവിധാനം (പി.ആർ.ഒ.)
- റിസപ്ഷൻ സംവിധാനം
- സീനിയർ സിറ്റിസൺ ഫ്രണ്ട്‌ലി ഓഫീസ്
- വനിതാ ഹെൽപ്പ് ഡെസ്ക്
- ഐ.ആപ്സ് പെറ്റിഷൻ സംവിധാനം

പോലീസിന്റെ ഭാഗത്തുനിന്നും പൊതുജനങ്ങൾക്ക് മാന്യതയാർന്ന പെരുമാറ്റം ഉറപ്പുവരുത്തുന്നതിന് കർശനമായ നിർദ്ദേശം എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.-മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയോഗിച്ചും കുറ്റാന്വേഷണ ചുമതലയും, ക്രമസമാധാന പരിപാലനവും വിഭജിച്ച് നൽകിയതിലൂടെയും പരാതിക്ക് വേഗത്തിൽ പരിഹാരം കാണുന്നതിന് സാധിച്ചു വരുന്നുണ്ട്. ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥ ആഴ്ചയിൽ ഒരിക്കൽ പഞ്ചായത്തിൽ എത്തി സ്ത്രീകളുടെ പരാതി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ക്രമസമാധാന പാലനത്തോടൊപ്പം പൗരന്മാരുടെ മനുഷ്യാവകാശങ്ങളും അന്തസ്സും നിയമാനുസൃതം സംരക്ഷിക്കാൻ ജാഗ്രത പുലർത്താൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പൗരന്മാരുടെ അവകാശങ്ങളേയും അന്തസ്സിനേയും ഹനിക്കുന്ന തരത്തിലുള്ള നിയമലംഘന പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പോലീസുകാരുടെ നല്ല പെരുമാറ്റത്തിനുവേണ്ടി Correctional behaviour training അവരുടെ അടിസ്ഥാന പരിശീലനത്തോടൊപ്പം നൽകുന്നുണ്ട്. അന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷനുമായി ബന്ധപ്പെട്ട പരിശീലനത്തിനായി ഇൻ സർവ്വീസ് ട്രെയിനിംഗ് മറ്റ് സംസ്ഥാനങ്ങളിലെ പരിശീലന കേന്ദ്രങ്ങളിൽ നൽകിവരുന്നു. 2018 ട്രെയിനിംഗ് വർഷമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി പ്രത്യേക സിലബസ് പ്രകാരം എല്ലാ വിഭാഗം ഉദ്യോഗസ്ഥർക്കും പോലീസ് ട്രെയിനിംഗ് കോളേജ്, കേരള പോലീസ് അക്കാഡമി, ഡിസ്ട്രിക്ട് ട്രെയിനിംഗ് സെന്റേഴ്സ്, ഐ.എം.ജി. എന്നിവിടങ്ങളിലായി ട്രെയിനിംഗ് സംഘടിപ്പിച്ചിട്ടുണ്ട്.

## മുൻ സർക്കാർ കാലയളവിൽ ഭരണകക്ഷി നേതാക്കൾ പ്രതികളായുള്ള കേസ്സുകൾ

81 (3207) <u>ശ്രീ. ഇ. പി. ജയരാജൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ 2016 മേയ് മാസം വരെയുള്ള ഭരണകാലയളവിൽ അന്നത്തെ ഭരണകക്ഷി നേതാക്കൾ പ്രതികളായുള്ള എത്ര കേസ്സുകൾ അന്നത്തെ സർക്കാർ പിൻവലിക്കുകയുണ്ടായി;

(ബി) അന്നത്തെ മന്ത്രിസഭയിൽ അംഗങ്ങളായിരുന്നവർ പ്രതികളായിരുന്ന എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിലെ യു.ഡി.എഫ്. എം.എൽ.എ.മാർ പ്രതികളായിരുന്ന എത്ര കേസ്സുകൾ പിൻവലിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അക്കാലയളവിലെ യു.ഡി.എഫ്. പാർലമെന്റംഗങ്ങൾ പ്രതികളായിരുന്ന എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) അക്കാലയളവിൽ യു.ഡി.എഫ്. പാനലിൽ ത്രിതല പഞ്ചായത്തംഗങ്ങളായിരുന്നവർ പ്രതികളായിരുന്ന എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 268 കേസ്സുകൾ

(ബി) 13 കേസ്സുകൾ

(സി) 21 കേസ്സുകൾ

(ഡി) 2 കേസ്സുകൾ

(ഇ) 45 കേസ്സുകൾ

## ജനകീയ പോലീസ് നയവും പോലീസ് സ്റ്റേഷനുകളുടെ ആധുനീകരണവും

82 (3208) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. സ്വരാജ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ആധുനീകരിക്കുന്നതിനും ജനകീയ പോലീസ് നയം നടപ്പാക്കുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ജനകീയ പോലീസ് നയത്തിന്റെ ഭാഗമായി സ്ത്രീ സൗഹൃദ, ബാല സൗഹൃദ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ പോലീസിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്കുവേണ്ടി 159 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 68 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ബാക്കി തുക ചുവടെ കൊടുത്തിട്ടുള്ള പദ്ധതികൾക്കായി വിനിയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്:

- ജില്ലകളിൽ നിരീക്ഷണ സംവിധാനം കാര്യക്ഷമമാക്കുക
- വിവിധ ജനസൗഹൃദ മൊബൈൽ ആപ്ലിക്കേഷനുകൾ, സംയോജിത ബീറ്റ് സംവിധാനം എന്നിവ കൺട്രോൾ റൂമുകൾ വഴി ഏകോപിപ്പിക്കുക
- പോലീസിന്റെ പ്രായോഗിക പ്രവർത്തന ആവശ്യകതയ്ക്ക് വേണ്ടി വാഹനങ്ങൾ വാങ്ങുക
- ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനുള്ള നവീകരിച്ച സംവിധാനങ്ങൾ ലഭ്യമാക്കുക
- ഇന്റലിജൻസ് സംവിധാനത്തെ ശാക്തീകരിക്കുക
- സൈബർ മേഖലയിലെ കുറ്റാന്വേഷണ സംവിധാനങ്ങളെ അഭിവൃദ്ധിപ്പെടുത്തുക
- ഫോറൻസിക് സയൻസ് ലബോറട്ടറികളുടെയും ഫിംഗർപ്രിന്റ് ബ്യൂറോകളുടെയും ക്രൈംബ്രാഞ്ചിന്റെയും ആധുനികവൽക്കരണം
- പോലീസ് സ്റ്റേഷനുകളിൽ ആധുനിക സംവിധാനത്തോടുകൂടിയ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുക.

കൂടാതെ 21-10-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 211/2017/ആഭ്യന്തരം പ്രകാരം ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ 196 പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം 203 പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണവും ക്രമസമാധാനവും വെവ്വേറെ വിഭാഗങ്ങളായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സ്ത്രീ സൗഹൃദ, ബാല സൗഹൃദ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്**

83 (3209) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ടും വിസയും സമ്പാദിച്ച് ഗൾഫ് നാടുകളിലേക്ക് പോകുന്ന ഉദ്യോഗാർത്ഥികൾക്ക് ഏത് തരത്തിലുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റാണ് അവിടങ്ങളിലെ ഭരണകൂടങ്ങൾ നിഷ്കർഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഗൾഫ് നാടുകളിൽ ഇത്തരത്തിൽ പുതിയ നിബന്ധന ഉണ്ടാക്കിയതിനുശേഷം പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു എന്ന് (2018 ഫെബ്രുവരി 28 വരെ) പോലീസ് സ്റ്റേഷനുകൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) ലഭിച്ച മുഴുവൻ അപേക്ഷകളിൻമേലും അനുകൂല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും എത്ര അപേക്ഷകൾ തള്ളിയിട്ടുണ്ടെന്നും പോലീസ് സ്റ്റേഷനുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) അപേക്ഷകൾ നിരസിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) നിലവിൽ കേസ്സില്ല എന്നെഴുതുന്നതിന് പകരം തീർപ്പുകൽപ്പിക്കപ്പെട്ടതും ഒഴിവാക്കപ്പെട്ടതുമായ കേസ്സുകളെക്കുറിച്ച് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നത് കാരണം ഉദ്യോഗാർത്ഥികൾക്ക് കിട്ടിയ ജോലി നഷ്ടപ്പെടുന്നതടക്കമുള്ള ദുരിതം സഹിക്കേണ്ടിവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗൾഫ് നാടുകളിലേയ്ക്ക് പോകുന്ന ഉദ്യോഗാർത്ഥികൾക്ക് ഏത് തരത്തിലുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റാണ് അവിടങ്ങളിലെ ഭരണകൂടങ്ങൾ നിഷ്കർഷിക്കുന്നതെന്നുള്ള അറിവ് ലഭ്യമല്ല. എന്നാൽ ഉദ്യോഗാർത്ഥി യാതൊരുവിധ ക്രിമിനൽ കേസ്സുകളിലും ഉൾപ്പെട്ടിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ അനുവദിച്ചു നൽകി വരുന്നു.

(ബി & സി) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി 23410 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭിച്ചതിൽ 23191 അപേക്ഷകൾ സ്വീകരിക്കുകയും 132 അപേക്ഷകൾ നിരസിക്കുകയും 87 അപേക്ഷകൾ അന്വേഷണത്തിലുമാണ്. പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ചില അപേക്ഷകൾ നിരസിക്കാനുള്ള കാരണം പോലീസ് സ്റ്റേഷൻ തിരിച്ചുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ & എഫ്) ഇക്കാര്യത്തിൽ പരിഹാരം കാണുന്നതിനുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്.

## തൊഴിൽ വിസയ്ക്ക് സ്വഭാവ സർട്ടിഫിക്കറ്റ്

84 (3210) <u>ശ്രീ. അൻവർ സാദത്ത് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഫെബ്രുവരി 4 മുതൽ യു.എ.ഇ.യിൽ തൊഴിൽ വിസയ്ക്ക് അപേക്ഷ നൽകുന്നവർ അഞ്ചു വർഷത്തെ സ്വഭാവ സർട്ടിഫിക്കറ്റ് കൂടി നൽകണമെന്ന നിബന്ധന നിലവിൽ വന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് സർക്കാർ ഏതെങ്കിലും ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സർട്ടിഫിക്കറ്റിന് പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർട്ടിഫിക്കറ്റ് കാലവിളംബം കൂടാതെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് അതാത് പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഏർപ്പെടുത്തിയിട്ടുണ്ട്. 500 രൂപയാണ് ഫീസിനത്തിൽ ഈടാക്കുന്നത്.

(ഡി) അപേക്ഷ ലഭിച്ചാൽ 3 ദിവസത്തിനകം വെരിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓപ്പറേഷൻ കുബേര**

85(3211) <u>ശ്രീ. അനിൽ അക്കര :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ ഓപ്പറേഷൻ കുബേര മന്ദീഭവിച്ചത് കാരണം ബ്ലെയ്ഡ് മാഫിയയുടെ അതിക്രമം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓപ്പറേഷൻ കുബേര മന്ദീഭവിപ്പിക്കുവാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എന്ത് അടിസ്ഥാനത്തിലാണ് പ്രസ്തുത തീരുമാനമെന്ന് വ്യക്തമാക്കുമോ;

(സി) ഓപ്പറേഷൻ കുബേര നടപ്പിലാക്കിയതുമൂലം സംസ്ഥാനത്ത് കൊള്ളപ്പലിശക്കാരുടെ അതിക്രമം 2015, 2016 വർഷങ്ങളിൽ വളരെയധികം കുറഞ്ഞുവെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത പദ്ധതി ഊർജ്ജിതമാക്കി ബ്ലെയ്ഡ് മാഫിയയുടെ അതിക്രമത്തിൽ നിന്നും സാധാരണക്കാരെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനം വിജയകരമായിരുന്നു എന്ന് വിലയിരുത്തിയിട്ടില്ല. ബ്ലെയ്ഡ് മാഫിയയുടെ അതിക്രമം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബ്ലെയ്ഡ്, കൊള്ളപ്പലിശക്കാരുടെ അതിക്രമം എന്നിവ തടയുന്നതുമായി ബന്ധപ്പെട്ട് 2015, 2016, 2017 വർഷം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| 2015 | 2016 | 2017 |
|---|---|---|
| 606 | 189 | 203 |

(ബി) കൊള്ളപ്പലിശക്കാർക്കെതിരെ പൊതുജനങ്ങളിൽ നിന്ന് പരാതി ലഭിച്ചാൽ, Money Lenders Act, Kerala Prohibition of Charging Exorbitant

Interest Act, 2012, ഇന്ത്യൻ ശിക്ഷാ നിയമം എന്നിവ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് ശാസ്ത്രീയമാർഗ്ഗങ്ങൾ ഉപയോഗിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തി നിയമാനുസൃതമായ ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

(സി) നിലവിൽ അമിത പലിശയ്ക്ക് പണം കൊടുക്കുന്ന ആളുകൾ ആയത് തിരിച്ച് വാങ്ങുന്നതിനായി നടത്തുന്ന ശ്രമങ്ങളും അതിനോടനുബന്ധിച്ചുള്ള അതിക്രമങ്ങളും കുറഞ്ഞിട്ടുള്ളതാണ്. ലഭ്യമാകുന്ന വിവരങ്ങളുടേയും പരാതികളുടേയും അടിസ്ഥാനത്തിൽ നിലവിലും അമിത പലിശക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരെ വർഗ്ഗീയ ശക്തികൾ**

86 (3212) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരെ ഒരു കൂട്ടം വർഗ്ഗീയ ശക്തികൾ കേരളത്തിലും ബോധപൂർവ്വമായ ആക്രമങ്ങൾ അഴിച്ചുവിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം അക്രമങ്ങളെ പ്രതിരോധിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൊല്ലം റൂറൽ ജില്ലയിലെ കടയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ കോട്ടുക്കൽ തുണ്ടോട്ട് എന്ന സ്ഥലത്തെ കൈരളി ലൈബ്രറിയുടെ വാർഷിക ആഘോഷ പരിപാടിയിൽ പങ്കെടുത്ത് മടങ്ങി വരവെ സാഹിത്യകാരൻ കുരീപ്പുഴ ശ്രീകുമാറിനെ ഇട്ടിവ പഞ്ചായത്തിൽ വടക്കേ കോട്ടുക്കൽ വാർഡ് മെമ്പറായ ദീപുവും കൂട്ടരും കയ്യേറ്റം ചെയ്യാൻ ശ്രമിച്ചിട്ടുള്ളതും ആയതിലേയ്ക്ക് കടയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2016/2018, u/s 143, 147, 341, 294(b), 506(1) & 149 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് പ്രതികളായ ദീപു, സജിത്, ലൈജു, ശ്യാം, കിരൺ, മനു (BJP-RSS അനുഭാവികൾ) എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. കേസ്സ് അന്വേഷണാവസ്ഥയിലാണ്.

(ബി) ഇത്തരം അക്രമങ്ങളെ പ്രതിരോധിക്കുന്നതിന് വേണ്ടി നിലവിലെ നിയമങ്ങൾ അനുസരിച്ച് കർശനമായ നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നു.

## ചിൽഡ്രൻ ആന്റ് പോലീസ് പദ്ധതി

87 (3214) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിൽഡ്രൻ ആന്റ് പോലീസ് (കേപ്) എന്ന നൂതന പദ്ധതിയുടെ ഭാഗമായി പോലീസ് സ്റ്റേഷനുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(ബി) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം സ്റ്റേഷനുകളാണ് തെരഞ്ഞെടുത്തി രിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചിൽഡ്രൻ ആന്റ് പോലീസ് പദ്ധതിക്കായി സ്ഥല സൗകര്യം കൂടുതലുള്ള പോലീസ് സ്റ്റേഷനുകളാണ് തെരഞ്ഞെടുക്കുന്നത്.

(ബി) തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ.

## കൊല്ലം റൂറൽ ജില്ലയിലെ ഹെഡ്ക്വാർട്ടർ സംവിധാനവും ഒഴിവുകളും

88 (3215) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയിൽ ജില്ലാ ഹെഡ്ക്വാർട്ടർ (ഡി. എച്ച്. ക്യൂ. ) സംവിധാനം ഏർപ്പെടുത്തുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കൊല്ലം റൂറൽ ജില്ലയിൽ നിലവിൽ എ.എസ്.ഐ. , എസ്.സി.പി.ഒ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) നിലവിൽ കൊല്ലം റൂറൽ പോലീസ് ജില്ലയിൽ എ.എസ്.ഐ., എസ്.സി.പി.ഒ. തസ്തികകളിലായി യഥാക്രമം 40, 4 ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

## സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാർ

89 (3216) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കാമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെങ്കിലും പോലീസ് സ്റ്റേഷനുകളിൽ സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 21-10-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 211/2017/ ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് 196 സർക്കിൾ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു. *

## കോസ്റ്റൽ പോലീസ് സംവിധാനം

90 (3217) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയൊക്കെയാണ് കോസ്റ്റൽ പോലീസ് സംവിധാനം ഉള്ളത്; വിശദമാക്കാമോ;

(ബി) കോസ്റ്റൽ പോലീസിൽ നിലവിലുള്ള തസ്തികകളും എണ്ണവും വിശദമാക്കുമോ;

(സി) നിലവിലുള്ള ഒഴിവുകൾ അറിയിക്കാമോ;

(ഡി) ബോട്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് താൽകാലിക ജീവനക്കാർ ഉണ്ടോ; വിശദവിവരങ്ങൾ നൽകുമോ;

(ഇ) താൽകാലിക ജീവനക്കാർ ഉണ്ടെങ്കിൽ അവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ആലോചിക്കുമോ;വിശദവിവരങ്ങൾ നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരളത്തിൽ പതിനാല് കോസ്റ്റൽ പോലീസ് സ്റ്റേഷൻ നിലവിലുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

ഒന്നാം ഘട്ടത്തിൽ എട്ട് പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

1) വിഴിഞ്ഞം

2) നീണ്ടകര

3) തോട്ടപ്പള്ളി

4) ഫോർട്ട് കൊച്ചി

5) അഴീക്കോട്

6) ബേപ്പൂർ

7) അഴീക്കൽ

8) ബേക്കൽ

രണ്ടാം ഘട്ടത്തിൽ 10 പോലീസ് സ്റ്റേഷനുകൾ അനുവദിച്ചു. അതിൽ 6 എണ്ണം ആരംഭിച്ചിട്ടുണ്ട്.

1) അർത്തുങ്കൽ

2) മുനക്കകടവ്

3) പൊന്നാനി

4) തലശ്ശേരി

5) തൃക്കരിപ്പൂർ

6) കുമ്പള

നാല് പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ഉദ്ഘാടനത്തിന് സജ്ജവുമാണ്.

(ബി) കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ CI, SI, ASI, SCPO, CPO, DVR എന്നീ തസ്തികകളാണ് ഉള്ളത്. ആയതിന്റെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

| Sl. No. | Coastal PS | Sanctioned Strength | | | | | | |
|---|---|---|---|---|---|---|---|---|
| | | CI | SI | ASI | SCPO | CPO | DVR | Total |
| 1 | Bakel/ Thalagara | 1 | 3 | 3 | 9 | 30 | 2 | 48 |
| 2 | Azheekkal | 1 | 3 | 3 | 9 | 30 | 2 | 48 |
| 3 | Beypore | 1 | 3 | 3 | 9 | 30 | 0 | 46 |
| 4 | Azheekode | 1 | 3 | 3 | 9 | 30 | 0 | 46 |
| 5 | Fort Kochi | 1 | 3 | 3 | 9 | 28 | 2 | 46 |
| 6 | Thottappally | 1 | 3 | 3 | 9 | 28 | 2 | 44 |
| 7 | Neendakara | 1 | 3 | 3 | 9 | 30 | 2 | 48 |
| 8 | Vizhinjam | 1 | 3 | 3 | 9 | 30 | 2 | 48 |
| 9 | Kumbala | 1 | 2 | 2 | 5 | 18 | 1 | 29 |
| 10 | Thrikkaripur | 1 | 2 | 2 | 5 | 18 | 1 | 29 |
| 11 | Thalassery | 1 | 2 | 2 | 5 | 18 | 1 | 29 |
| 12 | Ponnani | 1 | 2 | 2 | 5 | 18 | 1 | 29 |
| 13 | Munakkakadavu | 1 | 2 | 2 | 5 | 18 | 1 | 29 |
| 14 | Arthunkal | 1 | 2 | 2 | 5 | 18 | 1 | 29 |

(സി) നിലവിലുള്ള എല്ലാ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെയും ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| Sl. No. | Coastal PS | Vacancy | | | | | |
|---|---|---|---|---|---|---|---|
| | | CI | SI | ASI | SCPO | CPO | DVR |
| 1 | Bakel/Thalagara | 0 | 1 | 3 | 0 | 13 | 1 |
| 2 | Azheekkal | 0 | 2 | 2 | 1 | 3 | 1 |
| 3 | Beypore | 0 | 3 | 3 | 0 | 0 | 0 |
| 4 | Azheekode | 0 | 0 | 0 | 2 | 1 | 0 |
| 5 | Fort Kochi | 0 | 0 | 0 | 0 | 14 | 1 |
| 6 | Thottappally | 1 | 0 | 3 | 1 | 0 | 1 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | Neendakara | 0 | 0 | 3 | 0 | 12 | 0 |
| 8 | Vizhinjam | 0 | 2 | 3 | 1 | 7 | 0 |
| 9 | Kumbala | 0 | 0 | 2 | 0 | 8 | 1 |
| 10 | Thrikkaripur | 1 | 0 | 0 | 0 | 0 | 1 |
| 11 | Thalassery | 0 | 1 | 2 | 0 | 0 | 0 |
| 12 | Ponnani | 0 | 1 | 2 | 5 | 6 | 0 |
| 13 | Munakkakadavu | 0 | 1 | 2 | 2 | 0 | 1 |
| 14 | Arthunkal | 0 | 1 | 2 | 2 | 0 | 1 |

(ഡി) ബോട്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് താൽക്കാലിക ജീവനക്കാരുണ്ട്. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു:

| Sl. No. | Coastal PS | Present Strength | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | Syrank | Boat Driver | Lasker | Commander | Asst. Commander | Marina Home Guard | Total | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1 | Bakel/ Thalagara | 4 | 1 | 2 | 0 | 0 | 1 | 8 | |
| 2 | Azheekkal | 2 | 0 | 1 | 0 | 0 | 2 | 5 | |
| 3 | Beypore | 2 | 1 | 2 | 0 | 0 | 2 | 7 | |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
|---|---|---|---|---|---|---|---|---|---|
| 4 | Azheekode | 0 | 2 | 2 | 1 | 1 | 1 | 7 | |
| 5 | Fort Kochi | 6 | 2 | 4 | 1 | 1 | 0 | 14 | |
| 6 | Thottappally | 0 | 0 | 0 | 0 | 0 | 0 | 0 | |
| 7 | Neendakara | 6 | 6 | 6 | 1 | 1 | 4 | 24 | |
| 8 | Vizhinjam | 2 | 1 | 1 | 1 | 0 | 3 | 8 | |
| 9 | Kumbala | 0 | 0 | 0 | 0 | 0 | 0 | 1 | ബേക്കൽ പോലീസ് സ്റ്റേഷനിലെ താൽക്കാലിക ജീവനക്കാരാണ് ബോട്ടിൽ പ്രവൃത്തി എടുത്തു വരുന്നത് |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
|---|---|---|---|---|---|---|---|---|---|
| 10 | Thrikkaripur | 0 | 0 | 0 | 0 | 0 | 0 | 0 | ബേക്കൽ പോലീസ് സ്റ്റേഷനിലെ താൽക്കാലിക ജീവനക്കാരാണ് ബോട്ടിൽ പ്രവൃത്തി എടുത്തു വരുന്നത് |
| 11 | Thalassery | 0 | 0 | 0 | 0 | 0 | 0 | 0 | അഴീക്കൽ പോലീസ് സ്റ്റേഷനിലെ താൽക്കാലിക ജീവനക്കാരാണ് ബോട്ടിൽ പ്രവൃത്തി എടുത്തു വരുന്നത് |
| 12 | Ponnani | 0 | 0 | 0 | 0 | 0 | 0 | 0 | |
| 13 | Munakkakadavu | 2 | 0 | 1 | 0 | 0 | 0 | 3 | |
| 14 | Arthunkal | 0 | 1 | 0 | 0 | 0 | 0 | 1 | |

(ഇ) തൽക്കാലം പരിഗണനയിലില്ല.

## കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം

91 (3218) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ അടിക്കടിയുണ്ടാകുന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെ അടിസ്ഥാനത്തിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ഈ ജില്ലകളിൽ പോലീസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടോ; എങ്കിൽ ആയത് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പോലീസ് ഉദ്യോഗസ്ഥരുടെ കുറവ് ഈ പ്രദേശങ്ങളിൽ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംബന്ധിച്ച് പരിശോധന നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണവും രാഷ്ട്രീയ കൊലപാതകങ്ങളും തമ്മിൽ ബന്ധമുള്ളതായി കാണുന്നില്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അഴിമതിയില്ലാത്ത പോലീസ് സേന

92 (3219) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിലെ എത്ര പേർക്കെതിരെയാണ് നിലവിൽ അഴിമതി കേസ്സുകൾ ഉള്ളത് എന്ന് വിശദമാക്കുമോ; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അഴിമതിക്കാരായ പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നത് ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അഴിമതിയില്ലാത്ത പോലീസ് സേന എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പോലീസ് സേനയിലെ 59 പേർക്കെതിരെയാണ് നിലവിൽ വിജിലൻസ് കേസ്സുകൾ ഉള്ളത്. തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഐ.പി.എസ്. ഉദ്യോഗസ്ഥർ | 02 |
| കമാൻഡന്റ് | 01 |
| അസിസ്റ്റന്റ് കമാൻഡന്റ് | 01 |
| ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് | 09 |
| പോലീസ് ഇൻസ്പെക്ടർ | 06 |
| സബ് ഇൻസ്പെക്ടർ | 10 |
| അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ | 09 |
| സിവിൽ പോലീസ് ഓഫീസർ | 21 |
| ആകെ | 59 |

(ബി) അഴിമതിക്കാരായ പോലീസ് ഉദ്യോഗസ്ഥരെ അവർക്കെതിരെ സ്വീകരിക്കുന്ന അച്ചടക്ക നടപടിയിലെ കണ്ടെത്തലുകളുടെ കാഠിന്യത്തിന് അനുസൃതമായി പിരിച്ചുവിടലുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും. അഴിമതിക്ക് കേസ്സുകളിൽ ശിക്ഷിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ചട്ടപ്രകാരമുള്ള നടപടികൾക്കുശേഷം സർവ്വീസിൽ നിന്നും പിരിച്ചുവിടൽ, നീക്കം ചെയ്യൽ, നിർബന്ധിത വിരമിക്കൽ തുടങ്ങിയ ശിക്ഷകൾ നൽകുന്നതാണ്.

(സി) പോലീസിൽ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനായി പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും, ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തെ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## തൃശ്ശൂർ ജില്ലയിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

93(3220) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജില്ലയിലെ എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ സിറ്റി, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിലായി 39 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

| ജില്ല | നമ്പർ | സ്കൂളിന്റെ പേര് |
|---|---|---|
| (1) | (2) | (3) |
| Thrissur City | 1 | Church Mission Society HSS, Thrissur |
| | 2 | St. Aloycious HSS, Elthuruthu |
| | 3 | GHSS, Pattikkad |
| | 4 | GVHSS, Puthur |
| | 5 | Sree Durga Vilasom HSS, Peramangalam |
| | 6 | Chandramathi Memorial HSS, Kuttur |
| | 7 | Muhammed Abdul Sahib Memorial HSS, Venmenad |
| | 8 | Sree Krishna HSS, Guruvayur |
| | 9 | Devamatha CMI Public School, Patturaikkal |
| | 10 | St. Thomas HSS, Thopp |
| | 11 | Govt. HSS, Peechi |
| Thrissur Rural | 1 | Mar Augustine Memorial HS, Koratti |
| | 2 | GVHSS, Pazhanzhi |
| | 3 | GHSS, Machad |
| | 4 | GHSS, Kodungallur |
| | 5 | National HSS, Irinjalakuda |
| | 6 | Sree Moolam Thirunal HSS, Chelakkara |
| | 7 | Arafa English School, Attur |
| | 8 | Sree Narayana Vilasom VHSS, Aloor |
| | 9 | St. Sebastian's HSS, Kuttikkad |
| | 10 | VHSS, Kaaralam |
| | 11 | HS, Anthikkad |

| (1) | (2) | (3) |
|---|---|---|
| | 12 | GHS for Girls, Kodakara |
| | 13 | GVHSS, Kadappuram |
| | 14 | GVHSS, Thalikkulam |
| | 15 | GHSS, Nandikkara |
| | 16 | GHSS, Erumapetty |
| | 17 | Ansar English School, Perumbilavu |
| | 18 | MR School, Vadakkancherry |
| | 19 | Govt. Mappila HSS, Chamakkala |
| | 20 | St. Thomas HSS, Mayyannur |
| | 21 | GHSS, Chemboochira |
| | 22 | St. Joseph HS, Mathilakom |
| | 23 | Model Residential School, Chalakkudy |
| | 24 | Vimal Jyothy Central School, Mupliyam |
| | 25 | Little Flower Convent HS, Koratty |
| | 26 | MRS Chelakkara |
| | 27 | Hovt. HS, Nadavarambu |
| | 28 | Chappankuzhi Govt. HS |

(ബി) 100 സർക്കാർ സ്കൂളുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ എസ്.പി.സി. യൂണിറ്റുകൾ**

94 (3221) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിന്നും എസ്.പി.സി. യൂണിറ്റിനായുള്ള അപേക്ഷകൾ പരിഗണനയിലുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 3 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. അവ താഴെപ്പറയുന്നവയാണ്:

1. ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, ഒറ്റപ്പാലം ഈസ്റ്റ്

2. എം.എൻ.കെ.എം. ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പുലാപ്പറ്റ

3. കരിമ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടറ

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 100 സർക്കാർ സ്കൂളുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

## പോലീസിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി

95(3222) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെയും പോലീസിലെ വിവിധ വിഭാഗങ്ങളിലെയും ഒഴിവുകൾ സമയബന്ധിതമായി നികത്താത്തത് മൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ;

(സി) പോലീസ് സ്റ്റേഷനുകളിലെയും പോലീസിലെ വിവിധ വിഭാഗങ്ങളിലെയും ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസിലെ വിവിധ വിഭാഗങ്ങളിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി ഉദ്യോഗസ്ഥക്കർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പോലീസിലെ വിവിധ വിഭാഗങ്ങളിലെ ഒഴിവുകൾ (പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## രാഷ്ട്രീയ കൊലപാതകങ്ങൾ

96 (3223) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; ഇതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര എണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) രാഷ്ട്രീയ കൊലപാതകങ്ങളിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ വ്യക്തമാക്കുമോ;

(സി) കൊലചെയ്യപ്പെട്ടവരിൽ എത്ര സി.പി.ഐ.(എം), ഡി.വൈ.എഫ്.ഐ, എസ്.എഫ്.ഐ. പ്രവർത്തകരുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊലപാതകങ്ങൾ - 1798

രാഷ്ട്രീയ കൊലപാതകങ്ങൾ - 36

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) സി.പി.ഐ.(എം.) - 11

ഡി.വൈ.എഫ്.ഐ. - 5

എസ്.എഫ്.ഐ. - 2

## സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ

97 (3224) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്ത്രീ സുരക്ഷയ്ക്കായി ഓപ്പറേഷൻ പിങ്ക്, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും സ്ത്രീകൾക്കെതിരായുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണങ്ങൾ എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന തൊഴിലിടങ്ങളിൽ റീഡ്രസ്സൽ സെൽ രൂപീകരിച്ചിട്ടുണ്ടോ; അപ്രകാരം രൂപീകരിച്ചിട്ടുള്ള റീഡ്രസ്സൽ സെല്ലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പിങ്ക് ബീറ്റ് പദ്ധതി നിലവിൽ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളിൽ ഏറ്റക്കുറച്ചിലുകൾ കാണുന്നുണ്ട്. ബോധവൽക്കരണത്തിന്റെയും പോലീസ് പൊതുജനബന്ധം മെച്ചപ്പെട്ടതിന്റേയും ഫലമായും, കുറ്റകൃത്യങ്ങൾ ഉണ്ടായാൽ അതിൽ ഏറിയ പങ്കും പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതും റിപ്പോർട്ടാകുന്ന മുഴുവൻ സംഭവങ്ങളിലും കേസ്സ് രജിസ്റ്റർ ചെയ്യുന്നതും, കേസ്സുകളുടെ വർദ്ധനയ്ക്ക് ഒരു കാരണമാണ്. കൂടാതെ വർദ്ധിച്ച് വരുന്ന മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം, സാമൂഹ്യ മാധ്യമങ്ങളുടെ ദുരുപയോഗം, കുടുംബങ്ങളിലെ അരക്ഷിതാവസ്ഥ എന്നിവയും ഇപ്രകാരമുള്ള കേസ്സുകളുടെ വർദ്ധനയ്ക്ക് കാരണമാകുന്നുണ്ട്.

(ബി) തൊഴിലിടങ്ങളിൽ (പൊതുമേഖല, സ്വകാര്യ മേഖല) സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act, 2013 നിലവിൽ ഉണ്ട്. ടി ആക്ട് പ്രകാരം Internal Complaints Committee സർക്കാർ, പൊതുമേഖല, സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ രൂപീകരിക്കുന്നതിന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം ടി നിയമം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സാമൂഹ്യനീതി ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(സി) തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, കൊല്ലം റൂറൽ, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം സിറ്റി, എറണാകുളം റൂറൽ, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) തൃശ്ശൂർ റൂറൽ, പാലക്കാട്, മലപ്പുറം, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പിങ്ക് പോലീസ് പട്രോളിംഗ് സംവിധാനം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## ദി ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട്

98 (3225) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദി ഷെഡ്യൂൾഡ് കാസ്റ്റ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് 1989 അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസ്സുകൾ എത്ര;വിശദവിവരം നൽകുമോ;

(ബി) ഇത്തരം കേസ്സുകളിൽ, കോടതി ശിക്ഷിക്കുന്നവരുടെ നിരക്ക് (കൺവിക്ഷൻ റേറ്റ്) എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2228 കേസ്സുകൾ (എസ്.സി.- 1879, എസ്.ടി. - 349). വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

| (ബി) വർഷം | കൺവിക്ഷൻ റേറ്റ് |
|---|---|
| 2015 | 7.34% |
| 2016 | 7.94% |
| 2017 | 7.85% |

## ആദിവാസി ദളിത് വിഭാഗങ്ങളിൽപ്പെട്ടവരുടെ കൊലപാതകം

99 (3226) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലഘട്ടത്തിൽ സംസ്ഥാനത്തെ ആദിവാസി ദളിത് വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത കാലഘട്ടത്തിൽ തന്നെ ഈ വിഭാഗങ്ങൾ നേരിട്ട ബലാത്സംഗങ്ങൾ, അവഹേളനം, ദുരൂഹ മരണങ്ങൾ എന്നിവയുടെ പട്ടിക ലഭ്യമാക്കുമോ;

(സി) 2001-2006 ലെ ഭരണ കാലത്ത് നടന്ന ആദിവാസി ദളിത് വിഭാഗങ്ങളുടെ കൊലപാതകം, ദുരൂഹ മരണം, ബലാത്സംഗങ്ങൾ, അവഹേളനങ്ങൾ എന്നിവയുടെ വിവരങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 37 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

| | | |
|---|---|---|
| (ബി) ബലാത്സംഗം | - | 372 |
| അവഹേളനം | - | 343 |
| ദുരൂഹമരണം | - | 0 |
| (സി)ബലാത്സംഗം | - | 122 |
| അവഹേളനം | - | 157 |
| ദുരൂഹമരണം | - | 28 |

## പോക്സോ നിയമം

100 (3227) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം പോക്സോ നിയമപ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എത്രയെണ്ണത്തിൽ കോടതി മുമ്പാകെ ചാർജ് ഷീറ്റുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ പോക്സോ നിയമപ്രകാരം 353 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) രജിസ്റ്റർ ചെയ്ത 353 കേസ്സുകളിൽ 238 കേസ്സുകളുടെ ചാർജ് ഷീറ്റ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

## എം.എൽ.എ.-യ്ക്കെതിരായ പരാതി

101(3228) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിസിനസ്സിൽ പങ്കാളിയാക്കാം എന്ന് വാഗ്ദാനം നൽകി മലപ്പുറം പട്ടർകടവ് നടുത്തൊലി സലീം എന്ന പ്രവാസിയിൽ നിന്നും 50 ലക്ഷം രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പി.വി. അൻവർ എം. എൽ.എ തട്ടിച്ചുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) പരാതി വസ്തുതാപരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പി വി. അൻവറിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സലീം നടുത്തൊടി, ബഹു. മഞ്ചേരി സി.ജെ.എം. കോടതി മുമ്പാകെ സമർപ്പിച്ച പരാതി CMP 339/17 Dtd. 20-12-2017 ആയി ഫലയിൽ സ്വീകരിച്ച്, മഞ്ചേരി പോലീസ് സ്റ്റേഷൻ ക്രൈം 588/17 u/s 420 IPC ആയി രജിസ്റ്റർ ചെയ്ത കേസ്സ് അന്വേഷണവാസ്ഥയിലാണ്.

**ആളുകളെ കാണാതായ കേസ്സുകൾ**

102 (3229) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, സംസ്ഥാനത്ത് ആളുകളെ കാണാതായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും അതിൽ എത്ര പേരെ ഇതിനകം കണ്ടെത്തിയെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആളുകളെ കാണാതായതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെയും അതിൽ കണ്ടെത്തിയവരുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| സംസ്ഥാനത്ത് ആളുകളെ കാണാതായതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | സംസ്ഥാനത്ത് കാണാതായ ആളുകളുടെ എണ്ണം | കണ്ടെത്തിയവരുടെ എണ്ണം |
|---|---|---|
| 14965 | 16487 | 15221 |

## ലോട്ടറി കേന്ദ്രങ്ങളിൽ ചൂതാട്ടം

103 (T3230) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീ. ടി. എ. അഹമ്മദ് കബീർ
ശ്രീ. കെ. എം. ഷാജി
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില ലോട്ടറി കേന്ദ്രങ്ങളിൽ ചൂതാട്ടം നടക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ലോട്ടറി ചൂതാട്ടത്തിന്റെ ഭാഗമായ എഴുത്ത് ലോട്ടറിക്കെതിരെ 29-01-2018-ന് സംസ്ഥാന വ്യാപകമായി പോലീസ് നടത്തിയ റെയ്ഡിൽ 49 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 57 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് രേഖപ്പെടുത്തിയവരിൽ 9 പേർ ഏജന്റുമാരും അവരുടെ തൊഴിലാളികളുമാണ്. ഏജന്റുമാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

വിവിധ മാധ്യമങ്ങൾ മുഖേനയും, വ്യക്തികൾ വഴിയും ലോട്ടറി ചൂതാട്ടങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിൽ ലഭ്യമാകുന്ന വാർത്തകളും പരാതികളും ക്രോഡീകരിച്ച് വിശദാംശങ്ങൾ സഹിതം തുടരന്വേഷണത്തിനും മേൽ നടപടികൾക്കും വേണ്ടി ഇതിലേയ്ക്കായി രൂപീകരിച്ചിട്ടുള്ള പോലീസ് എൻഫോഴ്സ്മെന്റ് അതോറിറ്റിക്ക് കൈമാറി, സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു.

## കസ്റ്റഡി മരണങ്ങൾ

104 (3231) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പോലീസ് കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ പോലീസ് സ്റ്റേഷൻ, പ്രതികളായ പോലീസ് ഉദ്യോഗസ്ഥർ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ:

(സി) കസ്റ്റഡി മരണങ്ങളുടെ/മർദ്ദനങ്ങളുടെ പേരിൽ ഈ സർക്കാർ പോലീസുകാർക്ക് എതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 4 പോലീസ് കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ടെക്നോപാർക്കിൽ പോലീസിന്റെ സുരക്ഷാ പരിശോധന**

105 (3232) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ സുരക്ഷാ പരിശോധനയുടെ പേരിൽ പോലീസ് സദാചാര ഗുണ്ടായിസം നടത്തുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) അടുത്തിടെ പ്രസ്തുത സ്ഥാപനത്തിലെ ഒരു ജീവനക്കാരനേയും ഭാര്യയേയും തടഞ്ഞ് നിർത്തി അപമാനിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ജീവനക്കാരുടെ സംഘടനയായ പ്രതിധ്വനി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി) ഇതു സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

**എ.ടി.എം. തട്ടിപ്പും സൈബർ കുറ്റകൃത്യങ്ങളും**

106 (3233) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ടി.എം. തട്ടിപ്പും സൈബർ കുറ്റകൃത്യങ്ങളും തടയുവാനായി ആഭ്യന്തര വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗം കുറ്റകൃത്യങ്ങളുടെ കഴിഞ്ഞ 5 വർഷ കണക്കുകൾ (വർഷം തിരിച്ച്) വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ കാലയളവിൽ ഓരോ വർഷവും വിവിധ കേസ്സുകളിലായി എത്ര തുക നിക്ഷേപകർക്ക് (കേസ്സുകൾ തിരിച്ച്) നഷ്ടപ്പെട്ടിട്ടുണ്ട്; എത്ര തുക തിരികെ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകളിൽ കുറ്റവാളികളെ കണ്ടെത്താനായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരം കുറ്റകൃത്യങ്ങൾ തടയുവാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എ.ടി.എം./ഒ.റ്റി.പി. തട്ടിപ്പ് തടയുന്നതിനായി ഉപഭോക്താക്കൾക്ക്, അവരവരുടെ യൂസർ നെയിം, പാസ് വേഡ്, ഒ.റ്റി.പി. നമ്പർ മുതലായവ മറ്റുള്ളവരുമായി ഷെയർ ചെയ്യരുതെന്ന് കർശന നിർദ്ദേശം നൽകുന്നതിന് ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ്, റെസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ സ്കൂൾ/കോളേജ് തലത്തിലും പൊതുജനങ്ങൾക്കിടയിലും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നത് സംബന്ധിച്ച് ബോധവത്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തിവരുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി തിരുവനന്തപുരം ആസ്ഥാനമായുള്ള സൈബർ പോലീസ് സ്റ്റേഷൻ ഹൈടെക് ക്രൈം എൻക്വയറി സെൽ, കൂടാതെ വിവിധ പോലീസ് ജില്ലകളിലുള്ള സൈബർ സെല്ലുകൾ എന്നിവ മുഖാന്തരം ശക്തമായ നടപടികൾ സ്വീകരിക്കുകയും കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരികയും ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത വിഭാഗം കുറ്റകൃത്യങ്ങളുടെ കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ (ക്രൈം ബ്രാഞ്ച് വിഭാഗം ഉൾപ്പെടെ) (വർഷം തിരിച്ച്) അനുബന്ധമായി* ചേർക്കുന്നു.

(സി) ഈ കാലയളവിൽ ഓരോ വർഷവും വിവിധ കേസ്സുകളിലായി നിക്ഷേപകർക്ക് നഷ്ടപ്പെട്ടിട്ടുള്ളതും തിരികെ ലഭിച്ചിട്ടുള്ളതുമായ കേസ്സുകളുടെ വിശദാംശങ്ങൾ (ക്രൈം ബ്രാഞ്ച് വിഭാഗം ഉൾപ്പെടെ) അനുബന്ധമായി ചേർക്കുന്നു.* തുക നഷ്ടപ്പെട്ട 66 കേസ്സുകളിൽ കുറ്റവാളികളെ കണ്ടെത്താനായിട്ടുണ്ട്.

(ഡി) എ.ടി.എം. തട്ടിപ്പിനെക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് വിവിധ ക്ലബ്ബുകൾ, സ്കൂളുകൾ, കുടുംബശ്രീ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുടങ്ങിയ വിവിധ മേഖലകൾ കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ സുരക്ഷയുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ കൊടുത്തും സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനും സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും ബീറ്റുകൾ നടത്തിയും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂൾ വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ

107 (3234) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ ഒരുക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി "KIDS GLOVE" എന്ന ഒരു പദ്ധതി പോലീസിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നു. കേരള പോലീസ് സൈബർ ഡോം, സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ നവമാധ്യമങ്ങൾ വഴി സൈബർ സുരക്ഷാ ബോധവത്കരണ പോസ്റ്ററുകൾ, ജാഗ്രതാ നിർദ്ദേശങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചും വരുന്നുണ്ട്.

(ബി) കേരള പോലീസിന്റെ നേതൃത്വത്തിൽ വിവര സാങ്കേതികവിദ്യയുടെ ദൂഷ്യവശങ്ങളേയും ചതിക്കുഴികളേയും സംബന്ധിച്ച് കുട്ടികളിലും അതുപോലെ തന്നെ അദ്ധ്യാപകരിലും രക്ഷിതാക്കളിലും ബോധവത്കരണം നടത്തേണ്ട ആവശ്യകത മനസ്സിലാക്കി സൈബർ സുരക്ഷയെക്കുറിച്ച് അവബോധം ജനിപ്പിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് "KIDS GLOVE". ടി പദ്ധതിയിൽ സൈബർ സുരക്ഷാ വിദഗ്ദ്ധർ ബോധവൽക്കരണ സെമിനാറുകൾ അവതരിപ്പിക്കുകയും സൈബർ സുരക്ഷയുമായി ബന്ധപ്പെട്ടുള്ള പ്രായോഗിക

പരിശീലനം നൽകുകയും ഓൺലൈൻ രംഗത്തെ മനഃശാസ്ത്ര വിദഗ്ധന്റെ ക്ലാസ്സ് സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

## ക്വാർട്ടേഴ്സ് നിർമ്മാണം

108 (3235) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ കുണ്ടംകുഴിയിൽ ബേഡകം പോലീസ് സ്റ്റേഷനിലെ ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എത്ര ഏക്കർ സ്ഥലത്താണ് നിർമ്മിച്ചിട്ടുള്ളതെന്നും എത്ര ജീവനക്കാർക്ക്/കുടുംബങ്ങൾക്ക് ഇവിടെ താമസിക്കാമെന്നും എത്ര രൂപ ചെലവിലാണ് ഇത് നിർമ്മിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) നിലവിൽ ഈ ക്വാർട്ടേഴ്സിൽ എത്ര ജീവനക്കാർ താമസിക്കുന്നുണ്ടെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ ജീവനക്കാർ ഇവിടെ താമസിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ;

(ഇ) ലക്ഷക്കണക്കിന് രൂപ ചെലവിൽ നിർമ്മിച്ച ക്വാർട്ടേഴ്സിൽ ജീവനക്കാർ താമസിക്കാത്തത് കാരണം സാമൂഹ്യവിരുദ്ധരുടെ താവളമായി ഇവിടം മാറിയിട്ടുണ്ടെന്ന പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ബേഡകം പോലീസ് സ്റ്റേഷനിലെ ജീവനക്കാർക്കായി 6 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സും 3 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സും നിർമ്മിച്ചിട്ടുണ്ട്.

(ബി) 3.5 ഏക്കർ സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള ടി ക്വാർട്ടേഴ്സുകളിൽ 9 കുടുംബങ്ങൾക്കാണ് താമസിക്കാൻ കഴിയുക.

MoPF 2004-05-ൽ ഉൾപ്പെടുത്തി 3 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ 16,03,112 രൂപ ചെലവിലും 6 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ 22,49,982 രൂപ ചെലവിലുമാണ് നിർമ്മിച്ചിട്ടുള്ളത്.

(സി&ഡി) എല്ലാ ക്വാർട്ടേഴ്സുകളും ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും സ്റ്റേഷനിൽനിന്നും ഏകദേശം 7 കിലോമീറ്റർ ദൂരമുള്ളതിനാലും ഒറ്റപ്പെട്ട സ്ഥലമായതിനാലും ചുറ്റുമതിലില്ലാത്തതിനാലും ആരും ക്വാർട്ടേഴ്സിൽ താമസിക്കുവാൻ താൽപ്പര്യപ്പെടുന്നില്ല.

(ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ടി സ്ഥലത്ത് രാത്രികാല പട്രോളിംഗ് ശക്തമാക്കുന്നതാണ്.

## ഇരവിപുരം പോലീസ് സ്റ്റേഷന് സ്ഥലവും തസ്തികകളും

109(3236) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇരവിപുരം പോലീസ് സ്റ്റേഷന് സ്വന്തമായി സ്ഥലം അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്ഥലം ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) ഇരവിപുരം പോലീസ് സ്റ്റേഷനിൽ കൂടുതൽ എ.എസ്.ഐ.-മാരുടെയും സി.പി.ഒ.മാരുടെയും വനിതാ സി.പി.ഒ.-മാരുടെയും തസ്തികകൾ സൃഷ്ടിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊല്ലം ജില്ലയിൽ ഇരവിപുരം പോലീസ് സ്റ്റേഷൻ പുതിയ വാടക കെട്ടിടത്തിലേക്ക് മാറ്റി 22-9-2017-ലെ സ.ഉ.(സാധാ) നം.2481/2017/ ആഭ്യന്തരം (23-9-2017-ലെ എസ്.ആർ.ഒ നമ്പർ 578/2017) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു കാര്യങ്ങളിൽ ശിപാർശകൾ ഒന്നും നിലവിലില്ല.

## കൊട്ടാരക്കര കേന്ദ്രമാക്കി പോലീസ് കൺട്രോൾ റൂം

110 (3237) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയ്ക്ക് കൊട്ടാരക്കര കേന്ദ്രമാക്കി പൊലീസ് കൺട്രോൾ റൂം അനുവദിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പോലീസ് കൺട്രോൾ റൂം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന് വേണ്ട ജീവനക്കാരുടെ അംഗസംഖ്യയും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ;

(സി) കൺട്രോൾ റൂം കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്ത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) അനുവദിച്ചിട്ടില്ല. കൊട്ടാരക്കര കേന്ദ്രമാക്കി ഒരു കൺട്രോൾ റൂം അനുവദിക്കുന്നതിന്റെ ആവശ്യകത പരിശോധിച്ച് ശിപാർശ സമർപ്പിക്കുവാൻ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി

111 (3238) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പോലീസിന്റെ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നാളിതുവരെയായി എത്ര സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ എത്രയെണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്;വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ജില്ലയിലെ കൂടുതൽ സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്ഥാപിച്ച 13 ക്യാമറകൾ ഉൾപ്പെടെ 95 സി.സി.ടി.വി. ക്യാമറകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്.

(ബി) നിലവിൽ 6 ക്യാമറകൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. അവ താഴെ പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്നവയാണ്:

(1) കാസർഗോഡ് ഗവ. ഹോസ്പിറ്റൽ

(2) പുതിയ ബസ് സ്റ്റാന്റ്

(3) നുള്ളിപ്പാടി

(4) ബി.സി. റോഡ്

(5) കളക്ടറേറ്റിന്റെ മുൻവശം

(6) കോടതിയുടെ മുൻവശം.

(സി) കൂടുതൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ക്യാമറകൾ സ്ഥാപിക്കുന്നത് പരിഗണനയിലാണ്.

### നെയ്യാറ്റിൻകര സി.ഐ. സ്റ്റേഷൻ

112 (3239) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ പ്രവർത്തിച്ചിരുന്ന സി. ഐ. സ്റ്റേഷൻ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സി. ഐ. ഓഫീസ് നിർത്തലാക്കിയതുമായി ബന്ധപ്പെട്ട് എം. എൽ. എ. 3-1-2018-ൽ ഡി. ജി. പി.-ക്ക് നൽകിയ നിവേദനത്തിന്മേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര താലൂക്കിന്റെ പ്രധാന കേന്ദ്രമായ നെയ്യാറ്റിൻകര ടൗണിൽ പ്രവർത്തിച്ചുവന്ന സി. ഐ. സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നതിന് 2018 മാർച്ച് 31-ന് മുമ്പ് നടപടി എടുക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ സി.ഐ.-മാരെ 196 പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചതിനാലാണ് പ്രസ്തുത സാഹചര്യം നിലവിൽ വന്നത്.

(ബി) നെയ്യാറ്റിൻകര സി.ഐ. ഓഫീസ് പുനഃസ്ഥാപിക്കണം എന്നത് സംബന്ധിച്ചുള്ള പരാതി ലഭിച്ചിട്ടില്ല. എന്നാൽ 3-1-2018-ൽ ബഹു. എം.എൽ.എ. യിൽനിന്നും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) എല്ലാ പോലീസ് സ്റ്റേഷനുകളിലും എസ്.എച്ച്.ഒ.മാരായി സി.ഐ.മാരെ നിയമിക്കുക എന്നത് സർക്കാരിന്റെ പൊതുനയത്തിന്റെ ഭാഗമായിട്ടുള്ളതിനാൽ ഈ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

## നെയ്യാറ്റിൻകര പോലീസ് ക്വാർട്ടേഴ്സ്

113 (3240) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പോലീസ് ക്യാമ്പിൽ പുതിയതായി ഫ്ലാറ്റ് മാതൃകയിൽ പണിത കെട്ടിടം ഉദ്ഘാടനം കഴിഞ്ഞത് എന്നാണെന്ന് വ്യക്തമാക്കാമോ; ഇതിന് ചെലവായ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഫ്ലാറ്റ് മാതൃകയിൽ പണിത കെട്ടിടത്തിൽ എത്ര കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയും എന്ന് അറിയിക്കുമോ; ഈ ഫ്ലാറ്റ് ആവശ്യപ്പെട്ട് കൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഉദ്ഘാടനം കഴിഞ്ഞിട്ടും 2018 ഫെബ്രുവരി 28-വരെയും പ്രസ്തുത കെട്ടിടം തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; എങ്കിൽ കെട്ടിടം തുറന്നു നൽകാത്തതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി ആവശ്യപ്പെട്ട് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ക്വാർട്ടേഴ്സ് കെട്ടിടം തുറക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നെയ്യാറ്റിൻകര എം.എൽ.എ. 3-1-2018 -ന് സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

### ഉത്തരം

(എ) നെയ്യാറ്റിൻകരയിൽ ഫ്ലാറ്റ് മാതൃകയിൽ പണിത കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടില്ല. MoPF 2010-11 സ്കീമിൽ ഉൾപ്പെടുത്തി പണിത ടി കെട്ടിടത്തിന് ചെലവായ അടങ്കൽ തുക 1,65,29,212 രൂപയാണ്.

(ബി) 12 കുടുംബങ്ങൾക്കാണ് ഫ്ലാറ്റ് മാതൃകയിൽ പണിത ടി കെട്ടിടത്തിൽ താമസിക്കുവാൻ കഴിയുന്നത്. ഫ്ലാറ്റ് ആവശ്യപ്പെട്ടുകൊണ്ട് 32 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ടി കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടില്ല. മുമ്പുണ്ടായിരുന്ന ക്വാർട്ടേഴ്സിന്റെ വൈദ്യുതി കുടിശ്ശികയിനത്തിലുള്ള 8,89,334 രൂപ കെ.എസ്.ഇ.ബി.-ക്ക് നൽകുവാനുള്ളതിനാൽ പുതുതായി പണിത പോലീസ് ക്വാർട്ടേഴ്സിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

(ഡി&ഇ) ബഹു. നെയ്യാറ്റിൻകര എം.എൽ.എ. 3-1-2018-ന് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി പണികഴിപ്പിച്ച പോലീസ് ക്വാർട്ടേഴ്സിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ ക്വാർട്ടേഴ്സുകളിലെ കറണ്ട് ചാർജ്ജ് കുടിശ്ശിക അന്നത്തെ തമാസക്കാരിൽനിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ വേണ്ട നിർദ്ദേശം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പോലീസ് മേധാവി തലത്തിൽ നൽകിയിട്ടുണ്ട്.

**നെയ്യാറ്റിൻകരയിൽ പുനഃസ്ഥാപിച്ച എ.ആർ. ക്യാമ്പിന്റെ നിലവിലെ സ്ഥിതി**

114 (3241) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ പുനഃസ്ഥാപിച്ച എ.ആർ. ക്യാമ്പിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; എത്ര പോലീസുകാർ ആണ് ഈ ക്യാമ്പിൽ ഉള്ളത്;

(ബി) പുന:സ്ഥാപിച്ച എ.ആർ. ക്യാമ്പ് എവിടെയാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ക്യാമ്പിൽ പോലീസുകാർക്ക് വിശ്രമിക്കുന്നതിന് സ്ഥലം ഒരുക്കിയിട്ടുണ്ടോ;

(സി) നെയ്യാറ്റിൻകരയിൽ അനുവദിച്ച എ.ആർ. ക്യാമ്പിന്റെ ഓഫീസ് മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ നടപടികൾ ആണ് ക്യാമ്പ് പ്രവർത്തിപ്പിക്കാൻ എടുക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) നെയ്യാറ്റിൻകര എ.ആർ ക്യാമ്പിന് ആവശ്യമായ ക്വാർട്ടേഴ്സ് പണിയുന്നതിന് വകുപ്പുതലത്തിൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ;

(ഇ) 2018-19 കാലഘട്ടത്തിൽത്തന്നെ നെയ്യാറ്റിൻകര എ.ആർ ക്യാമ്പിന്റെ പ്രവർത്തനം പൂർണ്ണതോതിൽ എത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) നെയ്യാറ്റിൻകരയിൽ എ.ആർ. ക്യാമ്പ് പുനഃസ്ഥാപിച്ചിട്ടില്ല. 60 സേനാംഗങ്ങൾ (2 പ്ലട്ടൂൺ) ഉൾക്കൊള്ളുന്ന ഒരു ഡിറ്റാച്ച്മെന്റ് ക്യാമ്പിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത ക്യാമ്പിൽ നിലവിൽ 16 പോലീസ് ഉദ്യോഗസ്ഥർ ഡ്യൂട്ടി നോക്കിവരുന്നു.

(ഡി) ശിപാർശകളൊന്നും നിലവിലില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## പോലീസ് ക്രൈം റെക്കോഡ്സ് ബ്യൂറോ

115 (3242) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് ക്രൈം റെക്കോഡ്സ് ബ്യൂറോ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ബ്യൂറോയിൽ നിലവിൽ എന്ന് മുതലുള്ള രേഖകളാണ് സൂക്ഷിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാന രൂപീകരണം മുതലുള്ള കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള രേഖകൾ സൂക്ഷിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവ കൂടി ശേഖരിച്ച് ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) ഡിജിറ്റൈസ് ചെയ്താണോ അതോ മറ്റ് മാർഗ്ഗത്തിലാണോ രേഖകൾ സൂക്ഷിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പ്രവർത്തിക്കുന്നുണ്ട്. 8-5-1989-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നമ്പർ 69/89/ആഭ്യന്തരം പ്രകാരം പ്രവർത്തിച്ചുവരുന്നു.

(ബി) 1957 മുതലുള്ള ക്രൈം സ്റ്റാറ്റിസ്റ്റിക്സ് ഇവിടെ സൂക്ഷിക്കുന്നുണ്ട്.

(സി) കേരള സംസ്ഥാന രൂപീകരണം മുതലുള്ള ക്രൈം സ്റ്റാറ്റിസ്റ്റിക്സ്, എസ്.സി.ആർ.ബി.-യുടെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗത്തിൽ ലഭ്യമാണ്.

(ഡി) ക്രൈം സ്റ്റാറ്റിസ്റ്റിക്സ് ഡിജിറ്റൈസ് ചെയ്തുതന്നെയാണ് സൂക്ഷിച്ചു വരുന്നത്.

## തീർപ്പാക്കാനുള്ള വിജിലൻസ് കേസ്സുകൾ

116(T 3243) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കോടതികളിലും ട്രൈബ്യൂണലുകളിലും എത്ര വിജിലൻസ് കേസ്സുകൾ തീർപ്പാക്കാനുണ്ട്;

(ബി) പ്രസ്തുത കേസ്സുകൾ നടത്തുന്നതിന് നിലവിൽ എത്ര അഭിഭാഷകരെയാണ് നിയമിച്ചിട്ടുള്ളത്;

(സി) അഭിഭാഷകരുടെ കുറവ് കേസ്സ് നടത്തിപ്പിനെ സാരമായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിജിലൻസ് കോടതികളിലും 2 ട്രൈബ്യൂണലുകളിലുമായി തീർപ്പാക്കാനുള്ള വിജിലൻസ് കേസ്സുകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

(I) എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്,
(ഇ.സി. & എസ്.ജെ.) തിരുവനന്തപുരം
കലണ്ടർ കേസ്സുകൾ - 205
അന്വേഷണത്തിലുള്ള കേസ്സുകൾ - 207
സ്വകാര്യ അന്യായങ്ങൾ - 96

(II) ഇ.സി. & എസ്.ജെ., കോട്ടയം
183 കേസ്സുകൾ

(III) ഇ.സി & എസ്.ജെ, തൃശ്ശൂർ
230 കേസ്സുകൾ

(IV) ഇ.സി & എസ്.ജെ, മൂവാറ്റുപുഴ
371 കേസ്സുകൾ

(V) ഇ.സി & എസ്.ജെ, തലശ്ശേരി
163 കേസ്സുകൾ

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(VI) ഇ.സി & എസ്.ജെ, കോഴിക്കോട്
കലണ്ടർ കേസ്സുകൾ - 118
എഫ്.ഐ.ആർ സ്റ്റേജ് കേസ്സുകൾ - 218
ക്രിമിനൽ മിസലേനിയസ് പെറ്റീഷനുകൾ - 7

(VII) വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം
22 കേസ്സുകൾ

(VIII) വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട്
17 കേസ്സുകൾ

(ബി) വിജിലൻസ് കോടതിയിൽ കേസ്സുകൾ നടത്തുന്നതിനായി അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ -1 ലീഗൽ അഡ്വൈസർ - 1 അഡീഷണൽ ലീഗൽ അഡ്വൈസർ - 8 എന്നിവ ഉൾപ്പെടെ നിലവിൽ 10 അഭിഭാഷകരെയാണ് നിയമിച്ചിട്ടുള്ളത്.

(സി) അഭിഭാഷകരുടെ കുറവ് കേസ്സ് നടത്തിപ്പിനെ ബാധിക്കുന്നതായി കണ്ടെത്തിയിട്ടില്ല.

**ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്സുകൾ**

117 (3244) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥൻമാർക്കെതിരെ വിജിലൻസ് കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ 12 ഐ.എ.എസ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കൂടാതെ കോടതിയിൽ പരിഗണനയിലിരിക്കുന്ന കേസ്സുകളുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

17-1-2018-ൽ രജിസ്റ്റർ ചെയ്ത വി.സി.02/18/എസ്.ഐ.യു-1 നമ്പർ കേസ്സിൽ (വാട്ടർ വേൾഡ് ടൂറിസം കമ്പനി മാർത്താണ്ഡം കായൽ നികത്തിയതുമായി ബന്ധപ്പെട്ട ആരോപണം സംബന്ധിച്ച്) 2010-12 കാലയളവിലെ ആലപ്പുഴ ജില്ലാ കളക്ടറെ രണ്ടാം പ്രതിയായി ചേർത്തിട്ടുണ്ട്. ഈ കാലയളവിൽ ശ്രീ. സൗരഭ് ജെയിൻ IAS, ശ്രീ. പി. വേണുഗോപാൽ IAS എന്നിവരാണ് ആലപ്പുഴ ജില്ലാ കളക്ടർമാരായി ജോലി ചെയ്തിരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിസിൽ ബ്ലോവർ നിയമം

118 (3245) <u>ശ്രീ. എം. ഉമ്മർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ വിസിൽ ബ്ലോവർ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് 25/11/വിജി. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ നിർദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ - സി) 6-9-2011-ലെ G.O(MS)No.25/2011/Vig. ഉത്തരവ് പ്രകാരം സ്റ്റേറ്റ് വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി രൂപീകരിക്കുന്നതിന് ശ്രീ. എൻ. മോഹൻകുമാർ ഐ.എ.എസ്. (റിട്ട. ചീഫ് സെക്രട്ടറി), ശ്രീ. ഹോർമിസ് തരകൻ ഐ.പി.എസ്. (റിട്ട), ശ്രീ. സാമുവൽ പോൾ മുൻ ഡയറക്ടർ ഐ.ഐ.എം., ശ്രീ. റ്റി. ആർ. രഘുനന്ദൻ ഐ.എ.എസ്. (റിട്ട.) എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു. 21-07-2012-ൽ കമ്മിറ്റി വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി പരിശോധിക്കുകയും റിപ്പോർട്ടും ശിപാർശകളും മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ആഭ്യന്തര വിജിലൻസ് വകുപ്പുകളുടെ അഭിപ്രായത്തോടുകൂടി മന്ത്രിസഭ മുമ്പാകെ വീണ്ടും സമർപ്പിക്കുവാൻ മന്ത്രിസഭായോഗം നിർദ്ദേശിക്കുകയുണ്ടായി.

വിസിൽ ബ്ലോവർ സംബന്ധിച്ച കേന്ദ്ര നിയമം പാസ്സാക്കുന്നതിനുമുമ്പായി സംസ്ഥാനത്ത് വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി രൂപീകരിക്കുന്നത് ഉചിതമല്ല. വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി ബില്ലിന് 9-5-2014-ൽ പ്രസിഡന്റിന്റെ അനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ 2011-ലെ വിസിൽ ബ്ലോവേഴ്സ് പ്രൊട്ടക്ഷൻ ആക്ട്, 2014-ലെ 17-ാം നമ്പർ കേന്ദ്ര ആക്ടായി പ്രസിദ്ധീകരിച്ചുവെങ്കിലും ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചശേഷം മാത്രമേ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാനത്തിന് ഈ വിഷയത്തിൽ ചട്ടങ്ങൾ ഉണ്ടാക്കാൻ സാധ്യമാകുകയുള്ളൂ.

ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിനായി കത്ത് അയച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല.

## ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് നിർമ്മാണം

119 (3246) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്; എന്നാണ് അനുവദിച്ചത്; അതിനായി ഭരണാനുമതി നല്കിയിട്ടുണ്ടോ;

(ബി) ഈ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒറ്റപ്പാലത്ത് കോടതി സമുച്ചയം സ്ഥാപിക്കുന്നതിനായി 31-3-2012-ലെ സ.ഉ.(സാധാ)നമ്പർ 565/2012/പി.ഡബ്ല്യു.ഡി. പ്രകാരം 925 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) കോടതി സമുച്ചയം സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച പദ്ധതി അംഗീകാരത്തിനായി ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## കോടതികളിൽ നിലവിലുള്ള സ്ത്രീപീഡന കേസ്സുകൾ

120 (3247) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോടതികളിൽ എത്ര സ്ത്രീപീഡന കേസ്സുകൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ;

(ബി) 2015, 2016, 2017 വർഷങ്ങളിലെ കണക്ക് പ്രത്യേകം ലഭ്യമാക്കാമോ?

ഉത്തരം

(എ) 31-12-2017 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ ഉൾപ്പെടെ 26,549 കേസ്സുകൾ നിലവിലുണ്ട്.

(ബി) 2015-ൽ 22850 കേസ്സ്, 2016-ൽ 27070 കേസ്സ്, 2017-ൽ 26,549 കേസ്സ്.

## സിവിൽ കോടതികളിൽ തീർപ്പുകൽപ്പിക്കാനുള്ള കേസ്സുകൾ

121 (3248) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ കോടതികളിൽ തീർപ്പുകല്പിക്കുന്നതിനായി എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) 28-2-2018 വരെ സംസ്ഥാനത്ത് ആകെ 4,08,084 കേസ്സുകൾ തീർപ്പാക്കാനുണ്ട്. സംസ്ഥാനത്തെ സിവിൽ കോടതികളിൽ തീൽപ്പാക്കാതെ കിടക്കുന്ന ആകെ കേസ്സുകളും അവയുടെ ജില്ല തിരിച്ചുള്ള കണക്കും ഇതോടൊപ്പം അനുബന്ധം *ചെയ്യുന്നു.

## ക്രിമിനൽ കോടതികളിലെ കേസ്സുകളുടെ എണ്ണം

122 (3249) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ക്രിമിനൽ കോടതികളിൽ എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ ഫാസ്റ്റ് ട്രാക്ക് കോടതികളിൽ വിചാരണ ചെയ്യുന്ന കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

28-2-2018 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ ക്രിമിനൽ കോടതികളിൽ 12,35,674 കേസ്സുകൾ നിലവിലുണ്ട്. സംസ്ഥാനത്ത് ഫാസ്റ്റ് ട്രാക്ക് കോടതികൾ പ്രവർത്തിക്കുന്നില്ല.

## പി.എസ്.സി.-യുടെ സർവ്വീസ് വെരിഫിക്കേഷൻ

123(3250) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഫയർ സർവ്വീസിലെ 18-ാം ബാച്ച് ഫയർമാൻമാരുടെ പി.എസ്.സി.- യുടെ സർവ്വീസ് വെരിഫിക്കേഷൻ പൂർത്തിയായോ; ഇല്ലെങ്കിൽ ആയത് എന്ന് പൂർത്തികരിക്കാൻ സാധിക്കുമെന്നാണ് സർക്കാർ കരുതുന്നത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

18-ാം ബാച്ചിലെ ഭൂരിഭാഗം ഫയർമാൻമാരുടേയും സർവ്വീസ് വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ന്യൂനതാ രഹിത അപേക്ഷകൾ സമർപ്പിക്കുകയും വെരിഫിക്കേഷന് ഹാജരാകുകയും ചെയ്ത എല്ലാ ഉദ്യോഗസ്ഥരുടേയും സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ തയ്യാറായിട്ടുണ്ട്. അവശേഷിക്കുന്ന മുൻകാല സർവ്വീസുള്ള ഏതാനും ചില ജീവനക്കാരുടെ വെരിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

**ഫയർ ആന്റ് റെസ്ക്യൂ ഓഫീസുകളുടെ ആധുനികവത്കരണം**

124 (3251) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയതായി ഫയർ ആന്റ് റെസ്ക്യൂ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസുകളും, ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളും ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിൽ ആവശ്യമായ ഫയർ ആന്റ് റെസ്ക്യൂ വാഹനം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഫയർ ആന്റ് സേഫ്റ്റി ഓഫീസുകളിൽ സേവനങ്ങൾ ആധുനികവത്കരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിച്ചു.

(ബി) ഉണ്ട്.

(സി) ആധുനികവത്കരണത്തിന്റെ ഭാഗമായി ഐ-ആപ്പ്, വീഡിയോ കോൺഫറൻസിംഗ്, വകുപ്പിൽനിന്നും നൽകുന്ന നിരാക്ഷേപ സാക്ഷ്യപത്രം സുതാര്യമാക്കുന്നതിന് വെബ് പോർട്ടൽ എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുന്നത് അന്തിമഘട്ടത്തിലാണ്.

## ഫയർ ആന്റ് സേഫ്റ്റി റെസ്ക്യൂ സർവ്വീസസ്സ് ഭേദഗതി ബിൽ

125(3252) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്.ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരത്തിലധികം പേർക്ക് ഇരിക്കാവുന്ന സിനിമാശാലകളിലും 100-ൽ അധികം മുറികളുള്ള ഹോട്ടലുകളിലും ഫയർ സേഫ്റ്റി ഓഫീസറെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമഭേദഗതിക്ക് ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ;

(ബി) ഫയർ ആന്റ് സേഫ്റ്റി ഓഫീസർമാരുടെ ആവശ്യം വേണ്ടിവരുന്ന മറ്റ് കെട്ടിടങ്ങൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(സി) ഫയർ ആന്റ് സേഫ്റ്റി റെസ്ക്യൂ സർവ്വീസസ്സ് ഭേദഗതി ബില്ലിൽ എന്തൊക്കെ ഭേദഗതികളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) നിയമനിർമ്മാണം സംബന്ധിച്ച ഫയർഫോഴ്സ് മേധാവിയുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) കരട് ബിൽ പ്രകാരം ഫയർ ആന്റ് സേഫ്റ്റി ഓഫീസർമാരുടെ ആവശ്യം വേണ്ടിവരുന്ന കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ആയിരത്തിലധികം പേർക്ക് ഇരിക്കാവുന്ന സിനിമാ ശാലകളിലും 10000 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള മൾട്ടിപ്ലക്സ് ബിൽഡിംഗുകളിലും മൾട്ടിപ്ലക്സ് തിയേറ്ററുകളിലും വാണിജ്യ സ്ഥാപനങ്ങളിലും ഫയർ ആന്റ് സേഫ്റ്റി ഓഫീസറെ നിയമിക്കണമെന്ന് ശിപാർശ ചെയ്യുന്നു.
2. 100-ലധികം മുറികളുള്ള ഹോട്ടൽ.
3. ബേസ്മെന്റ് ഏരിയ 25,000 സ്ക്വയർ മീറ്ററിൽ കൂടുതലുള്ള Under ground shopping complex-ലും ബിൽഡിംഗുകളിലും.
4. 50 മീറ്ററിൽ കൂടുതൽ ഉയരമുള്ള Non Residential Building.
5. 60 മീറ്ററിൽ കൂടുതൽ ഉയരമുള്ള Residential Building.

6. ഓയിൽ/പ്രകൃതിവാതക റിഫൈനറികൾ, എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റ് മുതലായവ.

7. 50000-ലധികം പേർക്ക് ഇരിക്കാവുന്ന തുറന്ന സ്റ്റേഡിയങ്ങൾ, 25000-ൽ അധികം പേർക്ക് ഇരിക്കാവുന്ന ഇൻഡോർ സ്റ്റേഡിയം മുതലായവ.

8. 500 കിടക്കയിൽ കൂടുതലുള്ള ഹോസ്പിറ്റൽ അല്ലെങ്കിൽ നഴ്സിംഗ് ഹോം.

9. പബ്ലിക് അല്ലെങ്കിൽ സെമി പബ്ലിക് ബിൽഡിംഗുകളായ റെയിൽവേ സ്റ്റേഷൻ, ബസ് ടെർമിനൽ, എയർ പോർട്ട്, അമ്യൂസ്മെന്റ് പാർക്ക് മുതലായ സ്ഥലങ്ങൾ.

(സി) 1962-ലെ ഫയർഫോഴ്സ് ആക്ടിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ട് പുതിയ ആക്ട് രൂപീകരിക്കുന്നതിനുള്ള കരട് ബിൽ ഫയർഫോഴ്സ് മേധാവി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്. ഫയർ ആന്റ് സേഫ്റ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കൽ, ഫയർ ആന്റ് സേഫ്റ്റി ഓഫീസർമാരെ നിയമിക്കുന്നത് തുടങ്ങിയവയുമായി ബന്ധപ്പെട്ട ഭേദഗതികളാണ് പ്രധാനമായും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

## വെള്ളാനിക്കര കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ

126(3253) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ നിയോജകമണ്ഡലത്തിലെ വെള്ളാനിക്കര കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നിലവിൽ അംഗീകരിച്ചിട്ടുള്ള മുൻഗണനാ പട്ടികയിൽ വെള്ളാനിക്കര ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിയോഗിച്ച ഏജൻസിയായ റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ ഓഫ് ഇന്ത്യ റിപ്പോർട്ടിൽ ഒല്ലൂർ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി സമർപ്പിക്കുവാൻ ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്നപക്ഷം ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കോന്നി ഫയർ സ്റ്റേഷന് കെട്ടിടം

127 (3254) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി വനം വകുപ്പിന്റെ കൈവശമുള്ള സ്ഥലം വിട്ടുകിട്ടുന്നതിലേയ്ക്കായി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ലെങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(സി) യൂസർ ഏജൻസിയായ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അപേക്ഷ സമർപ്പിക്കാത്തതുകൊണ്ടാണ് ഭൂമി വിട്ടു നൽകാത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിൽ അടിയന്തര നടപടി കൈക്കൊള്ളുമോ?

### ഉത്തരം

(എ&ബി) സ്ഥലം വിട്ടുകിട്ടുന്നതിനായി റവന്യൂ വകുപ്പിൽനിന്നും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളതും ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുള്ളതും ടി വകുപ്പുമായി ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളതുമാണ്. എന്നാൽ റോഡ് പുറമ്പോക്കുമായി ചേർന്ന് കിടക്കുന്ന നിർദ്ദിഷ്ട വന ഭൂമിയുടെ അളവുകൾ ഉൾപ്പെടുത്തിയ സ്കെച്ച് ലഭ്യമല്ലാത്തതിനാൽ ടി സ്ഥലത്ത് നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കാനും എസ്റ്റിമേറ്റ് തയ്യാറാക്കാനും സാധിക്കില്ല എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതിനെ തുടർന്ന് താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട വനഭൂമിയുടെ അളവുകൾ ഉൾപ്പെടുത്തിയ സ്കെച്ച് ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ടി സ്കെച്ച് ലഭ്യമായതിനുശേഷം ആയത് പൊതുമരാമത്ത് വകുപ്പിന് കൈമാറി ടി സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും അടക്കമുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതുമാണ്.

(സി&ഡി) താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട വനഭൂമിയുടെ അളവുകൾ ഉൾപ്പെടുത്തിയ സ്കെച്ച് ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ടി സ്കെച്ച് ലഭ്യമായതിനുശേഷം ആയത് പൊതുമരാമത്ത് വകുപ്പിന് കൈമാറി ടി സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും അടക്കമുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് യൂസർ ഏജൻസി എന്ന നിലയിൽ അപേക്ഷ സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്.

### കല്ലമ്പലം കേന്ദ്രീകരിച്ച് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

128 (3255) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കല്ലമ്പലം കേന്ദ്രീകരിച്ച് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആയതിലേക്ക് ആവശ്യമായ സ്ഥലം നാവായിക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 23-ൽ റീസർവ്വേ 233/1 ൽ 19.34 ആർ സർക്കാർ ഭൂമി കണ്ടെത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാർ നിയോഗിച്ച ഏജൻസിയായ റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ ഓഫ് ഇന്ത്യ നടത്തിയ പഠന റിപ്പോർട്ടിൽ കല്ലമ്പലം ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി നാവായിക്കുളം വില്ലേജിലെ ബ്ലോക്ക് നം.23-ൽ സർവ്വേ നമ്പർ 233/1-ൽ പ്പെട്ട 19.34 ആർ സർക്കാർ ഭൂമി വകുപ്പിന് കൈമാറുന്നതിനുള്ള അർത്ഥനാപത്രം വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയത് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

### ശ്രീപത്മനാഭസ്വാമി ക്ഷേത്ര പരിസരത്ത് പുതിയ ഫയർ സ്റ്റേഷൻ

129 (3256) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ശ്രീപത്മനാഭസ്വാമി ക്ഷേത്ര പരിസരം, ചാല, സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ:

(ബി) ഇതിലേയ്ക്കായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) <u>ശ്രീപത്മനാഭസ്വാമി ക്ഷേത്രം</u>: ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് സമീപം ഫയര്‍ സ്റ്റേഷന്‍ ആരംഭിക്കുന്നതിനായി തിരുവനന്തപുരം താലൂക്കില്‍ വഞ്ചിയൂര്‍ വില്ലേജില്‍ സര്‍വ്വേ നമ്പര്‍ 560/372-ല്‍പ്പെട്ട 10 സെന്റ് ഭൂമി അനുയോജ്യമാണെങ്കില്‍ പ്രസ്തുത സ്ഥലം ഫയര്‍ സ്റ്റേഷന്‍ നിര്‍മ്മിക്കുന്നതിന് കൈമാറാമെന്ന് ക്ഷേത്ര എക്സിക്യൂട്ടീവ് ഓഫീസര്‍ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തില്‍ ഭൂമി പരിശോധിച്ച് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

<u>സെക്രട്ടേറിയറ്റ്</u>: സെക്രട്ടേറിയറ്റില്‍ ഫയര്‍ സ്റ്റേഷന്‍ നിര്‍മ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം പരിശോധിച്ചുവരുന്നു.

<u>ചാല</u>: ചാലയില്‍ ഫയര്‍ സ്റ്റേഷന്‍ സ്ഥാപിക്കുന്നതിനായി ടിഡിയുടെ കൈവശം ചാല എരുമക്കുഴിയിലുള്ള 25 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എന്നാല്‍ ടി സ്ഥലം കൈമാറുന്നതിന് ടി സ്ഥലത്തിന് പകരം സ്ഥലം അനുവദിക്കുകയോ അര്‍ഹമായ വിലയോ നല്‍കണമെന്ന് ടിഡി അപേക്ഷ നല്‍കിയിട്ടുണ്ട്. ഇക്കാര്യം തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേര്‍ന്ന് പരിശോധിച്ചുവരുന്നു.

**ജയില്‍ വകുപ്പിനോട് അഭ്യന്തര വകുപ്പിന്റെ ചിറ്റമ്മനയം**

130 (3257) <u>ശ്രീ. എ. പി. അനില്‍ കുമാര്‍</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ജയില്‍ വകുപ്പിനോട് ആഭ്യന്തര വകുപ്പ് ചിറ്റമ്മനയമാണ് പുലര്‍ത്തുന്നതെന്ന ജയില്‍ മേധാവിയുടെ പ്രസ്താവന ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനാധാരമായ വസ്തുതകള്‍ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) ജയിലുകളില്‍ ഉള്‍ക്കൊള്ളുവാന്‍ കഴിയുന്നതിനേക്കാള്‍ അധികം തടവുകാരെ സംസ്ഥാനത്തെ ജയിലുകളില്‍ പാര്‍പ്പിച്ചിട്ടുണ്ടോ;വിശദാംശം നല്‍കുമോ;

(ഡി) തടവുകാരുടെ എണ്ണം കൂടിയ സാഹചര്യത്തില്‍ അവര്‍ക്ക് കൂടുതലായി പരോള്‍ അനുവദിക്കേണ്ട അവസ്ഥയുണ്ടായിട്ടുണ്ടോ;

(ഇ) പുതുതായി ജയിലുകള്‍ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ എവിടെയൊക്കയാണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച മാധ്യമ വാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിലുള്ള ജയിൽ വകുപ്പ് മേധാവിയുടെ വിശദീകരണം പരിശോധിച്ചുവരികയാണ്.

(സി) ഉണ്ട്. സംസ്ഥാനത്തെ ജയിലുകളിൽ 6217 തടവുകാരെ പാർപ്പിക്കാനുള്ള ശേഷിയാണുള്ളത്. എന്നാൽ നിലവിൽ 8031 തടവുകാരെ പാർപ്പിക്കുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) പെരിയ, ഇടുക്കി (തുറന്ന ജയിൽ), നാദാപുരം, താമരശ്ശേരി, സുൽത്താൻബത്തേരി, മണ്ണാർക്കാട്, എരുമപ്പെട്ടി, അടൂർ, കോന്നി, കരുനാഗപ്പള്ളി, നെടുമങ്ങാട് എന്നീ സ്ഥലങ്ങളിൽ പുതുതായി ജയിലുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. തളിപ്പറമ്പ്, കൂത്തുപറമ്പ് എന്നീ സ്ഥലങ്ങളിൽ പുതിയ സബ് ജയിലുകൾ സ്ഥാപിക്കുന്നതിന് ജയിൽ വകുപ്പിന് സ്ഥലം ലഭ്യമായിട്ടുണ്ട്.

## ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിൽ ശിക്ഷിക്കപ്പെട്ട പ്രതികൾക്ക് പരോൾ

131 (3258) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിൽ ശിക്ഷിക്കപ്പെട്ട എത്ര പ്രതികൾ വിയ്യൂർ സെൻട്രൽ ജയിലിൽ തടവുകാരായുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത തടവുകാർക്ക് എത്ര തവണ പരോൾ അനുവദിച്ചുവെന്ന വിശദാംശം നൽകുമോ;

(സി) 2016 മേയ് 25-ന് ശേഷം ഈ പ്രതികൾക്ക് എത്ര തവണ പരോൾ അനുവദിച്ചുവെന്നും ഏതൊക്കെ തീയതികളിലെന്നും എത്ര ദിവസം വീതം എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തടവുകാരിൽ ആർക്കെങ്കിലും ആയുർവേദ ചികിത്സ നൽകിയിട്ടുണ്ടോ; ഏത് ആശുപത്രിയിലായിരുന്നു അവരുടെ ചികിത്സയെന്നും എത്ര ദിവസമാണ് ചികിത്സയ്ക്കായി ആശുപത്രിയിൽ ചെലവഴിച്ചതെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 5 തടവുകാർ

(ബി&സി) തടവുകാർക്ക് പരോൾ അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) വിയ്യൂർ സെൻട്രൽ ജയിലിലെ അന്തേവാസിയായ സി. നമ്പർ 1612 മുഹമ്മദ് ഷാഫിക്ക് തൃശ്ശൂർ രാമവർമ്മ ജില്ലാ ആയുർവേദ ആശുപത്രിയിൽ 21-12-2017-ൽ ഔട്ട് പേഷ്യന്റ് ആയി ചികിത്സ നൽകിയിട്ടുണ്ട്.

**അച്ചടി വകുപ്പിൽ ഇന്റേണൽ ആഡിറ്റ് വിംഗ്**

132 (3259) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ ഇന്റേണൽ ആഡിറ്റ് വിംഗ് ആരംഭിക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് ഏതു വർഷത്തിലെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്റേണൽ ആഡിറ്റ് വിംഗ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അച്ചടി വകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അച്ചടി വകുപ്പിലെ കോടതി വ്യവഹാരങ്ങൾ കുറയ്ക്കുന്നതിന് ഇന്റേണൽ ആഡിറ്റ് വിംഗിന്റെ ആവശ്യകത അനിവാര്യമാണോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അച്ചടി വകുപ്പിൽ ഇന്റേണൽ ആഡിറ്റ് വിംഗ് ആരംഭിക്കണമെന്ന് അക്കൗണ്ടന്റ് ജനറലിന്റെ 30-3-2015-ലെ OA(HQ)II/II/12-474/2014-15/1627

ആഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) കോടതി വ്യവഹാരങ്ങൾ കുറയ്ക്കുന്നതിന് ഇന്റേണൽ ആഡിറ്റ് വിംഗ് രൂപീകരിക്കുന്നത് ഒരു പരിധി വരെ സഹായകമാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റേഷനറി സാധനങ്ങൾ അധികമായി നൽകുന്നതിന് നടപടി

133 (3260) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എം.എൽ.എ.-മാരുടെ ഓഫീസ് ആവശ്യത്തിലേക്കായി സ്റ്റേഷനറി വകുപ്പിൽ നിന്നും അനുവദിക്കുന്ന സ്റ്റേഷനറി സാധനങ്ങൾ അപര്യാപ്തമാണെന്ന വസ്തുത പരിഗണിച്ച് സ്റ്റേഷനറി സാധനങ്ങൾ അധികമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ടോണർ വർഷം ആറ് എണ്ണം എന്നുള്ളത് 12 എണ്ണം ആയി നൽകുമോ; വ്യക്തമാക്കുമോ;

(സി) ഒരു സമയം ഒരു ടോണർ അനുവദിക്കുന്നതിന് പകരം രണ്ട് എണ്ണം വീതം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) A4 സൈസ് പേപ്പർ വർഷം 10 റീം നൽകുന്നതിന് പകരം 25 റീം നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ?

(ഇ) ഒരു വർഷത്തിൽ നൽകുന്ന ബോക്സ് ഫയലുകളുടെ എണ്ണം 50 -ഉം ഫയൽ ബോർഡുകളുടെ എണ്ണം 150 -ഉം ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) ഇതിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കാൻ സംസ്ഥാന സ്റ്റേഷനറി ഡയറക്ടർക്ക് ഉത്തരവ് നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ള നിലവിലുള്ള ക്വാട്ട വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്റ്റേഷനറി കൺട്രോളർ സ്വീകരിച്ചുവരുന്നു.

(ബി & സി) എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ള നിലവിലുള്ള ക്വാട്ട വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) A4 സൈസ് പേപ്പറിന്റെ ഉപയോഗം കൂടുതലുള്ള പക്ഷം അധിക വിഹിതം നൽകാവുന്നതാണ്.

(ഇ & എഫ്) ബഹു. എം.എൽ.എ.- മാർക്ക് വിതരണം ചെയ്യുന്ന സ്റ്റേഷനറി സാധനങ്ങളുടെ ലിസ്റ്റിൽ ബോക്സ് ഫയലുകൾ ഉൾപ്പെടുന്നില്ല. ക്യാബിനറ്റ് ഫയൽ ഫോൾഡറാണ് വിതരണം നടത്തുന്നത്. എം.എൽ.എ.-മാരുടെ ക്വോട്ട പുതുക്കുന്ന മുറയ്ക്ക് ബോക്സ് ഫയൽ ഉൾപ്പെടുത്തുന്നതാണ്. ഫയൽ ബോർഡുകൾ ആവശ്യമുള്ള പക്ഷം വിതരണം ചെയ്യുന്നതാണ്.

## ജലപാത നിർമ്മാണ പുരോഗതി വിലയിരുത്താൻ ചേർന്ന യോഗം

134 (3261) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം മുതൽ കാസർഗോഡ് വരെയുള്ള ജലപാതാ നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്താൻ എത്ര തവണ യോഗം ചേർന്നുവെന്നും പ്രസ്തുത യോഗങ്ങളിൽ ആരൊക്കെ പങ്കെടുത്തുവെന്നും വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പുരോഗതി വിലയിരുത്താൻ അവസാനമായി യോഗം ചേർന്നതെപ്പോഴാണെന്നും പ്രസ്തുത യോഗത്തിൽ ആരൊക്കെ പങ്കെടുത്തു എന്നും തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്നും വ്യക്തമാക്കാമോ;

(സി) എത്ര കിലോ മീറ്റർ നീളത്തിലാണ് ജലപാതയെന്നും എത്ര ജില്ലകളെ ബന്ധിപ്പിക്കുമെന്നും എത്ര കോടിയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം മുതൽ കാസർഗോഡ് വരെയുള്ള ജലപാതാ നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുവാൻ 9 തവണ യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) നിർമ്മാണ പുരോഗതി വിലയിരുത്താൻ 12-2-2018-ലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവസാനമായി യോഗം ചേർന്നത്. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്* പ്രസ്തുത യോഗത്തിൽ ജലപാതാ വികസനം മൂന്ന് ഘട്ടങ്ങളിലായി സമയബന്ധിതമായി പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2020-ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ നിലവിലുള്ള അവസ്ഥയിൽ തന്നെ ജലപാതകൾ വൃത്തിയാക്കി ആഴം കൂട്ടി ആവശ്യാനുസരണം പാലങ്ങളും ബോട്ട് ജെട്ടികളും കൃത്രിമ കനാലുകളും നിർമ്മിച്ച് ജലപാത ഗതാഗതയോഗ്യമാക്കുവാനും 2022-ൽ തീരുന്ന 2-ാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയിലെ അളവിൽ കനാൽ നിർമ്മാണം പൂർത്തിയാക്കുവാനും 2025-ൽ തീരുന്ന മൂന്നാം ഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ലക്ഷ്യമിടുന്നു. ജലപാതയുടെ വിവിധ ഭാഗങ്ങളിൽ ടൂറിസം വില്ലേജുകൾ സ്ഥാപിച്ച് ടൂറിസം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ്വേകുവാനും അപകടകരമായ രാസവസ്തുക്കൾ ഉൾപ്പെടെയുള്ള ചരക്കുകളുടെ നീക്കം പൂർണ്ണമായും ജലപാതകളിലേക്ക് മാറ്റുവാനും അതുവഴി ചെലവ് കുറഞ്ഞതും അപകടരഹിതവുമായ ഗതാഗതം സാധ്യമാക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

(സി) 610 കിലോ മീറ്ററാണ് ജലപാതയുടെ ആകെ നീളം. 10 ജില്ലകളെ ജലപാത ബന്ധിപ്പിക്കുന്നു. പ്രാരംഭ ഘട്ടത്തിൽ ഏകദേശം 2300 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

## ജലപാതകളുടെ നിർമ്മാണ പുരോഗതി

135 (3262) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലപാതകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ജലപാതകളുടെ നിർമ്മാണം നിലവിൽ ഏത് കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജലപാതകളുടെ നിർമ്മാണത്തിനായി കിഫ്ബി മുഖേന എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജലപാതകളുടെ നിർമ്മാണപുരോഗതി ബഹു. മുഖ്യമന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ പല പ്രാവശ്യം വിലയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള വെസ്റ്റ് കോസ്റ്റ് കനാലിലെ ഉയർന്ന പദ്ധതി ചെലവ് വരുന്ന ഭാഗങ്ങൾ കിഫ്ബിയുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ നിർമ്മാണം പൂർത്തീകരിക്കാൻ ക്വിൽ (കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) പാർവ്വതിപുത്തനാർ ഗതാഗതയോഗ്യമാക്കുന്നതിന് 150 കോടി രൂപയും മാഹി - വളപട്ടണം കനാൽ നിർമ്മാണത്തിന് 650 കോടി രൂപയും കിഫ്ബി വഴി അനുവദിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## ഡോ. എ.പി.ജെ. അബ്ദുൾ കലാം നൽകിയ നിർദ്ദേശങ്ങൾ

136 (3264) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. എ. പി. ജെ. അബ്ദുൾ കലാം രാഷ്ട്രപതിയായിരുന്ന കാലയളവിൽ, കേരളത്തിന്റെ സമഗ്ര വികസനത്തിനായി അദ്ദേഹം എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിരുന്നോ;

(ബി) അവയിൽ ഏതൊക്കെ നിർദ്ദേശങ്ങൾ ഇതിനകം പ്രാവർത്തികമാക്കി;

(സി) ശേഷിക്കുന്നവ പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ അന്വേഷണ കമ്മീഷനുകൾ

137 (3265) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിൽ ജുഡീഷ്യൽ അന്വേഷണം ഉൾപ്പെടെ എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചു എന്നും അവ ഏതൊക്കെയെന്നും അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളവ ഏതൊക്കെയെന്നും വിശദമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## വിദേശ ഫണ്ട് സ്വീകരിച്ച് പ്രവർത്തിക്കുന്ന സർക്കാർ ഇതര സംഘടനകൾ

138 (3266) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ഫണ്ട് സ്വീകരിച്ച് പ്രവർത്തിക്കുന്ന സർക്കാർ ഇതര സംഘടനകൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2017-ൽ സംസ്ഥാനത്ത് വിദേശ ഫണ്ട് സ്വീകരിച്ച് പ്രവർത്തിക്കുന്ന എത്ര സർക്കാർ ഇതര സംഘടനകളുടെ അംഗീകാരം റദ്ദാക്കപ്പെട്ടിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1417 സംഘടനകൾ പ്രവർത്തിച്ചുവരുന്നു.

(ബി) സർക്കാർ ഇതര സംഘടനകൾക്ക് വിദേശ സഹായം ലഭിക്കാനുള്ള അനുമതി നൽകുന്നതും ആവശ്യമെന്നുകണ്ടാൽ അത് റദ്ദ് ചെയ്യുന്നതും കേന്ദ്ര സർക്കാരാണ്. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ തലത്തിൽ വിവരം ലഭ്യമല്ല.

**ജന്മി പെൻഷൻ ഒരു തലമുറയ്ക്കുകൂടി നൽകാവുന്ന കുടുംബ പെൻഷനായി അനുവദിക്കാൻ നടപടി**

139(3267) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1963-ലെ കേരള ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതിന്റെ ഫലമായി ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട നിർദ്ധനരായ മുൻ ജന്മിമാർക്ക് നൽകി വരുന്ന ജന്മി പെൻഷൻ, അവരുടെ ഒരു തലമുറക്ക് കൂടി നൽകാവുന്ന കുടുംബപെൻഷനായി അനുവദിക്കാവുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഇപ്പോൾ പരിണനയിലില്ല.

**സിയാൽ മാതൃകയിൽ പുതിയ പദ്ധതികൾ**

140 (3268) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിയാൽ മാതൃകയിൽ സർക്കാർ ഓഹരി നിക്ഷേപത്തോടെ സംസ്ഥാനത്ത് പുതിയ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ഇപ്രകാരം ആരംഭിക്കുവാൻ നിശ്ചയിച്ചിരുന്ന കേരള ബസ് ഷെൽട്ടർ കമ്പനി, പൊതു ടോയ്‌ലെറ്റ് കമ്പനി എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) റബ്ബറിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായും റബ്ബർ കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും വേണ്ടി CIAL മാതൃകയിൽ സർക്കാർ ഓഹരി പങ്കാളിത്തത്തോടെ ഒരു കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ദ്ധരുമായി കൂടിയാലോചിച്ച് കെ.എസ്.ഐ.ഡി.സി. പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) ഉണ്ട്. 27-2-2013-ലെ സ.ഉ. (കൈ) 19/2013/പൊ.മ.വ. പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് 27-02-2013-ലെ സ.ഉ (കൈ)20/ 2013/പൊമവ പ്രകാരം ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്നീ കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്ത് കൂടുതൽ ഫോറൻസിക് ലാബുകൾ**

141(3269) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറൻസിക് ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഫോറൻസിക്/കെമിക്കൽ ലാബുകളിൽ ഫോറൻസിക് സയൻസ്/ഫോറൻസിക് മെഡിസിൻ എന്നിവയിൽ സ്പെഷ്യലൈസ് ചെയ്ത ഉദ്യോഗാർത്ഥികളെയാണോ നിയമിച്ചുവന്നത്; വ്യക്തമാക്കുമോ;

(സി) പുതിയ ഫോറൻസിക്/കെമിക്കൽ ലാബുകളിൽ ഫോറൻസിക് സയൻസ്/ഫോറൻസിക് മെഡിസിൻ എന്നിവയിൽ സ്പെഷ്യലൈസ് ചെയ്ത ഉദ്യോഗാർത്ഥികളെ കൂടി നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫോറൻസിക് ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട ഗവർണറുടെ 2017-18 വർഷത്തെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മൊബൈൽ, ഫോറൻസിക് സയൻസ് ലാബുകളെ ഫോറൻസിക് കളക്ഷൻ സെന്ററുകളായി വിപുലീകരിക്കുന്നതിനും തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയെ "ഹൈടെക് ഫോറൻസിക് സയൻസ് ലബോറട്ടറി" ആയി ഉയർത്തുന്നതിനുമുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. കൊച്ചി റീജിയണൽ സയൻസ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. പ്രസ്തുത ലബോറട്ടറിയെ "State-of-the-Art Forensic Science Laboratory" ആയി ഉയർത്തുന്നതിനുള്ള നടപടികളും സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് സംസ്ഥാനത്ത് ഫോറൻസിക് ലാബുകൾ/കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി എന്നിവിടങ്ങളിൽ പി.എസ്.സി. വഴിയാണ് നിയമനം നടത്തുന്നത്. നിലവിൽ കെമിക്കൽ എക്സാമിനേഴ്സ്

ലബോറട്ടറിയിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ B.Sc. കെമിസ്ട്രി യോഗ്യതയുള്ളവരെയും ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികയിൽ M.Sc. കെമിസ്ട്രി, M.Sc. ഫോറൻസിക് സയൻസ്, M.Sc. ബയോകെമിസ്ട്രി യോഗ്യതയുള്ളവരെയുമാണ് നിയമിക്കുന്നത്. സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ വിവിധ ഡിവിഷനുകളിൽ അംഗീകൃത സർവ്വകലാശാലയിൽനിന്നും 50% മാർക്കിൽ കുറയാതെ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, സൈക്കോളജി എന്നീ അടിസ്ഥാന വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവരെയാണ് സയന്റിഫിക് ഓഫീസർ തസ്തികയിൽ നിയമിക്കുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പൊതുമേഖലാ ബാങ്കുകളിൽനിന്നും ഭവനവായ്പ

142 (3270) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ പൊതുമേഖലാ ബാങ്കുകളിൽ നിന്നും ഭവനവായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ റോഡ് സൗകര്യം ഇല്ല എന്ന കാരണത്താൽ അപേക്ഷകൾ നിരസിക്കുന്നതിനെതിരെ, സർക്കാർ അപേക്ഷകർക്ക് അനുകൂലമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

വായ്പകൾക്ക് ഈടായി നൽകുന്ന ഭൂമിയിലേയ്ക്ക് വഴി സൗകര്യം ഒരു മാനദണ്ഡമായി ബാങ്കുകൾ നിഷ്കർഷിക്കാറുണ്ട്. ബാങ്കുകളുടെ വായ്പാ നയങ്ങളിൽ ഇടപെടുന്നതിന് സർക്കാരിന് പരിമിതികളുണ്ട്.

## മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ ലഭിച്ച പരാതികൾ

143 (3271) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ 2017-ൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ പരാതികൾക്ക് തീർപ്പുകല്പിച്ചതും നടപടികൾക്കായി മറ്റു വകുപ്പുകൾക്ക് കൈമാറിയതും ആയ എത്ര എണ്ണമാണുള്ളത്;

(സി) ലഭിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി നടപടി സ്വീകരിച്ച് തീർപ്പുകല്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 464735 എണ്ണം

(ബി) അപേക്ഷയിലെ വസ്തുത പരിശോധിച്ചശേഷം നടപടി സ്വീകരിക്കേണ്ട എല്ലാ അപേക്ഷകളും തുടർനടപടികൾക്കായി മറ്റു വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. അതിൽ 172245 അപേക്ഷകൾ വിവിധ വകുപ്പുകളിൽ നാളിതുവരെ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

(സി) എല്ലാ ജില്ലാ കളക്ടർമാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ലബോറട്ടറികളിലെ ഫീസ് ഏകീകരണം

144(3272) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലബോറട്ടറികളിൽ വിവിധ ടെസ്റ്റുകൾക്ക് ഫീസ് നിശ്ചയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പരിശോധനാ ഫീസുകൾ ഏകീകരിക്കാനുള്ള നിയമനിർമാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ വക പബ്ലിക് ഹെൽത്ത് ലാബുകളിലെ വിവിധ ടെസ്റ്റുകൾക്ക് ഫീസ് നിർണ്ണയിക്കുന്നത് സർക്കാർ ആണ്. സർക്കാർ ആശുപത്രികളോടനുബന്ധിച്ചുള്ള ലാബുകളുടെ നിരക്ക് തീരുമാനിക്കുന്നത് അതാത് ആശുപത്രി വികസന സമിതിയാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പ്രാവർത്തികമാക്കുമ്പോൾ സ്വകാര്യ ലബോറട്ടറികൾ ഉൾപ്പെടെയുള്ള ചികിത്സാ സ്ഥാപനങ്ങളിൽ ചുരുങ്ങിയ നിലവാരമെങ്കിലും ഉറപ്പാക്കാനും പരിശോധനാ ഫീസുകളിലെ വലിയ അന്തരം ഒരു പരിധിവരെ നിയന്ത്രിക്കാനും കഴിയുന്നതാണ്.

## മെഡിക്കൽ കോളേജ് കാഷ്വാലിറ്റികളിലെ തിരക്ക് ഒഴിവാക്കുവാൻ നടപടി

145 (3273) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ കാഷ്വാലിറ്റികളിൽ ഉണ്ടാകുന്ന വൻ തിരക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തിരക്കുകാരണം, അപകടങ്ങളിൽപ്പെട്ട് എത്തുന്നവർ രക്തം നഷ്ടപ്പെട്ട് മണിക്കൂറുകൾ കാത്തു കിടക്കേണ്ട അവസ്ഥയ്ക്ക് എന്ത് പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ എമർജൻസി കെയർ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപകടങ്ങളിൽപ്പെട്ട് മെഡിക്കൽ കോളേജുകളിലെ കാഷ്വാലിറ്റികളിൽ എത്തുന്നവർക്ക് രക്തം വാർന്ന് കിടക്കേണ്ട സാഹചര്യം ഉണ്ടാകാറില്ല. അപകടകരമായ രീതിയിൽ രക്തസ്രാവമുള്ള രോഗികൾക്ക് അടിയന്തര പ്രാധാന്യം നൽകി ആവശ്യമായ പരിചരണം നൽകിവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## ആയുർവേദ ഫാർമസിസ്റ്റുകൾക്ക് യൂണിഫോം അലവൻസ്

146 (3274) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലെ ആയുർവ്വേദ ഫാർമസിസ്റ്റുകൾക്ക് ലഭിച്ചുകൊണ്ടിരിരുന്ന യൂണിഫോം അലവൻസ് ലഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഫയലിൽ (214/A1/2017) തീരുമാനമെടുക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശമ്പള പരിഷ്കരണ ഉത്തരവിൽ ഫാർമസിസ്റ്റുമാർക്ക് യൂണിഫോം അലവൻസ് അനുവദിച്ചിരുന്നില്ല.

(ബി&സി) ഈ ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ഡോക്ടർമാരുടെ നിർബന്ധ സേവന കാലാവധി**

147 (3275) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും പി.ജി. പൂർത്തിയാക്കിയവരുടെയും പഠനാനന്തരമുള്ള നിർബന്ധ സേവന കാലാവധി കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകളിലെയും ആരോഗ്യ വകുപ്പിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം ഉയർത്തിയതിനെത്തുടർന്ന് മെഡിക്കൽ വിദ്യാർത്ഥികൾ നടത്തിയ സമരം ഒത്ത് തീർപ്പാക്കുന്നതിന്റെ ഭാഗമായ കരാറിന്റെ അടിസ്ഥാനത്തിലാണോ അപ്രകാരം സേവന കാലാവധി കുറച്ചതെന്ന് അറിയിക്കാമോ;

(സി) മെഡിക്കൽ കോളേജുകളുടെ അംഗീകാരം നിലനിർത്തുന്നതിന്, സ്വകാര്യ മെഡിക്കൽ കോളേജിൽ നിന്നുള്ള ഡോക്ടർമാരെ സീനിയർ റെസിഡന്റുമാരായി നിയമിക്കുന്ന കാര്യം ആലോചനയിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 20-2-2018-ലെ സ.ഉ(എം.എസ്.) 30/2018/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ബോണ്ടഡ് സർവ്വീസ് 3 (മൂന്ന്) വർഷം എന്നതിൽനിന്നും ഒരു വർഷമായി ചുരുക്കിയും പോസ്റ്റ് ഗ്രാജ്വേഷൻ ബോണ്ടഡ് സർവീസ് 1 (ഒന്ന്) വർഷം എന്നതിൽനിന്നും ആറ് (6) മാസമായി ചുരുക്കിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ബോണ്ട് കാലാവധി കുറയ്ക്കണമെന്ന ആവശ്യം മുൻപ് വിദ്യാർത്ഥികൾ ഉന്നയിച്ചതിനെ തുടർന്ന് ടി കാര്യം പരിഗണിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റി 1-1-2018-ൽ യോഗം ചേർന്ന് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലെടുത്ത തീരുമാനമാണ്.

(സി) സർക്കാർ മെഡിക്കൽ കോളേജുകളുടെ അംഗീകാരം നിലനിർത്തുന്നതിന് സീനിയർ റസിഡന്റുമാരുടെ സേവനം അനിവാര്യമായതിനാൽ സർക്കാരിതര മേഖലകളിൽനിന്നും സീനിയർ റെസിഡന്റുമാരുടെ സേവനം സർക്കാർ മെഡിക്കൽ കോളേജുകളിൽ അനുവദിച്ച് 20-2-2018-ലെ സ.ഉ. (എം.എസ്)30/2018/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിത മേഖലകളിൽനിന്നും ആവശ്യമായ സീനിയർ റെസിഡന്റുമാരുടെ സേവനം സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാകുന്ന പക്ഷം നിർബന്ധിത ബോണ്ടഡ് സർവ്വീസ് ഒഴിവാക്കുന്ന വിഷയം പരിശോധിക്കുന്നതാണെന്നും ആവശ്യമായ എണ്ണം സീനിയർ റെസിഡന്റുമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യത്തിൽ പോസ്റ്റ് ഗ്രാജുവേഷൻ കാലം (ഡിപ്ലോമ/ഡിഗ്രി) കഴിഞ്ഞുള്ള നിർബന്ധിത ബോണ്ടഡ് സർവ്വീസ് നിലനിർത്തുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

## കരട് ആരോഗ്യ നയം

148 (3276) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച പുതിയ കരട് ആരോഗ്യ നയത്തിൽ സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിരക്ഷയോ സൗകര്യങ്ങളോ ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കരട് ആരോഗ്യ നയം തയ്യാറാക്കിയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. ശിശുമരണനിരക്ക് 2020-ൽ എട്ടിലേക്ക് താഴ്ത്തിക്കൊണ്ടു വരികയെന്നതാണ് സുസ്ഥിര വികസന ലക്ഷ്യം നിറവേറ്റുന്നതിനായി ത്രിതല ആരോഗ്യ സംവിധാനങ്ങളിൽ മാതൃശിശു സംരക്ഷണ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ആയതിനായി മെഡിക്കൽ കോളേജുകളിലേയും ജില്ലാ ആശുപത്രികളിലേയും നവജാത ശിശുപരിചരണ യൂണിറ്റുകളെ കൂടുതൽ സൗകര്യങ്ങളും സ്റ്റാഫും നൽകി ശക്തിപ്പെടുത്തുന്നതും പ്രസവ സൗകര്യമുള്ള എല്ലാ സ്ഥാപനങ്ങളിലും ഘട്ടം ഘട്ടമായി വെന്റിലേറ്റർ സൗകര്യം ഏർപ്പെടുത്തുന്നതിനും

നവജാത ശിശുക്കൾക്ക് ആറ് മാസത്തേയ്ക്ക് സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും ഡിഫ്ത്തീരിയ, ടെറ്റനസ് തുടങ്ങിയ രോഗങ്ങൾ ചില സ്ഥലങ്ങളിൽ വീണ്ടും പ്രത്യക്ഷപ്പെട്ട സ്ഥിതിക്ക് പതിവ് കുത്തിവയ്പ്പ് യജ്ഞത്തെ തൃപ്തികരമായ തലത്തിൽ വ്യാപിപ്പിക്കുന്നതിനും ഓരോ കുട്ടിയും ജനിക്കുമ്പോൾ തന്നെ നിർബന്ധവും ഐച്ഛികവുമായ പ്രതിരോധ കുത്തിവയ്പ്പുകളെ സംബന്ധിച്ച സമയക്രമം വ്യക്തമാക്കുന്ന കാർഡ് നൽകുകയും സ്കൂളിൽ ചേർക്കുമ്പോൾ കുത്തിവയ്പ്പുകളുടെ സാക്ഷ്യം രേഖപ്പെടുത്തിയ കാർഡ് ഹാജരാക്കാൻ നിയമം കൊണ്ടുവരുന്നതിനും ശാസ്ത്രീയമായി കുട്ടികൾക്ക് ആരോഗ്യ വിദ്യാഭ്യാസം പകർന്ന് നൽകാൻ തെരഞ്ഞെടുത്ത അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും കരട് ആരോഗ്യ നയത്തിൽ നിർദ്ദേശങ്ങളുണ്ട്.

2014-ലെ നാഷണൽ സാമ്പിൾ സർവ്വേ പ്രകാരം കേരളത്തിൽ രോഗാതുരമായ അവസ്ഥയിൽ കൂടുതൽ വർഷം കഴിയേണ്ടിവരുന്നത് സ്ത്രീകളായതിനാൽ സ്ത്രീകൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക പരിപാടികൾ പ്രായമായവർക്ക് വേണ്ടിയുള്ള പൊതു പരിപാടികൾക്കുള്ളിൽ നടപ്പാക്കുകയും മാതൃമരണ കാരണം കണ്ടെത്തുന്നതിന് Mortality Review നടത്തി ഉചിതമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും കരട് ആരോഗ്യ നയത്തിൽ നിർദ്ദേശങ്ങളുണ്ട്.

സംസ്ഥാനത്ത് പ്രസവം എടുക്കാൻ സൗകര്യമുള്ള എല്ലാ കേന്ദ്രങ്ങൾക്കും സർക്കാർ-സ്വകാര്യ ലൈസൻസ് നിർബന്ധമാക്കുന്നതിനും ഈ കേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനും പ്രസവസേവനത്തിനും നവജാത ശിശുവിനെ കൊണ്ടുപോകുന്നതിനും ആംബുലൻസ് സേവനം ലഭ്യമാക്കുന്നതിനും വെന്റിലേറ്റർ ഇല്ലാത്ത സ്വകാര്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാതിരിക്കുന്നതിനും നിർദ്ദേശമുണ്ട്. അംഗപരിമിതരെ നേരത്തെ കണ്ടെത്താനും ചികിത്സിക്കാനും പുനരധിവാസം ഏർപ്പെടുത്താനും നിർദ്ദേശമുണ്ട്.

(സി) 22-8-2016-ലെ സ.ഉ.(സാധാ) 2323/2016/ആ.കു.വ. പ്രകാരം സംസ്ഥാനത്ത് പുതിയ ആരോഗ്യ നയം രൂപീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഡോ. ബി. ഇക്ബാൽ ചെയർമാനും ഡോ. കെ. പി. അരവിന്ദൻ കൺവീനറുമായി 17 അംഗ വിദഗ്ദ്ധ സമിതിയെ നിയമിച്ചിരുന്നു. വിവിധ സംഘടനകളുമായും വ്യക്തികളുമായും ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് സമിതി കരട് ആരോഗ്യ നയം തയ്യാറാക്കിയത്.

## കരട് ആരോഗ്യനയത്തിൽ ഭേദഗതി

149 (3277) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ അംഗീകരിച്ച കരട് ആരോഗ്യനയം കേന്ദ്രസർക്കാർ നടപ്പിലാക്കിയ ഭക്ഷ്യസുരക്ഷാ നിയമത്തിന് എതിരാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരട് ആരോഗ്യനയം സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടിയിരുന്നോ;

(സി) 2006-ൽ നടപ്പിലാക്കിയ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്റ്റിന് വിരുദ്ധമായ പരാമർശങ്ങൾ ഒഴിവാക്കി സംസ്ഥാന കരട് ആരോഗ്യനയത്തിൽ ഭേദഗതികൾ വരുത്താൻ തയ്യാറാകുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 22-8-2016-ലെ സ.ഉ.(സാധാ) 2326/2016/ആ.കു.വ. പ്രകാരം ആരോഗ്യനയം രൂപീകരിക്കുന്നതിനായി 17 അംഗ വിദഗ്ദ്ധ സമിതിയെ ഡോ. ബി. ഇക്ബാൽ ചെയർമാനും ഡോ. കെ. പി. അരവിന്ദൻ കൺവീനറുമായി നിയമിക്കുകയും വിവിധ സംഘടനകളുമായും വ്യക്തികളുമായും ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് കരട് ആരോഗ്യനയം തയ്യാറാക്കിയിട്ടുള്ളത്.

(സി) കൂടുതൽ നിർദ്ദേശങ്ങളും ഭേദഗതികളും പരിശോധിച്ച് മാറ്റങ്ങൾ ആവശ്യമാണെന്ന് കാണുന്ന പക്ഷം അവ വരുത്തി സംസ്ഥാന ആരോഗ്യനയം അന്തിമമായി അംഗീകരിക്കുന്നതാണ്.

## സമഗ്ര ആരോഗ്യനയം

150 (3278) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ആരോഗ്യനയത്തിൽ വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) അനുദിനം വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ് നേരിടുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് ആരോഗ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ ചികിത്സ ചെലവ് നിയന്ത്രിക്കുന്നതിന് ആശുപത്രികളുമായി സഹകരിച്ച് എന്തെങ്കിലും ചികിത്സ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 22-2-2018-ലെ സ.ഉ.(കൈ) 32/2018/ആ.കു.വ. പ്രകാരം കരട് ആരോഗ്യ നയം അംഗീകരിച്ചിട്ടുണ്ട്. കേരളത്തിലെ ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളികൾ തരണം ചെയ്യാനായി തുല്യത, സാമൂഹിക നീതി, ലിംഗനീതി, ഗുണനിലവാരം മെച്ചപ്പെടുത്തൽ, ചെലവു കുറഞ്ഞ പ്രതിവിധികൾ, ഉചിതമായ മനുഷ്യ വിഭവശേഷി വികസനം, ജീവിത ശൈലിയിൽ ആവശ്യമായ മാറ്റം വരുത്തൽ, സേവനങ്ങളുടെയും മനുഷ്യവിഭവശേഷിയുടെയും മുൻഗണനാ ക്രമത്തിലുള്ള വിന്യാസം, ആവശ്യമായ മാനവ വിഭവശേഷി കണ്ടെത്തൽ എന്നിവയിൽ ഊന്നൽ നൽകണമെന്നും ജനസംഖ്യയുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റത്തക്കരീതിയിൽ ആരോഗ്യ രംഗത്ത് സമഗ്ര ഇടപെടൽ നടത്തുകയും അതോടൊപ്പം രോഗാതുരതയും മരണ നിരക്കും കുറയ്ക്കുന്നതിനും നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കരട് ആരോഗ്യനയം തയ്യാറാക്കിയിട്ടുള്ളത്.

(ബി)

1. പകർച്ചവ്യാധികളുടെ നിയന്ത്രണം
2. പ്രാഥമിക തലത്തിൽ തന്നെ ജീവിതശൈലീരോഗങ്ങളുടെ നിയന്ത്രണം
3. കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ
4. പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ.
5. ദ്വിതീയ തലത്തിൽ രോഗസങ്കീർണതകളുടെ നിയന്ത്രണം.
6. ദ്വിതീയ തൃതീയതല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം.
7. തൃതീയ റഫറൽ സമ്പ്രദായം നടപ്പാക്കൽ
8. ചികിത്സാ രംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ.

(സി) റീജിയണൽ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവ റീജിയണൽ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളായി ആധുനിക സൗകര്യങ്ങളോടെ വികസിപ്പിച്ചെടുക്കുന്നതിനും

ക്യാൻസർ ചികിത്സാ സൗകര്യമില്ലാത്ത മെഡിക്കൽ കോളേജുള്ള ജില്ലകളിൽ അടിസ്ഥാന റേഡിയേഷൻ ചികിത്സയ്ക്കും കീമോതെറാപ്പിക്കുമുള്ള സൗകര്യം എല്ലാ ജില്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിനും പ്രാദേശിക, സംസ്ഥാന ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിലും സർക്കാർ ആശുപത്രികളിലെ ക്യാൻസർ വകുപ്പുകളിലും പൂർണ്ണമായും സജ്ജമായ മെഡിക്കൽ സർജിക്കൽ, റേഡിയേഷൻ ഓങ്കോളജി വകുപ്പുകളും ആധുനിക രോഗനിർണ്ണയ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും കരട് ആരോഗ്യ നയത്തിൽ നിർദ്ദേശങ്ങളുണ്ട്.

**ജീവിതശൈലീ രോഗങ്ങളെ ചെറുക്കാൻ നടപടി**

151(3279) <u>ശ്രീ. എസ്. ശർമ്മ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിത ശൈലീരോഗങ്ങൾ നേരത്തെ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനും, രോഗബാധയെക്കുറിച്ചും പ്രതിരോധത്തെ സംബന്ധിച്ചുമുള്ള അവബോധം ജനങ്ങളിൽ എത്തിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കമോ;

(ബി) വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ ജീവിതശൈലി രോഗ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതിയാണ് അമൃതം ആരോഗ്യം. ജീവിതശൈലീ രോഗങ്ങളിലേയ്ക്ക് നയിക്കുന്ന അനാരോഗ്യകരമായ ഭക്ഷണ രീതി, വ്യായാമം ഇല്ലായ്മ, ലഹരിയോടുള്ള ആസക്തി എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണം, രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ്, രോഗം കണ്ടെത്തുന്നവർക്ക് സൗജന്യ ചികിത്സയും മരുന്നും എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ സജ്ജീകരിക്കുകയും മുപ്പത് വയസ്സിന് മുകളിലുള്ള എല്ലാ ജനങ്ങളെയും സ്ക്രീനിംഗിന് വിധേയമാക്കുകയും ചെയ്യുന്നു. ഇതിനുപുറമെ സ്കൂളുകൾ, തൊഴിലിടങ്ങൾ കേന്ദ്രീകരിച്ചുള്ള ആരോഗ്യബോധവൽക്കണം, ഹ്രസ്വചിത്രങ്ങൾ, എക്സിബിഷനുകൾ, ലഘുലേഖകൾ, ടെലിവിഷൻ പരസ്യങ്ങൾ എന്നിവ ജീവിതശൈലീ രോഗത്തിന്റെ ബോധവൽക്കരണത്തിനായി നടത്തിവരുന്നു.

(ബി) സാമൂഹികാരോഗ്യ കേന്ദ്രം, മാലിപ്പുറം

പ്രാഥമികാരോഗ്യ കേന്ദ്രം, നായരമ്പലം

പ്രാഥമികാരോഗ്യ കേന്ദ്രം, മുളവുകാട്

പ്രാഥമികാരോഗ്യ കേന്ദ്രം, പുതുവൈപ്പ്

പ്രാഥമികാരോഗ്യ കേന്ദ്രം, വല്ലാർപാടം

പ്രാഥമികാരോഗ്യ കേന്ദ്രം, അയ്യമ്പിള്ളി

പ്രാഥമികാരോഗ്യ കേന്ദ്രം, മുനമ്പം

പ്രാഥമികാരോഗ്യ കേന്ദ്രം, എടവനക്കാട്

താലൂക്ക് ആശുപത്രി, ഞാറയ്ക്കൽ

**ആരോഗ്യരംഗത്തെ അടിസ്ഥാന സൗകര്യവികസനം**

152 (3280) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിന് മുൻകയ്യെടുക്കുമോ ;വിശദമാക്കുമോ;

(ബി) മെഡിക്കൽ കോളേജുകളിലും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും,ജില്ലാ ആശുപത്രികളിലും രോഗികൾ, കിടക്ക ലഭിക്കാതെ വെറും തറയിൽ കിടക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാങ്കേതികമായി തസ്തികകൾക്ക് അനുപാതമാണ് കിടക്കകൾ എങ്കിലും അത്യന്തം പരിക്ഷീണരായ രോഗികൾ വെറും തറയിൽ കിടക്കുന്ന മനുഷ്യത്വരഹിതമായ അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗ പരിശോധനാ ടെസ്റ്റുകൾ നടത്തുന്നതിനുള്ള സൗകര്യം, അത്യാഹിത വിഭാഗത്തിനോട് ചേർന്ന് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ആർദ്രം പദ്ധതി പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. ഒ.പി. ബ്ലോക്കിന്റെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ അത്യാഹിത വിഭാഗത്തിന്റെ വികസനം എന്നിവ നടന്നുവരുന്നു. സംസ്ഥാനത്തെ

സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി & സി) സംസ്ഥാനത്തെ കിടത്തി ചികിത്സ സംവിധാനമുള്ള എല്ലാ സർക്കാർ ആശുപത്രികളിലും അതാതിന്റെ ഭൗതിക സാഹചര്യങ്ങൾക്കനുസരിച്ചും ജീവനക്കാരുടെയും ഡോക്ടർമാരുടെയും സാങ്കേതിക വിഭാഗ ജീവനക്കാരുടെയും അനുവദിക്കപ്പെട്ട എണ്ണം (sanctioned strength) അടിസ്ഥാനപ്പെടുത്തിയാണ് കിടക്കകളുടെ എണ്ണവും നിശ്ചയിച്ച് നൽകിയിട്ടുള്ളത്. സൗജന്യമായും നാമമാത്രമായ തുക ഈടാക്കിയും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം പ്രദാനം ചെയ്യുന്ന സർക്കാർ ആശുപത്രികളെ കൂടുതലായി പൊതുജനങ്ങൾ ആശ്രയിക്കുന്നതിനാലും വിശ്വാസമർപ്പിക്കുന്നതിനാലും ആശുപത്രികളിൽ അഡ്മിറ്റാകുന്ന മുഴുവൻ രോഗികൾക്കും കിടക്ക നൽകാൻ കഴിയാതെ വരുന്നുണ്ട്. എന്നിരുന്നാലും തീരെ അവശരും അടിയന്തര ചികിത്സ ആവശ്യമുള്ളതുമായ രോഗികൾക്ക് കിടക്കകൾ അനുവദിക്കുന്നതിൽ മുൻഗണന നൽകിവരുന്നുണ്ട്.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മിക്ക ലാബുകളും അത്യാഹിത വിഭാഗത്തിനരികിലായി ക്രമീകരിച്ചിട്ടുണ്ട്.

## ഏകീകൃത പൊതുജനാരോഗ്യ നിയമം

153 (3281) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഴുവൻ പ്രാബല്യംവരുന്ന ഏകീകൃത പൊതുജനാരോഗ്യനിയമം നിലവിലുണ്ടോയെന്നറിയിക്കാമോ;

(ബി) ഏകീകൃത പൊതുജനാരോഗ്യനിയമം നിലവിലില്ലാത്തതിനാൽ ഫീൽഡ് സാങ്കേതിക വിഭാഗം ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വിശദമാക്കുമോ?

### ഉത്തരം

(എ) പഴയ ട്രാവൻകൂർ-കൊച്ചി ഭാഗങ്ങളിൽ നിലവിലുള്ള 1955-ലെ ട്രാവൻകൂർ പബ്ലിക് ഹെൽത്ത് ആക്ടും മലബാർ പ്രദേശങ്ങളിൽ നിലവിലുള്ള 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ച് സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായിട്ടുള്ള കരട് ബിൽ സർക്കാരിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

(ബി) സംസ്ഥാനത്ത് പഴയ ട്രാവൻകൂർ-കൊച്ചി ഭാഗങ്ങളിൽ 1955-ലെ ട്രാവൻകൂർ പബ്ലിക് ഹെൽത്ത് ആക്ടും മലബാർ പ്രദേശങ്ങളിൽ നിലവിലുള്ള 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടുമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് രണ്ട് ഭാഗങ്ങളിൽ രണ്ട് നിയമങ്ങളായതിനാലും ഇത് വളരെ കാലപ്പഴക്കം ഉള്ളതിനാലും പിഴകൾ വളരെ തുച്ഛമായതിനായും കാര്യക്ഷമമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.

**ജില്ലാ ആശുപത്രികളിൽ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ**

154 (3282) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ ആവശ്യത്തിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഏതൊക്കെ ജില്ലാ ആശുപത്രികളിലാണ് ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാന ആരോഗ്യ വകുപ്പിൽ നിലിവിൽ ക്യാൻസർ ചികിത്സ വിദഗ്ധരുടെ എത്ര തസ്തികയുണ്ട്; പുതിയതായി ക്യാൻസർ ചികിത്സാ വിദഗ്ധരുടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികളുടെ ബാഹുല്യത്തിന് ആനുപാതികമായി സർക്കാർ മേഖലയിൽ അർബുദ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമായതിനാൽ ഈ അവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലും ഒരു പ്രധാന ആശുപത്രിയിൽ കീമോ തെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സംവിധാനങ്ങൾ സജ്ജമാക്കുന്നത് ലക്ഷ്യമിട്ട് ക്യാൻസർ കെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ക്യാൻസർ ചികിത്സാ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ വിദഗ്ധ പരിശീലനം നൽകി ആശുപത്രികളിലേയ്ക്ക് വിന്യസിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികളിൽ മൂർദ്ധന്യാവസ്ഥയിലുള്ള ക്യാൻസർ രോഗികളെ പരിചരിക്കുന്നതിന് പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റ് 'അഭയം' എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ പാലിയേറ്റീവ് കീമോ തെറാപ്പി ആരംഭിച്ചിട്ടുണ്ട്:

1. തിരുവനന്തപുരം ജനറൽ ആശുപത്രി
2. പുനലൂർ താലൂക്ക് ആശുപത്രി
3. കോട്ടയം ജനറൽ ആശുപത്രി
4. മാവേലിക്കര ജില്ലാ ആശുപത്രി
5. എറണാകുളം ജനറൽ ആശുപത്രി
6. തൃശ്ശൂർ ജനറൽ ആശുപത്രി
7. തൊടുപുഴ ജില്ലാ ആശുപത്രി
8. തിരൂർ ജില്ലാ ആശുപത്രി
9. പാലക്കാട് ജില്ലാ ആശുപത്രി
10. നല്ലൂർനാട് ട്രൈബൽ ആശുപത്രി
11. കണ്ണൂർ ജില്ലാ ആശുപത്രി
12. ജനറൽ ആശുപത്രി, കാസർഗോഡ്
13. പത്തനംതിട്ട ജനറൽ ആശുപത്രി

ഇതുകൂടാതെ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു:

കൊല്ലം ജില്ലാ ആശുപത്രി

ആലപ്പുഴ ജനറൽ ആശുപത്രി

ജില്ലാ ആശുപത്രി, വടക്കാഞ്ചേരി

താലൂക്ക് ആശുപത്രി, ഒറ്റപ്പാലം

പത്തനംതിട്ട കോഴഞ്ചേരി ജില്ലാ ആശുപത്രി

നാല് കേന്ദ്രങ്ങൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്പെഷ്യാലിറ്റി കേഡറിൽ ക്യാൻസർ രോഗ വിദഗ്ധരുടെ തസ്തിക സൃഷ്ടിക്കുന്നതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ആരോഗ്യ നയം**

155 (3283) ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്തിന് പുതിയ ദിശാമുഖം നൽകുന്ന തരത്തിൽ സമഗ്ര ഇടപെടലിന് ആരോഗ്യ നയം വിഭാവനം ചെയ്യുന്നുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ ആരോഗ്യ മേഖല കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ദീർഘകാല ലക്ഷ്യങ്ങളും ഹ്രസ്വകാല ലക്ഷ്യങ്ങളും നയത്തിൽ മുന്നോട്ട് വച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സ്കൂൾ പ്രവേശനത്തിന് വിദ്യാർത്ഥികൾ പ്രതിരോധ കുത്തിവയ്പ് എടുത്തതായി സാക്ഷ്യപ്പെടുത്തിയാൽ മാത്രം പ്രവേശനം നൽകിയാൽ മതിയെന്ന് നിബന്ധന കൊണ്ടു വരുവാൻ ആലോചിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നതിനും അവയെ സ്വയംഭരണ സ്ഥാപനങ്ങളാക്കുന്നതിനും ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

ദീർഘകാല ലക്ഷ്യങ്ങൾ

1. സാർവത്രികവും സൗജന്യവും സമഗ്രവുമായ ആരോഗ്യ രക്ഷാ സംവിധാനം ഏർപ്പെടുത്തുക.

2. ശിശു, ബാല, മാതൃ മരണ നിരക്കുകൾ വികസിത രാജ്യങ്ങളിലേതിന് തുല്യമായ തലത്തിൽ ഏർപ്പെടുത്തുക.

3. ജനങ്ങളുടെ ആരോഗ്യത്തോടെയുള്ള ആയുർദൈർഘ്യം കൂട്ടുക.

ഹ്രസ്വകാല ലക്ഷ്യങ്ങൾ

മാതൃമരണ നിരക്ക് ഒരു ലക്ഷം ജനങ്ങളിൽ 66 എന്നതിൽ നിന്ന് 30 ആക്കുക. ശിശുമരണ നിരക്ക് 12-ൽ നിന്നും 8 ആക്കുക. നവജാത ശിശുക്കളുടെ മരണനിരക്ക് 7-ൽ നിന്നും 5 ആക്കുക. 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 14-ൽനിന്നും 9 ആക്കുക. പകർച്ചവ്യാധികളുടെ വാർഷിക രോഗബാധ 50% ആയി കുറയ്ക്കുക. ഇത്തരത്തിൽ ആരോഗ്യ മേഖലയിലെ ലക്ഷ്യം SDG യുടെതായി മാറ്റുക.

(സി) സ്കൂളിൽ ചേർക്കുമ്പോൾ കുത്തിവയ്പുകളുടെ സാക്ഷ്യം രേഖപ്പെടുത്തിയ കാർഡ് ഹാജരാക്കാൻ കരട് നയത്തിൽ നിർദ്ദേശമുണ്ട്.

(ഡി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് പ്രവർത്തന സ്വയംഭരണം നൽകാൻ കരട് നയം നിർദ്ദേശിക്കുന്നുണ്ട്. സങ്കീർണ്ണമായ ഭരണ നടപടിക്രമങ്ങളും വളരെക്കുറച്ച് ഭരണപരമായ സ്വാതന്ത്ര്യവുംമൂലം പ്രിൻസിപ്പൽമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും മെഡിക്കൽ കോളേജ് ഭരണം കാര്യക്ഷമമായും ഫലപ്രദമായും നടത്താൻ കഴിയുന്നില്ല. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾക്കും പ്രവർത്തന സ്വയംഭരണം നൽകുന്നതിനും സ്ഥലംമാറ്റം ഒഴിവാക്കുന്നതിനായി ഓരോ മെഡിക്കൽ കോളേജിനും വേണ്ടി പ്രത്യേകമായി മെഡിക്കൽ റിക്രൂട്ട്മെന്റ് മുഖേന സ്റ്റാഫിനെയും അദ്ധ്യാപകരെയും നിയമിക്കുന്നതിനും കരട് ആരോഗ്യനയത്തിൽ നിർദ്ദേശമുണ്ട്.

## പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്ക്

156 (3284) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ൽ നിലവിൽവന്ന പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പോളിസി അനുസരിച്ച് ഏതെല്ലാം മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രുകളിലും, താലൂക്ക് ആശുപത്രികളിലും പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്;വിശദമാക്കുമോ;

(ബി) ഏറ്റവും നല്ല രീതിയിൽ പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതുസംബന്ധിച്ച് പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് മോർഫിൻ അടക്കമുള്ള മരുന്നുകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ സൗജന്യമായി വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും പാലിയേറ്റീവ് കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ ഭവന സന്ദർശനത്തിലൂടെ സാന്ത്വന പരിചരണം നൽകുന്നു. ഹോം കെയർ അഥവാ പ്രൈമറി പാലിയേറ്റീവ് കെയർ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി ചെയ്തുവരുന്നു. സംസ്ഥാനത്തെ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും ദേശീയ ആരോഗ്യമിഷന്റെ സഹായത്തോടുകൂടി സെക്കണ്ടറി കെയർ പാലിയേറ്റീവ് പരിചരണം നടപ്പിലാക്കിവരുന്നു. ഇത് സംസ്ഥാനത്തെ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും ലഭ്യമാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പെയിൻ & പാലിയേറ്റീവ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) സൗജന്യമായി മരുന്നുവിതരണം ചെയ്തുവരുന്നു.

**അവയവദാനം**

157 (3285) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിച്ചിരിക്കുന്നവരുടെ അവയവദാനത്തിന് സ്വീകർത്താവിൽ നിന്നും മൂന്നരലക്ഷം രൂപ ഫീസ് ഈടാക്കുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഇത് നേരത്തെ എത്ര രൂപയായിരുന്നു എന്നറിയിക്കാമോ;

(ബി) ഇപ്രകാരം ഉയർന്ന തുക ഈടാക്കുന്നതിന് ആധാരമായ വസ്തുതകൾ വിശദീകരിക്കാമോ;

(സി) മാരക വൃക്ക രോഗങ്ങളിൽപ്പെടുന്നവർക്ക് ബന്ധുക്കളിൽ നിന്ന് വൃക്ക സ്വീകരിക്കുന്നതിന് ഈ നിബന്ധന വൻ സാമ്പത്തിക പ്രയാസമുണ്ടാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ തീരുമാനം എടുത്തിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബന്ധുക്കളിൽനിന്നും വൃക്ക സ്വീകരിക്കുന്നവരിൽനിന്നും ഫീസ് ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.

## അവയവമാറ്റ ശസ്ത്രക്രിയ

158 (3286) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവരെ സംബന്ധിച്ച് നിലവിലുള്ള പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് തുടർ ചികിത്സയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിൽ ഇവർക്ക് നൽകുന്ന ചികിത്സ സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ;

(ഡി) തുടർ ചികിത്സയ്ക്ക് ആവശ്യമായ പണം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവരുടെ പ്രശ്നങ്ങൾ പരിശോധിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് തുടർചികിത്സയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(സി) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് അവരവരുടെ ആരോഗ്യസ്ഥിതി അനുസരിച്ച് അവരെ ചികിത്സിക്കുന്ന ഡോക്ടറാണ് ചികിത്സ നിശ്ചയിക്കുന്നത്.

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സകൾക്കും 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. സാമൂഹ്യസുരക്ഷാ മിഷന്റെ കീഴിലുള്ള സമാശ്വാസം II പദ്ധതി പ്രകാരം വൃക്ക/കരൾ അവയവ മാറ്റിവയ്ക്കൽ ശസ്ത്രിക്രിയയ്ക്ക് വിധേയരാകുന്ന 1 ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം അനുവദിക്കുന്നത്. അവയവമാറ്റ ശസ്ത്രക്രിയ നടത്തി 6 മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.

## കുട്ടികളുടെ നേത്ര വൈകല്യങ്ങൾ കണ്ടെത്തൽ

159 (3288) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ നേത്രവൈകല്യങ്ങൾ നേരത്തേ കണ്ടെത്തി പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂൾ കുട്ടികളുടെയും നേത്ര പരിശോധന വർഷത്തിൽ ഒരിക്കലെങ്കിലും നടത്തുന്നതിന് ആവശ്യമായ ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ഗ്രാമപ്രദേശങ്ങളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കാഴ്ചവൈകല്യങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്ക് സൗജന്യ ചികിത്സയും കണ്ണടയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ അന്ധതാ നിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ആരോഗ്യ വകുപ്പ് സ്കൂൾ കുട്ടികളുടെ നേത്ര വൈകല്യങ്ങൾ കണ്ടെത്തുന്നതിനായി നേത്ര പരിശോധനാ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് സ്കൂൾ കുട്ടികളുടെ നേത്ര പരിശോധന വർഷത്തിൽ ഒരിക്കലെങ്കിലും നടത്തുന്നതിനായി സഞ്ചരിക്കുന്ന നേത്ര വിഭാഗത്തിലെ ഒഫ്ത്താൽമോളജിസ്റ്റുമാർ, ഒപ്റ്റോമെട്രിസ്റ്റുമാർ ഉൾപ്പെടുന്ന സംഘം സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് നേത്ര പരിശോധന നടത്തിവരുന്നുണ്ട്.

(സി) കാഴ്ച വൈകല്യങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്ക് സൗജന്യ ചികിത്സയും കണ്ണടയും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നൽകിവരുന്നു.

## ട്രോമാകെയർ സംവിധാനം

160 (3289) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോമാകെയർ സംവിധാനത്തിന്റെ അഭാവമാണ് റോഡപകടങ്ങൾ മൂലമുള്ള മരണസംഖ്യ ഉയരുന്നതിന് കാരണമെന്നത് പരിഗണിച്ച് ജില്ലാ, താലൂക്ക് ആശുപത്രി തലം വരെ ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഏതുഘട്ടത്തിലാണ്;

(ബി) ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കേന്ദ്രപദ്ധതി പ്രകാരമുള്ള ട്രോമാകെയർ-നാഷണൽ ഹൈവേ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും എന്ത് തുക ഇതിനകം ലഭിച്ചു; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ നാഷണൽ ഹൈവേകളിൽ അപകട സാധ്യത കൂടിയ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ട്രോമാകെയർ സംവിധാനമുള്ള ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ ട്രോമാകെയർ യൂണിറ്റ് സംവിധാനം ലഭ്യമാണ്. കൊല്ലം ജില്ലയിൽ ജില്ലാ ആശുപത്രി, കൊട്ടാരക്കര, നീണ്ടകര താലൂക്ക് ആശുപത്രികളിൽ  ട്രോമാകെയർ യൂണിറ്റ് തുടങ്ങുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ടോമോകെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് പ്രവർത്തിക്കുന്നു. ചേർത്തല താലൂക്ക് ആശുപത്രി, ജനറൽ ആശുപത്രി, ആലപ്പുഴ കായംകുളം താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ട്രോമാകെയർ യൂണിറ്റിന്റെ പണികൾ പൂർത്തിയായിവരുന്നു. കായംകുളത്ത് ട്രോമാകെയർ യൂണിറ്റിനുവേണ്ടി സി.ടി. സ്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ജനറൽ ആശുപത്രി. ജില്ലാ ആശുപത്രി ആലുവ, താലൂക്ക് ആശുപത്രികളായ അങ്കമാലി, കോതമംഗലം, ജനറൽ ആശുപത്രി മൂവാറ്റുപുഴ എന്നിവിടങ്ങളിൽ ട്രോമാകെയർ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ ദേശീയ പാതയോട് ചേർന്ന ആശുപത്രികളായ കൊടുങ്ങല്ലൂർ, ചാലക്കുടി, പുതുക്കാട് എന്നീ ആശുപത്രികളിൽ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നു. ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടിയിൽ ട്രോമാകെയറിനുവേണ്ടി സി.ടി. സ്കാൻ സൗകര്യവും ഏർപ്പെടുത്താൻ നടപടി തുടങ്ങിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ട്രോമാകെയർ സംവിധാനം നിലവിലുണ്ട്. കുഴൽമന്ദം സാമൂഹിക ആരോഗ്യകേന്ദ്രം, ആലത്തൂർ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെ ട്രോമാകെയർ സംവിധാനം നടപ്പാക്കാൻ റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് ലഭ്യമായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ താലൂക്ക് ആശുപത്രി കൊയിലാണ്ടിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ അപകടങ്ങളിൽപ്പെട്ടവർക്ക് അടിയന്തര ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് നാഷണൽ ഹൈവേയുടെ

സമീപത്തുള്ള കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ആധുനിക സൗകര്യങ്ങളുള്ള ട്രോമാകെയർ സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും അപകടത്തിൽപ്പെട്ട് വരുന്നവർക്ക് പ്രാഥമിക ചികിത്സ ലഭ്യമാണ്.

(ബി) ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ - നാഷണൽ ഹൈവേസ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്രവിഹിതമായി 504 ലക്ഷം രൂപയും അതിനനുസൃതമായി 336 ലക്ഷം രൂപ സംസ്ഥാന വിഹിതവും നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഭരണാനുമതി നൽകുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിനെ ലെവൽ 2 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട കേന്ദ്രവിഹിതമായി 367.5 ലക്ഷം രൂപയും അതിനനുസൃതമായ സംസ്ഥാന വിഹിതമായി 245 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിനുവേണ്ടിയുള്ള ഭരണാനുമതി നൽകുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തൃശ്ശൂർ ജില്ലയിലെ ദേശീയപാതയോട് ചേർന്ന ആശുപത്രികളായ കൊടുങ്ങല്ലൂർ, ചാലക്കുടി, പുതുക്കാട് എന്നീ ആശുപത്രികളിൽ അത്യാഹിതവിഭാഗം പ്രവർത്തിക്കുന്നു. മലപ്പുറം ജില്ലയിൽ അപകടങ്ങളിൽപ്പെട്ടവർക്ക് അടിയന്തര ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് നാഷണൽ ഹൈവേയുടെ സമീപത്തുള്ള കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലെയും റോഡ് ട്രാഫിക് ആക്സിഡന്റ് (RTA)/Trauma Golden Hour-നുള്ള ചികിത്സ ലഭ്യമാക്കുന്ന തരത്തിൽ റോഡപകടങ്ങൾക്ക് ഇരയാകുന്നവരെ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ എത്തിക്കുന്നതിന് അഗ്രിഗേറ്റ് മോഡൽ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിലേക്ക് ഏജന്റുമാരെയോ ഏജൻസികളെയോ തെരഞ്ഞെടുക്കുന്നതിന് കേരളം മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തരം ടെന്റർ നടപടികൾ സർക്കാരിന്റെ 26-12-2017-ലെ സ.ഉ.(സാധാ) 3648/2017 എന്ന ഉത്തരവ് പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## അവയവദാനത്തിലെ വാണിജ്യ താല്പര്യം

161 (3290) ശ്രീ. ബി. സത്യൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണാനന്തര അവയവദാനം വഴി നിരവധി ജീവനുകൾ രക്ഷിക്കാൻ സാധ്യമാകുമെന്നിരിക്കെ ചില സ്വകാര്യ ആശുപത്രികളുടെ ദുരുദ്ദേശ്യം വിവാദമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് ജീവകാരുണ്യപരമായ അവയവദാനത്തെ പ്രതികൂലമായി ബാധിച്ചത് കണക്കിലെടുത്ത് ഈ രംഗത്ത് സുതാര്യത കൊണ്ടുവരുന്നതിനായുള്ള ഇടപെടലുകൾ വിശദമാക്കാമോ;

(സി) അവയവദാനത്തിലെ വാണിജ്യ താല്പര്യം ഇല്ലാതാക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) അവയവ കച്ചവടം അവസാനിപ്പിക്കുന്നതിനോടൊപ്പം അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പുറപ്പെടുവിച്ച മാർഗ്ഗരേഖ അറിയിക്കാമോ?

ഉത്തരം

(എ& ബി) സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്കമരണ സ്ഥിരീകരണ പ്രക്രിയയെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വന്ന പൊതു താൽപര്യ ഹർജിയുടെ അടിസ്ഥാനത്തിൽ ദൃശ്യ നവമാധ്യമങ്ങളിൽ വന്ന വാർത്തകൾ പൊതുസമൂഹത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണത്തെക്കുറിച്ച് ആശങ്കയുണ്ടാക്കി. തുടർന്ന് മസ്തിഷ്കമരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി 1-2-2017-ലെ സ.ഉ.(എം.എസ്)നമ്പർ 16/17/ആകുവ പ്രകാരം കൂടുതൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതിൻപ്രകാരം മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള നാല് ഡോക്ടർമാരുടെ പാനലിൽ രണ്ട് ഡോക്ടർമാർ മസ്തിഷ്കമരണ സ്ഥിരീകരണം നടത്തുന്ന ആശുപത്രിക്ക് പുറത്തുള്ളവരായിരിക്കണമെന്നും അതിൽ ഒരാൾ നിർബന്ധമായും സർക്കാർ സർവ്വീസിലുള്ള ഡോക്ടർ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും വിദഗ്ധ

ഡോക്ടർമാർ അടങ്ങുന്ന പാനലുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുവേണ്ടി ആറ് മണിക്കൂർ ഇടവേളയിൽ നടത്തുന്ന രണ്ട് ആപ്നിയ (APNOEA) ടെസ്റ്റുകളും വിഡിയോയിൽ പകർത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിന്റെ ഭാഗമായി ജില്ലാ തലത്തിൽ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണ സ്ഥിരീകരണത്തിനുവേണ്ടി ഏകദേശം 300-ഓളം സർക്കാർ ഡോക്ടർമാർക്ക് പരിശീലനം നൽകി എംപാനൽ ചെയ്തിട്ടുമുണ്ട്.

(സി & ഡി) 24-11-2017-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പൊതു വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാര തല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവദാനം ചെയ്യുന്നതിന് മുന്നോട്ട് വരുന്നവർക്കും സ്വാപ്പ് ഡൊണേഷനുവേണ്ടിയും (നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി ചേർന്ന്) ഒരു പുതിയ രജിസ്ട്രി കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്-ന്റെ കീഴിൽ കൊണ്ടുവരുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 15-2-2018-ലെ സ.ഉ.(കൈ) നമ്പർ 26/2018/ആ.കു.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

പരോപകാര തല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്ന വ്യക്തിക്ക് സർക്കാരിന്റെ ഏതെങ്കിലും ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തി ആജീവനാന്തം സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ അവയവദാനത്തെത്തുടർന്നുള്ള ചികിത്സാ വേളയിൽ ദാതാവിനുണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിനായി മൂന്ന് മാസത്തേയ്ക്ക് പ്രതിമാസം 50,000 രൂപ വീതം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## പകർച്ചവ്യാധി പ്രതിരോധ-നിയന്ത്രണ കർമ്മ പരിപാടി

162 (3291) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി പ്രതിരോധ-നിയന്ത്രണ കർമ്മ പരിപാടി എന്ന പേരിൽ സ്ഥായിയായ പ്രവർത്തനം ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരിപാടിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) വാർഡുതല ആരോഗ്യ ശുചിത്വ സമിതികളുടെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും ശുചിത്വ ബോധവൽക്കരണവും ഫലപ്രദമാണോ; ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഈ വർഷം പകർച്ചപ്പനിയും അതുമൂലമുള്ള മരണങ്ങളും പരമാവധി നിയന്ത്രിക്കുവാൻ പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയിലൂടെ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ പകർച്ചവ്യാധികൾ എല്ലാ മാസങ്ങളിലും ഉണ്ടായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ "ആരോഗ്യ ജാഗ്രത" എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ആർദ്രം മിഷന്റെയും ഹരിത കേരള മിഷന്റെയും പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ഇതര വകുപ്പുകളും ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യ പ്രവർത്തകരും ആരോഗ്യ ജാഗ്രതയോടെ "പ്രതിദിനം പ്രതിരോധം" നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) വാർഡുതല ആരോഗ്യ ശുചിത്വ സമിതികളുടെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും ശുചിത്വ ബോധവത്കരണങ്ങളും ഒരു പരിധി വരെ ഫലപ്രദമാകുന്നുണ്ട്. ഇത്തരം സമിതികൾ കൂടുതൽ ശാക്തീകരിച്ച് ആരോഗ്യകർമ്മ സേനകളെ സജ്ജീകരിച്ച് ജനപങ്കാളിത്തത്തോടെ പ്രവർത്തിക്കുവാനാണ് "ആരോഗ്യജാഗ്രത"യിലൂടെ ലക്ഷ്യമിടുന്നത്. വാർഡ് മെമ്പർ തലവനായുള്ള വാർഡുതല സമിതികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിലും പ്രാഥമിക ആരോഗ്യകേന്ദ്രത്തിലും ജില്ലാതലത്തിലും നിരീക്ഷിക്കാനും വിലയിരുത്തുവാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ആരോഗ്യജാഗ്രതാ പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20-2-2018-ന് യോഗം ചേർന്ന് വിലയിരുത്തിയിട്ടുണ്ട്.

## ഹോട്ടലുകളിലേയും ബേക്കറികളിലേയും ഭക്ഷ്യോത്പന്നങ്ങളിലെ മായം

163 (3292) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലേയും ബേക്കറികളിലേയും ഭക്ഷ്യോത്പന്നങ്ങളിൽ ആരോഗ്യത്തിന് ഹാനികരങ്ങളായ മാരകവസ്തുക്കൾ കലർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷത്തിൽ എത്ര കേസ്സുകൾ ഈയിനത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഭക്ഷ്യോത്പന്നങ്ങളിൽ മായം ചേർക്കുന്നത് തടയാനും വിഷരഹിത ഭക്ഷണം ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്ത് ഈയിനത്തിൽ 96 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിലും ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ്സ്-പുതുവത്സരം തുടങ്ങിയ ആഘോഷ വേളകളിലും ഉത്സവ (ആറ്റുകാൽ പൊങ്കാല, ശബരിമല തുടങ്ങിയവ) സീസണുകളിലും മഴക്കാലത്തും പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സമയങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗം പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ മായം കലർത്തുന്നതായും അനുവദനീയമല്ലാത്ത വസ്തുക്കളും ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്നതായും കണ്ടെത്തിയാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് കഴിഞ്ഞ വർഷം പരിശോധന നടത്തി ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയച്ചതിൽ മായം കലർത്തിയതായി കണ്ടെത്തിയ 96 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പൊതുജനാരോഗ്യ കേഡർ

164 (3293) ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ സംഘത്തെ ഉൾപ്പെടുത്തി പൊതുജനാരോഗ്യ കേഡർ രൂപീകരിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) പൊതുജനാരോഗ്യ കേഡർ രൂപീകരിക്കുമ്പോൾ ആരോഗ്യ വകുപ്പിലെ ഏതെല്ലാം വിഭാഗങ്ങളെ അതിൽ ഉൾപ്പെടുത്തുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ& ബി) രോഗ പ്രതിരോധ സംവിധാനത്തിൽ ഊന്നി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും പകർച്ചവ്യാധികളും ജീവിതശൈലീരോഗങ്ങളും വ്യാപിക്കുന്നത് തടയുന്നതിനും പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി പബ്ലിക് ഹെൽത്ത് കേഡറിന്റെ രൂപീകരണം വളരെയധികം സഹായിക്കും. കേരളത്തിലെ പൊതുജനാരോഗ്യം ശാക്തീകരിക്കുന്നതിനുവേണ്ടി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതാണ് പൊതുജനാരോഗ്യ കേഡർ. ഇതിന്റെ രൂപീകരണം സംബന്ധിച്ച നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

## അഭയം പദ്ധതി

165 (3294) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ആരോഗ്യരംഗം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ജില്ലാ ആശുപത്രികളിൽ പാലിയേറ്റീവ് കീമോതെറാപ്പി നൽകുന്നതിനായി അഭയം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനം ആരോഗ്യ രംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനഃസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുക ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശം. അതോടൊപ്പം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് 28-3-2017-ലെ സ.ഉ.(ആർ.റ്റി) 845/2017/ആകുവ പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി 12-5-2017-ലെ സ.ഉ.(എം.എസ്)75/2017/ആ.കു.വ., 22-12-2017-ലെ സ.ഉ. (എം.എസ്.) 188/2017/ആ.കു.വ. എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്ന് വർഷംകൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്‌ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രെയിനേജുകൾ തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തിമൂന്ന്) കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി

നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ താലൂക്കുതല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും KIIFB-യിൽ ഉൾപ്പെടുത്തി കാത്ത് ലാബ് ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും KMSCL വഴി നടന്നുവരുന്നു. ജില്ലാ താലൂക്കുതല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നുവരുന്നുണ്ട്.

(ബി - ഡി) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ മൂർദ്ധന്യാവസ്ഥ യിലുള്ള ക്യാൻസർ രോഗികൾക്ക് പാലിയേറ്റീവ് കീമോതെറാപ്പി നൽകുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് അഭയം എന്ന പേരിൽ പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ജില്ലാ ആശുപത്രികളിൽ പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകൾ സജ്ജീകരിക്കുകയും ഓങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സമാർക്കും റീജിയണൽ ക്യാൻസർ സെന്ററുകളിൽ പരിശീലനം നൽകി വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. മരുന്നുകളോടും ചികിത്സകളോടും പ്രതികരിക്കാത്ത മൂർദ്ധന്യാവസ്ഥയിലുള്ള നിരവധി ക്യാൻസർ രോഗികൾക്ക് വേദനാരഹിതമായ സാന്ത്വന ചികിത്സയും കീമോതെറാപ്പിയും സമന്വയിപ്പിച്ച് ആശ്വാസം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ഇതിനായി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വാർഷിക പ്ലാൻ ഫണ്ടിൽനിന്നും 70 ലക്ഷം രൂപ വിനിയോഗിക്കുകയും പതിനാറ് ഡോക്ടർമാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

**മേജർ തുറമുഖങ്ങൾക്ക് കീഴിലുള്ള ആശുപത്രികൾ**

166 (3295) <u>ശ്രീ. ഹൈബി ഈഡൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ 12 മേജർ തുറമുഖങ്ങൾക്ക് കീഴിലുള്ള ആശുപത്രികൾ ഉന്നത ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള കേന്ദ്ര പദ്ധതിയിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ആശുപത്രി ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് ദേശീയ നിലവാരമുള്ള കിഡ്നി ചികിത്സയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയോ, മെഡിക്കൽ ഹബ്ബോ ലഭിക്കുവാൻ സാധ്യതയുണ്ടോ; ഇതു സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ & ബി) കൊച്ചിൻ പോർട്ട്ട്രസ്റ്റ് ആശുപത്രി കേന്ദ്ര സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഇതിന്റെ വികസന സാദ്ധ്യതകൾ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**ആരോഗ്യ ജാഗ്രതാ പദ്ധതി**

167 (3296) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മപദ്ധതി തയ്യാറാക്കുക. അതിന് ഓരോ മാസവും ചെയ്യേണ്ടതായ പ്രവർത്തനങ്ങളുടെ കലണ്ടർ തയ്യാറാക്കുക.

2. ഇതര വകുപ്പുകളുടെയും ആർദ്രം മിഷന്റെയും ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും ആരോഗ്യ പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ കർമ്മപദ്ധതി നടപ്പിലാക്കുക വഴി വരും വർഷം പകർച്ചവ്യാധികളും അവ മൂലമുള്ള മരണങ്ങളും കുറയ്ക്കുക.

3. വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ ശാക്തീകരിക്കുക.

4. വാർഡുതല ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കുക.

5. വാർഡുതലത്തിൽ ശുചിത്വമാപ്പിംഗ് നടത്തുക.

6. വാർഡുതല സൂക്ഷ്മ കർമ്മ പദ്ധതി (മൈക്രോ പ്ലാൻ) തയ്യാറാക്കുക.
7. പഞ്ചായത്ത് തല കർമ്മപദ്ധതി തയ്യാറാക്കുക.
8. കർമ്മപദ്ധതി നടപ്പിലാക്കുക
9. മഴക്കാല പൂർവ്വ ശുചീകരണം നടത്തുക.
10. പകർച്ചവ്യാധി പ്രതിരോധത്തിനുള്ള ക്യാമ്പയിനുകൾ സമയബന്ധിതമായി നടപ്പിലാക്കുക.
11. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുക.
12. ഹെൽത്തി കേരള പരിശോധനകൾ നടത്തി പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക.
13. ബോധവൽക്കരണ ശീലവൽക്കരണ പ്രവർത്തന പരിശീലനം.
14. പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിക്കുക.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

168 (3297) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക്, ചികിത്സ നടത്തിയ ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് ആശുപത്രികളുടെ പേരും തുകയും സഹിതം വ്യക്തമാക്കാമോ;

(ബി) ഫണ്ട് ലഭ്യമാകുന്നത് വൈകുന്നു എന്ന കാരണത്താൽ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള പല സ്വകാര്യ ആശുപത്രികളും പദ്ധതിയിൽ നിന്നും പിൻവാങ്ങുന്നതുമൂലം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതിയുമായി സഹകരിക്കുന്ന പ്രധാന സ്വകാര്യ ആശുപത്രികൾ ഏതെല്ലാമാണെന്നും തുടർന്നും പദ്ധതിയിൽ നിലനിർത്തി ചികിത്സ ലഭ്യമാക്കുന്നതിനും ചില പ്രത്യേക ചികിത്സ നടത്തുന്ന സ്വകാര്യ ആശുപത്രികളടക്കം കൂടുതൽ ആശുപത്രികളെ പദ്ധതിയുടെ ഭാഗമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ ആശുപത്രികൾക്ക് 2017-18 സാമ്പത്തികവർഷം ചികിത്സ നൽകിയ ഇനത്തിൽ കൊടുത്ത തുകയുടെയും ബാക്കിയുള്ള തുകയുടെയും കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ ആശുപത്രികൾ ചേരുന്നതിന് എല്ലാ വർഷവും ജില്ലാതല ശിൽപ്പശാല സംഘടിപ്പിക്കാറുണ്ട്. ഇതുകൂടാതെ ചിയാക്കിന്റെ ജില്ലാ പ്രോജക്ട് മാനേജർ ആശുപത്രികളെ സമീപിച്ച് പദ്ധതിയെക്കുറിച്ച് ബോധവൽക്കരിക്കാറുമുണ്ട്. നിലവിൽ പദ്ധതിയിൽ 298 സ്വകാര്യ ആശുപത്രികൾ അംഗങ്ങളായിക്കഴിഞ്ഞു. ഇതിൽ അമ്പത്തിയേഴോളം സ്വകാര്യ ആശുപത്രികൾ 2017-18-ൽ അംഗമായതാണ്. ടി പദ്ധതിയുമായി സഹകരിക്കുന്ന പ്രധാന സ്വകാര്യ ആശുപത്രികൾ ഉത്തരം (എ)-യുടെ അനുബന്ധമായി നൽകിയിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ട ആശുപത്രികൾ തന്നെയാണ്.

**ഊരുമിത്രം ആശ പദ്ധതി**

169 (3298) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ആരോഗ്യ പരിപാലനത്തിനായി ആരംഭിച്ച ഊരുമിത്രം ആശ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രദേശത്തും ഇതിന്റെ മേൽനോട്ടം വഹിക്കുന്നത് ആരാണെന്നും രോഗികൾക്ക് ചികിത്സയും മരുന്നും എത്തിക്കുന്നതിന് ടി പദ്ധതി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ആദിവാസി സമൂഹത്തിന് യോജിക്കുന്ന രീതിയിലുള്ള പ്രത്യേക ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാനുള്ള ശ്രമത്തിന്റെ ആദ്യ പടിയായാണ് ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി 2016-17-ൽ ആരംഭിച്ചത്.

തങ്ങൾ സേവനം നൽകുന്ന അതേ സമൂഹത്തിൽ താമസിക്കുന്നവരായതു കൊണ്ട് അവരുടെ തനത് സംസ്കാരം ഉൾക്കൊണ്ട് അവരുടെ ജീവിത രീതികൾക്ക് അനുയോജ്യമായ ആരോഗ്യ സന്ദേശങ്ങൾ സമൂഹത്തിൽ എത്തിക്കാനും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അത്യാവശ്യ ഘട്ടങ്ങളിൽ വേണ്ട പ്രാഥമിക ആരോഗ്യ സേവനങ്ങൾ നൽകാനും ഊരുമിത്രങ്ങൾക്ക് സാധിക്കും. അതേ ഊരിലെ താമസക്കാർ എന്ന നിലയ്ക്ക് ആരോഗ്യ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാക്കാൻ ഇവർക്ക് സാധിക്കും എന്നതും പൊതുവേ അന്യരോട് അകന്ന് നിൽക്കാൻ ശ്രമിക്കുന്ന ആദിവാസി സമൂഹത്തിന് അവരിലൊരാൾ തന്നെ നൽകുന്ന സേവനങ്ങൾ കൂടുതൽ സ്വീകാര്യമാകും എന്നതുമാണ് ഈ പദ്ധതിയുടെ സുവർണ്ണ രേഖ.

നിശ്ചിത ഗോത്ര വർഗ്ഗ കോളനികളിൽ സ്ഥിര താമസക്കാരായ സ്ത്രീകളെ ആ കോളനിയിലെ അംഗങ്ങൾ തന്നെ തെരഞ്ഞെടുക്കുകയും തീവ്ര പരിശീലനത്തിലൂടെ അവരെ ആരോഗ്യ പ്രവർത്തകരായി മാറ്റുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. വാർഡ് മെമ്പർ അദ്ധ്യക്ഷനായി ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. കുടുംബശ്രീ വർക്കർ, ആശാ ട്രൈബൽ പ്രൊമോട്ടർ, അംഗൻവാടി വർക്കർ എന്നീ അംഗങ്ങൾ പങ്കെടുക്കുന്ന ഊരുകൂട്ടത്തിൽവച്ച് താഴെ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് രണ്ട് പേരിൽനിന്നും ദ്വിദിന പരിശീലന/ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്നും മികവുറ്റ ഒരു ഊരുമിത്രത്തെ ഓരോ ഊരിനും വേണ്ടി തെരഞ്ഞെടുക്കുന്നു.

മാനദണ്ഡങ്ങൾ

- അതേ ഗോത്രത്തിൽപ്പെടുന്നതും വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയുമായിരിക്കണം.
- എഴുത്തും വായനയും അറിഞ്ഞിരിക്കണം.
- സന്നദ്ധ സേവന തൽപ്പരയായിരിക്കണം.
- വൈകിയ സമയത്തും ജോലിയിൽ ഏർപ്പെടുന്നതിനായി കുടുംബാംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കണം.

(ബി) അതാത് പ്രദേശത്തെ ജെ.പി.എച്ച്.എൻ. മുഖാന്തരം മെഡിക്കലാഫീസറുടെ കീഴിലാണ് ഊരുമിത്രം പ്രവർത്തിക്കുക. ഈ പദ്ധതി ജില്ലാ ആർ.സി.എച്ച്. ഓഫീസറുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. ഊരു തലത്തിൽ ഊരു വികസന സമിതിയും പഞ്ചായത്തിൽ പഞ്ചായത്ത് മോണിറ്ററിംഗ് കമ്മിറ്റിയിലും ഈ പദ്ധതി അവലോകനം ചെയ്യാനാണ് വിഭാവന ചെയ്തത്.

ആദ്യഘട്ട പരിശീലനമാണ് ഇപ്പോൾ പൂർത്തിയായിട്ടുള്ളത്. രണ്ടാം ഘട്ട പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് ഹോം ബേസ്ഡ് ന്യൂ ബോൺ കെയർ (HBNC KIT) ലഭ്യമാക്കാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്.

## കോക്ലിയാർ ഇംപ്ലാന്റേഷൻ ഉപകരണങ്ങൾ

170 (3299) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയമായ കുട്ടികൾ ഉപയോഗിക്കുന്ന ഉപകരണങ്ങൾക്ക് മെയിന്റനൻസ് റീപ്ലേയ്സ്മെന്റ് ഉറപ്പുവരുത്തുമോ; വിശദമാക്കുമോ;

(ബി) കാലാവധി അവസാനിക്കുന്ന എല്ലാ മെഷീനുകൾക്കും അപ്ഗ്രഡേഷനും റീപ്ലേയ്സ്മെന്റും നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ പദ്ധതിയായ 'ശ്രുതിതരംഗം' വഴിയല്ലാതെ സർജറി നടത്തിയ കുട്ടികൾ ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കും മെയിന്റനൻസ് റീപ്ലേയ്സ്മെന്റിന് നടപടി സ്വീകരിക്കുമോ;

(ഡി) കോക്ലിയാർ ഇംപ്ലാന്റേഷനും അനുബന്ധ ഉപകരണങ്ങൾക്കും കുറഞ്ഞ പ്രീമിയത്തിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നും അവയുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) നിലവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തി നൽകുന്നതിനായി വാങ്ങിയ കോക്ലിയാർ ഇംപ്ലാന്റിന് 10 വർഷ വാറണ്ടിയും സ്പീച്ച് പ്രോസസ്സറിന് 4 വർഷ വാറണ്ടിയും മറ്റ് അക്സസ്സറീസിന് സ്റ്റാൻഡേർഡ് വാറണ്ടിയുമാണുള്ളത്. ഇതിൽ സ്പീച്ച് പ്രോസസറിന്റെ വാറണ്ടി കാലാവധി അവസാനിച്ചതിനെ തുടർന്ന് 2 വർഷം കൂടി extended warranty ലഭ്യമാക്കിയിട്ടുണ്ട്. വാറണ്ടി പീരീഡ് അവസാനിച്ച മറ്റ് അക്സസ്സറീസിന്റെ മെയിന്റനൻസ് ചെലവുകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾ സ്വന്തം ചെലവിൽ വഹിക്കേണ്ടതാണ്.

(ബി) നിലവിൽ 'ശ്രുതി തരംഗം' പദ്ധതിയിൽ ഉപയോഗിക്കുന്ന കോക്ലിയാർ ഇംപ്ലാന്റിന് 10 വർഷം വാറണ്ടിയുണ്ട്. സ്പീച്ച് പ്രോസസറിന് 4 വർഷവും വാറണ്ടിയുണ്ട്. സ്പീച്ച് പ്രോസസ്സറിന്റെ വാറണ്ടി കാലാവധി

അവസാനിച്ചതിനെത്തുടർന്ന് ആയതിന് രണ്ട് വർഷംകൂടി extended warranty ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ശ്രുതി തരംഗം പദ്ധതിക്കായി ഉപയോഗിച്ച ഇംപ്ലാന്റിനും സ്പീച്ച് പ്രോസസ്സറിനും അപ്ഗ്രഡേഷൻ ആവശ്യമായി വരുന്നില്ല.

(സി) ശ്രുതി തരംഗം പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് രക്ഷകർത്താക്കളുടെ സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി പൂർത്തീകരിച്ച കുട്ടികളുടെ സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്യുന്നതിനായി 'ധ്വനി' എന്ന പേരിൽ ഒരു പുതിയ പദ്ധതി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ ടി പദ്ധതിയിലൂടെ 55 കുട്ടികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ ചുവടെപ്പറയുന്നവയാണ്:

1. ശ്രുതി തരംഗം പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി പൂർത്തീകരിച്ചവരായിരിക്കണം.
2. 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.
3. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം. 2 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള കുടുംബമാണെങ്കിൽ സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ തുക കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാക്കുന്ന പക്ഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അപ്ഗ്രേഡ് ചെയ്യുന്ന നിരക്കിൽ സ്പീച്ച് പ്രോസസ്സർ വാങ്ങി നൽകുന്നതാണ്.
4. കേരളത്തിലുള്ള കുട്ടികളായിരിക്കണം.
5. കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ചശേഷം സംസാരശേഷി ലഭ്യമായ കുട്ടികളായിരിക്കണം. നിലവിൽ ഉപയോഗിക്കുന്ന സ്പീച്ച് പ്രോസസ്സർ നന്നായി സൂക്ഷിച്ചവരായിരിക്കണം.
6. ബന്ധപ്പെട്ട ആശുപത്രികളിലെ വിദഗ്ദ്ധർ കുട്ടികളെ സ്പീച്ച് പ്രോസസ്സർ അപ്ഗ്രഡേഷനായി ശിപാർശ ചെയ്തിട്ടുണ്ടായിരിക്കണം.
7. ധ്വനി പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ടു നൽകണം.

(ഡി) നിലവിൽ പ്രസ്തുത ഉപകരണങ്ങൾക്ക് വാറണ്ടി അവസാനിക്കുന്ന മുറയ്ക്ക് Extended warranty ലഭ്യമാക്കിയതിനാൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കി വരുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി തന്നെ പദ്ധതി തുടർന്നുവരുന്നുണ്ട്. പുതുതായി സ്വീകരിച്ച നടപടികളും അവയുടെ ഉത്തരവിന്റെ വിശദാംശവും ചുവടെ ചേർത്തിട്ടുണ്ട്:

| ക്രമ നമ്പർ | ഉത്തരവ് നമ്പർ | റിമാർക്സ് |
|---|---|---|
| (1) | (2) | (3) |
| 1 | 20-8-2016-ലെ സ.ഉ.(സാധാ) നമ്പർ 389/2016/ സാ.നീ.വ. | ശ്രുതിതരംഗം പദ്ധതിയുമായി ബന്ധപ്പെട്ട 2016-17 വർഷത്തെ തുടർ നടത്തിപ്പിനുള്ള ഭരണാനുമതിയും ആയതിന് വകയിരുത്തിയിട്ടുള്ള 10 കോടി രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുകയുണ്ടായി. |
| 2 | 6-12-2016-ലെ സ.ഉ.(ആർ.റ്റി) നമ്പർ 3269/ 2016/ H&FWD | ശ്രുതിതരംഗം പദ്ധതി പ്രകാരം സർജറി നടത്തുന്നതിനായി തിരുവനന്തപുരം കിംസ് ആശുപത്രിയിലൂടെ എംപാനൽമെന്റ് കാലാവധി 2 വർഷത്തേയ്ക്കുകൂടി നീട്ടി നൽകുകയുണ്ടായി. |
| 3 | 27-2-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 103/ 2017/ സാ.നീ.വ. | ശ്രുതിതരംഗം പദ്ധതി പ്രകാരം ഇംപ്ലാന്റുകൾ വാങ്ങുന്നതിന് മെഡൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹിയെ അംഗീകരിച്ച് അനുമതി നൽകി. |
| 4 | 7-3-2017-ലെ സ.ഉ.(സാധാ) നമ്പർ 118/2017/ സാ.നീ.വ. | 2016-17 സാമ്പത്തിക വർഷം അനുവദിച്ച 10 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട് വാറണ്ടി പീരീഡ് നീട്ടുന്നതിനായി 1,80,50,000 രൂപയുടെ ഭരണാനുമതി നൽകി. |
| 5 | 3-3-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 541/ 2017/ H&FWD | ശ്രുതിതരംഗം പദ്ധതി പ്രകാരം സർജറി നടത്തുന്നതിനായി തൃശ്ശൂർ വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രിയുടെ എംപാനൽമെന്റ് കാലാവധി 2 വർഷത്തേയ്ക്കുകൂടി നീട്ടി നൽകി. |

| (1) | (2) | (3) |
|---|---|---|
| 6 | 3-3-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 538/ 2017/ H&FWD | ശ്രുതിതരംഗം പദ്ധതി പ്രകാരം സർജറി നടത്തുന്നതിനായി കോഴിക്കോട് മിംമ്സ് ആശുപത്രിയുടെ എംപാനൽമെന്റ് കാലാവധി 2 വർഷത്തേയ്ക്കുകൂടി നീട്ടി നൽകി. |
| 7 | 3-3-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 539/ 2017/ H&FWD | ശ്രുതിതരംഗം പദ്ധതി പ്രകാരം സർജറി നടത്തുന്നതിനായി എറണാകുളം ഡോ. നൗഷാദ്സ് ഇ.എൻ.ടി. ആശുപത്രിയുടെ എംപാനൽമെന്റ് കാലാവധി 2 വർഷത്തേയ്ക്കുകൂടി നീട്ടി നൽകി. |
| 8 | 23-3-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 787/ 2017/ H&FWD | ശ്രുതിതരംഗം പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി പുനഃക്രമീകരിച്ചു. |
| 9 | 7-4-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 1031/ 2017/ H&FWD | ശ്രുതിതരംഗം പദ്ധതി പ്രകാരം സർജറി നടത്തുന്നതിനായി എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ എംപാനൽമെന്റ് കാലാവധി<br>2 വർഷത്തേയ്ക്കുകൂടി നീട്ടി നൽകി. |
| 10 | 1-6-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 340/ 2017/ സാ.നീ.വ. | 2017-18 സാമ്പത്തിക വർഷം ശ്രുതിതരംഗം പദ്ധതിയുടെ നടത്തിപ്പിനായി 7,44,00,000 രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകി. |
| 11 | 8-8-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 2217/ 2017/ H&FWD | ശ്രുതിതരംഗം പദ്ധതിയിലൂടെ സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകുന്നതിനായി NIPMR ഇരിഞ്ഞാലക്കുട എന്ന സ്ഥാപനത്തെ കൂടി എംപാനൽ ചെയ്തു. |
| 12 | 6-11-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 3126/ 2017/ H& FWD തീയതി | ശ്രുതിതരംഗം പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി പുനഃക്രമീകരിച്ചു. |
| 13 | 15-11-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 3244/ 2017/ H&FWD | ശ്രുതിതരംഗം പദ്ധതി പ്രകാരം സർജറി നടത്തുന്നതിനായി കോഴിക്കോട് ഡോ. മനോജ്സ് ഇ.എൻ.ടി. ആശുപത്രിയുടെ എംപാനൽമെന്റ് കാലാവധി 2 വർഷത്തേയ്ക്കുകൂടി നീട്ടി നൽകുകയുണ്ടായി. |

| (1) | (2) | (3) |
|---|---|---|
| 14 | 4-2-2018-ലെ സ.ഉ.(സാധാ) നമ്പർ 44/2018/ സാ.നീ.വ. | ശ്രുതിതരംഗം പദ്ധതിയുടെ നടത്തിപ്പിനായി 2017-18 സാമ്പത്തിക വർഷം അവശേഷിക്കുന്ന തുകയായ 2,56,00,000 രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി. |
| 15 | 28-9-2017-ലെ സ.ഉ.(സാധാ) നമ്പർ 640/ 2017/ സാ.നീ.വ. | ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിനായി 'ധ്വനി' എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് അംഗീകാരം നൽകി. |
| ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* | | |

## സർക്കാർ ആശുപത്രികളിൽ കമ്പ്യൂട്ടർ സേവനം

171 (3300) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും കമ്പ്യൂട്ടർ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) സർക്കാർ ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാവിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുന്ന പദ്ധതി ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഇത് നടപ്പിലാക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും കമ്പ്യൂട്ടർ സേവനങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ 13 സ്ഥാപനങ്ങളിൽ പൈലറ്റ് പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. ഇതിന്റെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വേണ്ട മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് രണ്ട് ഘട്ടമായി സംസ്ഥാനത്തുടനീളം പൂർത്തിയാക്കാനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുന്ന പദ്ധതി തിരുവനന്തപുരം, പേരൂർക്കട ജില്ലാ ആശുപത്രി, ചിറയിൻകീഴ് താലൂക്ക് ആശുപത്രി, ഫോർട്ട് താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലും പൈലറ്റ് അടിസ്ഥാനത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലും തുടർന്ന് സംസ്ഥാനത്താകെ വ്യാപിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇത് 2018-ൽ പൂർത്തീകരിക്കത്തക്ക വിധമാണ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ വഴിയുള്ള ഫീൽഡുതല ആരോഗ്യ സർവ്വേയുടെ പ്രവർത്തനം സംസ്ഥാനത്തുടനീളം പുരോഗമിച്ചുവരികയാണ്.

## ആർദ്രം പദ്ധതി

172 (3301) <u>ശ്രീ. ആന്റണി ജോൺ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ എത്ര ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) കോതമംഗലം മണ്ഡലത്തിൽ ഏതെങ്കിലും ആരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിൽനിന്നും ആദ്യ ഘട്ടത്തിൽ താഴെപ്പറയുന്ന 15 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്.

കരുമല്ലൂർ, ചേരനല്ലൂർ, തൃക്കാക്കര, ഗോതുരുത്ത്, മഴവന്നൂർ, ഏറ്റൂർ, പായിപ്ര, കോടനാട്, ചൊവ്വര, നായരമ്പലം, തിരുമാറാടി, ചെല്ലാനം, കുട്ടൻപുഴ, മഞ്ഞപ്പാറ, വാഴക്കുളം.

(സി&ഡി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യേണ്ടുന്ന പി.എച്ച്.സി.കളുടെ അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ല.

**ആർദ്രം പദ്ധതി**

173 (3302) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര ജില്ലാ ആശുപത്രിയിൽ, ജില്ലാ ആശുപത്രിക്കനുസൃതമായി തസ്തികകൾ സൃഷ്ടിച്ച്, നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയെ ജില്ലാ ആശുപത്രി നിലവാരത്തിൽ ഉയർത്തുന്നതിന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പദവി ഉയർത്തുക എന്നതല്ല നിശ്ചിത മാനദണ്ഡങ്ങളോടെ മെച്ചപ്പെട്ട സൗകര്യവും ആവശ്യമായ തസ്തികകളും അനുവദിച്ച് ഘട്ടംഘട്ടമായി സംസ്ഥാനത്തെ ആശുപത്രികളുടെ നിലവാരം ഉയർത്തുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടികയിൽ മാവേലിക്കര ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടില്ല. ആർദ്രം പദ്ധതിയിൽ ടി ആശുപത്രി ഉൾപ്പെടുന്ന പക്ഷം ഇവിടത്തെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മലപ്പുറം നിയോജകമണ്ഡലത്തിലെ ആർദ്രം പദ്ധതി**

174(3303) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ ആശുപത്രികൾ ഏതെല്ലാമാണ്;

(ബി) രോഗികൾക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി പ്രകാരം ഈ ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരുടെയും മറ്റു പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക നിലവിലുണ്ടോ; ഏതെങ്കിലും ആശുപത്രികളിൽ ഒഴിവുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(സി) ഓരോ ആശുപത്രികളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരെ നിയമിക്കുന്നതിനും ഒഴിവുകൾ നികത്തുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ മൊറയൂർ പ്രാഥമികാരോഗ്യ കേന്ദ്രം, മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആർദ്രം മിഷന്റെ ഭാഗമായി ഓരോ താലൂക്കിലും ഓരോ താലൂക്കാശുപത്രി എന്ന മാനദണ്ഡപ്രകാരം മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയെ തെരഞ്ഞെടുത്ത് 28-6-2017-ലെ ജി.ഒ.(കൈ.)101/2017/ആ.കു.വ. പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ രണ്ട് തസ്തികയും 23-9-2017-ലെ സ.ഉ.(കൈ.)136/2017/ആ.കു.വ. പ്രകാരം ദന്തൽ മെക്കാനിക് ഗ്രേഡ് II-ന്റെ ഒരു തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. 12-5-2017-ലെ സ.ഉ.(കൈ.)75/2017/ആ.കു.വ. പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ മൊറയൂർ പി.എച്ച്.സി.-യിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികളും സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

(സി) സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ലെങ്കിലും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർദ്രം പദ്ധതിയിലൂടെ ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ച നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി പൂർണ്ണ തോതിൽ പ്രാവർത്തികമാകുന്നതോടെ ഇക്കാര്യത്തിൽ പരിഹാരമുണ്ടാകുന്നതാണ്.

## ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിസ്റ്റീരിയൽ വിഭാഗത്തിന് പുതിയ തസ്തികകൾ

175 (3304) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) മിനിസ്റ്റീരിയൽ സ്റ്റാഫിലെ സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം ആർദ്രം പദ്ധതിനടത്തിപ്പ് ബുദ്ധിമുട്ടിലായത് പരിഗണിച്ച് മിനിസ്റ്റീരിയൽ വിഭാഗത്തിന് പുതിയ തസ്തികകൾ സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് ഘട്ടം ഘട്ടമായി ഇവിടെ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ തസ്തികകളും സൃഷ്ടിച്ച് നിലവാരം ഉയർത്തുക എന്നതാണ് ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്നത്. ആർദ്രം പദ്ധതി കേവലം തസ്തിക സൃഷ്ടിക്കലല്ല. രോഗ ചികിത്സയ്ക്കും പ്രതിരോധത്തിനും പുനരധിവാസത്തിനും പ്രാമുഖ്യം നൽകി കുടുംബ ഡോക്ടർ സങ്കൽപ്പത്തിലേക്കും സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികേന്ദ്രീകൃതമായി ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിലേയ്ക്ക് സജ്ജമാക്കുന്നതിനാണ് മുൻഗണന നൽകുന്നത്. ആയതിനാൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഫാർമസി ഉൾപ്പെടെ നഴ്സിംഗ് വിഭാഗം ജീവനക്കാരുടെയും സേവനം കൂടുതലായി പ്രദാനം ചെയ്യാനാണ് ലക്ഷ്യമിടുന്നത്.

**വർക്കല മണ്ഡലത്തിൽ ആർദ്രം പദ്ധതി**

176 (3305) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന് വർക്കല മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള പ്രൈമറി ഹെൽത്ത് സെന്ററുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആർദ്രം പദ്ധതി ആരംഭിച്ചിട്ടുള്ള ആശുപത്രികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) ആർദ്രം പദ്ധതി നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ നിന്നും കൂടുതലായി എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ വർക്കല മണ്ഡലത്തിൽനിന്ന് ചെമ്മരുതി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ഇവിടെ ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് നഴ്സ് എന്നീ തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

(സി) ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, ഡ്രെയിനേജുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും ആരോഗ്യ ബോധവത്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

കേരളത്തിൽ വലിയ തോതിൽ രോഗാതുരതയ്ക്ക് കാരണമാകുന്ന ജീവിതശൈലീ രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം എന്നിവയുടെ ചികിത്സയും ഈ സ്ഥാപനങ്ങൾ വഴി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**മാവേലിക്കര ആയുർവേദ ആശുപത്രിയെ ആധുനികവത്കരിക്കുവാൻ നടപടി**

177 (3306) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് പൊതുജനോപകാരപ്രദമാക്കുവാനായി ഇവയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) മാവേലിക്കര ആയുർവേദ ആശുപത്രിയെ ആധുനിക വത്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) ആശുപത്രി ആധുനികവത്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആധുനികവത്കരണത്തിന്റെ ഭാഗമായി മുനിസിപ്പാലിറ്റിയിൽനിന്ന് ലഭ്യമായ ഫണ്ടുപയോഗിച്ച് റാംപിന്റെ പണി നടന്നുവരുന്നു. കൂടാതെ ആശുപത്രിയുടെ അറ്റകുറ്റപ്പണികൾക്കായി 2017-18 സാമ്പത്തികവർഷം വകുപ്പിലെ പ്ലാൻ ഫണ്ടിൽനിന്ന് 2,56,800 (രണ്ട് ലക്ഷത്തി അമ്പത്താറായിരത്തി എണ്ണൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിൽ ആർദ്രം പദ്ധതി

178 (3307) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കോഴിക്കോട് ജില്ലയിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് ആർദ്രം പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആശുപത്രികളിൽ ഇതിനകം നടപ്പിലാക്കിയ പരിപാടികൾ/പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളിലായി 142 തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ കീഴിൽ കോഴിക്കോട് ജില്ലയിൽനിന്നും കോട്ടൂർ, കൊട്ടാരക്കൽ ഇരിങ്ങൽ, വടകര താഴത്തങ്ങാടി, കക്കോടി, രാമനാട്ടുകര, ഇടച്ചേരി, പുതുപ്പാടി, ആയഞ്ചേരി, കുന്ദമംഗലം, ഓമശ്ശേരി, നൊച്ചാട്, അരീക്കുളം, കായക്കൊടി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. മുഖേന നടപ്പിലാക്കിവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ഒ.പി. നടക്കുന്നുണ്ട്. ഇ-ഹെൽത്ത് പദ്ധതി, വിഷാദരോഗ ക്ലിനിക് എന്നിവ നടപ്പിലാക്കുന്നു, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി, താലൂക്ക് ആശുപത്രി, ബാലുശ്ശേരി, താമരശ്ശേരി, ഫറോക്ക് ജനറൽ ആശുപത്രി, കോഴിക്കോട് ജില്ലാ ആശുപത്രി, വടകര എന്നീ ആശുപത്രികളെയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ 62 തസ്തികകളും സൃഷ്ടിച്ചുനൽകി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## രോഗികളെ സ്വകാര്യ ലാബുകളിലേക്ക് പറഞ്ഞുവിടുന്നുവെന്ന പരാതി

179 (3308) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികളുടെ രക്തം മുതലായവ പരിശോധിക്കുന്നതിനുള്ള സംവിധാനം മെഡിക്കൽ കോളേജിലുണ്ടോ;

(ബി) എന്നാൽ പല ഡോക്ടർമാരും ജീവനക്കാരും നിർദ്ധനരായ രോഗികളെ സമീപത്തുള്ള സ്വകാര്യ ലാബുകളിലേക്ക് പരിശോധനയ്ക്ക് പറഞ്ഞുവിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ഡോക്ടർമാർക്കും, ജീവനക്കാർക്കുമെതിരെ നടപടി സ്വീകരിക്കുവാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ ചികിത്സാ സഹായ പദ്ധതികളുടെ ഗുണഭോക്താക്കളായ രോഗികളെ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ലാബുകളിലേയ്ക്ക് പരിശോധനയ്ക്ക് അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

## മെഡിക്കൽ കോളേജുകളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പദ്ധതി

180 (3309) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിന്റെ ഭാഗമായി ഏതൊക്കെ ആധുനിക ഉപകരണങ്ങളും സൗകര്യങ്ങളുമാണ് ഇതിനകം മെഡിക്കൽ കോളേജുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത വികസന പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

| | |
|---|---|
| 1 | മെഡിക്കൽ കോളേജുകളുടെ വികസനം |
| 2 | പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത് |
| 3 | മെഡിക്കൽ കോളേജുകളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയും |
| 4 | ഓങ്കോളജി & ടെർഷ്യറി കെയർ |
| 5 | രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ |
| 6 | ഡ്രഗ് സ്റ്റോറുകളുടെ സ്ഥാപനവും ആധുനികവല്കരണവും |
| 7 | 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം |
| 8 | സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ് |
| 9 | മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാതൃ ശിശു ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ നിലവാരമുയർത്തൽ |
| 10 | മെഡിക്കൽ കോളേജിലെയും മറ്റു ആശുപത്രികളിലെയും ഖരമാലിന്യ നിർമ്മാർജ്ജനം |
| 11 | ഇ ഹെൽത്ത് പ്രോഗ്രാം (DME) |
| 12 | ഫാക്കൽറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം |
| 13 | ഡിസീസിഡ് ഡോണർ മൾട്ടി ഓർഗൺ ട്രാൻസ്പ്ലാന്റേഷൻ |
| 14 | എല്ലാ മെഡിക്കൽ കോളേജുകളിലും കോർട്ടേഴ്സ് ടു റസിഡൻസ് |
| 15 | സ്റ്റേറ്റ് പീഡ് സെൽ |
| 16 | ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി |
| 17 | മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ |
| 18 | മെഡിക്കൽ കോളേജിനുകീഴിലുള്ള 4 ഫാർമസി കോളേജുകളിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ |
| 19 | മെഡിക്കൽ കോളേജുകളിൽ ബയോമെഡിക്കൽ വിഭാഗം ആരംഭിക്കൽ |
| 20 | മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് ആരംഭിക്കലും ആനിമൽ ഹൗസിന്റെ നിലവാരം ഉയർത്തലും |
| 21 | ഡെന്റൽ കോളേജിൽ കമ്മ്യൂണിറ്റി ഡെന്റിസ്ട്രിയും ഡെന്റൽ പബ്ലിക് ഹെൽത്ത് ലാബും സ്ഥാപിക്കൽ . |

(ബി) മെഡിക്കൽ കോളേജുകളിൽ എല്ലാവിധ സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും പ്രവർത്തനസജ്ജമായി വരുന്നു. കൂടാതെ എം.ആർ.ഐ. സ്കാൻ, സി.ടി. സ്കാൻ, കാത്ത് ലാബ്, വെന്റിലേറ്റർ, സെൻട്രലൈസ്ഡ് ഓക്സിജൻ സിസ്റ്റം, ടെലി കൊബാൾട്ട് മെഷീൻ, അൾട്രാ സൗണ്ട് മെഷീൻ, മാമോഗ്രാഫി മെഷീൻ, ആർത്രോസ്കോപ്പും അനുബന്ധ ഉപകരണങ്ങളും, ഇ.എൻ.ടി. എച്ച്.ഡി. സെറ്റ്, കമ്പ്യൂട്ടർ റേഡിയോഗ്രാഫി എന്നീ ആധുനിക ഉപകരണങ്ങളും ട്രോമകെയർ സംവിധാനങ്ങളും ഏർപ്പെടുത്തിവരുന്നു.

(സി) മെഡിക്കൽ കോളേജുകളുടെ സമഗ്രവികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ വികസനത്തിനായി 2018-19 സാമ്പത്തികവർഷം 415.89 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

**മെഡിക്കൽ കോളേജുകളിൽ ഫാക്കൽറ്റി ഡോക്ടർമാരുടെ കുറവ്**

181 (3310) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഫാക്കൽറ്റി ഡോക്ടർമാരുടെ കുറവുമൂലം കഴിഞ്ഞവർഷം എത്ര ശസ്ത്രക്രിയകൾ മാറ്റിവച്ചിട്ടുണ്ടെന്നും എത്രയെണ്ണം റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ടെന്നും അറിയിക്കാമോ;വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഫാക്കൽറ്റി ഡോക്ടർമാരുടെ കുറവ് കാരണം മെഡിക്കൽ വിദ്യാർത്ഥികൾ അനസ്തേഷ്യ സേവനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മെഡിക്കൽ വിദ്യാർത്ഥികൾ അനസ്തേഷ്യ നൽകുന്നത് കാരണം അനസ്തേഷ്യയുമായി ബന്ധപ്പെട്ട അപകട സാധ്യതകളോ അനസ്തേഷ്യാ സമയത്തുള്ള മരണങ്ങളോ അധികമാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഫാക്കൽറ്റി ഡോക്ടർമാരുടെ കുറവുമൂലം കഴിഞ്ഞ വർഷം ശസ്ത്രക്രിയകൾ മാറ്റിവയ്ക്കേണ്ടതായും റദ്ദ് ചെയ്യേണ്ടതായും വന്നിട്ടില്ല.

(ബി&സി) എം.ബി.ബി.എസ്. വിദ്യാർത്ഥികൾ അനസ്തേഷ്യ നൽകുന്നില്ല. എന്നാൽ അനസ്തേഷ്യ വിഭാഗത്തിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ, ബന്ധപ്പെട്ട വിഷയത്തിലെ ഫാക്കൽറ്റികളുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ അനസ്തേഷ്യ നൽകാറുണ്ട്. ഇത് ഏതെങ്കിലും വിധത്തിലുള്ള അപകടത്തിന് കാരണമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനം

182 (3311) ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ബാബു :

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ എയിംസ് മാതൃകയിൽ വികസിപ്പിക്കാൻ ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ആധുനിക ഉപകരണങ്ങളും മികച്ച പശ്ചാത്തല സൗകര്യവുമൊരുക്കി ഇവയെ ലോകോത്തര നിലവാരത്തിലേക്കുയർത്താനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ തിരക്ക് കണക്കിലെടുത്ത് രോഗി-ഡോക്ടർ ബന്ധം മെച്ചപ്പെടുത്താനും ദീർഘമായ കാത്തിരിപ്പ് സമയം കുറയ്ക്കുന്നതിനും ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി 2017-18 സാമ്പത്തികവർഷത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ ഈ വകുപ്പിൽ നടപ്പാക്കുന്നുണ്ട്:

| | |
|---|---|
| 1 | മെഡിക്കൽ കോളേജുകളുടെ വികസനം |
| 2 | പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കൽ |
| 3 | മെഡിക്കൽ കോളേജുകളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയും |
| 4 | ഓങ്കോളജി & ടെർഷ്യറി കെയർ |

| | |
|---|---|
| 5 | രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ |
| 6 | ഡ്രഗ് സ്റ്റോറുകളുടെ സ്ഥാനപവും ആധുനികവൽക്കരണവും |
| 7 | 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം |
| 8 | സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ് |
| 9 | മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാതൃ ശിശു ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ നിലവാരമുയർത്തൽ |
| 10 | മെഡിക്കൽ കോളേജിലെയും മറ്റ് ആശുപത്രികളിലെയും ഖര മാലിന്യ നിർമ്മാർജ്ജനം. |
| 11 | ഇ-ഹെൽത്ത് പ്രോഗ്രാം (DME) |
| 12 | ഫാക്കൽറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം |
| 13 | ഡിസീസ്ഡ് ഡോണർ മൾട്ടി ഓർഗൺ ട്രാൻസ്പ്ലാന്റേഷൻ |
| 14 | എല്ലാ മെഡിക്കൽ കോളേജുകളിലും ക്വാർട്ടേഴ്സ് ടു റസിഡൻസ് |
| 15 | സ്റ്റേറ്റ് പീഡ് സെൽ |
| 16 | ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി |
| 17 | മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ |
| 18 | മെഡിക്കൽ കോളേജിനു കീഴിലുള്ള 4 ഫാർമസി കോളേജുകളിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ |
| 19 | മെഡിക്കൽ കോളേജുകളിൽ ബയോമെഡിക്കൽ വിഭാഗം ആരംഭിക്കൽ |
| 20 | മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് ആരംഭിക്കലും അനിമൽ ഹൗസിന്റെ നിലവാരം ഉയർത്തലും |
| 21 | ഡെന്റൽ കോളേജിൽ കമ്മ്യൂണിറ്റി ഡെന്റിസ്ട്രിയും ഡെന്റൽ പബ്ലിക് ഹെൽത്ത് ലാബും സ്ഥാപിക്കൽ |
| 22 | പാരാമെഡിക്കൽ വിഭാഗം ശക്തിപ്പെടുത്തൽ |

(ബി) മെഡിക്കൽ കോളേജുകളിൽ എല്ലാവിധ സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളും പ്രവർത്തനസജ്ജമായി വരുന്നു. കൂടാതെ എം.ആർ.ഐ സ്കാൻ, സി.ടി. സ്കാൻ, കാത്ത് ലാബ്, വെന്റിലേറ്റർ, സെൻട്രലൈസ്ഡ് ഓക്സിജൻ സിസ്റ്റം, ടെലി കൊബാൾട്ട് മെഷീൻ, അൾട്രാ സൗണ്ട് മെഷീൻ, മാമോഗ്രാഫി മെഷീൻ, ആർത്രോസ്കോപ്പും അനുബന്ധ ഉപകരണങ്ങളും, ഇ.എൻ.ടി. എച്ച്.ഡി. സെറ്റ്, കമ്പ്യൂട്ടർ റേഡിയോഗ്രാഫി എന്നീ ആധുനിക ഉപകരണങ്ങളും ട്രോമ കെയർ സംവിധാനങ്ങളും ഏർപ്പെടുത്തിവരുന്നു.

(സി) ഇക്കാര്യത്തിനായി ജീവൻ രേഖ (ഇ-ഹെൽത്ത്) പദ്ധതിയും ആർദ്രം പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. രോഗികളുടെ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുവാനും അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുമാണ് ജീവൻ രേഖ (ഇ-ഹെൽത്ത്) പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി സംസ്ഥാന വിഹിതത്തിൽ നിന്നും 4.72 കോടി രൂപ ഇ-ഹെൽത്ത് പ്രൊജക്ട് മാനേജ്മെന്റ് ഗ്രൂപ്പിന് നൽകിയിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ആയതിനായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകി തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ദീർഘമായ കാത്തിരിപ്പ് സമയം കുറയ്ക്കുന്നതിനും ഡോക്ടറുമായുള്ള കൂടിക്കാഴ്ച മുൻകൂട്ടി ബുക്കുചെയ്യുന്നതിനും ഇലക്ട്രോണിക് ടോക്കൺ സമ്പ്രദായം നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ ഇത് തിരുവനന്തപുരം എസ്.എ.ടി.-യിൽ ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ പരീക്ഷണാടിസ്ഥാ നത്തിൽ നടന്നുവരുന്നു.

## താലൂക്ക് ആശുപത്രികളായി ഉയർത്തിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

183 (3312) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര സി.എച്ച്.സി.-കളെ ഈയടുത്തകാലത്തായി താലൂക്ക് ആശുപത്രികളായി ഉയർത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ആശുപത്രികൾ ഇപ്പോൾ ഏത് ഭരണസമിതിയുടെ കീഴിലാണെന്നും താലൂക്ക് ആശുപത്രിയായി മാറ്റപ്പെട്ടതോടെ ഉണ്ടാകാൻ പോകുന്ന മാറ്റങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(സി) താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട സി.എച്ച്.സി.-കളിൽ ഇപ്പോഴുള്ള അടിസ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളും സ്റ്റാഫ് പാറ്റേണും എന്താണെന്നും താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട സാഹചര്യത്തിൽ ഈ കാര്യങ്ങളിൽ ഉണ്ടാക്കാനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) സി.എച്ച്.സി -കൾ താലൂക്ക് ആശുപത്രികളാക്കിയതിനെ തുടർന്ന് ഉണ്ടാകുന്ന അധികച്ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 23-1-2018-ലെ സ.ഉ.(സാധാ)258/18/ആ.കു.വ. പ്രകാരം താഴെപ്പറയുന്ന സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളുടെ പേര് | ഭരണസമിതി |
|---|---|---|
| തിരുവനന്തപുരം | മലയിൻകീഴ് | നേമം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി |
| കൊല്ലം | പത്തനാപുരം | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള ഭരണ സമിതി |
| മലപ്പുറം | കൊണ്ടോട്ടി | കൊണ്ടോട്ടി നഗരസഭാ ഭരണ സമിതി |
| കാസർഗോഡ് | പനത്തടി | പരപ്പ ബ്ലോക്ക് പഞ്ചായത്ത് |
| | മംഗൽപ്പാടി | മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് |
| | ബദിയടുക്ക | കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് |

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട മേൽപ്പറഞ്ഞ ആശുപത്രികളുടെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു:

| CHC മലയിൻകീഴ് | CHC പത്തനാപുരം | CHC കൊണ്ടോട്ടി |
|---|---|---|
| (1) | (2) | (3) |
| സ്റ്റാഫ് നേഴ്സ് 3 | സ്റ്റാഫ് നേഴ്സ് 5 | സ്റ്റാഫ് നേഴ്സ് 4 |
| ലാബ് ടെക്നീഷ്യൻ 1 | ജനറൽ മെഡിസിൻ 1 | ലാബ് ടെക്നീഷ്യൻ 1 |

| (1) | (2) | (3) |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ 1 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ 4 | ജനറൽ മെഡിസിൻ 1 |
| ജനറൽ മെഡിസിൻ 1 | HA Gr.II 2 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ 4 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ 4 | HA Gr.I 1 | HA Gr.I 1 |
| ഫാർമസിസ്റ്റ് ഗ്രേഡ് II 1 | ഫാർമസിസ്റ്റ് ഗ്രേഡ് II 1 | |
| CHC പനത്തടി | CHC ബദിയടുക്ക | CHC മംഗൽപ്പാടി |
| സ്റ്റാഫ് നേഴ്സ് 3 | സ്റ്റാഫ് നേഴ്സ് 5 | സ്റ്റാഫ് നേഴ്സ് 4 |
| ലാബ് ടെക്നീഷ്യൻ 1 | ലാബ് ടെക്നീഷ്യൻ 1 | ലാബ് ടെക്നീഷ്യൻ 1 |
| പീഡിയാട്രിക് 1 | ജനറൽ മെഡിസിൻ 1 | അസിസ്റ്റന്റ് ഡയറക്ടർ 1 |
| ജനറൽ മെഡിസിൻ 1 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ 4 | ജനറൽ മെഡിസിൻ 1 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ 4 | HA Gr.II 1 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ 4 |
| | HA Gr.I 1 | HA Gr.II 1 |
| | Pharmacist Gr. II 1 | HA Gr.I 1 |

ഇവിടെ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കി രോഗീ സൗഹൃദമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അനുബന്ധമായി ചേർക്കുന്നു.*

**ഒഫ്ത്താൽമിക് അസിസ്റ്റന്റ് തസ്തിക**

184 (3313) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒഫ്ത്താൽമിക് അസിസ്റ്റന്റ് തസ്തിക നിലവിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ, നേത്ര ചികിത്സാരംഗത്ത് ഒഫ്ത്താൽമിക് അസിസ്റ്റന്റിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഈ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഒഫ്ത്താൽമിക് അസിസ്റ്റന്റ് തസ്തിക നിലവിലില്ല.

(ബി) നേത്ര ചികിത്സയുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്തെ വിവിധ ജില്ല, താലൂക്ക് ആശുപത്രികളിലെ ഒപ്റ്റോമെട്രിസ്റ്റുകളുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 7 ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങളിൽ പ്രധാനമായ പ്രമേഹം മുഖേന കണ്ണിനുണ്ടാകുന്ന ഡയബെറ്റിക് റെറ്റിനോപതി പ്രാഥമിക തലത്തിൽത്തന്നെ കണ്ടെത്തുന്നതിനുവേണ്ടി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ആഫീസർമാർ, ഒപ്റ്റോമെട്രിസ്റ്റുമാർ എന്നിവർ ജില്ലയിലെ സഞ്ചരിക്കുന്ന നേത്ര വിഭാഗത്തിന്റെ സഹായത്തോടെ ഡയബറ്റിക് റെറ്റിനോപ്പതി കണ്ടുപിടിച്ച് വിവിധ ചികിത്സകൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഈ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പി.എച്ച്.സി.-കളും താലൂക്കാശുപത്രികളും ഉന്നതനിലവാരത്തിൽ ഉയർത്തുമെന്ന പ്രഖ്യാപനം

185(3314) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി. - കളും താലൂക്കാശുപത്രികളും ഉന്നത നിലവാരത്തിൽ ഉയർത്തുമെന്ന് പ്രഖ്യാപനം ഉണ്ടായിരുന്നോ; എന്തൊക്കെ സൗകര്യങ്ങളാണ് പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനനുസരിച്ച് പുതിയ തസ്തികകൾ നിലവിൽ വരുമോ;

(ബി) എത്ര വർഷം കൊണ്ട് പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ ഭാഗമായി എന്തൊക്കെ പ്രാരംഭ നടപടികളാണ് ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനം ആരോഗ്യ രംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനഃസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത്

മുൻഗണന നൽകുക ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാ തലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് 28-3-2017-ലെ സ.ഉ.(ആർ.റ്റി) 845/2017/ആ.കു.വ. പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി 12-5-2017-ലെ സ.ഉ.(എം.എസ്.) 75/2017/ആ.കു.വ., 22-12-2017-ലെ സ.ഉ.(എം.എസ്.) 188/2017/ആകുവ എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നുവർഷംകൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്‌ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രൈനേജുകൾ തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തിമൂന്ന്) കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ജില്ലാ താലൂക്കുതല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും KIIFB-യിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും KMSCL വഴി നടന്നുവരുന്നു. ജില്ലാ താലൂക്കുതല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നുവരുന്നുണ്ട്.

## കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-മായി ബന്ധപ്പെട്ടുള്ള പേ വാർഡ് ബ്ലോക്കുകൾ

186(3315) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-മായി ബന്ധപ്പെട്ട് പേ വാർഡ് ബ്ലോക്കുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) നിശ്ചിത കാലാവധി സൂചിപ്പിച്ചുകൊണ്ടുള്ള വ്യവസ്ഥ പ്രകാരമാണോ അനുബന്ധ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ കാലാവധി പൂർത്തീകരിച്ചശേഷം ഈ സ്ഥാപനത്തിന്റെ തുടർ പ്രവർത്തനം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടിക്രമങ്ങൾ അനിവാര്യമാണോ;

(ഡി) കാലാവധി പൂർത്തീകരണത്തിനുശേഷം അനുബന്ധ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡ് ബ്ലോക്കുകളുടെ ആവശ്യകത ബന്ധപ്പെട്ട ആശുപത്രി വികസനം സാധ്യമാക്കുന്നില്ലായെങ്കിൽ ഈ ആസ്തികൾ തിരിച്ചെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വർദ്ധിച്ചുവരുന്ന പേ വാർഡുകളുടെ ഉപഭോഗം മുൻനിർത്തി ജനോപകാരപ്രദമായ രീതിയിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഉപയോഗപ്പെടുത്തി പേവാർഡുകളുടെ നിർമ്മാണം, നടത്തിപ്പ് എന്നിവയ്ക്കായി 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 19-06-1973-ലെ ജി.ഒ.(എം.എസ്.)നമ്പർ 146/73/HD ഉത്തരവ് പ്രകാരം

കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എന്ന സ്ഥാപനം നിലവിൽവന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാർ ആശുപത്രികളോട് ചേർന്ന് കിടക്കുന്ന സ്ഥലം 18-5-1960-ലെ സർക്കാർ ഉത്തരവിലെ [(എം.എസ്)258/60/ധന] വ്യവസ്ഥകൾക്ക് വധേയമായി വേർതിരിച്ച് പേവാർഡുകളുടെ നിർമ്മാണത്തിനായി സൊസൈറ്റിക്ക് കൈമാറാൻ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻപ്രകാരം സർക്കാർ ആശുപത്രികളുടെ ആവശ്യകതയും സ്ഥല ലഭ്യതയും അനുസരിച്ച് പേ വാർഡുകൾ (ലാബ്, കാത്ത് ലാബ് തുടങ്ങിയവ ഉൾപ്പെടെ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. നിർമ്മിച്ചുവരുന്നു. 19-6-1973-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 146/73/HD പ്രകാരം പേവാർഡുകൾ കൈമാറുന്നത് സംബന്ധിച്ച് കാലാവധി സൂചിപ്പിച്ചിട്ടില്ലാത്തതാകുന്നു.

## ജീവിതശൈലീ രോഗങ്ങൾ

187 (3316) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി.-കൾ സി.എച്ച്.സി.-കൾ താലൂക്ക് ആശുപത്രികൾ എന്നീ ആരോഗ്യസ്ഥാപനങ്ങളിൽ ജീവിതശൈലീ രോഗങ്ങൾ ചികിത്സിക്കുന്നതിനാവശ്യമായ എന്തെല്ലാം സൗകര്യങ്ങൾ ആണ് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് അമൃതം ആരോഗ്യം. ജീവിതശൈലീ രോഗങ്ങളിലേയ്ക്ക് നയിക്കുന്ന അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, ലഹരിയോടുള്ള ആസക്തി എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണം, രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ്, രോഗം കണ്ടെത്തുന്നവർക്ക് സൗജന്യ ചികിത്സയും മരുന്നും എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ സജ്ജീകരിക്കുകയും മുപ്പത് വയസ്സിന് മുകളിലുള്ള എല്ലാ ജനങ്ങളേയും സ്ക്രീനിംഗിന് വിധേയമാക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ 232 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5400-ൽപ്പരം കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും 100 ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ

സജ്ജീകരിച്ചിട്ടുണ്ട്. ഇവിടെ പ്രമേഹം, രക്താതിസമ്മർദ്ദം, ബോഡി മാസ് ഇൻഡക്സ് എന്നീ പരിശോധനകൾ നടത്തി രോഗങ്ങൾ കണ്ടെത്തുകയും രോഗം സ്ഥിരീകരിച്ചവർക്ക് സൗജന്യമായി ചികിത്സയും മരുന്നും നൽകിവരുന്നു. ഇതിനാവശ്യമായ ഉപകരണങ്ങളും മരുന്നുകളും ഈ കേന്ദ്രങ്ങളിലെല്ലാം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. എല്ലാ ജനറൽ ആശുപത്രികളിലും ഡയബറ്റിക് റെറ്റിനോപ്പതി, ഡയബറ്റിക് ഫുട്ട്, സ്പൈറോമെറ്ററി, സ്ട്രോക്ക് ക്ലിനിക്ക് എന്നിവയും സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആരോഗ്യ വകുപ്പിലെ എല്ലാ ഡോക്ടർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിന് പ്രത്യേക പരിശീലനം നൽകിയിട്ടുള്ളതാണ്. ഇതിനുപുറമെ സ്ട്രോക്ക്, സി.ഒ.പി.ഡി, ക്യാൻസർ, ഡയബറ്റിക് റെറ്റിനോപ്പതി, ഡയബറ്റിക് ഫുട്ട് എന്നീ മേഖലകളിലും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

## ഡയാലിസിസ് യൂണിറ്റുകൾ

188 (3317) <u>ശ്രീ. കെ. മുരളീധരൻ :</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :</u>
<u>ശ്രീ. ഹൈബി ഈഡൻ :</u>
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരായ വൃക്ക രോഗികൾക്ക് മികച്ച ചികിത്സാസഹായം ഒരുക്കുന്നതിന് താലൂക്ക്/ജനറൽ ആശുപത്രികളിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റുകൾ സാമ്പത്തിക പ്രതിസന്ധി കാരണം അടച്ചുപൂട്ടുന്നുവെന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ;

(ബി) വമ്പിച്ച ബാധ്യത വന്നതിനാൽ പല ആശുപത്രികളിലെയും പ്രസ്തുത യൂണിറ്റുകൾക്ക് പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്നറിയിക്കുമോ; താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തിനുള്ള തുക എപ്രകാരമാണ് കണ്ടെത്തുന്നതെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിന് രോഗികളിൽ നിന്നും എന്തെങ്കിലും തുക ഈടാക്കുന്നുണ്ടോ; പ്രസ്തുത തുക ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് മതിയാകുന്നതാണോയെന്നറിയിക്കുമോ;

(ഡി) അല്ലെങ്കിൽ പ്രസ്തുത യൂണിറ്റുകൾക്ക് മാത്രമായി പ്രത്യേക കോർപ്പസ് ഫണ്ട് രൂപീകരിക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ ഈ ആരോപണം അടിസ്ഥാനരഹിതമാണ്.

(ബി) എച്ച്.എം.സി., ആർ.എസ്.ബി.വൈ., വോളന്ററി ഓർഗനൈസേഷൻസ്, മറ്റ് സർക്കാരേതര ഫണ്ടുകൾ എന്നിവ ഉപയോഗിച്ചാണ് ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തിനുള്ള തുക കണ്ടെത്തുന്നത്. അടിയന്തര ഘട്ടത്തിൽ ഏതെങ്കിലും ആശുപത്രിയിൽ ഇക്കാര്യത്തിൽ സർക്കാർ ഫണ്ട് ആവശ്യമുള്ള പക്ഷം ആയത് പരിശോധിക്കുന്നതാണ്.

(സി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.* അനുബന്ധത്തിൽ ഉൾപ്പെടാത്ത ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള മറ്റെല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സ സൗജന്യമായി നൽകിവരുന്നു.

(ഡി) നിലവിൽ പരിഗണനയിലില്ല.

## പഴയങ്ങാടി താലൂക്കാശുപത്രി കെട്ടിട നിർമ്മാണം

189 (3318) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പഴയങ്ങാടി താലൂക്കാശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്കാശുപത്രിയിലെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന്റെ ഡിസൈൻ ഡ്രോയിംഗ് പി.ഡബ്ല്യൂ.ഡി. തലത്തിൽ തയ്യാറാക്കിവരുന്നു. ഇത് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്ന ആശുപത്രികൾ

190 (3319) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2018-19-ൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്ന ആശുപത്രികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2017-18-ൽ അനുവദിച്ച ടി മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിന് ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 2017-18-ൽ അനുവദിച്ച പരണിയം പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കൂടുതൽ വികസന പ്രവർത്തനത്തിന് 2018-19-ൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുവേണ്ടി തെരഞ്ഞെടുക്കേണ്ട ആശുപത്രികളുടെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി&സി) ആർദ്രം പദ്ധതിയുടെ ഭാഗമായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിന്റെ കീഴിൽ പരണിയം പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ഇവിടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 14,90,000 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചുവരികയാണ്.

## മങ്കട സി.എച്ച്.സി. യുടെ കെട്ടിട നിർമ്മാണം

191 (3320) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടക്കുന്ന മങ്കട സി.എച്ച്.സി.- യുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് സൗകര്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) 10-8-2016-ലെ സ.ഉ.(സാധാ.) നമ്പർ 2217/2016/ആ.കു.വ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിലെ ശ്രീ. ടി. എ. അഹമ്മദ് കബീർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെട്ടിട നിർമ്മാണത്തിന് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ടെക്നിക്കൽ അനുമതിക്കായി Plan, Estimate എന്നിവ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിച്ചശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മങ്കട സി.എച്ച്.സി.**

192 (3321) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സി. എച്ച്. സി. സ്റ്റാന്റേർഡൈസേഷൻ ആക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) മങ്കട മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോപ്പതി ആശുപത്രി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതി പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ലാ ആശുപത്രികളിലും രോഗീസൗഹൃദ പശ്ചാത്തലം ഒരുക്കി നിശ്ചിത മാനദണ്ഡങ്ങളോടെ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും ആവശ്യമായ തസ്തികയും സൃഷ്ടിക്കുക എന്നതാണ് ഇപ്പോൾ സർക്കാർ നടപ്പിലാക്കി വരുന്ന പരിപാടി. ഇതിൽ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. സി.എച്ച്.സി.-കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന അവസരത്തിൽ മങ്കട സി.എച്ച്.സി.-യിലും നിശ്ചിത നിലവാരവും മാനദണ്ഡവും അനുസരിച്ചുള്ള സേവനം ലഭ്യമാക്കുന്നതാണ്.

(ബി) 2017-18 വാർഷിക പദ്ധതി പ്രകാരം 30 പുതിയ ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലിലെ പട്ടികയിൽ മങ്കട ഗ്രാമപഞ്ചായത്തിലെ ഹോമിയോപ്പതി ആശുപത്രിയും ഉൾപ്പെട്ടിരുന്നു. എന്നാൽ ആദ്യ ഘട്ടത്തിൽ 10 ഹോമിയോപ്പതി ഡിസ്പെൻസറി ആരംഭിക്കുന്നതിന് അനുമതി നൽകിയതിൽ ടി ആശുപത്രി ഉൾപ്പെട്ടിട്ടില്ല. വരും വർഷങ്ങളിൽ മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോപ്പതി ആശുപത്രി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## തലശ്ശേരി ജനറൽ ഹോസ്പിറ്റൽ തീയേറ്റർ കോംപ്ലക്സ്

193 (3322) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തലശ്ശേരി നിയോജകമണ്ഡലത്തിൽ തലശ്ശേരി ജനറൽ ഹോസ്പിറ്റലിൽ തീയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിരുന്ന പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

14-12-2017-ലെ സ.ഉ. (സാധാ) 3529/2017/ആ.കു.വ പ്രകാരം തലശ്ശേരി ജനറൽ ഹോസ്പിറ്റലിൽ തീയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് 1,45,32,549 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർനടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

## അടിസ്ഥാന സൗകര്യ വികസനം

194 (3323) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ ആശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ആശുപത്രിക്കും (ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെ) എത്ര രൂപയുടെ ഫണ്ട് വീതം അനുവദിച്ചിട്ടുണ്ടെന്ന വിവരം പ്രത്യേകമായി വിശദീകരിക്കാമോ;

(സി) വർക്കല മണ്ഡലത്തിലെ ആശുപത്രികളിൽ എൻ.എച്ച്.എം. മുഖേന അടിസ്ഥാന സൗകര്യ വികസത്തിനായി എത്ര ഫണ്ട് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. 23-9-2017-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 136/2017/

ആ.കു.വ. പ്രകാരം കൺസൾട്ടന്റ് ഗൈനക്കോളജി-1, ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ-1, ഇ.സി.ജി. ലാബ് ടെക്നീഷ്യൻ-1 വീതം, ഒപ്റ്റോമെട്രിസ്റ്റ്-1 എന്നിങ്ങനെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും അടിസ്ഥാന വികസനത്തിനായുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

<u>പി.എച്ച്.സി., തോണിപ്പാറ</u>

ഒരു ലക്ഷം രൂപ അടിസ്ഥാന വികസനത്തിനായി വർക്കല ബ്ലോക്ക് പഞ്ചായത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്.

<u>പി.എച്ച്.സി., ഇടവ</u>

ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഇരിപ്പിട സൗകര്യം, വാട്ടർ പ്യൂരിഫയർ, ലാബിൽ കൂടുതൽ ടെസ്റ്റ് സൗകര്യങ്ങൾ, ഫാർമസിയിൽ കൂടുതൽ മരുന്നുകൾ സൂക്ഷിക്കുന്നതിനായി റാക്കുകൾ, ഇൻവെർട്ടറുകൾ, ഡയാലിസിസ് രോഗികൾക്കായി കൂടുതൽ മരുന്നുകൾ, പാലിയേറ്റീവ് രോഗികൾക്ക് ഇൻസുലിൻ എന്നിവ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

<u>പി.എച്ച്.സി., വെട്ടൂർ</u>

ഒ.പി. വെയിറ്റിംഗ് ഏരിയ വികസിപ്പിക്കുകയും കൂടുതൽ ഇരിപ്പിടങ്ങൾ ഒരുക്കുകയും രോഗികൾക്ക് വെയിറ്റിംഗ് ഏരിയയിൽ ശുദ്ധമായ കുടിവെള്ളം സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ലാബ് ഈ മാസം തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുറഞ്ഞ നിരക്കിൽ ഇ.സി.ജി. (25 രൂപ) പി.എച്ച്.സി.-യിൽ തന്നെ എടുക്കുവാനുള്ള സൗകര്യവും സാമ്പത്തികശേഷി കുറഞ്ഞവർക്ക് സൗജന്യമായി ഇ.സി.ജി. എടുക്കുവാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. പുതിയ കോൺഫറൻസ് ഹാൾ/വെയിറ്റിംഗ് ഏരിയയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. വെട്ടൂർ പി.എച്ച്.സി.-യ്ക്കായി കോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ ഒരു പുതിയ സബ്സെന്റർ പണി പൂർത്തിയാക്കിയിട്ടുണ്ട്.

<u>പി.എച്ച്.സി., പള്ളിക്കൽ</u>

പുതിയ ലാബിന്റെ പണി ആരംഭിച്ചു. കൂടാതെ പുതിയ കെട്ടിടത്തിന്റെ പണിയും പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പി.എച്ച്.സി., ചെമ്മരുതി

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഒരു ഡോക്ടറുടെയും 2 സ്റ്റാഫ് നഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി 7,90,000 രൂപ വകയിരുത്തിയിട്ടുണ്ട്. ചെമ്മരുതി പി.എച്ച്.സി.-യിലെ അടിസ്ഥാന വികസനത്തിനായി അറ്റകുറ്റ പണി നടത്തുകയും ഉപകരണങ്ങൾ വാങ്ങുകയും ലാബുകൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. എൻ.എച്ച്.എം. ഇതിനായി 5 ലക്ഷം രൂപ ചെലവഴിച്ചു. പഞ്ചായത്ത് അനുവദിച്ച ഫണ്ട് 25 ലക്ഷം രൂപ ഉപയോഗിച്ച് മരുന്നുകളും പാലിയേറ്റീവ് കെയറും പെൺകുട്ടികൾക്കായി ജിംനേഷ്യവും ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പി.എച്ച്.സി., പള്ളിക്കൽ | രൂപ |
| 1. തദ്ദേശസ്വയംഭരണ സ്ഥാപനം | 7,40,67,547 |
| 2. ഡി.എം.ഒ. പ്ലാൻ ഫണ്ട് | 49,100 |
| പി.എച്ച്.സി., ഇടവ | |
| കായകൽപ്പ ഫണ്ട് | 76,700 |
| പി.എച്ച്.സി. തോണിപ്പാറ | |
| തദ്ദേശസ്വയംഭരണ സ്ഥാപനം | 1,00,000 |
| വർക്കല ആശുപത്രി | |
| 1. ഫൈലേറിയ ക്ലിനിക് | 20,000 |
| 2. എൻ.സി.ഡി | 35,000 |
| 3. സിഡി | 20,000 |
| 4. ഡെന്റൽ ക്ലിനിക് | 43,500 |

(സി) വർക്കല മണ്ഡലത്തിലെ ആശുപത്രികളിൽ എൻ.എച്ച്.എം. മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനായി 12,41,005 രൂപ ചെലവാക്കിയിട്ടുണ്ട്.

## പാലക്കാട് ജില്ലാ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റ്

195 (3324) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലാ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; യൂണിറ്റ് എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

പാലക്കാട് ജില്ലാ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിന്റെ, പൊതുമരാമത്ത് വകുപ്പുവഴി നടത്തുന്ന, നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. എങ്കിലും ഒ.പി. രോഗികൾക്കായുള്ള ഒരു പ്രത്യേക ഗേറ്റും ഒരു ഒബ്സർവേഷൻ വാർഡും ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകേണ്ടതായുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കൈമാറികിട്ടുന്ന മുറയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനായി ആവശ്യമായ ജീവനക്കാരെ ധനകാര്യ വകുപ്പിന്റെ കൂടി അനുമതി ലഭിക്കുന്ന മുറയ്ക്ക് നിയമിച്ച് പ്രവർത്തനക്ഷമമാക്കുന്നതാണ്.

## ഗാന്ധിഗ്രാം ത്വക് രോഗാശുപത്രി

196(3325) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിൽ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (Face ll) സ്ഥാപിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) പുതുക്കിയ ഭരണാനുമതി നൽകുന്നതിനും ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാം ഘട്ട നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഗാന്ധിഗ്രാം ത്വക് രോഗാശുപത്രിയിൽ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (Phase II) സ്ഥാപിക്കുന്നതിന് പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ആയത് പരിശോധിച്ചതിനുശേഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പരപ്പനങ്ങാടി ഗവ. ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സ

197(T3326) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ഗവ. ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കുള്ള എല്ലാ സൗകര്യങ്ങളും നിലവിലുണ്ടെങ്കിലും നാളിതുവരെയും അത് അനുവദിക്കാതിരുന്നതിനുള്ള കാരണം എന്താണ്;

(ബി) ഇത് സംബന്ധിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികൾ ഏതെല്ലാം തീയതികളിൽ സ്വീകരിച്ചു എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) പരപ്പനങ്ങാടി (ചാപ്പപ്പടി) ഫിഷറീസ് ആശുപത്രി എന്ന സ്ഥാപനം പഞ്ചായത്ത് നിർമ്മിച്ചതും തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ചതുമായ രണ്ട് കെട്ടിടങ്ങളാണ് നിലവിൽ ഉള്ളത്. ഈ സ്ഥാപനത്തിൽനിന്ന് 3 കി.മീ. അകലെയായി എല്ലാ സൗകര്യങ്ങളോടുംകൂടിയ കിടത്തി ചികിത്സയുള്ള നെടുവ സി.എച്ച്.സി.-യും 9 കി.മീ. അകലെയായി താലൂക്ക് ആശുപത്രി തിരൂരങ്ങാടിയും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു. തീരദേശ വികസന കോർപ്പറേഷൻ ഈ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കായി നിർമ്മിച്ച കെട്ടിടം നഗരസഭയ്ക്ക് കൈമാറിയെങ്കിലും ഇതുവരെ ടി കെട്ടിടം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടില്ല. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരമുള്ള നടപടിക്രമം പൂർത്തീകരിച്ച് സർക്കാരിന്റെ പരിഗണനയ്ക്ക് വരുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

എല്ലാ സർക്കാർ ആശുപത്രികളിലും കിടത്തി ചികിത്സ ഏർപ്പെടുത്തുന്നതിന് പകരം നിശ്ചിത മാനദണ്ഡങ്ങളോടെ എല്ലാ സൗകര്യങ്ങളും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള തസ്തികകളും സൃഷ്ടിച്ച് രോഗികൾക്ക് കൃത്യമായ ചികിത്സ ലഭ്യമാക്കുന്നതിനുമാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. ഇതിനായി സർക്കാർ ആവിഷ്കരിച്ച "ആർദ്രം" പദ്ധതി പൂർണ്ണമായി വരുന്നതോടെ പരപ്പനങ്ങാടി ഗവൺമെന്റ് ഫിഷറീസ് ആശുപത്രിയിൽ രോഗി സൗഹൃദ സംവിധാനങ്ങളും മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങളും ലഭ്യമാക്കുന്നതാണ്.

(ബി) ഇതുസംബന്ധിച്ച നിവേദനത്തിന്മേലുള്ള റിപ്പോർട്ടിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചുനൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

### മണ്ണാർക്കാട് മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രം

198 (3327) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഏത് പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാനായി ശിപാർശ നൽകിയിട്ടുള്ളത്;

(ബി) ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ കുമരംപുത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. പ്രവർത്തിച്ചുവരുന്നുണ്ട്. ലബോറട്ടറി 9 മണി മുതൽ 4 മണി വരെ പ്രവർത്തിച്ചു വരുന്നുണ്ട്. 12-5-2017-ലെ സ.ഉ. (എം.എസ്.)നമ്പർ 75/2017/ആ.കു.വ. പ്രകാരം ടി സ്ഥാപനത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്കായി 8 ലക്ഷം രൂപയുടെ ഫണ്ട് അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. ആശുപത്രിയുടെ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നുണ്ട്.

### നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാത്ത് ലാബ്

199 (3328) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് വർഷത്തിൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18-ൽ ഏതെല്ലാം ആശുപത്രികളിലാണ് കാത്ത് ലാബ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കാത്ത് ലാബ് ആരംഭിക്കുന്നതിനായി ഓരോ ആശുപത്രിയിലും എത്ര കോടി രൂപ ആണ് അനുവദിച്ചതെന്ന് വിശദീകരിക്കാമോ;

(ഡി) ജനറൽ അശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ഇ) 2018-19-സാമ്പത്തിക വർഷത്തിൽ ഏതൊക്കെ സ്ഥലത്താണ് കാത്ത് ലാബ് ആരംഭിക്കുന്നത്; അതിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സംവിധാനം നിലവിലുണ്ട്. ആയതിനാൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് അനുവദിച്ചിട്ടില്ല.

(ബി) 2017-18-ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മാനന്തവാടി ജനറൽ ആശുപത്രിയിലും ഇതുകൂടാതെ കിഫ്ബി പദ്ധതി മുഖേന താഴെപ്പറയുന്ന ആശുപത്രികളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രി, കൊല്ലം, ജനറൽ ആശുപത്രി, പത്തനംതിട്ട, ജനറൽ ആശുപത്രി ആലപ്പുഴ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കാഞ്ഞിരപ്പള്ളി, ജനറൽ ആശുപത്രി തൃശ്ശൂർ, ജില്ലാ ആശുപത്രി തിരൂർ, ജില്ലാ ആശുപത്രി കണ്ണൂർ, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്.

(സി) കാത്ത് ലാബ് ആരംഭിക്കുന്നതിനായി 2016-17 വാർഷിക പദ്ധതിയിൽ 1100 ലക്ഷം രൂപ കോഴിക്കോട് ജനറൽ ആശുപത്രിക്കും 2017-18 വാർഷിക പദ്ധതിയിൽ 823.422 ലക്ഷം രൂപ മാനന്തവാടി ജില്ലാ ആശുപത്രിക്കും 376.58 ലക്ഷം രൂപ അടിമാലി താലൂക്ക് ആശുപത്രിയിൽ കാർഡിയോളജി ഐ.സി. യൂണിറ്റിനുവേണ്ടിയും നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ഡി) ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് ആരംഭിക്കുക എന്നതാണ് നിലവിലെ മാനദണ്ഡം.

(ഇ) 2018-19 സാമ്പത്തിക വർഷത്തിൽ കാത്ത് ലാബ് ഐ.സി.യു. സ്ഥാപിക്കുന്നതിന് 1300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ജനറൽ ആശുപത്രി, എറണാകുളം ആശുപത്രി, ജനറൽ ആശുപത്രി കൊല്ലം എന്നിവിടങ്ങളിൽ അധിക സൗകര്യം ഏർപ്പെടുത്തുന്നതിന് ടി തുക വകയിരുത്തിയിരിക്കുന്നു. ഇതിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രി ഉൾപ്പെടുന്നില്ല.

## സൈക്കോസോഷ്യൽ കൗൺസിലർമാർ

200 (3329) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയെന്തെന്ന് അറിയിക്കാമോ:

(ബി) സർക്കാർ അംഗീകരിച്ചിട്ടുള്ള കരാർ/ ദിവസ വേതന ജീവനക്കാരുടെ വേതനം സംബന്ധിച്ച് GO(P)No. 28/2016/Fin. Dtd 26-2-2016 പ്രകാരം ഇവർ ഏത് കാറ്റഗറിയിലാണ് ന്യായമായും ഉൾപ്പെടേണ്ടതെന്ന് അറിയിക്കാമോ;

(സി) ഇവരെ 26-2-2016 ലെ GO(P)No. 28/2016/Fin. ഉത്തരവിലെ കാറ്റഗറി III -ൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് വകുപ്പിൽ നിന്നും കത്ത് നൽകിയതിന്റെ അടിസ്ഥാനമെന്തെന്ന് അറിയിക്കുമോ;

(ഡി) ഇവരുടെ തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത മാനദണ്ഡമാക്കിയുള്ള കാറ്റഗറിയിൽ ഇവരെ ഉൾപ്പെടുത്തുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുമോ ;

(ഇ) എന്നത്തേയ്ക്ക് ഇത് നടപ്പിലാക്കുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) എം.എസ്.ഡബ്ല്യൂ./എം.എ. സൈക്കോളജി

(ബി) 26-2-2016-ലെ ജി.ഒ.(പി) നമ്പർ 28/2016/ഫിൻ ഉത്തരവിൽ പറയുന്ന കാറ്റഗറിയിലൊന്നും സൈക്കോസോഷ്യൽ കൗൺസിലർമാർ ഉൾപ്പെടുന്നില്ല.

(സി) സ്കൂൾ കൗൺസിലർമാരെ 26-02-2016-ലെ ജി.ഒ.(പി) നമ്പർ 28/2016/ ഫിൻ-ലെ കാറ്റഗറി 3-ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടില്ല.

(ഡി & ഇ) ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## മുടങ്ങിയ ശമ്പളം വിതരണം ചെയ്യാൻ നടപടി

201 (3330) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ന്യൂട്രീഷ്യൻ ബ്യൂറോയിലെ ജീവനക്കാരുടെ ശമ്പളം ആറ് മാസമായി മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) കുടിശ്ശിക സഹിതമുള്ള ശമ്പളം വിതരണം ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. അയഡിൻ അപര്യാപ്തത രോഗങ്ങളുടെ നിയന്ത്രണത്തിലുള്ള ദേശീയ പരിപാടി 60 ശതമാനം സെൻട്രലി സ്പോൺസേർഡ് സ്കീം (CSS) ആണ്. കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ടെങ്കിലും സംസ്ഥാന ബഡ്ജറ്റിൽ ഈ പദ്ധതിക്കായി ശീർഷകം അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയുന്നില്ല. ഓരോ സാമ്പത്തിക വർഷത്തിലും 2210-06-101-68-NP എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ച് നൽകുമ്പോഴാണ് ഈ ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. സംസ്ഥാന ബഡ്ജറ്റിൽ ഈ പദ്ധതിക്കായി ശീർഷകം അനുവദിക്കുന്നതിനും കുടിശ്ശിക സഹിതമുള്ള ശമ്പളം വിതരണം ചെയ്യുന്നതിനുമായുള്ള ഈ വകുപ്പിന്റെ ഇ 2/629/2017/ആ.കു.വ. എന്ന ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

## കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ വേതനം

202 (3331) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന നേഴ്സുമാർക്ക് കുറഞ്ഞ വേതനം നിഷേധിച്ചിട്ടുണ്ടോ;

(ബി) സ്വകാര്യ മേഖലയിലെ നഴ്സുമാർക്ക് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനം സർക്കാർ ആശുപത്രികളിലെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന നേഴ്സുമാർക്കും നൽകുമോ; വ്യക്തമാക്കുമോ;

(സി) കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ഏത് വിധേനയാണ് ശമ്പളം കണ്ടെത്തുന്നത്; ആശുപത്രി വികസനഫണ്ടിനെ മാത്രം ആശ്രയിച്ച് ഇവർക്ക് ശമ്പളം നൽകുവാൻ കഴിയുമോ;

(ഡി) കരാർ ജീവനക്കാരുടെ ശമ്പളവർദ്ധന നടപ്പിലാക്കുമ്പോൾ ജില്ലാ ആശുപത്രികളിലെയും, മെഡിക്കൽ കോളേജുകളിലെയും വിവിധ സേവനങ്ങൾക്കുള്ള നിരക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ആശുപത്രി വികസന ഫണ്ടിന് പുറമെ ദേശീയ ആരോഗ്യ മിഷൻ ഫണ്ട് വഴിയും മഴക്കാല പൂർവ്വരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായുള്ള സർക്കാർ ഫണ്ട് വഴിയും ആർ.എസ്.ബി.വൈ. മുഖാന്തരം നിയമിതരായവർക്ക് ആർ.എസ്.ബി.വൈ. ഫണ്ടിൽ നിന്നും ശമ്പളം നൽകിവരുന്നു. ആശുപത്രി വികസന ഫണ്ടിൽ നിന്നും മാത്രം ശമ്പളം നൽകുവാൻ കഴിയില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് മതിയായ ജോലി സംരക്ഷണം**

203 (3332) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീസിൽസ് റൂബെല്ല വാക്സിൻ എടുക്കുന്നതിനും, മന്ത് രോഗപ്രതിരോധ ഗുളിക ഉൾപ്പെടെയുള്ളവ വിതരണം ചെയ്യുന്നതിനും ഭവന സന്ദർശനം നടത്തുന്ന ആരോഗ്യവകുപ്പ് ജീവനക്കാരെ മർദ്ദിക്കുകയും അപമാനിക്കുകയും ചെയ്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ കേസ്സ്സെടുത്തിട്ടുണ്ടോ;

(സി) ജീവനക്കാർക്ക് മതിയായ ജോലി സംരക്ഷണവും, സുരക്ഷയും ഉറപ്പ് വരുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മീസിൽസ് റൂബെല്ല കുത്തിവയ്പ്പിനെത്തിയ മെഡിക്കൽ ആഫീസർ അടക്കമുള്ള ആരോഗ്യ വകുപ്പുദ്യോഗസ്ഥരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിലായി 10 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| മലപ്പുറം | - | 7 കേസ്സുകൾ |
| കണ്ണൂർ | - | 2 |
| കാസർഗോഡ് | - | 1 |

(ബി & സി) ഉത്തരവാദികളായവർക്കെതിരെ കേസ്സ്സെടുക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട്/വിവരം നൽകിയിട്ടുണ്ട്. പോലീസ് സംരക്ഷണയിൽ ആരോഗ്യപ്രവർത്തകർ ജോലി ചെയ്യേണ്ടുന്നതായ സാഹചര്യം നിലവിലില്ല. എന്നിരുന്നാലും അടിയന്തരഘട്ടങ്ങളിൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വർക്കല മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുള്ള തസ്തികകളുടെ എണ്ണം

204 (3333) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുള്ള തസ്തികകളുടെ എണ്ണവും കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഒഴിവുള്ള തസ്തികകൾ ഏത് തീയതി മുതലാണെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വർക്കല നിയോജക മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

നിലവിൽ ഒഴിവുള്ള തസ്തികകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| താലൂക്ക് ആശുപത്രി, വർക്കല | 1 | മെഡിക്കൽ കൺസൾട്ടന്റ് - 1 |
| | 2 | പി.റ്റി.എസ്. - 2 |
| | 3 | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ - 1 |
| സാമൂഹികാരോഗ്യ കേന്ദ്രം, പള്ളിക്കൽ | 1 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 - 1 |
| സാമൂഹികാരോഗ്യ കേന്ദ്രം, മടവൂർ | 1 | പി.റ്റി.എസ്. - 1 |
| | 2 | പി.റ്റി.എസ്. - 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, തോണിപ്പാറ | 1 | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ - 1 |
| | 2 | ഓഫീസ് അറ്റൻഡന്റ് - 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, ഇടവ | 1 | പി.റ്റി.എസ്. - 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, വെട്ടൂർ | 1 | പി.റ്റി.എസ്. - 1 |

(ബി)

| | | |
|---|---|---|
| താലൂക്ക് ആശുപത്രി, വർക്കല | മെഡിക്കൽ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) | 1-6-2015 |
| | പി.റ്റി.എസ്. | 1-11-2015 |
| | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 28-2-2018 |
| സാമൂഹികാരോഗ്യ കേന്ദ്രം, പള്ളിക്കൽ | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 | 8-2017 |
| | പി.റ്റി.എസ്. | 1-2016 |
| സാമൂഹികാരോഗ്യ കേന്ദ്രം, മടവൂർ | പി.റ്റി.എസ്. | 2013 |
| പ്രാഥമികാരോഗ്യ കേന്ദ്രം, തോണിപ്പാറ | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 02-2018 |
| | ഓഫീസ് അറ്റൻഡന്റ് | 08-2018 |
| പ്രാഥമികാരോഗ്യ കേന്ദ്രം, ഇടവ | പി.റ്റി.എസ്. | 2015 |
| പ്രാഥമികാരോഗ്യ കേന്ദ്രം, വെട്ടൂർ | പി.റ്റി.എസ്. | 2015 |

(സി) വർക്കല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കൺസൾട്ടന്റിന്റെയും (ജനറൽ മെഡിസിൻ) ലേഡി ഹെൽത്ത് ഇൻസ്പെക്ടറുടെയും ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ ഒഴിവുകളും മറ്റ് തസ്തികകളിലെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തൊടുപുഴ ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവ് നികത്താൻ നടപടി

205(3334) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സർജറി, മെഡിസിൻ എന്നീ തസ്തികകളിൽ ഡോക്ടർമാരുടെ ഒഴിവ് ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) തൊടുപുഴ ജില്ലാ ആശുപത്രിയിൽ സീനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) സീനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) ഗൈനക്കോളജി, സീനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) എന്നീ തസ്തികകളിൽ ഓരോ ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ മെഡിക്കൽ ഓഫീസർമാരുടെ പ്രൊമോഷൻ വഴി നികത്തുന്നത് സർക്കാരിന് അധിക ബാധ്യത വരുത്തുന്നതല്ല. പ്രസ്തുത തസ്തികകളിലേയ്ക്കുള്ള വകുപ്പുതല ഉദ്യോഗക്കയറ്റ കമ്മിറ്റി കൂടി ഉദ്യോഗക്കയറ്റം നടത്തി ഒഴിവുകൾ നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഒഴിവുകൾ

206 (3335) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ആരോഗ്യവകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ -I ൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് യഥാസമയം സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഈ കാലതാമസത്തിന് കാരണം;

(സി) സ്ഥാനക്കയറ്റം നൽകുന്നതുമൂലമുണ്ടാകുന്ന ഒഴിവുകളിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ യഥാസമയം ഒഴിവുകൾ നികത്താത്തതുമൂലം ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കുന്നതിന് ആരോഗ്യവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ 190 ഒഴിവുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 25 |
| 2. | കൊല്ലം | - | 23 |
| 3. | പത്തനംതിട്ട | - | 23 |
| 4. | ആലപ്പുഴ | - | 20 |
| 5. | കോട്ടയം | - | 5 |
| 6. | ഇടുക്കി | - | 34 |
| 7. | എറണാകുളം | - | 10 |
| 8. | തൃശ്ശൂർ | - | 27 |
| 9. | പാലക്കാട് | - | 4 |
| 10. | കോഴിക്കോട് | - | 0 |
| 11. | മലപ്പുറം | - | 2 |
| 12. | വയനാട് | - | 11 |
| 13. | കണ്ണൂർ | - | 2 |
| 14. | കാസർഗോഡ് | - | 4 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I-ൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റിന്മേലുള്ള കേസ്സ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത വിഷയത്തിൽ കോടതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) സീനിയോറിറ്റി ലിസ്റ്റിന്മേലുള്ള കേസ്സുകളിലെ നടപടികൾ വേഗത്തിലാക്കി ബഹുമാനപ്പെട്ട കോടതിയിൽ നിന്നും ഉത്തരവ് വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോടതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I-ൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടത്തുകയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I-ൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നടത്തുകയും തന്മൂലം നിലവിലിരിക്കുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ലിസ്റ്റിന്റെ കാലാവധി കഴിയുന്നതിന് മുമ്പ് നിയമനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ആശുപത്രികളിൽ സീനിയർ ലേ സെക്രട്ടറി തസ്തിക

207 (3336) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ഞൂറ് കിടക്കകളുള്ള താലൂക്ക്/ജില്ലാ ആശുപത്രികളിൽ സീനിയർ ലേ സെക്രട്ടറി തസ്തിക അനിവാര്യമാണോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രികളിൽ ഈ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ & ബി) സീനിയർ ലേ സെക്രട്ടറി തസ്തിക ആരോഗ്യ വകുപ്പിൽ നിലവിലില്ല. അഞ്ഞൂറിന് മുകളിൽ കിടക്കകൾ ഉള്ളതിന്റെയും ഒരു സാമ്പത്തിക വർഷം 12 കോടി രൂപ ധനവിനിയോഗം നടക്കുന്നതിന്റെയും അടിസ്ഥാനത്തിൽ 15-1-2014-ലെ സ.ഉ.(കൈ) 17/2014/ആ.കു.വ. പ്രകാരം തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ലേ സെക്രട്ടറിമാരുടെ അധിക തസ്തിക അനുവദിച്ചിരുന്നു. അഞ്ഞൂറ് കിടക്കകളുള്ള താലൂക്ക്/ജില്ലാ ആശുപത്രികളിൽ അധികമായി ലേ സെക്രട്ടറിമാരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യകതയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ആരോഗ്യ വകുപ്പിന് കീഴിൽ പി.എസ്.സി. വഴിയല്ലാതെയുള്ള നിയമനങ്ങൾ

208 (3337) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന് കീഴിൽ പി.എസ്.സി. വഴി അല്ലാതെയുള്ള നിയമനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ആരോഗ്യവകുപ്പിന്റെ കീഴിൽ ഇത്തരത്തിൽ നിയമനം നടന്ന ഓഫീസുകൾ ഏതെല്ലാമെന്നും നിയമനം എത്രയെന്നും വ്യക്തമാക്കുമോ;

(സി) എംപ്ലോയ്മെന്റ് വഴി നടന്ന നിയമനങ്ങൾ എത്രയെന്ന് അറിയിക്കാമോ;

(ഡി) കോൺട്രാക്ട് നിയമനങ്ങൾ എത്രയെന്നും ദിവസവേതന നിയമനങ്ങൾ എത്രയെന്നും അറിയിക്കുമോ;

(ഇ) ഈ നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(എഫ്) സംവരണം പാലിച്ചിട്ടില്ലെങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ)

1. അഡ്ഹോക്ക് നിയമനം
2. ആശ്രിത നിയമനം
3. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം
4. കോൺട്രാക്ട് നിയമനം
5. എൻ.ആർ.എച്ച്.എം. നിയമനം
6. എച്ച്.എം.സി. നിയമനം
7. ദിവസ വേതനം
8. പാർട്ട് ടൈം സ്വീപ്പർ, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II-ഉം അതിന് തുല്യമായ തസ്തികകളിലും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനം

(ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി)

| ജില്ല | എണ്ണം |
|---|---|
| ആലപ്പുഴ | 98 |
| എറണാകുളം | 158 |
| ഇടുക്കി | 30 |
| പത്തനംതിട്ട | 19 |
| കൊല്ലം | 35 |
| പാലക്കാട് | 33 |
| തിരുവനന്തപുരം | 49 |
| മലപ്പുറം | 80 |
| വയനാട് | 37 |
| തൃശ്ശൂർ | 32 |
| കാസർഗോഡ് | 123 |
| കണ്ണൂർ | 139 |
| കോഴിക്കോട് | 21 |
| കോട്ടയം | 122 |
| ഡി.എച്ച്.എസ്. | 3 |

(ഡി)

| ജില്ല | എണ്ണം |
|---|---|
| (1) | (2) |
| ആലപ്പുഴ | 116 |
| എറണാകുളം | Nil |
| ഇടുക്കി | 22 |
| പത്തനംതിട്ട | Nil |
| കൊല്ലം | Nil |
| പാലക്കാട് | 26 |
| തിരുവനന്തപുരം | 330 |
| മലപ്പുറം | Nil |

| (1) | (2) |
|---|---|
| വയനാട് | 108 |
| തൃശ്ശൂർ | 19 |
| കാസർഗോഡ് | 641 |
| കണ്ണൂർ | 162 |
| കോഴിക്കോട് | Nil |
| കോട്ടയം | 72 |
| ഡി.എച്ച്.എസ്. | 8 |

(ഇ) എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ട്.

(എഫ്) പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് മുഖേനയുമുള്ള നിയമനങ്ങളിൽ സംവരണം പാലിക്കാൻ നിയമമുണ്ടെങ്കിലും മറ്റ് നിയമനങ്ങളിലും പരമാവധി സംവരണം പാലിക്കണമെന്നാണ് ഗവൺമെന്റിന്റെ പ്രഖ്യാപിത നിലപാട്.

## ആരോഗ്യ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ

209 (3338) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ നിലവിൽ 1961-ലെ സ്റ്റാഫ് പാറ്റേണാണോ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ജനസംഖ്യാവർദ്ധനവിന് ആനുപാതികമായി ആരോഗ്യ സ്ഥാപനങ്ങളിൽ ഒ.പി.-യുടെയും, ഐ.പി.-യുടെയും എണ്ണത്തിലുണ്ടായ വർദ്ധനവിന് ആനുപാതികമായി ജീവനക്കാരെ നിയമിക്കാത്തത് കൊണ്ട് രോഗികൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുവാൻ കഴിയുന്നില്ലായെന്നത് വസ്തുതയല്ലേ; വ്യക്തമാക്കുമോ ;

(സി) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഡി.പി.സി. കൂടാത്തതിനാൽ അർഹമായ ഉദ്യോഗക്കയറ്റം ലഭിക്കാതെ ഹെൽത്ത് സർവ്വീസിൽ നിന്നും ജീവനക്കാർ വിരമിക്കേണ്ട സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) ആരോഗ്യ വകുപ്പിൽ ജീവനക്കാർക്ക് സമയബന്ധിതമായി പ്രമോഷൻ നൽകുന്നതിനും, രോഗികളുടെ എണ്ണത്തിന് ആനുപാതികമായി തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2-8-1961-ലെ ജി.ഒ (ആർ.ടി.) നമ്പർ 3150/61/ആ.കു.വ. പ്രകാരമാണ് സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ വന്നത്. ഈ സ്റ്റാഫ് പാറ്റേൺ ഐ.പി. വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം ആരോഗ്യരംഗത്ത് ആധുനികവും നൂതനവുമായ ധാരാളം ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008-ൽ സ്റ്റാന്റേർഡൈസേഷന്റെ ഭാഗമായി 6-11-2008-ലെ ജി.ഒ.(എം.എസ്.)നമ്പർ 568/08/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ലെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആർദ്രം പദ്ധതിയിലൂടെ ഇതിനോടകം മൊത്തം 1721 തസ്തികകളും ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, ജില്ലാ ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ സീനിയോറിറ്റി തർക്കവുമായി ബന്ധപ്പെട്ട് കേസുകൾ നിലനിൽക്കുന്നതിനാൽ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിൽ നിന്നും ഡി.പി.സി. കൂടി അർഹരായവരെ സ്റ്റോർ സൂപ്രണ്ടായി പ്രൊമോഷൻ നൽകുന്നതിനും ജില്ലാ ലാബ് ടെക്നീഷ്യൻ തസ്തികയിൽ നിന്നും ഡി.പി.സി. കൂടി അർഹരായവരെ ജൂനിയർ സയന്റിഫിക് ആഫീസറായി പ്രൊമോഷൻ നൽകുന്നതിനും കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ആകെ മൊത്തം 4271 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 1721 തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

**ആരോഗ്യ വകുപ്പിലെ ആശ്രിത നിയമനം**

210 (3339) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ആശ്രിതനിയമനം നിർത്തിവച്ചിട്ടുണ്ടോ;എങ്കിൽ കാരണമെന്താണ്;

(ബി) ആശ്രിതനിയമനത്തിനായി നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്;

(സി) ഇതിൽ ആദ്യ അപേക്ഷകന്റെ അപേക്ഷാ തീയതി എന്നാണ്;

(ഡി) ഡബ്ല്യു.പി.സി./നമ്പർ 5960/2016 നമ്പർ കേസ്സിൽ നിലവിലുള്ള ഹൈക്കോടതി സ്റ്റേ സൂപ്പർ ന്യൂമററി പ്രകാരം നിയമനം ലഭിച്ചിട്ടുള്ളവരെ സർവ്വീസിൽ റഗുലറൈസ് ചെയ്യുന്നതിന് മാത്രമല്ലേ ബാധകം; പ്രസ്തുത സ്റ്റേ ഉത്തരവിൽ ആശ്രിത നിയമനങ്ങൾ നടത്തുന്നത് തടഞ്ഞിട്ടുണ്ടോ;

(ഇ) 24-5-1999-ലെ സർക്കാർ ഉത്തരവ് പി. നമ്പർ 12/99/ഉ.ഭ.വ. പ്രകാരം സർവ്വീസിൽ ഇരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് അതേ വകുപ്പിൽ നിയമനം നൽകുന്നതിൽ ക്വാട്ട നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരോഗ്യവകുപ്പിൽ ആശ്രിത നിയമനത്തിനായി അപേക്ഷ നൽകിയിട്ടുള്ളവർക്ക് അടിയന്തരമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് നിശ്ചിത റേഷ്യോക്ക് അതീതമായി ധാരാളം പേരെ സൂപ്പർന്യൂമററി തസ്തികയിൽ നിയമിച്ചതുമൂലം ടി ജീവനക്കാരെ ക്രമവൽക്കരിക്കാതെ പുതിയ ആശ്രിത നിയമനം നടത്തുന്നതിൽ പ്രയാസം നേരിട്ടിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ 187 അപേക്ഷകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 22 അപേക്ഷകളും തീർപ്പാക്കാനുണ്ട്.

(സി) ആരോഗ്യ വകുപ്പിൽ 23-4-2012-ഉം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 15-10-2005-ഉം ആണ്.

(ഡി) പ്രസ്തുത സ്റ്റേ ഉത്തരവിൽ ആശ്രിത നിയമനം തടഞ്ഞിട്ടില്ല. എന്നാൽ സൂപ്പർ ന്യമററി നിയമനം ലഭിച്ചവർ റഗുലറൈസ് ചെയ്യപ്പെടാതെ നിലനിന്നിരുന്നതിനാൽ അവ്യക്തത നിലനിൽക്കുകയും തുടർന്നുള്ള ആശ്രിതനിയമനങ്ങൾ നടത്താൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ട്. അവരെ റെഗുലറൈസ് ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു.

(ഇ) ആശ്രിത നിയമനത്തിനായി ക്വാട്ട നിശ്ചയിച്ചിട്ടില്ല. നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡോക്ടർമാരുടെയും വിവിധ പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകൾ

211 (3340) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഇതര ആരോഗ്യസ്ഥാപനങ്ങളിലും നിലനിൽക്കുന്ന ഡോക്ടർമാരുടെയും വിവിധ പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ ആശുപത്രികൾ, മെഡിക്കൽ കോളേജ്, ഇതര ആരോഗ്യ സ്ഥാപനങ്ങൾ എന്നിവയിൽ എതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ നിലനിൽക്കുന്നു എന്ന് തസ്തിക തിരിച്ച് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ സ്ഥാപനങ്ങളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | റേഡിയോഗ്രാഫർ | - | 34 |
| 2. | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | - | 13 |
| 3. | ഒപ്റ്റോമെട്രിസ്റ്റ് | - | 18 |
| 4. | ദന്തൽ മെക്കാനിക് | - | 25 |
| 5. | ദന്തൽ ഹൈജീനിസ്റ്റ് | - | 14 |
| 6. | ലാബ് ടെക്നീഷ്യൻ | - | 102 |
| 7. | ഇ.സി.ജി. ടെക്നീഷ്യൻ | - | 6 |
| 8. | സ്റ്റാഫ് നഴ്സ് | - | 653 |
| 9. | ഹെഡ് നഴ്സ് | - | 67 |
| 10. | നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II | - | 4 |

| | | | |
|---|---|---|---|
| 11. | നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I | - | 40 |
| 12. | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | - | 1 |
| 13. | സ്റ്റോർ സൂപ്രണ്ട് | - | 9 |
| 14. | അസിസ്റ്റന്റ് സർജൻ | - | 190 |
| 15. | സിവിൽ സർജൻ | - | 39 |
| 16. | കൺസൾട്ടന്റ് | - | 249 |

മെഡിക്കൽ കോളേജുകളിലെ ഒഴിവുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. *ഇതര സ്ഥാപനങ്ങളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധം 2 എ ആയി ചേർക്കുന്നു.+ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*. ഇതര സ്ഥാപനങ്ങളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഉദ്യോഗക്കയറ്റം വഴി നികത്തേണ്ട ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ആശുപത്രികളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക്, നിയമനത്തിന് കാലതാമസം ഉണ്ടാകുന്ന എൻട്രി കേഡർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നു.

## ഒപ്റ്റോമെട്രിസ്റ്റിന്റെ നിയമനം

212 (3341) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റിനെ നിയമിക്കുന്നത് ഏത് യോഗ്യതയുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകളുണ്ട്; ടി ഒഴിവുകളിലേയ്ക്ക് നിയമിക്കുന്നതിന് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ബി.എസ്.സി. (ഒപ്റ്റോമെട്രിസ്റ്റ്) യോഗ്യതയുള്ളവരെ പി. എസ്. സി. വഴി ഒപ്റ്റോമെട്രിസ്റ്റായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 25-5-1987-ലെ ജി.ഒ.(എം.എസ്.)നമ്പർ 103/87/ആ.കു.വ. പ്രകാരം ഫിസിക്സ്, കെമിസ്ട്രി, ബയോളജി/മാത്തമാറ്റിക്സ് എടുത്ത് പ്രീഡിഗ്രിയും അല്ലെങ്കിൽ തത്തുല്യ യോഗ്യതയും 2 വർഷത്തെ ഡിപ്ലോമ ഇൻ ഒഫ്താൽമിക് അസിസ്റ്റന്റ് കോഴ്സ് അല്ലെങ്കിൽ തത്തുല്യ യോഗ്യതയും നേടിയിരിക്കണം.

(ബി) 18 ഒഴിവുകൾ നിലവിലുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ജൂനിയർ പബ്ലിക് ഹെൽത്ത് ഗ്രേഡ് II നഴ്സുമാരുടെ ഒഴിവുകൾ**

213 (3342) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് ഗ്രേഡ്-II നഴ്സുമാരുടെ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II കാറ്റഗറി നമ്പർ 666/12 പി.എസ്.സി. (കൊല്ലം) യുടെ ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നാളിതുവരെ നിയമനം നൽകി എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ കൊല്ലം ജില്ലയിൽ ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.- യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒഴിവില്ല.

(ബി) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II കാറ്റഗറി നമ്പർ 66/12 പി.എസ്.സി. (കൊല്ലം)-യുടെ ലിസ്റ്റിൽ നിന്നും ആരോഗ്യ വകുപ്പിൽ ആർക്കും നിയമനം നൽകിയിട്ടില്ല.

(സി) നിലവിൽ കൊല്ലം ജില്ലയിൽ 6 സൂപ്പർന്യൂമററി ഒഴിവുകൾ ഉദ്യോഗസ്ഥരെ അബ്സോർബ് ചെയ്യേണ്ടതായിട്ടുണ്ട്. ഇവരെ അബ്സോർബ് ചെയ്തതിനുശേഷം വരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

## പ്ലാസ്റ്റിക് നിരോധനം

214 (3343) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലും തട്ടുകടകളിലും ചൂടുള്ള ഭക്ഷണ സാധനങ്ങൾ പ്ലാസ്റ്റിക് ഷീറ്റിൽ കഴിക്കാൻ നൽകുന്നതും പൊതിഞ്ഞ് നൽകുന്നതും നിരോധനം ലംഘിച്ച് ഇപ്പോഴും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽ സൂചിപ്പിച്ച ഗുരുതര ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന പ്രവൃത്തി നിയന്ത്രിക്കുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ ;

(സി) മേൽ സൂചിപ്പിച്ച വിഷയത്തിൽ പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഹോട്ടലുകളിലും തട്ടുകടകളിലും ചൂടുള്ള ഭക്ഷണ സാധനങ്ങൾ പൊതിയുന്നതിന് പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചൂടുള്ള ഭക്ഷണസാധനങ്ങൾ ഫുഡ് ഗ്രേഡ് പേപ്പറിൽ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് ഷീറ്റുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഹോട്ടലുകളുടെ ലൈസൻസുകൾ റദ്ദാക്കുന്ന നടപടി

215 (3344) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പും ഭക്ഷ്യ സുരക്ഷാ വിഭാഗവും നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ വൃത്തിഹീനമായ സാഹചര്യത്തിൽ പഴകിയ ആഹാരസാധനങ്ങൾ വില്പന നടത്തിയത് കണ്ടെത്തി സംസ്ഥാനത്തെ എത്ര ഹോട്ടലുകളുടെ ലൈസൻസുകൾ റദ്ദാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം ലൈസൻസ് റദ്ദാക്കപ്പെടുന്ന ഹോട്ടലുകൾ ദിവസങ്ങൾക്കുള്ളിൽ തന്നെ വീണ്ടും പ്രവർത്തനം ആരംഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വകുപ്പ് നൽകുന്ന ശിക്ഷാനടപടികൾ ലഘുവായതിനാൽ സംഭവിക്കുന്ന ഇത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിയമഭേദഗതിയ്ക്ക് തയ്യാറാകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈസൻസുകളൊന്നും റദ്ദാക്കിയിട്ടില്ല. ഭക്ഷ്യസുരക്ഷാ പരിശോധനയിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയാൽ ലൈസൻസ് സസ്പെൻഡ് ചെയ്യുകയാണ് ചെയ്യുന്നത്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തുമ്പോൾ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിക്കുന്നതിന് നോട്ടീസ് നൽകി ലൈസൻസ് സസ്പെൻഡ് ചെയ്യാറുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പോരായ്മകൾ പരിഹരിച്ചതായി തുടർ പരിശോധനയിൽ ബോധ്യപ്പെട്ടാൽ ലൈസൻസ് സസ്പെൻഡ് ചെയ്തത് പിൻവലിക്കുകയും തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകുകയുമാണ് ചെയ്യുന്നത്.

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര പ്രകാരം മായം കലർത്തുന്നതിനുള്ള പരമാവധി ശിക്ഷ 7 വർഷം മുതൽ ജീവപര്യന്തം വരെയുള്ള തടവ് ശിക്ഷയും പത്ത് ലക്ഷം രൂപയിൽ കുറയാതെയുള്ള പിഴയുമാണ്. ഇത് ലഘുവായ ശിക്ഷയല്ല.

**ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം**

216 (3345) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 -ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയ കോഴിക്കോട് ജില്ലയിലെ സ്ഥാപനങ്ങളുടെ പേരുവിവരം ലഭ്യമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയ കോഴിക്കോട് ജില്ലയിലെ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഭക്ഷ്യസുരക്ഷാ ഗുണനിലവാരം ലംഘിച്ചതായി കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*

**രാസവസ്തുക്കളുടെ ഉപയോഗം കാരണം ആരോഗ്യപ്രശ്നങ്ങൾ**

217 (3346) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നുമുൾപ്പെടെ കാസർഗോഡ് ജില്ലയിലേക്ക് കൊണ്ടുവരുന്ന മത്സ്യങ്ങളിൽ വിഷലിപ്തമായ അമോണിയ ഉൾപ്പെടെയുള്ള രാസവസ്തുക്കളുടെ ഉപയോഗം നിമിത്തം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നേരിടാൻ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ പ്രതിദിനം പരിശോധിക്കാനും മറ്റും നടപടികളുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ഓപ്പറേഷൻ സാഗർറാണിയുടെ ഭാഗമായി മത്സ്യഫെഡ് സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ മത്സ്യ മാർക്കറ്റുകളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും മത്സ്യം ലേലം ചെയ്യുന്ന സ്ഥലങ്ങളിലും പരിശോധന നടത്തിവരുന്നുണ്ട്.

കഴിഞ്ഞ വർഷം മഞ്ചേശ്വരം, കുമ്പള, കാസർഗോഡ്, കീഴൂർ, ബേക്കൽ, പള്ളിക്കര തുടങ്ങിയ ഫിഷ് ലാന്റിംഗ് സെന്ററുകളിലും കാസർഗോഡ്, കാഞ്ഞങ്ങാട് എന്നീ മൊത്ത വ്യാപാര മാർക്കറ്റുകളിലും പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുൾപ്പെടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിവിധ ഇനം മത്സ്യം, ഐസ്, വെള്ളം എന്നിവയുടെ 25 സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ആയതിൽ രണ്ട് ഐസ് സാമ്പിളുകളിൽ മാത്രം അമോണിയയുടെ അംശം നേരിയ തോതിൽ കണ്ടെത്തിയിട്ടുള്ളതും മറ്റുള്ളവയിലൊന്നും അമോണിയയുടെയോ മറ്റ് രാസവസ്തുക്കളുടെയോ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ലാത്തതുമാണ്.

മത്സ്യങ്ങളിൽ അമോണിയ പോലുള്ള രാസവസ്തുക്കൾ ചേർക്കുന്നതുമായി ബന്ധപ്പെട്ട് ദൂഷ്യഫലങ്ങൾ വിശദീകരിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികളെയും ചെറുകിട വൻകിട മൊത്ത വ്യാപാരികളെയും പങ്കെടുപ്പിച്ചുകൊണ്ട് കാസർഗോഡ് കടപ്പുറം, കാഞ്ഞങ്ങാട് വ്യാപാരഭവൻ, കാസർഗോഡ് വ്യാപാരഭവൻ എന്നിവിടങ്ങളിൽ വച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് നിശ്ചിത ഇടവേളകളിലും ഓപ്പറേഷൻ സാഗർറാണിയുടെ ഭാഗമായും പരിശോധനകൾ നടത്തുന്നുണ്ട്.

## ഇന്ത്യൻ കോഫി ഹൗസിന്റെ ലൈസൻസ്

218 (3347) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എം.ജി. റോഡിലെ സ്പെൻസർ ജംഗ്ഷന് സമീപം പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫി ഹൗസിന്റെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കുമോ;

(ബി) 2017 ഒക്ടോബർ 20-ന് പരിശോധന നടത്തിയ ഉദ്യോഗസ്ഥർ പ്രസ്തുത റെസ്റ്റോറന്റിന് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകിയിരുന്നോ; അതു നടപ്പാക്കിയശേഷം പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്തായിരുന്നുവെന്നറിയിക്കുമോ; തുടർന്നു സ്വീകരിച്ച നടപടിയിൽ ലഭിച്ച അപ്പീൽ എന്തു കാരണത്താലാണ് നിരസിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റെസ്റ്റോറന്റിനെതിരെ ഭക്ഷണവുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; പരിശോധനയിൽ ഭക്ഷ്യ വസ്തുക്കൾ/ ആഹാരപദാർത്ഥങ്ങൾ സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം എം.ജി. റോഡിലെ സ്പെൻസർ ജംഗ്ഷന് സമീപം പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫീ ഹൗസിന്റെ ലൈസൻസ് സസ്പെന്റ് ചെയ്തിട്ടുണ്ട്. 18-6-2013, 27-7-2015, 10-8-2016 എന്നീ തീയതികളിൽ ടി സ്ഥാപനത്തിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിയമാനുസരണം നടത്തിയിട്ടുള്ള പരിശോധനകളിൽ കണ്ടെത്തിയ ഗുരുതരമായ ഭക്ഷ്യസുരക്ഷാ ലംഘനങ്ങളുടെ ഭാഗമായി 18-6-2013-ലും 10-8-2016-ലും പ്രസ്തുത സ്ഥാപനത്തിന്റെ ലൈസൻസ് സസ്പെന്റ് ചെയ്ത് സ്ഥാപനം അടച്ചുപൂട്ടിയിട്ടുണ്ട്. തുടർന്ന് 23-1-2017-നും 20-8-2017-നും നടന്ന പരിശോധനകളിലും താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടതിനാൽ ടി സ്ഥാപനത്തിന്റെ ലൈസൻസ് 28-10-2017-ൽ ലൈസൻസ് അതോറിറ്റിയായ തിരുവനന്തപുരം അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഉത്തരവ് നമ്പർ 1564/2017/എസി.എഫ്.എസ്, തിരുവനന്തപുരം പ്രകാരം സസ്പെന്റ് ചെയ്തിട്ടുള്ളതാണ്.

<u>ഭക്ഷ്യസുരക്ഷാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ</u>

1. ആഹാരം പാകംചെയ്യുന്ന സ്ഥലം വൃത്തിഹീനമായി കാണപ്പെടുന്നു.

2. ആഹാര സാധനങ്ങൾ ഈച്ച തുടങ്ങിയ സാംക്രമിക രോഗവാഹകരിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളില്ല.

3. സ്ഥാപനത്തിന്റെ പിൻവശത്ത് ഈ സ്ഥാപനമുൾപ്പെടുന്ന ബഹുനില മന്ദിരത്തിന്റെ മുഴുവൻ കക്കൂസ് മാലിന്യങ്ങളും സ്ഥിരമായി വന്നടിഞ്ഞ് ദുർഗന്ധപൂരിതമായ അന്തരീക്ഷത്തിലാണ് അടുക്കള സ്ഥാപിച്ചിട്ടുള്ളത്. ഇത് ഗുരുതരമായ പൊതുജന ആരോഗ്യത്തെ ബാധിക്കുന്ന ഭക്ഷ്യസുരക്ഷാ ഭീഷണിയാണ്.

(ബി) 2017 ഒക്ടോബർ 20-ന് മുമ്പ് നടത്തിയിട്ടുള്ള പരിശോധനാ സമയങ്ങളിലും ടി സ്ഥാപനത്തിന് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകിയിരുന്നു. 23-10-2017-ൽ അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ (ഇന്റലിജൻസ്)ന്റെ നേതൃത്വത്തിലുള്ള മൊബൈൽ വിജിലൻസ് സ്ക്വാഡ് പ്രസ്തുത സ്ഥാപനം പുനഃപരിശോധിക്കുകയും പൊതുജനാരോഗ്യത്തെ ബാധിക്കുന്ന ഗുരുതരമായ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ലായെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. ഹോട്ടലുകൾ പാലിക്കേണ്ട ഭക്ഷ്യസുരക്ഷാ

മാനദണ്ഡങ്ങൾ വിവിധ തീയതികളിലായി നൽകിയിട്ടുള്ള ഇംപ്രൂവ്മെന്റ് നോട്ടീസ് പ്രകാരം തുടർച്ചയായി പരിഹരിക്കാതെയും ആയത് അവസാനം (20-10-2017) നടത്തിയ പരിശോധനയിൽ ടി അപാകതകൾ പരിഹരിക്കുന്നതിന് ശാശ്വതമായി യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലാത്തതുമാണ്. ഇത്തരത്തിൽ ടി സ്ഥാപനം ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ സ്ഥിരമായി ലംഘിക്കുന്ന ഒരു സ്ഥാപനമാണെന്നും ആയത് ഭക്ഷ്യസുരക്ഷയ്ക്കും പൊതുജനാരോഗ്യത്തിനും ഗുരുതരമായൊരു ഭീഷണിയാണെന്നും തുടർച്ചയായി മാനദണ്ഡങ്ങൾ ലംഘിച്ച് പ്രവർത്തിക്കുകയും ആയത് ശാശ്വതമായി പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കാത്തതിനും തൃപ്തികരമായ യാതൊരു വിശദീകരണവും അപ്പീലിന്റെ തെളിവെടുപ്പ് സമയത്ത് സ്ഥാപനത്തിന്റെ ലൈസൻസി ഹാജരാക്കിയിട്ടില്ല.

ടി സ്ഥാപനത്തിന്റെ അടുക്കളയുടെ ഭാഗത്താണ് ടി സ്ഥാപനം പ്രവർത്തിക്കുന്ന ബഹുനില മന്ദിരത്തിന്റെ കക്കൂസിൽ നിന്നടക്കമുള്ള ഡ്രെയിനേജ് ലൈൻ വന്ന് പതിക്കുന്നത്. ഡ്രൈനേജ് ബ്ലോക്കായി മലിനജലം കെട്ടികിടന്ന് പരിസരമാകെ ദുർഗന്ധപൂരിതമായ നിലയിൽ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്. ഇത്തരമൊരു ഭക്ഷ്യ സുരക്ഷാ മാനദണ്ഡ ലംഘനം പരിഹരിക്കുവാൻ സ്ഥാപനത്തിന്റെ ലൈസൻസി നിസ്സഹായനാണെന്നത് ടി അപ്പീലിൽ സമ്മതിച്ചിട്ടുള്ളത് ടി സ്ഥാപനത്തിന് അനുകൂലമായ തീരുമാനമെടുക്കുന്നതിന് വിഘാതമായി കണ്ടതിനാലാണ് ടി സ്ഥാപന ലൈസൻസി നൽകിയ അപ്പീൽ നിരസിച്ചിട്ടുള്ളത്.

(സി) 2013 ജൂൺ 18-ന് ഏഴ് വയസ്സുള്ള ഒരു പെൺകുട്ടി ടി സ്ഥാപനത്തിൽ നിന്നും റോസ് മിൽക്ക് കഴിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ഭക്ഷ്യവിഷബാധ ഏറ്റതായി കുട്ടിയുടെ മാതാപിതാക്കൾ പരാതിപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥാപനത്തിൽ പരിശോധന നടത്തി സ്ഥാപനത്തിന്റെ ലൈസൻസ് സസ്പെന്റ് ചെയ്യുകയും ചെയ്തിരുന്നു.

## അവയവ മാറ്റ ശസ്ത്രക്രിയ

219 (3348) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവ മാറ്റ ശാസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് ജീവിതകാലം മുഴുവൻ കഴിക്കേണ്ട മരുന്നുകൾക്ക് ഇന്നത്തെ വിലയുടെ 10 ശതമാനം ഈടാക്കിക്കൊണ്ട് വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം രോഗികൾക്ക് നൽകേണ്ട മരുന്ന് ഉൽപ്പാദിപ്പിക്കുവാൻ കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് കഴിവുണ്ടോയെന്നും ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**രോഗി-ഡോക്ടർ അനുപാതവും സ്റ്റാഫ് പാറ്റേണും**

220 (3349) ശ്രീ. അബ്ദുൽ ഹമീദ്. പി.:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗികൾക്ക് ആനുപാതികമായി ഡോക്ടർമാരും അനുബന്ധ ജീവനക്കാരും ലഭ്യമാണോയെന്ന് വിശദമാക്കുമോ;

(ബി) നിലവിലെ രോഗി-ഡോക്ടർ അനുപാതം എത്രയാണ്; ഈ അനുപാതം എന്നാണ് നിലവിൽ വന്നത്; ഇത്തരം അനുപാതം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ;

(സി) മാറിയ സാഹചര്യത്തിനനുസരിച്ച് ഡോക്ടർ-രോഗി അനുപാതവും മറ്റ് സ്റ്റാഫ് പാറ്റേണുകളും പരിഷ്കരിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രോഗികൾക്ക് ആനുപാതികമായി ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും തസ്തികകൾ നിലവിലില്ലെന്ന കാര്യം കണക്കിലെടുത്തുകൊണ്ടാണ് ആർദ്രം മിഷന്റെ ഭാഗമായി അധിക തസ്തിക സൃഷ്ടിച്ചുവരുന്നത്.

(ബി) കണക്കാക്കിയിട്ടില്ല. കിടത്തി ചികിത്സയുള്ള സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 1961-ലെ ഒരു സർക്കാർ ഉത്തരവ് നിലവിലുണ്ട്. കൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും സ്റ്റാഫിന്റെ എണ്ണം സംബന്ധിച്ച നിർദ്ദേശങ്ങളുള്ള ഒരു ഉത്തരവും 2008-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ ആരോഗ്യ വകുപ്പിൽ തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ നൽകുമ്പോൾ നിലവിലുള്ള ഒ.പി./ഐ.പി.

രോഗികളുടെ എണ്ണം മറ്റ് സ്പെഷ്യാലിറ്റി എന്നിവ പരിഗണിച്ചാണ് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് തസ്തിക സൃഷ്ടിച്ചുവരുന്നത്. നിലവിൽ വിവിധ വിഭാഗം സ്ഥാപനങ്ങളിലേക്ക് അധികമായി തസ്തികകൾ സൃഷ്ടിക്കുന്നത് ആർദ്രം മിഷന്റെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.

(സി) ആർദ്രം മിഷന്റെ ഭാഗമായി വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡത്തിൽ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നടപടികൾ നടന്നുവരികയാണ്.

**അരിവാൾ രോഗത്തെ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ**

221 (T3350) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി സമൂഹത്തിൽ കണ്ടുവരുന്ന അരിവാൾ രോഗത്തെ പ്രതിരോധിക്കാൻ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടുകൂടി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

ആദിവാസി സമൂഹത്തിൽ കണ്ടുവരുന്ന അരിവാൾ രോഗം കണ്ടുപിടിക്കുന്നതിനായി മുഴുവൻ ആദിവാസികളെയും സ്ക്രീൻ ചെയ്യുന്നു. ഇതിനായി മലപ്പുറം ജില്ലയിലെ ആദിവാസികളുള്ള 5 ഹെൽത്ത് ബ്ലോക്കുകളിലെ ഫീൽഡ് ജീവനക്കാർക്കും മെഡിക്കൽ ഓഫീസർമാർക്കും കോഴിക്കോട് മെഡിക്കൽ കോളേജിലെ പാത്തോളജി വിഭാഗവുമായി സഹകരിച്ച് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഐ.ടി.ഡി.പി. പ്രൊമോട്ടർമാർക്ക് ബോധവൽക്കരണ ക്ലാസ് നൽകി സ്ക്രീനിംഗിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പാലക്കാട് ജില്ലയിൽ അരിവാൾ രോഗികളുടെ ചികിത്സയ്ക്കായി ബ്ലോക്ക് പഞ്ചായത്തുവഴി 'സാന്ത്വനം പദ്ധതി' നടപ്പിലാക്കിവരുന്നു. ആകെയുള്ള 147 അരിവാൾ രോഗികളെ 5 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനെയും ഓരോ വെള്ളിയാഴ്ച ദിവസങ്ങളിൽ കോട്ടത്തറ ആശുപത്രിയിൽ കൃത്യമായി ഫിസിഷ്യന്റെ നേതൃത്വത്തിൽ പരിശോധന നടത്തുകയും മരുന്ന് നൽകുകയും ഡയറ്റീഷ്യന്റെ നിരീക്ഷണത്തിൽ പോഷകാഹാര കിറ്റ് വിതരണം നൽകുകയും കൗൺസിലറുടെ നേതൃത്വത്തിൽ ജനറ്റിക് കൗൺസിലിംഗ് നടത്തിവരികയും ചെയ്യുന്നു. രോഗികളെ കൊണ്ടുവരുന്നതിനും തിരികെ കൊണ്ടുവിടുന്നതിനും വാഹന സൗകര്യവും അന്നത്തെ ദിവസത്തെ ഭക്ഷണവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അരിവാൾ രോഗികളുടെ പുനരധിവാസത്തിനായി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## സൗജന്യ നിരക്കിൽ മരുന്ന് ലഭ്യമാക്കുവാൻ നടപടി

222 (3351) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും ജനങ്ങൾക്ക് സൗജന്യ നിരക്കിൽ മരുന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി മെഡിക്കൽ സ്റ്റോറുകളിൽ ജനങ്ങൾക്ക് ശരിയായ രീതിയിൽ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) രോഗികൾക്ക് ആവശ്യമുള്ള മരുന്നുകൾ പ്രസ്തുത മെഡിക്കൽ സ്റ്റോറുകളിൽ കൃത്യമായി ലഭ്യമാകുന്നില്ലെന്ന പരാതി പരിശോധിക്കുമോ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആശുപത്രിയുമായി ബന്ധപ്പെട്ട് ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ എത്ര മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ ശരിയായ പരിശോധന നടത്തുന്നില്ലെന്ന പരാതി പരിശോധിക്കുമോ;

(ഇ) രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുവാൻ ആശുപത്രി അധികൃതർക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വരുമാനം കുറഞ്ഞ രോഗികൾക്ക് മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും സൗജന്യമായി മരുന്ന് ലഭ്യമാക്കുന്നുണ്ട്. കൂടാതെ വിവിധ സ്കീമുകൾ പ്രകാരവും സൗജന്യ മരുന്ന് വിതരണം നടത്തുന്നുണ്ട്.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ജനങ്ങൾക്ക് ശരിയായ രീതിയിൽ സേവനം ലഭ്യമാക്കാൻ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്ന 60 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ബ്രാൻഡഡ് മരുന്നുകൾ 10 ശതമാനം മുതൽ 93 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. കൂടാതെ കേരള ജനറിക്സ് പദ്ധതിയിലൂടെ 6 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ജനറിക് മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കി വരുന്നുണ്ട്.

(സി) ആവശ്യക്കാരേറെയുള്ള ചിലതരം മരുന്നുകൾക്കും ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായ ചില മരുന്നുകൾക്കും ആപേക്ഷികമായ രീതിയിലുള്ള ചില കുറവുകൾ കാരുണ്യ ഫാർമസികളിൽ ഉണ്ടാകാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാരുണ്യ ഫാർമസികളിൽ നിലവിൽ സംഭരിക്കുന്ന മരുന്നുകളെ ഫാസ്റ്റ് മൂവിംഗ്, സ്ലോ മൂവിംഗ് എന്നിങ്ങനെ ഗണത്തിൽപ്പെടുത്തി അവസരോചിതമായ ഇടപെടലിലൂടെ കരുതൽ ശേഖരം ഉറപ്പാക്കി തുടർച്ചയായി മരുന്ന് ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) മൂന്ന് മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെക്കുറിച്ച് പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഇ) സ്പെഷ്യാലിറ്റി ഡ്രഗ്സ് ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും നിലവിൽ രോഗികൾക്ക് ലഭ്യമാകുന്നുണ്ട്.

## പാലക്കാട് ജില്ലാ ആശുപത്രിയിലെ കാരുണ്യ ഫാർമസി

223 (3352) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലാ ആശുപത്രിയിലെ കാരുണ്യ ഫാർമസിയിൽ നടന്നതായി പറയപ്പെടുന്ന അനധികൃത മരുന്ന് വിൽപ്പനയെ സംബന്ധിച്ച് വകുപ്പുതല അന്വേഷണമോ, പോലീസ് കേസ്സോ നിലവിൽ ഉണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

പാലക്കാട് ജില്ലാ ആശുപത്രിയിലെ കാരുണ്യ ഫാർമസിയിൽ നടന്നതായി പറയപ്പെടുന്ന അനധികൃത മരുന്ന് വിൽപ്പനയെ സംബന്ധിച്ച് 291617/18 നമ്പരായി ഒരു പോലീസ് കേസ്സ് നിലനിൽക്കുന്നുണ്ട്. എന്നാൽ വകുപ്പുതല അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടില്ല. അതേസമയം ഈ സംഭവത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുമായി ചേർന്ന് ഒരു പരിശോധന നടത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ആംബുലൻസ് ഇ-നെറ്റ്‌വർക്ക്സർവ്വീസ്

224 (3353) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. കെ. രാജൻ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആംബുലൻസ് സർവ്വീസ് ഇ-നെറ്റ്‌വർക്ക് ശൃംഖല സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) ഏതെങ്കിലും മാതൃകയുടെ അടിസ്ഥാനത്തിലാണോ ഈ ആംബുലൻസ് ശൃംഖല സ്ഥാപിക്കുന്നത്; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അഗ്രിഗേറ്റർ മാതൃകയിൽ സർക്കാർ സംവിധാനങ്ങളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും സ്വകാര്യ/സർക്കാർ ആംബുലൻസുകളെക്കൂടി ഉൾപ്പെടുത്തി ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് വളരെ മെച്ചപ്പെട്ട നിലയിൽ സംസ്ഥാനത്താകമാനം അപകടങ്ങളിൽപ്പെടുന്നവർക്ക് സൗജന്യമായി സേവനം നൽകുവാനാണ് വിഭാവനം ചെയ്യുന്നത്.

(സി) കേരളത്തിൽ കഴിഞ്ഞ കുറേ കാലങ്ങളായി കൂടുതൽ ആളുകളുടെ മരണത്തിനും ശാരീരിക വൈകല്യത്തിനും ഇടവരുന്ന റോഡ് അപകടങ്ങൾ വർദ്ധിച്ചുവരികയാണ്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുൻ വർഷങ്ങളിൽ റോഡപകട മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിരുന്നുവെങ്കിലും എല്ലാ നിയന്ത്രിത സംവിധാനങ്ങളെയും നിഷ്ഫലമാക്കി റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായിക്കണ്ട് ഇക്കാര്യത്തിൽ ജനങ്ങളുടെ ജീവനും ആരോഗ്യവും സംരക്ഷിക്കുവാൻ സർക്കാർ ഇടപെടേണ്ട ആവശ്യകത മുൻനിർത്തി അപകടങ്ങളിൽപ്പെട്ടുള്ള മരണവും അംഗവൈകല്യങ്ങളും കുറയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. നിർദ്ദിഷ്ട ആംബുലൻസ് സംവിധാനം ഈ ലക്ഷ്യം കൈവരിക്കുന്നതിന് സഹായകരമായിരിക്കുന്നതാണ്.

(ഡി) 2-11-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ട്രോമാകെയർ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ എല്ലാവരുടെയും അഭിപ്രായം ആരായുകയും അപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ആദ്യ 48 മണിക്കൂർ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി തീരുമാനമെടുത്തിരുന്നു. റോഡപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുന്നതിനായി ആദ്യ മണിക്കൂറിൽ (ഗോൾഡൻ അവർ) അപകടത്തിൽപ്പെടുന്നവരെ അപകട സ്ഥലത്ത് നിന്നും മതിയായ ചികിത്സാ സംവിധാനമുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽ എത്തിക്കുന്നതിന് കൃത്യമായ പരിശീലനം ലഭിച്ച ജീവനക്കാരും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഗുണനിലവാരമുള്ള ആംബുലൻസുകളും കേന്ദ്രീകൃത സ്വഭാവത്തോടെ സർക്കാർ/സർക്കാരേതര ഏജൻസികളുമായി സഹകരിച്ച് ഒരു കോൾ സെന്റർ മുഖേന ജി.പി.എസ്. നിയന്ത്രിത സംവിധാനം ഏർപ്പെടുത്തുന്നതിന് കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ദർഘാസ് നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം

225 (3355) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യങ്ങൾ നൽകുവാൻ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യത്തിനായി കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള ബാധ്യതയുടെ കണക്ക് വകുപ്പ് തിരിച്ച് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിച്ച് അനുവദനീയമായ തുക തിട്ടപ്പെടുത്തുന്നതിന് അപേക്ഷകളുടെ

ബാഹുല്യംമൂലം ഉണ്ടാകുന്ന കാലതാമസമാണ് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതിന് കാരണം. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി 6-10-2017-ലെ ജി.ഒ.(എം.എസ്.) നമ്പർ 145/2017/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റ് ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അപേക്ഷകളിൽ 50,000 രൂപ വരെയുള്ളവ ജില്ലാതല മേധാവികൾക്കും 50,000 രൂപ മുതൽ 2 ലക്ഷം രൂപ വരെയുള്ളവ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പരിശോധനയ്ക്കുശേഷം ജില്ലാതല മേധാവികൾക്കും 2 ലക്ഷത്തിന് മുകളിലുള്ളവ ആരോഗ്യ വകുപ്പ് ഡയറക്ടർ/ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കുശേഷം വകുപ്പ് തലവന്മാർക്കും തീരുമാനം കൈക്കൊള്ളാൻ അനുവാദം നൽകിയിട്ടുണ്ട്.

കൂടാതെ ആതറൈസ്ഡ് മെഡിക്കൽ അറ്റൻഡന്റിന്റെ ശിപാർശയില്ലാതെ തന്നെ സ്വകാര്യ ആശുപത്രികളിൽ നടത്തിയ അടിയന്തര ചികിത്സ ആവശ്യമായ ചില രോഗങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അപേക്ഷകൾ ആരോഗ്യ വകുപ്പിന്റെ പ്രത്യേകാനുമതി ഇല്ലാതെതന്നെ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തീർപ്പാക്കാൻ 15-12-2017-ലെ സ.ഉ.(കൈ) 184/17/ ആ.കു.വ. ഉത്തരവ് പ്രകാരം ഭരണ വകുപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ബി & സി) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം, ബാദ്ധ്യത എന്നിവ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## മെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ

226 (3356) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്ന സ്റ്റാൻഡേർഡൈസേഷൻ കമ്മിറ്റിയുടെ സർക്കാർ അംഗീകരിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങളുമായി ആശുപത്രികളുടെ തൽസ്ഥിതി തിരിച്ചറിയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ആരോഗ്യസ്ഥാപനങ്ങളിൽ സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ കൈവരിക്കുന്നതിന് സമയക്രമം പരാമർശിക്കപ്പെടുന്ന ഒരു ദീർഘവീക്ഷണ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ - സി) സംസ്ഥാനം ആരോഗ്യ രംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യ മേഖലയെ പുനഃസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുന്നതിനായി ആർദ്രം പദ്ധതിയിലൂടെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് അതുപോലെ തന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ വിവിധ ആശുപത്രികളെ തെരഞ്ഞെടുത്ത് ഇവിടെയെല്ലാം മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും ആവശ്യമായ തസ്തികയും സൃഷ്ടിക്കുക എന്നതാണ് ഇപ്പോൾ സർക്കാർ നടപ്പിലാക്കിവരുന്നത്. ആർദ്രം പദ്ധതി പൂർണ്ണ രൂപത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതോടെ സംസ്ഥാനത്തെ എല്ലാ ആശുപത്രികളും നിശ്ചിത നിലവാരമുള്ളവയാകുമെന്ന് കരുതുന്നു.

## ആയുർവേദ ഡിസ്പെൻസറികൾ

227(3357) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ 36 ഗവ. ആയുർവേദ ഡിസ്പെൻസറികൾ ഫാർമസിസ്റ്റ് തസ്തിക ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇതു സംബന്ധിച്ച ഫയലിൽ (359/A1/2017/AYUSH & 24249/E/2017/Finance) അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

## രാഷ്ട്രീയ വയോശ്രീ യോജന പദ്ധതി

228 (3358) ശ്രീ. ജോര്‍ജ് എം. തോമസ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. കെ. ശശി:
ശ്രീ. ബി. സത്യന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങള്‍ക്കായി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികള്‍ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) രാഷ്ട്രീയ വയോശ്രീ യോജന പ്രകാരം വയോജനങ്ങള്‍ക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വയോജനങ്ങള്‍ക്ക് അടിസ്ഥാന ആവശ്യങ്ങള്‍ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയര്‍ത്തുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ വയോജനങ്ങള്‍ക്കായുള്ള സംയോജിത പദ്ധതിയില്‍ എന്തെല്ലാം കാര്യങ്ങളാണ് ഉള്‍പ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വയോജനങ്ങള്‍ക്കായുള്ള സംയോജിത പദ്ധതി (IPOP), രാഷ്ട്രീയ വയോശ്രീ യോജന എന്നീ പദ്ധതികളാണ് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികള്‍.

(ബി) ബി.പി.എല്‍. വിഭാഗത്തില്‍പ്പെട്ട വാര്‍ദ്ധക്യസഹജമായ പ്രശ്നങ്ങള്‍മൂലം കഷ്ടതയനുഭവിക്കുന്നവര്‍ക്ക് സഹായ ഉപകരണങ്ങള്‍ നല്‍കുന്നതാണ് രാഷ്ട്രീയ വയോശ്രീ യോജന പദ്ധതി. 2019-20 സാമ്പത്തികവര്‍ഷം വരെയാണ് ഈ പദ്ധതിയുടെ കാലാവധി. ആദ്യഘട്ടമായി സംസ്ഥാനത്തെ എറണാകുളം, തിരുവനന്തപുരം ജില്ലകളെയാണ് ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. തുടര്‍ന്ന് പത്തനംതിട്ട, കോട്ടയം, കണ്ണൂര്‍, കോഴിക്കോട് എന്നീ ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ടി പദ്ധതി പ്രകാരം നല്‍കുന്ന സഹായ ഉപകരണങ്ങള്‍ ചുവടെ ചേര്‍ക്കുന്നവയാണ്:

1. Walking sticks
2. Elbow crutches
3. Walkers/Crutches
4. Tripods/Quadpods
5. Hearing Aids
6. Wheel Chairs
7. Artificial Dentures
8. Spectacles

(സി) വയോജനങ്ങൾക്കായുള്ള സംയോജിത പദ്ധതിയിലുൾപ്പെട്ട പരിപാടികൾ ചുവടെ ചേർക്കുന്നു:

1. വൃദ്ധസദനങ്ങളുടെ പരിപാലനം.
2. മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള താൽക്കാലിക സംരക്ഷണ കേന്ദ്രങ്ങളുടെയും തുടർ സംരക്ഷണ കേന്ദ്രങ്ങളുടെയും പരിപാലനം.
3. മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള ബഹുവിധ സേവന കേന്ദ്രങ്ങളുടെ നടത്തിപ്പ്.
4. സഞ്ചരിക്കുന്ന ആരോഗ്യ-സംരക്ഷണ യൂണിറ്റുകളുടെ പരിപാലനം.
5. അൽഷിമേഴ്സ്/ഡിമെൻഷ്യ ബാധിതരായ മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള പകൽ പരിപാലന കേന്ദ്രങ്ങളുടെ നടത്തിപ്പ്.
6. വൃദ്ധരായ വിധവകൾക്ക് വേണ്ടിയുള്ള ബഹുവിധ സൗകര്യ സംരക്ഷണ കേന്ദ്രങ്ങൾ
7. ഫിസിയോ തെറാപ്പി ക്ലിനിക്കുകൾ
8. മേഖലാ വിഭവ-പരിശീലന കേന്ദ്രങ്ങൾ
9. മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള ഹെൽപ്പ് ലൈൻ & കൗൺസിലിംഗ് സെന്ററുകൾ

10. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ബോധന പരിപാടികൾ
11. മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള ദേശീയനയം, മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും നിയമം എന്നിവ സംബന്ധിച്ച ബോധവൽക്കരണ പരിപാടി.
12. മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള വോളന്റിയർ ബ്യൂറോകൾ.
13. വൃദ്ധ സംഘം/സീനിയർ സിറ്റിസൺസ് അസോസിയേഷൻ/ സ്വയംസഹായ കൂട്ടങ്ങൾ എന്നിവയുടെ രൂപീകരണം.
14. ദേശീയ വയോജന നയത്തിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ടതുൾപ്പെടെ, സംയോജിത വയോജന പരിപാടിയുമായി ബന്ധപ്പെട്ട മറ്റേതൊരു പ്രവർത്തനത്തിനും ധനസഹായം നൽകുന്ന സ്കീമുകൾ.

## കുട്ടികളുടെ പരിപാലനം

229 (3359) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതരസംസ്ഥാനത്തൊഴിലാളികളുടെ കുട്ടികളെ പരിപാലിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ?

### ഉത്തരം

നിലവിൽ ഐ.സി.ഡി.എസ്. വഴി നൽകുന്ന സേവനങ്ങൾ ഇതര സംസ്ഥാനത്തൊഴിലാളികളുടെ കുട്ടികൾക്കുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും പ്രവർത്തിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ പകൽ സമയങ്ങളിൽ പരിപാലിക്കുകയെന്ന ഉദ്ദേശ്യത്തോടെ 2017-18 സാമ്പത്തികവർഷം കൊച്ചി അർബൻ II ഐ.സി.ഡി.എസ്.-ന് കീഴിലെ 76-ാം നമ്പർ അങ്കണവാടിയോടനുബന്ധിച്ച് പൈലറ്റ് പ്രോജക്ടായി മൊബൈൽ ക്രഷ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ് പ്രവർത്തന സമയം. കുട്ടികളെ പരിപാലിക്കുന്നതോടൊപ്പം നിശ്ചിത പോഷകമൂല്യമുള്ള അനുപൂരക പോഷകാഹാരം ക്രഷിലെ കുട്ടികൾക്ക് നൽകുന്നുണ്ട്. കൂടാതെ 2018-19 സാമ്പത്തികവർഷം ടി പദ്ധതി കൂടുതൽ കേന്ദ്രങ്ങളിൽ തുടങ്ങുന്നതിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

## പ്രായമായവരുടെ ജീവിത സുരക്ഷ

230 (3360) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഴുപത് വയസ്സിന് മേൽ പ്രായമായവർ എത്രയാണെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ലഭ്യമാക്കാമോ;

(ബി) ഇവരുടെ ജീവിതം സുരക്ഷിതമാക്കാനും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രായമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്ത നിരവധി വാർത്തകൾ പുറത്തുവരുന്ന സാഹചര്യത്തിൽ, ഇവരെ സംരക്ഷിക്കുവാനും ഇവർക്ക് ഒത്തുചേർന്ന് ഇരിക്കുവാനും വിനോദോപാധികളിൽ ഏർപ്പെടാനും താലൂക്കടിസ്ഥാനത്തിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രായമായ മാതാപിതാക്കളെ ഉപദ്രവിക്കുകയും സംരക്ഷിക്കാതിരിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ എന്തൊക്കെ നിയമ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) സംസ്ഥാന സർക്കാർ വയോജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രഖ്യാപിച്ചതെന്നും എന്തൊക്കയാണ് ഈ നയം വഴി ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ;

(എഫ്) വയോജന നയം നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) 2011-ലെ ജനസംഖ്യാ സെൻസസ് പ്രകാരം സംസ്ഥാനത്ത് 70 വയസ്സിന് മേൽ പ്രായമായവർ 1776588 പേർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) വയോജനങ്ങളുടെ ജീവിതം സുരക്ഷിതമാക്കാനും സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമം സംരക്ഷിക്കുന്നതിനുമായി സംസ്ഥാന സർക്കാർ വയോജന നയം പ്രഖ്യാപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. മുതിർന്നവരുടെ ആരോഗ്യ സംരക്ഷണം സംബന്ധിച്ച് ജീറിയാട്രിക് വാർഡ് രൂപീകരിക്കുക, പാലിയേറ്റീവ് കെയർ, സൗജന്യ ആംബുലൻസ് സേവനം, സൗജന്യമായി മരുന്നുകൾ തുടങ്ങിയവ ലഭ്യമാക്കുന്ന നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ സംരക്ഷണവും മാനസികോല്ലാസവും നൽകുന്നതിലേയ്ക്കുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ വയോമിത്രം പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതിയിലൂടെ സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് സേവനം, കൗൺസിലിംഗ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ ലഭ്യമാക്കുന്നുണ്ട്. മുതിർന്ന പൗരന്മാരുടെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ 65 വയസ് കഴിഞ്ഞ മുനിസിപ്പൽ/ കോർപ്പറേഷൻ നഗരസഭ പ്രദേശത്ത് വസിക്കുന്ന ഏതൊരാൾക്കും ടി പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത് സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ടി പദ്ധതി സംസ്ഥാനത്തെ 83 നഗരസഭാ പ്രദേശത്ത് നടപ്പാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 10 നഗരസഭകളിലും പദ്ധതി ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 16 സർക്കാർ വൃദ്ധസദനങ്ങളിലെ 800-ൽപ്പരം അന്തേവാസികൾക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന വയോ അമൃതം പദ്ധതി നടപ്പിലാക്കിവരുന്നു.

വയോജനങ്ങൾക്കായി ഒരു മാതൃകാ സായംപ്രഭ ഹോം സ്ഥാപിക്കുന്ന പദ്ധതിയായ 'മൾട്ടി സ്പെഷ്യൽ ഡേ കെയർ സെന്റർ' നടപ്പാക്കി വരുന്നുണ്ട്. മുതിർന്ന പൗരന്മാരുടെ അവശതകൾ പരിഹരിക്കുക, അവരുടെ ആരോഗ്യ പരിപാലനത്തിനും വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തുകളെ വയോ സൗഹൃദമാക്കുന്നതിനായി തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയായ "വയോ സൗഹൃദ" ഗ്രാമപഞ്ചായത്ത് നടപ്പാക്കിവരുന്നു.

ബി.പി.എൽ. കുടുംബങ്ങളിലുള്ള മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങളായ ശ്രവണ സഹായി, വീൽചെയർ, വാംക്കിംഗ് സ്റ്റിക്ക്, കണ്ണടകൾ തുടങ്ങിയവ പൂർണ്ണമായും സൗജന്യമായി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ വയോശ്രീ യോജന സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്.

(സി & ഡി) പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കളിൽ നിന്ന് മാതാപിതാക്കൾക്ക് സംരക്ഷണവും സംരക്ഷണ ചെലവും ഉറപ്പാക്കാനുദ്ദേശിച്ചു കൊണ്ടുള്ള വയോജന സംരക്ഷണ നിയമം, സംസ്ഥാനത്ത് 21 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ അദ്ധ്യക്ഷന്മാരായി നിയമിച്ച് സംരക്ഷണ കോടതികൾ (മെയിന്റനൻസ് ട്രിബ്യൂണലുകൾ) പ്രവർത്തിച്ചുവരുന്നു. ടി ട്രിബ്യൂണലുകൾ വയോജനങ്ങളുടെ പരാതി സ്വീകരിച്ച് ആവശ്യമായ നടപടി

സ്വീകരിച്ചുവരുന്നു. കൂടാതെ പകൽ സമയത്ത് വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് സമപ്രായക്കാരുമായി ഒത്തുകൂടുന്നതിനും വിനോദോപാധികളിൽ ഏർപ്പെടുന്നതിനും ലക്ഷ്യമിട്ട് സായംപ്രഭ ഹോം പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ഇ) മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും ലക്ഷ്യമിട്ടുള്ള സംസ്ഥാന വയോജന നയം 6-5-2013-ലെ സ.ഉ.(എം.എസ്.) നമ്പർ 37/2013/സാ.നീ.വ. നമ്പർ പ്രകാരം പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. 60 വയസിന് മേൽ പ്രായമുള്ള എല്ലാപേരുടെയും താല്പര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി ഈ നയം അംഗീകരിക്കുന്നു. നയപരമായ ഒരു നയരേഖയെന്നതിനപ്പുറം മുതിർന്നവരുടെ ക്ഷേമത്തിനായി നടപ്പാക്കേണ്ട പദ്ധതികളിലേയ്ക്കുള്ള വഴികാട്ടി കൂടിയാകുവാൻ സംസ്ഥാന വയോജന നയം 2013 ലക്ഷ്യമിടുന്നു.

(എഫ്) മുതിർന്നവർക്കായുള്ള സംസ്ഥാന വയോജന നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങളിലൂടെ മാത്രമേ വയോജന നയത്തിന്റെ ഫലപ്രദമായ നടപ്പാക്കൽ സാദ്ധ്യമാവൂ. ആയതിനാൽ ആരോഗ്യം, നിയമം, പോലീസ്, പഞ്ചായത്ത് തുടങ്ങിയ വകുപ്പുകളുമായി ചേർന്നും പൊതുജന ബോധവൽക്കരണങ്ങളിലൂടെയും വയോജന പ്രശ്നങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ സർക്കാർ പരിശ്രമം നടത്തിവരുന്നു.

## വെളിച്ചെണ്ണയിൽ മായം കലർത്തി കച്ചവടം

231 (T3361) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പായ്ക്കറ്റ് വെളിച്ചെണ്ണയിൽ പാം കെർണൽ ഓയിൽ, പാമോയിൽ എന്നിവ വ്യാപകമായി കലർത്തി കച്ചവടം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) തമിഴ് നാട്ടിലെ കങ്കായം, പൊള്ളാച്ചി എന്നിവിടങ്ങളിലെ മിക്സിംഗ് പ്ലാന്റുകളിൽ നിന്നും മായം കലർന്ന വെളിച്ചെണ്ണയുമായി എത്തുന്ന ടാങ്കർ ലോറി പരിശോധിക്കുവാൻ സംവിധാനമുണ്ടോ; വിശദമാക്കുമോ;

(സി) നിരോധിച്ച കമ്പനികൾ വെളിച്ചെണ്ണ പുതിയ പേരിൽ വിപണിയിൽ ഇറക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) കണ്ടെത്തിയിട്ടുണ്ട്.

(ബി) തമിഴ്നാട്ടിലെ കങ്കായം, പൊള്ളാച്ചി എന്നിവിടങ്ങളിലെ മിക്സിംഗ് പ്ലാന്റുകളിൽ നിന്ന് വെളിച്ചെണ്ണയുമായി എത്തുന്ന ടാങ്കർ ലോറി പരിശോധിക്കുവാൻ സംവിധാനമുണ്ട്. പ്രസ്തുത ടാങ്കറുകളിൽ നിന്നും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള ഭക്ഷ്യസുരക്ഷാ അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്.

(സി) നിരോധിച്ച കമ്പനികൾ വെളിച്ചെണ്ണ പുതിയ പേരിൽ വിപണിയിൽ ഇറക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിരോധിച്ച കമ്പനികൾ പുതിയ പേരിൽ വെളിച്ചെണ്ണ വിപണിയിൽ ഇറക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

232 (3362) <u>ശ്രീ. വി. ഡി. സതീശൻ</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>
<u>ശ്രീ. വി. എസ്. ശിവകുമാർ</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.-ന് പഠിക്കുന്ന ബി.പി.എൽ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പദ്ധതിയുണ്ടോ;

(ബി) പ്രസ്തുത സ്കോളർഷിപ്പിനുള്ള തുക എപ്രകാരമാണ് കണ്ടെത്തുന്നത്; എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ അടയ്ക്കുന്ന ഫീസിൽ നിന്നുമാണോ ഇതിനുള്ള തുക കണ്ടെത്തുന്നത്; ആയത് വിശദമാക്കുമോ;

(സി) 2017-18 കാലയളവിൽ എം.ബി.ബി.എസ്.-ന് സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച ബി.പി.എൽ വിഭാഗത്തിൽപെട്ട എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചുവെന്നതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) എൻ.ആർ.ഐ. ഫീസിനത്തിൽ നിന്നും 5 ലക്ഷം രൂപ വീതം മാറ്റിവച്ചുകൊണ്ട് ഒരു സഞ്ചിതനിധി രൂപീകരിക്കാനും അതിൽനിന്നും ബി.പി.എൽ./താഴ്ന്ന വരുമാനക്കാരായ വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു.

**സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം**

233 (3363) <u>ശ്രീ. കെ. വി. വിജയദാസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം സംബന്ധിച്ച് എല്ലാവർക്കും സ്വീകാര്യമായതും സ്വാഭാവിക നീതി ഉറപ്പാക്കുന്നതുമായ ഒരു സമഗ്ര നിയമനിർമ്മാണം ഇന്നത്തെ സാഹചര്യത്തിൽ സാധ്യമാണോ; വിശദവിവരം നൽകുമോ;

(ബി) വരുന്ന അദ്ധ്യയന വർഷത്തിൽ തർക്കങ്ങളില്ലാതെ സ്വാശ്രയ മെഡിക്കൽ പ്രവേശനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി ഇപ്പോൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനത്തിൽ സ്വാഭാവിക നീതി ഉറപ്പാക്കുന്നതിനുള്ള നിയമം 2017-ലെ 15-ാം നമ്പർ ആക്ടായി പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്.

(ബി & സി) സംസ്ഥാനത്തെ മെഡിക്കൽ കോഴ്സുകൾ ഉൾപ്പെടെയുള്ള പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന പ്രോസ്പെക്ടസ് സർക്കാർ അംഗീകരിച്ച് ഇതിനോടകം പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവേശനത്തിനുള്ള അപേക്ഷ സ്വീകരിക്കുകയും ചെയ്തു. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന പുരോഗമിക്കുന്നു. നീറ്റ് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചാൽ ഉടൻതന്നെ സംസ്ഥാനതല റാങ്ക് ലിസ്റ്റുകളും കാറ്റഗറി ലിസ്റ്റുകളും തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതും അലോട്ട്മെന്റ്

നടപടികളിലേയ്ക്ക് കടക്കുന്നതുമാണ്. ഫീസ് നിരക്കും സീറ്റ് ഘടനയും അന്തിമമാകുന്നതോടെ പ്രവേശനത്തിനുള്ള ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ച് തുടങ്ങുന്നതും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന ഷെഡ്യൂൾ പ്രകാരം അലോട്ട്മെന്റ് നടപടികൾ പൂർത്തീകരിക്കുന്നതുമാണ്.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. ഫീസ്**

234 (3364) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. ഫീസ് നിശ്ചയിച്ച് അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റി ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എൻ.ആർ.ഐ. സീറ്റിന്റെ ഫീസ് എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) ഓരോ കോളേജിലും എൻ.ആർ.ഐ. സീറ്റിൽ നിന്നും ലഭിക്കുന്ന ഫീസിൽ നിന്നും അഞ്ച് ലക്ഷം രൂപ മെരിറ്റിൽ അഡ്മിഷൻ കിട്ടിയ പാവപ്പെട്ട വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി കോർപ്പസ് ഫണ്ടിലേക്ക് മാറ്റണമെന്ന നിർദ്ദേശം ഉണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ തുക സ്കോളർഷിപ്പായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം എന്താണ് ; വിശദമാക്കുമോ;

(ഇ) സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള അർഹത സർക്കാരിൽ നിക്ഷിപ്തമാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2018-19 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനത്തിനായി പ്രവേശനവും ഫീ നിർണ്ണയവും സമിതി നിശ്ചയിച്ചിട്ടുള്ള ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു*

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി എൻ.ആർ.ഐ. ഫീസിൽ നിന്നും 5 ലക്ഷം രൂപ കോർപ്പസ് ഫണ്ടിലേക്ക് മാറ്റുന്നതിന് നിർദ്ദേശമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി&ഇ) സ്കോളർഷിപ്പ് വിതരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കിവരുന്നു.

## സി. മെറ്റ് നഴ്സിംഗ് കോളേജ്

235 (3365) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പെരിയ അയംമ്പാറയിൽ പ്രവർത്തിക്കുന്ന സി. മെറ്റ് നഴ്സിങ്ങ് കോളേജിന്റെ ഹോസ്റ്റൽ എവിടെയാണ് പ്രവർത്തിക്കുന്നതെന്നും വർഷത്തിൽ വാടകയിനത്തിൽ എത്ര തുക നൽകുന്നുണ്ടെന്നും വിശദമാക്കാമോ.

(ബി) ആവശ്യത്തിന് ഭൂമി ലഭ്യമായിട്ടും സ്വന്തമായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവർ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പെരിയ അയമ്പാറയിൽ പ്രവർത്തിക്കുന്ന ഉദുമ നഴ്സിംഗ് കോളേജിന്റെ പെൺകുട്ടികളുടെ ഹോസ്റ്റൽ പുല്ലൂർ-പെരിയ പഞ്ചായത്തിലെ ചാലിങ്കാൽ എന്ന സ്ഥലത്തുള്ള ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വർഷത്തിൽ വാടകയിനത്തിൽ 17,16,000 രൂപ നൽകുന്നുണ്ട്.

(ബി) ഫണ്ട് ലഭ്യമല്ലാത്തതുകൊണ്ടാണ് കെട്ടിട നിർമ്മാണം ആരംഭിക്കാതിരിക്കുന്നത്.

(സി) സ്വന്തമായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യത്തിന് സ്ഥലം നിലവിൽ കോളേജിന്റെ കൈവശം തന്നെയുണ്ട്. 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉദുമ നഴ്സിംഗ് കോളേജ് ഹോസ്റ്റലിന്റെ നിർമ്മാണത്തിനായി ടോക്കൺ തുക വകയിരുത്തിയിരുന്നു. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കോതമംഗലം മണ്ഡലത്തിൽ സിദ്ധ ഡിസ്പെൻസറി/ആശുപത്രി

236 (3366) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നിലവിൽ എത്ര സിദ്ധ ഡിസ്പെൻസറി/ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി സിദ്ധ ഡിസ്പെൻസറികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(സി) കോതമംഗലം മണ്ഡലത്തിൽ സിദ്ധ ഡിസ്പെൻസറി/ആശുപത്രി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മണ്ഡലത്തിൽ നിലവിൽ സിദ്ധ ഡിസ്പെൻസറി/ ആശുപത്രികൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

(ബി & സി) ഉണ്ട്. നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ഡ്രഗ്സ് കൺട്രോൾ സൊസൈറ്റി**

237 (3367) <u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ:</u>
<u>ശ്രീ. എ. എം. ആരിഫ്:</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കാമോ;

(ബി) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനായി പ്രസ്തുത സൊസൈറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) ലഹരിക്കായി ഉപയോഗിക്കുന്ന അലോപ്പതി മരുന്നുകൾ മരുന്ന് വ്യാപാര സ്ഥാപനങ്ങൾ മുഖേന വിൽക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ സൊസൈറ്റി നിലവിലില്ല. ഡ്രഗ്സ് കൺട്രോൾ വകുപ്പാണ് നിലവിലുള്ളത്. അവശ്യമരുന്നുകളുടെ വില

നിശ്ചയിച്ചുറപ്പിക്കുന്നതിനുള്ള അധികാരം ദേശീയ ഔഷധവില നിയന്ത്രണ അതോറിറ്റിക്കാണ്. പ്രസ്തുത വിലയെക്കാൾ കൂടുതൽ വിലയ്ക്ക് മരുന്ന് വിൽക്കുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്.

(സി) നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പുമായി ചേർന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംയുക്ത പരിശോധന നടത്താറുണ്ട്.

(ഡി) സൈക്കോട്രോപിക് സബ്സ്റ്റൻസുകളിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാദ്ധ്യതയുള്ള മരുന്നുകളെ ഷെഡ്യൂൾ എച്ച്1 എന്ന പ്രത്യേക പട്ടികയിലുൾപ്പെടുത്തി ഇവയുടെ വിതരണത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഡോക്ടറുടെ കുറിപ്പടിപ്രകാരം മാത്രമേ ഇത്തരം മരുന്നുകൾ വിപണനം ചെയ്യാൻ പാടുള്ളൂ. കൂടാതെ ഇവയുടെ വിൽപ്പന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ വേണമെന്നും നിയമം നിഷ്കർഷിച്ചിട്ടുണ്ട്. പരിശോധനാ വേളകളിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പ്രസ്തുത രജിസ്റ്ററുകൾ പരിശോധിക്കുകയും നിയമലംഘനം ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആയതുകൊണ്ട് തന്നെ ഇത്തരം മരുന്നുകൾ ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആർക്കും എളുപ്പത്തിൽ ലഭ്യമാകുന്ന സാഹചര്യം നിലവിലില്ല.

## ജനറിക് മരുന്നുകളുടെ വിപണനം

238 (3368) <u>ശ്രീ. വി. ഡി. സതീശൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്ന് വിപണന മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ' കേരള ജനറിക് ' എന്ന പേരിൽ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി വഴി ജനറിക് മരുന്നുകളുടെ വിപണനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സംവിധാനം വിജയപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കൂടുതൽ സ്ഥലങ്ങളിൽ അത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) രോഗികൾക്ക് ജനറിക് മരുന്നുകൾ കുറിച്ച് നൽകുന്നതിന് ഡോക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം ഡോക്ടർമാർ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

## ഉത്തരം

(എ) മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിന് അധികാരമില്ല. ഔഷധങ്ങളുടെ ഉപയോഗവും ആവശ്യകതയും അനുസരിച്ച് അവയെ അവശ്യമരുന്ന് പട്ടികയിൽ (നാഷണൽ ലിസ്റ്റ് ഓഫ് എസൻഷ്യൽ മെഡിസിൻസ്) ഉൾപ്പെടുത്തി അവയുടെ വില നിശ്ചയിച്ചുറപ്പിക്കുന്നതിനുള്ള അധികാരം ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (എൻ.പി.പി.എ.)-യ്ക്കാണ്.

മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ നിരന്തരം പരിശോധന നടത്തി എൻ.പി.പി.എ. നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കുന്നുവെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. വില നിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് എൻ.പി.പി.എ.-യെ അറിയിക്കുകയും അധികമായി ഈടാക്കിയ വില സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ എൻ.പി.പി.എ. സ്വീകരിക്കുന്നുമുണ്ട്. കൂടാതെ, വിലപരിധി നിയന്ത്രണം മറികടന്നുള്ള മരുന്ന് വിതരണം ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യ വസ്തു നിയമപ്രകാരമുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

മാത്രമല്ല, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ, കേരള ജനറിക് സ്റ്റോറുകൾ, ജൻ ഔഷധി സ്റ്റോറുകൾ പോലുള്ള സ്ഥാപനങ്ങൾ വഴി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നുമുണ്ട്. കാരുണ്യ ഫാർമസികൾ മുഖാന്തരം ബ്രാൻഡഡ് മരുന്നുകൾ 10 ശതമാനം മുതൽ 93 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

(ബി) ഉണ്ട്. കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) എറണാകുളം ജനറൽ ആശുപത്രിയിലും കേരള ജനറിക്സ് ഫാർമസികൾ പ്രവർത്തിച്ചുവരുന്നു.

(സി) നിലവിൽ 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും ആരംഭിച്ചിട്ടുള്ള കേരള ജനറിക് മരുന്നുകളുടെ വിപണനത്തിന്റെ വിജയസാദ്ധ്യത അനുസരിച്ച് കാരുണ്യയുടെ മറ്റ് ശാഖകളിലും ജനറിക് മരുന്നുകളുടെ വിപണനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉണ്ട്. എല്ലാ ജില്ലകളിലും പ്രിസ്ക്രിപ്ഷൻ ആഡിറ്റ് കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള സർക്കുലർ ആരോഗ്യ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ഡോക്ടർമാർ ജനറിക് നാമത്തിൽ തന്നെയാണോ കുറിപ്പടി എഴുതുന്നതെന്ന് പ്രസ്തുത കമ്മിറ്റി പരിശോധിക്കുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഡോക്ടർമാർക്കെതിരെ ആരോഗ്യ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

## വിലങ്ങാട് ആയുർവേദ ഡിസ്പെൻസറി

239 (3369) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ ട്രൈബൽ ഏരിയ ആയ വിലങ്ങാട് ആയുർവേദ ഡിസ്പെൻസറി ആരംഭിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) ആദിവാസികളുടെ പരമ്പരാഗത ചികിത്സയായ ആയുർവേദ ചികിത്സ വിലങ്ങാട് ട്രൈബൽ ഏരിയയിലെ നിവാസികൾക്ക് ലഭ്യമാകണമെങ്കിൽ പതിനഞ്ച് കിലോമീറ്റർ യാത്ര ചെയ്തു വാണിമേൽ ആയുർവേദ ഡിസ്പെൻസറിയെ ആശ്രയിക്കണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യത്തിനും മറ്റും ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക ലാപ്സ് ആകുന്നതിന് മുൻപേ പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) വാണിമേൽ ഗ്രാമപഞ്ചായത്തിനോട് ആയുർവേദ വകുപ്പ് ആവശ്യപ്പെട്ടപ്രകാരം ആയുർവേദ ഡിസ്പെൻസറിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി നൽകിയിട്ടും പ്രസ്തുത പ്രൊപ്പോസൽ വൈകുന്നതിന്റെ സാങ്കേതിക കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാണിമേൽ ഗ്രാമപഞ്ചായത്തിലെ വിലങ്ങാട് എന്ന സ്ഥലത്ത് സർക്കാർ ആയുർവേദ ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**സേഫ് കിറ്റ് പദ്ധതി**

240 (3370) ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈംഗിക അതിക്രമത്തിന് ഇരയാകുന്നവർക്കായി സേഫ് (സെക്ഷ്വൽ അസോൾട്ട് ഫോറൻസിക് എവിഡൻസ് കളക്ഷൻ) കിറ്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ശാസ്ത്രീയമായ തെളിവുകളുടെ അഭാവത്തിൽ, സ്ത്രീകൾക്കെതിരെ അക്രമം നടത്തുന്ന കുറ്റവാളികൾ രക്ഷപ്പെടാനുള്ള പഴുതുകൾ അടയ്ക്കുന്നതിന് പ്രസ്തുത പദ്ധതി എപ്രകാരമാണ് സഹായകമാകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ലൈംഗികാതിക്രമത്തിന് ഇരയാകുന്ന സ്ത്രീകൾക്കാവശ്യമായ എല്ലാ പരിശോധനകളും നടത്തുന്നതിനുള്ള സംവിധാനം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) സേഫ് കിറ്റ് രൂപകൽപ്പന ചെയ്തത് ആരാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലൈംഗിക അതിക്രമത്തിന് ഇരയായ ഒരു സ്ത്രീ പരിശോധനയ്ക്ക് വന്നാൽ ആവശ്യമായ മുഴുവൻ പരിശോധനകൾ നടത്താനും തെളിവിനാവശ്യമായ മുഴുവൻ സാമ്പിളുകളും ശേഖരിക്കാനുമുള്ള എല്ലാ ഉപകരണങ്ങളും ഒറ്റ കിറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ് SAFE KIT (സെക്ഷ്വൽ അസോൾട്ട് ഫോറൻസിക് എവിഡൻസ് കളക്ഷൻ) പദ്ധതി.

(ബി) ലൈംഗിക അതിക്രമത്തിന് ഇരയായ ഒരു സ്ത്രീ പരിശോധനയ്ക്ക് വന്നാൽ ആവശ്യമായ മുഴുവൻ പരിശോധനകൾ നടത്താനും തെളിവിനാവശ്യമായ മുഴുവൻ സാമ്പിളുകളും ശേഖരിക്കാനും ഈ കിറ്റ് ഉപകരിക്കും.

(സി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പും എൻ.എച്ച്.എം.-ഉം സംയുക്തമായി ഈ മേഖലയിൽ നിന്നുള്ള തെരഞ്ഞെടുത്ത വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന ഒരു കമ്മിറ്റിയാണ് ഇത് രൂപകല്പന ചെയ്തത്.

**ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ**

241 (3371) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടറുടെ എത്ര തസ്തികകൾ നിലവിലുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(ബി) ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർമാരുടെ പ്രധാന ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർമാരുടെ 19 തസ്തികകൾ നിലവിലുണ്ട്. നിലവിൽ 9 ഒഴിവുകളുണ്ട്.

(ബി) സാമൂഹ്യ നീതി ഡയറക്ടറുടെ 12-9-2012-ലെ ഇ 7/20341/12 നമ്പർ ഉത്തരവ് പ്രകാരം ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർമാർക്ക് ചുവടെ പറയുന്ന ചുമതലകൾ നൽകിയിട്ടുണ്ട്:

1. ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നവരുടെ പൂർണ്ണ വിവരങ്ങൾ ശേഖരിക്കുക.

2. ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ എത്തപ്പെടുന്നവർക്ക് അനുയോജ്യമായ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് സൂപ്രണ്ടിനെ സഹായിക്കുക.

3. ക്ഷേമ സ്ഥാപനങ്ങളിലെ സ്റ്റോക്ക് രജിസ്റ്റർ എഴുതുക, സ്റ്റോറിന്റെ ചുമതല വഹിക്കുക.

4. ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെയും പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള ജോലികളുടെ ചുമതല.

5. അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തപ്പെടുന്ന കുട്ടികളെ തിരികെ സ്വദേശത്ത് എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള ചുമതല.

6. സ്ഥാപനത്തിൽ പ്രവേശിക്കപ്പെട്ട കുട്ടിയുടെ തുടർ വിവരങ്ങൾ സ്ഥിരമായി ശേഖരിക്കുകയും കുട്ടി സ്ഥാപനം വിട്ടുപോയി മൂന്ന് വർഷം വരെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുക.

7. സ്ഥാപനത്തിലെ കെയർടേക്കർമാരുടെ ഡ്യൂട്ടി പരിശോധിക്കുക, മേൽനോട്ടം വഹിക്കുക.

8. സ്ഥാപനത്തിലെ ലൈബ്രറി, കുട്ടികളുടെ റിക്രിയേഷൻ ആക്ടിവിറ്റീസ് എന്നിവയുടെ ചുമതല വഹിക്കുക.

**അടച്ചുപൂട്ടൽ ഭീഷണിയിൽ യത്തീംഖാനകൾ**

242 (3372) <u>ശ്രീ. പി. ടി. തോമസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യത്തീംഖാനകൾ ബാലനീതി നിയമപ്രകാരം മാർച്ച് 31 നകം രജിസ്റ്റർ ചെയ്യണമെന്ന് സുപ്രീംകോടതി ഉത്തരവായിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനാഥാലയങ്ങൾ അടച്ചുപൂട്ടുന്നതിന് സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇപ്രകാരം അടച്ച് പൂട്ടുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചില സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിക്കുകയാണെന്നും കുട്ടികളെ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളിലേക്ക് മാറ്റണമെന്നും അഭ്യർത്ഥിച്ച് സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത 165 സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഈ സ്ഥാപനങ്ങളുടെ അഭ്യർത്ഥനയെ തുടർന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് റദ്ദാക്കിയിട്ടുണ്ട്.

(സി) അടച്ചുപൂട്ടുന്ന സ്ഥാപനങ്ങളിലെ കുട്ടികളെ അംഗീകാരമുള്ള സമാന സ്ഥാപനങ്ങളിലേക്ക് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖാന്തരം മാറ്റുന്നതിനോ മാതാപിതാക്കൾക്കൊപ്പം വിട്ടയക്കുന്നതിനോ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ജുവനൈൽ ഡയബറ്റീസ് പദ്ധതി

243 (3373) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുവനൈൽ ഡയബറ്റീസ് ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിക്കുവേണ്ടി എത്ര തുക നാളിതുവരെ വകയിരുത്തിയിട്ടുണ്ട്; തുക അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ജുവനൈൽ ഡയബറ്റീസ് ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് "മിഠായി" എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്. ടി പദ്ധതിയിലൂടെ കുട്ടികൾക്ക് ഗ്ലൈക്കോമീറ്ററും ഇൻസുലിൻ പമ്പും നൽകി ആധുനിക രീതിയിലുള്ള പ്രമേഹ ചികിത്സ സൗജന്യമായി നൽകാനാണ് ഉദ്ദേശിക്കുന്നത്. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികളുടെ ഓൺലൈൻ രജിസ്ട്രി തയ്യാറാക്കിയിട്ടുണ്ട്.

(ബി & സി) മിഠായി പദ്ധതിക്കുവേണ്ടി നടപ്പ് സാമ്പത്തികവർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് മിഠായി. ടി പദ്ധതി ജുവനൈൽ പ്രമേഹരോഗം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ടൈപ്പ് 1) ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകാനാണ് ലക്ഷ്യമിടുന്നത്. പ്രധാനമായും 5 മുതൽ 15 വയസ്സുവരെയുള്ള കുട്ടികളെയാണ് ടി രോഗം ബാധിക്കുന്നത്. ഈ രോഗത്തിന്റെ എല്ലാ സങ്കീർണ്ണതകളോടുംകൂടി രോഗബാധിതർക്ക് ജീവിക്കേണ്ട അവസ്ഥയോടൊപ്പം, മുതിർന്നവരിൽ കാണുന്ന (ടൈപ്പ് 2) ഡയബറ്റിസിന്റെ ചികിത്സയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കൂടുതൽ സങ്കീർണ്ണവും വ്യത്യസ്തവുമാണ്. ടി പദ്ധതിയിലൂടെ കുട്ടികൾക്ക് കണ്ടിന്യൂവസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് ഇൻസുലിൻ പെന്നും ആവശ്യമുള്ളവർക്ക് ഇൻസുലിൻ പമ്പും നൽകി ആധുനിക രീതിയിലുള്ള പ്രമേഹ ചികിത്സ സൗജന്യമായി നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ടൈപ്പ് 1 ഡയബറ്റിക് സെന്റർ 3 മെഡിക്കൽ കോളേജുകളിൽ ആരംഭിക്കാനും ഉദ്ദേശിക്കുന്നു.

**വയോജനങ്ങളുടെ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കൽ**

244 (3374) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഓഫീസുകളിൽ വയോജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾക്ക് എന്തെങ്കിലും പ്രത്യേക പരിഗണനയ്ക്ക് അർഹതയുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് ചട്ടങ്ങൾ എന്തെങ്കിലും നിലവിലുണ്ടോയെന്നറിയിക്കാമോ;

(ബി) സഹായങ്ങൾക്ക് വേണ്ടിയുള്ള ഇവരുടെ അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) വയോജനങ്ങളുടെ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നത് നാലോ അഞ്ചോ വർഷങ്ങൾക്ക് ശേഷമാണെന്ന് ബന്ധപ്പെട്ട നിയമസഭ സമിതി കണ്ടെത്തിയിട്ടുള്ളതായി സർക്കാരിൽ അറിവ് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവരുടെ ചികിത്സ സഹായവുമായി ബന്ധപ്പെട്ട ഹർജികളിൽ കാലതാമസം കൂടാതെ അർഹമായ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ധനസഹായത്തിനപേക്ഷിക്കുന്ന വയോജനങ്ങൾ ധനസഹായ മെത്തുന്നതിന് മുമ്പ് മരണപ്പെട്ടാൽ പ്രസ്തുത തുക ആശ്രിതർക്ക് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വയോജനങ്ങൾ നൽകുന്ന അപേക്ഷകൾക്ക് മുന്തിയ പരിഗണന നൽകണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.13) വകുപ്പിന്റെ 27-11-2017-ലെ സർക്കുലർ നമ്പർ 353/എ.ആർ.13(2) 2017/ഉ.ഭ.പ.വ. പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്ന വയോജനങ്ങൾക്ക് മാന്യമായ പരിഗണനയും പെരുമാറ്റവും ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഇതുപ്രകാരം നൽകിയിട്ടുള്ളതാണ്.

(ബി) സഹായങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷകളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. എന്നിരുന്നാലും വയോജനങ്ങളുടെ ആവശ്യങ്ങളിന്മേൽ എത്രയുംവേഗം നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വയോജനങ്ങളുടെ അപേക്ഷയിന്മേൽ തീർപ്പ് കല്പിക്കുന്നത് നാലോ അഞ്ചോ വർഷങ്ങൾക്ക് ശേഷമാണെന്ന് ബന്ധപ്പെട്ട നിയമസഭാ സമിതി കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വയോധികരുടെ ചികിത്സാ സഹായവുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) വകുപ്പ് തലത്തിൽ വ്യക്തിഗതമായി ധനസഹായം നേരിട്ട് നൽകുന്ന പദ്ധതികൾ നിലവിലില്ല.

**വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കായി ക്ഷേമപദ്ധതികൾ**

245 (3375) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൃദ്ധസദനങ്ങളിൽ അന്തേവാസികൾ (അംഗങ്ങൾ) കൂടിവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേന്ദ്രങ്ങളിലുള്ള വയോധികരെ ഏറ്റെടുക്കാൻ ബന്ധുക്കൾ എത്താത്ത സാഹചര്യം വർദ്ധിച്ച് വരുന്നുണ്ടോ;

(സി) എങ്കിൽ ഇവർക്കായി ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബന്ധുക്കൾ ഏറ്റെടുക്കാനില്ലാത്തവരാണ് ഭൂരിപക്ഷം ക്ഷേമ സ്ഥാപനങ്ങളിലും എത്തപ്പെടുന്നത്. എന്നാൽ പണം വാങ്ങി പാർപ്പിക്കുന്ന സ്ഥാപനങ്ങളിൽ (പെയ്ഡ് ഓൾഡ് ഏജ് ഹോം) ബന്ധുക്കൾ എത്തുന്നുണ്ട്.

(സി) വൃദ്ധസദനങ്ങളിൽ താമസിക്കുന്ന അന്തേവാസികളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമല്ലാത്തവർക്ക് ആയത് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ വൃദ്ധസദനങ്ങളിലെ താമസക്കാർ നേരിടുന്ന പ്രയാസങ്ങൾ മനസിലാക്കുവാനും അവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന കാര്യങ്ങളിൽ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി റിട്ട. ജസ്റ്റിസ് രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായുള്ള മൂന്നംഗ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്.

**ആശാവർക്കർമാരുടെ ചുമതലകൾ**

246 (3376) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ആശാവർക്കർമാരുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഓരോ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ആശാവർക്കർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ആശാവർക്കർമാരുടെ പ്രധാന ചുമതലകൾ, അവരുടെ പ്രദേശത്ത് നിന്നുള്ള കുഞ്ഞുങ്ങളെ കുത്തിവയ്പിനായി കൊണ്ടുവരിക, ജെ.എസ്.വൈ. ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള സഹായം നൽകുക, വന്ധീകരണ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുക, മാസംതോറുമുള്ള WHND സംഘടിപ്പിക്കുന്നതിലേയ്ക്ക് അമ്മമാരെ കൊണ്ടുവരിക, പാലിയേറ്റീവ് ഹോം കെയറിൽ പങ്കെടുക്കുക, ജീവിതശൈലീ രോഗങ്ങളുടെ പരിശോനയ്ക്കായി 30 വയസ്സിന് മുകളിലുള്ളവരെ പി.എച്ച്.സി.യിലേക്ക് കൊണ്ടുവരിക തുടങ്ങിയവയാണ്.

(ബി) കേരളത്തിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആശാവർക്കർമാരെ നിയമിച്ചിട്ടുണ്ട്.

## താലോലം പദ്ധതി

247 (3377) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന താലോലം പദ്ധതി എന്താണെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി പ്രയോജനപ്പെടുന്നത് എങ്ങനെയുള്ളവർക്കാണെന്നും ആയതിന്റെ നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

വാർഷിക വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ 18 വയസ്സുവരെ പ്രായമുള്ള മാരക രോഗബാധിതരായ കുട്ടികൾക്ക് സംസ്ഥാനത്തെ 18 ആശുപത്രികളിലൂടെ പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണ് താലോലം. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിലുൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാണ്. താലോലം പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ
3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
4. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്
5. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
6. ഐ.എം.സി.എച്ച്., കോഴിക്കോട്
7. ഐ.സി.എച്ച്., കോട്ടയം
8. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം
9. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, പരിയാരം, കണ്ണൂർ

10. ഗവ. മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ
11. എസ്.സി.റ്റി.ഐ.എം.എസ്.റ്റി., തിരുവനന്തപുരം
12. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
13. എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം
14. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ
15. ജില്ലാ ആശുപത്രി, ആലുവ
16. ICCONS, ഷൊർണ്ണൂർ, പാലക്കാട്
17. ICCONS, തിരുവനന്തപുരം
18. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി, മലപ്പുറം

ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നതിനായി പ്രത്യേക അപേക്ഷ ആവശ്യമില്ല. അപേക്ഷകർക്ക് സൗകര്യപ്രദമായ മേല്പറഞ്ഞ ആശുപത്രികളിൽ ഏതെങ്കിലും ഒന്നിനെ സമീപിക്കാവുന്നതാണ്. ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് കുട്ടികൾക്ക് മരുന്നിനും മറ്റ് ചികിത്സകൾക്കും ശസ്ത്രക്രിയയ്ക്കും ആവശ്യമായ ചെലവ് താലോലം പദ്ധതിയിലുൾപ്പെടുത്തി ലഭിക്കുന്നതാണ്. ഇവർക്ക് ആവശ്യമുള്ള സഹായങ്ങളും ചികിത്സയും ലഭ്യമാക്കുന്നതിനായി ആശുപത്രിയിൽ ഒരു കൗൺസിലറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ടി പദ്ധതിയിലൂടെ 13796 കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

**നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പ്രവർത്തനങ്ങളുടെ ഓഡിറ്റിംഗ്**

248 (3378) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ ഫണ്ട് ഉപയോഗിച്ച് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന ആരോഗ്യമേഖലയിൽ നടത്തിയ നിരവധി പ്രവർത്തനങ്ങളുടെ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട കൃത്യമായ ഓഡിറ്റിംഗ് സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത ഓഡിറ്റിംഗ് നടത്തുന്നതെന്ന് അറിയിക്കാമോ;

(സി) ഏതെല്ലാം സാമ്പത്തികവർഷങ്ങളിലെ ഓഡിറ്റിംഗ് ബാക്കിയുണ്ട് ; വിശദാംശം നൽകാമോ?

ഉത്തരം

(എ & ബി) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടെയും ഫണ്ട് വിനിയോഗങ്ങൾക്ക് അക്കൗണ്ടന്റ് ജനറലിന്റെ കൺകറന്റ് ഓഡിറ്റ്, നിയമപ്രകാരമുള്ള ഓഡിറ്റ്, സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇൻസ്പെക്ഷൻ എന്നീ മൂന്നുതരം ഓഡിറ്റിംഗ് ബാധകമാണ്.

കഴിഞ്ഞ സാമ്പത്തികവർഷം 2016-17-ൽ നിയമപ്രകാരമുള്ള ഓഡിറ്റ് നടത്തിയത് ഐസക് ആന്റ് സുരേഷ് എന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. ഇതുകൂടാതെ അതത് ജില്ലകളിലും സംസ്ഥാന ഓഫീസിലും കൺകറന്റ് ഓഡിറ്റർമാരെ നിയമിച്ചിട്ടുണ്ട്.

(സി) 2016-17 വരെയുള്ള എ.ജി. കൺകറന്റ്, നിയമപ്രകാരമുള്ള ഓഡിറ്റ് ഇവ കഴിഞ്ഞ് റിപ്പോർട്ട് കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

## സ്നേഹപൂർവ്വം പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചവർ

249(3379) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്നേഹപൂർവ്വം പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കുട്ടികൾക്ക് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ

(ബി)

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 7263 |
| 2 | കൊല്ലം | 5661 |
| 3 | ആലപ്പുഴ | 3784 |
| 4 | പത്തനംതിട്ട | 1008 |
| 5 | കോട്ടയം | 3875 |

| (1) | (2) | (3) |
|---|---|---|
| 6 | ഇടുക്കി | 1232 |
| 7 | എറണാകുളം | 4482 |
| 8 | തൃശ്ശൂർ | 5205 |
| 9 | പാലക്കാട് | 6774 |
| 10 | മലപ്പുറം | 11745 |
| 11 | കോഴിക്കോട് | 3834 |
| 12 | വയനാട് | 1071 |
| 13 | കണ്ണൂർ | 4800 |
| 14 | കാസർഗോഡ് | 3304 |
| 15 | ജില്ലാ ശിശുക്ഷേമ സമിതി മുഖേന ലഭിച്ച അപേക്ഷകൾ | 75 (ജില്ല തിരിച്ചുള്ള വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.) |
| 16 | എച്ച്.ഐ.വി./എയ്ഡ്സ് ബാധിതരായ കുട്ടികൾ | 42 (ജില്ല തിരിച്ചുള്ള വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.) |
| | ആകെ | 64155 |

## കേന്ദ്ര വിഹിതത്തിലെ കുറവ് അംഗൻവാടി പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ നടപടി

250 (3380) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളിൽ ഫീഡിംഗ് അടക്കമുള്ളവ സ്വകാര്യവത്കരിക്കുന്നതിന് കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഐ.സി.ഡി.എസ്.-കൾക്കുള്ള കേന്ദ്ര വിഹിതത്തിൽ കുറവു വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് അംഗൻവാടികളുടെ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ;

(സി) അംഗൻവാടികളിൽ ഡിജിറ്റൽ സ്കെയിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചതായി കാണുന്നില്ല.

(ബി) ഐ.സി.ഡി.എസ്.-കൾക്കുള്ള കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. ഐ.സി.ഡി.എസ്.-ന്റെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ കേന്ദ്ര വിഹിതം 60% എന്നത് 25% ആയി കുറവ് വരുത്തിയിട്ടുണ്ട്. ഇത് അംഗൻവാടികളുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനായി ടി ബാദ്ധ്യത 1-12-2017 മുതൽ സംസ്ഥാന സർക്കാർ വഹിച്ചുവരികയാണ്.

(സി) 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ അംഗൻവാടികളിലെ വെയിംഗ് സ്കെയിൽ 15% റീപ്ലേസ് ചെയ്യുന്നതിന് കേന്ദ്ര സഹായം ലഭ്യമായ മുറയ്ക്ക് ഫണ്ട് അനുവദിച്ചിരുന്നു. ഇതുപ്രകാരം ആകെ 14901 വെയിംഗ് സ്കെയിൽ റീപ്ലേസ് ചെയ്തിട്ടുണ്ട്. 2016-17, 2017-18 സാമ്പത്തിക വർഷം ഈ ഇനത്തിനായി കേന്ദ്ര ഫണ്ട് വകയിരുത്തിയിരുന്നില്ല. ഈ വർഷം വെയിംഗ് സ്കെയിലിനായി ഫണ്ട് വകയിരുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

## അംഗനവാടി പരിശീലന കേന്ദ്രങ്ങൾ

251(3381) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അംഗനവാടി പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാമാണ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്;

(ബി) അംഗനവാടി പരിശീലന കേന്ദ്രങ്ങൾക്കുള്ള കേന്ദ്രഫണ്ട് സമയബന്ധിതമായി ലഭിക്കുന്നുണ്ടോ;

(സി) നിലവിൽ കുടിശ്ശിക ഇനത്തിൽ എത്ര കേന്ദ്ര സഹായ ഫണ്ട് ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്താകെ 13 അംഗനവാടി പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. തിരുവനന്തപുരം - 3
2. കൊല്ലം - 1
3. കോട്ടയം - 1
4. എറണാകുളം - 2
5. തൃശ്ശൂർ - 1
6. പാലക്കാട് - 1
7. കോഴിക്കോട് - 2
8. കണ്ണൂർ - 1
9. കാസർഗോഡ് - 1

(ബി) ഇല്ല.

(സി) 2016-17 സാമ്പത്തികവർഷം 183.27 ലക്ഷം രൂപ കുടിശ്ശികയിനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുണ്ട്. 2017-18 സാമ്പത്തികവർഷം കേന്ദ്രത്തിൽ നിന്നും ഗ്രാന്റൊന്നും ലഭിച്ചിട്ടില്ല.

**മാതൃകാ അംഗൻവാടി പദ്ധതി**

252 (3382) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ അംഗൻവാടികളെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും പദ്ധതി കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) കൊടകര, ചാലക്കുടി ബ്ലോക്കുകൾ ഉൾപ്പെടുന്ന ചാലക്കുടി മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം ഏതെല്ലാം അംഗൻവാടികളുടെ നവീകരണത്തിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത മണ്ഡലത്തിലെ കൂടുതൽ അംഗൻവാടികൾ മാതൃകാ അംഗൻവാടി പദ്ധതി പ്രകാരം നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഒരു നിയോജകമണ്ഡലത്തിൽ ഒന്നുവീതം സംസ്ഥാനത്ത് 140 മാതൃകാ അംഗൻവാടികൾ നിർമ്മിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. കൂടുതൽ അംഗൻവാടികളെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ചുവരുന്നു.

(ബി) ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്ന പദ്ധതി പ്രകാരം ചാലക്കുടി നിയോജകമണ്ഡലത്തിലെ കൊടകര പഞ്ചായത്തിലെ നാലാം നമ്പർ അംഗൻവാടിക്ക് മാതൃകാ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയും ആയത് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി 10 സെന്റ് ഭൂമി ലഭ്യമാകാത്ത നിയോജകമണ്ഡലത്തിനുള്ള ഫണ്ട് മറ്റ് നിയോജകമണ്ഡലങ്ങളിൽ ഒന്നിൽ കൂടുതൽ മാതൃകാ അംഗൻവാടിക്ക് 10 സെന്റ് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്കും ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിലെ അംഗൻവാടികൾ**

253 (3383) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടങ്ങൾ ഇല്ലാത്ത എത്ര അംഗൻവാടികൾ കായംകുളം മണ്ഡലത്തിൽ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) ടി മണ്ഡലത്തിൽ സ്വന്തമായി സ്ഥലമില്ലാതെ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കായംകുളം മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടങ്ങളില്ലാത്ത അംഗൻവാടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | ആകെ | അംഗൻവാടി സെന്റർ നമ്പർ |
|---|---|---|
| ദേവികുളങ്ങര | 2 | 3, 13 |
| കണ്ടല്ലൂർ | 4 | 78, 92, 87, 84 |
| കൃഷ്ണപുരം | 1 | 39 |
| പന്നിയൂർ | 6 | 128, 130, 105, 126, 107, 132 |
| ആകെ | 13 | |

(ബി) കായംകുളം മണ്ഡലത്തിൽ സ്വന്തമായി സ്ഥലമില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് / മുനിസിപ്പാലിറ്റി | ആകെ | അംഗൻവാടി സെന്റർ നമ്പർ |
|---|---|---|
| ദേവികുളങ്ങര | 5 | 9, 12, 16, 18, 19 |
| കണ്ടല്ലൂർ | 13 | 76, 79, 82, 83, 88, 90, 94, 95, 96, 97, 98, 99, 100 |
| കൃഷ്ണപുരം | 3 | 20, 21, 35 |
| പന്നിയൂർ | 14 | 101, 102, 108, 113, 114, 115, 118, 119, 123, 124, 125, 127, 129, 131 |
| ഭരണിക്കാവ് | 7 | 3, 9, 13, 25, 151, 153, 154 |
| ചെട്ടികുളങ്ങര | 17 | 60, 63, 68, 69, 70, 73, 74, 154, 66, 142, 140, 56, 57, 59, 143, 55, 52 |
| കായംകുളം മുനിസിപ്പാലിറ്റി | 17 | 41, 42, 43, 48, 49, 50, 51, 52, 53, 54, 55, 57, 59, 61, 62, 63, 65 |
| ആകെ | 76 | |

**മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടി**

254 (3384) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ മാതൃകാ അംഗൻവാടി നിർമ്മിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മാതൃകാ അംഗൻവാടിയുടെ നിർമ്മാണത്തിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) അടിയന്തരമായി മാതൃകാ അംഗൻവാടി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത 123 അംഗൻവാടികളുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗൻവാടികളുടെ എണ്ണം | അംഗൻവാടി സെന്റർ നമ്പർ |
|---|---|---|
| മാവേലിക്കര മുനിസിപ്പാലിറ്റി | 23 | 98, 99, 100, 102, 103, 104, 106, 107, 108, 109, 110, 111, 112, 113, 115, 116, 117, 126, 127, 128, 151, 152, 153 |
| ചുനക്കര | 10 | 34, 35, 37, 38, 39, 40, 41, 45, 49, 155 |
| തെക്കേക്കര | 21 | 28, 29, 36, 38, 39, 40, 41, 42, 43, 45, 46, 47, 48, 49, 122, 123, 134, 135, 137, 138, 144 |
| താമരക്കുളം | 9 | 105, 112, 115, 118, 119, 123, 166, 167, 168 |
| നൂറനാട് | 15 | 52, 54, 55, 56, 59, 60, 63, 64, 67, 70, 157, 158, 160, 161, 162 |
| പാലമേൽ | 7 | 77, 81, 93, 96, 98, 163, 164 |
| തഴക്കര | 25 | 6, 8, 9, 10, 12, 13, 14, 16, 17, 18, 19, 21, 22, 23, 24, 26, 118, 119, 120, 121, 129, 130, 131, 132, 133 |
| വള്ളികുന്നം | 13 | 125, 126, 128, 129, 131, 133, 135, 139, 142, 143, 148, 171, 172 |
| ആകെ | 123 | |

(ബി) ഒരു നിയോജകമണ്ഡലത്തിൽ ഒരു അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുന്ന പദ്ധതി പ്രകാരം ആലപ്പുഴ ഭരണിക്കാവ് ഐ.സി.ഡി.എസ്. പ്രോജക്ടിലെ ചുനക്കര ഗ്രാമപഞ്ചായത്തിലെ 51-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു.

(സി & ഡി) മാതൃകാ അംഗൻവാടിയുടെ നിർമ്മാണത്തിനായി അനുമതി നൽകിയ ചുനക്കര ഗ്രാമപഞ്ചായത്തിലെ 51-ാം നമ്പർ അംഗൻവാടിക്ക് സ്ഥലം സംബന്ധമായ പ്രശ്നം നിലനിൽക്കുന്നതിനാൽ നാളിതുവരെ കെട്ടിട നിർമ്മാണം നടത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ ചുനക്കര ഗ്രാമപഞ്ചായത്തിലെ 51-ാം നമ്പർ അംഗൻവാടിക്ക് പകരം 10 സെന്റ് സ്ഥലവും ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയും ലഭ്യമാക്കിയിട്ടുള്ള പാലമേൽ പഞ്ചായത്തിലെ 93-ാം നമ്പർ അംഗൻവാടിക്കായി ടി ഭരണാനുമതി മാറ്റി നൽകുന്നതിന് വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണം**

255 (3385) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണത്തിനായി സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇവരെ പരിചരിക്കുന്നതിനും, വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും മാതാപിതാക്കൾക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(സി) മറ്റു കുട്ടികളെപോലെ ഭിന്നശേഷിക്കാരായ കുട്ടികളുടെയും വിദ്യാഭ്യാസ കലാകായിക രംഗങ്ങളിലുള്ള കഴിവ് കണ്ടെത്തി വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഭിന്നശേഷിക്കാരായ കുട്ടികളെ സംരക്ഷിക്കുന്നതിനായി ആലപ്പുഴ ജില്ലയിൽ ഒരു ക്ഷേമ സ്ഥാപനവും (Care Home for Disabled Children - CHDC) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ സംരക്ഷിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ ഒരു ക്ഷേമ സ്ഥാപനവും (Home for Mentally Deficient

Children - HMDC) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. വികലാംഗ വിദ്യാർത്ഥികൾക്കായി ചുവടെ ചേർക്കും പ്രകാരം സ്കോളർഷിപ്പ് നൽകിവരുന്നു:

| ക്രമ നമ്പർ | ക്ലാസ് | സ്കോളർഷിപ്പ് നിരക്ക്/ മാസം |
|---|---|---|
| 1 | 1 മുതൽ 5 വരെ | 300 |
| 2 | 6 മുതൽ 10 വരെ | 500 |
| 3 | +1, +2 തത്തുല്യമായ മറ്റ് കോഴ്സുകൾ | 750 |
| 4 | ഡിഗ്രി, പി.ജി., പോളിടെക്നിക്, തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ | 1000 |

പഠനോപകരണങ്ങളും യൂണിഫോമും വാങ്ങുന്നതിനായി ധനസഹായം നൽകുന്നു.

ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണത്തിനായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി 50 ശതമാനത്തിന് മുകളിൽ ഭിന്നശേഷിത്വമുള്ളതും 12 വയസ്സിന് താഴെ പ്രായമുള്ളതുമായ കുട്ടികൾക്ക് 20000 രൂപ വീതം ഫിക്സഡ് ഡെപ്പോസിറ്റ് നിക്ഷേപിക്കുന്ന പദ്ധതി കോർപ്പറേഷനിൽ നിലവിലുണ്ട്.-

40% അധികം ഭിന്നശേഷിത്വമുള്ളതും ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളതുമായ കുട്ടികൾക്കും സഹായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നു.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, മറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെയുള്ള കിടപ്പുരോഗികളായവർ എന്നിവരെ പരിചരിക്കുന്ന വ്യക്തിയ്ക്ക് ആശ്വാസ കിരണം പദ്ധതി പ്രകാരം പ്രതിമാസം 600 രൂപ നിരക്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ധനസഹായം നൽകിവരുന്നു.

(ബി) മാനസിക വൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവിധ വൈകല്യം എന്നിവ ബാധിച്ചവരുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഇതിലേക്കായി ഐ.സി.ഡി.എസ്. ഒന്നിന് 16750 രൂപ ക്രമത്തിൽ കേരളത്തിലെ 14 ജില്ലകളിലുമുള്ള 258 ഐ.സി.ഡി.എസ്.-കൾ മുഖേന ബോധവൽക്കരണ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി ഒന്നാം ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്നതിനായി സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. മാത്രമല്ല, വിദ്യാജ്യോതി പദ്ധതിയിലൂടെ ഇത്തരം കുട്ടികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ നൽകുന്നുണ്ട്. ലോക വികലാംഗ ദിനമായ ഡിസംബർ 3-ന് ജില്ലാതലത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തുവരുന്നു.

ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 40 ശതമാനത്തിന് മുകളിൽ ഭിന്നശേഷിയുള്ള എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ ബി ഗ്രേഡോ അതിന് മുകളിലോ ഗ്രേഡുകളുള്ള വിദ്യാർത്ഥികൾക്ക് 2500 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്നു.

**കെയർ ടേക്കർമാർക്ക് പ്രത്യേക പരിശീലനം**

256 (3386) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക പരിഗണനയർഹിക്കുന്നവരുടെ കെയർ ടേക്കർമാർക്ക് പ്രത്യേക പരിശീലനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരിശീലനത്തിന്റെ ഉള്ളടക്കം, എത്ര ദിവസത്തെ പരിശീലനം, പങ്കാളികളുടെ എണ്ണം, പരിശീലനം നൽകുന്ന ഏജൻസി മുതലായ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കെയർ ടേക്കർമാരുടെ സമഗ്ര പരിശീലനം സംബന്ധിച്ച് സാമൂഹ്യസുരക്ഷാ മിഷനിലോ അനുബന്ധ സ്ഥാപനങ്ങളിലോ ഏതെങ്കിലും ഏജൻസി/സ്ഥാപനം പദ്ധതി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രൊപ്പോസലുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഈ പദ്ധതിയിന്മേൽ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാം?

ഉത്തരം

(എ & ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല.

(ഡി) ബാധകമല്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാനസിക വെല്ലുവിളി അഭിമുഖീകരിക്കുന്നവർക്ക് സമഗ്രമായ പാക്കേജ്

257 (3387) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി അഭിമുഖീകരിക്കുന്നവരുടെ ജീവിതായോധനത്തിനും സുരക്ഷയ്ക്കുമായി സമഗ്രമായ പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രത്യേക പരിഗണനയർഹിക്കുന്നവരുടെ പിന്തുണയ്ക്കായി കെയർ ടേക്കർമാരുടെ സ്നേഹവലയം തീർക്കുമോ; ഇതിനായി കെയർ ടേക്കർമാരുടെ കൂട്ടായ്മ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മാനസിക വെല്ലുവിളി അഭിമുഖീകരിക്കുന്നവരുടെ ജീവിതായോധനത്തിനും സുരക്ഷയ്ക്കുമായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനുള്ള കരട് തയ്യാറാക്കിയിട്ടുണ്ട്.

ബുദ്ധിപരമായ വൈകല്യങ്ങൾ ഉണ്ടാവുന്ന അവസ്ഥകൾ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ മുതൽ അവരുടെ പുനരധിവാസം വരെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് അനുയാത്ര പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അനുയാത്ര പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാവും ഈ പദ്ധതി നടപ്പാക്കുന്നത്. സാമൂഹ്യനീതി വകുപ്പായിരിക്കും ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഈ മേഖലയിൽ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കുകയും അധികമായി വേണ്ടിവരുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയുമാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. താഴെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

1. പ്രതിരോധ പ്രവർത്തനങ്ങളും വൈകല്യങ്ങൾ നേരത്തേ കണ്ടെത്തലും
2. പ്രാരംഭ ഇടപെടലുകൾ
3. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
4. നൈപുണ്യ വികസനവും തൊഴിൽപരമായ പുനരധിവാസവും
5. സാങ്കേതിക സഹായ സംവിധാനങ്ങൾ ലഭ്യമാക്കൽ

6. സാമൂഹ്യാധിഷ്ഠിത പുനരധിവാസം

7. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള പരിശീലനങ്ങൾ

(ബി) സാമൂഹ്യനീതി വകുപ്പിന് കീഴിലെ വിവിധ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ പരിചരിക്കുന്നതിനായി കെയർ ടേക്കർമാരെ നിയോഗിച്ചിട്ടുണ്ട്. ആയത് കൂടാതെ കൂടുതൽ അന്തേവാസികളുള്ള സ്ഥാപനത്തിലും കൂടുതൽ കെയർ ടേക്കർമാരുടെ സേവനം ആവശ്യമായ സ്ഥാപനങ്ങളിലും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരെ നിയോഗിച്ചിട്ടുണ്ട്. കെയർ ടേക്കർമാരുടെ കൂട്ടായ്മ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

## അംഗപരിമിത സൗഹൃദ സംസ്ഥാനം

258 (3388) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) അംഗപരിമിതികൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി സ്പെഷ്യൽ അംഗൻവാടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന സംഘടനകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; എങ്കിൽ പ്രസ്തുത സംഘടനകൾക്ക് 2017-18 സാമ്പത്തികവർഷം എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ എല്ലാ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളും പ്രതിബന്ധ മുക്തവും അംഗപരിമിത സൗഹൃദവുമാക്കുന്നതിനായി ബാരിയർ ഫ്രീ കേരള എന്ന പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം റാമ്പുകൾ, കൈവരികൾ, തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശയനമുറികൾ, ബ്രയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ എന്നിവ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതി പ്രകാരം

കണ്ണൂർ ജില്ലയെ സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷത്തിൽ ടി പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക മലപ്പുറം, വയനാട് ജില്ലകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി മലപ്പുറം ജില്ലയ്ക്ക് 8,88,80,000 രൂപയും വയനാട് ജില്ലയ്ക്ക് 6,11,20,000 രൂപയും എന്ന ക്രമത്തിൽ അതാത് ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ അനുയാത്ര എന്ന ഒരു ക്യാമ്പെയിന് രൂപം നൽകി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അനുയാത്രയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകളും
3. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
4. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
5. കാതോരം
6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
7. ഹെൽപ്പ് ഡെസ്ക്
8. പ്രോജക്ട് ഓട്ടിസം
9. സ്പെഷ്യൽ അങ്കണവാടികൾ
10. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (എം.സി.ആർ.സി.)
11. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
12. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.
13. കറക്ഷൻ സർജറികൾ

14. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി റിഹാബിലിറ്റേഷൻ
15. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും
16. വ്യക്തിഗത പരിപാലന പ്ലാൻ
17. ദേശീയ ശില്പശാല
18. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധനങ്ങൾക്കുമായി വിദഗ്ദ്ധ കേന്ദ്രം
19. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ - എംപവർ
20. പരിക്കുകൾമൂലം ഉണ്ടാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ
21. അനുയാത്ര – വി കെയർ ഫിലിം ഫെസ്റ്റിവൽ ഓൺ ഡിസെബിലിറ്റീസ്
22. പ്രോസ്റ്റെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്

(ബി) ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ഓട്ടിസം, പഠന വൈകല്യം ബഹുവിധ വൈകല്യം എന്നിവ പ്രതിരോധിക്കുന്നതിനും വൈകല്യം നേരത്തേ കണ്ടെത്തി സമഗ്രവും ശാസ്ത്രീയവും സുസ്ഥിരവുമായ ചികിത്സ ഉറപ്പ് വരുത്തി ആവശ്യമായ പുനരധിവാസം ഉറപ്പുവരുത്തുന്നതിനായി കോഴിക്കോട് സർവ്വകലാശാല സൈക്കോളജി വിഭാഗവുമായി ചേർന്ന് കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റിഹാബിലിറ്റേഷൻ പ്രോഗ്രാം (CDMRP) എന്ന പദ്ധതി വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നു. കൂടാതെ ഭിന്നശേഷിക്കാർക്ക് അവരുടെ തടസ്സങ്ങൾ മറികടക്കാൻ ഉതകുന്ന തരത്തിലുള്ള സഹായ ഉപകരണങ്ങൾ നൽകുന്നതിനായുള്ള നടപടികൾ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന സ്വീകരിച്ചുവരുന്നു.

വൈകല്യ പ്രതിരോധങ്ങളുടെ ഭാഗമായി എം.എം.ആർ., വാക്സിൻ സൗജന്യമായി നൽകുന്നു. കൂടാതെ അംഗപരിമിതിയിലേക്ക് നയിക്കുന്ന ഡെഫിഷ്യൻസീസ്, ഡിസീസസ്, ഡെവലപ്മെന്റൽ ഡിലേ, ഡിഫെക്ട്സ് എന്നിവ സംബന്ധിച്ച സ്ക്രീനിംഗും അനുബന്ധ പരിശോധനകളും സംസ്ഥാനത്തെ എല്ലാ പ്രസവ ആശുപത്രികളിലും നടപ്പാക്കാൻ വേണ്ട നടപടികൾ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു. കേൾവി

വൈകല്യം എത്രയും നേരത്തേ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കും.

അംഗപരിമിതികൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധി ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു:

ജന്മനായുള്ള വൈകല്യങ്ങൾക്ക് കാരണമാവുന്ന അവസ്ഥകളെ സംബന്ധിച്ചും വൈകല്യങ്ങൾക്ക് കാരണമായേക്കാവുന്ന ഘടകങ്ങളായ (ഡിറ്റർമിനൻസ് ഓഫ് ഡിസെബിലിറ്റി) അനീമിയ, ചെറിയ പ്രായത്തിലുള്ള വിവാഹങ്ങൾ, താമസിച്ചുണ്ടാവുന്ന ഗർഭധാരണം, രക്തബന്ധത്തിലുള്ളവർ തമ്മിലുള്ള വിവാഹം തുടങ്ങിയവയെ സംബന്ധിച്ചും പൊതുസമൂഹത്തിനായി വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കും. ഇതോടൊപ്പം വൈകല്യ പ്രതിരോധത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള വിവാഹ പൂർവ്വ കൗൺസിലിംഗുകൾ സാർവത്രികമാക്കാനുള്ള പ്രവർത്തനങ്ങളും അനുയാത്രയുടെ ഭാഗമായി ആരംഭിക്കും. ഗർഭധാരണ സമയം മുതൽ പ്രസവാനന്തരം വരെയുള്ള പരിചരണങ്ങൾ നൽകുമ്പോൾ വൈകല്യ പ്രതിരോധത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കും. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, ആശാവർക്കർമാർ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയായിരിക്കും ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ആർജ്ജിത വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കുന്നതാണ്.

(സി) ഉണ്ട്. ഭിന്നശേഷിയുള്ള കുട്ടികളെ പ്രീ-സ്കൂൾ തലത്തിൽ തന്നെ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകി സാധാരണ സ്കൂളുകളിൽ എത്തിക്കുന്നതിനായി സ്പെഷ്യൽ അങ്കണവാടികൾ, കോഴിക്കോട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടത്തിവരുന്നു. അംഗപരിമിതരായ പ്രീ-സ്കൂൾ കുട്ടികളെ സ്പെഷ്യൽ അങ്കണവാടികളിൽ എത്തിച്ച് അവർക്ക് പ്രത്യേക പരിചരണങ്ങളും പരിശീലനങ്ങളും നൽകി ഇവരെ സാധാരണ സ്കൂളിൽ പഠിക്കാൻ കഴിയുംവിധം പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം. സ്പെഷ്യൽ അങ്കണവാടികളിൽ ഓരോ സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സംഘടനയുടെ പേര് | ഭരണാനുമതി ലഭ്യമായ തുക |
|---|---|---|
| (1) | (2) | (3) |
| 1. | ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി, തിരുവനന്തപുരം | 21,14,160 |
| 2. | കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ്, തിരുവനന്തപുരം | 8,44,000 |
| 3. | എ.കെ. ചെറിയാൻ മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി, പത്തനംതിട്ട | 6,99,000 |
| 4. | SPACE, തിരുവനന്തപുരം | 30,15,392 |
| 5. | AASRAYA, വെഞ്ഞാറമൂട്, തിരുവനന്തപുരം | 35,46,837 |
| 6. | Faith India, പാലക്കാട് | 7,27,000 |
| 7. | ആദർശ് ചാരിറ്റബിൾ ട്രസ്റ്റ്, എറണാകുളം | 14,34,300 |
| 8. | മെറ്റബോളിക് ഡിസോർഡർ റിസർച്ച് സെന്റർ, തിരുവനന്തപുരം | 50,00,000 |
| 9. | State Nodal Agency Centre (SNAC), Kerala (Working Fund) | 55,82,000 |
| 10. | State Nodal Agency Centre (SNAC), Kerala (Niramaya Insurance Scheme) | 98,98,500 |
| 11. | ആശ്രയ ചാരിറ്റബിൾ സൊസൈറ്റി, കലയപുരം, കൊട്ടാരക്കര, കൊല്ലം | 30,42,000 |
| 12. | എസ്.എസ്. സമിതി, അഭയ കേന്ദ്രം, മയ്യനാട്, കൊല്ലം | 29,67,600 |
| 13. | സ്നേഹസദൻ സൈക്കോസോഷ്യൽ റിഹാബിലിറ്റേഷൻ സെന്റർ, കീരാംപാറ, എറണാകുളം | 10,46,400 |
| 14. | ബെത്‌ലഹേം അഭയഭവൻ സോഷ്യൽ റിഹാബിലിറ്റേഷൻ സെന്റർ ഫോർ മെന്റലി ഇൽ, കൂവപ്പടി, എറണാകുളം | 12,50,400 |
| 15. | അഭയ ഭവൻ, സൈക്കോസോഷ്യൽ റിഹാബിലിറ്റേഷൻ സെന്റർ ഫോർ മെന്റലി ഇൽ, എറണാകുളം | 11,56,320 |
| 16. | ആശാഭവൻ, കോഴിക്കോട്, കെയർഹോം | 7,27,200 |
| 17. | സ്നേഹതീരം, വിളക്കുടി, കൊല്ലം | 17,82,000 |
| 18. | ഗാന്ധിഭവൻ, പത്തനാപുരം, കൊല്ലം | 22,60,800 |

| (1) | (2) | (3) |
|---|---|---|
| 19. | സ്നേഹമന്ദിരം, സ്നേഹ ട്രസ്റ്റ്, പടമുഖം, ഇടുക്കി | 23,43,600 |
| 20. | സ്നേഹഭവൻ മാനസിക പുനരധിവാസ കേന്ദ്രം, കണ്ണൂർ | 10,46,400 |
| 21. | ഹോളി മൗണ്ട്, കണ്ണൂർ | 10,98,000 |
| 22. | സ്നേഹഭവൻ മാനസിക പുനരധിവാസ കേന്ദ്രം, കണ്ണൂർ | 8,92,350 |
| 23. | തെരേസ മാനസിക പുനരധിവാസ കേന്ദ്രം, കണ്ണൂർ | 9,10,200 |
| 24. | സ്നേഹാലയ സൈക്കോസോഷ്യൽ റിഹാബിലിറ്റേഷൻ സെന്റർ, കാസർഗോഡ് | 12,62,400 |
| 25. | മരിയ സദനം, കോട്ടയം | 19,11,600 |
| 26. | നല്ലശമര്യാൻ, കോട്ടയം | 18,56,400 |
| 27. | സെന്റ് ജോസഫ് സൈക്കോസോഷ്യൽ റിഹാബിലിറ്റേഷൻ സെന്റർ, കണ്ണൂർ | 12,69,600 |
| 28. | തിരുരക്താശ്രമ മാനസിക പുനരധിവാസ കേന്ദ്രം, കണ്ണൂർ | 9,78,000 |
| 29. | ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർഗ്രിഗോറിയനം സ്നേഹവീട്, തിരുവനന്തപുരം | 12,62,400 |
| 30. | ലൗവ് ട്രസ്റ്റ്, ലൗ ഹോം, കടവൂർ, എറണാകുളം | 1,06,400 |
| 31. | ജ്യോതി നിവാസ് ചാരിറ്റബിൾ സൊസൈറ്റി, വയനാട് | 9,63,600 |
| 32. | തൃപ്പാദം മാനസിക പുനരധിവാസ കേന്ദ്രം, വയനാട് | 6,08,400 |
| 33. | അൽഷിമേഴ്സ് & റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യ(ARDSI), എറണാകുളം | 15,62,000 |

ഭിന്നശേഷിക്കാരുടെ സ്വയംസഹായ സംഘങ്ങൾക്ക് 10000 രൂപ വരെ ധനസഹായം വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി നൽകിവരുന്നുണ്ട്. ആകെ ഇതുവരെ 2,05,000 രൂപ കോർപ്പറേഷൻ വഴി വിതരണം ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെയും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല കൊറ്റാമത്ത് സാഫല്യം വയോജന അഗതി മന്ദിരം ഭിന്നശേഷിക്കാരായ ആളുകൾക്ക് മാത്രമായി പ്രവർത്തിച്ചുവരുന്നു. 2017-18-ൽ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ ഭിന്നശേഷിക്കാർ

259 (3389) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർ എന്ന പദത്തിന്റെ നിർവ്വചനത്തിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) അംഗവൈകല്യമുള്ള വ്യക്തികളെ മുഴുവൻ ഈ പദത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എല്ലാ വകുപ്പുകളിലും ഇത്തരം വ്യക്തികളെ വിശേഷിപ്പിക്കുന്നതിന് ഈ പദം ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ/നിർദ്ദേശത്തിന്റെ പകർപ്പും വിശദാംശംവും ലഭ്യമാക്കുമോ;

(സി) പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക്ട്, 1995 പ്രകാരമുള്ള അവകാശങ്ങൾ ഭിന്നശേഷിക്കാർക്ക് ഉറപ്പുവരുത്തുന്ന രീതിയിൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിന്റെ ഷെഡ്യൂളിൽ സ്പെസിഫൈഡ് ഡിസെബിലിറ്റിയായി താഴെപ്പറയുന്ന വൈകല്യമുള്ളവരെയാണ് ഭിന്നശേഷിക്കാർ എന്ന പദത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്:

1. ചലനവൈകല്യം
2. കുഷ്ഠരോഗം ചികിത്സിച്ച് ഭേദമായവർ
3. സെറിബ്രൽ പാൾസി
4. ഹ്രസ്വകായത്വം
5. മസ്കുലാർ ഡിസ്ട്രോഫി
6. ആസിഡ് ആക്രമണത്തിന് ഇരയായവർ
7. അന്ധത
8. കാഴ്ചക്കുറവ്

9. ബധിരതയും കേൾവിക്കുറവും
10. സംസാര ഭാഷാ വൈകല്യം
11. ബുദ്ധിപരമായ വൈകല്യം
12. പ്രത്യേക പഠന വൈകല്യം
13. ഓട്ടിസം
14. മാനസിക രോഗം
15. ഗുരുതരമായ ന്യൂറോളജിക്കൽ അവസ്ഥകൾ
16. മൾട്ടിപ്പിൾ സ്ക്ലീറോസിസ്
17. പാർക്കിൻസൺസ് രോഗം
18. ഹീമോഫീലിയ
19. താലസ്സീമിയ
20. അരിവാൾ രോഗം
21. ബധിരാന്ധത ഉൾപ്പെടെയുള്ള ബഹുവൈകല്യം

ഇത്തരം വ്യക്തികളെ വിശേഷിപ്പിക്കുന്നതിന് 'ഭിന്നശേഷിക്കാർ' എന്ന പദം ഉപയോഗിക്കണമെന്ന നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിട്ടില്ല.

(സി) പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് 1995 പ്രകാരമുള്ള അവകാശങ്ങൾ ഭിന്നശേഷിക്കാർക്ക് ഉറപ്പുവരുത്തുന്ന രീതിയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സൈക്കോസോഷ്യൽ കൗൺസിലർമാർ

260 (3390) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നിലവിൽ എത്ര സൈക്കോസോഷ്യൽ കൗൺസിലർമാർ പ്രവർത്തിക്കുന്നു എന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കൂടുതൽ സൈക്കോസോഷ്യൽ കൗൺസിലർമാരെ നിയമിക്കുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കുമോ;

(സി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നിലവിൽ 634 സൈക്കോസോഷ്യൽ കൗൺസിലർമാർ പ്രവർത്തിക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

**സൈക്കോസോഷ്യൽ കൗൺസിലർമാർ**

261 (3391) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന കരാർ ജീവനക്കാരായ സൈക്കോസോഷ്യൽ കൗൺസിലർമാർക്ക് അർഹതപ്പെട്ട ശമ്പളത്തോടുകൂടിയ പ്രസവാവധി ഉൾപ്പെടെയുള്ള അവധി ആനുകൂല്യങ്ങൾ നിലവിൽ ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീകൾ മാത്രം ജോലി ചെയ്തുവരുന്ന ഈ മേഖലയിൽ അടിയന്തരമായി ശമ്പളത്തോടുകൂടിയ പ്രസവാവധി ഉൾപ്പെടെയുള്ള നിയമം അനുശാസിക്കുന്ന അവധി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എന്നത്തേയ്ക്ക് ഇത് അനുവദിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഈ വിഷയം പരിശോധിച്ചുവരുന്നു.

**ഭിന്നശേഷിയുള്ളവർക്കായി പദ്ധതികൾ**

262 (3392) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഭിന്നശേഷിയുള്ളവർക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇവർക്കായി 2 ചക്രങ്ങൾ പ്രത്യേകമായി ഘടിപ്പിച്ച സ്കൂട്ടറുകൾ നൽകുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ ആനുകൂല്യം ലഭിക്കുന്നതിന് ഭിന്നശേഷിക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) അപേക്ഷിക്കേണ്ട രീതി ഉൾപ്പെടെ പൂർണ്ണമായ വിശദാംശം കൂടി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഭിന്നശേഷിയുള്ളവർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള റീഡേഴ്സ് അലവൻസ്.
2. അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.
3. കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം
4. വികലാംഗ ദുരിതാശ്വാസനിധി ചികിത്സാ ധനസഹായം
5. വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്ക്/ വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം
6. വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്
7. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം
8. വിദ്യാജ്യോതി
9. കിടപ്പ് രോഗികളെ ശുശ്രൂഷിക്കുന്ന രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി - സ്വാശ്രയ
10. വിദ്യാകിരണം - അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി
11. സഹായ ഉപകരണ വിതരണ പദ്ധതി
12. വ്യക്തിഗത പരിപാലന പദ്ധതി
13. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ
14. വൈകല്യമുള്ളവർക്കായുള്ള സർക്കാർ സ്ഥാപനങ്ങൾ

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഭിന്നശേഷിയുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമക്കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം
2. ഭിന്നശേഷിയുള്ളവർക്കുവേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്ക് വിധേയമായി
3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്ക് വിധേയമായി
4. അംഗവൈകല്യമുള്ളവർക്കുള്ള സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി
5. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ
6. സ്വയം തൊഴിനുള്ള ബാങ്ക് ലോൺ സബ്സിഡി
7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി
8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി
9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ
10. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും
11. വികലാംഗരായ വയോജനങ്ങൾക്ക് വേണ്ടിയുള്ള വൃദ്ധ സദന പരിപാലനം
12. കാഴ്ച വൈകല്യമുള്ള യുവതീ-യുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി.
13. നാല് ജില്ലകളിൽ വികലാംഗ ക്ഷേമ കോർപ്പറേഷന്റെ പുതിയ ജില്ല/റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി
14. കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റ് വഴി സഹായോപകരണങ്ങൾ നിർമ്മിച്ച് നൽകൽ

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

സംസ്ഥാനത്തെ അംഗപരിമിതർക്കുള്ള ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന അനുയാത്ര എന്ന പേരിൽ ഒരു നവീന പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകി 2017 ജൂൺ മാസം മുതൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള സമഗ്ര ജീവിതചക്ര സമീപനമാണ് അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര നടപ്പാക്കുന്നത്. അനുയാത്രയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും
3. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
4. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
5. കാതോരം
6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
7. ഹെൽപ്പ് ഡെസ്ക്ക്
8. പ്രോജക്റ്റ് ഓട്ടിസം
9. സ്പെഷ്യൽ അങ്കണവാടികൾ
10. മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
11. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
12. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം
13. കറക്ഷൻ സർജറികൾ
14. സ്റ്റുഡൻസ് ഇനിഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി റിഹാബിലിറ്റേഷൻ

15. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും
16. വ്യക്തിഗത പരിപാലന പ്ലാൻ
17. ദേശീയ ശില്പശാല
18. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ദ്ധ കേന്ദ്രം
19. വിവര വിദ്യാഭ്യാസ വ്യാപന (IAC) പ്രവർത്തനങ്ങൾ എംപവർ
20. പരിക്കുകൾമൂലം ഉണ്ടാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ
21. അനുയാത്ര- വി കെയർഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്

(ബി) കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാരായവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ മാനദണ്ഡങ്ങൾക്ക് വിധേയമായി വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്.

ലോക്കോമോട്ടോർ ഡിസെബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പുവരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു വൈകല്യമുള്ളവരെയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

യോഗ്യതാ മാനദണ്ഡങ്ങളുള്ള വനിതകൾക്കും എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന (എസ്.സി. വിഭാഗത്തിനായി പ്രത്യേക പദ്ധതിയുണ്ട്.)

(സി) ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലാ പഞ്ചായത്ത് മുഖേനയും സി.ഡി.പി.ഒ. ബ്ലോക്ക് പഞ്ചായത്ത് മുഖേനയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് മുച്ചക്ര വാഹനം ഭിന്നശേഷിക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്. മാനദണ്ഡം ചുവടെ ചേർക്കുന്നു:

1. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ആളായിരിക്കണം.

2. 40% വൈകല്യം തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്
3. ടിയാൾക്ക് വാഹനം ഓടിക്കാൻ കഴിയുമെന്നുള്ള മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്
4. വരുമാന പരിധി - ജനറൽ - ഒരു ലക്ഷം, എസ്.സി./എസ്.ടി. - 2 ലക്ഷം

താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്കൂട്ടർ വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നു.

അപേക്ഷകരുടെ എണ്ണം വളരെ കൂടുതലും റിസോഴ്സ് പരിമിതവുമായതിനാൽ ഏറ്റവും അർഹതപ്പെട്ടവർക്ക് മാത്രം സൈഡ് വീൽ സ്കൂട്ടർ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സുതാര്യമായ മാനദണ്ഡങ്ങളും മുൻഗണനാക്രമവും (Eligibility criteria, Prioritisation criteria) Economics and Planning Affairs-ന്റെ സഹായത്തോടെ നിശ്ചയിച്ചിട്ടുണ്ട്.

- 18 വയസ്സിന് മുകളിൽ പ്രായം
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസെബിലിറ്റി.
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത(Eligibility Criteria) ആയിരിക്കും.
- ലോക്കോമോട്ടോർ ഡിസെബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പുവരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റൊരു വൈകല്യമുള്ളവരെയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

(ഡി) കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ താഴെ കാണുന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്തെടുത്ത് പൂരിപ്പിച്ച് അതിൽപ്പറയുന്ന മതിയായ രേഖകൾ സഹിതം കോർപ്പറേഷനിലേയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.(Website:www.hpwe.kerala.gov.in)

## ധനസഹായ പദ്ധതികൾ

263 (3393) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ധനസഹായ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ അർഹതയ്ക്കുള്ള മാനദണ്ഡം, അപേക്ഷിക്കേണ്ട നടപടിക്രമങ്ങൾ, അപേക്ഷയുടെ മാതൃകകൾ എന്നിവയുടെ വിശദാംശം അറിയിക്കാമോ ;

(സി) ഈ അപേക്ഷകൾ നൽകേണ്ടതാർക്കാണെന്നും, ആയത് പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലാവധി എത്രയെന്നും അറിയിക്കാമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

## സാമൂഹ്യനീതി വകുപ്പിന് ലഭ്യമായ കേന്ദ്ര ഫണ്ട്

264 (3394) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിനും പഞ്ചായത്തുകൾക്കും ആയി 2014-15 മുതൽ 2017-18 വരെ കേന്ദ്ര വിഹിതം എത്ര ലഭിച്ചുവെന്ന് അറിയിക്കാമോ ; ലഭിച്ച കേന്ദ്ര ഫണ്ടിൽ എത്ര ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ; പൂർണ്ണമായും ചെലവഴിച്ചില്ല എങ്കിൽ എന്തുകൊണ്ട് ; വിശദീകരിക്കാമോ?

ഉത്തരം

ഐ.സി.പി.എസ്. പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചതും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു:

| Financial Year | Central Fund |
|---|---|
| 2014-15 | 13,54,35,000 |
| 2015-16 | 8,91,92,000 |
| 2016-17 | 8,08,36,000 |
| 2017-18 | 13,01,58,000 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2014-15 മുതൽ 2016-17 വരെ കേന്ദ്ര വിഹിതമായി ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷം ലഭിച്ച തുക പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച് വരുന്നു.

ഗ്രാമവികസന വകുപ്പിൻ കീഴിൽ ത്രിതല പഞ്ചായത്തുകൾ മുഖേന നടത്തിവരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിര ആവാസ് യോജന/പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ), സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഐ.ഡബ്ല്യൂ.എം.പി/പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (നീർത്തട ഘടകം) നാഷണൽ അർബൺ മിഷൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15 മുതൽ 2017-18 ഫെബ്രുവരി വരെ 7503.26 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിക്കുകയുണ്ടായി. നീക്കിയിരിപ്പ് തുക കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, മറ്റ് വരവുകൾ എന്നിവ ഉൾപ്പെടെ ആകെ ലഭ്യമായ തുകയിൽ നിന്നും 9612.08 കോടി രൂപ ചെലവഴിക്കുകയുണ്ടായി. മതിയായ തുക ലഭിക്കാതിരിക്കുക, സാമ്പത്തിക വർഷത്തിന്റെ അവസാനം തുക ലഭിക്കുക, അർഹതയുള്ള ഗുണഭോക്താക്കൾ അംഗീകൃത ലിസ്റ്റുകളിൽ ഇല്ലാതിരിക്കുക, മതിയായ ജീവനക്കാർ ഇല്ലാതിരിക്കുക. മുതലായ കാരണങ്ങളാലാണ് പൂർണ്ണമായി ഫണ്ട് ചെലവഴിക്കുവാൻ കഴിയാത്തത്. ചെലവഴിക്കാത്ത തുക അടുത്തവർഷം ചെലവഴിക്കുന്നതിന് അനുവാദമുണ്ട്.

വനിത ശിശു വികസന വകുപ്പുമായി ബന്ധപ്പെട്ട് 2014-15 മുതൽ 2017-18 വരെ ലഭ്യമായ കേന്ദ്ര വിഹിതം, പദ്ധതികൾ, ചെലവഴിച്ച കേന്ദ്രവിഹിതം, പൂർണ്ണമായും ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ബാലനീതി നിയമം**

265(3395) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലനീതി നിയമവ്യവസ്ഥയനുസരിച്ച് സംസ്ഥാനത്തെ എല്ലാ അനാഥാലയങ്ങളും രജിസ്റ്റർ ചെയ്യണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമത്തിലെ കട്ടത്ത വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുവാൻ കഴിയുകയില്ലെന്നും അതിനാൽ അനാഥാലയങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുകയാണെന്നും അനാഥാലയ നടത്തിപ്പുകാർ അറിയിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കുട്ടികൾക്ക് ആനുപാതികമായി നിശ്ചിത എണ്ണം ജോലിക്കാർ, അദ്ധ്യാപകർ, കെയർ ടേക്കർമാർ, ഡോക്ടർമാർ, സൈക്കോളജിസ്റ്റ് എന്നിവർ വേണമെന്ന ബാലനീതി നിയമത്തിലെ വ്യവസ്ഥ നടപ്പിലാക്കുമ്പോൾ ഓരോ സ്ഥാപനത്തിനും എത്ര അധിക ചെലവ് ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ സൗകര്യം ഒരുക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പ്രത്യേക ധനസഹായം അനാഥാലയങ്ങൾക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ബാലനീതി നിയമവ്യവസ്ഥയനുസരിച്ച് സംസ്ഥാനത്തെ എല്ലാ അനാഥാലയങ്ങളും 31-3-2018-നുമുമ്പ് രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുവാൻ കഴിയുകയില്ലെന്നും അതിനാൽ അനാഥാലയങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുയാണെന്നും ചില അനാഥാലയ നടത്തിപ്പുകാർ അറിയിച്ചിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐ.സി.പി.എസ്.) മുഖേന ശിശു സംരക്ഷണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്ന ICPS Guide lines പ്രകാരം 50 കുട്ടികളെ പാർപ്പിക്കുന്ന ഒരു സ്ഥാപനത്തിന് നിലവിൽ പ്രവർത്തന ചെലവ് ഇനത്തിൽ 36,14,000 രൂപയാണ് അനുവദിച്ച് വരുന്നത്. ഇതിൽ ഒരു സൂപ്രണ്ട്, കൗൺസിലർ, പ്രൊബേഷൻ ഓഫീസർ, കെയർ ടേക്കർ, പാരാമെഡിക്കൽ സ്റ്റാഫ്, സ്റ്റോർ കീപ്പർ കം അക്കൗണ്ടന്റ്, കുക്ക്, ഹെൽപ്പർ എന്നിവരുടെ ശമ്പളം ഉൾപ്പെടുന്നു. സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള അവസാന തീയതി 31-03-2018 ആയതിനാൽ ഓരോ സ്ഥാപനത്തിനും വരുന്ന അധിക ചെലവ് കണക്കാക്കിയിട്ടില്ല.

(ഡി) ഐ.സി.പി.എസ്. പദ്ധതി മുഖേന ധനസഹായം ആവശ്യമുള്ള സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ശേഖരിച്ച് കേന്ദ്രസർക്കാരിന് റിപ്പോർട്ട് ചെയ്യുവാനും കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആനുപാതിക സംസ്ഥാന വിഹിതം ഉൾപ്പെടെ സംസ്ഥാനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## നിർഭയ പദ്ധതി

266(3396) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സംരക്ഷണത്തിനായി നടപ്പിലാക്കുന്ന നിർഭയ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങൾ ഈ പദ്ധതി മുഖേന നടത്തി വരുന്നു എന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതിയുടെ പ്രയോജനങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിൽ നിർഭയ സെൽ മുഖേന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്ന പരിപാടിയാണ് നിർഭയ പദ്ധതി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് ചുവടെ പറയുന്ന നാല് പ്രധാന മേഖലകളിൽ ഇടപെടലുകൾ നടത്തുന്നു.

1. പ്രതിരോധം
2. സംരക്ഷണം
3. നിയമനടത്തിപ്പ്
4. പുനരധിവാസവും പുനരേകീകരണവും

(ബി) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ 10 ജില്ലകളിലായി 12 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. ഇവയ്ക്ക് പുറമേ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവരുടെ പുനരധിവാസ ത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ നിർഭയ ഷെൽട്ടർ ഹോമിലൂടെ നൽകി

വരുന്നു. ഷെൽട്ടർ ഹോമുകളിലെ താമസക്കാരുടെ കേസ്സുകൾ ചാർജ്ജ് ചെയ്യാനും കോടതിയിൽ എത്രയും വേഗം എത്തിക്കാനും ഷെൽട്ടർ ഹോം അധികൃതർ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.

നിർഭയ ഷെൽട്ടർ ഹോമുകളിലൂടെ തെരഞ്ഞെടുത്ത താമസക്കാർക്ക് പുനരധിവാസ പദ്ധതിയുടെ ഭാഗമായി, തൊഴിൽ പരിശീലനത്തിലൂടെ സ്വയം പര്യാപ്തരാക്കാൻ ഒരു കേന്ദ്രീകൃത സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മോഡൽ നിർഭയ ഷെൽട്ടർ ഹോം സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ തിരുവനന്തപുരം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്ക്/കുട്ടികൾക്ക് വൈദ്യസഹായം, സംരക്ഷണം എന്നിവ നൽകുന്നതിന് വൺ സ്റ്റോപ്പ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വയനാട്, തൃശ്ശൂർ എന്നീ 2 ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിർഭയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജാഗ്രതയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ വാർഡുതല പഞ്ചായത്തുതല ജാഗ്രത സമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും പ്രിവെൻഷൻ ക്യാമ്പയിൻ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പ്രചാരണം നൽകാനും സർക്കാരിന്റെ സംവിധാനങ്ങളെക്കുറിച്ച് വിവരങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള മീഡിയ ക്യാമ്പെയിൻ നടത്തുന്നുണ്ട്.

## ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഓർഫനേജുകൾ

267 (3397) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള അനാഥാലയങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അനാഥാലയങ്ങളിൽ എത്രയെണ്ണം പുതിയ ബാലനീതി നിയമ വ്യവസ്ഥകൾ അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) എത്ര അനാഥാലയങ്ങൾ ഇതിനകം പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെന്നും അടച്ചുപൂട്ടാനായി എത്രയെണ്ണം ഓർഫനേജ് കൺട്രോൾ ബോർഡിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) അടച്ചുപൂട്ടിയ അനാഥാലയങ്ങളിൽ നിന്നും എത്ര കുട്ടികൾ ഇതിനകം പുറത്ത് പോകുമെന്നും ഇവരുടെ പഠനം, സംരക്ഷണം എന്നിവയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ആകെ 1164 അനാഥാലയങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) 491 സ്ഥാപനങ്ങൾ പുതിയ ബാലനീതി നിയമ വ്യവസ്ഥകൾ അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 165 അനാഥാലയങ്ങൾ പ്രവർത്തനം നിർത്തിയിട്ടുണ്ട്. റദ്ദ് ചെയ്യാനായി 479 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രവർത്തനം നിർത്തലാക്കിയ സ്ഥാപനങ്ങളിൽ നിന്നും 5000-ൽപ്പരം കുട്ടികൾ പുറത്തുപോയിട്ടുണ്ട്. പ്രസ്തുത കുട്ടികളെ, സംരക്ഷണത്തിനായി രക്ഷകർത്താക്കളോടൊപ്പം അയയ്ക്കുകയോ, അംഗീകാരമുള്ള സ്ഥാപനങ്ങളിലേക്ക് മാറ്റി പാർപ്പിക്കുകയോ ചെയ്യുന്നതിന് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഓർഫനേജ് കൺട്രോൾ ബോർഡിലെ കൗൺസിലർമാരുടെ വേതനം

268(3398) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഓർഫനേജ് കൺട്രോൾ ബോർഡിലെ വിവിധ സ്ഥാപനങ്ങളിൽ വർക്ക് ചെയ്യുന്ന കൗൺസിലർമാർക്ക് മാസങ്ങളായി വേതനം തടസ്സപ്പെട്ടവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് എന്ന് മുതൽ ശമ്പളം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2017 ഡിസംബർ വരെയുള്ള വേതനം നൽകിയിട്ടുണ്ട്. കൗൺസിലർമാരുടെ പ്രതിമാസ വർക്ക് ഡയറിയും, ടൂർ നോട്ടും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ആയവ പരിശോധിച്ചശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഓണറേറിയം നൽകുന്നതാണ്.

## മിത്ര 181

269 (3399) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; അതിലൂടെ സ്ത്രീ ശാക്തീകരണത്തിൽ എത്ര മാത്രം മുന്നോട്ട് പോകുവാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) വനിതകളെ സ്വയം പ്രാപ്തരാക്കുന്നതിന് കേന്ദ്രധനകാര്യ കോർപ്പറേഷനുകളുടെയും, സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ സംരംഭകത്വ വായ്പാവിതരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇതിലൂടെ എത്ര വനിതകളെ സ്വയം പ്രാപ്തരാക്കുവാൻ കഴിഞ്ഞു;

(സി) ഗാർഹിക പീഡനത്തിന് ഇരയാകുന്നവർ, വിധവകൾ, വിവാഹമോചിതർ എന്നിവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്ത്രീ സുരക്ഷയ്ക്കും, ശാക്തീകരണത്തിനുമായി ആരംഭിച്ച മിത്ര 181-ന്റെ പ്രവർത്തനം വിശദമാക്കുമോ?

### ഉത്തരം

(എ) സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി അഭയകിരണം, ശ്രദ്ധ, കൈത്താങ്ങ് എന്നീ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതികളുടെ അവലോകനം നടത്തിയിട്ടില്ല. എന്നാൽ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം സംസ്ഥാനത്ത് നടപ്പാക്കിയത് സംബന്ധിച്ച് സ്ത്രീകൾക്ക് ഈ നിയമം എത്രമാത്രം ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞു എന്നറിയുന്നതിനായി Domestic Violence Survey Women Protection Officer-മാർ വഴി നടത്തികൊണ്ടിരിക്കുന്നു. സ്ത്രീ സുരക്ഷയ്ക്കായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടു കൂടി 27-3-2017 മുതൽ മിത്ര 181 എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 2016-17 സാമ്പത്തികവർഷത്തിൽ 1749 പേർക്കായി 36.36 കോടി രൂപയും 2017-18 വർഷത്തിൽ 4435 പേർക്കായി നാളിതുവരെ 106.07 കോടി രൂപയും സ്വയം തൊഴിൽ വായ്പാ വിതരണം നടത്തിയിട്ടുണ്ട്.

(സി) ഗാർഹിക പീഡനത്തിനിരയാകുന്നവർ, വിധവകൾ, വിവാഹ മോചിതർ എന്നീ നിരാലംബ ഗണത്തിൽപ്പെടുന്നവർക്കുള്ള സ്വയം തൊഴിൽ പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷത്തിൽ പൈലറ്റടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയ്ക്ക് 15,76,000 രൂപ അനുവദിച്ചിരുന്നു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. മെഡിക്കൽ സർട്ടിഫിക്കറ്റ്, FIR കോപ്പി എന്നിവ അപേക്ഷയോടൊപ്പം വനിതാ പ്രൊട്ടക്ഷൻ ഓഫീസർ മുഖേന സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക എല്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസിലും വകുപ്പിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. വിധവകളെ സ്വയം പര്യാപ്തതയിലേയ്ക്ക് നയിക്കുന്നതിനായി സംരംഭകത്വ പരിശീലന പരിപാടികൾ വനിതാ വികസന കോർപ്പറേഷൻ മുഖേന നടത്തി വരുന്നു. ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതുൾപ്പെടെ അവരെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മൂന്ന് ദിവസത്തെ പരിശീലന പരിപാടി 1000 രൂപ സ്റ്റൈപ്പന്റ് നൽകിയാണ് നടത്തി വരുന്നത്. നാളിതുവരെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലായി 250 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) കേന്ദ്ര വനിതാ ശിശു ക്ഷേമ മന്ത്രാലയത്തിന്റെ ഏകീകൃത വനിതാ ഹെൽപ്പ് ലൈൻ എന്ന പദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാന വനിതാ വികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 27-3-2017-ന് മിത്ര 181 പദ്ധതി ഉദ്ഘാടനം ചെയ്തു. 24 മണിക്കൂറും 181 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെട്ടുകൊണ്ട് കേരളത്തിലെ സ്ത്രീകൾക്ക് സഹായം ആവശ്യപ്പെടാം. ആശുപത്രി സേവനം, പോലീസ്, ഫയർ സർവ്വീസ്, ആംബുലൻസ് എന്നിവ അവശ്യമായി വരുന്ന അടിയന്തര സാഹചര്യങ്ങളിലും, കൂടാതെ വിവിധ ഏജൻസികളും സ്ഥാപനങ്ങളും വനിതകൾക്കായി നൽകുന്ന സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങളും എമർജൻസി ടെലി കൗൺസിലിങ്ങും മിത്ര 181 വഴി ലഭ്യമാക്കിയിട്ടുണ്ട്.

## പൊതുമാർക്കറ്റിൽ അരിയുടെ വിലനിലവാരം

270 (3400) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിൽ വന്ന 2011 മേയ് മാസത്തിൽ അരിക്ക് പൊതുമാർക്കറ്റിലെ വില എത്രയായിരുന്നു;

(ബി) മുൻ സർക്കാരിന്റെ ഭരണം അവസാനിക്കുമ്പോൾ 2016-ൽ അരിക്ക് പൊതുവിപണിയിലെ വില എത്രയായിരുന്നു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 2016-ൽ അരിയുടെ വില പൊതുവിപണിയിൽ എത്രയായിരുന്നു;

(ഡി) ഇപ്പോൾ പൊതുവിപണിയിൽ അരിയുടെ വില എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011 മേയ് മാസത്തിൽ പച്ചരിക്ക് 23.60 രൂപയും മട്ട അരിക്ക് 28.20 ജയ അരിക്ക് 33.50 രൂപയും കുറുവ അരിക്ക് 24 രൂപയും ആയിരുന്നു വില.

(ബി&സി) മുൻ സർക്കാരിന്റെ ഭരണം അവസാനിക്കുമ്പോഴും ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുമുള്ള പൊതു വിപണിയിലെ അരിയുടെ വില ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | പൊതുവിപണി വില (രൂപ കിലോ ഗ്രാമിന്) |
|---|---|---|
| 1 | പച്ചരി | 28.33 |
| 2 | മട്ട അരി | 33.86 |
| 3 | ജയ അരി | 30 |
| 4 | കുറുവ അരി | 30 |

(ഡി) പച്ചരിക്ക് 27.50 രൂപയും മട്ട അരിക്ക് 38.50 രൂപയും ജയ അരിക്ക് 38 രൂപയും കുറുവ അരിക്ക് 32.00 രൂപയുമാണ് പൊതുവിപണിയിലെ ഇപ്പോഴത്തെ വില.

## ഹോട്ടലുകളിൽ അമിത വില ഈടാക്കുന്നത് തടയാൻ നടപടി

271(3401) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾക്ക് ഓരോ ഭക്ഷണ സാധനത്തിനും ഈടാക്കേണ്ട വില നിശ്ചയിച്ച് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങളും നിരക്കുകളും വിശദമാക്കാമോ;

(സി) അമിത വില ഈടാക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നൽകുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണസാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ നിയമം അനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് ഭക്ഷ്യ പൊതു വിതരണ വകുപ്പിനുള്ളത്.

**ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള റേഷൻ കാർഡുകൾ**

272 (3402) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സംബന്ധമായി മൊത്തവിതരണക്കാർ /റേഷൻ കടകൾ തുടങ്ങി എത്ര വ്യാപാരികൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ബി) റേഷൻ വിതരണ നടത്തിപ്പുകാരായ ഇവർക്ക് നൽകുന്ന പ്രതിഫലം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ റേഷൻകാർഡുടമകളിൽ സ്ഥിരമായി റേഷൻ വാങ്ങുന്നവർ എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാർ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതുവഴി റേഷൻ കാർഡുകൾ എത്ര തരങ്ങളിൽ നിർവ്വചിക്കപ്പെട്ടു എന്നും പ്രസ്തുത നിർവ്വചനങ്ങൾ മറികടന്ന് എത്ര പേർ കള്ള കാർഡുകൾ വാങ്ങിയെന്നും അറിയിക്കുമോ ;

(ഇ) അവരിൽ എത്ര പേർ സ്വയമേവ കാർഡുകൾ മാറ്റി വാങ്ങിയെന്ന് അറിയിക്കുമോ; എത്രപേരെ വകുപ്പുകൾ കണ്ടെത്തി എന്നും ഇപ്പോഴും എത്ര പേർ അർഹതയില്ലാത്ത കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങുന്ന എന്നതുമായ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ദേശീയഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 3-10-2016-ലെ സ.ഉ.(കൈ) നമ്പർ 15/16/ ഭ.പൊ.വി.വ. പ്രകാരം മൊത്ത വിതരണക്കാരെ റേഷൻവിതരണത്തിൽനിന്നും ഒഴിവാക്കുകയും സപ്ലൈകോയ്ക്ക് ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 14345 റേഷൻചില്ലറ വ്യാപാരികളുണ്ട്.

(ബി) ഇ-പോസ് മെഷീൻ സ്ഥാപിച്ച കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ 10-11-2017-ലെ സ.ഉ.(കൈ)നമ്പർ 29/ 17/ഭ.പൊ.വി.വ. പ്രകാരം കമ്മീഷൻ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റുള്ളവർക്ക് ഭക്ഷ്യധാന്യ വിതരണം ക്വിന്റലിന് 100 രൂപയും ആട്ടയ്ക്ക് ക്വിന്റലിന് 75 രൂപയും കമ്മീഷൻ നൽകി വരുന്നു. പാക്കേജ് നടപ്പിൽ വരുന്ന മുറയ്ക്ക് ഭക്ഷ്യധാന്യ വിതരണത്തിനും, ആട്ടയ്ക്കും ക്വിന്റലിന് 220 രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ റേഷൻകാർഡുടമകളിൽ 74,83,557-ഓളം കാർഡുടമകൾ സ്ഥിരമായി റേഷൻ വാങ്ങുന്നവരാണ്.

(ഡി&ഇ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് എ.എ.വൈ, മുൻഗണനാ, പൊതുവിഭാഗം (സബ്സിഡി), പൊതുവിഭാഗം (നോൺസബ്സിഡി) എന്നിങ്ങനെ നാല് വിഭാഗം റേഷൻകാർഡുകളാണ് നിലവിലുള്ളത്. തെറ്റായ വിവരങ്ങൾ നല്കി മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാർ ഉൾപ്പെടെ 2,62,675 കാർഡുടമകളെ മുൻഗണനാപ്പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഒഴിവാക്കൽ നടപടി തുടർന്നു വരുന്നു. മാത്രമല്ല പട്ടിക നിരന്തരം പരിഷ്കരണത്തിന് വിധേയമായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിൽ തടസ്സമൊന്നുമില്ല.

## റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട പരാതികൾ

273 (3403) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിന് ലഭിച്ച 5.14 ലക്ഷം പരാതികൾ പരിശോധിച്ച് തീർപ്പ് കല്പിക്കുവാൻ താലൂക്ക് സപ്ലൈ ഓഫീസ് തലത്തിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; പ്രസ്തുത പരാതികളിൽ എത്രയെണ്ണത്തിൽ ഇതിനകം തീർപ്പ് കല്പിച്ചിട്ടുണ്ട് ; വിശദമാക്കാമോ;

(സി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുവാനർഹരായ പാവപ്പെട്ടവർക്ക് അത് നിഷേധിച്ചത് വഴി ലൈഫ് പദ്ധതിയിലൂടെ ലഭിക്കേണ്ട വീട് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടമായ സാഹചര്യത്തിൽ പരാതികൾ അടിയന്തരമായി പരിശോധിച്ച് അർഹരായ മുഴുവൻ ആളുകളെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) അന്തിമ ലിസ്റ്റ് പരിശോധിച്ചപ്പോൾ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും, ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 742278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ ഇരട്ടിപ്പുള്ള അപേക്ഷകൾ ഒഴിവാക്കി 567009 അപേക്ഷകൾ റേഷൻ കട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ടി അപേക്ഷകരിൽ അനർഹരെ ഒഴിവാക്കുന്നതുവഴി ഉണ്ടാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി റാങ്കിംഗ് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ 99.06 ശതമാനം റേഷൻകാർഡ് വിതരണം പൂർത്തിയായിട്ടുണ്ട്. 21903 കാർഡുകൾ മാത്രമാണ് അച്ചടിച്ച് വിതരണം നടത്താനുള്ളത്.

(സി) അത്യാവശ്യഘട്ടങ്ങളിൽ താൽക്കാലിക റേഷൻകാർഡുകൾ അനുവദിക്കുന്നതാണ്. 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**റേഷൻ കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള രേഖകൾ**

274 (3404) <u>ശ്രീ. സി. ദിവാകരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിൽ പേര് ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻ കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിന് സ്ഥലം എം.എൽ.എ.യുടെ സാക്ഷ്യപത്രം ഹാജരാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ താലൂക്ക് സപ്ലൈ ഓഫീസർമാർ റേഷൻ കാർഡ് അനുവദിക്കുന്നതിന് എം.എൽ.എ.-യുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക തുടങ്ങിയവയിലേയ്ക്കായി റിഡക്ഷൻ സർട്ടിഫിക്കറ്റ്, സറണ്ടർ സർട്ടിഫിക്കറ്റ്, നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്, നോൺ റിന്യൂവൽ സർട്ടിഫിക്കറ്റ്, കാർഡിലെ തിരുത്തലുകൾക്കനുസരിച്ചുള്ള അംഗീകൃത രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. ഒപ്പം അപേക്ഷയുടെ പാസ്സ്പോർട്ട് വലിപ്പത്തിലുള്ള രണ്ട് ഫോട്ടോയും നൽകേണ്ടതാണ്.

(ബി-ഡി) ഇല്ല. എന്നാൽ നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലെങ്കിൽ പുതിയ റേഷൻ കാർഡിനായി അപേക്ഷിക്കുന്നവർ 20-7-1996-ലെ സർക്കുലർ നമ്പർ 7/96 പ്രകാരം സ്വന്തമായി കാർഡില്ലെന്നോ അപേക്ഷകൻ ഏതെങ്കിലും കാർഡിൽപ്പെട്ടിട്ടില്ലെന്നോ സൂചിപ്പിക്കുന്ന സ്ഥലം എം.എൽ.എ/എം.പി/ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ എന്നിവരിൽ നിന്നുള്ള രേഖാമൂലമുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

**റേഷൻ കാർഡിനുള്ള അപേക്ഷാ ഫോറങ്ങളുടെ അച്ചടി**

275 (3405) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിനായി ഇപ്പോൾ അപേക്ഷ ക്ഷണിക്കുന്നുണ്ടോ; എങ്കിൽ ഇതിന് അവസാനമായി അപേക്ഷ ക്ഷണിച്ചത് ഏതു വർഷത്തിലായിരുന്നു;

(ബി) റേഷൻ കാർഡിനായുള്ള അപേക്ഷാ ഫോറങ്ങളുടെ അച്ചടി ജോലികൾ താലൂക്ക് തലത്തിൽ ആരംഭിച്ചശേഷം പിന്നീട് നിർത്തി വെക്കാൻ സിവിൽ സപ്ലൈസ് ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായോ എന്നറിയിക്കാമോ;

(സി) ഈ നടപടി പുതിയ റേഷൻ കാർഡുകളുടെ വിതരണത്തിന് ഇനിയും കാലതാമസം വരുത്തുമോ;

(ഡി) എങ്കിൽ ഇത് ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന് ഇനിയും പ്രതിസന്ധി സൃഷ്ടിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-ഡി) നിലവിൽ ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് 15-2-2018 മുതൽ പുതിയ റേഷൻ കാർഡുകൾ ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ്, റേഷൻ കടകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

നിലവിലുള്ള റേഷൻ കാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക തുടങ്ങിയവ നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലാത്തവരുടെ അപേക്ഷയ്ക്ക് ശേഷം പരിഗണിക്കുന്നതാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് പ്രതിസന്ധികൾ ഒന്നും തന്നെയില്ല.

## വാതിൽപ്പടി റേഷൻ വിതരണം

276 (3406) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാതിൽപ്പടി റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിൽ ഇത് പൂർത്തിയാക്കി; വിശദവിവരങ്ങൾ നൽകാമോ;

(ബി) വിവിധ നിറങ്ങളിലുള്ള റേഷൻ കാർഡുകൾക്ക് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എത്ര വീതമാണ്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് 2017 മാർച്ച് മാസത്തിൽ കൊല്ലം ജില്ലയിൽ പൈലറ്റ് പദ്ധതിയായി വാതിൽപ്പടി വിതരണം ആരംഭിക്കുകയും 2017 മേയ്, ജൂൺ മാസത്തോടുകൂടി സംസ്ഥാനവ്യാപകമായി നടപ്പിലാക്കുകയും ചെയ്തു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി സപ്ലൈകോയെയാണ് സർക്കാർ നിയോഗിച്ചിരിക്കുന്നത്.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഓരോ വിഭാഗം റേഷൻ കാർഡുടമകൾക്കും നൽകി വരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ബി.പി.എൽ./എ.പി.എൽ. പരാതിക്കാരുടെ എണ്ണം

277(3408) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്നത് സംബന്ധിച്ച് മാവേലിക്കര താലൂക്കിലെ പരാതിക്കാരുടെ എണ്ണം എത്രയെന്ന വ്യക്തമാക്കുമോ ;

(ബി) ബി.പി.എൽ./എ.പി.എൽ. അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ തീർപ്പ് കല്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും താലൂക്കുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്നത് സംബന്ധിച്ച് മാവേലിക്കര താലൂക്കിൽ 12585 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) അന്തിമ ലിസ്റ്റ് പരിശോധിച്ചപ്പോൾ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും, ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുന:ക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 742278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ ഇരട്ടിപ്പുള്ള അപേക്ഷകൾ ഒഴിവാക്കി 567009 അപേക്ഷകൾ റേഷൻ കട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ടി അപേക്ഷകരിൽ അനർഹരെ ഒഴിവാക്കുന്നതുവഴി ഉണ്ടാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി റാങ്കിംഗ് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിലേയ്ക്കായി 7,42,278 അപേക്ഷകൾ ലഭ്യമായതിൽ 567009 അപേക്ഷകളിന്മേൽ നേർക്കാഴ്ച നടത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളത് ഇരട്ടിപ്പുള്ള അപേക്ഷകളും നേർക്കാഴ്ചയ്ക്ക് ഹാജരാകാത്തതുമായിരുന്നു. ആയത് സംബന്ധിച്ച് താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## ഉപയോഗയോഗ്യമല്ലാത്ത ഭക്ഷ്യധാന്യങ്ങൾ

278(3409) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഉപയോഗയോഗ്യമല്ലാതായിത്തീരുന്ന സാഹചര്യങ്ങളിൽ ഇവ എന്ത് ചെയ്യാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്;

(ബി) ഇത്തരത്തിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നതും ഗുണനിലവാരമില്ലാത്തതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതുമായ ഭക്ഷ്യധാന്യങ്ങൾ അണുവിമുക്തമാക്കി വിറ്റഴിക്കുന്നതിന് സപ്ലൈകോയ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരത്തിൽ നിർദ്ദേശം നൽകിയതെന്നറിയിക്കുമോ;

(ഡി) അണുവിമുക്തമാക്കാത്ത ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്ത് എവിടെയെങ്കിലും വിറ്റഴിക്കപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങൾ പ്രകൃതി ദുരന്തംമൂലമോ, സമാനമായ മറ്റേതെങ്കിലും സാഹചര്യത്തിലോ ഉപയോഗ്യശൂന്യമായിത്തീരുന്ന സാഹചര്യത്തിൽ സർക്കാർ ഉചിതമായ തീരുമാനം എടുക്കാറുണ്ട്. എന്നാൽ റേഷൻ കട ലൈസൻസിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചകളിൽ ടിയാളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കും.

(ബി-ഡി) ദേശീയഭക്ഷ്യ ഭദ്രതാനിയമം, 2013 നിലവിൽ വന്നപ്പോൾ ഭക്ഷ്യധാന്യങ്ങളുടെ സംഭരണം, വിതരണം എന്നിവ സപ്ലൈകോയെ ഏൽപ്പിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 6-10-2017-ലെ സ.ഉ.(സാധാ)നമ്പർ 353/2017/ഭ.പൊ.വി.വ. പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

അണുവിമുക്തമാക്കാത്ത ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടി

279 (3410) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ഈ-പോസ് മെഷീനുകൾക്കായി സപ്ലൈകോ ടെൻഡർ ക്ഷണിച്ചിരുന്നോ; ഏത് സ്ഥാപനവുമായാണ് കരാർ ഉറപ്പിച്ചത്; എന്ത് തുകയ്ക്കാണ് ഇ-പോസ് മെഷീനുകൾ ലഭ്യമാക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്ലാൻ ഫണ്ടിൽ നിന്നും ഈ ആവശ്യത്തിലേയ്ക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചു; 2017-18-ൽ ഇതിനായി അനുവദിച്ച തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവാക്കി; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് M/s Linkwell Telesystems Pvt. Ltd എന്ന കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ എല്ലാ റേഷൻ കടകളിലും കോട്ടയം ഒഴികെയുള്ള ജില്ലകളിലെ ഓരോ ഫർക്കകളിലെ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കടകളിലെ എല്ലാ റേഷൻ വ്യാപാരികൾക്കും വകുപ്പിലെ ജീവനക്കാർക്കും ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. മറ്റുള്ള റേഷൻ വ്യാപാരികളുടെ പരിശീലനവും ഇ-പോസ് മെഷീന്റെ സ്ഥാപനവും തുടർന്നുവരുന്നു. റേഷൻ സംബന്ധിച്ച ട്രാൻസാക്ഷനുകൾ, സ്റ്റോക്ക് വിവരങ്ങൾ മുതലായവ e-pos.kerala.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ നിരീക്ഷിക്കാൻ സാധിക്കും.

(ബി) ഇ-പോസ് മെഷീനുകൾക്കായി സപ്ലൈകോ ടെൻഡർ ക്ഷണിച്ചിരുന്നു. ഇ-പോസ് മെഷീനുകളുടെ hardware, software, operation, maintenance, training, warranty, field level support എന്നിവയ്ക്കായി ആകെ 54,08,38,000 രൂപയ്ക്ക് M/s Linkwell Telesystems Pvt. Ltd എന്ന സ്ഥാപനവുമായാണ് കരാർ ഉറപ്പിച്ചിരിക്കുന്നത്.

(സി) പ്ലാൻ ഫണ്ടിൽ നിന്നും 54.72 കോടി രൂപ ഈ ആവശ്യത്തിലേയ്ക്കായി അനുവദിച്ചിട്ടുണ്ട്. ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതി പൂർത്തീകരിക്കുന്നതോടനുബന്ധിച്ച് ടി തുക ചെലവാക്കുന്നതാണ്.

**അട്ടപ്പാടിയിൽ റേഷൻ കടകൾ വഴി ഭക്ഷ്യധാന്യങ്ങൾ**

280 (T 3411) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ജനങ്ങളുടെ പട്ടിണി മാറ്റുവാൻ ചാമ, ചോളം, കൂവരക്, തിന, പയറുവർഗ്ഗങ്ങൾ എന്നിവ റേഷൻ കടകൾ വഴി നൽകുവാൻ തീരുമാനിച്ചിരുന്നോ; ഈ തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) അട്ടപ്പാടിയിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ തുടങ്ങുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) സപ്ലൈകോയുടെ മണ്ണാർക്കാട് ഡിപ്പോയുടെ കീഴിലുള്ള സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അട്ടപ്പാടി മേഖലയിലെ അഗളി, ഷോളയൂർ, പുത്തൂർ എന്നിവിടങ്ങളിലെ സ്ഥലങ്ങളിൽ ആഴ്ചയിൽ 6 ദിവസം നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നുണ്ട്. രാവിലെ 9.30 മുതൽ വൈകുന്നേരം 6.00 മണി വരെ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മാവേലി സ്റ്റോർ വിശേഷാവസരങ്ങളിലെ സൗജന്യ കിറ്റുകൾ അട്ടപ്പാടി മേഖലയിൽ ലഭ്യമാക്കുകയും ചെയ്യുന്നു.

**ഭക്ഷ്യധാന്യവിഹിതം പാഴാക്കാതിരിക്കാൻ നടപടി**

281 (3412) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതപ്പെട്ട എല്ലാവരും ഭക്ഷ്യധാന്യങ്ങൾ വാങ്ങണമെന്നും അല്ലെങ്കിൽ അനുവദിച്ചിട്ടുളള പട്ടികയിൽ കുറവു വരും എന്നും അത്തരത്തിൽ കുറവു വന്നാൽ ഭക്ഷ്യധാന്യവിഹിതം വെട്ടിക്കുറയ്ക്കുമെന്ന കേന്ദ്രസർക്കാർ സമീപനം നടപ്പാക്കപ്പെടും എന്നുമുള്ള കാര്യങ്ങൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ ധാന്യവിഹിതം പാഴാക്കാതിരിക്കാനും എല്ലാവരുടെയും റേഷൻ വിഹിതം അവരവർ വാങ്ങണം എന്നതും, ഈ വിഹിതം ആവശ്യമില്ലാത്തവർ അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ഒപ്പം റേഷൻകടക്കാരുടെ അഴിമതി ഒഴിവാക്കാനും വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ മാസത്തിലും അർഹമായ റേഷൻ വിഹിതം സംബന്ധിച്ച് മാധ്യമങ്ങൾ മുഖേനയും എസ്.എം.എസ്. സന്ദേശത്തിലൂടെയും റേഷൻ കടകൾക്ക് മുന്നിലായി സ്ഥാപിച്ചിരിക്കുന്ന ഭക്ഷ്യധാന്യ വിഹിതം സംബന്ധിച്ച ബോർഡുകളിലൂടെയും അറിയിപ്പ് നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം പൊതുവിതരണ സമ്പ്രദായത്തിൽ Give up പദ്ധതി (റേഷൻ സാധനങ്ങൾ ആവശ്യമില്ലാത്തവർക്ക് തങ്ങളുടെ കാർഡിന്റെ മറ്റാനുകൂല്യങ്ങൾ നഷ്ടപ്പെടാതെ തന്നെ റേഷൻ വിഹിതം കൂടുതൽ അർഹരായവർക്ക് വേണ്ടി

വേണ്ടന്നു വയ്ക്കാവുന്ന പദ്ധതി) നടപ്പാക്കുന്നതിനോടനുബന്ധിച്ച് റേഷൻ കാർഡ് പുതുക്കലിനുള്ള പ്രീ-പോപ്പുലേറ്റഡ് ഫോറത്തിൽ 13000-ൽപ്പരം കാർഡുടമകൾ റേഷൻ വിഹിതം ആവശ്യമില്ല എന്നറിയിച്ചിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച പത്രപരസ്യവും നൽകിയിട്ടുണ്ട്.

റേഷൻ കടകളിലൂടെയുള്ള ഭക്ഷ്യ ധാന്യ വിതരണം സുതാര്യമാക്കുന്നതിനായി കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കൽ, സോഷ്യൽ ഓഡിറ്റ്, പരാതി പരിഹാര സംവിധാനം ശക്തമാക്കൽ, സ്റ്റേറ്റ് ഫുഡ് കമ്മീഷൻ, ജില്ലാതല പരാതി പരിഹാര സംവിധാനം എന്നിവയുടെ പ്രവർത്തനം ആരംഭിക്കുക, വിജിലൻസ് കമ്മിറ്റി രൂപീകരിക്കുക, കാൾ സെന്റർ സ്ഥാപിക്കൽ എന്നിവ നടപ്പാക്കി വരുന്നു.

## പെട്രോളിയം, പാചക വാതകം എന്നിവയുടെ വിലവർദ്ധന

282 (3413) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തിനുശേഷം സംസ്ഥാനത്ത് പെട്രോളിയം ഉൽപ്പന്നങ്ങൾക്കും പാചക വാതകത്തിനും എത്ര ശതമാനം വില ഉയർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഇതിനുമുമ്പ് എപ്പൊഴൊക്കെ ഇവയ്ക്ക് വിലവർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016 മേയ് മാസത്തിനുശേഷം മോട്ടോർ സ്പിരിറ്റിന് 15.4%-വും ഹൈസ്പീഡ് ഡീസലിന് 23.8%-വും വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1-5-2016 മുതൽ 14.2 കിലോഗ്രാം എൽ.പി.ജി. സിലിണ്ടറിന്റെ വില 548 രൂപയായിരുന്നു. അർഹതയുള്ള ഉപഭോക്താക്കൾക്ക് 100.84 രൂപ സബ്സിഡിയിനത്തിൽ ലഭ്യമായിട്ടുണ്ട്. ആയതിനാൽ ടി കാലയളവിൽ ഗാർഹിക ഉപഭോക്താക്കൾക്ക് 447.16 രൂപയ്ക്ക് എൽ.പി.ജി. സിലിണ്ടർ ലഭ്യമായിട്ടുണ്ട്. എന്നാൽ 1-3-2018 മുതൽ 14.2 കിലോഗ്രാം എൽ.പി.ജി. സിലിണ്ടറിന്റെ വില 685.5 രൂപയും സബ്സിഡി ഇനത്തിൽ 185.91 രൂപയുമാണ് ലഭ്യമായിട്ടുള്ളത്. ആയതിനാൽ ഗാർഹിക ഉപഭോക്താക്കൾക്ക് 499.59 രൂപയ്ക്ക് എൽ.പി.ജി സിലിണ്ടർ ലഭ്യമാകുന്നു.

(ബി) 2016 മേയ് മാസം മുതൽ 6-3-2018 വരെ 294 പ്രാവശ്യം പെട്രോളിയം ഉൽപന്നങ്ങൾക്ക് വില വ്യത്യാസം വന്നിട്ടുണ്ട്. 8-6-2017 വരെയുള്ള കാലയളവിൽ രണ്ടാഴ്ചയിലൊരിക്കൽ ആണ് വിലവ്യത്യാസം വന്നിട്ടുള്ളത്. എന്നാൽ 9-6-2017 മുതൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിൽ എല്ലാ ദിവസവും വ്യത്യാസം വന്നിട്ടുണ്ട്. ഗാർഹിക എൽ.പി.ജി. സിലിണ്ടറുകളുടെ വിലയിൽ എല്ലാ മാസവും വ്യത്യാസം വരാറുണ്ട്.

## അരി വിതരണത്തിനുമുമ്പ് ഗുണനിലവാര പരിശോധന

283 (3414) ശ്രീ . മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ എഫ്.സി.ഐ. യിൽ നിന്നുള്ള അരി വിതരണത്തിനുമുമ്പ് ഏതെങ്കിലും തരത്തിലുള്ള ഗുണനിലവാര പരിശോധന നടത്താറുണ്ടോ ;

(ബി) ചാക്കുകളിൽ സൂക്ഷിക്കുന്ന അരിയിൽ കടന്നു കൂടുന്ന കീടങ്ങളെ നശിപ്പിക്കുന്നതിന് അപകടകരമായ കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നാഡീവ്യവസ്ഥയെ തകരാറിലാക്കുകയും മാരകരോഗങ്ങൾക്ക് കാരണമാവുകയും ചെയ്യുന്ന തരത്തിലുള്ള കീടനാശിനികൾ അപകടകരമായ തോതിൽ അടങ്ങിയിട്ടുള്ള ഇത്തരത്തിലുള്ള ഭക്ഷ്യധാന്യങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഭക്ഷ്യ യോഗ്യമാണെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്.

## വിവിധ വില്പനശാലകളിൽ നിന്ന് സബ്സിഡി സാധനങ്ങൾ വാങ്ങുന്നതായ ക്രമക്കേടുകൾ

284 (3415) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ റേഷൻ കാർഡ് ഉപയോഗിച്ചു തന്നെ സപ്ലൈകോയുടെ വിവിധ വില്പനശാലകളിൽ നിന്ന് സബ് സിഡി സാധനങ്ങൾ വാങ്ങുന്നതായുള്ള ക്രമക്കേടുകൾ ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം ക്രമക്കേടുകൾ നടക്കുന്നതുമൂലം അർഹരായ എല്ലാ ഉപഭോക്താക്കൾക്കും സബ്സിഡി സാധനങ്ങൾ ലഭിക്കുന്നില്ല എന്നതിനാൽ ഇതൊഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരം തട്ടിപ്പുകൾ വർദ്ധിക്കാൻ സാധ്യതയുള്ള ഉത്സവ സീസണുകളിൽ ഇപ്രകാരമുള്ള ക്രമക്കേടുകൾ തടയുന്നതിന് പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സപ്ലൈകോ വില്പനശാലകളിൽ നിന്നും ഒരു ഉപഭോക്താവിന്റെ റേഷൻ കാർഡിന് പ്രതിമാസം അനുവദിക്കുന്ന സബ്സിഡി സാധനങ്ങളുടെ അളവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ അളവ് പരിമിതിക്കുള്ളിൽ നിന്ന് കൊണ്ട് ഒരേ റേഷൻ കാർഡ് ഉപയോഗിച്ച് ഒന്നിലധികം സപ്ലൈകോ വില്പനശാലകളിൽ നിന്ന് സബ്സിഡി സാധനങ്ങൾ വാങ്ങുന്നത് അനുവദനീയമാണ്.

(ബി&സി) സപ്ലൈകോ വില്പനശാലകളിൽ നിന്നും ഒരു ഉപഭോക്താവിന് പ്രതിമാസം അനുവദനീയമായ സബ്സിഡി സാധനങ്ങളുടെ അളവ് നിയന്ത്രണം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ഓരോ തവണ സബ്സിഡി സാധനങ്ങൾ വാങ്ങുമ്പോഴും ഉപഭോക്താവിന്റെ റേഷൻ കാർഡിൽ ഓരോ ഇനത്തിന്റെയും വാങ്ങിയ അളവ് രേഖപ്പെടുത്തുകയും ബിൽ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ റേഷൻ കാർഡ് നമ്പർ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഉത്സവ സീസണുകളിലും ഈ രീതി പിന്തുടരുന്നതിനാൽ അളവ് നിയന്ത്രണം കർശനമായി പാലിക്കപ്പെടുന്നു.

**മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

285 (3416) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ;

(ബി) നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടക രഹിത കെട്ടിടവും തുടർന്ന് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് ആജീവനാന്ത വാടക രഹിത കെട്ടിടവും, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ലഭ്യമാക്കേണ്ടതും പ്രതിമാസ വിറ്റുവരവ് 4,00,000 രൂപ ആയിരിക്കേണ്ടതുമാണ്.

(ബി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾ പ്രകാരം അനുയോജ്യമായ കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സംഭരിച്ച നെല്ലിന്റെ വില കൃത്യസമയത്തുതന്നെ കർഷകർക്ക് നൽകുന്നതിന് നടപടി

286 (3417) <u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രംഗത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് നെല്ല് സംഭരിച്ച വകയിൽ കൊടുത്ത് തീർക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തു തീർക്കാൻ ഈ സർക്കാർ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് നെല്ല് സംഭരണം നടത്തുന്ന മറ്റ് ഏജൻസികൾ ഏതൊക്കെയാണ്;

(ഇ) നെല്ല് സംഭരണം യഥാസമയം നടത്തുന്നതിനും സംഭരിച്ച നെല്ലിന്റെ വില കൃത്യസമയത്തുതന്നെ കർഷകർക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന്റെ നോഡൽ ഏജൻസിയായി സപ്ലൈകോ പ്രവർത്തിച്ചു വരുന്നു. ഈ പദ്ധതി പ്രകാരം കേരളത്തിലെ കർഷകരിൽ നിന്നും, സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണ വിലയ്ക്ക്, നെല്ല് സംഭരിച്ച് അരിയാക്കിമാറ്റി പൊതുവിതരണ സമ്പ്രദായത്തിലൂടെ ജനങ്ങൾക്ക് വിതരണം ചെയ്യുന്നു.

(സി) ഈ സർക്കാർ അധികാരമേറ്റ 2016 മേയ് മാസം വരെയുള്ള കണക്ക് പ്രകാരം 289.18 കോടി രൂപ (ഇരുന്നൂറ്റി എൺപത്തിയൊൻപത് കോടി പതിനെട്ട് ലക്ഷം രൂപ മാത്രം) സംസ്ഥാന സർക്കാർ വിഹിതമായി സപ്ലൈകോയ്ക്ക് നൽകാനുണ്ടായിരുന്നു.

(ഡി) വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം സപ്ലൈകോ മാത്രമാണ് സംഭരണ ഏജൻസി ആയിട്ടുള്ളത്.

(ഇ) സ്വീകരിച്ചിട്ടുണ്ട്. നെല്ലിന്റെ വില നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പി.ആർ.എസ്. ലോൺ മുഖേന സമയബന്ധിതമായി കർഷകർക്ക് നെല്ലിന്റെ വില വിതരണം നടത്തുന്നുണ്ട്.

## കേരളത്തിലെ നെല്ലുസംഭരണം

287 (3418) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുസംഭരണം കാര്യക്ഷമമാക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ; നെല്ലിന്റെ സംഭരണവില പുതുക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സപ്ലൈകോ നടത്തിയ നെല്ല് സംഭരണത്തിൽ കർഷകർക്ക് നെല്ലിന്റെ വില നൽകാനുണ്ടോ; എങ്കിൽ എത്ര തുകയാണ് നൽകാനുള്ളതെന്ന് അറിയിക്കാമോ;

(സി) ഈ സീസണിൽ സപ്ലൈകോ എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്നറിയിക്കാമോ; എന്ത് നിരക്കിലാണ് സംഭരണം നടത്തിയത് എന്നറിയിക്കുമോ;

(ഡി) സംസ്ഥാനവിഹിതം നൽകാത്തതിനാൽ കേന്ദ്ര വിഹിതം മാത്രം വിതരണം ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ഇ) പി.ആർ.എസ്. വായ്പാ പദ്ധതി നടപ്പിലാക്കിയോ; അതിന്റെ ലക്ഷ്യം നേടാനായിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സപ്ലൈകോയുടെ നേതൃത്വത്തിൽ നടക്കുന്ന നെല്ല് സംഭരണ പദ്ധതി കാര്യക്ഷമമായി നടന്നുവരുന്നു. സംഭരണ വില പുതുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

(ബി) സപ്ലൈകോ സംഭരിച്ച നെല്ലിന്റെ സംഭരണ വിലയായി 7-3-2018 വരെയുള്ള കണക്ക് പ്രകാരം 118.58 കോടി രൂപ കൂടി കർഷകർക്ക് വിതരണം ചെയ്യാനുണ്ട്.

(സി) ഈ സീസണിൽ 7-3-2018 വരെയുള്ള കണക്ക് പ്രകാരം കിലോ ഗ്രാമിന് 23.30 രൂപ നിരക്കിൽ 1.82 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) നടപ്പിലാക്കിയിട്ടുണ്ട്. പി.ആർ.എസ് ലോൺ പദ്ധതി പ്രകാരം കർഷകരിൽ നിന്നും നെല്ല് ഏറ്റെടുത്തതിനുശേഷം സമയബന്ധിതമായി തന്നെ നെല്ലിന്റെ വില കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്നുണ്ട്.

**സപ്ലൈകോയിലെ താൽക്കാലിക ജീവനക്കാരുടെ വേതനം**

288 (3419) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ താൽക്കാലിക പാക്കിംഗ് ജീവനക്കാർക്ക് നിലവിൽ എത്ര രൂപയാണ് ദിവസ വേതനമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ; ഈ ജീവനക്കാരുടെ ദിവസ വേതനം മിനിമം അറുന്നൂറ് രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം താൽക്കാലിക ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എൻ.എഫ്.എസ്.എ.(നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്) യുമായി ബന്ധപ്പെട്ടുള്ള തസ്തികകളിൽ സപ്ലൈകോ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയിലെ താൽകാലിക പാക്കിംഗ് ജീവനക്കാർക്ക് പാക്കറ്റ് ഒന്നിന് 75 പൈസ ആണ് നൽകിവരുന്നത്. ഇത് പാക്കറ്റ് ഒന്നിന് 1 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 22-9-2016-ലെ 222/2016/F&CSD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താൽക്കാലിക ജീവനക്കാരുടെ ദിവസവേതനം 7-9-2016 മുതൽ 250 രൂപയിൽ നിന്നും 350 രൂപയായി വർദ്ധിപ്പിച്ചിട്ട് ആയത് 425 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 318 തസ്തികകൾ സപ്ലൈകോയിൽ സൃഷ്ടിച്ചിട്ടുള്ളതും ആയതിൽ 42 ഡെപ്യൂട്ടേഷൻ തസ്തികകൾ ഒഴികെയുള്ള 276 തസ്തികകളും സപ്ലൈകോയിലെ ജീവനക്കാർക്ക് വേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. ആയതിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനും പി.എസ്.സി. മുഖേനയുള്ള നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

## വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ സജ്ജമാക്കിയ ഗോഡൗണുകൾ

289 (3420) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ എല്ലാ ജില്ലകളിലും ഗോഡൗണുകൾ സജ്ജമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) സ്വകാര്യ വ്യക്തികളിൽ നിന്നും ഗോഡൗണുകൾ വാടകയ്ക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ പ്രതിമാസം സപ്ലൈകോയ്ക്ക് ഈയിനത്തിൽ എന്ത് ചെലവ് വരുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വാടകയ്ക്കെടുത്ത 54 ഗോഡൗണുകൾക്കായി പ്രതിമാസം 34.87 ലക്ഷം രൂപ (മുപ്പത്തിനാല് ലക്ഷത്തി എൺപത്തിയേഴായിരം രൂപ മാത്രം) വാടകയിനത്തിൽ സപ്ലൈകോയ്ക്ക് ചെലവ് വരുന്നുണ്ട്.

**സപ്ലൈകോയിൽ കാലാവധി കഴിഞ്ഞ ഭക്ഷ്യ വസ്തുക്കൾ**

290 (3421) <u>ശ്രീ. അനൂപ് ജേക്കബ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷക്കാലയളവിൽ സപ്ലൈകോയിൽ കാലാവധി കഴിഞ്ഞ ഭക്ഷ്യ വസ്തുക്കൾ സംഭരിച്ച് വിതരണം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് തരം ഭക്ഷ്യ വസ്തുവാണ് ഇപ്രകാരം വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

**സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന പദ്ധതി**

291 (T3422) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സന്നദ്ധസംഘടനകളുമായി സഹകരിച്ച് അർഹരായവർക്ക് ഉച്ചഭക്ഷണം സൗജന്യമായി നൽകുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതി വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ടോ;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ ആദിവാസി വിഭാഗത്തിലെ മധു എന്ന ചെറുപ്പക്കാരൻ വിശന്നിട്ട് ഭക്ഷണം മോഷ്ടിച്ചുവെന്ന കുറ്റമാരോപിക്കപ്പെട്ട് ക്രൂരമായി കൊല ചെയ്യപ്പെട്ടത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കൊലപാതകത്തിന്റെ അടിസ്ഥാനത്തിൽ വിശപ്പ് രഹിത കേരളം പദ്ധതി ഒരു പരാജയമാണെന്ന് വകുപ്പ് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നല്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണ് വിശപ്പ് രഹിത കേരളം പദ്ധതി. ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള കുടുംബശ്രീ, മറ്റ് സർക്കാർ/സർക്കാർ ഇതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോട് കൂടിയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പ്രാരംഭ ഘട്ടമെന്ന നിലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ നിലവിൽ ആരംഭിച്ചിട്ടില്ല.

(ബി) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ 97-ാം നമ്പർ റേഷൻ കടയിലെ എ.എ.വൈ. (എൻ.ഇ.) കാർഡുടമയായ ശ്രീമതി മല്ലിയുടെ മകനായിരുന്ന മധു. മല്ലിയും മകനും മാത്രം അംഗങ്ങളായുള്ള ഈ കാർഡിന് എല്ലാ മാസവും കൃത്യമായി റേഷൻ സാധനങ്ങൾ നല്കിയിരുന്നു. ഫെബ്രുവരി മാസത്തെ റേഷൻ സാധനങ്ങൾ ഫെബ്രുവരി ആദ്യവാരം തന്നെ നല്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിന് യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല.

(സി) ഇല്ല. വിശപ്പ് രഹിത കേരളം പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ 2017-18 സാമ്പത്തികവർഷം ആരംഭിച്ചതാണ്. 2018-19 സാമ്പത്തികവർഷം എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ പൈലറ്റ് പദ്ധതി ആലപ്പുഴ ജില്ലയിൽ ആരംഭിക്കുന്നതേയുള്ളൂ. നിലവിൽ പാലക്കാട് ജില്ലയിൽ പദ്ധതി ആരംഭിച്ചിട്ടില്ല. ആയതിനാൽ പരാമർശ വിഷയത്തിന്റെ അടിസ്ഥാനത്തിൽ വിശപ്പ് രഹിത കേരളം പദ്ധതി ഒരു പരാജയമാണെന്ന് വിലയിരുത്താൻ കഴിയില്ല.

## കോതമംഗലം മാമലക്കണ്ടത്ത് മാവേലി സ്റ്റോർ ആരംഭിക്കുവാൻ നടപടി

292(3423) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ മാമലക്കണ്ടം പ്രദേശത്ത് നിലവിൽ മാവേലി സ്റ്റോറോ, മൊബൈൽ മാവേലി സ്റ്റോറോ ഇല്ലാത്ത സാഹചര്യത്തിൽ പ്രദേശത്തിന്റെ പിന്നാക്കാവസ്ഥ പരിഗണിച്ച് ഒരു മാവേലി സ്റ്റോർ പുതുതായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മാമലക്കണ്ടത്തേക്കുള്ള റോഡ് സൗകര്യം വർദ്ധിക്കുകയും കെ.എസ്.ആർ.ടി.സി. ഉൾപ്പെടെ മൂന്ന് ബസ്സുകൾ സർവ്വീസ് നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ മൊബൈൽ മാവേലി സ്റ്റോർ സേവനം അടിയന്തരമായി ലഭ്യമാക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ പഞ്ചായത്തിൽ ഉൾപ്പെടുന്ന സ്ഥലമാണ് മാമലക്കണ്ടം. ടി പഞ്ചായത്തിൽ കുട്ടമ്പുഴയിലും വടാട്ടുപാറയിലും നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. മൂവാറ്റുപുഴയിൽ നിന്നും ഏകദേശം 47 കിലോ മീറ്റർ അകലെയുള്ള മാമലക്കണ്ടം പ്രദേശത്ത് സപ്ലൈകോയുടെ മൂവാറ്റുപുഴ ഡിപ്പോയുടെ കീഴിലുള്ള സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന്റെ നിലവിലെ ഷെഡ്യൂളിൽ മാറ്റം വരുത്തി സേവനം നടത്തുന്നത് പ്രായോഗികമല്ല. പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിന് വാഹനം വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന്റെയോ, എം.എൽ.എ. ഫണ്ടിൽ നിന്നോ സാമ്പത്തിക സഹായം ലഭ്യമായാൽ മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

## സപ്ലൈകോ ജീവനക്കാർക്കുള്ള പ്രൊമോഷൻ റൂൾ

293 (3424) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ജീവനക്കാർക്ക് അൻപത് ശതമാനം പ്രൊമോഷൻ നൽകുവാൻ തീരുമാനിച്ച 4-9-2010-ലെ പ്രൊമോഷൻ റൂൾ GO Ms 30/2010 F & CSD നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി ഈ റൂൾ നടപ്പിലാക്കുവാൻ നടപടി കൈക്കൊള്ളുമോ;

(ബി) പ്രസ്തുത റൂൾ നടപ്പിലാക്കുവാൻ എന്തെങ്കിലും തടസ്സം നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 4-9-2010-ലെ പ്രമോഷൻ റൂൾ G.O(Ms) 30/2010/ F&CSD നടപ്പിലാക്കിയിട്ടില്ല. സപ്ലൈകോയിലെ മുഴുവൻ ജീവനക്കാരുടെയും സേവന വ്യവസ്ഥകൾക്കായുള്ള കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കോമൺ സർവ്വീസ് റൂൾസ് 2015 രൂപീകരണം സർക്കാരിന്റെ പരിഗണനയിലാണ്.

**നെൽ കർഷകർക്കുള്ള കുടിശ്ശിക തുക**

294 (3425) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ ഒന്നാം വിള നെല്ല് സംഭരിച്ചതിന്റെ ഭാഗമായി നെൽ കർഷകർക്കുള്ള കുടിശ്ശിക തുക പൂർണ്ണമായും നൽകിയോ;

(ബി) ഇല്ലായെങ്കിൽ കുടിശ്ശിക തുക പൂർണ്ണമായും എന്ന് വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2017-ൽ ഒന്നാം വിള നെല്ല് സംഭരിച്ചതിന്റെ ഭാഗമായി നെൽ കർഷകർക്കുള്ള കുടിശ്ശിക തുക പൂർണ്ണമായും നൽകിയിട്ടില്ല. 2018 മാർച്ച് 31-ന് മുമ്പ് ടി തുക നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**രണ്ടാം വിള നെൽകൃഷിയുടെ നെല്ല് സംഭരണം**

295 (3426) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തിൽ സംസ്ഥാനത്ത് രണ്ടാംവിള നെൽകൃഷിയുടെ നെല്ല് സംഭരിക്കുന്നതിനുള്ള രജിസ്ട്രേഷൻ എന്നാരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെ എത്ര രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ടെന്നും ആർക്കൊക്കെ ഏതൊക്കെ ജില്ലകളിലാണ് രജിസ്ട്രേഷൻ ലഭിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) മേൽകാലയളവിൽ രണ്ടാംവിള നെൽകൃഷിയുടെ നെല്ല് സംഭരണത്തിനായി എത്ര തുക സർക്കാർ വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സീസണിൽ രണ്ടാംവിള കൃഷിയുടെ നെല്ല് സംഭരിക്കുന്നതിനുള്ള രജിസ്ട്രേഷൻ 5-12-2017 മുതൽ ആരംഭിച്ചിട്ടുണ്ട്.

(ബി) 2017-18 സീസണിൽ ഇതുവരെ 195003 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു.

| ക്രമ നമ്പർ | ജില്ല | രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 682 |
| 2 | കൊല്ലം | 758 |
| 3 | പത്തനംതിട്ട | 2690 |
| 4 | ആലപ്പുഴ | 47778 |
| 5 | കോട്ടയം | 22206 |
| 6 | ഇടുക്കി | 83 |
| 7 | എറണാകുളം | 2339 |
| 8 | തൃശ്ശൂർ | 34889 |
| 9 | പാലക്കാട് | 76217 |
| 10 | മലപ്പുറം | 4808 |
| 11 | കോഴിക്കോട് | 78 |
| 12 | വയനാട് | 2098 |
| 13 | കണ്ണൂർ | 232 |
| 14 | കാസർഗോഡ് | 145 |

(സി) 2017-18 സാമ്പത്തികവർഷം നെല്ല് സംഭരണത്തിനായി സംസ്ഥാന സർക്കാർ 525 കോടി രൂപ വകയിരുത്തുകയും അതിൽ 268.25 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിൽ സിവിൽ സപ്ലൈസിന്റെ നെല്ല് സംഭരണം

296 (3427) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ സിവിൽ സപ്ലൈസിന്റെ നെല്ല് സംഭരണത്തിന് മില്ലുടമകളുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കരാർ പ്രകാരം കൊയ്ത്തു കഴിഞ്ഞ് നെല്ല് വാഹനത്തിൽ കയറ്റുന്നതുവരെയുള്ള പ്രവൃത്തികൾക്ക് നൽകി വരുന്ന തുക ക്വിന്റലിന് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഈ പ്രവൃത്തികൾ ചെയ്തുവരുന്ന കർഷകർക്ക് സർക്കാർ അനുവദിക്കുന്ന സംഖ്യ മില്ലുടമകൾ തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മില്ലുടമകൾക്കുവേണ്ടി കർഷകർ നടത്തുന്ന മേൽസൂചിപ്പിച്ച പ്രവൃത്തിക്കുള്ള തുക കർഷകർക്ക് തന്നെ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ഈ പ്രശ്നത്തിൽ തൃശ്ശൂരിൽ വച്ച് കൃഷി വകുപ്പ് മന്ത്രിയുടെയും തുടർന്ന് ജില്ലാ കളക്ടറുടെയും കർഷകപ്രതിനിധികളുടെയും മില്ലുടമകളുടെയും സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങളുടെ ഭാഗമായി സർക്കാർ എടുത്ത നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സർക്കാർ മാനദണ്ഡ പ്രകാരം ഗുണനിലവാരമുള്ള അരിയാക്കി സപ്ലൈകോയെ തിരികെ ഏൽപ്പിക്കുവാനാണ് തൃശ്ശൂർ ജില്ലയിൽ മില്ലുകാരുമായി കരാർ ഒപ്പിട്ടിട്ടുള്ളത്.

(ബി-ഡി) സംസ്ഥാനത്തെ നെല്ല് സംഭരണത്തിൽ കർഷകർ നടത്തുന്ന നെല്ല് ചാക്കിലാക്കൽ, ചാക്ക് തുന്നിക്കെട്ടൽ, തൂക്കം നോക്കൽ എന്നീ പ്രവൃത്തികൾക്കുള്ള തുക കർഷകർക്ക് നൽകുന്നതിനെപ്പറ്റി മില്ലുകാരുമായി ഒപ്പിട്ടിട്ടുള്ള കരാറിൽ പ്രതിപാദിച്ചിട്ടില്ല. എന്നാൽ മില്ലുകാരുമായി ഒപ്പിട്ടിട്ടുള്ള കരാർ പ്രകാരം കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിനായി ചണചാക്കുകൾ നൽകുന്നതിനും തൂക്കം നോക്കുന്നതിനും ലോഡിംഗിനും ട്രാൻസ്പോർട്ടേഷനും ആവശ്യമായി വരുന്ന ചെലവുകൾ മില്ലുകാർ തന്നെ വഹിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

കർഷകരിൽ നിന്നും നെല്ല് ഏറ്റെടുത്തുമുതൽ സംസ്കരിച്ച് അരിയാക്കി വിതരണ യോഗ്യമാക്കുന്നതുവരെയുള്ള പ്രവൃത്തികൾക്ക് പ്രോസസ്സിംഗ് ചാർജ്ജായി ഒരു ക്വിന്റൽ നെല്ലിന് 214 രൂപ സപ്ലൈകോ മില്ലുകാർക്ക് നൽകിവരുന്നു. ടി തുകയിൽ നിന്നും 12 രൂപ ഒരു ക്വിന്റൽ നെല്ല് ലോറിയിൽ കയറ്റുന്നതിനുള്ള കയറ്റുകൂലിയായി കർഷകർക്ക് നൽകാൻ മില്ലുകാരോട് നിർദ്ദേശിച്ചിട്ടുള്ളതും ആയത് കൃത്യമായി കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ഇ) തൃശ്ശൂർ ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## നെല്ലിന്റെ സംഭരണവില

297 (3428) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സപ്ലൈകോ നെല്ല് സംഭരിച്ചവകയിൽ 2018 ജനുവരി 31 വരെ എത്ര രൂപ കർഷകർക്ക് നൽകാനുണ്ട്; പ്രസ്തുത കുടിശ്ശിക അടിയന്തരമായി കൊടുത്ത് തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

### ഉത്തരം

(എ) നെല്ലിന്റെ സംഭരണ വില 2016-17 സീസണിൽ ഒരു രൂപ വർദ്ധിപ്പിച്ച് കിലോ ഗ്രാമിന് 22.50 രൂപ (ഇരുപത്തിരണ്ട് രൂപ അമ്പത് പൈസ മാത്രം)യ്ക്കാണ് സംഭരണം നടത്തിയത്. 2017-18 സീസണിൽ മിനിമം സപ്പോർട്ട് പ്രൈസിലെ 80 പൈസ വർദ്ധനവ് ഉൾപ്പെടെ കിലോ ഗ്രാമിന് 23.30 രൂപ (ഇരുപത്തിമൂന്ന് രൂപ മുപ്പത് പൈസ മാത്രം)-യ്ക്കാണ് സംഭരണം നടത്തി വരുന്നത്.

(ബി) നെല്ല് സംഭരിച്ച വകയിൽ 2018 ജനുവരി 31 വരെ 51.95 കോടി രൂപ (അമ്പത്തിയൊന്ന് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ മാത്രം) കർഷകർക്ക് നൽകാനുണ്ട്. ആയത് 2018 മാർച്ച് 31-ന് മുമ്പ് നൽകാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**വിശപ്പ് രഹിത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ**

298 (3429) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഹോട്ടലുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം മാറ്റുവാനുണ്ടായ സാഹചര്യമെന്താണ്; വിശദമാക്കാമോ;

(സി) സ്വകാര്യ ഹോട്ടലുകളുമായി സഹകരിച്ച് അശരണർക്ക് ഉച്ചഭക്ഷണം നൽകുന്നതിന് പദ്ധതി പരിഗണിച്ചിരുന്നോ; എന്തുകൊണ്ടാണ് പ്രസ്തുത പദ്ധതി ഉപേക്ഷിക്കേണ്ടി വന്നത്; വ്യക്തമാക്കുമോ;

(ഡി) വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള തുടർപ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; ഇതിനായി എന്ത് തുക 2018-19-ൽ നീക്കി വച്ചിട്ടുണ്ട്;

(ഇ) 2017-18-ലെ ബഡ്ജറ്റിൽ ഇക്കാര്യത്തിനായി നീക്കി വച്ച തുകയിൽ എത്ര തുക ചെലവഴിച്ചു;വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നല്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണ് വിശപ്പ് രഹിത കേരളം പദ്ധതി. ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള സർക്കാർ/സർക്കാർ ഇതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പ്രാരംഭഘട്ടമെന്ന നിലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലായിരിക്കും പദ്ധതി ആദ്യം നടപ്പിലാക്കുക.

(സി) ഇല്ല.

(ഡി) 2018-19 സാമ്പത്തികവർഷത്തിൽ ഈ പദ്ധതിയ്ക്കായി 14 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് അടുത്ത സാമ്പത്തികവർഷം എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) 2017-18 ബഡ്ജറ്റിൽ ഇക്കാര്യത്തിനായി നീക്കിവച്ച 70 ലക്ഷം രൂപയിൽ 40,89,375 രൂപ പ്രാരംഭഘട്ടമെന്ന നിലയിൽ ഈ പദ്ധതി ആരംഭിക്കുന്നതിന് ആലപ്പുഴ ജില്ലയ്ക്ക് നല്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയ്ക്കും പദ്ധതി നടത്തിപ്പിനായി നടപ്പുസാമ്പത്തികവർഷം തന്നെ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികളുടെ റേഷൻ പെർമിറ്റ്

299 (3430) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് എസ്റ്റാബ്ലീഷ്മെൻറ് പെർമിറ്റ് വെൽഫെയർ വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ അരി നൽകിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെർമിറ്റ് പുതുക്കിയപ്പോൾ പ്രതിമാസം 17.55 ക്വിന്റൽ അരി എന്നത് 8.5 ക്വിന്റലായി കുറച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം അന്തേവാസികൾക്ക് ആവശ്യമായ അരി ലഭിക്കാത്തതും അനുവദിച്ച അരി യഥാസമയം ലഭ്യമാകാത്തതും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അടിയന്തരമായി റേഷൻ പെർമിറ്റ് പുതുക്കി നൽകി അന്തേവാസികൾക്ക് കൂടുതൽ അരി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ സ്ഥാപനത്തിന്റെ പെർമിറ്റ് എ.പി.എൽ. വിഭാഗത്തിലെ എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് ആയിരുന്നപ്പോഴാണ് എ.പി.എൽ. നിരക്കായ കിലോഗ്രാമിന് 8.90 രൂപയ്ക്ക് 17.55 ക്വിന്റൽ അരി നല്കിയിരുന്നത്. എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് പ്രകാരം വിതരണം നടത്തേണ്ട ഭക്ഷ്യധാന്യങ്ങൾ ടൈഡ് ഓവർ വിഹിതത്തിൽ നിന്നും വകമാറ്റി നല്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ചാലക്കുടി എം.എൽ.എ.-യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 26-7-2017-ലെ എ 4-1410/ 2013 നമ്പർ നടപടിക്രമം പ്രകാരം വെൽഫെയർ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ടി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ 170 അന്തേവാസികളുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിലവിലെ വെൽഫെയർ പെർമിറ്റ് പ്രകാരം നല്കുന്ന ഭക്ഷ്യധാന്യത്തിന്റെ തോതായ ആളൊന്നിന് 5 കിലോഗ്രാം അരി സൗജന്യമായും 2 കിലോഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും നല്കി വരുന്നുണ്ട്.

(സി) വെൽഫെയർ വിഭാഗത്തിന് കേന്ദ്ര അലോട്ട്മെന്റ് നിലവിൽ ലഭ്യമല്ലെങ്കിലും നിലവിലെ എ.എ.വൈ. വിഹിതത്തിൽ നിന്നും വകമാറ്റി വെൽഫെയർ പെർമിറ്റിന്റെ റേഷൻ സാധനങ്ങൾ കൃത്യമായി നല്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഡി) നിലവിലെ പെർമിറ്റ് കാലാവധി അവസാനിക്കുന്നതനുസരിച്ച് പുതുക്കി നല്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കേന്ദ്ര സർക്കാർ കേരളത്തിന് നൽകിയിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ**

300 (3431) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം എത്രമാത്രം ഭക്ഷ്യധാന്യങ്ങളാണ് കേന്ദ്ര സർക്കാർ കേരളത്തിന് നൽകിയിട്ടുള്ളത്;

(ബി) കേരളം ആവശ്യപ്പെട്ട അളവനുസരിച്ച് കേന്ദ്രം ഭക്ഷ്യധാന്യങ്ങൾ നൽകിയിട്ടുണ്ടോ; ഓരോ പ്രാവശ്യവും ലഭിച്ച അളവ് സഹിതം വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ വന്ന ശേഷം ആകെ 26,95,213.451 മെ.ടൺ ഭക്ഷ്യധാന്യങ്ങൾ കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായിട്ടുണ്ട്.

(ബി) ഇല്ല. ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യ അളവ് (പ്രതിവർഷം 14.25 ലക്ഷം മെ.ടൺ) കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ അഡ്ഹോക്ക് വിഹിതമുൾപ്പെടെ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ ലഭ്യമായിക്കൊണ്ടിരുന്ന അതേ അളവ് നിലനിർത്തുന്നതിനായി സംസ്ഥാനം കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടുവെങ്കിലും ടി ആവശ്യം നിരാകരിക്കുകയാണുണ്ടായത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ പ്രാവശ്യവും ലഭിച്ച ഭക്ഷ്യധാന്യങ്ങളുടെ അളവ് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## താത്ക്കാലിക ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിന് നടപടി

301 (3432) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ സ്ഥാപനങ്ങളിൽ പാക്കിംഗ് മേഖലയിലടക്കം ജോലി ചെയ്തു വരുന്ന താൽക്കാലിക ജീവനക്കാരുടെ വേതനം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗം ജീവനക്കാരുടെ വേതന വ്യവസ്ഥ പരിഷ്കരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തരത്തിലുള്ള ആലോചനയുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) സമയബന്ധിതമായി ഈ വിഭാഗം ജീവനക്കാരുടെ വേതന വ്യവസ്ഥ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ-സി) സപ്ലൈകോയിലെ പെട്രോൾ പമ്പുകളിലെ താൽക്കാലിക ജീവനക്കാരുടെ ദിവസവേതനം 10-8-2017 മുതൽ 350 രൂപയിൽ നിന്ന് 500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വിൽപ്പനശാലകളിലും മറ്റു സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന താൽകാലിക ജീവനക്കാരുടെ ദിവസവേതനം 7-9-2016 മുതൽ 250 രൂപയിൽ നിന്നും 350 രൂപയായും പാക്കിംഗ് മേഖലയിൽ ജോലി ചെയ്തുവരുന്ന താൽക്കാലിക ജീവനക്കാരുടെ വേതനം പാക്കിംഗ് ചാർജ്ജ് പാക്കറ്റൊന്നിന് 50 പൈസയിൽ നിന്നും 75 പൈസയായും വർദ്ധിപ്പിച്ചിട്ടുണ്ട്. താൽകാലിക ജീവനക്കാരുടെ വേതനം 450 രൂപയായും പാക്കിംഗ് ജീവനക്കാർക്ക് പാക്കറ്റ് ഒന്നിന് 75 പൈസ നൽകിവരുന്നത് 1 രൂപയായും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

## ഭക്ഷ്യസുരക്ഷാ പരിശോധനയിൽ കണ്ടെത്തിയ ബ്രാൻഡുകൾ/കമ്പനികൾ

302(3433) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ പരിശോധനയ്ക്കായി വിജിലൻസ് ടീം നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ടീം നടത്തിയ പരിശോധനകളും സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യ സുരക്ഷാ/ഗുണമേൻമ പരിശോധനയിൽ ഉപയോഗ യോഗ്യമല്ലെന്ന് കണ്ടെത്തിയ വെളിച്ചെണ്ണ, പാൽ, ഐസ്ക്രീം എന്നിവയുടെ ബ്രാൻഡുകൾ/കമ്പനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൊബൈൽ വിജിലൻസ് സ്ക്വാഡ് നിലവിലുണ്ട്.

തിരുവനന്തപുരം മൊബൈൽ വിജിലൻസ് സ്ക്വാഡ് 2017 ഏപ്രിൽ മുതൽ 2018 ഫെബ്രുവരി വരെ ലഭിച്ച 172 പരാതികളിൽ സമയബന്ധിതമായി അന്വേഷിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ പരാതി ലഭിച്ചിട്ടുള്ള

വെളിച്ചെണ്ണ, തേയില, കുപ്പിവെള്ളം, മത്സ്യം, പപ്പടം, മുളകുപൊടി എന്നിവയുടെ സാമ്പിളുകൾ സ്പെഷ്യൽ ഡ്രൈവ് നടത്തി ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 241 ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. പരിശോധനാഫലത്തിൽ മായം ചേർത്തതായി കണ്ടെത്തിയ കേസ്സുകളിൽ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എറണാകുളം മൊബൈൽ വിജിലൻസ് സ്ക്വാഡ് ഈ സാമ്പത്തികവർഷം 125 സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചതിൽ 22 എണ്ണം ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയതിനാൽ കേസ്സ് രജിസ്റ്റർ ചെയ്യുന്നതിനായി ജില്ലാ ഓഫീസർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണങ്ങൾ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മുളകുപൊടി, പാൽ, വെളിച്ചെണ്ണ, ചിക്കൻ, കുപ്പിവെള്ളം, കാസിയ, മത്സ്യം എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. സ്കൂൾ, ഹോസ്പിറ്റൽ ക്യാന്റീൻ, ഹോട്ടൽ/ബേക്കറി എന്നിവിടങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ ഓണം, ക്രിസ്തുമസ് സ്കൂൾ കലോത്സവം, ശിവരാത്രി മഹോത്സവം എന്നിവയുമായി ബന്ധപ്പെട്ട് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചും പരിശോധനകൾ നടത്തിയിട്ടുണ്ട്.

കോഴിക്കോട് മൊബൈൽ വിജിലൻസ് സ്ക്വാഡ് 2017-18 കാലയളവിൽ 887 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 267 സ്ഥാപനങ്ങൾക്ക് പോരായ്മകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത കാലയളവിൽ 124 സാമ്പിളുകൾ ശേഖരിക്കുകയും നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തിയ 41 ബ്രാന്റുകൾക്കെതിരെ നടപടികൾക്ക് ശിപാർശ ചെയ്തിട്ടുള്ളതും 15 കേസ്സുകൾ ഫയൽ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത കാലയളവിൽ 21 ടോൾഫ്രീ പരാതിയിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) ഭക്ഷ്യസുരക്ഷാ/ഗുണമേന്മാ പരിശോധനയിൽ വെളിച്ചെണ്ണ, ഐസ്ക്രീം, പാൽ എന്നിവ ഉപയോഗയോഗ്യമല്ലായെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ മായം കലർത്തിയതായും മിസ്ബ്രാന്റഡ് ആയും കണ്ടെത്തിയിട്ടുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റേഷൻകടകൾ വഴി സബ്സിഡി നിരക്കിൽ നൽകിവരുന്ന സാധനങ്ങൾ

303 (3434) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകടകൾ വഴി എന്തൊക്കെ സാധനങ്ങളാണ് ഇപ്പോൾ സബ്സിഡി നിരക്കിൽ നൽകിവരുന്നത്;

(ബി) റേഷൻ കടകൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനും റേഷൻ കടക്കാരുടെ വേതനം യഥാസമയം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(സി) കർഷകരിൽ നിന്നും ശേഖരിക്കുന്ന നെല്ല് അരിയാക്കി റേഷൻ കടവഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര, ആട്ട എന്നീ സാധനങ്ങൾ സബ്സിഡി നിരക്കിൽ റേഷൻ കടകൾ വഴി നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളുടെ നവീകരണത്തിനും മറ്റ് പലചരക്കുകൾ കൂടി വിൽക്കുന്ന കടകളായി അവയെ രൂപാന്തരപ്പെടുത്തുന്നതിനും കെ.എസ്.എഫ്.ഇ. വഴി പലിശ രഹിത വായ്പ ലഭ്യമാക്കുവാൻ 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ നിർദ്ദേശമുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 പൂർണ്ണമായ രീതിയിൽ സംസ്ഥാനത്ത് നടപ്പാക്കിയതിനുശേഷം മാത്രമേ റേഷൻ കടകൾ നവീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയുള്ളൂ.

10-11-2017-ലെ സ.ഉ.(കൈ)നമ്പർ 29/2017/ഭ.പൊ.വി.വ. പ്രകാരം ഇ-പോസ് മെഷീൻ സ്ഥാപിച്ച കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളുടെ ലൈസൻസികൾക്ക് റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് നടപ്പിലാക്കി വരുന്നു. ആയത് സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*. മറ്റു കടകളിൽ ഇ-പോസ് സ്ഥാപിച്ചതിനുശേഷം നടപ്പിലാക്കുന്നതാണ്.

(സി) കർഷകരിൽനിന്നും ശേഖരിക്കുന്ന നെല്ല് അരിയാക്കി റേഷൻകടകൾ വഴി വിതരണം ചെയ്തുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉല്പന്നങ്ങളുടെ അളവിലും തൂക്കത്തിലുമുള്ള കുറവ്

304(3435) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന പെട്രോളിയം ഉല്പന്നങ്ങളും പാചകവാതകങ്ങളും അളവിലും തൂക്കത്തിലും കുറവില്ലാതെ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ പരിശോധനകളാണ് ഇത് സംബന്ധിച്ച് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധാരണ പരിശോധനകളും മിന്നൽ പരിശോധനകളും, സ്പെഷ്യൽ ഡ്രൈവുകളും നടത്തി വരുന്നു.

## അളവ് തൂക്ക വെട്ടിപ്പ് തടയാൻ നടപടി

305 (3436) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾ അളവ് തൂക്കങ്ങളുടെ കാര്യത്തിലും വിലയിലും വ്യാപകമായി വഞ്ചിക്കപ്പെടുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) റേഷൻ കടകൾ, പെട്രോൾ പമ്പുകൾ, പാതയോര കച്ചവട സ്ഥാപനങ്ങൾ, ഗ്യാസ് ഏജൻസികൾ തുടങ്ങിയവയിൽ വ്യാപകമായ അളവ് തൂക്ക വെട്ടിപ്പ് നടക്കുന്നത് കർശനമായി തടയാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) വിമാനത്താവളം, മൾട്ടിപ്ലക്സുകൾ, ബസ് സ്റ്റാന്റുകളുടെ പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ അവശ്യസാധനങ്ങൾക്ക് അന്യായവില ഈടാക്കുന്നത് തടയാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) അളവ് തൂക്ക ഉപകരണങ്ങൾ എല്ലാ വർഷവും പുനഃപരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തുന്നു. തുടർച്ചയായി മിന്നൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നു.

(ബി) സാധാരണ നടത്തുന്ന പരിശോധനകൾക്ക് പുറമെ മിന്നൽ പരിശോധന നടത്തുന്നു. കൂടാതെ എല്ലാ മാസവും ഓരോ വ്യാപാര മേഖല കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകൾ നടത്തുന്നു.

(സി) പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾക്ക് അധിക വില ഈടാക്കുന്നത് തടയുന്നതിന് പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം നിലവിലെ നിയമം അനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പൊതുവിതരണവകുപ്പ് ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuff (Display of price by catering establishment) Order, 1977-ലേയും 1980-ലേയും Kerala Essential Commodities (Maintenance of accounts and display of Price and Stock) എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

## അളവ്-തൂക്കത്തിൽ കൃത്രിമം നടത്തുന്ന സ്ഥാപനങ്ങൾ

306 (3437) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാംസം, പച്ചക്കറി, മീൻ തുടങ്ങിയ ആഹാര സാധനങ്ങൾ തൂക്കി വാങ്ങുമ്പോൾ നിശ്ചിത അളവിൽ കുറവ് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില വ്യാപാരികൾ ഇത്തരത്തിൽ പൊതുജനത്തെ വഞ്ചിക്കുന്നതിനെതിരെ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നില്ലെന്നകാര്യം സർക്കാർ തലത്തിൽ പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(സി) അളവ്-തൂക്കം വകുപ്പ് ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെ ഇത്തരത്തിൽ നടപടി സ്വീകരിച്ചു; പ്രസ്തുത സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരം ലഭ്യമാക്കുമോ;

(ഡി) ജനങ്ങളെ വഞ്ചിക്കുന്ന ഇത്തരം വ്യക്തികളെയും സ്ഥാപനങ്ങളെയും നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) ഇത്തരം കേസ്സുകൾ കണ്ടെത്തിയിട്ടില്ല.

**ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

307 (3438) ശ്രീ. സി. കൃഷ്ണൻ
ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ. വി. ജോയി
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) അളവ്-തൂക്കങ്ങളുടെ കാര്യത്തിൽ കൃത്യതയും നിലവാരവും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഉപഭോക്താക്കളെ വിവിധ ചൂഷണങ്ങളിൽ നിന്നും രക്ഷിക്കുന്നതിനായി എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ ;

(ഡി) അളവ്-തൂക്കത്തിൽ ക്രമക്കേട് കാണിക്കുന്നവർക്കെതിരെ ലീഗൽ മെട്രോളജി നിയമപ്രകാരം എന്തെല്ലാം ശിക്ഷാ നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അളവ് തൂക്ക ഉപകരണങ്ങൾ വാർഷിക പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തി മുദ്ര ചെയ്യുന്നു. തുടർച്ചയായി വ്യാപാര കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും മിന്നൽ പരിശോധന നടത്തുന്നു.

(സി) ദൃശ്യ-ശ്രാവ്യ വാർത്താ മാധ്യമങ്ങളിലൂടെ പരസ്യം നൽകുന്നു. ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു.

(ഡി)

1. വകുപ്പ് തലത്തിൽ തീർപ്പാക്കാവുന്ന കേസ്സുകൾക്ക് രാജിസ്സഫീസ് ഈടാക്കി തീർപ്പാക്കുന്നു.

2. കോടതി നടപടികൾ സ്വീകരിച്ചു വരുന്നു.

## പമ്പുകളിലെ ഇന്ധനത്തിന്റെ അളവിൽ ക്രമക്കേട്

308 (3439) ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ പമ്പുകളിൽ നിന്ന് ലഭിക്കുന്ന ഇന്ധനത്തിന്റെ അളവുകളിൽ ക്രമക്കേട് നടത്തുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പെട്രോൾ പമ്പുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ ഇടപെടൽ കാര്യക്ഷമമാക്കാൻ കഴിയാത്തതുമൂലം ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പെട്രോൾ പമ്പുകൾക്ക് എൻ.ഒ.സി. നൽകുമ്പോൾ ലീഗൽ മെട്രോളജി വകുപ്പിന്റെ ഇടപെടൽ കൂടി ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. അളവിൽ വ്യത്യാസം കണ്ടെത്തുന്ന ഡിസ്പെൻസിംഗ് യൂണിറ്റുകൾ ഉപയോഗം നിർത്തി വച്ച് പുനഃപരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം മാത്രം ഉപയോഗിക്കുവാൻ അനുവദിക്കുന്നു.

(ബി) ലീഗൽ മെട്രോളജി വകുപ്പ് ഈ വിഷയത്തിൽ കാര്യക്ഷമമായി ഇടപെടുന്നുണ്ട്.

(സി) നിലവിൽ പെട്രോൾ പമ്പുകൾ തുടങ്ങുവാനുള്ള എൻ.ഒ.സി. ലീഗൽ മെട്രോളജി വകുപ്പ് നൽകുന്നില്ല. ഫ്യുവൽ ഡിസ്പെൻസറുകൾ പരിശോധിച്ച് സത്യാപന സർട്ടിഫിക്കേറ്റ് (verification certificate ) നൽകുകയാണ് ലീഗൽ മെട്രോളജി വകുപ്പ് ചെയ്യുന്നത്. ആയതിന് ഭേദഗതി ആവശ്യമില്ല.

## നിത്യോപയോഗ ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതിന്റെ പേരിൽ നടപടി

309 (3440) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളായ അരി, വെളിച്ചെണ്ണ, ധാന്യങ്ങൾ മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയിൽ ചില ഉത്പാദകരും, വിതരണക്കാരും, വ്യാപാരികളും മായം കലർത്തുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ കണ്ടെത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പിനുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതിന്റെ പേരിൽ ആർക്കെല്ലാമെതിരെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട് ; പൂർണ്ണമായ വിശദാംശം നൽകുമോ;

(സി) നിലവിലുള്ള പരിശോധനാ സംവിധാനം കുറ്റമറ്റതാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ ഏകോപനം ഉറപ്പാക്കി അതീവ ഹാനികരമായ മായവും ചായവും മറ്റ് വസ്തുക്കളും ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്ന സ്ഥിതിയിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തി ഇത്തരക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളായ അരി, വെളിച്ചെണ്ണ, ധാന്യങ്ങൾ മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയിൽ മായം കലർത്തുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ കണ്ടെത്തുന്നതിനായി ഭക്ഷ്യസുരക്ഷാ ഓഫീസർമാർ നിശ്ചിത ഇടവേളകളിൽ മാർക്കറ്റിൽ ലഭ്യമാകുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നു. പ്രസ്തുത പരിശോധനയിൽ ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയതായി കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതിന്റെ പേരിൽ നടപടിയെടുത്ത സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ എല്ലാ മാസങ്ങളിലും പരിശോധന നടത്താറുണ്ട്. ഇതു കൂടാതെ നിശ്ചിത ഇടവേളകളിലും ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ്-പുതുവത്സരം, തുടങ്ങിയ ആഘോഷ വേളകളിലും, ഉത്സവ (ആറ്റുകാൽ പൊങ്കാല, ശബരിമല തുടങ്ങിയവ) സീസണുകളിലും മഴക്കാലത്തും പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്ന സമയങ്ങളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ മായം കലർത്തുന്നതായും അനുവദനീയമല്ലാത്ത ചായവും, മറ്റു വസ്തുക്കളും ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്നതായി കണ്ടെത്തിയാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ലീഗൽ മെട്രോളജി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തിക**

310 (3441) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ എത്ര സീനിയർ സൂപ്രണ്ട് തസ്തികയാണുള്ളത്; വകുപ്പിൽ പുതിയതായി സീനിയർ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ സീനിയർ സൂപ്രണ്ടായി ജോലിചെയ്യുന്ന ഉദ്യോഗസ്ഥനെ സീനിയോറിറ്റി മറികടന്നാണോ നിയമിച്ചിട്ടുള്ളത്; അങ്ങനെയെങ്കിൽ സീനിയോറിറ്റി മറി കടന്ന് നിയമിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) ഈ തസ്തികയിലേക്ക് യോഗ്യതയുള്ള ജീവനക്കാരിക്ക് നിയമനം നൽകാതെ സ്ഥലം മാറ്റിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ലീഗൽ മെട്രോളജി വകുപ്പിൽ പുതുതായി സൃഷ്ടിച്ച ഒരു സീനിയർ സൂപ്രണ്ട് തസ്തിക ഉൾപ്പെടെ 2 സീനിയർ സൂപ്രണ്ട് തസ്തികകൾ നിലവിലുണ്ട്.

(ബി) 5-12-2014-ലെ 6086/14/റവ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ച സീനിയോറിറ്റി പ്രകാരമുള്ള ഉദ്യോഗസ്ഥനെയാണ് സീനിയർ സൂപ്രണ്ട് തസ്തികയിൽ താൽക്കാലിക പ്രൊമോഷൻ നൽകി നിയമിച്ചിട്ടുള്ളത്.

(സി) ഇല്ല.

(നക്ഷത്രചിഹ്നമിടാത്ത 3139, 3152, 3183, 3186, 3213, 3263, 3287, 3354, 3407 എന്നീ നമ്പർ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 A M ]

## II അടിയന്തരപ്രമേയം

### കാർഷിക മേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ: കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയങ്ങളും വരൾച്ചാക്കെടുതിയും നാണ്യവിളകളുടെ വിലയിടിവും നിമിത്തം കർഷകർ അനുഭവിക്കുന്ന ദുരിതങ്ങളും പ്രതിസന്ധികളും കർഷക ആത്മഹത്യകളുംമൂലം സംസ്ഥാനത്തുളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. മാണി റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. മാണി നൽകിയിരിക്കുന്ന അടിയന്തരപ്രമേയ നോട്ടീസിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ അരങ്ങേറുന്ന നാടായി കേരളം മാറുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. തികച്ചും അടിസ്ഥാനരഹിതമായ കണക്കുകളാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. നോട്ടീസിൽ സൂചിപ്പിക്കുന്നതുപോലെ സംസ്ഥാന ഗവൺമെന്റിന്റെ തെറ്റായ നയംമൂലം കേരളത്തിലെ കർഷകർ വ്യാപകമായി ആത്മഹത്യ ചെയ്യുന്ന റിപ്പോർട്ടുകളൊന്നുംതന്നെ ഇപ്പോൾ ഗവൺമെന്റിൽ ലഭ്യമായിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2011-16 വർഷങ്ങളിലായി കേരളത്തിൽ 61 ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും 2016-നുശേഷം വ്യാപകമായി ആത്മഹത്യ ചെയ്യുന്നുവെന്ന റിപ്പോർട്ടുകളൊന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം ഒരു ദിവസം 46 കർഷകർ ശരാശരി ആത്മഹത്യ ചെയ്യുന്നുണ്ട്. അതുപ്രകാരം അര മണിക്കൂറിൽ ഒരു കർഷകൻ ആത്മഹത്യ ചെയ്യുന്ന സ്ഥിതിവിശേഷം ഭാരതത്തിലൊട്ടാകെ ഉണ്ടെങ്കിലും ആ കണക്കുകളിലൊന്നുംതന്നെ കേരളത്തിൽ അങ്ങനെ ആത്മഹത്യ ചെയ്യുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. മാത്രമല്ല, കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇടനിലക്കാർ തട്ടിയെടുക്കുന്ന സാഹചര്യം കേരളത്തിൽ ഇപ്പോൾ നിലവിലില്ല. വയനാട് ജില്ലയിലെ നൂൽപ്പുഴ വില്ലേജിൽ കല്ലൂർ കരടിമാട് വീട്ടിൽ താമസിക്കുന്ന റ്റി. സി. ഭാസ്കരൻ എന്ന കർഷകൻ 15-9-2017-ൽ ആത്മഹത്യ ചെയ്തതായി ഗവൺമെന്റിന് റിപ്പോർട്ട് ലഭിക്കുകയുണ്ടായി. ഈ കർഷകൻ കർണാടകയിൽ ഇഞ്ചി കൃഷിചെയ്യുന്നതുമായി ബന്ധപ്പെട്ട് ലോണെടുക്കുകയും

കൃഷിനാശം സംഭവിച്ചതിനെത്തുടർന്ന് ആത്മഹത്യ ചെയ്യുകയുമാണുണ്ടായത്. തൃശ്ശൂർ ജില്ലയിൽ കർഷക ആത്മഹത്യകൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ അരിമ്പൂർ പഞ്ചായത്തിൽ ഗംഗാധരൻ എന്ന കർഷകൻ 13-7-2017-ന് ആത്മഹത്യ ചെയ്തതായി റിപ്പോർട്ടുണ്ടായി. ഇതുസംബന്ധിച്ച അന്വേഷണത്തിൽ കാർഷികേതരമായ കാരണങ്ങളാലാണ് ആത്മഹത്യ ചെയ്തതെന്നാണ് കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. നോട്ടീസിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ 12-3-2018-ൽ വയനാട്ടിലെ മാനന്തവാടി ബ്ലോക്കിൽ ഇടവക പഞ്ചായത്തിൽ ശിവദാസൻ എന്ന കർഷകൻ ആത്മഹത്യ ചെയ്ത വിവരം ലഭിച്ചു. ടിയാൻ വയനാട്ടിലെ ബാങ്കിൽനിന്നും വ്യക്തിഗതമായെടുത്ത രണ്ട് ലക്ഷം രൂപയുടെ ലോണിന്റെ കണക്കുമാത്രമാണ് ലഭ്യമായിരിക്കുന്നത്. ബാങ്ക് അദ്ദേഹത്തിന് നോട്ടീസ് അയച്ചതായി റിപ്പോർട്ടുകളൊന്നും ലഭ്യമായിട്ടില്ല. അദ്ദേഹത്തിന്റെ ആത്മഹത്യയെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഗവൺമെന്റ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ 12-1-2007 വരെയുള്ള കാർഷിക കടങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ മാത്രമാണ് പരിഗണിക്കപ്പെടുന്നത്. എന്നാൽ വയനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ചു കൊണ്ട് 31-10-2011 വരെയുള്ള കാർഷിക കടങ്ങൾ കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത തീയതി ദീർഘിപ്പിക്കുന്ന കാര്യം സംസ്ഥാന ഗവൺമെന്റ് പരിഗണിച്ചുവരികയാണ്.

നോട്ടീസിൽ സൂചിപ്പിക്കുന്ന കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്നതായി പറയുന്ന വിഷയങ്ങളിൽ റബ്ബറുമായി ബന്ധപ്പെട്ട ഗുരുതര വിഷയങ്ങൾ ഈ സഭ പലതവണ ചർച്ചചെയ്തിട്ടുള്ളതാണ്. സഭതന്നെ ഏകകണ്ഠമായി പാസ്സാക്കിയിട്ടുള്ള പ്രമേയം കേന്ദ്രഗവൺമെന്റിനെ അറിയിച്ചതിനെത്തുടർന്ന് സർവ്വകക്ഷി സംഘം കേന്ദ്രത്തെ കാണണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 22-2-2018-ന് കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര മന്ത്രിയെ നേരിട്ടുകണ്ട് നിവേദനം സമർപ്പിച്ചു. നിവേദനം സമർപ്പിച്ചതിനെത്തുടർന്ന് റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട വിഷയത്തിൽ കേരളം നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ആദ്യമായാണ് കേന്ദ്ര ഗവൺമെന്റ് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിന് തീരുമാനമെടുത്തത്. മാർച്ച് മാസം 8-ാം തീയതി ടാസ്ക് ഫോഴ്സ് രൂപീകരിച്ചുകൊണ്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഉത്തരവ് കഴിഞ്ഞ ദിവസം സംസ്ഥാന സർക്കാരിന് ലഭിക്കുകയുണ്ടായി. ആ ഉത്തരവ് അനുസരിച്ച് കേരളത്തിലെ ചീഫ് സെക്രട്ടറി ചെയർമാനും ത്രിപുര ചീഫ് സെക്രട്ടറി കോ-ചെയർമാനുമായിട്ടുള്ള 12 അംഗ കമ്മിറ്റിയെയാണ് കേന്ദ്രഗവൺമെന്റ് നിയോഗിച്ചിട്ടുള്ളത്. അതിന്റെ കൺവീനറായി റബ്ബർ ബോർഡിന്റെ

ഗവൺമെന്റാണെങ്കിലും കർഷകർ ആത്മഹത്യ ചെയ്യാൻ പാടില്ല എന്ന ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട്, അതിനനുസൃതമായ കാര്യങ്ങൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംസ്ഥാന ഗവൺമെന്റിന്റേതാണെങ്കിലും കേന്ദ്ര ഗവൺമെന്റിന്റേതാണെങ്കിലും ഏത് വിഷയത്തിലാണെങ്കിലും തുറന്ന സമീപനത്തോടെ ചർച്ചചെയ്ത് പരിഹരിക്കണ മെന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ നയം. നോട്ടീസിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഗുരുതരമായ സ്ഥിതിവിശേഷം ഇവിടെയില്ലെന്നതു കൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ടതില്ല.

<u>ശ്രീ. കെ. എം. മാണി</u>: സർ, ഗുരുതരമായ ഈ പ്രശ്നം ഇത്ര ലഘൂകരിച്ച്, നിസ്സാരവൽക്കരിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതിൽ എനിക്ക് വിഷമമുണ്ട്. കേരളത്തിലെ കർഷകർ അദ്ദേഹത്തിന്റെ പ്രസ്താവന കേട്ടു കൊണ്ടിരിക്കുകയാണ്, അല്ലെങ്കിൽ നാളെ പത്രറിപ്പോർട്ടിൽക്കൂടി അവർ വായിക്കും. അങ്ങയുടെ പ്രസ്താവന പിൻവലിക്കേണ്ടതാണ്. കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി കർഷക ആത്മഹത്യയാണ്. അതിന്റെ ഗൗരവം മനസ്സിലാക്കി രാഷ്ട്രീയത്തിനതീതമായി നമ്മളെല്ലാവരും കൂടിയാലോചിച്ച് അതിനുള്ള പ്രതിവിധികൾ ആരായേണ്ടതാണ്, ഗവൺമെന്റ് അതിനാണ് തയ്യാറാകേണ്ടത്. നോട്ട് നിരോധനംമൂലവും ജി.എസ്.ടി. വന്നപ്പോൾ കർഷകർക്ക് കിട്ടേണ്ടിയിരുന്ന ആനുകൂല്യങ്ങളെല്ലാം ഇടനിലക്കാർ അപഹരിച്ചതിന്റെ ഫലമായും വരൾച്ചാ കെടുതിയുടെ ഫലമായുമെല്ലാം കർഷകർ കടക്കെണിയിൽ കഴിയുകയാണ്. കർഷകരുടെ കടാശ്വാസത്തിനുവേണ്ട തുക സംസ്ഥാനങ്ങൾ കണ്ടെത്തണമെന്നതാണ് കേന്ദ്ര നയം. അത് തെറ്റായ നിലപാടാണ്. നമുക്ക് ഒരുമിച്ചുനിന്ന് അതിനെതിരെ സമരം ചെയ്യാം. കേന്ദ്ര ഗവൺമെന്റ് ഇങ്ങനെ തീരുമാനിച്ചിരിക്കുന്നതിനാൽ അതിന്റെ ഉത്തരവാദിത്വം നമ്മൾ ഏറ്റെടുത്തേ തീരൂ. കർഷകരെ കടക്കെണിയിൽനിന്നും രക്ഷിക്കേണ്ട നടപടികൾ ഉടനെ സ്വീകരിക്കേണ്ടിയിരിക്കുന്നു. കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ 18-1-2007-നുമുൻപുള്ള കാർഷിക കടങ്ങൾ മാത്രമേ വരികയുള്ളൂ. നിലവിലുള്ള കടങ്ങൾക്ക് യാതൊരു ആശ്വാസ നടപടിയുമെടുക്കാത്തതുമൂലം കർഷക ആത്മഹത്യകൾ പെരുകുകയാണ്. ആത്മഹത്യയില്ലെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന അത്ഭുതകരമാണ്. തൃശ്ശൂർ, വയനാട് ജില്ലകളിൽ നടന്നിട്ടുള്ള ആത്മഹത്യയിലേക്ക് ഞാൻ കടക്കുന്നില്ല. പത്രങ്ങളിലെല്ലാം റിപ്പോർട്ടുകളുണ്ട്. 12-3-2018-ൽ മാനന്തവാടി ബ്ലോക്കിൽ ഇടവക പഞ്ചായത്തിൽ ശിവദാസൻ എന്ന കർഷകൻ കടക്കെണിമൂലം ആത്മഹത്യ ചെയ്ത റിപ്പോർട്ട് കഴിഞ്ഞ ദിവസത്തെ പത്രത്തിലുണ്ടായിരുന്നു. അത്യന്തം വേദനാജനകമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെട്ടതിനെ

ചെറുതായി കാണരുത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കർഷക ആത്മഹത്യ നടക്കുന്ന സംസ്ഥാനം കേരളമായി മാറുന്നുവെന്നുള്ള പത്ര റിപ്പോർട്ടുണ്ട്. ഞാൻ വേണമെങ്കിൽ അത് വായിച്ചുകേൾപ്പിക്കാം. നോട്ട് നിരോധനത്തിനുശേഷം പുതിയ കറൻസി സർക്കുലേഷൻ വരാനായി ഒന്നരവർഷമെടുത്തു. നോട്ട് നിരോധനത്തിന്റെ ദൂഷ്യം ഏറ്റവുമധികം ബാധിച്ചത് കർഷകരെയാണ്. കാർഷിക മേഖലയെ ജി.എസ്.ടി.-യുടെ പരിധിയിൽനിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ഭക്ഷ്യ സാധനങ്ങളുടെ വില കുറയുന്നതിനുപകരം വർദ്ധിക്കുകയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ പ്രയോജനം കർഷകർക്ക് ലഭിച്ചില്ല, ഇടനിലക്കാർക്കുമാത്രമാണ് പ്രയോജനപ്പെട്ടത്. ഇടനിലക്കാരെ നിയന്ത്രിക്കുവാൻ ഈ സർക്കാർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിച്ച് കർഷകരെ സഹായിക്കുകയാണ് ചെയ്യേണ്ടത്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് റബ്ബറിന്റെ വില 85 രൂപയിലേയ്ക്ക് ഇടിഞ്ഞപ്പോൾ 150 രൂപ മിനിമം വില പ്രഖ്യാപിച്ചുകൊണ്ട് ഓരോ കിലോഗ്രാം റബ്ബറിനും 65 രൂപ സബ്സിഡി നൽകിയ ചരിത്രം ഞാൻ അനുസ്മരിക്കുകയാണ്. ഇക്കാര്യം മാതൃകയായി സ്വീകരിച്ചുകൊണ്ട് നിങ്ങൾ എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ട്. നടപ്പുവർഷം 500 കോടി രൂപ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ ചെലവഴിച്ചത് 74 കോടി രൂപ മാത്രമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന്റെ അടുത്ത ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും തമ്മിൽ ചർച്ചനടന്നു. അതിൽ പ്രധാനം റബ്ബറിന്റെ കാര്യമായിരുന്നു. നാഷണൽ ഹൈവേയുടെ ടാറിംഗിന് റബ്ബർ ഉപയോഗിക്കാം എന്നെല്ലാമായിരുന്നു അന്ന് അവിടെയുണ്ടായ ധാരണ. പക്ഷെ ഒന്നുമുണ്ടായില്ല. മറ്റ് രീതിയിൽ റബ്ബർ ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള യാതൊരു ശ്രമങ്ങളും നടന്നില്ല. ഇപ്പോൾ ഏലം, കുരുമുളക്, മറ്റ് സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയ്ക്ക് ന്യായവില ലഭിക്കുന്നില്ല. കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടുകയാണ്. കാർഷിക വിഭവങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തണം. താങ്ങുവിലയിൽത്താഴെ വിലത്തകർച്ച നേരിടുന്ന വിഭവങ്ങൾക്ക് മിനിമംവില നൽകിക്കൊണ്ട് സംഭരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം, അത് വലിയ ആവശ്യമാണ്. ഓഖി ദുരന്തത്തിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുപറഞ്ഞ് കേന്ദ്ര ഗവൺമെന്റിൽനിന്നും നമുക്കാവശ്യമായ സഹായധനം വാങ്ങുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. നമുക്ക് അതിൽ വലിയൊരു നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. വരൾച്ചമൂലം നശിച്ചുതുടങ്ങിയ കൃഷിക്ക് ആവശ്യമായ വെള്ളംപോലും ലഭ്യമല്ല. കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്ന ആവശ്യമുന്നയിച്ച് തമിഴ്നാട്ടിലെ കർഷകർ അർദ്ധനഗ്നരായി ഡൽഹിയിലെ ജന്ദർമന്തറിൽ ഉപവാസമനുഷ്ഠിക്കുകയുണ്ടായി; മധ്യപ്രദേശിലെ കർഷകർ തെരുവിലിറങ്ങി വെടിയുണ്ടയ്ക്ക് ഇരയായി ജീവൻവെടിഞ്ഞു; മഹാരാഷ്ട്രയിൽ ലോംഗ് മാർച്ച് നടത്തി - മഹാരാഷ്ട്ര ഗവൺമെന്റ് കൃഷിക്കാരെ സമരത്തിലേയ്ക്ക്

വലിച്ചിഴയ്ക്കാതെ ലോംഗ് മാർച്ച് കഴിഞ്ഞപ്പോൾ അവർ ചോദിച്ച ആനുകൂല്യങ്ങളെല്ലാം അനുവദിച്ചു. ഞാൻ സി.പി.ഐ.(എം.)-നെ അഭിനന്ദിക്കുകയാണ്, ഞങ്ങൾക്ക് അങ്ങനെ രാഷ്ട്രീയ വിരോധമൊന്നുമില്ല. അവിടത്തെ ലോംഗ് മാർച്ചിൽ നിങ്ങൾ നൽകിയ മൂല്യവത്തായ നേതൃത്വം അഭിനന്ദനാർഹമാണ്. പക്ഷെ ആ ലോംഗ് മാർച്ച് അവിടെ നടത്തിയ വികാരം, അത് കേരളത്തിൽക്കൂടി നടപ്പിലാക്കണം. ബോംബെയിൽ പോയി നടപ്പിലാക്കിയിട്ട് വല്ല കാര്യമുണ്ടോ; കേരളത്തിൽ നടപ്പിലാക്കാതെ ബോംബെയിൽ പോയി നടപ്പിലാക്കി. അത് കേരളത്തിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സി.പി.ഐ.(എം) നല്ല കാര്യങ്ങളും ചെയ്യുന്നുണ്ട്, പക്ഷെ കുറച്ചുകൂടി എക്സ്റ്റൻഷൻ വേണം, കുറച്ചുകൂടി എക്സ്റ്റൻഷനുണ്ടെങ്കിൽ ഭംഗിയാകും. ഞാൻ ഒന്നുകൂടി അഭിനന്ദിക്കുകയാണ്. ഇവിടത്തെ പ്രതിപക്ഷം ഇങ്ങനെ അഭിനന്ദിച്ചിട്ടുണ്ടോ; ഇല്ലല്ലോ? സാമ്പത്തിക തകർച്ചയിൽ കഴിയുന്ന കർഷകരെ പിടിച്ചുനിർത്തുവാനുള്ള പദ്ധതികൾ ഇവിടെ നടപ്പിലാക്കണം. നടപ്പുവർഷം കടാശ്വാസ കമ്മീഷന് 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ 7 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അത് മുഴുവനും കൃഷിക്കാർക്ക് ഉടനടി നൽകണം. ഇപ്പോൾ രണ്ട് ഹെക്ടർ വരെയുള്ള ഭൂമിയുടെ ഭൂനികുതി ഇരട്ടിയാക്കി. ഡോ. ടി. എം. തോമസ് ഐസക്കിനോട് അത് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അത് വളരെ തെറ്റായ നടപടിയാണ്. കൃഷിക്കാർക്ക് വളരെ വിഷമമുണ്ടാക്കുന്നതാണ്. നാണ്യവിളകൾക്കും കാർഷിക വിളകൾക്കും താങ്ങുവില നിശ്ചയിക്കുകയും കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിൽനിന്ന് മധ്യവർത്തികളെ ഒഴിവാക്കുകയും വേണം. യു.ഡി.എഫ്.-ന്റെ കാലത്ത് 13.10 രൂപയായിരുന്ന നെല്ലിന് 21.50 രൂപയായി വർദ്ധിപ്പിച്ച് നെല്ല് സംഭരിക്കുകയുണ്ടായി. ഇപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തത് 21.50 രൂപ എന്നത് 22.50 രൂപയാക്കി. എന്തൊരു ഔദാര്യമാണ്; ഒരു രൂപ വർദ്ധിപ്പിച്ചു. അത് പോരാ. ഞങ്ങൾ എത്ര രൂപയാണ് വർദ്ധിപ്പിച്ചത്? നിങ്ങൾ നെൽ കർഷകർക്ക് കുറച്ചുകൂടി ഉദാരമായി ആനുകൂല്യങ്ങൾ കൊടുക്കണം. ഒരിക്കലും അതിൽ അമാന്തം കാണിക്കുവാൻ പാടില്ല. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നിരവധി പ്രശ്നങ്ങളുണ്ട്. വളരെ പ്രധാനപ്പെട്ട വിഷയമാണെങ്കിലും സമയപരിധി മനസ്സിലാക്കിക്കൊണ്ടുതന്നെ വളരെ നീട്ടാതെ ഞാൻ ഉപസംഹരിക്കുകയാണ്. എനിക്ക് പറയാനുള്ളത് ഗവൺമെന്റ് ഇക്കാര്യത്തിൽ സർവ്വകക്ഷിയോഗം വിളിക്കണമെന്നാണ്. ഒരു സർവ്വകക്ഷി നിവേദക സംഘത്തെ ഡൽഹിയിലേയ്ക്ക് അയയ്ക്കണം. പല കാര്യങ്ങളുണ്ട്, എന്തെല്ലാമാണെന്ന് നമുക്ക് ആലോചിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ ഗൗരവമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്ന തോടൊപ്പം ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്നുകൂടി ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: അങ്ങയുടെ സമയനിഷ്ഠ അഭിനന്ദനീയമാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാനിവിടെ അങ്ങ് അവതരിപ്പിച്ച കാര്യം ലഘൂകരിച്ചുകൊണ്ട് പറഞ്ഞതല്ല. അങ്ങ് വളരെ exaggerate ആയി പറഞ്ഞതുകൊണ്ടാണ് ഞാനത് സൂചിപ്പിച്ചത്. അങ്ങയുടെ നോട്ടീസിൽ പറയുന്നത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ അരങ്ങേറുന്ന നാടായി കേരളം മാറുന്നുവെന്നാണ്. പ്രതിപക്ഷ ബെഞ്ചിലിരിക്കുന്ന ആർക്കെങ്കിലും ഇന്ത്യയിൽ ഏറ്റവുമധികം കർഷകർ ആത്മഹത്യ ചെയ്യുന്ന നാടാണ് കേരളമെന്ന് ആത്മാർത്ഥമായി പറയാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി: സർ, തൃശ്ശൂർ ജില്ലയിൽ 122 കർഷകർ കഴിഞ്ഞ വർഷം ആത്മഹത്യ ചെയ്തുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. കെ. എം. മാണിയെപ്പോലെയുള്ള ആളുകൾ സ്വയം അപഹാസ്യരാകരുത്. ഞാൻ അങ്ങയെ ബഹുമാനിക്കുന്ന ആളാണ്, അങ്ങ് അങ്ങനെ പറയരുത്.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട മന്ത്രി കുറച്ച് പ്രതിപക്ഷ ബഹുമാനത്തോടെ സംസാരിച്ചാൽ കൊള്ളാം. ഞങ്ങൾ നിങ്ങളെ കാണുന്നതും അഭിസംബോധന ചെയ്യുന്നതുമെല്ലാം എത്ര ബഹുമാനത്തോടെയാണ്. അതുകൊണ്ട് കുറച്ച് പ്രതിപക്ഷ ബഹുമാനത്തോടെ വേണം മന്ത്രി പറയുവാൻ. ജന്മഭൂമി പത്രത്തിൽ, ആ പാർട്ടിയുടെ നയങ്ങളോട് നമുക്ക് എതിർപ്പുണ്ട്, ആ പത്രത്തിൽ പറയുന്നത് ജില്ലയിൽ 122 കർഷകർ കഴിഞ്ഞ വർഷം ആത്മഹത്യ ചെയ്തുവെന്നാണ്. ......(ബഹളം)...... കേരളത്തിലെ ഒരു പത്രമെടുത്ത് ഞാൻ വായിക്കുകയാണ്. അത്രയേയുള്ളൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ഏറ്റവും ബഹുമാനിക്കുന്ന ഒരു നിയമസഭാംഗമാണ് മാണി സാർ. അദ്ദേഹം എല്ലാ കാര്യങ്ങളിലും ആധികാരികമായി കണക്കുവയ്ക്കുന്ന ഒരാളാണ്. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്. എന്നുമുതലാണ് ജന്മഭൂമി അദ്ദേഹത്തിന്റെ കണക്കിന്റെ ആധികാരിക രേഖയായി മാറിയതെന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. ഇന്ത്യയിൽ ഏറ്റവുമധികം കർഷക ആത്മഹത്യ നടന്നിരിക്കുന്നത് ആർ.എസ്.എസ്.-ന്റെ ആസ്ഥാനമായ നാഗ്പൂരിലെ വിദർഭയിലാണ്. അവിടെ പതിനായിരക്കണക്കിന് കർഷകർ ആത്മഹത്യ ചെയ്ത കണക്ക് മൂടിവയ്ക്കാൻവേണ്ടി ജന്മഭൂമി പത്രം പടച്ചുണ്ടാക്കിയ 122 കർഷകരുടെ ആത്മഹത്യ എന്ന കണക്ക് സ്വയം ഏറ്റെടുത്ത് നിയമസഭയിൽ അവതരിപ്പിച്ചത് അങ്ങയെപ്പോലെയുള്ള ആളുകൾക്ക് ഭൂഷണമാണോയെന്ന് എല്ലാ പ്രതിപക്ഷ ബഹുമാനത്തോടുംകൂടി ഞാൻ

ചോദിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 61 ആത്മഹത്യകൾ നടന്നതായി ഔദ്യോഗിക കണക്കുണ്ട്. ഈ 61 ആത്മഹത്യകളെയും ആത്മഹത്യയായി പരിഗണിച്ചത് ഗവൺമെന്റിന്റെ കൃത്യമായ മാനദണ്ഡം അനുസരിച്ചാണ്. കർഷക ആത്മഹത്യയെന്ന് എങ്ങനെയാണ് പരിഗണിക്കുന്നത്? അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലെടുത്ത മാനദണ്ഡപ്രകാരം. ഈ ഗവൺമെന്റ് വന്നശേഷം കേരളത്തിൽ എത്ര ആത്മഹത്യകളുണ്ടെന്നാണ് അങ്ങ് കണക്കുവയ്ക്കേണ്ടത്, അതാണ് ആധികാരികമായ കണക്ക്. ആ കണക്കു പ്രകാരമാണ് തൃശ്ശൂർ ജില്ലയിലെ അരിമ്പൂരുണ്ടായിരിക്കുന്ന ഒരു ആത്മഹത്യയെപ്പറ്റി ഇവിടെ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ആ കണക്ക് വച്ചുകൊണ്ട് അങ്ങിവിടെ പറഞ്ഞ കാര്യങ്ങൾ, കേന്ദ്ര ഗവൺമെന്റിന്റെയും ഇവിടെത്തെയും കണക്കുകൾ വച്ചുനോക്കുമ്പോൾ, കേരളത്തിലാണ് ഏറ്റവുമധികം ആത്മഹത്യകൾ എന്ന് വരുത്തിതീർക്കാൻ ജന്മഭൂമി പത്രം പറയുന്ന കണക്കുവച്ച് അങ്ങ് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തിട്ടുണ്ടെങ്കിൽ അത് അങ്ങുതന്നെ പരിശോധിക്കേണ്ട കാര്യമാണ്. മലയാള മനോരമയാണെങ്കിൽ പിന്നെയും കർഷകരുടെ പത്രമാണ്. കർഷകർക്കുവേണ്ടി ഏറ്റവും കൂടുതൽ സംസാരിക്കുന്നതാണ് ദീപിക പത്രം, അവർ പറഞ്ഞിട്ടുണ്ടോ? മലയാള മനോരമ, ദീപിക, മാതൃഭൂമി എന്നീ പത്രങ്ങൾ ഇന്ത്യയിൽ ഏറ്റവുമധികം കർഷകർ ആത്മഹത്യ ചെയ്യുന്ന സംസ്ഥാനമാണ് കേരളമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ സഭ നിർത്തിവച്ച് ചർച്ചചെയ്യാൻ ഞാൻ തയ്യാറാണ്. അങ്ങനെ പറഞ്ഞിട്ടുണ്ടോ? അല്ലെങ്കിൽ ഏതെങ്കിലും ആധികാരിക കണക്കുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അതിന്റെ കണക്ക് വയ്ക്കാൻ കഴിയുമോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 61 ആത്മഹത്യകൾ ചെയ്തുവെന്നു പറഞ്ഞ മാനദണ്ഡപ്രകാരം ഈ 22 മാസങ്ങൾക്കകം എത്ര ആത്മഹത്യകൾ നടന്നുവെന്ന കൃത്യമായ കണക്കുവച്ചാൽ അതനുസരിച്ച് ചർച്ചചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. അത് exaggerate ചെയ്ത കണക്കാണ്. അങ്ങ് പറഞ്ഞ കാര്യത്തെ ഞാൻ ലഘൂകരിച്ചതല്ല.

ജി.എസ്.ടി.-യും നോട്ടുനിരോധനവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ട് ഏത് ആനുകൂല്യമാണ് നഷ്ടപ്പെട്ടതെന്ന് സ്പെസിഫിക്കായി സൂചിപ്പിച്ചാൽ അക്കാര്യം പരിശോധിക്കുന്നതാണ്. ജി.എസ്.ടി.-യുടെയോ നോട്ടുനിരോധനത്തിന്റെയോ പേരിൽ സംസ്ഥാന ഗവൺമെന്റിന്റെ നയംകൊണ്ട് ഇടനിലക്കാരുടെ തട്ടിപ്പുമൂലം ഇവിടത്തെ കർഷകർക്ക് ഏതെങ്കിലും രീതിയിൽ തകരാർ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാൻ ഈ ഗവൺമെന്റ് തയ്യാറാണ്. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് 500 കോടിരൂപ മാറ്റിവച്ചുവെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. അത് അങ്ങ് കൊണ്ടുവന്ന കാര്യമാണ്. ഈ ഗവൺമെന്റ് വന്നപ്പോഴും 500 കോടി രൂപ

മാറ്റിവച്ചു. ഈ സമയംവരെയുള്ള കണക്കുപ്രകാരം 191 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തുകഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈയിനത്തിൽ കർഷകർക്ക് 874.34 കോടി രൂപ നൽകിയിട്ടുണ്ട് എന്ന കാര്യം ഞാൻ സന്തോഷത്തോടെ അങ്ങയെ അറിയിക്കുകയാണ്. അങ്ങയുടെ ഗവൺമെന്റിന്റെ കാലത്ത് ചെലവാക്കിയതിനെക്കാൾ നൂറിലധികം കോടി രൂപയാണ് ഇരുപത് മാസത്തിനകം ഈ ഗവൺമെന്റ് കൊടുത്തതെന്ന കാര്യംകൂടി ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, അത് കുടിശ്ശികയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നിങ്ങൾ കൊടുക്കാതിരുന്നതു കൊണ്ടാണല്ലോ കുടിശ്ശികയുണ്ടാകുന്നത്. അങ്ങ് കൊടുത്തില്ല എന്ന് അങ്ങുതന്നെ സമ്മതിച്ചിരിക്കുകയാണ്. അങ്ങയുടെ കാലത്ത് കുടിശ്ശികയുണ്ടായതുകൊണ്ടാണ് ഞങ്ങൾക്ക് കൊടുക്കേണ്ടിവന്നത്.

ശ്രീ. കെ. എം. മാണി: സർ, കുടിശ്ശിക എന്നുപറഞ്ഞാൽ ഇന്നലെ മുതൽ പിറകോട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെയൊക്കെ പറയുന്നതെന്തിനാണ്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കുടിശ്ശിക എന്നതിന്റെ പച്ചമലയാളം കിട്ടാത്ത കാശ് എന്നാണ്. നിങ്ങൾ കൊടുത്തില്ല, ഞങ്ങൾ കൊടുത്തു. അതിനകത്ത് വേറെ മലയാളമൊന്നുമില്ല. അതിന്റെ ഉത്തരവാദിത്വം ആ കാലഘട്ടത്തിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കാണ്. അങ്ങ് റബ്ബർ കർഷകരുടെ മിശിഹാ എന്നൊക്കെ പറയുന്നുണ്ടെങ്കിലും അങ്ങയുടെ കാലത്താണ് കുടിശ്ശിക വരുത്തിയതെന്ന കാര്യം കണക്കുകൾ വച്ചാണ് ഞാൻ പറയുന്നത്. ഞാൻ അങ്ങയെ അപഹസിക്കാൻ വേണ്ടിയോ പ്രതിപക്ഷ ബഹുമാനമില്ലാത്തതു കൊണ്ടോ പറയുന്നതല്ല. ഇവിടെ കടാശ്വാസ കമ്മീഷന്റെ കാര്യത്തിൽ അങ്ങ് പറഞ്ഞ ചില വസ്തുതകളുണ്ട്. 7 കോടി രൂപയേ കൊടുത്തിട്ടുള്ളൂവെന്നുള്ളത് ശരിയാണ്. അതിന്റെ പ്രൊസീഡ്യുവർ നടന്നുകൊണ്ടിരിക്കുകയാണ്. കടാശ്വാസ കമ്മീഷന്റെ മുമ്പിൽ വരുന്ന പരാതികൾ പരിശോധിച്ച് ഹിയറിംഗ് നടത്തി രേഖകൾ പരിശോധിച്ചുകൊണ്ടാണ് ഈ കാര്യങ്ങളെല്ലാം നടത്തി കൊണ്ടിരിക്കുന്നത്. ഏതെങ്കിലും രീതിയിൽ കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ കുറവുകളുണ്ടെങ്കിൽ അത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. പി. സി. ജോർജ്: സർ, 150 രൂപ വച്ചാണ് ഇപ്പോഴിവിടെ റബ്ബറിന് കൊടുത്തുകൊണ്ടിരുന്നത്. അത് 200 രൂപയാക്കണമെന്ന ആവശ്യം കേരളത്തിലെ റബ്ബർ കർഷകരുടെ ഭാഗത്തുനിന്ന് ശക്തമായി ഉണ്ടായതാണ്. മാണി സാർ അത്

പറയാൻ മറന്നുപോയതാണ്. ആ കാര്യത്തിൽ അങ്ങ് മറുപടി പറഞ്ഞില്ല. എനിക്ക് മറവിയില്ലാത്തതുകൊണ്ട് അത് ഓർമ്മിപ്പിക്കുകയാണ്. അങ്ങ് ആ കാര്യം കൂടി ഒന്ന് പരിശോധിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. 200 രൂപ കൊടുക്കണമെന്ന ആവശ്യം ഇവിടെ ഉന്നയിച്ചു. സംസ്ഥാന ഗവൺമെന്റ് 150 രൂപ കൊടുത്തുകൊണ്ടിരിക്കുന്നു. 200 രൂപ വേണമെന്നതാണ് ആവശ്യം. അതിന്റെ അടിസ്ഥാനത്തിൽ 200 രൂപയാക്കണമെന്ന പാക്കേജ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട ജോസ് കെ. മാണി അടക്കമുള്ള ആളുകൾ ഒരുമിച്ച് പോയി ഇന്നയിന്ന കാര്യങ്ങൾ എന്ന നിലയിൽ കേന്ദ്രമന്ത്രിയെ കണ്ടാണ് നിവേദനം നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ 200 രൂപയുടെ കാര്യം പരിഗണിക്കാം. സംസ്ഥാന ഗവൺമെന്റിന് യാതൊരു ബന്ധവുമില്ലെങ്കിൽപോലും സംസ്ഥാന ഗവണ്മെന്റിനെക്കൂടി ബന്ധപ്പെടുത്തി കൊണ്ട് ഒരു ജോയിന്റ് ടാസ്ക് രൂപീകരിക്കാം. ആ ജോയിന്റ് ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് രണ്ടുമാസം കഴിഞ്ഞ് വരുമ്പോൾ 200 രൂപയാക്കുന്നതടക്കമുള്ള എല്ലാ കാര്യങ്ങളും കേന്ദ്ര ഗവൺമെന്റ് പരിഗണിക്കാമെന്ന് സംസ്ഥാനത്തിന് ഉറപ്പുനൽകിയിരിക്കുകയാണ്. അത് വന്നുകഴിഞ്ഞാൽ 200 രൂപയുടെ കാര്യത്തിൽ എന്തുചെയ്യണമെന്ന കാര്യം നമുക്ക് തീരുമാനിക്കാം.

കുരുമുളകിന്റെ വിലവർദ്ധനവുമായി ബന്ധപ്പെട്ട കാര്യത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിയെ കണ്ട് നിവേദനം കൊടുത്തതിനെത്തുടർന്ന് മിനിമം ഇംപോർട്ട് പ്രൈസ് 500 രൂപയാക്കി വർദ്ധിപ്പിച്ചു. അങ്ങനെ വർദ്ധിപ്പിച്ചിട്ടും ഇപ്പോഴും 400 രൂപയിൽ താഴെയാണ് കുരുമുളകിന് വില കിട്ടിക്കൊണ്ടിരിക്കുന്നത്. എം.ഐ.പി. നിശ്ചയിച്ചിട്ടുപോലും എവിടെയോ ചോർച്ചകൾ സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന കാര്യം കേന്ദ്ര ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അത് പരിശോധിക്കാനുംകൂടി തയ്യാറാണെന്ന കത്തും അദ്ദേഹം എനിക്ക് നൽകുകയുണ്ടായി. അപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധിയിൽ വരാത്ത കാര്യങ്ങളാണ് ഇവിടെ അദ്ദേഹം പറഞ്ഞിരിക്കുന്നത്. തമിഴ്നാട്ടിലും കർണാടകത്തിലും നടക്കുന്ന ആത്മഹത്യ, അവിടെ നടക്കുന്ന സമരങ്ങൾ തുടങ്ങിയവയെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. മഹാരാഷ്ട്രയിലെ സമരത്തെ അദ്ദേഹം ശ്ലാഘിച്ചത് വളരെ നല്ല കാര്യമാണ്. ഈ കാര്യങ്ങളെല്ലാം നമുക്ക് ചർച്ച ചെയ്യാം. പക്ഷെ വാസ്തവത്തിൽ ഇത് ചർച്ചചെയ്യേണ്ടത് ഇന്ത്യൻ പാർലമെന്റിലാണ്. ശ്രീ. ജോസ് കെ. മാണി ഇന്ത്യൻ പാർലമെന്റിൽ നോട്ടീസ് കൊടുക്കേണ്ട ഒരു വിഷയത്തിലാണ് അദ്ദേഹം ഇവിടെ നോട്ടീസ് തന്നിരിക്കുന്നത്. ഞാൻ അങ്ങയോട് വളരെ ആത്മാർത്ഥമായി പറയുന്ന സംസ്ഥാനത്തെ കർഷകർ ഒരിക്കലും ആത്മഹത്യ ചെയ്യാൻ പാടില്ല എന്ന

നിലപാടുതന്നെയാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേരളത്തിൽ കടാശ്വാസ കമ്മീഷൻ നിലനിൽക്കുന്നു വെന്നുള്ളതുതന്നെയാണ് കേരളത്തിലെ കർഷകർ ആത്മഹത്യ ചെയ്യാതിരിക്കാനുള്ള പ്രധാനപ്പെട്ട കാര്യം. മഹാരാഷ്ട്ര ഗവൺമെന്റിന്റെ പ്രതിനിധി ഇവിടെവന്ന് കേരളത്തിന്റെ കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങളെന്താണെന്ന് പഠിച്ചുപോയിരിക്കുകയാണ്. കേരളത്തിലെ കർഷക ആത്മഹത്യ തടയുന്നതിൽ കടാശ്വാസ കമ്മീഷൻ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇരുപത് മാസമായി കേരളത്തിലെ കർഷകർക്കുവേണ്ടി നടപ്പാക്കുന്ന സ്റ്റേറ്റ് ഇൻഷ്വറൻസ് പോളിസിവഴി വിളകൾക്ക് ഇന്ത്യയിൽ ഏറ്റവുമധികം നഷ്ടപരിഹാരം കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. അങ്ങിവിടെ ഓഖി ദുരന്തത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി, ഓഖി ദുരന്തത്തിൽ 288,000 വാഴ നഷ്ടപ്പെട്ടുപോയി. അതിൽ ഇൻഷ്വർ ചെയ്തിരിക്കുന്ന എല്ലാവർക്കും സംസ്ഥാന ഗവൺമെന്റ് 300 രൂപ വച്ചുകൊടുത്തു. പക്ഷെ ഇൻഷ്വർ ചെയ്യാത്തയാളുകൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ കഴിഞ്ഞിട്ടില്ല, കാരണം 5.92 രൂപയാണ് കൊടുത്തിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തെ അറിയിക്കാത്തതു കൊണ്ടല്ല, സംസ്ഥാനത്ത് 288,000 വാഴ നശിച്ചുവെന്നുപറഞ്ഞാൽ അവർ കണക്കാക്കുന്ന നഷ്ടപരിഹാരത്തുക 5.92 രൂപ വച്ചുമാത്രമാണ്. ആ രീതിയിൽ കണക്കാക്കുന്ന രീതി കൊണ്ടുവന്നത് 2014-15-ലാണ്. അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം, 2014-15-ൽ ആ ഉത്തരവ് വന്നപ്പോഴാണ് സ്റ്റേറ്റിന്റെ ഷെയർ അഡീഷണലായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. ഇപ്പോൾ അത് നടപ്പാക്കി കൊണ്ടിരിക്കുകയാണ്. അത് പോരാഞ്ഞിട്ടാണ് സംസ്ഥാന ഗവൺമെന്റ് ഓരോ വിളകൾക്കും ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചത്. നെല്ലിന്റെ നഷ്ടപരിഹാരത്തുക 12,500 രൂപയിൽനിന്ന് 35,000 രൂപയായി സംസ്ഥാന ഗവൺമെന്റ് വർദ്ധിപ്പിച്ചു. ഒരു വാഴയുടെ നഷ്ടപരിഹാരം 100 രൂപയുണ്ടായിരുന്നത് 300 രൂപയായി വർദ്ധിപ്പിച്ചു. അങ്ങനെ 26 ക്രോപ്പുകൾക്കും ഇന്ത്യയിൽ ഏറ്റവുമധികം സംസ്ഥാന ഇൻഷ്വറൻസ് സ്കീം നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ട് കേരളത്തിലെ കർഷകർ ആത്മഹത്യ ചെയ്യാതിരിക്കാൻ അവർക്ക് മിനിമം സപ്പോർട്ട് പ്രൈസ് കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. മിനിമം സപ്പോർട്ടുമായി ബന്ധപ്പെട്ട് കഴിഞ്ഞദിവസം ഡൽഹിയിൽ വച്ചുനടന്ന യോഗത്തിൽ ഉല്പാദനച്ചെലവ് കണക്കാക്കി അതിൽ 150 ശതമാനം വർദ്ധനവ് വേണമെന്ന് ആവശ്യപ്പെട്ടു. കേന്ദ്ര ഗവൺമെന്റ് മിനിമം പ്രൈസ് കൊടുത്തുകൊണ്ടിരിക്കുന്ന 26 ക്രോപ്പുകളിൽ നമ്മുടെ സംസ്ഥാനത്തെ ഒറ്റ വിള മാത്രമേ ഉൾപ്പെടുന്നുള്ളൂ. അതിനുപുറമെ പച്ചത്തേങ്ങകൂടി അതിനകത്ത് ഉൾപ്പെടുത്തണമെന്നാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. റബ്ബറിനെ കാർഷിക ഉല്പന്നമായി മാറ്റണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ആ രീതിയിൽ കേരളത്തിലെ കർഷകർക്കുവേണ്ടി ആത്മാർത്ഥമായ പരിശ്രമങ്ങൾ സംസ്ഥാന ഗവൺമെന്റ് നടപ്പാക്കി ക്കൊണ്ടിരിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ

കെടുകാര്യ സ്ഥതകൊണ്ടോ നയവ്യത്യാസം കൊണ്ടോ കേരളത്തിലെ ഒരു കർഷകനും ആത്മഹത്യ ചെയ്തിട്ടില്ല. തൃശ്ശൂരിൽ ആത്മഹത്യ ചെയ്തുവെന്ന് അങ്ങ് പറഞ്ഞ കാര്യം, ഞങ്ങൾ അന്വേഷിച്ചതാണ്. അതിന്റെ റിപ്പോർട്ട് ഇവിടെയുണ്ട്. മരിച്ചുപോയ ആളുകളെപ്പറ്റിയൊന്നും ഞാൻ വിശദമായി പറയാൻ ആഗ്രഹിക്കുന്നില്ല. അങ്ങ് പറയുന്നതുപോലെ വയനാട്ടിൽ ശിവദാസന്റെ ആത്മഹത്യ 3 ദിവസം മുമ്പുണ്ടായതാണ്. അക്കാര്യത്തിൽ ഉടനെതന്നെ പരിശോധന നടത്തുകയുണ്ടായി. 2 ലക്ഷം രൂപ അദ്ദേഹം ലോണെടുത്തു എന്ന വിവരം കിട്ടുകയുണ്ടായി. അത് നോൺഫാമിംഗ് ലോണാണ്, കർഷക ലോണല്ല എന്നുള്ളത് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇനി അതുമായി എന്തെങ്കിലും ബന്ധമുണ്ടോയെന്ന കാര്യം ഈ മാനദണ്ഡപ്രകാരം പരിശോധിക്കാൻ വേണ്ടിയിട്ടുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അങ്ങ് ഇവിടെ സൂചിപ്പിക്കുന്നതുപോലെ അടിയന്തര പ്രാധാന്യമുള്ള വിഷയം ഇവിടെ ഉന്നയിക്കപ്പെടാത്ത സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആഗ്രഹിക്കുന്നില്ല.

<u>ശ്രീ. കെ. എം. മാണി</u>: സർ, 1300 കോടി രൂപ ബഡ്ജറ്റ് പ്രൊവിഷനുണ്ടായിരിക്കെ 874 കോടി രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. അത് തെറ്റല്ലേ? ബാക്കി രൂപ കർഷക സഹായ പദ്ധതികൾക്കുവേണ്ടി ഉടനടി ചെലവഴിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ആ കണക്ക് ശരിയാണെന്ന് തോന്നുന്നില്ല. 20 മാസം കൊണ്ട് 874 കോടി രൂപയുടെ കണക്കാണ് ഞാൻ പറഞ്ഞത്. അത് അങ്ങയുടെ ഗവൺമെന്റ് കൊടുത്തതിനെക്കാളും 200 കോടി രൂപ അധികമാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, വാചകമടിക്ക് ഏതെങ്കിലും അവാർഡുണ്ടെങ്കിൽ അത് ഈ സർക്കാരിനാണ് നൽകേണ്ടത്. ഇപ്പോൾ ശരിയാക്കിത്തരാമെന്ന മട്ടിലാണ് പ്രഖ്യാപനം. പക്ഷേ ഒന്നും ചെയ്തില്ല. എല്ലാം തകർന്നടിയുന്നു. കേരളത്തിന്റെ കാർഷിക മേഖല ഇതുപോലെ തകർന്നടിഞ്ഞ ഒരു കാലഘട്ടം ഉണ്ടാകില്ല. നയപ്രഖ്യാപനവും ബഡ്ജറ്റുമൊക്കെ വായിച്ചാൽ കർഷകർക്ക് എന്തൊക്കെയോ വാരിക്കോരി കൊടുക്കുമെന്നാണ് പ്രഖ്യാപനം. എല്ലാം ഒരു വാചകക്കസർത്ത് മാത്രമാണെന്ന് കാണാൻ കഴിയും. ഒരുദാഹരണം ഞാൻ പറയാം. കഴിഞ്ഞ ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് നീക്കിവച്ച 589.23 കോടി രൂപ ചെലവഴിക്കാതെ പോയെന്നാണ് ഡോ. ടി. എം.

തോമസ് ഐസക് ഒരു ചോദ്യത്തിന് മറുപടിയായി ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ളത്. ബഡ്ജറ്റിൽ തുക നീക്കിവയ്ക്കും. പക്ഷേ ചെലവഴിക്കില്ല. കാർഷിക മേഖലയോട് ഇതിനേക്കാൾ വലിയ അവഗണനയുണ്ടോ?

വയനാട് പാക്കേജ് - പ്രത്യേക കാർഷിക വികസന മേഖലയ്ക്കുവേണ്ടി നീക്കിവച്ചത് 2900 കോടി രൂപയാണ്. വൻ പദ്ധതികളാണ് അതിൽ നടപ്പാക്കാനുദ്ദേശിച്ചത്. സമഗ്ര കുരുമുളക് വികസനം, മണ്ണിന്റെ പുനരുജ്ജീവനം, സുഗന്ധ നെല്ലിനങ്ങളുടെ പ്രോത്സാഹനം എന്നിവയായിരുന്നു പ്രഖ്യാപനം. അതിൽ 572.55 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. ഇതാണോ സർക്കാരിന്റെയും കൃഷിവകുപ്പിന്റെയും കാര്യക്ഷമത. കാർഷിക മേഖല സമ്പൂർണ്ണ തകർച്ചയിലാണ്. അടുത്ത കാലത്തൊന്നും കാർഷികമേഖല ഇത്രയും വലിയ തകർച്ച നേരിട്ടിട്ടില്ല. കർഷകർ ആത്മഹത്യയുടെ വക്കിലാണെന്നുള്ള കാര്യത്തിൽ സംശയമില്ല. കേരളത്തിൽ കർഷക ആത്മഹത്യകൾ നടന്നുകൊണ്ടിരിക്കുന്നു. എണ്ണത്തിന്റെ കാര്യത്തിൽ ഇവിടെ തർക്കങ്ങളുന്നയിച്ചു. പക്ഷേ കാർഷിക മേഖലയിൽ കർഷക ആത്മഹത്യകൾ ആരംഭിച്ചിരിക്കുന്നു എന്നുള്ളതാണ് കാണാൻ കഴിയുന്നത്. വയനാട്ടിലെ ശിവദാസന്റെ കാര്യം പറഞ്ഞു. മാനന്തവാടിക്കടുത്താണ് ആ കർഷകൻ ആത്മഹത്യ ചെയ്തത്. അദ്ദേഹം കാർഷികേതര ലോൺ ആണ് എടുത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. മന്ത്രി അങ്ങനെ പറയാൻ പാടില്ലായിരുന്നു. അത് ഗൗരവമായി അന്വേഷിക്കേണ്ട ഒരു വിഷയമാണ്. മാനന്തവാടിയിൽ ശിവദാസൻ എന്ന കർഷകൻ ആത്മഹത്യ ചെയ്തത് കടം പെരുകിയിട്ടാണെന്നുള്ള കാര്യത്തിൽ സംശയമില്ല. കാർഷിക ലോൺ ആണോ കാർഷികേതര ലോൺ ആണോ എന്നുള്ള കാര്യം മാത്രമേ സംശയമായിട്ടുള്ളൂ.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശിവദാസൻ വാങ്ങിയിരിക്കുന്ന 2 ലക്ഷം രൂപയുടെ ലോൺ നോൺ ഫാമിംഗ് ഇനത്തിൽ പെടുന്നതാണെന്നാണ് ഞങ്ങൾക്ക് ലഭിച്ച പ്രാഥമിക റിപ്പോർട്ട്. അത് അന്വേഷിക്കാനായി കളക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിയാൽ മാത്രമേ കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, പലപ്പോഴും കർഷകർ എടുക്കുന്ന ലോണുകൾ കുട്ടികളെ പഠിപ്പിക്കാനും മറ്റുമാണ്. അവർക്ക് കാർഷിക വൃത്തിയിൽനിന്ന് വരുമാനമുണ്ടാകാത്തതുകൊണ്ടാണല്ലോ മറ്റ് ലോണുകളെടുക്കുന്നത്. അപ്പോൾ കാർഷിക രംഗത്തുണ്ടാകുന്ന തകർച്ച കൊണ്ടാണ് പലപ്പോഴും അവർ ആത്മഹത്യയിലേയ്ക്ക് പോകുന്നത്. അതുകൊണ്ട് അതിനെ ആ രീതിയിൽ കാണുന്നതും സാങ്കേതികത്വത്തിൽ പിടിച്ചുതൂങ്ങുന്നതും ശരിയല്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്താണ് ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യ ചെയ്തത്. വീണ്ടും ഇടതുമുന്നണി ഗവൺമെന്റ് വരുന്നു; കർഷക ആത്മഹത്യകൾ വീണ്ടും ആരംഭിക്കുകയാണ്. കൃഷി വകുപ്പുമന്ത്രി എല്ലായിടത്തും ഓടിനടക്കുന്നുണ്ട്. തരിശുഭൂമിയിൽ കൃഷി ഇറക്കുന്നുണ്ട്. പക്ഷേ കാർഷിക മേഖലയുടെ തകർച്ച അതീവ ഗുരുതരമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് തെറ്റിദ്ധരിച്ചതാണെന്നാണ് തോന്നുന്നത്. 2001 മുതൽ 2006 വരെയാണ് കേരളത്തിൽ ഏറ്റവും കൂടുതൽ കർഷക ആത്മഹത്യയുണ്ടായത്. 2006-ലെ ഗവൺമെന്റ് കാർഷിക കടാശ്വാസ കമ്മീഷനും കാർഷിക കടാശ്വാസ നിയമവും നടപ്പിലാക്കി കുറച്ചുനാൾ കഴിഞ്ഞപ്പോൾ കർഷക ആത്മഹത്യ പൂർണ്ണമായും ഇല്ലാതായി എന്നുള്ളതാണ് വസ്തുത.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്താണ് ഏറ്റവും കൂടുതൽ കർഷക ആത്മഹത്യയുണ്ടായത്. അതിനെത്തുടർന്നാണ് കാർഷിക കടാശ്വാസ കമ്മീഷൻ വന്നത്. യു.ഡി.എഫ്.ന്റെ കാലത്ത് കർഷക ആത്മഹത്യ താരതമ്യേന കുറച്ചുകൊണ്ടുവരാനും അവസാന കാലഘട്ടത്തിൽ പൂർണ്ണമായും ഇല്ലാതാക്കാനും കഴിഞ്ഞു എന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. പിണറായി വിജയൻ: സർ, അത് വസ്തുതയല്ല. 2001 മുതൽ 2006 വരെയുള്ള കാലയളവിൽ നമ്മുടെ സംസ്ഥാനത്ത് 1200 കർഷകർ ആത്മഹത്യ ചെയ്തിരുന്നു. വയനാട് ജില്ലയിൽ തന്നെ അമ്പതോളം ആളുകൾ ആത്മഹത്യ ചെയ്തിരുന്നു. കൃത്യമായ എണ്ണം ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. അതായിരുന്നു 2001 -2006 കാലത്തുണ്ടായ ആത്മഹത്യാ കണക്ക്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കർഷക ആത്മഹത്യകൾ വർദ്ധിച്ചുവന്ന സാഹചര്യത്തിലാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് കടാശ്വാസ കമ്മീഷൻ കൊണ്ടുവന്നതെന്ന കാര്യം മറക്കരുത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്ന് ആദ്യത്തെ ബഡ്ജറ്റിലാണ് കടാശ്വാസ കമ്മീഷൻ കൊണ്ടുവന്നത്. അല്ലാതെ ശ്രീ. വി. എസ്. അച്യുതാനന്ദൻ സർക്കാരിന്റെ ഭരണം നടന്ന് കർഷക ആത്മഹത്യകൾ പെരുകി വന്നപ്പോൾ കൊണ്ടുവന്നതല്ല. യു.ഡി.എഫ്. ഭരണ കാലത്തെ ആത്മഹത്യകളുടെ പശ്ചാത്തലത്തിൽ, ഇടതുപക്ഷ സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിൽ വച്ച നിർദ്ദേശമാണ് കടാശ്വാസ കമ്മീഷൻ.

ശ്രീ. രമേശ് ചെന്നിത്തല: സർ, യു.പി.എ. ഗവൺമെന്റാണ് 72,000 കോടി രൂപയുടെ കടം എഴുതിത്തള്ളിയത്. മഹാരാഷ്ട്രയിലെ കർഷക മാർച്ചിലെ പ്രധാനപ്പെട്ട ആവശ്യം എന്തായിരുന്നു? ഈ കടങ്ങൾ എഴുതിത്തള്ളുന്നതിലെ ഉപാധികൾ എടുത്തുകളയണമെന്നതായിരുന്നു അവരുടെ ആവശ്യം. ആന്ധ്രയിൽ 24,000 കോടി രൂപയുടെയും തെലുങ്കാനയിൽ 17,000 കോടി രൂപയുടെയും രാജസ്ഥാനിൽ 80,000 കോടി രൂപയുടെയും പഞ്ചാബിൽ 2,700 കോടി രൂപയുടെയും കർണാടകത്തിൽ 8,165 കോടി രൂപയുടെയും കടങ്ങൾ എഴുതിത്തള്ളി. കേരളത്തിൽ ഒരു പൈസയെങ്കിലും എഴുതിത്തള്ളാൻ ഡോ. ടി. എം. തോമസ് ഐസക് തയ്യാറുണ്ടോ? ഒരു രൂപയുടെ കടം എഴുതിത്തള്ളാമോ? വെറുതെ വാചകമടിക്കുകയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നു. യു.പി.എ. ഗവൺമെന്റ് 72,000 കോടി രൂപയുടെ കടങ്ങൾ എഴുതിത്തള്ളി. കേരളത്തിലെ കർഷകരുടെ ഒരു രൂപയുടെ കടം എഴുതിത്തള്ളാൻ ഡോ. ടി. എം. തോമസ് ഐസക് തയ്യാറുണ്ടോ? കാർഷിക മേഖലയുടെ 589.22 കോടി രൂപ ചെലവഴിക്കാതെ പോയി. എന്തുകൊണ്ട് ചെലവഴിച്ചില്ല?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, കർഷകരുടെ കടാശ്വാസത്തിന് വേണ്ടിയാണ് കടാശ്വാസ കമ്മീഷൻ കൊണ്ടുവന്നത്. ആ കടാശ്വാസ കമ്മീഷന്റെ ജോലിയാണ് ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. യു.പി.എ. ഗവൺമെന്റിന്റെ 5 വർഷത്തെ ഭരണത്തിനിടയിൽ നടന്ന ആത്മഹത്യകളുടെ കണക്ക് സംബന്ധിച്ച് ബഹുമാന്യനായ ശ്രീ. എം. ബി. രാജേഷ്, എം.പി.-യുടെ ചോദ്യത്തിന് മറുപടിയായി പാർലമെന്റിൽ വച്ച കണക്കുപ്രകാരം എൺപതിനായിരത്തിലധികം ആളുകളാണ് അന്ന് ആത്മഹത്യ ചെയ്തതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ? കാർഷിക കടാശ്വാസ കമ്മീഷനെ അങ്ങ് കുറച്ച് കാണരുത്. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന കാർഷിക കടാശ്വാസ കമ്മീഷൻ കേരളത്തിൽ കർഷക ആത്മഹത്യ ഇല്ലാതാക്കുന്നതിനുള്ള ഏറ്റവും നല്ല നടപടിയായി മുന്നോട്ടുപോയിരിക്കുകയാണ്. അത് ഇന്ത്യയ്ക്കും മാതൃകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇപ്പോൾ എത്ര കോടി രൂപ ചെലഴിച്ചെന്നാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. 20 കോടി രൂപ മാറ്റിവച്ചതിൽനിന്നും 6 കോടി രൂപ ചെലവഴിച്ചിട്ട് വലിയ വർത്തമാനം പറയുന്നത് ശരിയല്ല. ഞാൻ വിഷയത്തിലേയ്ക്ക് വരാം. നെല്ലിന്റെ ഉല്പാദനം കുറയുന്നു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് അങ്ങനെ പറയരുത്. ആറോ ഏഴോ കോടി രൂപ ചെലവഴിച്ചത് ചെറിയ കാര്യമല്ല. 20 കോടി രൂപയിൽ 7 കോടി രൂപ മാത്രമേ ചെലവഴിച്ചുള്ളൂ എന്ന് അങ്ങ് പറഞ്ഞാൽ, 2011 വരെയുള്ള അപേക്ഷ കിട്ടുന്നമുറയ്ക്ക് മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. അങ്ങയുടെ ഗവൺമെന്റാണെങ്കിലും ഏത് ഗവൺമെന്റാണെങ്കിലും അതിന് പ്രോസസ്സിംഗുണ്ട്. അങ്ങ് അതിനെ വിലകുറച്ചുകാണരുത്. കടാശ്വാസ കമ്മീഷനിൽ വന്ന അപേക്ഷകളെല്ലാം കൃത്യമായി പ്രോസസ്സ് ചെയ്യുന്നുണ്ട്. കമ്മീഷൻ സ്വതന്ത്രമായി പ്രവർത്തിക്കുന്നുണ്ട്. അങ്ങ് അതിനെ അപഹസിക്കരുത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ അപഹസിക്കുകയല്ല. കാർഷിക മേഖലയുടെ തകർച്ച കണക്കിലെടുത്ത് ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്ന സാഹചര്യത്തിൽ കേരളത്തിലെ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളാൻ അടിയന്തര നടപടി സ്വീകരിക്കുക എന്നുള്ളതാണ് ഇവിടത്തെ ആവശ്യം. അതിന് അങ്ങ് തയ്യാറുണ്ടോ? കടാശ്വാസ കമ്മീഷനിൽ 7 കോടി രൂപ ചെലവഴിച്ചതിനെ ഞാൻ ചെറുതായി കാണുന്നില്ല. ഇന്ത്യയിലെ കർഷകർ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ മാണി സാർ ഇവിടെ ചൂണ്ടിക്കാണിച്ചു. മദ്ധ്യപ്രദേശിലെ കടുക് കർഷകർ, ഉത്തർ പ്രദേശിലെ കരിമ്പ് കർഷകർ, ഉള്ളി കർഷകർ തുടങ്ങി രാജ്യത്തൊട്ടാകെയുള്ള കർഷകർ ഇന്ന് കടക്കെണിയിലേയ്ക്ക് നീങ്ങുന്നു. ഓരോ സംസ്ഥാനങ്ങളിലും കടങ്ങൾ എഴുതി തള്ളുന്നു. കേരളത്തിലും കർഷകരുടെ കാര്യം വ്യത്യസ്തമല്ല. ഉല്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല. മിനിമം വില പോലും കിട്ടാത്ത അവസ്ഥ. ഈ സാഹചര്യത്തിൽ കേരളത്തിലെ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളാനുള്ള ഇച്ഛാശക്തി കാണിക്കാൻ തയ്യാറാകണമെന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ അതിന് തയ്യാറാകുന്നില്ലല്ലോ? കടാശ്വാസ കമ്മീഷൻ ഉണ്ടെന്നു പറഞ്ഞതുകൊണ്ട് മാത്രമായില്ല. നിങ്ങൾ നടത്തിയ ലോംഗ് മാർച്ചിനെ ഞങ്ങൾ അഭിനന്ദിക്കുന്നു. അക്കാര്യത്തിൽ മാണി സാറിനോടൊപ്പം ഞാനും ചേരുകയാണ്. ലോംഗ് മാർച്ച് നന്നായി. രാഹുൽ ഗാന്ധിയും അതിനെ അഭിനന്ദിച്ചു. ഞങ്ങളും അഭിനന്ദിക്കുന്നു. കേരളത്തിൽ ഞങ്ങളെക്കൊണ്ട് ഒരു ലോംഗ് മാർച്ച് നടത്തിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ഒരു രൂപയുടെ കടംപോലും എഴുതിത്തള്ളുന്നില്ല. നെല്ലിന്റെ ഉല്പാദനം കുറഞ്ഞു. ഇവിടെ ബഹുമാന്യനായ മന്ത്രി പറഞ്ഞു, 1980-ൽ 8 ലക്ഷം ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നുവെങ്കിൽ 2014-ൽ അത് 1.96 ലക്ഷം ഹെക്ടറായി കുറഞ്ഞുവെന്ന്. ശ്രീ. വി. എസ്. സുനിൽ കുമാർ തരിശുഭൂമിയിൽ കൃഷിയിറക്കാൻ ശ്രമിക്കുന്നുണ്ട്; ഇല്ലെന്ന് ഞാൻ പറയുന്നില്ല, 2017 ആയപ്പോൾ അത് വീണ്ടും ചുരുങ്ങുകയാണ്. സർക്കാരിൽ നിന്നുള്ള സാമ്പത്തിക സർവ്വേ ചൂണ്ടിക്കാണിക്കുന്നത് 1.71 ലക്ഷം ഹെക്ടറായി ഇപ്പോഴത്തെ നെൽകൃഷി ചുരുങ്ങിയിരിക്കുന്നുവെന്നാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഇപ്പോഴത്തെ അവലോകന റിപ്പോർട്ട് പൂർണ്ണമായി വായിച്ചാൽ മനസ്സിലാകും. അതായത്, 1.71 ലക്ഷം ഹെക്ടറായി കുറയാൻ കാരണം, 2016-17-ലുണ്ടായ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചമൂലം പാലക്കാട് ജില്ലയിൽ മാത്രമായി 50000 ഹെക്ടർ സ്ഥലം കൃഷി ചെയ്യാതെ പോയതിന്റെ അടിസ്ഥാനത്തിലാണെന്ന കാര്യം വ്യക്തമായി പറയുന്നുണ്ട്. ഈ വർഷത്തെ കണക്കുപ്രകാരം രണ്ട് ലക്ഷത്തി ഇരുപതിനായിരം ഹെക്ടറായി കേരളത്തിന്റെ നെല്ലുല്പാദന വിസ്തൃതി വർദ്ധിക്കാൻ പോകുകയാണ്. അങ്ങയുടെ മണ്ഡലത്തിൽ ഹരിതം-ഹരിപ്പാട് നടപ്പാക്കിക്കഴിഞ്ഞാൽ നൂറു ശതമാനവും തരിശുരഹിതമാകും.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, എന്റെ നിയോജകമണ്ഡലമായിരിക്കും കേരളത്തിലെ ആദ്യത്തെ തരിശുരഹിത നിയോജകമണ്ഡലം. അത് ഞാൻ മുൻകയ്യെടുക്കുന്നതുകൊണ്ടാണ്. അതിനകത്ത് ഒരു സംശയവുമില്ല. ഹരിപ്പാടിനെ ആദ്യത്തെ തരിശുരഹിത നിയോജകമണ്ഡലമാക്കി മാറ്റാൻ ശ്രമിക്കുന്നുണ്ട്. അത് തീർച്ചയായും ഞാൻ ചെയ്യും. അത് എന്റെ ഉത്തരവാദിത്വമാണ്. ഇവിടെ നെൽകൃഷി ചെയ്യുന്നതിന്റെ ഹെക്ടർ കുറഞ്ഞിട്ടുള്ള സാമ്പത്തിക അവലോകന റിപ്പോർട്ട് അതായത് പ്ലാനിംഗ് ബോർഡിന്റെ റിപ്പോർട്ടിന്റെ കാര്യമാണ് ഞാൻ പറയുന്നത്. കാരണങ്ങളെന്തായാലും വിസ്തൃതി കുറഞ്ഞുവെന്നത് സത്യമാണല്ലോ?

അതോടൊപ്പംതന്നെ നെല്ല് സംഭരണത്തിനുള്ള പല പദ്ധതികളും പരാജയമാണ്. ഇപ്പോൾ കർഷകർ നേരിടുന്ന പ്രശ്നമെന്താണ്? കുട്ടനാട് കോൾ നില കർഷകർ, പാലക്കാട്ടെ കർഷകർ, ഇവരൊക്കെ ഉല്പാദിപ്പിക്കുന്ന നെല്ല് എടുക്കാൻ കഴിയുന്നില്ല. തമിഴ്നാട്ടിലെ മില്ലുടമകൾ അവരെ കൊള്ളയടിക്കുകയാണ്. ഈ തർക്കങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടുന്നില്ല. ഇന്നലെ അപ്പർ കുട്ടനാട്ടിലെ കാര്യം പറഞ്ഞു, വൈക്കത്തും ഉദയനാപുരത്തും നെല്ല് എടുക്കുന്നില്ല. ആഴ്ചകളോളം നെല്ല് എടുക്കാതെ വന്നപ്പോൾ ഞാൻ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയെ വിളിച്ചുപറഞ്ഞ കാര്യമാണ്. തിരുവാർപ്പ്, അമ്പലപ്പുഴ ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും കരിനില കർഷകരുടെ നെല്ല് എടുക്കുന്നില്ല. ഓരോ ന്യായങ്ങൾ പറഞ്ഞ് ഉല്പാദിപ്പിച്ച നെല്ല് എടുക്കാത്തതിനാൽ ന്യായവില കിട്ടാത്ത ഒരു സാഹചര്യമാണുള്ളത്. കാലാവസ്ഥാ വ്യതിയാനം കാരണം 5 ശതമാനം മുതൽ 10 ശതമാനം വരെ വിളവ് നഷ്ടമായി. കേന്ദ്രഗവൺമെന്റിൽ നിന്ന് 125 കോടി രൂപയാണ് വരൾച്ചാ ദുരിതാശ്വാസമായി കിട്ടിയത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി 125 കോടി രൂപ കിട്ടിയിട്ട് ഒരു രൂപപോലും പാവപ്പെട്ട കർഷകർക്ക് കൊടുത്തോ? 125 കോടി രൂപ കഴിഞ്ഞ വരൾച്ചയ്ക്ക് ഇവിടെ കിട്ടിയതാണ്. ജലസേചനത്തിന്റെ അഭാവംമൂലം കൃഷിയിറക്കാൻ കഴിയാത്ത കർഷകർക്ക് നഷ്ടപരിഹാരമായി 4 കോടി രൂപ നീക്കിവച്ചിരുന്നു. അതിൽനിന്ന് ഒരു രൂപ കർഷകർക്ക് കൊടുത്തോ?

റബ്ബറിന്റെ കാര്യം ഇവിടെ പറഞ്ഞു. റബ്ബർ കർഷകർ ചരിത്രത്തിലെ ഏറ്റവും വലിയ വിലയിടിവ് നേരിടുകയാണ്. പ്രധാനമന്ത്രിയുടെ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് റബ്ബർ കർഷകർക്കുവേണ്ടി ഒന്നും ചെയ്തില്ല. റബ്ബർ ബോർഡ് ഇല്ലാതാകുന്നു; സ്പൈസസ് ബോർഡ് ഇല്ലാതാകുന്നു; അതോടൊപ്പംതന്നെ ഉണ്ടാക്കിയിട്ടുള്ള എല്ലാ കമ്മോഡിറ്റി ബോർഡുകളും ഇല്ലാതാക്കുന്ന നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. കുരുമുളകിന് 2,000 രൂപയുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 700 രൂപയായതിനുശേഷവും 390 രൂപയായി ഇടിഞ്ഞിരിക്കുകയാണ്. കുരുമുളകിന്റെ ഉല്പാദനം 41000 ടണ്ണിൽ നിന്ന് 34000 ടണ്ണായി കുറയുകയും ചെയ്തിട്ടുണ്ട്. അതിന് കാരണം ശ്രീലങ്ക, വിയറ്റ്നാം എന്നിവിടങ്ങളിൽനിന്ന് വൻതോതിൽ കുരുമുളക് ഇറക്കുമതി ചെയ്യുന്നതുകൊണ്ടാണ്. നമ്മുടെ കർഷകർക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നില്ല. കാപ്പിക്കുരുവിന് 100 രൂപപോലും വില കിട്ടുന്നില്ല. ഏലത്തിന് 2,500 രൂപയുണ്ടായിരുന്നത് ഇപ്പോൾ 800-850 രൂപയായി കുറഞ്ഞു. ഈ വിലയിടിവ് തടയാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്രവുമായി ബന്ധപ്പെട്ട് അതിനുവേണ്ട നടപടികൾ സ്വീകരിക്കണ്ടേ; അത് സ്വീകരിച്ചോ? കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് വന്നതോടെ കോഫി ബോർഡ്, കോക്കനട്ട് ബോർഡ്, റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ് ഇവയെല്ലാം തകർന്നു. ബോർഡുകൾക്കൊന്നും ഫുൾടൈം ചെയർമാൻമാരില്ല. ജോയിന്റ് സെക്രട്ടറിമാർ മതിയെന്നാണ് പറയുന്നത്.

ഇവിടെ WTO-യുടെ ഒരു സെൽ പ്രവർത്തിച്ചിരുന്നു. എനിക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്, ഇപ്പോൾ അത് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെന്നാണ് എനിക്ക് കിട്ടിയ വിവരം. WTO - സെൽ പ്രവർത്തിക്കുന്നത് നാണ്യവിളകളുടെ വിലയിടിവ് ഉണ്ടാകുമ്പോൾ അന്നേരം കർഷകരെ അറിയിക്കാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി അതിന് പരിഹാരമുണ്ടാക്കാനും വേണ്ടിയായിരുന്നു. യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അടയ്ക്കയുടെ വില, പ്രത്യേകിച്ച് മലബാർ മേഖലയിൽ അടയ്ക്കാ കൃഷി വ്യാപകമാണ്. ആ അടയ്ക്കാകൃഷി വൻതിരിച്ചടി നേരിടുകയാണ്. കർണാടക ഗവൺമെന്റ് എന്താണ് ചെയ്തത്; കർണാടക ഗവൺമെന്റ് ചെയ്തത് നമുക്ക് ചെയ്യാമായിരുന്നല്ലോ? കർണാടക ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി കേന്ദ്രം മിനിമം ഇംപോർട്ട് പ്രൈസ് ഏർപ്പെടുത്തുവാനുള്ള തീരുമാനം എടുപ്പിക്കുകയുണ്ടായി. എന്നാൽ കേരളം ഒന്നും ചെയ്തില്ല. തെങ്ങുകൃഷിയുടെ കാര്യം, തേങ്ങയ്ക്ക് ഇപ്പോൾ മോശമല്ലാത്ത വിലയുണ്ട്. തേങ്ങയുടെ വില 20 മുതൽ 50 രൂപ വരെ എത്തിയതാണ്. അതിപ്പോൾ വീണ്ടും താഴോട്ടുപോയി. കഴിഞ്ഞ

വേനലിൽ തെങ്ങുകൃഷിക്ക് വ്യാപകമായ നാശമുണ്ടായതിനെത്തുടർന്ന് ഉല്പാദനം 30 ശതമാനമായി കുറഞ്ഞു. ഇപ്പോൾ ഇൻഡോനേഷ്യയിൽനിന്ന് കൊപ്ര ഇറക്കുമതി ചെയ്യുന്നു. ഇംപോർട്ട് ലൈസൻസ് പ്രകാരം ഇവിടെ കൊപ്ര ഇറക്കുമതി ചെയ്യുകയാണ്. അത് ഇംപോർട്ട് ലൈസൻസ് പ്രകാരം എക്സ്പോർട്ട് ചെയ്യേണ്ടതാണ്. എന്നാൽ എക്സ്പോർട്ട് ചെയ്യാതെ ഇന്ത്യയുടെ ഡൊമസ്റ്റിക് മാർക്കറ്റിൽതന്നെ വിൽക്കുകയാണ്. അതാരും പരിശോധിക്കുന്നില്ല. കൊപ്രയുടെ ഇംപോർട്ട് ലൈസൻസുള്ളതുകൊണ്ട് ഇവിടെ ഇംപോർട്ട് ചെയ്യുന്ന കൊപ്ര ഇവിടെത്തന്നെ വിപണിയിൽ വെളിച്ചെണ്ണയാക്കി വിൽക്കുന്നതിനാൽ നാളികേര കർഷകർ വലിയ പ്രതിസന്ധിയിലാണ്. ഈ അപകടം തടയാൻ ആസിയാൻ കരാറിലുള്ള 'സ്പെഷ്യൽ സെയ്ഫ് ഗാർഡ് മെക്കാനിസം' പ്രയോജനപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തെ സമീപിക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ആ സെയ്ഫ് ഗാർഡ് പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ ഈ ഇൻഡിസ്ക്രിമിനേറ്ററിയായിട്ടുള്ള ഇംപോർട്ട് കുറച്ചുകൊണ്ടുവരാനും അഡ്വാൻസ് ലൈസൻസ് പ്രകാരമുള്ള ഇംപോർട്ട് ചുരുക്കിക്കൊണ്ടുവരാനും നമ്മുടെ നാളികേര കർഷകരെ സംരക്ഷിക്കാനും കഴിയും. തോട്ടം മേഖലയിലെ സ്ഥിതി എന്താണ്? 21,000 കോടി രൂപയുടെ ഉല്പാദനമുണ്ടായിരുന്നിട്ടും നടപ്പുവർഷത്തിൽ 9,751 കോടിയായി താഴ്ന്നു. ചെറുകിട തോട്ടങ്ങൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്. ചില കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടതും ചിലത് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതുമാണ്. കർണാടകം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി കാര്യങ്ങൾ നേടിയെടുക്കുന്നതുപോലെ നമ്മുടെ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഇവിടത്തെ കർഷകരെ സംരക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നില്ലായെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, WTO സെല്ലിന്റെ പ്രവർത്തനം നടക്കുന്നില്ലെന്നുള്ളത് അടിസ്ഥാനരഹിതമാണ്. ആ സെല്ലിന്റെ പ്രവർത്തനത്തിന്റെ ഫലമായി എം.ഐ.പി.-യുടെ കാര്യത്തിലാണെങ്കിലും ഈ പറയുന്ന നാണ്യവിളകളുടെ കാര്യത്തിലായാലും കൃത്യമായ വിവരങ്ങൾ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ കത്തുമുഖേന അറിയിച്ചിട്ടുണ്ട്. WTO സെല്ലിന്റെയും കൂടി പ്രവർത്തനഫലമായിട്ടാണ് ചരിത്രത്തിലാദ്യമായി ഒരു 'ജോയിന്റ് ടാസ്ക് ഫോഴ്സ്' രൂപീകരിക്കാൻ കഴിഞ്ഞത്. അങ്ങ് തെറ്റിദ്ധരിച്ചതായിരിക്കാം. ഒരു കാര്യം കൂടി പറയാനുള്ളത്, കർണാടകയിലാണ് 848 പേർ ആത്മഹത്യ ചെയ്തിരിക്കുന്നത്. അത് ആലോചിച്ചാൽ മതി എവിടെയാണ് കൂടുതൽ ആത്മഹത്യ നടക്കുന്നതെന്ന് മനസ്സിലാകും.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുകൊണ്ട് കേരളത്തിലെ കാർഷികമേഖല തകർച്ചയിലാണ്. പ്രമേയാവതാരകനായ മാണിസാർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കർഷക ആത്മഹത്യകൾ പെരുകിവരുന്നു; സംസ്ഥാനത്ത് കർഷകർക്ക് ജീവിക്കാൻ കഴിയാത്ത അന്തരീക്ഷം നിലനില്ക്കുന്നു. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ അപര്യാപ്തമാണ്. ഗവൺമെന്റ് ഈ കാര്യത്തിൽ കാണിക്കുന്ന ഉത്തരവാദിത്വമില്ലായ്മ തീർച്ചയായും ഈ സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു; വേണമെങ്കിൽ ചർച്ച ചെയ്യാമെന്ന്. അങ്ങ് അനുവദിച്ചാൽ മതി. ഇന്നുതന്നെ ഒരു സമയം നിശ്ചയിച്ച് കാർഷികമേഖലയുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാം, ഒന്നും ഇല്ല എന്നാണെങ്കിൽ ചർച്ചചെയ്യാൻ ഗവൺമെന്റ് എന്തിനാണ് മടിക്കുന്നത്; എല്ലാം ചെയ്തെങ്കിൽ ആ കാര്യം ജനങ്ങളോട് പറയാമല്ലോ? കർഷകരുടെ ഈ ദയനീയമായ അവസ്ഥ പരിഹരിക്കാൻവേണ്ടി ഒരു ചർച്ചപോലും നടത്താൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

10.00 A M ]

ഡോ. എം. കെ. മുനീർ: സർ, കഴിഞ്ഞ ഗവൺമെന്റിനെ കുറ്റപ്പെടുത്തി ഈ ഗവൺമെന്റിനെ ന്യായീകരിക്കുമ്പോൾ കഴിഞ്ഞ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ പരിശോധിക്കാനെങ്കിലും അങ്ങ് തയ്യാറാകണം. ആ കാലഘട്ടത്തിൽ നെല്ല് സംഭരണം എത്രയായിരുന്നു; കഴിഞ്ഞ ഗവൺമെന്റ് 13.10 രൂപ ഉണ്ടായിരുന്നത് 21.50 രൂപയാക്കി ഉയർത്തി. അതായത് 8.40 രൂപയാണ് ആ സമയത്ത് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് വർദ്ധിപ്പിച്ചത്. എന്നാൽ ഈ ഗവൺമെന്റ് വന്ന് ഇത്രകാലമായിട്ടും ഒരു രൂപ മാത്രമാണ് വർദ്ധിപ്പിച്ചത്. ഒരു രൂപ മാത്രം വർദ്ധിപ്പിച്ചുകൊണ്ട് നെല്ല് സംഭരണം എങ്ങനെ സാദ്ധ്യമാക്കാൻ സാധിക്കും? കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പച്ചത്തേങ്ങ സംഭരണമുണ്ടായിരുന്നു. ഇപ്പോൾ അത് സംഭരിക്കുന്നില്ലെന്ന തീരുമാനമാണ് ഗവൺമെന്റിനുള്ളത്. കർഷകനെ സംബന്ധിച്ചിടത്തോളം അവന് ആശ്വാസം കിട്ടണമെങ്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ റബ്ബറിന്റെ കാര്യം ഇവിടെ പറഞ്ഞു. റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. അങ്ങനെ ഓരോ കാര്യങ്ങളും നോക്കിയാൽ സംഭവിച്ച

കൊണ്ടിരിക്കുന്നത് എന്താണെന്ന് മനസ്സിലാകും. ഇപ്പോൾ കുരുമുളക് വിയറ്റ്നാമിൽനിന്നും റബ്ബർ തായ്‌ലന്റിൽനിന്നും ഇറക്കുമതി ചെയ്യുന്നത് ഇന്ത്യൻ വിപണിയെ വല്ലാതെ ബാധിക്കുന്നുണ്ടെങ്കിലും കേരളത്തിലെ കർഷകരെ സംരക്ഷിക്കുന്നതിന് നമുക്ക് ചില ആശ്വാസങ്ങൾ ചെയ്തുകൂടേ; മറ്റു സംസ്ഥാനങ്ങൾ കടം എഴുതിത്തള്ളുമ്പോൾ എന്തുകൊണ്ട് നമുക്ക് അത് സാധിക്കുന്നില്ല; ഇത്തരം കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള നടപടികളെക്കുറിച്ചാണ് ഈ ഗവൺമെന്റ് ആദ്യമായി ആലോചിക്കേണ്ടത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സഭയിൽ തെറ്റായ ധാരണയുണ്ടാകാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. കേരളത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷൻ നിലവിലുണ്ട്. 2007-ലാണ് കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് നിലവിൽ വന്നത്. 2001 മുതൽ 2006 വരെയുള്ള കാലഘട്ടത്തിൽ 1306 കൃഷിക്കാർ മരണപ്പെട്ടു. അതിൽ 46 പേർ വയനാട്ടിലുള്ളവരായിരുന്നു. അന്ന് ഞാനാണ് വയനാട് പോയി ആനുകൂല്യം നൽകിയത്. അതിനുശേഷം ഒരു സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയെ നിയമിച്ചു. അതിന്റെ ചെയർമാൻ ജസ്റ്റിസ് ഉദയഭാനുവാണ്. ആ കമ്മീഷൻ ഇപ്പോഴും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അഗ്രീവ്ഡായിട്ടുള്ള ആളുകൾക്ക് കമ്മീഷനുമുമ്പിൽ പെറ്റീഷൻ നൽകാം. അതുസംബന്ധിച്ച് തെളിവെടുപ്പ് നടത്തിയതിനുശേഷം ആവശ്യപ്പെട്ട ആളുകൾക്ക് അർഹതപ്പെട്ട ആനുകൂല്യം കമ്മീഷൻ മുഖേനയാണ് നൽകുന്നത്. യഥാർത്ഥത്തിൽ എഴുതിത്തള്ളേണ്ട പ്രശ്നമില്ല. ഇതൊരു തെറ്റിദ്ധാരണയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്തെല്ലാമോ പറഞ്ഞുകൊണ്ടുപോകുന്നതല്ലാതെ വസ്തുതകൾ മനസ്സിലാക്കിക്കൊണ്ടല്ല സംസാരിക്കുന്നത്. 2012 മേയ് 19-നാണ് ജസ്റ്റിസ് ഉദയഭാനു കമ്മീഷനെ നിങ്ങൾ നിയമിച്ചത്. ആ കമ്മീഷന്റെ പ്രവർത്തനം നന്നായി പോകുകയാണ്. അതിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് എന്താണ് ചെയ്യാൻ സാധിക്കുന്നത്?

ഡോ. എം. കെ. മുനീർ: സർ, ഞാൻ പറയുന്നത് സ്റ്റാറ്റ്യൂട്ടറി ഇതാണെങ്കിലും ഗവൺമെന്റിന് ചില മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കാവുന്നതാണല്ലോ. കമ്മീഷൻ പറയുന്നത് മാത്രമല്ലല്ലോ, ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശവും അനുസരിച്ചല്ലേ കമ്മീഷൻ പ്രവർത്തിക്കേണ്ടത്; ഇന്റർനാഷണൽ വിപണിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഇന്ത്യയിലും ഉണ്ടാകുമ്പോൾ കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് കൂടുതൽ ഭാരം കർഷകന് വരുന്ന സാഹചര്യത്തിൽ, നമ്മൾ പണ്ട് വച്ചിട്ടുള്ള ഒരു ഡയറക്ഷൻ അനുസരിച്ച് കമ്മീഷൻ പ്രവർത്തിച്ചാൽ മതിയെന്നുപറയുന്നത് ശരിയല്ലല്ലോ;

അതിന് ചില ഡയറക്ഷൻസ് കൊടുക്കാൻ ഗവൺമെന്റിന് സാധിക്കില്ലേ? ഒരു അഗ്രികൾച്ചറൽ പ്രൈസ് കമ്മീഷൻ ഉണ്ടാകണമെന്നാണ് എനിക്ക് തോന്നുന്നത്. വിലവ്യതിയാനം സംഭവിക്കുന്നതനുസരിച്ച് ഇത് എങ്ങനെ സംഭരിക്കാമെന്നും എന്ത് വില കൊടുക്കാമെന്നുള്ളതിനെക്കുറിച്ചുമൊക്കെ നിശ്ചയിക്കുന്നതിനുവേണ്ടി ഒരു അഗ്രികൾച്ചറൽ പ്രൈസ് കമ്മീഷനെ നിയമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതൊക്കെ ഉണ്ടായി കടത്തിലേയ്ക്ക് പോകുന്നതിനേക്കാൾ കടബാദ്ധ്യതകൾ വരാതിരിക്കാൻ എങ്ങനെ പ്രൊട്ടക്റ്റ് ചെയ്യാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് ആലോചിക്കേണ്ടത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, അങ്ങ് തെറ്റിദ്ധരിച്ചിരിക്കുകയാണ്. കേരളത്തിൽ ഡോ. രാജശേഖരൻ ചെയർമാനായി ഒരു പ്രൈസ് കൺട്രോൾ ബോർഡ് നിലവിലുണ്ട്. കേരളത്തിൽ നിലവിലുള്ള ബോർഡാണ്. അതിനെക്കുറിച്ച് അങ്ങേയ്ക്ക് അറിയാത്തതുകൊണ്ടാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഡോ. രാജശേഖരനെ അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിന്റെ ചെയർമാനായി നിയമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് പ്രൈസുമായി ബന്ധപ്പെട്ട എല്ലാ നിർദ്ദേശങ്ങളും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നത്. അങ്ങ് ഇവിടെ ചർച്ചചെയ്യുന്ന എല്ലാ വിഷയങ്ങളും റബ്ബറിന്റെയും കാപ്പിയുടെയും കുരുമുളകിന്റെയും മറ്റു നാണ്യവിളകളുടെയാണെങ്കിലും പ്രൈസ് കൈകാര്യം ചെയ്യുന്നത് ബോർഡുകളുടെ അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റുമായി ബന്ധപ്പെട്ട നയത്തിന്റെ ഭാഗമായുള്ളതാണ്. അങ്ങ് അതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ടതിനുപകരം സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വം മാത്രമായി ചുരുക്കിക്കാണിക്കാൻ പാടില്ല.

ഡോ. എം. കെ. മുനീർ: സർ, കേന്ദ്ര സർക്കാർ ചെയ്യുന്നത് ശരിയെന്ന നിലയ്ക്കല്ല ഞാൻ പറയുന്നത്. കേന്ദ്ര സർക്കാർ നയംമൂലം തായ്‌ലന്റിൽനിന്നും റബ്ബർ ഇറക്കുമതി ചെയ്യുമ്പോളുണ്ടാകുന്ന പ്രശ്നങ്ങൾ നമ്മൾ പല സംസ്ഥാനങ്ങളിലും കാണുന്നില്ലേ? അവർ കഴിഞ്ഞ വർഷം എടുത്ത് സ്റ്റോക്ക് ചെയ്തിട്ടുള്ള സാധനം പതുക്കെ വിപണിയിലേയ്ക്ക് ഇറക്കുകയാണ്. അതിനുവേണ്ടി അക്യുമുലേറ്റ് ചെയ്തുവച്ചിരിക്കുന്ന റബ്ബർ ചുരുങ്ങിയ വിലയ്ക്ക് വിപണിയിലേയ്ക്ക് (തായ്‌ലന്റിന്റെ സ്റ്റോക്ക്) ഇറങ്ങുകയാണെങ്കിൽ ആ മേഖലയിലുണ്ടാകാൻ പോകുന്ന ക്രൈസിസ് എന്താണെന്ന് നമ്മൾ മനസ്സിലാക്കണം. അതനുസരിച്ച് അത് എങ്ങനെ നേരിടണമെന്ന് പരിശോധിക്കണം. ഇവിടെ ഉന്നയിച്ച കാര്യങ്ങൾക്ക് കൃത്യമായിട്ടുള്ളൊരു മറുപടി ലഭിക്കാത്തതിനാൽ കൂടുതൽ ചർച്ചകൾ ആവശ്യമാണ്. ഈ മേഖലകളിൽ ആത്മഹത്യകൾ പെരുകി. കുരുമുളകിന്റെ കാര്യമെടുത്താൽ ഒരു കാലഘട്ടത്തിൽ കറുത്തമുത്ത് എന്നുപറയപ്പെടുന്ന നമ്മുടെ കുരുമുളക് ഇവിടെനിന്നും കയറ്റുമതി ചെയ്തിരുന്നു. ഇപ്പോൾ കുരുമുളകിന്റെ ഉൽപ്പാദനം

തമിഴ്നാട് ഉൽപ്പാദിപ്പിക്കുന്നതിനെക്കാളും താഴെയായിരിക്കുന്നു. 55000 ടൺ കുരുമുളകാണ് ഇപ്പോൾ ഇന്ത്യയിലാകെ ഉൽപ്പാദിപ്പിക്കുന്നത്. അതിൽ 10000 ടൺ മാത്രമേ നമ്മൾ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. ബാക്കി തമിഴ്നാട് ഉൽപ്പാദിപ്പിക്കുന്നുവെന്നു പറയുമ്പോൾ കുരുമുളകിന്റെ കാര്യത്തിൽപോലും സംസ്ഥാനം താഴോട്ടുപോകുന്നു എന്നല്ലേ അർത്ഥം? കർഷകൻ തകർന്നു തരിപ്പണമാകുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നുവെന്ന സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് പോസിറ്റീവായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിട്ടുള്ളത്. അദ്ദേഹം നടത്തുന്ന ശ്രമങ്ങളെ നമ്മൾ എതിർത്തിട്ടില്ലല്ലോ; ഒരു ലോംഗ് മാർച്ച് ഇവിടെ കണ്ടു. ഒരു ലോംഗ് മാർച്ച് അല്ലെങ്കിലും നമ്മളെല്ലാവരുംകൂടി ഒരു ഷോർട്ട് മാർച്ചെങ്കിലും നടത്തി കർഷകരെ സംരക്ഷിക്കാൻ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാവരും കൈകോർക്കണമെന്ന അഭ്യർത്ഥന വച്ചുകൊണ്ട് ഈ വിഷയം ചർച്ചചെയ്യാൻ അനുവദിക്കാത്തതിനാൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, റബ്ബർ സ്ഥിരത.....

മി. സ്പീക്കർ: അടിയന്തരപ്രമേയം അവതരിപ്പിച്ചയാൾ തന്നെ വാക്കൗട്ട് സ്പീച്ച് നടത്താറില്ല. അങ്ങനെ കീഴ്വഴക്കമില്ല.

ശ്രീ. കെ. എം. മാണി: സർ, എന്നാൽ വേണ്ട.

ശ്രീ. പി. ജെ. ജോസഫ്: സർ, ആസാമിലും മഹാരാഷ്ട്രയിലുമെല്ലാം കാർഷിക കടങ്ങൾ എഴുതിത്തള്ളിയത് ഈ മാനദണ്ഡങ്ങൾ വച്ചല്ലല്ലോ; കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് കാർഷിക കടങ്ങൾ എഴുതിത്തള്ളുകയെന്ന വലിയ ധർമ്മമാണ് നടത്തിയിട്ടുള്ളത്. അത്തരത്തിലുള്ളൊരു നീക്കം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമായിരുന്നു. അത് ഉണ്ടാകാത്തതിലും ഈ വിഷയം ചർച്ച ചെയ്യാൻ കഴിയാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ കർഷകർ നേരിടുന്ന പ്രതിസന്ധി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ലഘുവായി കാണുന്നൊരു സാഹചര്യമാണുണ്ടായത്. ശ്രീ. കെ. എം. മാണി 'ജന്മഭൂമി' പത്രത്തെ ക്വാട്ട് ചെയ്ത് സംസാരിച്ചപ്പോൾ അങ്ങ് അതിനെ ആക്ഷേപിച്ചു. അത് ഒരു ഭാഗത്ത് നിൽക്കട്ടെ, ദീപിക പത്രം എഴുതുകയാണെങ്കിൽ അതിൽ അർത്ഥമുണ്ടെന്ന് അങ്ങ് തന്നെ

പറയുന്നു. 'കൃഷിയെ ഉപേക്ഷിച്ച് കേരളം എങ്ങോട്ട്' എന്ന് വളരെ ദീർഘമായൊരു റൈറ്റപ്പ് ആ പത്രത്തിൽ വന്നതാണ്. അതിൽ 'മന്ത്രിയുടെ നാട്ടിലും രക്ഷയില്ലാതെ നെൽ കർഷകർ, കർഷകന് കറുത്ത പൊന്നല്ല കുരുമുളക്, ഗവൺമെന്റിന്റെ തികഞ്ഞ അലംഭാവം, കശുമാവുകൾ വെട്ടിമാറ്റി കശുവണ്ടിക്ക് നെട്ടോട്ടം, നഷ്ടക്കണക്കുമായി ഏലം കൃഷി' എന്നിങ്ങനെ ദീപിക എഴുതിയൊരു പരമ്പര അങ്ങ് വായിച്ചുകാണുമെന്ന് കരുതുകയാണ്. ഇന്ന് കർഷകർ നേരിടുന്ന പ്രതിസന്ധിയുടെ നേർചിത്രം ഇവിടത്തെ മാധ്യമങ്ങൾ ഉൾപ്പെടെ വരച്ചുകാട്ടുന്ന സാഹചര്യം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. നെൽ കർഷകർ ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി അപ്പുറത്ത് ഇരിപ്പുണ്ട്. നെല്ല് സംഭരണം സർക്കാരിനെ ഏൽപ്പിക്കാൻ കർഷകർ തയ്യാറല്ല. നെല്ല് സംഭരിക്കുന്നില്ല, സംഭരിച്ച നെല്ലിന് വില കൊടുക്കാനും കഴിയുന്നില്ല. ഹരിതം പദ്ധതിയിലൂടെ ഹരിപ്പാട് തരിശുനില നിയോജക മണ്ഡലമാക്കി മാറ്റാൻ അദ്ദേഹം ശ്രമിക്കുമ്പോൾ ഒരു സംശയവും വേണ്ട അതിലുണ്ടാകുന്ന നെല്ല് ഉൽപ്പാദിപ്പിച്ച് അതിന്റെ വിപണനം അവർ തന്നെ കണ്ടെത്തുന്ന നിലയിലേയ്ക്ക് പോകുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ, തിരുമാറാടി തുടങ്ങിയ പഞ്ചായത്തുകൾ സ്വന്തം ബ്രാൻഡിൽ അരി വിപണനം ചെയ്യുകയാണ്. കാരണമെന്താണ്? ഡിപ്പാർട്ട്മെന്റ് നെല്ല് സംഭരിക്കുന്നില്ല.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, സ്വന്തം ബ്രാൻഡിൽ വിപണനം നടത്തുകയെന്നത് ഗവൺമെന്റിന്റെ നയമാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്, പ്ലീസ് ബഹുമാനപ്പെട്ട മിനിസ്റ്റർ ഓരോ വാക്കൗട്ട് സ്പീച്ചിലും അങ്ങ് ഇടപെടേണ്ട.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, സഭയെ തെറ്റദ്ധരിപ്പിക്കാൻ പാടില്ലല്ലോ; കൃഷി വകുപ്പിന്റെ ഇടപെടൽമൂലമാണ് കൃഷിക്കാർക്ക് അധികം വില കിട്ടാൻ വേണ്ടി നാൽപ്പത്തിയഞ്ചോളം ബ്രാൻഡുകൾ കേരളത്തിലിറക്കിയത്. കൃഷിക്കാർ അവരുടെ ഉൽപ്പന്നങ്ങൾ സ്വന്തം പേരിൽ ബ്രാൻഡ് ചെയ്യാൻ വേണ്ടിയാണ് മുന്നൂറിലധികം ചെറുകിട മില്ലുകൾ നൽകിയത്. അത് നല്ല കാര്യമായി അങ്ങ് കാണണം. അല്ലാതെ കൃഷിക്കാർക്ക് ദോഷം ഉണ്ടാക്കാൻ വേണ്ടിയല്ല.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ രണ്ട് പഞ്ചായത്തുകളും അങ്ങ് പരിശോധിക്കണം. അവിടെ വിപണനം നടത്തുന്നത് ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരമല്ല, ഉൽപ്പന്നങ്ങൾ അവരുടേതായ ബ്രാൻഡിൽ ഇറക്കുന്നതാണ്. ഞാൻ

അവിടത്തെ കർഷകരുമായി സംസാരിച്ചു. അവിടെ സിവിൽ സപ്ലൈസിൽ നിന്നും സാധനം ഏറ്റെടുക്കാൻ വരാറില്ല. ഏറ്റെടുത്താൽത്തന്നെ അവർക്ക് തുക ലഭിക്കണമെങ്കിൽ മൂന്നും നാലും മാസമെടുക്കുകയാണ്. ബഹുമാനപ്പെട്ട മാത്യു ടി. തോമസ് ഇവിടെ ഇരിപ്പുണ്ട്. കഴിഞ്ഞ സഭയിൽ അങ്ങ് എത്രമാത്രം ഉന്നയിച്ച വിഷയമാണിത്. അങ്ങ് മറന്നുപോയോ? അങ്ങയുടെ പ്രദേശത്ത് ഇപ്പോഴും നെല്ല് എടുക്കുന്നില്ല. ഇത്തരത്തിലുള്ള വിഷയങ്ങൾ കേരളത്തിൽ നിലനിൽക്കുകയാണ്. അതുകൊണ്ടാണ് സ്വന്തം ബ്രാൻഡിലേയ്ക്ക് ഇറങ്ങാൻ കർഷകർ നിർബന്ധിതരാകുന്നതെന്നും അതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുക്കുന്നതെന്നും ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. ഒപ്പംതന്നെ അങ്ങ് ഇവിടെ സൂചിപ്പിച്ചു; 2001-02 കാലയളവിൽനിന്ന് 2017-ലെത്തുമ്പോൾ 48 ശതമാനത്തിന്റെ കുറവ് കൃഷിഭൂമിയിൽ ഉണ്ടായിട്ടുണ്ട്. വരൾച്ചയാണ് ഇതിന് കാരണമെന്ന് അങ്ങ് പറഞ്ഞു. കഴിഞ്ഞ സഭാ സമ്മേളനത്തിൽ ഈ വിഷയങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു. വാട്ടർ മാനേജ്മെന്റ് നടപ്പിലാക്കുമെന്ന് പറഞ്ഞിട്ട് അങ്ങേയ്ക്ക് എവിടെയെങ്കിലും നടപ്പാക്കാൻ കഴിഞ്ഞോ? നെൽകൃഷിയിൽ മാത്രമല്ല കുറവ് വന്നിട്ടുള്ളത്, മറ്റ് കൃഷിയിടങ്ങളിലും ഇന്ന് കേരളത്തിൽ കുറവ് കാണാൻ കഴിയുന്നുണ്ട്. ഈ വിഷയത്തിൽ ഗവൺമെന്റ് തികഞ്ഞ അലംഭാവമാണ് കാണിക്കുന്നത്. ഇത് ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, കേരളത്തിലെ കർഷകരും ഗ്രാമീണ ജനതയും മുമ്പൊരിക്കലും ഇല്ലാത്ത തരത്തിലുള്ള ദുരിതം അനുഭവിക്കുന്നുവെന്നുള്ള വസ്തുത എല്ലാവർക്കും അറിയാവുന്നതാണ്. ഒരുപക്ഷെ ഭരണപക്ഷത്തിരിക്കുന്നവർക്ക് മാത്രമേ ഇക്കാര്യത്തിൽ സംശയമുള്ളൂ. മഹാരാഷ്ട്രയിലെ കർഷകർ മാർച്ച് നടത്തിയ അവസരത്തിൽ അവിടത്തെ ഗവൺമെന്റ് നേതാക്കളെ വിളിച്ചുവരുത്തി പ്രശ്നങ്ങൾ കേട്ട് തൃപ്തികരമായ രീതിയിൽ പരിഹാരമുണ്ടാക്കാൻ ശ്രമിച്ചു. ഇവിടെ എന്താ ചെയ്യുന്നത്? ഇവിടെ അങ്ങനെ ചെയ്യുന്നതിനുപകരം കേരളത്തിലെ എല്ലാ പ്രശ്നങ്ങൾക്കും കാരണം കേന്ദ്രത്തിൽ മോദി ഭരിക്കുന്നതും ആർ.എസ്.എസ്. വളരുന്നതുമാണെന്ന രീതിയിൽ ഒളിച്ചോട്ടം നടത്തുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ ശക്തമായി പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) ഓഖി ദുരിതബാധിതരുടെ പുനരധിവാസം

ശ്രീ. കെ. ദാസൻ: സർ, മുക്കാൽഭാഗം ജലത്താൽ കവചിതമായാണ് നമ്മുടെ ആവാസസ്ഥാനമായ ഭൂമിയുടെ കിടപ്പ്. അതായത് ഏതാണ്ട് 74 ശതമാനം പരന്നുകിടക്കുന്നത് കടലാണ്. കടലിനോട് ഇണങ്ങി ജീവിക്കുന്ന കടലോരനിവാസികൾ അക്ഷരാർത്ഥത്തിൽ രാജ്യാതിർത്തി കാക്കുന്ന കാവലാളുകൾ കൂടിയാണ്. കടലമ്മയുടെ കരുണയിൽ മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന മഹാസാധുക്കളുടെ ജീവിത സ്വപ്നങ്ങൾക്കുമേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ടാണ് ഓഖി കടന്നുപോയത്. 2017 നവംബർ 30-ന് ഉച്ചയ്ക്ക് 12 മണി, കേരളത്തിന് മറക്കാനാകാത്ത ദുരന്തം സമ്മാനിച്ച ആ കറുത്തദിനം, ഒരു നൂറ്റാണ്ട് കാലത്തെ ചരിത്രത്തിൽ കേട്ടുകേഴ്വിപോലും ഇല്ലാത്തവിധം ആഞ്ഞുവീശിയ ചുഴലിക്കാറ്റ്. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ ഉപജീവനത്തിനായി കടലിൽ അണിനിരന്ന സമയത്ത് അപ്രതീക്ഷിതവും ഭയാനകവുമായ ചുഴലിക്കാറ്റ് ആഞ്ഞ് വീശിയപ്പോൾ കടലിൽ പോയ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ഉലച്ച കൊടുങ്കാറ്റായി ഓഖി മാറി. ദുരന്തമുഖത്ത് എന്ത് ചെയ്യണമെന്നറിയാതെ വിറങ്ങലിച്ചുനിന്ന ജനതയ്ക്ക് ആശ്വാസത്തിന്റെ സാന്ത്വനസ്പർശമായി കേരള സർക്കാർ അക്ഷീണയജ്ഞം നടത്തി. നാവിക-വ്യോമസേനാ വിഭാഗങ്ങളും കോസ്റ്റ് ഗാർഡും കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളും യുദ്ധകാലാടിസ്ഥാനത്തിൽ ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സംസ്ഥാന സർക്കാരും ആവുന്നതെല്ലാം ചെയ്തു. ദുരന്തത്തെ മുഖാമുഖം കണ്ട തുറയിലെ ജനവിഭാഗങ്ങൾക്കൊപ്പം മനുഷ്യത്വം മരവിച്ചിട്ടില്ലാത്തവരെല്ലാം സംസ്ഥാന സർക്കാരിന്റെ സംയോജിതമായ ഇടപെടൽ തിരിച്ചറിയുകയും പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. മുൻമാതൃകകളില്ലാത്ത ദുരന്തമുഖത്ത് വികസിത രാജ്യങ്ങളിലെ പരിചയസമ്പന്നമായ സംവിധാനങ്ങളോട് കിടപിടിക്കുന്ന ആസൂത്രിതവും കാര്യക്ഷമവുമായ ഇടപെടലുകളാണ് നമ്മുടെ സർക്കാർ നടത്തിയത്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി കേന്ദ്രമന്ത്രിമാരായ ശ്രീമതി നിർമ്മലാ സീതാരാമൻ, ശ്രീ. അൽഫോൺസ് കണ്ണന്താനം എന്നിവർ കേരളത്തിൽ വരികയും

രക്ഷാപ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളിൽ സംതൃപ്തി രേഖപ്പെടുത്തിയാണ് അവർ മടങ്ങിയത്. ഓഖി രക്ഷാപ്രവർത്തനങ്ങൾക്കൊപ്പം ദുരിതബാധിതർക്ക് സമഗ്രമായ സഹായ പാക്കേജ് പ്രഖ്യാപിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ ആശ്വാസ കിരണങ്ങൾ സമ്മാനിച്ചത്. മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് 20 ലക്ഷം രൂപ, ഗുരുതരമായി പരിക്കേറ്റ മത്സ്യബന്ധനം തുടരാനാകാത്ത തൊഴിലാളികളുടെ കുടുംബത്തിന് 5 ലക്ഷം രൂപ, മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം എന്നിവ നൽകാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ദുരിതപർവ്വത്തിലൂടെ കടന്നുപോകുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി തുടർജീവിത സാദ്ധ്യതകൾ ഉറപ്പിക്കാനും ജീവിതായോധനത്തിന് കൈത്താങ്ങാവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിച്ച സംസ്ഥാന സർക്കാരിനെ പിൻതുണയ്ക്കേണ്ട ബാദ്ധ്യത കേന്ദ്രസർക്കാരിനുണ്ട്. സമാനമായ പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളുമുണ്ടായ ഘട്ടങ്ങളിലെല്ലാം കേന്ദ്രസർക്കാർ കയ്യയച്ച് സഹായിച്ച അനുഭവം ഇതര സംസ്ഥാനങ്ങളുടെ കാര്യത്തിൽ കണ്ടതാണ്. ഇക്കാര്യങ്ങൾ പരിഗണിച്ച് ഓഖി ദുരന്തം ദേശീയ ദുരന്തമായി കണക്കാക്കി കേന്ദ്രസർക്കാരിനോട് പ്രത്യേക പാക്കേജ് ആവശ്യപ്പെടാൻ 2017 ഡിസംബർ 6-ന് ചേർന്ന സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചത് പ്രതീക്ഷാനിർഭരമായ ചുവടുവയ്പ്പായിരുന്നു. സമാനതകളില്ലാത്ത നാശനഷ്ടങ്ങളാണ് ഓഖിയിലൂടെ കേരളതീരത്ത് സംഭവിച്ചത്. 50 മത്സ്യത്തൊഴിലാളികൾ കടലിലും 8 പേർ കരയിലും മരണപ്പെട്ടു. 103 മത്സ്യത്തൊഴിലാളികളെ കാണാതായി. 354 ബോട്ടുകൾ തകർന്നടിഞ്ഞു. 246 വീടുകൾ പൂർണ്ണമായും 6851 വീടുകൾ ഭാഗികമായും തകർന്നു. 7817.38 ഹെക്ടർ പ്രദേശത്തെ കൃഷിക്ക് നാശം സംഭവിച്ചു. അക്ഷരാർത്ഥത്തിൽ ദേശീയ ദുരന്തമായ കാഴ്ച. കടലോരം കണ്ണീർക്കടലായി മാറിയപ്പോൾ ഓഖി ദുരിതാശ്വാസത്തിന്, ദുരന്തബാധിതരുടെ പുനരധിവാസത്തിന് 7340 കോടി രൂപയുടെ പ്രത്യേക പാക്കേജാണ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സംസ്ഥാന സർക്കാരിനുവേണ്ടി പ്രധാനമന്ത്രിക്ക് സമർപ്പിച്ചത്. മുഖ്യമന്ത്രി മുന്നോട്ടുവച്ച പ്രത്യേക പാക്കേജ് അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ഉറപ്പ് നൽകിയാണ് പ്രധാനമന്ത്രി കേരളം വിട്ടത്. ഡൽഹിയിലെത്തിയതോടെ കേരളക്കരയുടെ കണ്ണീർ കാണാതെയുള്ള സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. സംസ്ഥാന സർക്കാർ സമർപ്പിച്ച പുനരധിവാസ പാക്കേജിന്റെ ഭാഗമായി നയാപൈസ

അനുവദിക്കാതെ നിഷേധാത്മക സമീപനം സ്വീകരിച്ച കേന്ദ്രസർക്കാർ ആകെ അനുവദിച്ചത് 133 കോടി രൂപ മാത്രമാണ്. ഇതാകട്ടെ, അടിയന്തര സഹായമായി സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് ഫണ്ട് വഴി ലഭ്യമാക്കിയ തുകയാണ്. ഒന്നിന് ഏതാണ്ട് 8 ലക്ഷം രൂപ വില വരുന്ന വള്ളങ്ങളാണ് ദുരന്തത്തിൽ തകർന്നത്, ഈ വള്ളത്തിന് കേന്ദ്രം കണക്കാക്കിയത് 7,500 രൂപ മാത്രമാണ്. വീടിന് 91,000 രൂപയും മരണമടഞ്ഞവർക്ക് നാല് ലക്ഷം രൂപയും കണക്കാക്കിയാണ് 133 കോടി രൂപ ധനസഹായമായി ഒതുക്കിയത്. കേന്ദ്ര സംഘം നിർദ്ദേശിച്ചത് 416 കോടി രൂപയാണ്. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ കണ്ണീർപ്പാടത്തിന് മുന്നിലേയ്ക്ക് അവഗണനയുടെ കരിമ്പടം വലിച്ചിട്ട് മാറിനിൽക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേരളത്തിനായി 169.63 കോടി രൂപയുടെ കേന്ദ്രസഹായം അനുവദിക്കാമെന്ന് തീരുമാനിച്ചതായി വാർത്തകളുണ്ടായിരുന്നു. പ്രളയദുരിതാശ്വാസത്തിന് ബീഹാറിന് 1711 കോടി രൂപയും ഗുജറാത്തിന് 1055 കോടി രൂപയും രാജസ്ഥാന് 420 കോടി രൂപയും ഉത്തർപ്രദേശിന് 421 കോടി രൂപയും പശ്ചിമബംഗാളിന് 839 കോടി രൂപയും അനുവദിച്ചതായി ഈ ഘട്ടത്തിൽതന്നെ വാർത്ത വന്നിരുന്നു. ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നാണ് കേരളത്തിന് 169.6 കോടി രൂപ അനുവദിച്ചെന്നായിരുന്ന വാർത്ത. ഈ പ്രത്യേക പാക്കേജിനുള്ള കേരളത്തിന്റെ മുറവിളി കേൾക്കാൻ തങ്ങൾ സന്നദ്ധമല്ലെന്ന് വെളിവാക്കുന്ന പ്രഖ്യാപനമാണ് കേന്ദ്രസർക്കാരിന്റെ ഈ ജനവിരുദ്ധനിലപാടെന്ന് തുറന്നുകാണിക്കുന്നതിന് സംസ്ഥാന സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വീണ്ടും സമ്മർദ്ദം ചെലുത്തി കേന്ദ്രത്തിൽനിന്നും അർഹമായ പാക്കേജ് നേടിയെടുക്കാൻ സംസ്ഥാന സർക്കാർ ഇനിയും ശ്രമിക്കുമോ എന്ന കാര്യമാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഇവിടെ അവതരിപ്പിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, 2017 നവംബർ 29, 30 തീയതികളിലായി കേരള തീരത്ത് വീശിയടിച്ച ഓഖി ചുഴലിക്കാറ്റ് കേരളതീരത്ത് വൻനാശനഷ്ടമാണുണ്ടാക്കിയത്. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച്, ഒരാഴ്ചയ്ക്കുള്ളിൽ ഒരു മൃതദേഹം കൂടി തിരിച്ചറിയാൻ കഴിഞ്ഞു, 52 മത്സ്യത്തൊഴിലാളികൾക്ക് ജീവഹാനിയുണ്ടാകുകയും 102 മത്സ്യത്തൊഴിലാളികളെ കാണാതാകുകയും ചെയ്തു. 354 മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വള്ളവും വലയും മറ്റ് അനുസാരികളും നഷ്ടപ്പെടുകയോ കേടുപാടുകൾ

സംഭവിക്കുകയോ ചെയ്തിട്ടുണ്ട്. മത്സ്യമേഖലയിലെ 74 വീടുകൾ പൂർണ്ണമായും 458 വീടുകൾ ഭാഗികമായും നഷ്ടമായിട്ടുണ്ട്. ഇതുകൂടാത റോഡുകൾ, പാലങ്ങൾ, വൈദ്യുത ശൃംഖലകൾ എന്നിവയ്ക്കും തീരദേശവാസികളുടെ വിശിഷ്യാ മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾക്കും നാശനഷ്ടമുണ്ടാകുകയും ചെയ്തു.

ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപവീതം സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി. ഇതുകൂടാതെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും രണ്ട് ലക്ഷം രൂപവീതവും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ കാണാതായവരുടെ കുടുംബങ്ങൾക്ക്, മരണപ്പെട്ടവർക്ക് അനുവദിച്ച അതേ നിരക്കിലുള്ള നഷ്ടപരിഹാര ധനസഹായം നൽകുന്നതിന് തീരുമാനമെടുക്കുകയും ആയത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ തടസ്സങ്ങൾ ഒഴിവാക്കിയെടുക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരികയുമാണ്. ഓഖി ദുരന്തബാധിതരുടെ പുനരധിവാസത്തിനും നാശനഷ്ടം സംഭവിച്ച തീരദേശങ്ങളുടെ പുനഃസൃഷ്ടിക്കുമായി കേരള സർക്കാർ 7340 കോടി രൂപയുടെ പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം ഞാൻ വായിക്കുന്നില്ല; മേശപ്പുറത്ത് വയ്ക്കുകയാണ്*. തീരദേശ സംരക്ഷണം, ഭവനനിർമ്മാണം, അവരുടെ ആരോഗ്യ വിദ്യാഭ്യാസ തൊഴിലുപകരണങ്ങൾ അടക്കമുള്ള സമഗ്രമായ ഒരു പാക്കേജാണ്. കിട്ടുന്ന ദുരിതാശ്വാസനിധിക്ക് അവർക്ക് ഒരു പ്രത്യേക മാനദണ്ഡമുണ്ട്. വളരെ ചെറിയ തുകയാണ് കിട്ടുന്നത്. ആ തുക നമുക്ക് തീരെ അപര്യാപ്തമായതുകൊണ്ടാണ് സ്പെഷ്യൽ പാക്കേജായി അനുവദിക്കണമെന്ന് കേരള ഗവൺമെന്റ് ആവശ്യപ്പെട്ടത്. അതിന്റെയും വിശദാംശങ്ങൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

കേന്ദ്ര സർക്കാരിന് സമർപ്പിച്ച പുനരധിവാസ പാക്കേജ് അനുസരിച്ചുള്ള ധനസഹായം ലഭിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയവും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതായിട്ടുണ്ട്. ഇതിനായി മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും റവന്യൂ, ഭവനനിർമ്മാണം, ദുരന്തനിവാരണം, ആരോഗ്യം, വൈദ്യുതി, സാമൂഹ്യനീതി, പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുസെക്രട്ടറിമാർ അംഗങ്ങളായും ഒരു ഉന്നതതല ഔദ്യോഗിക സമിതി രൂപീകരിച്ചിട്ടുണ്ട്.

ദേശീയ ദുരന്തനിവാരണ ഫണ്ടിൽ നിന്നും 27-12-2017-ൽ 133 കോടി രൂപ സംസ്ഥാന സർക്കാരിന് അനുവദിക്കുകയുണ്ടായി. എന്നാൽ ഈ തുക തീരെ

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അപര്യാപ്തമാണ്. അനുവദിച്ച 133 കോടി രൂപ, കേരള സർക്കാർ പ്രധാനമന്ത്രിക്ക് സമർപ്പിച്ച 7340.45 കോടി രൂപയുടെ പ്രത്യേക പാക്കേജുമായി ബന്ധപ്പെട്ടുള്ളതല്ല. ഈ തുക ദേശീയ ദുരന്തനിവാരണ ഫണ്ടിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്ക് അടിയന്തര സഹായമായി അനുവദിച്ചിട്ടുള്ളതാണ്. 169 കോടി രൂപയിൽ നിന്നും ഒരു പൈസയും കേരളത്തിന് ഇതുവരെ ലഭിച്ചിട്ടില്ല. ഈ പാക്കേജുമായി ബന്ധപ്പെട്ട ഒരു പൈസയും കിട്ടിയിട്ടില്ല എന്നതാണ് വസ്തുത. സംസ്ഥാന സർക്കാർ സമർപ്പിച്ച ബൃഹത്തായ പാക്കേജ് പ്രകാരമുള്ള ധനസഹായം ലഭ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരിൽ വീണ്ടും സമ്മർദ്ദം ചെലുത്തുന്നതാണ്.

ശ്രീ. കെ. ദാസൻ: സർ, തെക്കു-കിഴക്കൻ ഉൾക്കടലിൽ രൂപംകൊണ്ട ന്യൂനമർദ്ദം ശക്തിപ്രാപിച്ചുവരുന്നുവെന്നും കനത്ത മഴയ്ക്കും ചുഴലിക്കാറ്റിനും സാദ്ധ്യതയുണ്ടെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും ലഭിച്ച മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ അടിയന്തരഘട്ടം നേരിടാൻ എന്തെല്ലാം നടപടികളാണ് ഇപ്പോൾ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. എല്ലാ മുൻകരുതൽ നടപടികളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ചേർന്ന് സ്വീകരിച്ചിട്ടുണ്ട്. എല്ലാ സന്നാഹങ്ങളും മുന്നൊരുക്കങ്ങളും ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്.

### (2) നോക്കുകൂലി നിരോധന നിയമം

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, കേരളത്തിന്റെ തൊഴിൽ മേഖലയിൽ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു ദുരാചാരമാണ് നോക്കുകൂലി. സംഘബലം കൊണ്ട് പേടിപ്പിച്ച്, ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങാനായി കേരളത്തിലെ ഏതാനും ചുമട്ടുതൊഴിലാളികളും അവരുടെ സംഘടനാ നേതാക്കളും കണ്ടുപിടിച്ച ഒരു പഴഞ്ചൻ സമ്പ്രദായമാണിത്. ലോകത്തെങ്ങുമില്ലാത്ത ഈ അന്യായപിരിവ് ഇന്നും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നു. നോക്കുന്നതിനും കേൾക്കുന്നതിനും കൂലി വാങ്ങുന്ന ഈ ദുഷ്പ്രവണത ദൗർഭാഗ്യവശാൽ കേരളത്തിൽ ഇപ്പോഴും നിലനിൽക്കുന്നുവെന്നതാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. നോക്കുകൂലി വാങ്ങുന്നവരുടെ പേരിൽ ഉണ്ടാ നിയമപ്രകാരം കേസ്സെടുക്കണമെന്ന് 2014 ഡിസംബർ 4-ന് കേരള ഹൈക്കോടതി തന്നെ വിധി പ്രസ്താവിച്ചു. എന്നാൽ ഒരു ഫലവും പ്രായോഗികതലത്തിൽ ഇന്നുവരെ ഉണ്ടായില്ല. അതിനുമുമ്പ് 2008-ൽ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയായിരുന്ന ഇന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി ഒരു പ്രഖ്യാപനം നടത്തിയിരുന്നു. 'നോക്കി നിൽക്കുന്നവർക്കാകരുത്,

ജോലി ചെയ്യുന്നവർക്കാകണം കൂലി' എന്നായിരുന്ന ആ പ്രഖ്യാപനം. തൊഴിൽമേഖലയിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നായിരുന്നു അത്. സംസ്ഥാന നിയമസഭയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് നടന്ന 'കേരളം ഇന്നലെ, ഇന്ന്, നാളെ' എന്ന സെമിനാറിൽ സംസാരിക്കവെയാണ് അന്ന് അദ്ദേഹം ആ പ്രസ്താവന നടത്തിയത്. 10 വർഷങ്ങൾക്കുശേഷം 2018 മാർച്ച് ആദ്യവാരത്തിൽ അദ്ദേഹം മുഖ്യമന്ത്രി എന്ന നിലയിൽ വിളിച്ചുചേർത്ത യോഗത്തിൽ മേയ് 1 മുതൽ സംസ്ഥാനത്ത് നോക്കുകൂലി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. എല്ലാ പ്രധാനപ്പെട്ട തൊഴിലാളി സംഘടനാ നേതാക്കളും ഈ യോഗത്തിൽ പങ്കെടുത്ത് തീരുമാനത്തിൽ ഒപ്പുവച്ചുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. എന്നാൽ ഇപ്പോൾ കാണാൻ കഴിയുന്നത് മുഖ്യമന്ത്രിയും സംഘടനാ നേതാക്കളും ഒപ്പുവച്ച തീരുമാനത്തിലെ മഷി ഉണങ്ങും മുമ്പുതന്നെ തിരുവനന്തപുരത്തെ വെൺപാലവട്ടത്ത് ഒരു യുവസംരംഭകനുണ്ടായ അനുഭവം ഞെട്ടിക്കുന്നതാണ്. ഇതുസംബന്ധമായ വാർത്തയുടെ തലക്കെട്ട് ഇപ്രകാരമായിരുന്നു. 'നോക്കുകൂലി അനുവദിക്കില്ലെന്ന് പറഞ്ഞ മുഖ്യമന്ത്രി അറിയാൻ യുവ സംരംഭകന് വധഭീഷണി, മുഖ്യമന്ത്രിയുടെ ഉറപ്പിന് പിന്നാലെ വീണ്ടും അതിക്രമം' എന്നാണ്. തീർന്നില്ല, ഇന്നലെ വന്ന ഒരു വാർത്തയുടെ തലക്കെട്ട് 'മുഖ്യമന്ത്രിയുടെ വാക്കിന് പുല്ലുവില, നോക്കുകൂലിക്കായി അക്രമം, വീട്ടുപണിക്കായി സാധനമിറക്കിയവർക്ക് പരിക്ക് കോട്ടയത്തുനിന്നാണ് ഈ വാർത്ത. ഞാൻ പറയുന്നത്, കോടതികളുടെയും ഉന്നത ട്രേഡ് യൂണിയൻ നേതാക്കളുടെയുമൊക്കെ ശക്തമായ ഇടപെടലുകളും നിർദ്ദേശങ്ങളും ഉണ്ടായെങ്കിലും കേരളത്തിലെ തൊഴിൽ സംസ്കാരത്തിന് ദേശീയ തലത്തിൽ തന്നെ ചീത്തപ്പേരുണ്ടാക്കിയ നോക്കുകൂലിയെ സംസ്ഥാനത്തുനിന്ന് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ ഇതൊന്നും മതിയാകില്ല എന്ന കാര്യമാണ്. തീരുമാനങ്ങൾ ഒരു വഴിക്കും നോക്കുകൂലി മറ്റൊരു വഴിക്കും പോയ ചരിത്രമാണ് ഇന്നുവരെയുള്ളത്. രാഷ്ട്രീയ പാർട്ടികളുടെയും അവരുടെ ട്രേഡ് യൂണിയൻ നേതാക്കളുടെയും പിൻബലത്തിലാണ് നോക്കുകൂലി ഇക്കാലമത്രയും കേരളീയരെ നോക്കി പേടിപ്പിച്ചത് എന്നതാണ് യാഥാർത്ഥ്യം. ആയതിനാൽ ഈ സംവിധാനങ്ങളൊക്കെ ഇപ്പോഴും അതുപോലെ നിലനിൽക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ശക്തമായ ഒരു നിയമനിർമ്മാണത്തിലൂടെ മാത്രമേ തൊഴിൽ മേഖലയിലെ ഈ ദുഷ്പ്രവണത നമുക്ക് ഘട്ടംഘട്ടമായെങ്കിലും സംസ്ഥാനത്തുനിന്നും തുടച്ചുനീക്കാനാകൂ. തൊഴിൽ സംസ്കാരത്തിന് ചീത്തപ്പേരുണ്ടാക്കിയ ഈ പകൽക്കൊള്ള അവസാനിപ്പിക്കാൻ നിയമനിർമ്മാണത്തോടൊപ്പം രാഷ്ട്രീയ പാർട്ടികളുടെയും ട്രേഡ് യൂണിയൻ നേതാക്കളുടെയും സഹകരണം അത്യാവശ്യമാണ്. സ്വന്തം വീട്ടുപണിക്കായി ഓട്, ഇഷ്ടിക, സിമെന്റ്, കമ്പി

എന്നിവയൊക്കെ കൊണ്ടുവരുന്ന സാധാരണക്കാർ മുതൽ ചെറുകിട കച്ചവടക്കാരും വൻ വ്യവസായ സംരംഭകരും ഇവിടെ പിടിച്ചുപറിക്കലിന്റെ ഇരകളാണ്. ചായക്കാശ്, വെള്ളംകുടി കാശ്, കെട്ടുകൂലി, അട്ടിമറിക്കൂലി തുടങ്ങിയ പര്യായപദങ്ങളുള്ള നോക്കുകൂലി കിട്ടിയില്ലെങ്കിൽ പണി തടസ്സപ്പെടുത്തുകയും വേണ്ടിവന്നാൽ ഉടമയെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്യുക എന്നതാണ് നിലവിലെ രീതി. പുതിയ കാലത്തെ കൂകിവിളിക്കുന്ന പ്രാകൃത രീതിയാണ് നോക്കുകൂലി. കുട്ടനാട്ടിൽ എഴുപതുകളിൽ ട്രാക്ടർ തടഞ്ഞതും ഓഫീസുകളിൽ കമ്പ്യൂട്ടർ വന്നപ്പോൾ അവ അടിച്ചു തകർത്തതുമൊക്കെ കേരളീയരുടെ ഓർമ്മയിൽ ഇപ്പോഴുമുണ്ട്. യന്ത്രവൽക്കരണം വ്യാപകമാകുമ്പോൾ പുതിയ തൊഴിൽ വൈദഗ്ദ്ധ്യങ്ങൾ പകർന്നുകൊടുക്കുകയാണ് പ്രബുദ്ധ ട്രേഡ് യൂണിയനുകൾ ചെയ്യേണ്ടത്. കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ സർക്കാരും വ്യവസായ വകുപ്പുമൊക്കെ വലിയ ശ്രമങ്ങൾ നടത്തിവരികയാണ്. നവകേരളത്തിനു വേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട ദൗത്യമെന്ന നിലയിൽ നോക്കുകൂലി നിരാകരണത്തെ കാണേണ്ടതുണ്ട്. അതിന് ശക്തവും വ്യക്തവുമായ നിയമനിർമ്മാണം അനിവാര്യമാണ്. അതോടൊപ്പം എല്ലാ രാഷ്ട്രീയ പാർട്ടികളും അവരുടെ ട്രേഡ് യൂണിയനുകളും ഒത്തുചേർന്ന് നോക്കുകൂലിയെ പടിയിറക്കണം. അതുവഴി സമാധാനപൂർണ്ണമായ തൊഴിൽ അന്തരീക്ഷവും തൊഴിൽ സംസ്കാരവും സംസ്ഥാനത്ത് സംജാതമാകണം. അതിന് സർക്കാരും ട്രേഡ് യൂണിയനുകളും മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുകയും അത് പതിനൊന്ന് ജില്ലകളിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂലി ഏകീകരിക്കാത്ത ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുന്നു. ഇത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ചുമട്ടുതൊഴിൽ മേഖലയിൽ ഓരോ വിഭാഗത്തിലുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. കോൾ സെന്റർ വഴി ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും അമിത കൂലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതുസംബന്ധിച്ച പരാതികൾ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി

പരിശോധിച്ച് അമിതമായോ അനർഹമായോ തുക വാങ്ങിയിട്ടുണ്ടെങ്കിൽ അത് കൈപ്പറ്റിയ തൊഴിലാളികളിൽ നിന്ന് തൊഴിലുടമയ്ക്ക് തിരികെ വാങ്ങി നൽകുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യാനും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്തുവെന്ന രീതിയിലുള്ള പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കാനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 8-3-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന കേന്ദ്ര ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിൽ മേയ് 1 മുതൽ നോക്കുകൂലി എന്ന സമ്പ്രദായം പൂർണ്ണമായി അവസാനിപ്പിക്കുന്നതിനും തൊഴിലാളികളെ വിതരണം ചെയ്യുന്ന രീതി നിർത്തലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ ലേബർ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ മേയ് 1-ന് മുമ്പ് ജില്ലാതലങ്ങളിൽ ട്രേഡ് യൂണിയൻ സംഘടനകളുടെ യോഗം വിളിച്ചുകൂട്ടി പ്രസ്തുത വിഷയം ചർച്ച ചെയ്യണമെന്നും തീരുമാനം പ്രാവർത്തികമാക്കണമെന്നും നിശ്ചയിച്ചിട്ടുണ്ട്. ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുകയോ വാങ്ങുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ജാമ്യമില്ലാത്ത വകുപ്പ് ചുമത്തി കേസ്സെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ചെയ്യാത്ത ജോലിക്ക് കൂലി നിരോധിക്കുന്ന വിഷയത്തിൽ എല്ലാ അംഗീകൃത ട്രേഡ് യൂണിയനുകളും യോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഈ നടപടികൾ പ്രാവർത്തികമാക്കുന്നതിലൂടെ കയറ്റിറക്ക് മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന തൊഴിൽ പ്രശ്നങ്ങൾക്ക് പൂർണ്ണ പരിഹാരമുണ്ടാക്കാൻ കഴിയും എന്നുതന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ തിരുവനന്തപുരത്തുണ്ടായ ഒരു സംഭവം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരു ഫേസ് ബുക്ക് പോസ്റ്റിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ട വിഷയമാണ്. ഞാൻ അത് ശ്രദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്തതിനുശേഷമല്ല ആ സംഭവമുണ്ടായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചു ചേർക്കുന്നതിനുമുമ്പാണ് അത്തരമൊരു സംഭവമുണ്ടായത്. ആ സംഭവം ഫേസ് ബുക്ക് പോസ്റ്റിൽ കണ്ട സമയത്ത് അതിനെക്കുറിച്ച് പരിശോധിച്ചപ്പോൾ അദ്ദേഹത്തിന്റെ യാതൊരു പരാതിയും ലഭിച്ചിട്ടില്ല. മാത്രമല്ല, ബന്ധപ്പെട്ട തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി അദ്ദേഹം തന്നെ പ്രശ്നം പരിഹരിച്ചുകഴിഞ്ഞതായാണ് വാർത്ത. അങ്ങനെയാണ് വാർത്ത വന്നതെങ്കിലും ഇത് ശ്രദ്ധയിൽപ്പെട്ട നിലയ്ക്ക് ഇങ്ങനെയൊരു സംഭവം നടന്നോ എന്നതിനെ സംബന്ധിച്ച് ഗൗരവമായി പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവിടെ അവർ ഒത്തുത്തീർപ്പിലെത്തിയാലും ഏതെങ്കിലും ഭാഗത്ത് തെറ്റുണ്ടെങ്കിൽ ആ തെറ്റ് ചെയ്തവർക്കെതിരെ കർശനമായ

നടപടി സ്വീകരിക്കണമെന്നതുതന്നെയാണ് ഗവൺമെന്റ് നിലപാട്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇവിടെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളോ ട്രേഡ് യൂണിയൻ സംഘടനകളോ ഈ നടപടിയെ അനുകൂലിക്കുന്നുവെന്ന് കണക്കാക്കാൻ കഴിയില്ല. അങ്ങനെയൊരു പ്രശ്നം നമ്മുടെ മുമ്പിൽ ഉന്നയിക്കപ്പെടുന്നില്ല. എന്നാൽ ഇത് നിയമവിരുദ്ധമാണെങ്കിലും ചില പ്രദേശങ്ങളിലെല്ലാം ഈ തെറ്റായ പ്രവണതയുണ്ട്. അത് പൂർണ്ണമായി അവസാനിപ്പിക്കുന്നതിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ഏറ്റവും അവസാനമായി നടത്തിയിട്ടുള്ള ശ്രമം. അത് നടപ്പിലാക്കുകതന്നെ ചെയ്യും. നിയമവിരുദ്ധമായ, അനധികൃതമായ, ആരും അംഗീകരിക്കാത്ത തെറ്റായ പ്രവണതകൾ ഈ മേഖലയിൽ നിന്നും പൂർണ്ണമായും അവസാനിപ്പിക്കാൻ തന്നെയാണ് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> സർ, നിയമത്തിന്റെ കുറവുണ്ടായിട്ടല്ല, 1978-ലെ ചുമട്ടുതൊഴിലാളി നിയമവും 2014-ലെ കോടതി വിധിയുമൊക്കെയുണ്ട്. പക്ഷെ, ഇവിടെ പ്രശ്നം, തൊഴിലുടമയ്ക്ക് ഇഷ്ടമുള്ള ആളുകളെ വിളിച്ച് തൊഴിലെടുപ്പിക്കുന്നതിനും അതിന് തടസ്സംനിൽക്കുന്നവർക്കെതിരെ ശക്തമായ വകുപ്പുകൾ ചുമത്തി കേസ്സെടുക്കുന്നതിനും അതുവഴി ശിക്ഷ ഉറപ്പുവരുത്തുന്നതിനും വ്യക്തവും ശക്തവുമായ ഒരു നിയമം സർക്കാർ ഉറപ്പുവരുത്തുമോ; എങ്കിൽ അങ്ങനെ ഒരു നിയമം എന്ന് സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുമെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട അംഗംതന്നെ ഇവിടെ പറഞ്ഞത് നിയമത്തിന്റെ അപര്യാപ്തതകൾ ഇല്ലെന്നാണ്. നിയമം ഉണ്ടായിട്ടുപോലും ഇത്തരം നടപടികൾ ഉണ്ടാകുന്നുവെന്നാണ് ചൂണ്ടിക്കാണിച്ചത്. നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ചുകൊണ്ടുതന്നെ ഇത് അവസാനിപ്പിക്കാൻ സാധിക്കും. അതിനുള്ള പരിശ്രമം തന്നെയാണ് ഗവൺമെന്റ് എടുക്കുന്നത്. നിയമം ഉപയോഗിക്കുന്നതിനേക്കാൾ വലുതാണ് ബോധവൽക്കരണം. എല്ലാവരുടെയും സഹായത്തോടുകൂടി ഈ തെറ്റായ പ്രവണത അവസാനിപ്പിക്കുകയെന്നുള്ളതാണ് പ്രധാനം. ഏതെങ്കിലും തരത്തിലുള്ള പരാതികളുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുകഴിഞ്ഞാൽ, ഒരു കാരണവശാലും നിയമവിരുദ്ധ പ്രവണതകൾ പ്രോത്സാഹിപ്പിക്കുന്നത് അനുവദിക്കാത്ത സമീപനം ഗവൺമെന്റ് ഈ കാര്യത്തിൽ തുടർന്നും സ്വീകരിക്കുന്നതാണെന്ന് ഉറപ്പുനൽകുന്നു.

## IV. സബ്മിഷൻ

### (1) <u>കാട്ടുതീ</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല):</u> സർ, തേനിയിലെ കുരങ്ങണി വനപ്രദേശത്ത് കാട്ടുതീ ബാധിച്ച് നിരവധി ആളുകൾ മരിക്കുകയും വന്യമൃഗങ്ങൾക്ക് അപകടമുണ്ടാകുകയും ചെയ്തത് ദേശീയതലത്തിൽതന്നെ

വലിയൊരു പ്രശ്നമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഐ.എസ്.ആർ.ഒ.-യുടെ നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ (എൻ.ആർ.എസ്.സി.)-ന്റെ കണക്കനുസരിച്ച് 6 ദിവസംകൊണ്ട് 32 തീപിടുത്തമുണ്ടായെന്നും 11 സഞ്ചാരികളടക്കമുള്ളവർ മരിച്ചെന്നുമാണ് വിവരം ലഭിച്ചത്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് അതിരപ്പിള്ളി ഉൾപ്പെടുന്ന വനമേഖലയിൽ കാട്ടുതീ ഭീഷണി അതീവ ഗുരുതരാവസ്ഥയിൽ നിലനിൽക്കുന്നുണ്ട്. അതിരപ്പിള്ളി പിള്ളപ്പാറയിൽ 20 ഹെക്ടർ വനത്തിൽ കാട്ടുതീ കണ്ടെത്തിയതായി വനം വകുപ്പുതന്നെ പറയുന്നു. അതിരപ്പിള്ളി വാടാമുറി വനത്തിൽ 30 ഹെക്ടർ വനം ഏകദേശം പൂർണ്ണമായിത്തന്നെ കത്തിയമർന്നു. ഈ കാട്ടുതീ പടരുന്നുവെന്ന ആശങ്കയാണ് നിലവിലുള്ളത്. കേരളത്തിലെ 9 വനമേഖലകളിൽ കാട്ടുതീ സാദ്ധ്യതയുണ്ടെന്നാണ് അറിയുന്നത്. വയനാട്ടിലെ മുറിച്ചിയാട്, മുത്തങ്ങ, ബത്തേരി വന്യജീവി സങ്കേതങ്ങളിലും ചിതലം റേഞ്ചിലും മലപ്പുറം ജില്ലയിലെ കരുളായി, നിലമ്പൂർ, വഴിക്കടവ് മേഖലകളിലും മലയാറ്റൂർ വനം ഡിവിഷനിലെ കോടനാട് ഉൾപ്പടെയുള്ള സ്ഥലങ്ങളിലും കാട്ടുതീ ഭീഷണി നിലനിൽക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അടിയന്തരമായി ഇത് പരിഹരിക്കാനുള്ള നടപടികളാണ് ഉണ്ടാകേണ്ടത്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ.)-യുടെ ഉപഗ്രഹ സംവിധാനം വഴി കാട്ടുതീ ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുകയാണ് പതിവ്. ജീവനക്കാരുടെ കുറവും കാട്ടുതീ തടയാനുള്ള ആധുനിക ഉപകരണങ്ങൾ തുടങ്ങിയവ വനംവകുപ്പിനില്ലാത്തതിനാലും കാട്ടുതീ തടയുന്നതിൽനിന്നും വനം വകുപ്പുദ്യോഗസ്ഥർ നിസ്സഹായരായി നിൽക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഏതായാലും നമ്മുടെ വനസമ്പത്തുകൾ നശിക്കുകയും അതോടൊപ്പംതന്നെ വന്യമൃഗങ്ങൾക്കും മനുഷ്യർക്കും ജീവഹാനി ഉണ്ടാകുകയും ചെയ്യുന്ന ഗുരുതരമായ സാഹചര്യം നിലനിൽക്കുകയാണ്. തേനിയിലെ കുരങ്ങണി പ്രദേശത്തുണ്ടായ വലിയ തോതിലുള്ള കാട്ടുതീ നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഇപ്പോൾ വാഴച്ചാൽ പ്രദേശത്തുണ്ടായിട്ടുള്ള കാട്ടുതീയുടെ വിവരങ്ങൾ ബഹുമാന്യനായ മന്ത്രി ഈ സഭയിലൂടെ ജനങ്ങളെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ആശങ്കയുള്ള വയനാട്, മലയാറ്റൂർ തുടങ്ങിയ വനപ്രദേശങ്ങളിൽ കാട്ടുതീ ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരംകൂടി അറിയാൻ താൽപ്പര്യമുണ്ട്. അതോടൊപ്പംതന്നെ വനം വകുപ്പിനെ ഇതിനുവേണ്ടി എക്യുപ് ചെയ്യാനുള്ള അടിയന്തര നടപടികളും സ്വീകരിക്കണമെന്ന് അങ്ങയിലൂടെ വനം വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> നോട്ടീസ് നൽകിയതുപ്രകാരം ശ്രീ. ബി. ഡി. ദേവസ്സിക്ക് ഈ വിഷയം സംബന്ധിച്ച് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. ബി. ഡി. ദേവസ്സി:</u> സർ, എന്റെ നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ചാലക്കുടി, വാഴച്ചാൽ ഡിവിഷനിൽപ്പെട്ട വാടാമുറി, പിള്ളപ്പാറ, കൊടക്കല്ല് തുടങ്ങിയ 50 ഹെക്ടർ സ്ഥലത്താണ് കാട്ടുതീ ബാധിച്ചത്. കാട്ടുതീ പടർന്നതിനെത്തുടർന്ന് വളരെ നല്ല ഇടപെടലാണ് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും ചാലക്കുടി, അതിരപ്പിള്ളി ഡിവിഷൻ ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ജീവനക്കാരും ബി.എസ്.എസ്.-ഉം നാട്ടുകാരുമെല്ലാം ചേർന്ന് നടത്തിയത്. അതിന്റെ ഭാഗമായി തീ അണയ്ക്കാൻ കഴിഞ്ഞുവെന്നുള്ളത് ആശ്വാസകരമായ കാര്യമാണ്. തേനിയിലുണ്ടായ ദാരുണമായ സംഭവത്തിൽ വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെട്ടതിനെത്തുടർന്ന് കാട്ടുതീയുണ്ടാകുമ്പോൾ ജനങ്ങൾ വലിയ ഭയപ്പാടിലാണ്. അതുകൊണ്ട് കാട്ടുതീ തടയാൻ ജീവനക്കാർക്ക് ആധുനിക പരിശീലനവും ആധുനിക ഉപകരണങ്ങളും നൽകേണ്ടതുണ്ട്. കാട്ടുതീ ഇനിയും പടരാൻ സാദ്ധ്യതയുണ്ടെന്നുള്ളതുകൊണ്ട് ഫോറസ്റ്റ്, ഫയർ ഫോഴ്സ്, പോലീസ് എന്നീ വകുപ്പുകളുടെ ഏകോപനവും ജാഗ്രതയും ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടതാണ്. അതുപോലെ ഫയർ ഫോഴ്സിന് ഉൾവനത്തിലേയ്ക്ക് പ്രവേശിക്കുക എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ട് ഹെലികോപ്റ്റർ പോലുള്ള സംവിധാനം ഉപയോഗിച്ച് വെള്ളം ചീറ്റി തീ കെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കണം. കാട്ടുതീ തടയുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി <u>(ശ്രീ. കെ. രാജു):</u> സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. ബി. ഡി. ദേവസ്സിയും വളരെ പ്രധാനപ്പെട്ട ഒരു വിഷയംതന്നെയാണ് സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. അതിരപ്പിള്ളി വനമേഖലയിൽ വാടാമുറി മലയിൽ 10-3-2018-ന് വൈകുന്നേരം 4.00 മണിക്കാണ് കാട്ടുതീ ശ്രദ്ധയിൽപ്പെട്ടത്. ഉടൻതന്നെ വേണ്ടത്ര ഉദ്യോഗസ്ഥരെ ഫയർ വാച്ചർമാരെയടക്കം നിയോഗിക്കുകയും പിറ്റേന്ന് (11-ാം തീയതി) വെളുപ്പിന് 3.00 മണിക്ക് കാട്ടുതീ പൂർണ്ണമായി കെടുത്താനും കഴിഞ്ഞു. ഇതിനിടെ 30 ഹെക്ടറോളം അടിക്കാട് കത്തിനശിക്കുകയുണ്ടായി. കൂടുതൽ കാട്ടുതീ ഉണ്ടാകാതിരിക്കാൻ 30 ജീവനക്കാരെ ആ ഭാഗം നിരന്തരം നിരീക്ഷിക്കാനായി പ്രത്യേകമായി ചുമതലപ്പെടുത്തി. വാഴച്ചാലിൽ മറ്റൊരിടത്തും കാട്ടുതീ വീണില്ല. കടുത്ത വേനൽ കാരണം കേരളത്തിലെ വനമേഖലയിൽ പല സ്ഥലങ്ങളിലും കാട്ടുതീ ഉണ്ടാകുന്നുണ്ട്. മുൻ വർഷങ്ങളിൽ ഏറ്റവും കൂടുതൽ കാട്ടുതീ ഉണ്ടായത്

2011-12-ലാണ്. അന്ന് ഏകദേശം 5640 ഹെക്ടർ വനപ്രദേശം കത്തിനശിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ വേനലുണ്ടായ കഴിഞ്ഞ വർഷം ശക്തമായ മുൻകരുതലുകൾ എടുത്തതുകൊണ്ടും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതുകൊണ്ടും ഇത് 3753 ഹെക്ടറായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. കാട്ടുതീ തടയുന്നതിനായി വനം വകുപ്പ് വളരെ നേരത്തെതന്നെ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ ഉണ്ടാകുന്നതിന് അധികവും കാരണമാകുന്നത് യഥാർത്ഥത്തിൽ മനുഷ്യരുടെ പ്രവൃത്തികളാണ്. കരുതലില്ലാതെ വനത്തിൽ പോകുന്ന ആളുകൾ തീ പിടിക്കാൻ സാദ്ധ്യതയുള്ള സ്ഥലത്ത് അവരുടെ കയ്യിലുള്ള ഉപകരണങ്ങളും മറ്റുമൊക്കെ വലിച്ചെറിയുന്നതും തീ കത്തിക്കുന്നതുമൊക്കെയാണ് ഭൂരിപക്ഷം തീ പിടിത്തത്തിനും കാരണമായിട്ടുള്ളത്. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ ദിവസങ്ങളിൽ തേനിയിലുണ്ടായ സംഭവത്തെത്തുടർന്ന് കേരളത്തിലെ കാടിനുള്ളിൽ ട്രക്കിംഗ് താൽക്കാലികമായി നിർത്തിയിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ പതിനൊന്നോളം കേന്ദ്രങ്ങൾ തീ പിടിക്കാൻ സാദ്ധ്യതയുള്ളവയാണെന്ന് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. അത്തരം മേഖലകളിൽ പ്രത്യേകമായ ജാഗ്രത പുലർത്താനും ഒരു കാരണവശാലും വനം വകുപ്പിന്റെ അനുമതി കൂടാതെ, വനം വകുപ്പ് നിയോഗിക്കുന്ന ഗൈഡിനെ കൂടാതെ ട്രക്കിംഗ് അനുവദിക്കാൻ പാടില്ലായെന്ന കർശന നിർദ്ദേശവും തേനി സംഭവത്തെത്തുടർന്ന് നൽകിക്കഴിഞ്ഞിട്ടുണ്ട്.

11.00 A M ]

പ്രൈവറ്റ് ഏജൻസികൾ പലപ്പോഴും അവരുടെ ടൂറിസം പ്രൊമോഷന്റെ ഭാഗമായി അനധികൃതമായി വനത്തിനുള്ളിൽ ട്രക്കിംഗും മറ്റും നടത്തുന്ന സ്ഥിതിയുണ്ട്. അത് പരിപൂർണ്ണമായും കണ്ടുപിടിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാനും വനത്തിനുള്ളിൽ അനധികൃതമായി പ്രവേശിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. ഇന്നലെ തിരുവനന്തപുരത്ത് വനമേഖലയിൽ കാട്ടുതീ എന്ന് വരുത്തിത്തീർക്കാൻവേണ്ടി ഒരാൾ കാട്ടിനുള്ളിൽ പോയി തീ പിടിപ്പിച്ചു. അന്വേഷണത്തിന്റെ ഫലമായി അയാളെ അറസ്റ്റ് ചെയ്തു. അയാളിപ്പോൾ റിമാന്റിലാണ്. ആ രീതിയിൽ പല പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. അതെല്ലാം ജാഗ്രതയോടുകൂടി തടയുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ കേന്ദ്ര ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ വികസിപ്പിച്ചെടുത്തിട്ടുള്ള ഒരു സാങ്കേതിക വിദ്യവഴി എല്ലാ ആഴ്ചയും കാട്ടുതീ ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങൾ മനസ്സിലാക്കാൻ കഴിയുന്നൊരു

സിസ്റ്റമുണ്ട്. അതുപോലെത്തന്നെ കാട്ടുതീ വീണാൽ ഉടൻതന്നെ അവർക്കവിടെ മനസ്സിലാക്കാൻ കഴിയുന്ന ഒരു സിസ്റ്റമുണ്ട്. അതനുസരിച്ച് എല്ലാവർക്കും അറിയിപ്പ് കൊടുക്കാൻ കഴിയും. നമ്മൾ അവരുമായി കണക്റ്റിവിറ്റി എടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ — വകുപ്പുദ്യോഗസ്ഥന്മാരുടെയെല്ലാം കൈയിലുള്ള ഫോണുകളിൽ ആ വിവരങ്ങളുടെ മെസേജ് കിട്ടത്തക്ക രീതിയിലുള്ള സംവിധാനം (alert system) നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതിരപ്പിള്ളി മേഖലയിലെ കാട്ടുതീ കാരണം വന്യമൃഗങ്ങൾക്ക് നാശനഷ്ടം ഉണ്ടായിട്ടുണ്ടോ?

ശ്രീ. കെ. രാജു: സർ, മനുഷ്യനോ വന്യമൃഗങ്ങൾക്കോ യാതൊരു വിധ നഷ്ടവും ഉണ്ടായിട്ടില്ല. എന്നാൽ അടിക്കാടുകൾ വെന്തുനശിച്ച ഒരു സാഹചര്യമാണ് ഇപ്പോൾ അവിടെ നിലവിലുള്ളത്. അത് പൂർണ്ണമായും നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്. ശ്രീ. ബി. ഡി. ദേവസ്സി എം.എൽ.എ. ഉടൻതന്നെ ജില്ലാകളക്ടറുമായി ബന്ധപ്പെട്ടു. ഫയർഫോഴ്സിന്റെ സേവനം ലഭ്യമാക്കുകയും നാട്ടുകാരായ ആളുകൾ വരികയുമുണ്ടായി. വനപാലകരുടെ നേതൃത്വത്തിൽ എല്ലാവരുടേയും പരിശ്രമ ഫലമായിട്ടാണ് ആ കാട്ടുതീ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞത് എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുപോലെതന്നെ നമ്മുടെ വിവിധ ഡിവിഷനുകളിൽ ടവറുകളുടെ കൃത്യമായ ജാഗ്രതാ പരിശോധനകൾ നടത്തുന്നതിനുവേണ്ടി പ്രത്യേകമായി സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ ഡിവിഷനിലും ഇപ്പോൾ പ്രത്യേകമായി മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. വനപാലകരായ ഉദ്യോഗസ്ഥരെ കൂടാതെ അതാത് പ്രദേശത്തുള്ള ഇ.ഡി.സി. അംഗങ്ങൾ, ആദിവാസി വിഭാഗത്തിൽപ്പെടുന്നവർ എന്നിവരുടെയെല്ലാം സേവനംകൂടി ഉപയോഗിച്ചെങ്കിൽ മാത്രമേ തീയണയ്ക്കാൻ കഴിയുകയുള്ളൂ. തേനിയിലെ തീ അണയ്ക്കുന്നതിന് നമ്മളും സഹായിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശാനുസരണം നമ്മുടെ സേനയും ഫയർഫോഴ്സുമൊക്കെ അവിടെ പോയി തീ അണയ്ക്കാൻ സഹായിച്ചു. നാട്ടുകാരും കൂടി ഇറങ്ങി തീ അടിച്ച് അണയ്ക്കുന്ന സ്ഥിതിയുണ്ട്. പലപ്പോഴും വലിയ കുന്നിൻ ചരിവുകളുള്ള പ്രദേശങ്ങളായതിനാൽ ഫയർ ഫോഴ്സിന് അവിടെ എത്തിപ്പെടാൻ സാധിക്കില്ല. അതുപോലെതന്നെ വിമാനവും ഹെലികോപ്റ്ററും എല്ലാ പ്രദേശത്തും എത്താൻ സാധിക്കാത്ത സാഹചര്യമാണ്. യഥാർത്ഥത്തിൽ ഒരു കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി മാത്രമേ തീ അണയ്ക്കാൻ കഴിയുകയുള്ളൂ. വനം വകുപ്പിന്റെ അനുമതിയോടുകൂടി വനത്തിനുള്ളിലേയ്ക്ക് പോകുന്ന ടൂറിസ്റ്റുകൾക്ക് 15 മിനിട്ട് സമയം ഒരു ക്ലാസ്സ് നൽകുന്നുണ്ട്. ആ ക്ലാസ്സിൽ, വനത്തിനുള്ളിലേയ്ക്ക്

പോകുമ്പോൾ എന്തെല്ലാം കൊണ്ടുപോകാം, എങ്ങനെ ആയിരിക്കണം പെരുമാറേണ്ടത്, കാട്ടു തീയോ മറ്റോ വന്നാൽ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത്, കാറ്റിന് എതിർ ദിശയിലേയ്ക്ക് ഓടി രക്ഷപ്പെടുന്നതടക്കമുള്ള ട്രെയിനിംഗുകൾ കൊടുക്കുന്നതിനുള്ള സംവിധാനവും യഥാർത്ഥത്തിലുണ്ട്. പലപ്പോഴും അനധികൃതമായി ട്രക്കിംഗ് നടക്കുന്നു. അത് അപകടം വരുത്തിവയ്ക്കും എന്നുള്ളതുകൊണ്ടാണ് താൽക്കാലികമായി അത് നിരോധിച്ചത്. ശാശ്വതമായി ഇക്കോ ടൂറിസം സെന്ററുകളെല്ലാം അടച്ചിടാനല്ല ഉദ്ദേശിക്കുന്നത്, മറിച്ച് താൽക്കാലികമായി അങ്ങനെയൊരു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ ജാഗ്രത ജനങ്ങളിൽ കൊണ്ടുവരുന്നതിന് വേണ്ടിയാണിത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഫയർ ലൈനിനെ സംബന്ധിച്ച് എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്?

ശ്രീ. കെ. രാജു: സർ, അത് ഇപ്രാവശ്യം ഫെബ്രുവരി മാസത്തിൽത്തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, ഡിസംബർ, ജനുവരി മാസങ്ങളിലാണ് കാട്ടുതീ വരുന്നത്. അത് പ്രതിരോധിക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങളുണ്ടോ?

ശ്രീ. കെ. രാജു: സർ, അക്കാര്യം പരിശോധിക്കാം.

## (2) ജപ്തി നടപടികൾക്ക് മൊറട്ടോറിയം

ശ്രീ. കെ. സി. ജോസഫ്: സർ, ഇന്ന് രാവിലെ സഭയിൽ ബഹുമാന്യനായ കെ. എം. മാണി സാറും കൃഷി വകുപ്പുമന്ത്രിയുമെല്ലാം പറഞ്ഞ കാര്യങ്ങൾ അങ്ങ് കേട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ കാർഷിക മേഖലയിൽ ഇന്ന് അതീവ ഗുരുതരമായ പ്രതിസന്ധിയാണ്. കാർഷിക വിളകൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. വിലത്തകർച്ചയുടെ കെടുതികളും നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവും കാരണം അടുത്തകാലത്ത് കൃഷിക്കാർ ഏതാണ്ട് ആത്മഹത്യയുടെ വക്കിലാണ്. ഈ അവസരത്തിലാണ് സംസ്ഥാനത്തെ ഷെഡ്യൂൾഡ് ബാങ്കുകൾ, കാർഷിക വികസന ബാങ്ക്, ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയെല്ലാം ഇപ്പോൾ വായ്പാ കുടിശ്ശികയ്ക്കുവേണ്ടി ജപ്തി നടപടികൾ ആരംഭിച്ചിരിക്കുന്നത്. കഴിഞ്ഞ ദിവസം തളിപ്പറമ്പ് കാർഷിക വികസന ബാങ്ക് 65 പേരുടെ വസ്തു ലേലം ചെയ്യാൻവേണ്ടി നോട്ടീസ് കൊടുത്തു. ഇവിടെ കൃഷിക്കാർ ഇത്രയും പ്രയാസം നേരിടുമ്പോൾ, പ്രത്യേകിച്ച് അവരുടെ കിടപ്പാടംപോലും ജപ്തി ചെയ്യുകയാണ്. താമസിക്കുന്ന വീട്, 10 സെന്റ് ഭൂമി പോലും ജപ്തി ചെയ്യുന്ന ക്രൂരമായ സമീപനമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മഹാരാഷ്ട്രയിലെ Devendra

Fadnavis Government waive the farm loan of Rs.30,000 crore, Yogi Adityanath Government waive Rs.36,359 crore, ഇങ്ങനെ ഓരോ സംസ്ഥാനങ്ങളും കാർഷിക വായ്പ എഴുതിത്തള്ളുകയാണ്. ഞാനിപ്പോൾ കടം എഴുതിത്തള്ളണമെന്ന ആവശ്യമല്ല ഉന്നയിക്കുന്നത്; എന്റെ അഭ്യർത്ഥന, ഈ പ്രതിസന്ധിഘട്ടത്തിൽ കൃഷിക്കാരുടെ ജപ്തി നടപടികൾ നിർത്തി വയ്ക്കണമെന്നാണ്. ബഹുമാനപ്പെട്ട അങ്ങ് സംസ്ഥാനതല ബാങ്കിംഗ് കമ്മിറ്റിയിൽ ഇക്കാര്യം ഉന്നയിക്കണം. 6 മാസത്തേയ്ക്കെങ്കിലും ജപ്തിക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം. നമ്മുടെ കാർഷിക വികസന ബാങ്കും സഹകരണ ബാങ്കുമെല്ലാം ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. ആ ബാങ്കുകളോട് അവർ ആരംഭിച്ചിട്ടുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ നിർദ്ദേശിക്കണം. ആളുകളുടെ വസ്തുവകകൾ SARFAESI Act അനുസരിച്ച് ജപ്തി ചെയ്യാൻ പാടില്ല. 6 മാസത്തേയ്ക്ക് കാർഷിക വായ്പയ്ക്ക് കേരളത്തിൽ പൂർണ്ണമായ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചില കാര്യങ്ങൾ മറന്നുപോയതുകൊണ്ടാണ് ഇങ്ങനെ ആവർത്തിച്ച് ഉന്നയിക്കുന്ന തെന്നാണ് തോന്നുന്നത്. കാർഷിക രംഗത്ത് നമ്മുടെ സംസ്ഥാനത്ത് കേരള കാർഷിക കടാശ്വാസ കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റ് നിയമിച്ച കമ്മീഷനാണ് ഇപ്പോഴും നിലനിൽക്കുന്നത്. ആ കമ്മീഷന്റെ ചെയർമാൻ ജസ്റ്റിസ് കെ. ആർ. ഉദയഭാനുവാണ്. അംഗങ്ങൾ പ്രൊഫ. എം. ജെ. ജേക്കബ്, ശ്രീ. എം. നാരായണൻകുട്ടി, ശ്രീ. ഉമ്മർ പാണ്ടികശാല, ശ്രീ. കെ. കെ. ഹംസ, ശ്രീ. കെ. വി. രാമകൃഷ്ണൻ, ശ്രീ. എം. ഒ. ജോൺ എന്നിവരാണ്. നമ്മുടെ സംസ്ഥാനത്ത് ഇക്കഴിഞ്ഞ 2007-ലെ കേരള കാർഷിക കടാശ്വാസ കമ്മീഷൻ ആക്ട് അനുസരിച്ച് ഈ കമ്മീഷൻ പ്രവർത്തിച്ചുവരികയാണ്. ആ കമ്മീഷൻ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായിട്ടാണ് 2012 മേയ് 19 ന് കഴിഞ്ഞ ഗവൺമെന്റ് ഈ കമ്മീഷനെ നിയമിച്ചത്. ഈ കമ്മീഷന്റെ പ്രവർത്തനം ഇപ്പോഴും നടക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുള്ളവർ കമ്മീഷനെ സമീപിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് നടപടികളും കമ്മീഷൻ തീരുമാനിക്കുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, ഈ കമ്മീഷൻ പരിഗണിക്കുന്നത് 18-1-2007-ന് മുൻപുള്ളത് മാത്രമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കമ്മീഷൻ പരിഗണിക്കുന്നത് സഹകരണ ബാങ്കിൽ നിന്നെടുത്ത ലോണുകൾ മാത്രമാണ്. ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്ന് എടുത്ത ലോണുകൾ പരിഗണിക്കുന്നില്ല. അതുകൂടി

അങ്ങയുടെ ശ്രദ്ധയിൽപ്പെടേണ്ടൊരു കാര്യമാണ്. SARFAESI Act അനുസരിച്ച് ബാങ്കുകാർ ചെന്ന് ജപ്തി ചെയ്യുന്നത് ഈ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വരുന്നതല്ല.

ശ്രീ. പിണറായി വിജയൻ: സർ, അത് ശരിയാണോയെന്ന് സംശയമുണ്ട്, എന്താണെന്ന് പരിശോധിക്കാം. ഷെഡ്യൂൾഡ് ബാങ്കിലും ഇത് ബാധകമാണെന്ന് തന്നെയാണ് തോന്നുന്നത്, ഏതായാലും അക്കാര്യം പരിശോധിക്കാം. പഴയകടത്തിനാണല്ലോ ജപ്തി വരിക, ഉടനെ വരികയില്ലല്ലോ. അക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. ഏതായാലും കാർഷികരംഗത്ത് നമ്മുടെ സംസ്ഥാനത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾക്ക് തന്നെയാണ് സർക്കാർ മുൻതൂക്കം കൊടുക്കുന്നത്. അക്കാര്യത്തിൽ യാതൊരു ആശങ്കയും ഉണ്ടാകേണ്ടതില്ല. ഇന്നത്തെ കാർഷികരംഗം പരിശോധിച്ചാൽ കൃഷിച്ചെലവിനനുസരിച്ച് വില ലഭിക്കാത്തതാണ് പ്രശ്നം, ആ പ്രശ്നം വലിയതോതിൽ ഉയർന്നു നിൽക്കുന്നുണ്ട്. അപൂർവ്വം ചിലതിന് മാത്രമാണ് വില മെച്ചപ്പെട്ട രീതിയിലുള്ളത്. മറ്റുള്ളതിനെല്ലാം കൃഷിച്ചെലവിനനുസരിച്ച് വില ലഭിക്കുന്നില്ലെന്നുള്ളതാണ്. അതോടൊപ്പംതന്നെ വളത്തിനും മറ്റുമുണ്ടായ വിലക്കയറ്റം, ഇറക്കുമതിമൂലമുണ്ടായ വിലയിടിവ്, ഇതൊക്കെ കൃഷിക്കാരെ വലിയതോതിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ റബ്ബർ ഇറക്കുമതി നിയന്ത്രിക്കണമെന്നും, നികുതി വർദ്ധിപ്പിക്കണമെന്നും പാർലമെന്റിൽ ആവശ്യപ്പെട്ടപ്പോൾ, ഒരു നിഷേധ നിലപാടാണ് അക്കാര്യത്തിൽ സ്വീകരിച്ചത്. ഇപ്പോൾ 30% മാത്രമാണ് ഇറക്കുമതി തീരുവയുള്ളത്, കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ വില സ്ഥിരതാ ഫണ്ട് 6900 കോടിരൂപയിൽ നിന്നും 3500 കോടിരൂപയായി കുറയ്ക്കുകയും ചെയ്തു, ഇപ്പോൾ അത് 1500 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇങ്ങനെ രാജ്യത്ത് സ്വീകരിക്കുന്ന നിലപാട് കർഷകർക്ക് അനുകൂലമായിട്ടുള്ളതല്ല. രോഗബാധയും മറ്റുംമൂലം കാർഷികോൽപ്പാദനത്തിൽ കുറവുവരുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. ദീർഘകാല വിളകളാണല്ലോ നമ്മുടെ സംസ്ഥാനത്ത് പലതും, ചില ഘട്ടങ്ങളിൽ ഇതിനുണ്ടാകുന്ന വിലക്കുറവ് ഈ വിളകളെ പരിപാലിക്കുന്നതിന് വല്ലാത്ത പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. അതിന്റെ ഭാഗമായി പിന്നീടുള്ള ഉൽപ്പാദനം കുറയുന്ന നിലയും വരുന്നുണ്ട്. ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യത്തിൽ, വർഷങ്ങളായി വായ്പയെടുത്ത് തിരിച്ചടവില്ലാതെ കിടക്കുന്ന വായ്പകളിൽ ബാങ്കുകൾ കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടപടികൾ സ്വീകരിക്കുക പതിവാണ്. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരമോ താൽപ്പര്യപ്രകാരമോ അല്ല അത്

നടക്കുന്നത്. അത് ബാങ്കിന്റെ വഴിക്ക് നടക്കുന്ന കാര്യങ്ങളാണ്. വീടുവയ്ക്കാനും വീടിനോട് അനുബന്ധിച്ചുള്ള കൃഷി നടത്താനും ദീർഘകാലമായി വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ള 61 പേർക്കെതിരെ ജപ്തി നടപടികൾ സ്വീകരിക്കാനാണ് ഇവിടെ അങ്ങ് പരാമർശിച്ച തളിപ്പറമ്പ് കാർഷിക ഗ്രാമ വികസന ബാങ്ക് നടപടികൾ ആരംഭിച്ചത്. 2018 മാർച്ച് 12 മുതൽ 19 വരെ തീരുമാനിച്ചിരുന്ന ജപ്തി നടപടികൾ, സഹകരണവകുപ്പ് 'നവകേരളീയം കുടിശ്ശിക നിവാരണം 2018 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' പ്രഖ്യാപിച്ചതിനെത്തുടർന്ന് നിർത്തിവച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒറ്റപ്പെട്ട സംഭവങ്ങളെ സാമാന്യവൽക്കരിക്കേണ്ടതില്ല എന്നാണ് അതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കാനുള്ളത്. കർഷകരുടെ പ്രശ്നങ്ങളോട് ഏറ്റവും അനുഭാവ പൂർണ്ണമായ സമീപനമാണ് സർക്കാരിനുള്ളത്, കർഷകന്റെ കിടപ്പാടം ജപ്തി ചെയ്യാനോ, അവരുടെ ജീവിതം താറുമാറാക്കാനോ, സർക്കാർ ഒരു തരത്തിലും കൂട്ടുനിൽക്കില്ല എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കാർഷിക മേഖലയിലെ വിലത്തകർച്ചമൂലം കർഷകർക്ക് വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, 19-12-2016-ലെ ഉത്തരവ് പ്രകാരം കർഷകർ സംസ്ഥാനത്തെ വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തിനടപടികൾക്ക് 2017 മേയ് 31 വരെ മൊറോട്ടോറിയം പ്രഖ്യാപിച്ചിരുന്നു. സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പയുടെ തിരിച്ചടവിന് കർഷകർക്ക് പ്രയാസം നേരിടുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ മൊറോട്ടോറിയം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(3) <u>ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ</u>

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, ഇടയ്ക്കിടക്ക് പ്രകൃതി ദുരന്തങ്ങളും അപകടങ്ങളും ഉണ്ടാകുന്ന പ്രദേശങ്ങളായ കുറ്റ്യാടി ജലവൈദ്യുത പദ്ധതി, ഉരക്കുഴി വെള്ളച്ചാട്ടം, മലബാറിലെ ഏറ്റവും വലിയ ഇക്കോടൂറിസം ഏരിയയായ കക്കയം-പെരുവണ്ണാമൂഴി റിസർവോയർ, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ, കാട്ടുതീയുണ്ടാകുന്ന വനങ്ങൾ, എസ്റ്റേറ്റ് ഭൂമി ഉൾപ്പെടെ 9 പഞ്ചായത്തുകൾ അടങ്ങിയതാണ് ബാലുശ്ശേരി മണ്ഡലം. കോഴിക്കോട്-ബാലുശ്ശേരി സ്റ്റേറ്റ് ഹൈവേ, താമരശ്ശേരി-മുക്കം-എടവണ്ണപ്പാറ സ്റ്റേറ്റ് ഹൈവേ, കൊയിലാണ്ടി-പുതിയങ്ങാടി-കുറ്റ്യാടി-ചൊവ്വ സ്റ്റേറ്റ് ഹൈവേ എന്നിവ സംഗമിക്കുന്ന മണ്ഡലം കൂടിയാണ് ബാലുശ്ശേരി. ധാരാളം ടൂറിസ്റ്റുകളും വരുന്നുണ്ട്. ജീവനാശത്തിനിടയാക്കിയ ഒട്ടേറെ സംഭവങ്ങൾ ഇവിടെയുണ്ടായിട്ടുണ്ട്. ബാലുശ്ശേരിയിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

അനുവദിച്ചുതരണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു. പനങ്ങാട് ഗ്രാമ പഞ്ചായത്ത് 50 സെന്റ് സ്ഥലം ഇതിനായി അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ വകുപ്പുമുഖേന സമർപ്പിച്ചിട്ടുമുണ്ട്. ഇത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബാലുശ്ശേരിയെപ്പറ്റി പറഞ്ഞതെല്ലാം ശരിയാണ്. ബാലുശ്ശേരിയിൽ ഒരു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച റിപ്പോർട്ട് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ ജനറൽ സമർപ്പിച്ചിരുന്നു. കൂടാതെ ഈ ഫയർ സ്റ്റേഷന് സ്ഥിരം സൗകര്യമൊരുക്കുന്നതിന് പനങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള റീ സർവ്വേ നമ്പർ 59-ൽപ്പെട്ട 50 സെന്റ് സ്ഥലം പനങ്ങാട് ഗ്രാമപഞ്ചായത്ത് സൗജന്യമായി വിട്ടുനൽകുന്നതിനും സമ്മതം അറിയിച്ചിട്ടുണ്ട്. പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തി മുൻഗണനാ പട്ടിക തയ്യാറാക്കി സമർപ്പിക്കുന്നതിന് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(4) കൊച്ചി മെട്രോ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, മെട്രോയുടെ രണ്ടാംഘട്ടമായ പാലാരിവട്ടം മുതൽ കാക്കനാട് വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗത്തിൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് എന്റെ സബ്മിഷൻ. ആലുവ മുതൽ മഹാരാജാസ് കോളേജ് ഗ്രൗണ്ടുവരെയുള്ള ഭാഗം പണി പൂർത്തിയാക്കി ഇപ്പോൾ മെട്രോ ഓടിക്കൊണ്ടിരിക്കുകയാണ്. മഹാരാജാസ് കോളേജ് മുതൽ തൃപ്പൂണിത്തുറ വരെയുള്ള മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. കാക്കനാട് ബഹുമാനപ്പെട്ട പി. ടി. തോമസ്, എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലാണെങ്കിലും അതിന്റെ അവസാന പോയിന്റ് പാടത്തിക്കരയെന്ന് പറയപ്പെടുന്ന കുന്നത്തുനാട് പഞ്ചായത്തിലാണ് വന്നുനിൽക്കുന്നത്. ഇൻഫോ പാർക്ക് സെക്കന്റ് ഫെയിസിലാണ് എത്തിനിൽക്കുന്നത്. ഇൻഫോ പാർക്ക് ഫസ്റ്റ് ഫെയ്സ്, സെക്കന്റ് ഫെയ്സ്, സ്മാർട്ട് സിറ്റി, കാക്കനാട് സിവിൽ സ്റ്റേഷൻ, എഫ്.എ.സി.ടി., കൊച്ചിൻ റിഫൈനറി ഇങ്ങനെ ധാരാളം സ്ഥാപനങ്ങളുള്ള ആയിരക്കണക്കിന് ആളുകൾ വന്നു പോകുന്ന ഒരു പ്രദേശമാണ് രണ്ടാംഘട്ടം പൂർത്തീകരിച്ചാൽ ഉണ്ടാകുന്ന പ്രദേശം. മെട്രോ ലാഭത്തിലാകണമെങ്കിൽ രണ്ടാംഘട്ടം പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഒന്നാംഘട്ടം പകുതി വരേയും ബാക്കി ഭാഗവും നിർമ്മാണ

പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. രണ്ടാംഘട്ടത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികളടക്കം ഒച്ചിഴയുന്ന വേഗത്തിലാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇങ്ങനെ പോയാൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകും. ശ്രീ. ഇ. ശ്രീധരനെയോ ആരെ ഏൽപ്പിച്ചാലും വേണ്ടില്ല, പൂച്ച വെളുത്തതായാലും വേണ്ടില്ല കറുത്തതായാലും വേണ്ടില്ല, അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് തീരുമാനിക്കേണ്ടത്, ആരെ ഏൽപ്പിച്ചാലും രണ്ടാംഘട്ടത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി ഈ പ്രദേശത്തെ ഗതാഗതക്കുരുക്ക് അടക്കമുള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി മെട്രോയുടെ രണ്ടാംഘട്ടം ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോ പാർക്ക് വരെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 2017 മേയ് മാസത്തിൽ 2577 കോടി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിനിടെ കേന്ദ്ര സർക്കാർ മെട്രോനയം പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനനുസൃതമായി വിശദമായ പദ്ധതി റിപ്പോർട്ടിൽ മാറ്റം വരുത്തി പുനഃസമർപ്പിക്കുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം 2018 ഫെബ്രുവരിയിൽ തയ്യാറാക്കിയ ഡി.പി.ആർ. സർക്കാരിന്റെ പരിഗണനയിലാണ്. റിപ്പോർട്ട് കേന്ദ്ര സർക്കാരിന് അയച്ചശേഷം അനുമതി ലഭിക്കുന്ന മുറയ്ക്കുമാത്രമേ തുടർ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. അതേ സമയം രണ്ടാംഘട്ടത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ 189 കോടി രൂപ അനുവദിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാ ഭരണകൂടം സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി 20-9-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

### (5) പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പദ്ധതികൾ

ശ്രീ. ഒ. ആർ. കേളു: സർ, എന്റെ മണ്ഡലത്തിൽ പനമരം, തിരുനെല്ലി പഞ്ചായത്തുകളിൽ കഴിഞ്ഞ നാല് വർഷങ്ങൾക്കുമുൻപ് ആദിവാസികൾക്കു വേണ്ടിയുള്ള അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പ്രകാരം ഏകദേശം 25 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി കൊടുത്തിരുന്നു. പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നത് ഗവൺമെന്റ് അക്രെഡിറ്റ് ഏജൻസികളായിട്ടുള്ള എഫ്.ഐ.റ്റി.-യും

ജില്ലാ നിർമ്മിതി കേന്ദ്രവും ജില്ലാ മൃഗസംരക്ഷണ വകുപ്പും ജില്ലാ വ്യവസായ കേന്ദ്രവുമാണ്. ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാതെ ഇഴഞ്ഞു നീങ്ങുകയാണ്. എം.എൽ.എ. എന്ന നിലയ്ക്ക് മൂന്നുനാലു തവണ ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് 23 മീറ്റിംഗുകൾ വിളിച്ചു ചേർക്കുകയും, പദ്ധതി വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ട് ഒരുപാട് നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. പക്ഷെ ഒരു രീതിയിലും പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. പ്രസ്തുത പദ്ധതിയിൽ വീട് നിർമ്മാണം, വീട് റിപ്പെയർ, പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, റോഡ്, കുടിവെള്ളം തുടങ്ങിയ പദ്ധതികളുമുണ്ട്. ഒരു കുടിവെള്ള പദ്ധതിപോലും ഈ നാലു വർഷത്തിനുള്ളിൽ ഒരു കോളനിയിലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ആദിവാസി സമൂഹത്തിന് യഥേഷ്ടം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അതുകൊണ്ട് ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമം മുൻനിർത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി കോർപ്പസ് ഫണ്ട്, അഡീഷണൽ ട്രൈബൽ സബ് പ്ലാൻ, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നീ പദ്ധതികളിലുൾപ്പെടുത്തി വിവിധ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. അടിസ്ഥാന സൗകര്യ വികസനം, ജീവനോപാധി സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ലക്ഷ്യമിടുന്നത്. പദ്ധതികൾ തയ്യാറാക്കുന്നത് ഊരുകൂട്ടങ്ങളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്. എ.റ്റി.എസ്.പി. (അഡീഷണൽ ട്രൈബൽ സബ് പ്ലാൻ)പദ്ധതി പ്രകാരം 2014-2015 വർഷം 65 കോടി രൂപ വകയിരുത്തി വയനാട് ജില്ലയിലെ 6 ഗ്രാമപഞ്ചായത്തുകളിലെ 40 പട്ടികവർഗ്ഗ കോളനികളും; 2015-2016 വർഷം 31.83 കോടി രൂപ വകയിരുത്തി കൽപ്പറ്റ, സുൽത്താൻബത്തേരി, മാനന്തവാടി എന്നീ താലൂക്കുകളിലെ 24 കോളനികളും പദ്ധതിക്കായി തെരഞ്ഞെടുത്തിരുന്നു. പലകാരണങ്ങളാൽ പിന്നീടത് വേഗതയിൽ മുന്നോട്ടുപോയില്ല. ഊരുകൂട്ടങ്ങളുടെ നിർദ്ദേശ പ്രകാരം അത്യാവശ്യമല്ലാത്തവ ഒഴിവാക്കി 22.03 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയത്. 2014-15-ൽ എടുത്ത പദ്ധതികളിൽ 15 എണ്ണം നിർമ്മാണ പ്രവൃത്തികൾ പൂർത്തികരിച്ചുവരികയാണ്. 95 വീടുകളെടുത്തതിൽ 42 എണ്ണം പണി പൂർത്തീകരിച്ചു. 2015-16 വർഷത്തെ 24 കോളനികളിലെയും

പ്രവൃത്തികൾ ഈ സർക്കാർ വന്നശേഷം പൂർത്തികരിച്ചു. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (F.I.T.)-ആണ് ഈ പ്രവൃത്തികൾ ഏറ്റെടുത്തത്. അതും ഇവിടെ പറഞ്ഞതുപോലെ ആദ്യം മന്ദഗതിയിലായിരുന്നെങ്കിലും പിന്നീട് വളരെ വേഗത്തിൽ പൊയ്ക്കൊണ്ടിരിക്കുകയാണ്. 2014-2015 വർഷം തെരഞ്ഞെടുത്ത സങ്കേതങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ഞാൻ തന്നെ നേരിട്ട് അവലോകനം നടത്തിയിരുന്നു. കെ.ഐ.ഐ.ഡി.സി. എന്ന ഏജൻസിയാണ് പ്രധാനമായും ഈ പ്രവൃത്തികൾ ഏറ്റെടുത്തത്. ഇതെല്ലാം ഗവൺമെന്റ് അപ്രൂവ്ഡ് ഏജൻസികളാണ്. പദ്ധതിയുടെ പുരോഗതി ഉറപ്പുവരുത്തുന്നതിനായി അതാത് കളക്ടർമാരുടെ നേതൃത്വത്തിൽ പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ പ്രോഗ്രസ് റിവ്യൂ ചെയ്യണമെന്ന് ഞാൻ തന്നെ നേരിട്ട് കളക്ടറോട് വിളിച്ചു പറഞ്ഞിട്ടുണ്ട്. കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊരു ഭാഗമാണ് ജനസംഖ്യാനുപാതികമായി ജില്ലകൾക്ക് അനുവദിക്കുന്നത്. അതിൽ റോഡ്, പാലം എന്നിവ ഒഴികെയുള്ള 25 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകണം. റോഡ്, പാലം, 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾ എന്നിവയ്ക്ക് ജില്ലാതല വർക്കിംഗ് കമ്മിറ്റിയുടെ ശിപാർശയോടുകൂടി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ ഭരണാനുമതി ലഭ്യമാക്കിയിട്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 വർഷത്തിൽ കോർപ്പസ് ഫണ്ടിൽ നിന്നും വയനാട് ജില്ലയിൽ 682.85 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2017-18-വർഷത്തിൽ 648.59 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 551.18 ലക്ഷം രൂപയുടെ റോഡ് നിർമ്മാണത്തിനുള്ള പദ്ധതികളും അംഗീകരിച്ചിട്ടുണ്ട്. എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്.

## (6) ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജനം

ശ്രീ. അനൂപ് ജേക്കബ്: സർ, സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാൻ 2000-ൽ നയപരമായ തീരുമാനം ഗവൺമെന്റ് എടുത്തിരുന്നു. ഏകദേശം രണ്ട് ദശാബ്ദം അടുക്കാറാകുമ്പോഴും അതുസംബന്ധിച്ച നടപടികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നുള്ളത് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ

കണയന്നൂർ താലൂക്കിലെ ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് കീച്ചേരി, കുളയേറ്റിക്കര എന്നീ വില്ലേജുകളും എടയ്ക്കാട്ടുവയൽ വില്ലേജ് വിഭജിച്ച് കൈപ്പാട്ടൂർ വില്ലേജും രൂപീകരിക്കാനുള്ള തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ മൂന്ന് സ്ഥലങ്ങളിലും കെട്ടിടങ്ങൾ പൂർത്തിയാക്കി ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുകയും ചെയ്തു. പ്രത്യേകിച്ച് കീച്ചേരി, കുളയേറ്റിക്കര എന്നീ സ്ഥലങ്ങളിൽ രണ്ട് വില്ലേജുകൾക്കായുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും കെട്ടിടങ്ങളുൾപ്പെടെ പൂർത്തിയാക്കിയിരിക്കുകയാണ്. എന്നാൽ ഇതിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. അതിനാൽ ആ പ്രദേശത്തെ ജനങ്ങൾ വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കേണ്ടതായി വരുന്നുണ്ട്. നേരത്തേ സൂചിപ്പിച്ച കൈപ്പാട്ടൂർ വില്ലേജിൽ ഒരാളെ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട്. ആഴ്ചയിൽ രണ്ടു പ്രാവശ്യം വരുന്നുവെന്നതൊഴിച്ചാൽ അവിടെയും വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകൾ പൊതുജനം നേരിടേണ്ടിവരുന്നു. ഇതുകാരണം വിവിധസേവനങ്ങൾ അനന്തമായി വൈകിപ്പോകുന്ന സാഹചര്യമുണ്ട്. യാത്രാ സൗകര്യപ്രശ്നങ്ങളുള്ളതിനാൽ ജനങ്ങൾ കൂടുതൽ സമയം അതിനായി മാറ്റിവയ്ക്കേണ്ടതായി വരുന്നുണ്ട്. തസ്തികകൾ ലഭ്യമാകാത്തതാണ് ഇതിലെ പ്രധാന പ്രശ്നം. ആയതിനാൽ തസ്തികകൾ ലഭ്യമാക്കി ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിൽ പല സ്ഥലങ്ങളിലും പ്രത്യേകിച്ചും പിറവം നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽ വിവിധ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന വിഷയവും അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജനം സംബന്ധിച്ച് വർഷങ്ങൾക്കുമുൻപ് ആവശ്യം ഉയർന്നു വന്നതിനെത്തുടർന്ന് 2015-ഓടുകൂടി തന്നെ ആ വിഭജനം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുള്ളതാണ്. എന്നാൽ തുടർന്ന് അതിനാവശ്യമായ പോസ്റ്റ് സാങ്ഷൻ ചെയ്യാത്ത വിഷയമാണ് നിലനിൽക്കുന്നത്. വിഭജനം നടത്തി കീച്ചേരി, കുളയേറ്റിക്കര എന്നീ വില്ലേജുകളാക്കി മാറ്റിയ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും ആവശ്യമായ തസ്തിക സൃഷ്ടിക്കാത്തതുമൂലം പുതിയ ഓഫീസുകളുടെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കീച്ചേരി, കുളയേറ്റിക്കര വില്ലേജുകളുൾപ്പെടെ വില്ലേജാഫീസ് കെട്ടിടങ്ങൾ പൂർത്തിയാക്കിയിട്ടുള്ള പത്ത് ഗ്രൂപ്പ് വില്ലേജുകളിൽ ഓരോ വില്ലേജ് ഓഫീസിനും വില്ലേജ് ആഫീസർ-1, വില്ലേജ് അസിസ്റ്റന്റ്-2, സ്പെഷ്യൽ വില്ലേജ് ആഫീസർ-2, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്-2, പാർട്ട്ടൈം സ്വീപ്പർ-1 എന്നിങ്ങനെ തസ്തിക

സൃഷ്ടിക്കുന്നതിനുള്ള അനുമതിക്കായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും പ്രസ്തുത വകുപ്പ് ആവശ്യപ്പെട്ടതുപ്രകാരം, പത്ത് ഗ്രൂപ്പ് വില്ലേജുകൾ നിലവിലുള്ള തസ്തികകളുടെയും പൊതുവിൽ വില്ലേജ് ആഫീസിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയത് ലഭ്യമായതിനുശേഷം ധനകാര്യ വകുപ്പുമായി വീണ്ടും കൂടിയാലോചിച്ച് കീച്ചേരി, കുളയേറ്റിക്കര എന്നിവയുൾപ്പെടെയുള്ള ഗ്രൂപ്പ് വില്ലേജുകൾ പ്രത്യേകം പ്രവർത്തിക്കുന്നതിനായി ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് പ്രവർത്തന മാരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഇപ്പോൾ ഒരു കാര്യംകൂടി ധനകാര്യ വകുപ്പിൽ നിന്നും ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ മറുപടി കൊടുക്കുകയും ധനകാര്യ വകുപ്പുമായും ബന്ധപ്പെട്ട വകുപ്പുമായും ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

### (7) കുടിവെള്ള ക്ഷാമം

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, കുടിവെള്ള ക്ഷാമം രൂക്ഷമായ എന്റെ നിയോജക മണ്ഡലത്തിലെ മൂന്നിയൂർ, ചേലമ്പ്ര എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജലനിധി പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം അടച്ച് കാത്തിരിക്കുന്ന എല്ലാ കുടുംബങ്ങൾക്കും അടിയന്തരമായി കുടിവെള്ളം ലഭ്യമാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മൂന്നിയൂർ പഞ്ചായത്തിൽ 5999 പേരാണ് ജലനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. പദ്ധതി 2014-ൽ ജലനിധി ബാച്ച്-3-ലുൾപ്പെടുത്തി ജലസംഭരണിക്കാവശ്യമായ സ്ഥലം വാങ്ങൽ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗുണഭോക്തൃ സമിതി നിർവ്വഹിക്കേണ്ട ചുമതലകൾ പൂർത്തിയാക്കിയിട്ടും ജലനിധിയുടെ ഭാഗത്തുനിന്ന് കാര്യമായ തുടർനടപടികളുണ്ടായിട്ടില്ല. പദ്ധതിയുടെ ഡി.പി.ആർ.-ന് അംഗീകാരം നൽകുന്ന നടപടി മാത്രമാണ് ജലനിധിയുടെ ഭാഗത്തുനിന്നും പൂർത്തിയായിട്ടുള്ളത്. സാങ്കേതികാനുമതിയും ടെണ്ടർ നടപടിയും അനന്തമായി നീളുകയാണ്. ജലനിധി പദ്ധതിയുടെ ബാച്ച്-3-ലുൾപ്പെടുത്തിയ മൂന്നിയൂർ ഗ്രാമപഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാകില്ല എന്ന നിഗമനത്താൽ ജലനിധിയുടെ അഡീഷണൽ പദ്ധതിയിലുൾപ്പെടുത്തി, അടുത്ത ഡിസംബറിൽ ടെണ്ടർ നടപടികൾ നടത്താനാകുമെന്നാണ് ജലനിധിയുടെ

ഡയറക്ടറേറ്റിന്റെ പുതിയ അറിയിപ്പ്. കൂടാതെ ബാച്ച്-2-ലുൾപ്പെടുത്തിയ ചേലമ്പ്ര ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ സ്ഥിതിയും വ്യത്യസ്തമല്ല. 3008 ഉപഭോക്താക്കൾ പണമടച്ച്, 2012 മുതൽ വെള്ളത്തിനായി കാത്തിരിക്കുമ്പോൾ പദ്ധതിയിൽ നിന്നും ഇപ്പോൾ 1153 പേർക്കാണ് പേരിനുമാത്രം വെള്ളം ലഭിച്ചത്. പദ്ധതിയുടെ തുടക്കത്തിൽ ഡിസൈൻ ചെയ്ത ജലസംഭരണി ഒഴിവാക്കി, പകരം വ്യാവസായികാവശ്യത്തിനുമാത്രം ശുദ്ധീകരിച്ച കിൻഫ്രയുടെ ജലസംഭരണിയിൽ നിന്നും നേരിട്ട് ഉപഭോക്താക്കൾക്ക് ജലവിതരണ പൈപ്പിലൂടെ കുടിവെള്ളം എത്തിക്കാൻ ശ്രമിച്ചപ്പോഴാണ് പദ്ധതി ലക്ഷ്യം പിഴച്ചത്. ഇപ്പോൾ ഉപഭോക്താക്കളിൽ പകുതിപേർക്കുപോലും വെള്ളം ലഭിക്കുന്നില്ല. ലഭിക്കുന്നതാകട്ടെ, വേണ്ടത്ര ശുദ്ധീകരിക്കാത്ത വെള്ളവുമാണ്. ആയതിനാൽ ചേലമ്പ്ര പദ്ധതിയിൽ ജലസംഭരണിക്കും ശുദ്ധീകരണ പ്ലാന്റിനുമാവശ്യമായ ഫണ്ട് അനുവദിച്ച് മുഴുവൻ പേർക്കും ശുദ്ധീകരിച്ച വെള്ളം ലഭ്യമാക്കുന്നതിനും മൂന്നിയൂർ പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, രണ്ട് പദ്ധതികളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ഒന്നാമത്തേത് മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ പദ്ധതിയാണ്. അതിനായി കണ്ടെത്തിയ സ്ഥലം നദിയുടെ തീരമാണ്. നദിതീരത്തുള്ള സ്രോതസ്സിൽ വേനൽക്കാലത്ത് ലവണാംശം വർദ്ധിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട് പുതിയ സ്രോതസ്സിനാവശ്യമായ സ്ഥലം കണ്ടുപിടിക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുകയും കാലതാമസമുണ്ടായപ്പോൾ ജലനിധിയിലെ ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി പുതിയ സ്രോതസ്സിനനുയോജ്യമായ ഒരു സ്ഥലം നിർദ്ദേശിക്കുകയുമാണ് ചെയ്തത്. സ്രോതസ്സിന്റെ സ്ഥലം മാറിയതനുസരിച്ച് ടാങ്കിന്റെ സ്ഥലം മാറുകയും വിതരണ ശൃംഖല പുനർനിർണ്ണയിക്കേണ്ടതായും വന്നു. പുതിയ ഡി.എസ്.ആർ. തയ്യാറാക്കുന്നതിൽ കാലതാമസമുണ്ടായി. 2017 അവസാനത്തോടെയാണ് പുതിയ ഡി.എസ്.ആർ. തയ്യാറാക്കി നൽകിയത്. അതിനുവേണ്ടി 6-1-2018-ന് കെ.ആർ.ഡബ്ല്യു.എസ്.എ. അംഗീകാരം നൽകിയിരുന്നു. പക്ഷേ ഈ പദ്ധതി പൂർത്തിയാക്കണമെങ്കിൽ 36 മാസമെങ്കിലും വേണ്ടിവരും. 2018 ഡിസംബർ 31 -ന് ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയുടെ കാലാവധി പൂർത്തിയാകും. അതുകൊണ്ട് ഈ പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകിക്കഴിഞ്ഞാൽ ടെണ്ടർ നടപടികളിലേയ്ക്ക് പോയി പദ്ധതി

കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയില്ലെന്ന ഒരു പ്രത്യേക സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെ മൂന്നാം ഘട്ടത്തിന് ഇപ്പോൾ കേന്ദ്ര സർക്കാരിൽ നിന്ന് പ്രാരംഭാനുമതി ലഭിക്കുകയും അത് ലോക ബാങ്കിന്റെ പരിഗണനയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. 1000 കോടി രൂപയുടെ പുതിയ പദ്ധതി അടുത്ത വർഷം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ മുന്നിയൂർ ഗ്രാമപഞ്ചായത്ത് പദ്ധതിയ്ക്ക് മുൻഗണന കൊടുത്ത് നടപ്പാക്കാൻ കഴിയും. ചേലമ്പ്ര ഗ്രാമപഞ്ചായത്തിൽ ജലനിധി നടപ്പിലാക്കിവരുന്ന ശുദ്ധജല വിതരണ പദ്ധതിയും കിൻഫ്രയുടെ സഹായത്തോടുകൂടിയാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. കിൻഫ്രയുടെ ടാങ്കിൽ ശേഖരിച്ചിട്ടുള്ള ശുദ്ധീകരിച്ച ജലം കുടിവെള്ള ആവശ്യത്തിന് വിലയ്ക്കുവാങ്ങി ചേലമ്പ്ര പഞ്ചായത്തിന് നൽകുകയാണ് ചെയ്യുന്നത്. നിലവിൽ കിൻഫ്രയുടെ ജലസംഭരണി സ്ഥിതി ചെയ്യുന്ന സ്ഥലം പഞ്ചായത്തിന്റെ ഉയർന്ന പ്രദേശത്തായതിനാൽ അവിടെ നിന്നും നേരിട്ട് പഞ്ചായത്തിന്റെ മിക്ക സ്ഥലങ്ങളിലും ഗ്രാവിറ്റി ഫ്ലോ മുഖേന ജലവിതരണം ഇപ്പോൾ സാദ്ധ്യമാണ്. അവശേഷിക്കുന്ന ഏതാനും ഉയർന്ന പ്രദേശങ്ങളിൽ പ്രത്യേക ടാങ്ക് നിർമ്മിച്ച് ജലം എത്തിക്കാൻ കഴിയും. ഭക്ഷ്യസംസ്കരണം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ശുദ്ധീകരിച്ച വെള്ളമാണ് കിൻഫ്രയിൽ നിന്നും ലഭിക്കുന്നത്. അതുകൊണ്ട് ശുദ്ധജലമല്ല എന്ന ആശങ്ക അടിസ്ഥാനരഹിതമാണ്. ജലസംഭരണയിൽ നിന്ന് ജലനിധിയുടെ വിതരണ ശൃംഖലയിലേയ്ക്ക് ബന്ധിപ്പിക്കുന്ന പൈപ്പിന്റെ വ്യാസം 300mm എന്നതിനു പകരം 150mm ആയി കുറച്ചതുകൊണ്ടാണ് ഇപ്പോൾ വിഭാവന ചെയ്യുന്ന രീതിയിൽ ഗുണഭോക്താക്കൾക്ക് ജലം എത്തിക്കാൻ കഴിയാതെ വന്നിരിക്കുന്നത്. ജലനിധിയുടെ നേതൃത്വത്തിൽ കിൻഫ്രയുടെ ഉദ്യോഗസ്ഥനും പഞ്ചായത്ത് പ്രസിഡന്റും 2018 ഫെബ്രുവരി 15- ാം തീയതി യോഗം ചേർന്ന് പൈപ്പിന്റെ വ്യാസം വർദ്ധിപ്പിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കിൻഫ്ര തുടർനടപടി സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ ജലവിതരണം ആരംഭിച്ചുകഴിഞ്ഞാൽ പഞ്ചായത്തിന്റെ ഭൂരിപക്ഷ പ്രദേശങ്ങളിലും ജലം എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതെങ്കിലും പ്രദേശങ്ങളിൽ അധികമായി എത്തിക്കേണ്ടതുണ്ടെങ്കിൽ അത് ജലവിതരണം ആരംഭിക്കുമ്പോൾ മാത്രമാണ് മനസ്സിലാകുന്നത്. ആവശ്യമാണെന്ന് കാണുന്നപക്ഷം പുതിയ ജലസംഭരണി കിൻഫ്ര പരിസരത്തുതന്നെ നിർമ്മിച്ചുനൽകുന്നതിനുള്ള നടപടി ജലനിധി സ്വീകരിക്കുന്നതാണ്.

## (8) ഗതാഗത നിയമങ്ങളുടെ അവബോധം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, റോഡ് ഗതാഗതവുമായി ബന്ധപ്പെട്ട് കാൽനട യാത്രക്കാർ അനുഭവിക്കുന്ന പ്രയാസങ്ങളും റോഡ് ക്രോസ് ചെയ്യാൻ വയസ്സായവർ, രോഗികൾ, സ്ത്രീകൾ എന്നിവർ അനുഭവിക്കുന്ന വിഷമങ്ങളും വലിയ റോഡുകളിൽ, കൂടുതലും ചെറിയ റോഡുകളിൽ വർദ്ധിച്ചുവരികയാണ്. അതിന് ഏറ്റവും പ്രധാനപ്പെട്ട കാരണം വാഹനങ്ങൾക്ക് കൊടുക്കുന്ന ഡ്രൈവിംഗ് ലൈസൻസാണ്. സീബ്രാ ലൈനുകൾക്കും സിഗ്നൽ ലൈറ്റുകൾക്കും മറ്റും വിധേയപ്പെട്ടാണ് വാഹനം ഓടിക്കേണ്ടതെന്ന് പലരും ശ്രദ്ധിക്കാറില്ല. അതുകൊണ്ട് ഞങ്ങളുടെ മണ്ഡലങ്ങളിലെ പ്രധാന റോഡുകളിൽ ഓരോ ആഴ്ചയും മൂന്നും നാലും അപകടങ്ങൾ സംഭവിക്കുകയാണ്. ലൈസൻസ് കൊടുത്തുകഴിഞ്ഞാൽ അവരുമായി ഗതാഗത വകുപ്പിന് ബന്ധമൊന്നുമില്ല. മദ്യപിച്ച് വാഹനം ഓടിക്കുന്നതു മാത്രമല്ല ഗതാഗത നിയമങ്ങളൊന്നും ആരും പരിഗണിക്കുന്നില്ല. റോഡുകളിൽ പി.ഡബ്ല്യു.ഡി. ഓടകളും നടപ്പാതയും ഉണ്ടാക്കുമ്പോൾ കാൽനട യാത്രക്കാരെ പരിഗണിക്കുന്നില്ല. ശബരിമല സീസണിലുണ്ടാകുന്ന ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി എന്റെ മണ്ഡലത്തിലെ ചില സ്ഥലങ്ങളിൽ ഒരു ക്രമീകരണമുണ്ടാക്കി. ക്യൂ ആകുമ്പോൾ ഒരു വണ്ടി ക്യൂ തെറ്റിച്ച് കയറിയാൽ മൊത്തം ബ്ലോക്ക് ആവുകയാണ്. അതിന് ഞാൻതന്നെ ഒന്നുരണ്ട് യോഗം വിളിച്ച് ശബരിമല സീസൺ സമയത്തുമാത്രം അവിടെ പോലീസിനെ നിർത്തി ഒരു ക്യൂ സംവിധാനമുണ്ടാക്കി. ക്യൂ സിസ്റ്റം പാലിച്ചാൽ ബ്ലോക്ക് ഉണ്ടാവുകയില്ല. ആളുകൾക്ക് കടന്നുപോകാനുള്ള സൗകര്യം പോലീസുകാർ നിൽക്കുന്നിടത്ത് ചെയ്താൽ മാത്രമേ അവർക്ക് കടന്നുപോകാൻ സാധിക്കുകയുള്ളൂ. ഒരു നിയമത്തിന്റെ ഗതാഗത സംവിധാനത്തെ പരിഗണിച്ച് പോകുന്നവർ അല്ലെങ്കിൽ പാലിച്ച് പോകുന്നവർ വളരെ കുറവും പാലിക്കാതെ പോകുന്നവർ വളരെ കൂടുതലും ആകുമ്പോൾ അപകടം മാത്രമല്ല രോഗികൾ, സ്ത്രീകൾ, വൃദ്ധർ എന്നിവർക്കൊന്നും റോഡ് ക്രോസ് ചെയ്യാൻ കഴിയാതെ അപകടത്തിൽപ്പെടുന്ന സാഹചര്യവുമുണ്ടാകുന്നു. അതുകൊണ്ട് ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുമ്പോൾത്തന്നെ ഇത്തരം അവബോധങ്ങൾ കൊടുക്കാനും അത് അവർ നടപ്പാക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കാനും ഒരു സിസ്റ്റം കൊണ്ടുവരണമെന്നാണ് എന്റെ നിർദ്ദേശം. ആ സിസ്റ്റം കൊണ്ടുവന്നു കഴിഞ്ഞാൽ ഏതെങ്കിലും അപകടം ഉണ്ടാകുമ്പോൾ മാത്രം ലൈസൻസ് റദ്ദു ചെയ്യാതെ അപകടം ഉണ്ടാക്കുന്ന തരത്തിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി എടുക്കുന്നത് കൂടുതൽ വ്യാപകമാകും. നഗരങ്ങളിൽ പോലീസും മറ്റ്

സംവിധാനങ്ങളുമുണ്ട്. പക്ഷേ, ഗ്രാമങ്ങളിലെ മണ്ഡലങ്ങളിലാണ് ഹൈവേയും എൻ.എച്ച്.-ഉം കടന്നുപോകുന്നത്. അവിടെയും ഗതാഗത വകുപ്പും, പൊതുമരാമത്ത് വകുപ്പും, പോലീസും, പ്രാദേശിക സ്ഥാപനങ്ങളും ചേർന്ന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഡ്രൈവിംഗ് എന്നുപറയുന്നത് ഒരു സംസ്കാരമാണെന്നും കാൽനടയാത്രക്കാരെയാണ് ഏറ്റവും ബഹുമാനിക്കേണ്ടതെന്നുമുള്ള ഉത്തരവാദിത്വം നിർവ്വഹിക്കാൻ പറ്റിയ തരത്തിൽ ഒരു സംവിധാനം ഉണ്ടാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, റോഡ് എന്റെ തറവാടാണ് എന്ന മട്ടിലാണ് വാഹനം ഓടിക്കുന്നവരും പൊതുജനങ്ങളും ഉപയോഗിക്കുന്നത്. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനും നിയമം അനുസരിക്കുന്നതിനും ബന്ധപ്പെട്ടവർ കാണിക്കുന്ന അലംഭാവത്തിന്റെ ഫലമായിട്ടാണ് ഇവിടെ സൂചിപ്പിച്ചതുപോലുള്ള കാര്യങ്ങൾ സംസ്ഥാനത്ത് പെരുകി വരുന്നത്. ഇതിനുവേണ്ടത് ഡ്രൈവിംഗ് പരിശീലനം ശാസ്ത്രീയമായ രൂപത്തിൽതന്നെ ആരംഭിക്കുക എന്നുള്ളതാണ്. പ്രാഥമിക ഘട്ടത്തിൽതന്നെ ഇവിടെ നല്ലൊരു ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്. എടപ്പാളിൽ ഇതിനുവേണ്ടി ഒരു ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവിടെ വരുന്ന ഡ്രൈവർമാർക്കുള്ള പരിശീലനത്തിന് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന ചെലവിനായി പ്രസ്തുത സ്ഥാപനത്തിന് സംസ്ഥാന സർക്കാർ റോഡ് സേഫ്റ്റി അതോറിറ്റിയിൽനിന്നും പണം അനുവദിച്ച് നൽകുന്നുണ്ട്. മെച്ചപ്പെട്ട ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കാൻ വേണ്ടിയാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. പോലീസ് വകുപ്പിൽ സമാനമായി 'ശുഭയാത്ര' എന്നൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിനുള്ള സാമ്പത്തിക സഹായവും കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകിവരുന്നുണ്ട്. വാഹന യാത്രക്കാർക്ക് മാത്രമല്ല, കാൽനട യാത്രക്കാർക്കും റോഡിൽ മതിയായ പരിഗണന ലഭിക്കണമെന്നാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നിലപാട്. അതിന്റെ ഭാഗമായി ഫ്ലൈ ഓവറുകളും സ്കൈ വാക്കുകളും ഫുട്ട്പാത്തുകളും നിർമ്മിക്കുക എന്നുള്ളതാണ് പരിഹാര മാർഗ്ഗമായി ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കോട്ടയത്ത് ശീമാട്ടി ജംഗ്ഷനിലും തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയിലും ഫൂട്ട് ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇങ്ങനെയുള്ള നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും മെച്ചപ്പെട്ട ഒരു ട്രാഫിക് സംസ്കാരവും അതിനാവശ്യമായ ക്രോഡീകരിച്ച രൂപത്തിലുള്ള പ്രവർത്തന സംവിധാനവും സജ്ജമാക്കേണ്ടതുണ്ട് എന്നുള്ള അങ്ങയുടെ നിർദ്ദേശം ശരിയാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) റോഡ് നിർമ്മാണം

ശ്രീമതി യു. പ്രതിഭ ഹരി: സർ, ദേശീയപാതയുടെ ഏകദേശം 8 കി. മീറ്റർ വരുന്ന ഭാഗം കടന്നുപോകുന്ന സ്ഥലമാണ് കായംകുളം. ഇവിടെ നിരന്തരമായി അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ദേശീയപാത നന്നായി നവീകരിച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര ട്രാഫിക് സിഗ്നലുകൾ ഇല്ലാത്തതുമൂലം ആലപ്പുഴ ജില്ലയിൽ ഏറ്റവും കൂടുതൽ അപകടം സംഭവിക്കുന്നത് ഇവിടെയാണ്. കഴിഞ്ഞ ഒരു വർഷത്തെ കണക്ക് പരിശോധിച്ചപ്പോൾ 38-ലധികം ആളുകളാണ് കുറ്റികുളങ്ങര, കരീലകുളങ്ങര എന്നീ സ്ഥലങ്ങളിൽ അപകടങ്ങളിൽ മരണപ്പെട്ടത്. അതുപോലെ കഴിഞ്ഞ ദിവസം കെ.പി. റോഡിലും ഇതുപോലെ ഒരു കുടുംബത്തിലെ മൂന്നുപേർ റോഡ് അപകടത്തിൽ സംഭവസ്ഥലത്തുതന്നെ മരണപ്പെട്ടു. റോഡ് നവീകരിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ ഒരു ക്രമീകരണവും റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് ആ ഏരിയയെ സ്പോട്ടഡ് ഏരിയയായി പ്രത്യേകമായി ഡിക്ലയർ ചെയ്തുകൊണ്ട് സ്പീഡ് ലിമിറ്റ് ചെയ്യാനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ അതിവേഗത്തിൽ നടത്തുമെന്ന അങ്ങയുടെ പ്രസ്താവന കണ്ടു. ഒരു വർഷം കൊണ്ട് അത് പൂർത്തീകരിക്കുമെന്നുമറിയാം. എന്നാൽ ഈ ഏരിയയിൽ മൂന്നാഴ്ചകൊണ്ട് 10 മരണമാണ് നടന്നത്. ആ ഏരിയയെ പ്രത്യേകമായി കണ്ടുകൊണ്ട് സൈൻ ബോർഡുകൾ, റിഫ്ലക്ടേഴ്സ് എന്നിവ സ്ഥാപിച്ച് അപകടം നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേരളത്തിലെ ചരിത്രപരമായി പ്രധാനപ്പെട്ട ഒരു പ്രദേശമാണ് കായംകുളം. നാഷണൽ ഹൈവേ, കായംകുളം-പുനലൂർ റോഡ് തുടങ്ങിയ ആദ്യകാല റോഡുകൾ കടന്നുപോകുന്ന സ്ഥലമാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അവിടെ ധാരാളം അപകടങ്ങൾ സംഭവിക്കുന്നുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് അവിടെ റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ നല്ല നിലയിൽ നടപ്പിലാക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതിനോട് ഗവൺമെന്റ് പൂർണ്ണമായും യോജിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഓച്ചിറ മുതൽ നങ്ങ്യാർകുളങ്ങര-ചേപ്പാട് വരെയുള്ള കായംകുളം ഭാഗം കുണ്ടും കുഴിയും നിറഞ്ഞതായിരുന്നു. നാഷണൽ ഹൈവേ മുഴുവൻ അങ്ങനെതന്നെയായിരുന്നു. അതെല്ലാം പുനർനിർമ്മിച്ചു. ഏകദേശം 18 കിലോമീറ്റർ കായംകുളം-കൃഷ്ണപുരം

ദേശീയ പാത 18 കോടി രൂപ മുടക്കിയാണ് ആധുനിക രീതിയിൽ ഇപ്പോൾ നിർമ്മിച്ചത്. അത് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സമ്മതിക്കുകയുണ്ടായി. അതിന്റെ ഭാഗമായി റോഡ് സുരക്ഷയ്ക്കാവശ്യമായ തെർമോപ്ലാസ്റ്റിക് മാർക്കിംഗും സ്റ്റഡുകളും സ്ഥാപിച്ചിട്ടുണ്ട്. ചരിത്രത്തിലാദ്യമായാണ് അവിടെ അങ്ങനെ സ്ഥാപിച്ചിട്ടുള്ളത്. കായംകുളം ഒ.എൻ.കെ. ജംഗ്ഷൻ മുതൽ കെ.എസ്.ആർ.ടി.സി. ജംഗ്ഷൻ വരെ 67 ഇ.എൽ.ഡി. തെരുവ് വിളക്കുകൾ അടുത്ത കാലത്ത് സ്ഥാപിക്കുകയുണ്ടായി. ബഹുമാനപ്പെട്ട എം.എൽ.എ. അത് ഉദ്ഘാടനം ചെയ്യുന്നതിന്റെ ചിത്രങ്ങളും കണ്ടിരുന്നു. നങ്ങ്യാർകുളങ്ങര മുതൽ കൃഷ്ണപുരം വരെ ഏറ്റവും കൂടുതൽ അപകടങ്ങളുണ്ടാകുന്നവെന്ന് ചൂണ്ടിക്കാണിച്ച പ്രദേശത്താണ് 67 ഇ.എൽ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ചത്.

ബാക്കി ഇനി സ്ഥാപിക്കേണ്ടതാണ്. കരീലക്കുളങ്ങര, കൊറ്റൻകുളങ്ങര കവലകളിലെ റോഡപകടങ്ങൾ ഉണ്ടാകുന്നത് അതാത് കാലത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്, ഈ ഗവൺമെന്റിന്റെ ശ്രദ്ധയിലുമുണ്ട്. വകുപ്പ് മുൻകയ്യെടുത്ത് കളക്ടറുമായും എം.എൽ.എ.-യുമായും സംസാരിച്ച് ആർ.ടി.ഒ.-യുടെയും പോലീസിന്റെയും സാന്നിദ്ധ്യത്തിൽ സ്ഥലങ്ങൾ സന്ദർശിക്കുകയും അപകട കാരണങ്ങൾ മനസ്സിലാക്കുകയും അപകടങ്ങൾ ഒഴിവാക്കാനുള്ള പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയുമാണ്. ഏകദേശം 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്. അത് അവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ തുറവൂർ മുതൽ ഓച്ചിറ വരെയുള്ള ദേശീയ പാത നാല് വരിയാക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. അതിന്റെ 3 A നോട്ടിഫിക്കേഷൻ ഇറങ്ങിക്കഴിഞ്ഞു. ഭൂമി എടുക്കുന്ന കാര്യത്തിൽ കളക്ടർ സജീവമായി ഇടപെട്ടിരിക്കുകയാണ്. ഹ്രസ്വകാല സുരക്ഷാ നടപടിയെടുത്തതെല്ലാം തന്നെ വിപുലീകരിച്ച് ശാശ്വതമായ സുരക്ഷാ നടപടികളുൾപ്പെടെ നാലുവരിപ്പാത വരുമ്പോൾ അപകടങ്ങൾ ഇല്ലാതാവുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. മാത്രമല്ല, ദേശീയ പാതയോട് ചേർന്നുനിൽക്കുന്ന കെ.എസ്.ആർ.ടി.സി. സ്റ്റേഷന്റെ ഭാഗമെടുക്കാൻ പ്രയാസമുള്ളതുകൊണ്ട് അവിടെയുള്ള പാലത്തിനുപുറമെ അതിന് പടിഞ്ഞാറുവശം രണ്ടുനില മേൽപ്പാലം കൂടി നിർമ്മിക്കാനും നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യ ആലോചിക്കുന്നതായി മനസ്സിലാക്കുന്നു. ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്ന കാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. നാലുവരിപ്പാത വരുന്നതോടുകൂടി കാര്യങ്ങൾ ആയാസരഹിതമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (10) തിരൂർ-പൊൻമുണ്ടം ബൈപ്പാസ്

ശ്രീ. സി. മമ്മൂട്ടി: സർ, തിരൂർ മണ്ഡലത്തിലെ തിരൂർ ടൗണിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് ഉണ്ടാകുന്നതിനെത്തുടർന്ന് തിരൂർ-പൊൻമുണ്ടം ബൈപ്പാസ് നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ വന്നു. എറണാകുളം-കോഴിക്കോട്ടേയ്ക്കുള്ള ഷോർട്ടസ്റ്റ് റൂട്ടായ ചമ്രവട്ടം റോഡ് ഓപ്പണായതോടുകൂടി ഈവഴി ഗതാഗതക്കുരുക്ക് കൂടുതലായുണ്ടാവുകയാണ്. തിരൂർ-പൊൻമുണ്ടം ബൈപ്പാസിന്റെ പണി രണ്ടുഭാഗത്തും പൂർത്തിയാകുകയും റെയിൽവേയുടെ ആർ.ഒ.ബി. നിർമ്മിക്കുന്നതിനുവേണ്ടി പണം അടയ്ക്കുകയും ആർ.ഒ.ബി.-യുടെ പണി പൂർത്തിയാവുകയും ചെയ്തു. രണ്ടുഭാഗത്തും 7 മീറ്റർ വീതിയുള്ള റോഡിന്റെ പണി പൂർത്തിയായിരിക്കുകയാണ്. ആർ.ഒ.ബി.-യിലേയ്ക്കുള്ള അപ്രോച്ച് റോഡിന് വേണ്ടിയുള്ള പ്രൊപ്പോസൽ ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ട്. അപ്രോച്ച് റോഡുകൂടി വന്നുകഴിഞ്ഞാൽ മാത്രമേ ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കി അവിടം ഗതാഗതയോഗ്യമാക്കാൻ കഴിയുകയുള്ളൂ. അവിടെ ആവശ്യത്തിന് സ്ഥലമുള്ളതുകൊണ്ട് റോഡിന് സ്ഥലമെടുപ്പിന്റെ ആവശ്യമില്ല. അപ്രോച്ച് റോഡിനുവേണ്ടിയുള്ള പ്രൊപ്പോസൽ ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ട്. അത് അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച തിരൂർ-പൊൻമുണ്ടം ബൈപ്പാസ് റോഡിലെ ആർ.ഒ.ബി.-യുടെ നിർമ്മാണ പ്രശ്നം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള കാര്യമാണ്. ഈ ബൈപ്പാസ് റോഡ് ആദ്യ ഘട്ടത്തിൽ തിരൂർ-ചമ്രവട്ടം റോഡിലുള്ള പോലീസ് ലൈനിനെയും തിരൂർ കുട്ടിക്കാനം റോഡിലുള്ള ഏഴൂരിനെയും ബന്ധിപ്പിക്കുന്ന റെയിൽവേ മേൽപ്പാലത്തിനായുള്ള അപ്രോച്ച് ബ്രിഡ്ജുൾപ്പെടെ റോഡിന്റെ നിർമ്മാണ പ്രവൃത്തിക്കായി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സി. മമ്മൂട്ടിയുടെ നിർദ്ദേശപ്രകാരം ഇൻവെസ്റ്റിഗേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. അപ്രോച്ച് റോഡിന് 13x25 മീറ്ററോടുകൂടിയ തുല്യ സ്പാനുകളും 2x12.86 മീറ്റർ pre stressed concrete girder-കളും RCC Deck-ഉം അപ്രോച്ച് റോഡിന് ഇരുവശവുമായി ഒന്നര മീറ്റർ വീതിയോടുകൂടിയ ഫുട് പാത്തുമാണ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. അപ്രോച്ച് റോഡിന് ഇരുവശങ്ങളിലുമായി 364 മീറ്റർ നീളവും 12 മീറ്റർ വീതിയുമാണുള്ളത്. ടിക്കിൽ നിന്ന് ലഭ്യമായ ഡിസൈന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിക്കാവശ്യമായ എസ്റ്റിമേറ്റ് 21.58 കോടി രൂപയാണ്. അത് ഭരണാനുമതിക്കായി സമർപ്പിച്ചു കഴിഞ്ഞു. പ്രസ്തുത പ്രവൃത്തിയെ സംബന്ധിച്ച്

പ്രീ ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ റിപ്പോർട്ടും പ്രോജക്ട് കൺസെപ്റ്റ് നോട്ടും സമർപ്പിക്കുവാൻ 2017 നവംബർ 8-നുതന്നെ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെടുകയും ആയത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്. ഇത് നിർമ്മിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് ഉറച്ച നിലപാടുതന്നെയാണുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(11) ജങ്കാർ കൈമാറൽ

ശ്രീ. എ. എം. ആരിഫ്: സർ, അരൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി പെരുമ്പളം പഞ്ചായത്തിന് അനുവദിച്ച ജങ്കാർ നടത്തിക്കൊണ്ടുപോകാൻ പഞ്ചായത്തിന് കഴിയില്ലെന്ന സ്ഥിതി വന്നപ്പോഴാണ് അതിന്റെ നടത്തിപ്പ് ഇൻലാന്റ് നാവിഗേഷനെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ട് ഒരു യോഗം വിളിച്ചുചേർക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23-8-2017-ൽ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥ മേലധികാരികളുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. ഈ യോഗത്തിൽവച്ച് പെരുമ്പളം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജങ്കാർ KSINC (Kerala State Inland Navigation Corporation)-ക്ക് കൈമാറാൻ തീരുമാനമായി. പഞ്ചായത്ത് തീരുമാനമെടുക്കാൻ കുറച്ച് വൈകിയെങ്കിലും തീരുമാനമെടുത്തിട്ടുണ്ട്. പെരുമ്പളം പഞ്ചായത്തിലെ ജങ്കാർ സർവ്വീസ് KSINC ഏറ്റെടുക്കണമെങ്കിൽ അവർക്കുവരുന്ന അധിക ബാധ്യത പഞ്ചായത്ത് നൽകണമെന്ന് അന്നത്തെ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. ഇങ്ങനെ വരുന്ന അധിക ബാധ്യത എത്രയെന്നുകണക്കാക്കി KSINC-ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ഗ്രാന്റായി കൊടുത്ത് സഹായിക്കണം. കാരണം പെരുമ്പളം പഞ്ചായത്ത് ഒരു മൈനസ് പഞ്ചായത്താണ്. യാതൊരുവിധ വരുമാനവുമില്ലാത്ത പഞ്ചായത്തെന്ന പരിഗണന നൽകി അതിനെ സഹായിക്കണമെന്നുകൂടി ആ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ KSINC ആവശ്യമായി വരുന്ന തുക കണക്കാക്കി ഒരു കത്ത് എൽ.എസ്.ജി.ഡി. സെക്രട്ടറിക്ക് നൽകുകയുണ്ടായി. അതിന്റെ ഫയൽ നമ്പർ സഹിതം ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കത്ത് നൽകിയിട്ട് മാസങ്ങളായെങ്കിലും അതുസംബന്ധിച്ച് എൽ.എസ്.ജി.ഡി. ഇതുവരെ തീരുമാനമെടുത്തിട്ടില്ല. അതുകൊണ്ടുതന്നെ ജങ്കാർ കൈമാറ്റം പൂർണ്ണമായിട്ടില്ല. മാർച്ച് 31-ന് എഗ്രിമെന്റ് കാലാവധി പൂർത്തിയായിക്കഴിഞ്ഞാൽ

ഏപ്രിൽ 1 മുതൽ ജങ്കാർ സർവ്വീസ് നടത്തിയില്ലെങ്കിൽ ആ ദ്വീപ് ഒറ്റപ്പെട്ടുപോകും. KSINC ആവശ്യപ്പെട്ട തുക കൊടുത്ത് സഹായിച്ചാൽ മാത്രമേ ജങ്കാർ സർവ്വീസ് നടത്തിക്കൊണ്ടുപോകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് എത്രയുംവേഗം അവരുടെ പ്രൊപ്പോസൽ അംഗീകരിച്ച് ജങ്കാർ സർവ്വീസിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം KSINC-ക്ക് കൈമാറി സർവ്വീസ് നടത്തുന്നതിനുവേണ്ട നടപടി എൽ.എസ്.ജി.ഡി.-യിൽ നിന്നുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജങ്കാർ കേരള ഷിപ്പിംഗ് കോർപ്പറേഷന് കൈമാറുന്നത് സംബന്ധിച്ച് 23-8-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചില സുപ്രധാനമായ തീരുമാനങ്ങളെടുത്തിരുന്നു. അതിൽ ഒന്നുരണ്ട് തീരുമാനങ്ങളിൽ നടപടി സ്വീകരിക്കേണ്ട പെരുമ്പളം പഞ്ചായത്തിനോട് ഉടനടി നടപടി സ്വീകരിക്കണമെന്ന് 27-2-2018-ന് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ജങ്കാർ KSINC-ക്ക് കൈമാറാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ മൂന്നാം നമ്പർ തീരുമാനത്തിൽ പഞ്ചായത്ത് ഇതുവരെ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അടിയന്തര തുടർനടപടി സ്വീകരിക്കുന്നതാണ്.

## V. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

12-12-2017-ലെ ജി.ഒ.(പി) നമ്പർ 76/2017/എച്ച്.&എഫ്.ഡബ്ല്യൂ.ഡി. (എസ്.ആർ.ഒ.നമ്പർ 805/2017) മുഖേന പുറപ്പെടുവിച്ച 2017-ലെ ദി കേരള പബ്ലിക് ഹെൽത്ത് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിനുള്ള ഭേദഗതികളുടെ പരിഗണന

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. Delete the " Note" in column (3) to item 4 in the Table of clause 4 and retain " Note 1" and " Note 2" .
2. The second entry in Column 1 to item 4 in the Table of clause 4 shall be substituted as follows:-

   " (B) Field Assistant/Insect Collector"

3. In the " Note" in Column (3) to the second entry in Column (1) of item 4 in the Table of clause 4, the words and symbols " with Multi Purpose Workers Training/Health Inspector Course/ Sanitary Inspector Course" shall be deleted and in " Note" add the following

"The Employees promoted as field assistant/insect collector based on the above provisions shall undergo multi purpose workers Training immediately"

ആരോഗ്യ വകുപ്പിലെ ഫീഡർ കാറ്റഗറിയിൽ നിന്ന് ഫീൽഡ് വർക്കർ പ്രൊമോഷനായി ഫീൽഡ് അസിസ്റ്റന്റ് ആകുന്നതിന് നേരത്തെ ഉണ്ടായിരുന്ന 10 വർഷത്തെ പരിചയം എന്നുള്ളത് 5 വർഷമാക്കി ചുരുക്കാൻ തീരുമാനിച്ചിരുന്നു. അതിനെത്തുടർന്നുണ്ടായ എസ്.ആർ.ഒ.-യിൽ 5 വർഷമായപ്പോൾ അതിന് അധിഷണലായി പ്രത്യേക ട്രെയിനിംഗും പ്ലസ് ടു-ഉം യോഗ്യതയായി കണക്കാക്കിയതുകൊണ്ട് ഇതിന്റെ പ്രയോജനം നഷ്ടപ്പെടുമെന്ന് മാത്രമല്ല, പ്രൊമോഷൻ കൊടുക്കാൻ സാധിക്കാത്ത അവസ്ഥയുമുണ്ട്.

6-2-2018-ൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും 27-2-2018-ൽ വീണ്ടും വയ്ക്കുകയും ചെയ്ത "ദി കേരള പബ്ലിക് ഹെൽത്ത് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2017 [(ജി.ഒ.(പി) നമ്പർ 76/2017/എച്ച്.&എഫ്.ഡബ്ല്യു.ഡി. തീയതി 12-12-2017 (എസ്.ആർ.ഒ. നമ്പർ 805/2017)" -ലെ clause 3-ൽ Method of Appointment സംബന്ധിച്ചും clause 4-ൽ Qualification സംബന്ധിച്ചുമാണ് പറയുന്നത്. Method of Appointment സംബന്ധിച്ച് clause 3-ന്റെ കീഴിലുള്ള ടേബിൾ ഐറ്റം നമ്പർ 4-ലെ Note, Qualification സംബന്ധിച്ച clause-ലും വന്നിട്ടുള്ളതിനാൽ അത് ഒഴിവാക്കാവുന്നതാണ്. Note 1-ഉം Note-2-ഉം നിലനിർത്തുകയും ചെയ്യാം.

രണ്ടാമത്തെ ഭേദഗതി, The second entry in Column 1 to item 4 in the Table of clause 4-ൽ (A), (B) എന്നീ രണ്ട് പിരിവുകൾ ഉണ്ടാകേണ്ടതാണ്. എന്നാൽ
(B)-ക്ക് പകരം (A) തന്നെയാണ് വന്നിട്ടുള്ളത്. അത് (B) ആക്കി മാറ്റണം.

മൂന്നാമത്തെ ഭേദഗതി, Column 3 against the second entry in Column 1-ൽ Item No.4-ൽ Table clause ആയി വന്നിട്ടുള്ളതിൽ "with Multi Purpose

Workers Training/Health Inspector Course/Sanitary Inspector Course" എന്ന ഭാഗം ഒഴിവാക്കി പകരം നോട്ടായി "The Employees promoted as field assistant/insect collector based on the above provisions shall undergo multi purpose workers Training immediately" എന്ന് ചേർക്കേണ്ടതാണ്. അങ്ങനെ വരുമ്പോൾ ഈ പ്രശ്നം ഒഴിവാകുകയും ഇതിന്റെ purpose എന്താണോ അത് Maintain ചെയ്യാനും സാധിക്കും.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

4. In rule 4 column 3, " Note" to " Field Assistant/Insect Collector" , after the word " SSLC" the words " with Multi Purpose Workers Training/Health Inspector Course/Sanitary Inspector Course" shall be deleted.

ഇവിടെ സൂചിപ്പിച്ചതുപോലെ ആരോഗ്യ വകുപ്പിൽ ഫീൽഡ് വർക്കർമാരുടെ പ്രൊമോഷന് വേണ്ടിയുള്ള പ്രവൃത്തിപരിചയം 10 വർഷത്തിൽ നിന്ന് 5 വർഷമായി ഗവൺമെന്റ് സ്പെഷ്യൽ റൂളിൽ ഇളവ് ചെയ്യാൻ തീരുമാനിച്ചു. നിലവിലുള്ള ഫീൽഡ് വർക്കർമാർക്ക് ഉപകാരപ്പെടാത്ത രീതിയിലാണ് ഇളവ് നടപ്പിലാക്കിയിട്ടുള്ളത്. 7-ാം ക്ലാസ് പാസ്സായവർക്ക് ലഭിക്കുന്ന ഫീൽഡ് വർക്കർ ജോലിക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് പ്ലസ് ടു സയൻസ് നിർബന്ധമാക്കി. Health Inspector/Sanitary Inspector/Multi Purpose Worker ട്രെയിനിംഗ് നിർബന്ധമാക്കിയതോടെ നിലവിലുള്ള ഫീൽഡ് വർക്കർമാർക്ക് പ്രൊമോഷൻ ലഭിക്കാത്ത സാഹചര്യമുണ്ടായി. ആദ്യത്തെ ചർച്ചയിലും മന്ത്രി തീരുമാനിച്ച പ്രകാരമാണെങ്കിലും ഭംഗിയായി നടക്കുമായിരുന്നു. ഇപ്പോൾ നിലവിൽ ജോലി ചെയ്യുന്ന ഫീൽഡ് വർക്കർമാർക്ക് പ്രൊമോഷന് നിർബന്ധമാക്കിയ ട്രെയിനിംഗ് കോഴ്സ് (MPW Training) ഫീൽഡ് വർക്കർമാർക്ക് പ്രൊമോഷൻ ലഭിച്ചതിനുശേഷം കൊടുത്തുവരുന്ന ട്രെയിനിംഗ് ആണ്. റൂളിൽ അങ്ങനെയല്ല പറയുന്നത്. പ്രൊമോഷനുമുമ്പ് ട്രെയിനിംഗ് കൊടുക്കണമെന്ന സംഭവമില്ല. കാൻസർ അടക്കമുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്ന malathion പോലുള്ള രാസപദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള സ്പ്രേയിംഗ്, ഫോഗിംഗ് തുടങ്ങിയ ജോലികൾ ചെയ്യുന്ന ഫീൽഡ് വർക്കർമാർക്ക് MPW Training ഇല്ലെന്നതിന്റെ പേരിലാണ് പ്രൊമോഷൻ ലഭിക്കാതെ വരുന്നത്. അതുപോലെ പത്താംക്ലാസ് പാസ്സായി അഞ്ച് വർഷം സർവ്വീസുള്ള ഫീൽഡ് വർക്കർമാർക്ക് പ്രൊമോഷൻ നൽകുന്നതിന് ചട്ടം 4-ന്റെ പട്ടികയിൽ ഒന്നാംകോളം 4 (A)-യിലുൾപ്പെടുന്ന Field

Assistant/Insect Collector എന്ന തസ്തികയുടെ പ്രവൃത്തിപരിചയം വ്യവസ്ഥ ചെയ്യുന്ന 3-ാം കോളത്തിലെ ക്രമ നമ്പർ 4-ലെ കുറിപ്പിൽ SSLC എന്നതിനുശേഷം "with Multi Purpose Workers Training/Health Inspector Course/Sanitary Inspector Course" എന്നീ വാക്കുകൾ ഒഴിവാക്കി ചട്ടം ഭേദഗതി ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. റൂൾ ഉണ്ടാക്കിയ സമയത്താണ് ആവശ്യമില്ലാതെ പ്ലസ് ടു യോഗ്യത ചേർത്തത്. അതുകൊണ്ട് ഗവൺമെന്റ് ഉദ്ദേശിച്ച പ്രൊമോഷൻ കൊടുക്കാൻ കഴിയാതെ വരും.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരള പബ്ലിക് ഹെൽത്ത് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2017-ൽ ഫ്രെയിം ചെയ്ത സമയത്ത്, ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ, ഫീൽഡ് വർക്കർമാരിൽനിന്നും ഫീൽഡ് അസിസ്റ്റന്റായി പ്രൊമോഷൻ ലഭിക്കാൻ കാത്തുനിൽക്കുന്നവർക്ക് ഒരു സൗകര്യം ഉണ്ടാകണമെന്ന് കരുതി പോസിറ്റീവായാണ് അവർക്ക് ചില ഇളവുകൾ കൊടുക്കാൻ തീരുമാനിച്ചത്. അവർക്ക് ബൈ പ്രൊമോഷനുള്ള സാദ്ധ്യത വളരെ കുറവാണ്. അതുകൊണ്ട് വർഷങ്ങളായി കഠിനമായി ജോലി ചെയ്യുന്ന ഫീൽഡ് വർക്കർമാർക്ക് ഫീൽഡ് അസിസ്റ്റന്റായി പ്രൊമോഷൻ ലഭ്യമാകാൻ വേണ്ടി നിലവിൽ പ്രവർത്തിക്കുന്നവർക്ക് ക്വാളിഫിക്കേഷനിൽ ഒരു ഇളവ് കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായാണ് നോട്ട് ഇതിൽ വന്നിട്ടുള്ളത്. നോട്ടിൽ പിശക് വന്നിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചത്. അത് ശരിയാണ്. ഇളവ് കൊടുക്കാൻ വേണ്ടി നടത്തിയ മാറ്റത്തിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ചില ഭാഗങ്ങൾ കൂടി ചേർന്നുപോയി. Existing Field Workers having 5 years service and SSLC are exempted from passing Plus2/VHSE/Equivalent and Diploma in Health Inspector Course എന്നാണ് യഥാർത്ഥത്തിൽ വേണ്ടത്. അത്രയും വരുമ്പോൾ അവർക്ക് ഉദ്ദേശിച്ച ആനുകൂല്യം ലഭിക്കും. എന്നാൽ നോട്ടിൽ SSLC കഴിഞ്ഞ് "with Multi Purpose Workers Training/Health Inspector Course/Sanitary Inspector Course" എന്ന ഭാഗം കൂടി വന്നിട്ടുണ്ട്. Multi Purpose Training എന്നുപറയുന്നത് പ്രൊമോഷൻ ലഭിച്ചതിനുശേഷം ഫീൽഡ് അസിസ്റ്റന്റിന് കൊടുക്കുന്ന in service training ആണെന്നുള്ളതുകൊണ്ട് ആ ഭാഗം ഒഴിവാക്കുന്നതാണ് നല്ലത്. ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 2, 3 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. ഭേദഗതികൾ കൊണ്ടുവന്ന എം.എൽ.എ. -മാർക്ക് നന്ദി പറയുന്നു.

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി, അങ്ങയുടെ 1-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല. ആവർത്തനം വന്നതുകൊണ്ടാണ് ഒരെണ്ണം ഒഴിവാക്കണമെന്നുപറഞ്ഞത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അത് പ്രധാനപ്പെട്ട ഭേദഗതിയല്ലാത്തതുകൊണ്ടാണ് അംഗീകരിക്കാതിരുന്നത്.

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 2, 3 നമ്പർ ഭേദഗതികളും ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

## VI. അറിയിപ്പ്

### (1) സ്റ്റീഫൻ വില്യം ഹോക്കിംഗിന്റെ നിര്യാണം

മി. സ്പീക്കർ: ഒരു ദുഃഖകരമായ അറിയിപ്പ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിജീവിക്കാനിടയില്ലാത്തവിധം ശാരീരിക പരിമിതികളുണ്ടായിരുന്ന വിഖ്യാതനായ ബ്രിട്ടീഷ് ഭൗതിക ശാസ്ത്രജ്ഞനും പ്രപഞ്ചശാസ്ത്ര സൈദ്ധാന്തികനുമായിരുന്ന സ്റ്റീഫൻ വില്യം ഹോക്കിംഗ് അന്തരിച്ചു. നക്ഷത്രങ്ങൾ നശിക്കുമ്പോൾ രൂപപ്പെടുന്ന തമോഗർത്തങ്ങളെക്കുറിച്ച് ഇന്ന് ലഭ്യമായ ആധികാരിക വിവരങ്ങളിൽ വലിയൊരളവ് അദ്ദേഹത്തിന്റെ സംഭാവനയാണ്. അദ്ദേഹം കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ഗണിതശാസ്ത്ര വിഭാഗത്തിൽ പ്രൊഫസറായിരുന്നു. ആധുനിക പ്രപഞ്ചശാസ്ത്രത്തിന് രൂപം നൽകുന്നതിൽ പ്രമുഖ പങ്കുവഹിച്ച ഭൗതിക ശാസ്ത്രജ്ഞനും പ്രപഞ്ച ഗവേഷകനുമായ സ്റ്റീഫൻ ഹോക്കിംഗ്, ആൽബർട്ട് ഐൻസ്റ്റീനുശേഷം ലോകംകണ്ട ഏറ്റവും പ്രതിഭയുള്ള ശാസ്ത്രജ്ഞനാണ്. മനുഷ്യരുടെ ചിന്തയെ നിരന്തരം മഥിച്ചുകൊണ്ടിരുന്ന പ്രപഞ്ച പ്രഹേളികകൾക്ക് യുക്തിഭദ്രമായ ഉത്തരം നൽകിയ ഹോക്കിംഗ്, ശാസ്ത്രജ്ഞനെന്ന നിലയിലും ശാരീരികമായി അതിജീവിക്കാനിടയില്ലാത്തവിധം പരിമിതികളുള്ള വ്യക്തിയെന്ന നിലയിലും ഒരത്ഭുതമായിരുന്നു. 76-ാം വയസ്സിൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞ അദ്ദേഹത്തിന് കേരള നിയമസഭയുടെ ആദരാഞ്ജലികൾ.

(2) ശ്രീ. കെ. പി. രാമനുണ്ണിയുടെ 'ദൈവത്തിന്റെ പുസ്തക'ത്തെപ്പറ്റി ചർച്ചയും സംവാദവും

മി. സ്പീക്കർ: കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇന്ന് സഭാ സമ്മേളനത്തിനുശേഷം ഒരു ചർച്ചയും സംവാദവും സംഘടിപ്പിച്ചിട്ടുണ്ട്. സാധാരണഗതിയിൽ എപ്പോഴും നടക്കുന്ന നിലയിലുള്ളൊരു സംവാദമല്ല. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ശ്രീ. കെ. പി. രാമനുണ്ണിയുടെ 'ദൈവത്തിന്റെ പുസ്തകമെന്ന' ഗ്രന്ഥത്തെപ്പറ്റിയാണ് സംവാദം സംഘടിപ്പിച്ചിട്ടുള്ളത്. തുടർന്ന് സംഗീതസന്ധ്യയുമുണ്ട്. കാലത്തിന്റെ പുസ്തകമെന്ന് പറയാവുന്ന പ്രശസ്തമായൊരു പുസ്തകമാണത്. നിയമസഭാ സാമാജികരിൽ നിന്ന് മൂന്നുപേർ അതിനെക്കുറിച്ച് സംസാരിക്കുന്നുണ്ട്. അതിന്റെ ക്ഷണക്കത്തുകൾ എല്ലാവർക്കും ലഭ്യമാക്കിയിട്ടുണ്ട്. ഇന്ന് വൈകുന്നേരം 6.00 മണിക്ക് ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ചാണ് പരിപാടി നടക്കുന്നത്. എല്ലാ അംഗങ്ങളെയും ആ സംവാദത്തിലേയ്ക്കും സംഗീതസന്ധ്യയിലേയ്ക്കും തുടർന്നുള്ള അത്താഴ വിരുന്നിലേയ്ക്കും ചെയർ ക്ഷണിക്കുന്നു.

## VII. ധനകാര്യം

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ബഹുമാനപ്പെട്ട തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിക്ക് തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2018-19 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-2019 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2018-2019<br>സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | | | |
|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| XV | പൊതുമരാമത്ത് | 3036,21,27,00 | 2461,65,04,000 | 5497,86,31,000 |
| XL | തുറമുഖങ്ങൾ | 72,47,60,000 | 111,05,50,000 | 183,53,10,000 |

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ഖണ്ഡനോപക്ഷേപങ്ങൾ**

ധനാഭ്യർത്ഥന നമ്പർ XV — പൊതുമരാമത്ത്

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. പി. കെ. ബഷീർ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5497,86,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ കാലതാമസവും വീഴ്ചയും ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5497,86,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5497,86,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റോഡുകൾ മരണക്കെണിയായിട്ടും, അത് പരിഹരിക്കാൻ ഒരു നടപടിയും സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5497,86,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കരാറുകാരുടെ കുടിശ്ശിക നൽകാത്തതിനെ തുടർന്നുണ്ടായതായി പറയപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5497,86,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5497,86,31,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥ അഴിമതികൾ തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചിക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5497,86,31,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ്

ചെയ്യേണ്ടതാണ്(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു.

1. ശ്രീ. അടൂർ പ്രകാശ്

2. ശ്രീ. എം. ഉമ്മർ.

ധനാഭ്യർത്ഥന നമ്പർ XL—തുറമുഖങ്ങൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 183,53,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തുറമുഖ നിർമ്മാണത്തിന് കൂടുതൽ കേന്ദ്ര സഹായം തേടാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 183,53,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖ പദ്ധതി ഇഴഞ്ഞു നീങ്ങുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 183,53,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർപ്രവർത്തനങ്ങളിൽ അനാസ്ഥയുണ്ടായിട്ടുള്ളതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 183,53,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മത്സ്യബന്ധന തുറമുഖങ്ങൾ ഉപയോഗപ്രദമല്ലാതായി മാറുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 183,53,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത്

ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചിക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. സി. മമ്മൂട്ടി : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 183,53,10,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12.00 Noon]

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റോഡുകൾ നന്നാവുകയെന്നതാണ് ഏതൊരു നാടിന്റെയും വികസനക്കുതിപ്പിന് അത്യാന്താപേക്ഷിതമായിട്ടുള്ള ഘടകം. നല്ലതും വീതിയുള്ളതും സഞ്ചാരയോഗ്യമായതുമായ റോഡുകളുണ്ടാവുകയെന്നത് രാജ്യത്തിന്റെ വികസനക്കുതിപ്പിന് അത്യാവശ്യമാണ്. ലോകത്ത് സാമ്പത്തിക പുരോഗതി നേടിയിട്ടുള്ള എല്ലാ രാജ്യങ്ങളും ഏറ്റവുമധികം നിക്ഷേപം നടത്തിയിട്ടുള്ളത് റോഡുകളും പാലങ്ങളും റെയിൽവേകളും നിർമ്മിക്കുന്നതിനാണ്. നമ്മുടെ പി.ഡബ്ല്യു.ഡി. വകുപ്പ് ഇത്തരത്തിൽ ഉണർന്നു പ്രവർത്തിച്ചിട്ടുണ്ടോയെന്ന് ചോദിച്ചാൽ 'ഇല്ല' എന്നാണ് ഉത്തരം. ആ പോരായ്മ പരിഹരിക്കുന്നതിനുള്ള വലിയ ഇടപെടലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന് അഭിമാനപുരസ്സരം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ അദ്ദേഹം ഈ വകുപ്പിൽ നടപ്പാക്കി. അതിലൊന്ന്, അഴിമതി തുടച്ചുനീക്കാനുള്ള ഗൗരവമായ പ്രയത്നത്തിലേർപ്പെട്ടുവെന്നതാണ്. അതിന്റെ ഫലം ആ ഡിപ്പാർട്ടുമെന്റിലാകെ കാണുവാനുണ്ട്. അഴിമതിക്കാരായ ആളുകൾ, ഉദ്യോഗസ്ഥർ, അവർക്ക് കൂട്ടുനിൽക്കുന്ന കോൺട്രാക്ടർമാർ എല്ലാം ഇന്ന് ഭയഭക്തി ബഹുമാനത്തോടുകൂടിയാണ് പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയെ കാണുന്നത്. ശ്രീ. ജി. സുധാകരന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി. വകുപ്പിലെ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രണ്ടാമത്തെ കാര്യം, അദ്ദേഹം ഫണ്ടിന്റെ വിനിയോഗം നീതിപൂർവ്വം നടത്തിയെന്നുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഫണ്ട് വിതരണത്തിലെ ക്രമക്കേടുകളുടെ ഗതികേട് അനുഭവിച്ചവരാണ് അന്ന് പ്രതിപക്ഷത്തുണ്ടായിരുന്ന ഞങ്ങളെല്ലാവരും. യു.ഡി.എഫ്. എം.എൽ.എ.-മാർക്ക് കൂടുതൽ ഫണ്ട് കൊടുക്കുക, ഫണ്ടുകളെല്ലാം ഭരണകക്ഷി മന്ത്രിമാരുടെ

മണ്ഡലത്തിലേയ്ക്ക് പോകുക, അതിൽത്തന്നെ പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയുടെ പാർട്ടിക്കാരായ എം.എൽ.എ.-മാർക്ക് കൂടുതൽ ഫണ്ട് കിട്ടുക എന്നതെല്ലാം ഒരു സാധാരണ നടപടിക്രമംപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്നിരുന്ന കാര്യമാണ്. ഇതിനെക്കുറിച്ചൊക്കെ എത്രതവണ പരാതിപ്പെട്ടിട്ടും ഏതെങ്കിലും തരത്തിൽ അതിന് പരിഹാരമുണ്ടാക്കാനുള്ള നടപടി അന്നത്തെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായില്ല. ജനാധിപത്യ സംവിധാനത്തിൽ എങ്ങനെ നീതിപൂർവ്വകമായി ഫണ്ട് വിനിയോഗം നടത്താമെന്നതിന്റെ ഉത്തമ മാതൃകയാണ് ശ്രീ. ജി. സുധാകരൻ കാണിച്ചതെന്ന് ഈ സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് ഇവിടെ പറഞ്ഞത് നൂറ് ശതമാനം സത്യമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ജനാധിപത്യ മര്യാദയനുസരിച്ച് ഫണ്ട് തുല്യമായി കൊടുക്കുന്നതിൽ ഞാൻ മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഞാൻ അതിനെ നൂറ് ശതമാനം അംഗീകരിക്കുന്നു. പക്ഷെ അതിനെ എങ്ങനെയാണ് സോഷ്യലിസമെന്ന് പറയാൻ കഴിയുന്നത്? കഴിഞ്ഞ അഞ്ച് വർഷക്കാലം ചിലർക്ക് മാത്രമായി പണം കൊടുത്തിട്ട് ഇപ്പോൾ എല്ലാപേർക്കും തുല്യമായി കൊടുത്താൽ അതെങ്ങനെ സോഷ്യലിസമാകും? അതെന്ത് സോഷ്യലിസമാണ്? എനിക്ക് മനസ്സിലായില്ലല്ലോ. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ശ്രീ. കെ. സുരേഷ് കുറുപ്പ് ആവശ്യപ്പെടേണ്ടത് അത് കോമ്പൻസേറ്റ് ചെയ്തുകൊടുക്കണമെന്നാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ - ശ്രീ. വി. പി. സജീന്ദ്രൻ]

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അദ്ദേഹത്തിന്റെ നീതിബോധത്തെ ചോദ്യം ചെയ്യാൻ ഞാനാളല്ല. കഴിഞ്ഞ ഗവൺമെന്റ് കാണിച്ച ഗുരുതരമായ തെറ്റ് ജനാധിപത്യ സംവിധാനത്തിന് ചേരുന്ന രീതിയിൽ തിരുത്തി എന്നുള്ളതാണ് പി.ഡബ്ല്യു.ഡി. വകുപ്പിന് നേതൃത്വം കൊടുത്തുകൊണ്ട് അദ്ദേഹം ചെയ്ത മാതൃകാപരമായ കാര്യം. അതിനെക്കുറിച്ച് ഞങ്ങൾക്കെല്ലാം പരാതിയുണ്ട്, ഇല്ലെന്നല്ല ഞാൻ പറഞ്ഞത്. അങ്ങ് പറഞ്ഞതുപോലെ ഇത് അങ്ങനെ കൊടുക്കേണ്ടതുണ്ടോ എന്നെല്ലാം ചോദിക്കുന്ന ആളുകളുണ്ട്. പക്ഷെ ഒരു മന്ത്രി എന്നുള്ള നിലയിൽ തന്റെ വകുപ്പിൽ എങ്ങനെ നീതി നടപ്പാക്കാം, ഫണ്ടിന്റെ വിനിയോഗം എങ്ങനെ സുതാര്യമാക്കാം എന്നാണ് അദ്ദേഹം നോക്കിയത്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാന്യനായ പി. സി. ജോർജ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊടുത്ത പണം സംബന്ധിച്ച് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും കൂടുതൽ പണം നേടിയെടുത്തയാൾ

ശ്രീ. പി. സി. ജോർജാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അത് അദ്ദേഹത്തിന്റെ കഴിവ് എന്നല്ലാതെ എന്തുപറയാനാണ്? മറ്റൊന്ന്, ഏറ്റവും വൃത്തിഹീനമായി കിടക്കുന്ന എന്ത് തോന്ന്യാസവും നടക്കാവുന്ന ഒരു സ്ഥലമെന്നാണ് പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകൾ അറിയപ്പെട്ടിരുന്നത്. ഇന്ന് റെസ്റ്റ് ഹൗസുകൾ മാന്യമായി കുടുംബത്തോടൊപ്പം പോയി താമസിക്കാവുന്ന സ്ഥലങ്ങളായി മാറിയിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, ഒരു ജില്ലയിലെ പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിൽ ഒരു മന്ത്രി സ്ഥിരമായി ഒരു റൂം കയ്യടക്കി വച്ചിരുന്നു. അത് വകുപ്പുമന്ത്രി ഇടപെട്ട് ഒഴിപ്പിച്ചുവെന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അങ്ങനെ തന്റെ വകുപ്പിന്റെ കീഴിലുള്ള ഈജിയൻ തൊഴുത്തുകളെല്ലാം അദ്ദേഹം വൃത്തിയാക്കിക്കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ നയസമീപനമനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ അഴിമതിയില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾക്ക് അദ്ദേഹം തുടക്കം കുറിച്ചുകഴിഞ്ഞു. അതിന്റെ ഫലം കേരളത്തിലുടനീളം കാണുന്നുമുണ്ട്. അദ്ദേഹം ഒരു പുതിയ മുദ്രാവാക്യം വകുപ്പിന് നൽകി; 'പുതിയ കാലം പുതിയ നിർമ്മാണം' എന്നത് പൊതുമരാമത്ത് വകുപ്പിന്റെ മുദ്രാവാക്യമായി മാറിക്കഴിഞ്ഞു. അദ്ദേഹം ഇതിനുമുമ്പ് ഒരിക്കൽ പറഞ്ഞതുപോലെ, മോർച്ചറിയും ആർട്സ് കോളേജും ഒരേ രീതിയിൽ ഡിസൈൻ ചെയ്തുകൊണ്ടിരുന്ന പി.ഡബ്ല്യൂ.ഡി. വകുപ്പിലെ ഡിസൈൻ എഞ്ചിനീയർമാരോട് അങ്ങനെയല്ല ചെയ്യേണ്ടതെന്നും ഏറ്റവും ആധുനികമായും ഓരോ ആവശ്യത്തിനും ഉതകുന്നതുമായ രീതിയിൽ കെട്ടിടങ്ങളുടെ രൂപകല്പന നടത്തണമെന്നും പറയാനും അതനുസരിച്ച് നടപടിയെടുക്കാനും അദ്ദേഹം തയ്യാറായി. ഡിസൈൻ എഞ്ചിനീയർമാർക്ക് പ്രത്യേക ട്രെയിനിംഗ് കോഴ്സുകൾ കൊടുത്തു, ഇനിയും അത് കൊടുക്കാനുദ്ദേശിക്കുന്നുണ്ട്. അവർക്കുവേണ്ടി ആധുനിക രീതിയിലുള്ള കെട്ടിട നിർമ്മാണം സംബന്ധിച്ചുള്ള പഠനങ്ങൾ നടത്തി. ഇതിനുമുമ്പ് ഈ വകുപ്പിൽ ഇത്തരം പഠനങ്ങൾ നടന്നിട്ടുണ്ടോ? ഏതെങ്കിലുമൊരു എഞ്ചിനീയറെ വകുപ്പിലെടുത്താൽ എപ്പോഴെങ്കിലും ഏതെങ്കിലും തരത്തിലുള്ള ട്രെയിനിംഗിന് അവർ വിധേയരാകുന്ന സ്ഥിതി പി.ഡബ്ല്യൂ.ഡി. വകുപ്പിലുണ്ടായിരുന്നില്ല. അതിനാണ് അദ്ദേഹം മാറ്റംകുറിച്ചത്. അതിനുവേണ്ടി ഈ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച എഞ്ചിനീയർമാരെയടക്കം കൊണ്ടുവന്ന് അദ്ദേഹം അവസരമൊരുക്കിക്കൊടുത്തു. അങ്ങനെ പി.ഡബ്ല്യൂ.ഡി. വകുപ്പിന്റെ കെട്ടിടങ്ങൾ ഏറ്റവും നല്ല രീതിയിലും ഭംഗിയായും, ഭംഗി എന്നത് വാസ്തുശില്പത്തിലെ

പ്രധാനപ്പെട്ട കാര്യമാണ്, നിർമ്മിക്കാൻ തുടങ്ങി. ഭംഗിയായി വാസയോഗ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതെങ്ങനെയെന്ന് പി.ഡബ്ല്യു.ഡി.-ക്ക് അറിയില്ലായിരുന്നു. അതുസംബന്ധിച്ച് പുതിയ ദിശാബോധം കൊടുക്കാൻ ഈ വകുപ്പിനും വകുപ്പിന് നേതൃത്വം കൊടുക്കുന്ന മന്ത്രിക്കും കഴിഞ്ഞുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. പ്രധാനപ്പെട്ട ഒരു പ്രശ്നമായ പ്ലാസ്റ്റിക് വേസ്റ്റ് ഉപയോഗിച്ച് ദൃഢമേറിയ റോഡുകൾ നിർമ്മിക്കാമെന്ന് അദ്ദേഹം മനസ്സിലാക്കുകയും അതിന് പ്രായോഗികമായ രൂപം കൊടുക്കുകയും തിരുവനന്തപുരത്തെ പെരുങ്കടവിള-മാരായമുട്ടം-പാലിയോട് റോഡ് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുകയും ചെയ്തു. ആ റോഡ് ഏറ്റവും നല്ല രീതിയിൽ പോകുകയാണ്. ആ രീതി മറ്റ് റോഡുകളുടെ നിർമ്മാണത്തിലും ഉപയോഗിക്കാൻ പോകുന്നുവെന്ന് അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ റബ്ബറൈസ്ഡ് റോഡുകൾ വ്യാപകമായിത്തന്നെ പല സ്ഥലത്തും ഉപയോഗിക്കാൻ അദ്ദേഹം തീരുമാനിച്ചിട്ടുണ്ട്. പാതിരപ്പള്ളി-പുറക്കാട് റോഡ് അത്തരത്തിൽ നിർമ്മിച്ചിട്ടുണ്ട്. അതുപോലെ ജർമ്മൻ നിർമ്മിത ആധുനിക യന്ത്രമുപയോഗിച്ച്, കോൾഡ്-ഇൻ-പ്ലേസ്-റീസൈക്ലിംഗ് ഇന്ത്യയിൽത്തന്നെ നാലാമതായാണ് ഈ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം നടത്തുന്നത്. അത് പൊല്യൂഷൻ കുറയ്ക്കുന്നതും പരിസ്ഥിതി സൗഹാർദ്ദപരമായി റോഡിന്റെ നിർമ്മാണം നടത്തുന്നതുമാണ്. ഇത് വേസ്റ്റ് ഉണ്ടാകാതെ റോഡ് നിർമ്മാണം നടത്താൻ ഉപകരിക്കുന്നതാണ് എന്നുള്ളത് ഇതിനകം വ്യക്തമായിട്ടുണ്ട്. അതും ഈ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുമെന്ന് അദ്ദേഹം തെളിയിച്ചു.

അതുപോലെ ഏറ്റവും വേഗത്തിൽ കാര്യങ്ങൾ നടത്തുന്നതിനുള്ള ഒരു ശ്രമം പി.ഡബ്ല്യു.ഡി.-യുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. അതാണ് കൊട്ടാരക്കരയിലെ ഏനാത്ത് പാലം സമയബന്ധിതമായി വേഗത്തിൽ പുനർ നിർമ്മിക്കുന്നതിന് കഴിഞ്ഞത്. ഈ ഗവൺമെന്റ് പ്രഖ്യാപിച്ച സുപ്രധാനമായ രണ്ട് റോഡുകളുടെ നിർമ്മാണം തുടങ്ങാൻ പോകുകയാണ്. 6500 കോടി രൂപ മുതൽമുടക്കുള്ള തീരദേശ ഹൈവേയുടെയും 3500 കോടി രൂപ മുതൽമുടക്കുള്ള മലയോര ഹൈവേയുടെയും നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണം തുടങ്ങാനിരിക്കുകയാണ്. കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന, ദീർഘകാലമായി കേരള ജനത ആഗ്രഹിച്ചിരുന്ന രണ്ട് പ്രധാനപ്പെട്ട റോഡുകളുടെ നിർമ്മാണം പൂർത്തിയാകുകയാണ്. അതുപോലെ സുപ്രധാനമായ മറ്റൊരു കാര്യം സോഷ്യൽ ഓഡിറ്റ് സംവിധാനം ഡിപ്പാർട്ട്മെന്റിൽ നടപ്പാക്കാൻ തീരുമാനിച്ചു എന്നുള്ളതാണ്. നിർമ്മിക്കുന്ന റോഡുകളെ സംബന്ധിച്ച അവലോകനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ നടത്താനും ജനങ്ങളുടെ പരാതികൾ

കേൾക്കാനും അതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കുഴപ്പങ്ങളുണ്ടെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾക്ക് ശിപാർശ ചെയ്യാനും അധികാരം കൊടുത്തിട്ടുള്ള ജനകീയ സമിതികൾ, ജനകീയ ഓഡിറ്റ് എന്നിവ പി.ഡബ്ല്യു.ഡി. വകുപ്പിൽ നടപ്പാക്കി. ഇതൊന്നും ഇതിനുമുമ്പ് ഒരു ഗവൺമെന്റോ മന്ത്രിയോ സങ്കല്പിക്കുകപോലും ചെയ്തിട്ടില്ലാത്ത കാര്യങ്ങളാണ്; അല്ലെങ്കിൽ നടപ്പിലാക്കാൻ താല്പര്യമില്ലാതിരുന്ന കാര്യങ്ങളാണ്. 'കാട്ടിലെ തടി തേവരുടെ ആന' എന്ന മട്ടിൽ അഴിമതി നടത്താനുള്ള ഒരു വകുപ്പാണിതെന്ന രീതിയിൽ കൊണ്ടുനടന്നിരുന്നതിന് വിരുദ്ധമായി അഴിമതി തുടച്ചുനീക്കിക്കൊണ്ട്, അഴിമതി തടയാനുള്ള ഗൗരവമായ നടപടികളെടുത്തുകൊണ്ടാണ് ഈ വകുപ്പിന് മന്ത്രി നേതൃത്വം കൊടുക്കുന്നത്. സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങൾക്കനുസൃതമായി അതിന് പ്രായോഗികമായ രൂപം കൊടുത്തുകൊണ്ടാണ് ഈ വകുപ്പിൽ കാര്യങ്ങൾ നടപ്പിലാക്കുന്നത് എന്നുള്ളത് അഭിമാനപുരസ്സരം സഭയുടെ മുന്നിൽ ഞങ്ങൾ പറയുകയാണ്. അതുപോലെ 2017-18-ൽ 8185 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബി വഴി പ്രഖ്യാപിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ 5600 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്തിരുന്നു. ഇത് കേരളത്തിലെ എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിലുള്ള പ്രവൃത്തികളാണ്. കിഫ്ബി പദ്ധതി തുടങ്ങിയില്ലെന്ന് പറയുന്നു. ഒരു പദ്ധതി ഇന്ന് പ്രഖ്യാപിച്ച് നാളെ തുടങ്ങാൻ സാധിക്കുമോ; ഒരു പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം പ്രൊസീഡ്യുവറുണ്ട്. അങ്ങനെ ഈ കാര്യങ്ങളെല്ലാം ചാനലൈസ് ചെയ്ത് കൃത്യമായ നടപടിക്രമങ്ങളിലൂടെ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അഞ്ച് വർഷം തികയുന്നതിനുമുമ്പ് ആ പദ്ധതികളെല്ലാം നടപ്പിലാക്കുകയും പൂർത്തിയാക്കുകയും ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെ ബലക്ഷയമുള്ള പാലങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും അത് നന്നാക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്തു. ഈ സർക്കാർ അധികാരമേറ്റശേഷം ജനങ്ങൾക്ക് പരാതിയുള്ള പത്ത് പാലങ്ങളുടെ ടോൾ പിരിവ് നിർത്തലാക്കി. ബാക്കി കാര്യങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ തന്നെ ദീർഘകാലമായി മുടങ്ങിക്കിടന്നിരുന്ന എറണാകുളം ജില്ലയിലെ ഇടപ്പള്ളി-പാലാരിവട്ടം ഫ്ലൈ ഓവറുകൾ, ഏറ്റുർ റെയിൽവേ മേൽപ്പാലം, കോഴിക്കോട് പന്നിയങ്കര റെയിൽവേ മേൽപ്പാലം ഇതെല്ലാം ഈ കാലയളവിൽ പൂർത്തിയാക്കി. ഇത് നിസ്സാരമായ കാര്യമല്ല. വളരെക്കാലമായി മുടങ്ങിക്കിടന്നിരുന്ന ആലപ്പുഴ-

കൊല്ലം ബൈപ്പാസിന്റെ പണികൾ പുനരാരംഭിച്ചു. അമ്പലപ്പുഴ-തിരുവല്ല റോഡ് ഏറ്റവും നല്ല രീതിയിൽ മാതൃകാ റോഡായി നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതികളെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത നയത്തിനനുസൃതമായി കേരളത്തിലെ ജനങ്ങളോട് കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ സമയത്ത് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടാണ് ഈ വകുപ്പ് നടപ്പാക്കുന്നത് എന്നതാണ് ഏറ്റവും അഭിമാനകരമായ കാര്യം. അക്കാര്യത്തിൽ ശ്രീ. ജി. സുധാകരനെ സഭയിലെ എല്ലാ അംഗങ്ങൾക്കുവേണ്ടിയും അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇടതുപക്ഷങ്ങൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ സമീപനത്തിന്റെ പ്രതിരൂപമാണ് ഈ ഗവൺമെന്റ്. അഴിമതിരഹിതമായ, ജനങ്ങളെ അവരുടെ പ്രതിസന്ധികളിൽ സഹായിക്കുന്ന, അവരോടൊപ്പം നിൽക്കുന്ന ഗവൺമെന്റാണ്.

<u>മി. ചെയർമാൻ</u>: അങ്ങ് പാർലമെന്റ് അംഗമായിരുന്ന ആളാണ്. അങ്ങേയ്ക്ക് സമയത്തിന്റെ വിലയറിയാം. പ്ലീസ്... കൺക്ലൂഡ്...

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, എനിക്ക് കുറച്ചുകൂടി സമയം അനുവദിക്കണം. രണ്ട് മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. സി.പി.ഐ.(എം) മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ നയസമീപനത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് മഹാരാഷ്ട്രയിൽ നടന്ന കർഷക പ്രക്ഷോഭം. ജനങ്ങളുടെ പ്രശ്നങ്ങളേറ്റെടുത്തുകൊണ്ട് നടത്തിയ ഈ പ്രക്ഷോഭത്തിലേക്ക് അണിചേരാൻ സി.പി.ഐ.(എം)-നെ രാഷ്ട്രീയത്തിൽ എതിർക്കുന്ന ശക്തികൾപോലും രംഗത്ത് വരേണ്ടിവന്നു. ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട നീറുന്ന പ്രശ്നം ഗവൺമെന്റിനുമുന്നിൽ കൊണ്ടുവരികയും ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാൻവേണ്ടി നടത്തിയ വലിയ പ്രക്ഷോഭം കണ്ട് മാറിനിൽക്കാൻ ശിവസേനയ്ക്കോ കോൺഗ്രസിനോ കഴിഞ്ഞില്ലെന്നതാണ് ഇന്ത്യൻ രാഷ്ട്രീയത്തിൽ സി.പി.ഐ.(എം) ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ നിലപാടുകളുടെ വ്യക്തത. ഇങ്ങനെയുള്ള ഒരു പാർട്ടിയുടെ നേതാക്കൻമാരെ, രക്തസാക്ഷികളെ അപമാനിക്കുന്ന രീതിയിലുള്ള കാര്യങ്ങളാണ് അവിടെയുള്ള കുറെ ആൾക്കാർ ഗവേഷണം നടത്തി ചെയ്യുന്നത്. സഖാവ് എ.കെ.ജി.യെ അപമാനിക്കുന്ന നിലപാട് ഒരു അംഗം സ്വീകരിച്ചു. ഞാൻ വളരെയധികം സ്നേഹിക്കുന്ന ശ്രീ. പി. ടി. തോമസ് ജനസംഘക്കാർ കൊലപ്പെടുത്തിയ സഖാവ് യു. കെ. കുഞ്ഞിരാമൻ ഷാപ്പിൽ നടന്ന അടിപിടിയുടെ പേരിലാണ് കൊല്ലപ്പെട്ടത് എന്നുപറയാനുള്ള ധിക്കാരം ഈ സഭയിൽ കാണിച്ചില്ലേ? തലശ്ശേരി കലാപത്തെത്തുടർന്ന്...

മി. ചെയർമാൻ:പ്ലീസ് ... കൺക്ലൂഡ്..

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഒരു മിനിട്ട്. അങ്ങയെപ്പോലൊരാൾ ചെയറിലിരുന്ന് എന്നോടിത് കാണിക്കരുത്. വേഗം തീർക്കാം. സഖാവ് യു. കെ. കുഞ്ഞിരാമൻ കൊല്ലപ്പെട്ടതിനുശേഷം നടന്ന അദ്ദേഹത്തിന്റെ ശവസംസ്കാരത്തെ കുറിച്ചുള്ള റിപ്പോർട്ട് ഞാൻ വായിക്കാം. " ജനസംഘം പ്രവർത്തകർ കൊലപ്പെടുത്തിയ സഖാവ് യു. കെ. കുഞ്ഞിരാമന്റെ മൃതദേഹം ആയിരക്കണക്കിന് ജനങ്ങളുടെ അകമ്പടിയോടെ സഖാവിന്റെ നീർവേലിയിലുള്ള വസതിക്കു സമീപം സംസ്കരിച്ചിരിക്കുന്നു. ശവമഞ്ചം വഹിച്ച വാഹനത്തിനുമുന്നിൽ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ജോയിന്റ് സെക്രട്ടറി സഖാവ് ഇ. കെ. നായനാർ, സെക്രട്ടറിയേറ്റ് മെമ്പർ സഖാവ് പുത്തലത്ത് മാധവൻ, ജില്ലാ സെക്രട്ടറി സഖാവ് എം. വി. രാഘവൻ, സഖാക്കൾ ഒ. ഭരതൻ, പാട്യം ഗോപാലൻ, പിണറായി വിജയൻ എന്നിവരും നൂറ് കണക്കിന് പ്രവർത്തകരും മൗനജാഥയായി മുന്നോട്ടുനീങ്ങി. ഓഫീസിനുമുന്നിൽ.........(മൈക്ക് ഓഫ്)..........

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാന്യരായ പൊതുമരാമത്തു വകുപ്പുമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല. മന്ത്രിയുടെ കൈകൾ കെട്ടിവരിഞ്ഞിരിക്കുകയാണ്. ധനകാര്യ വകുപ്പ് പണം ചെലവഴിക്കാൻ അനുവദിക്കുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച കിഫ്ബി 50,000 കോടി രൂപ ചെലവഴിക്കുമെന്നാണ് ഇവിടെ അദ്ദേഹം പ്രഖ്യാപിച്ചത്. എന്ത് ചെയ്തുവെന്ന് അങ്ങേയ്ക്കറിയാമോ? അങ്ങയുടെ വകുപ്പിലും കുറെയേറെ പണികൾ ചെയ്യുന്നുണ്ടെന്നും കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പറയുന്നുണ്ട്. ഇത് രണ്ടുവർഷമായി ഞങ്ങൾ കേൾക്കുകയാണ്. അങ്ങേയ്ക്ക് ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും അറിയാമോയെന്ന സംശയമുള്ളതുകൊണ്ടാണ് ചോദിച്ചത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ മൂന്നാമത്തെ ബഡ്ജറ്റാണിത്. പൊതുമരാമത്തുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള എത്ര പണികൾ നടത്താൻ കഴിഞ്ഞു? ബഹുമാന്യനായ ശ്രീ. സുരേഷ് കുറുപ്പ് തന്നെ പറഞ്ഞു, 2017-18 കാലഘട്ടത്തിൽ 8185 കോടി രൂപയുടെ പണികൾ ആരംഭിച്ചു. 2016-17 കാലഘട്ടത്തിൽ തുടങ്ങിയ പണികൾ പൂർത്തീകരിച്ചുകാണുമെന്നാണ് അദ്ദേഹം പറഞ്ഞത്. കേരളത്തിലെ കാര്യമാണോ അദ്ദേഹം പറഞ്ഞതെന്ന് എനിക്ക് സംശയമുള്ളതുകൊണ്ടാണ് എടുത്തുപറഞ്ഞത്. പൊതുമരാമത്തുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പറഞ്ഞ ഒരു പണിയും നടക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ ബഡ്ജറ്റിൽ ചില

വർക്കുകൾ പറഞ്ഞിരുന്നു. ഒരു വർക്കുപോലും ഇതുവരെയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. അതിനുവേണ്ട ഒരു നടപടിയുമെടുക്കുന്നില്ല. 2006-2011 കാലഘട്ടത്തിൽ എൽ.ഡി.എഫ്. ഭരണമായിരുന്നു. ആ കാലഘട്ടത്തിലും ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് തന്നെയായിരുന്നു. അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് 15 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള അനുമതി എല്ലാ എം.എൽ.എ.-മാർക്കും കൊടുക്കുമെന്ന് സഭയിൽ പറഞ്ഞു,. 15 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബഡ്ജറ്റിൽ 100 രൂപയെങ്കിലും ടോക്കൺ പ്രൊവിഷൻ ഉണ്ടായാൽ മതി. ടോക്കൺ പ്രൊവിഷനുണ്ടെങ്കിൽ അനുമതി കൊടുക്കുമെന്ന് പറഞ്ഞു. ഞങ്ങളെല്ലാവരും ആവേശത്തോടുകൂടി എഴുതിക്കൊടുക്കുക മാത്രമല്ല അതിനുവേണ്ട എല്ലാ പ്രൊപ്പോസലുകളും ഉദ്യോഗസ്ഥരെക്കൊണ്ട് അയപ്പിച്ചു. എന്നാൽ അത് തുടങ്ങാൻ കഴിഞ്ഞത് യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം മാത്രമാണ്. അപ്പുറത്തിരിക്കുന്ന എൽ.ഡി.എഫ്. അംഗങ്ങൾക്ക് കിട്ടിയിട്ടുണ്ടാകാം, ഞാൻ കുറ്റപ്പെടുത്തുകയല്ല, അങ്ങനെ നിർഭാഗ്യകരമായ സംഭവം ഇവിടെയുണ്ടായിട്ടുണ്ട്. കിഫ്ബിയുടെ സ്ഥിതിയും ഇതുപോലെയാകുമെന്നാണ് എന്റെ അഭിപ്രായം. കിഫ്ബിയുടെ അഡ്മിനിസ്ട്രേഷന്റെ ചുമതല ആർക്കൊക്കെയാണ്? റിട്ടയർ ചെയ്ത കുറെ ഉദ്യോഗസ്ഥരാണ് കാര്യങ്ങളെല്ലാം നോക്കുന്നത്. ശമ്പളത്തെക്കുറിച്ച് പറഞ്ഞാൽ ഞെട്ടിപ്പോകും. അങ്ങ് അറിഞ്ഞിട്ടുണ്ടാകുമെന്ന് കരുതുന്നില്ല. രണ്ടര ലക്ഷം രൂപയും ഒരോ വർഷം 10% വർദ്ധിപ്പിച്ച നൽകുന്നതിനുമുള്ള തീരുമാനവുമാണെടുത്തിട്ടുള്ളത്. പല പണികൾക്കും ഡി.പി.ആർ. തയ്യാറാക്കി നൽകണം. ആരാണ് നൽകേണ്ടത്? പി.ഡബ്ല്യു.ഡി. നൽകുന്ന ഡി.പി.ആർ. പലതും കിഫ്ബി അംഗീകരിക്കുന്നില്ല. ഇതിന്റെ പൂർണ്ണ ചുമതല പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്നാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്. അങ്ങ് മാത്രം വിചാരിച്ചാൽ നടക്കുമോയെന്നറിയില്ല. എങ്കിലും പ്രൊപ്പോസൽ എന്ന നിലയിൽ പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള ഏതൊക്കെ കാര്യങ്ങൾ നടന്നു, ഏതൊക്കെ നടന്നില്ല എന്ന് അങ്ങ് പരിശോധിക്കണം. അങ്ങ് എല്ലാ എം.എൽ.എ.-മാരോടും കുറെയൊക്കെ നീതി പുലർത്തുന്നുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. വർക്ക് ആരംഭിക്കുന്നതിന് എം.എൽ.എ.-മാർ പ്രൊപ്പോസൽ കൊടുക്കാൻ പറഞ്ഞതനുസരിച്ച് എം.എൽ.എ.-മാർ പ്രൊപ്പോസൽ കൊടുത്തു. 2017-18 സാമ്പത്തിക വർഷം 10 കോടി രൂപയുടെ പ്രൊപ്പോസൽ നൽകാൻ അങ്ങ് പറഞ്ഞു. പ്രൊപ്പോസൽ കൊടുത്തു. 29-02-2017-ന് ചീഫ് എഞ്ചിനീയർ പ്രിൻസിപ്പൽ സെക്രട്ടറിക്ക് പ്രൊപ്പോസൽ അയച്ചു കൊടുത്തു. പ്രിൻസിപ്പൽ സെക്രട്ടറി ഫിനാൻസ് സെക്രട്ടറിക്ക് അയച്ചുകൊടുത്തു. ഇപ്പോൾ അതിനെപ്പറ്റി അന്വേഷിച്ചാൽ ഏത് വർക്ക്, എന്ത് വർക്ക്, എവിടെ

നിന്നുകിട്ടിയെന്ന് ചോദിക്കുന്ന ഒരു സ്ഥിതി നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകേണ്ടേ? 2017-18 സാമ്പത്തികവർഷം പൂർത്തിയാകാൻ ഇനി 15 ദിവസം മാത്രമാണ് ബാക്കിയുള്ളത്. കിഫ്ബിയെക്കുറിച്ച് വാചാലതയോടെ പറയുന്നു. ഇന്നിപ്പോൾ നടക്കുന്നതെന്താണ്? 'മലയോര-തീരദേശ പാതകൾക്ക് കിഫ്ബി വക സൂപ്പർ പാര' - കേരള കൗമുദി പത്രത്തിൽ വന്ന വാർത്തയാണ്. പി.ഡബ്ല്യു.ഡി. ഡിവിഷനുകൾ കുറയ്ക്കുന്നു. അതിനുള്ള പ്രൊപ്പോസൽ വന്നത് കിഫ്ബിയിൽ നിന്ന്. അതുകൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുടിശ്ശിക - 1000 കോടി രൂപയോളം കുടിശ്ശിക കൊടുക്കാനുണ്ടെന്നാണ് പറയുന്നത്. 'കുടിശ്ശിക 73 കോടി, ടാർ കിട്ടാത്തതുകൊണ്ട് റോഡ് നിർമ്മാണത്തിന് തിരിച്ചടി'. ഇതും കേരള കൗമുദി പത്രത്തിൽ വന്ന വാർത്തയാണ്. 'മന്ത്രിക്ക് പാലം വലിച്ച് കരാറുകാർ, നടുവൊടിഞ്ഞ് ജനം', ദേശാഭിമാനി പത്രത്തിൽ വന്നിരിക്കുന്ന വാർത്തയാണിത്. ഇത് അങ്ങയുടെ കാലഘട്ടത്തിൽ നടക്കുന്ന കാര്യങ്ങളാണ്. നിർമ്മാണം വൈകാതിരിക്കുവാൻ മരാമത്ത് വകുപ്പിൽ കൂടുതൽ ജീവനക്കാരെ വേണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും ഒരാളെയെങ്കിലും നേടിയെടുക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞോ? ഈ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം വൈകി മുന്നോട്ടുപോകുമ്പോൾ ഇക്കാര്യങ്ങളിലെല്ലാം ചില തീരുമാനങ്ങളെടുക്കേണ്ടതായിട്ടുണ്ട്.

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കുന്നു. പുനലൂർ-മൂവാറ്റുപുഴ റോഡ് പണിക്ക് ആരംഭംകുറിക്കണം. കെ.എസ്.ടി.പി. പദ്ധതിയിലുൾപ്പെടുത്തി പണികൾ ആരംഭിക്കാനാണ് തീരുമാനമെടുത്തിരുന്നത്. പുനലൂർ, പത്തനാപുരം, കോന്നി, റാന്നി തുടങ്ങിയ നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ഒരു റോഡാണത്. അതിന്റെ അക്വിസിഷൻ നടപടികൾ ഏതാണ്ട് 95 ശതമാനത്തിലധികം പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. എപ്പോൾ അതിന്റെ പണി തുടങ്ങാൻ കഴിയുമെന്ന് അങ്ങ് ഈ സഭയിൽ അറിയിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. പല ഘട്ടങ്ങളിലും ടെണ്ടർ ചെയ്തുവെന്ന് അങ്ങുതന്നെ ഈ സഭയിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. ഇതിന്റെ ആദ്യഘട്ടത്തിൽ, ഞങ്ങളുടെ സമയത്ത് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവന്ന അവസരത്തിൽ ഒരാൾ മാത്രമാണ് ടെണ്ടർ ക്വാട്ട് ചെയ്തത്. അതുകൊണ്ട് അയാൾക്ക് കൊടുക്കാൻ കഴിഞ്ഞില്ല. പിന്നീട് എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം എന്തെങ്കിലും നടപടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? രണ്ടുവർഷക്കാലം പൂർത്തീകരിക്കാൻ ഇനി ഏതാനും ദിവസങ്ങൾ മാത്രമാണുള്ളത്, ഇതിന്റെ പണി എന്നത്തേയ്ക്ക് തുടങ്ങാനാകും. കോന്നിയിലെ ബൈപ്പാസിന്റെ കാര്യം ഞാൻ ഈ സഭയിൽ തന്നെ സബ്മിഷനായി അവതരിപ്പിച്ചിട്ടുള്ളതാണ്. 11-2-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം അഞ്ച് കോടി രൂപ അനുവദിച്ചിരുന്നു.

2015-ൽ അതിന്റെ സർവ്വേ നടപടികളൊക്കെ പൂർത്തീകരിച്ച് അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്തിരുന്നു. ഇവിടെ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ അങ്ങ് നൽകിയ മറുപടി എന്റെ കൈവശമുണ്ട്. കഴിഞ്ഞ രണ്ട് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് ഇക്കാര്യം അങ്ങേയ്ക്ക് എഴുതിത്തന്നിരുന്നു. അങ്ങ് ശിപാർശ ചെയ്ത കത്ത് ധനകാര്യ വകുപ്പുമന്ത്രിക്ക് നൽകിയപ്പോൾ ആ കത്ത് വലിച്ചെറിയുന്നതാണ് എനിക്ക് കാണാൻ കഴിഞ്ഞത്. ഇന്ന് അതിന്റെ സ്ഥിതി വളരെ അധോഗതിയിലാണ്. എല്ലാവരോടും നീതി പുലർത്തുമെന്ന് പറയുന്നതുകൊണ്ടാണ് ഞാൻ ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത്. അങ്ങ് നൽകിയ മറുപടിയിൽ ഡി.പി.ആർ. തയ്യാറാക്കി നൽകുന്ന മുറയ്ക്ക് ഇത് ബഡ്ജറ്റിൽ വരുമെന്നും നേരത്തെ ബഡ്ജറ്റിലുണ്ടായിരുന്ന ഒരു വർക്കാണ് എന്നുള്ളതുകൊണ്ട് തുടർന്നുള്ള ബഡ്ജറ്റിലും അത് വരുമെന്നും ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ അധിക തുക കൊടുക്കേണ്ടതായി വരുമെന്നും ഞാൻ ഇതെല്ലാം ശിപാർശ ചെയ്ത് അയയ്ക്കുകയല്ലേ, ബഡ്ജറ്റിൽ വന്നതുകൊണ്ട് ഇത് പിൻവലിക്കാൻ സാധിക്കില്ലെന്നും ധനകാര്യ വകുപ്പിന് സാമ്പത്തിക പ്രയാസമുണ്ടെങ്കിലും സംസാരിച്ച് ശരിയാക്കാമെന്നും പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ കളക്ടറോട് ആവശ്യപ്പെടണമെന്നുമൊക്കെയാണ് അന്ന് പറഞ്ഞിട്ടുള്ളത്. കോന്നി മെഡിക്കൽ കോളേജിലേയ്ക്കുള്ള റോഡ് ആദ്യഘട്ടത്തിൽ വട്ടമൺ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൊത്തത്തിൽ 36 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഒന്നാം ഘട്ടത്തിൽ 19 കോടി രൂപയുടെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള ഭാഗത്തെ റോഡിന്റെ പണികൾ നടക്കേണ്ടതായിട്ടുണ്ട്. കോന്നി മുരിങ്ങമംഗലം മുതൽ വട്ടമൺ കുരിശ് വരെയുള്ള രണ്ടര കിലോമീറ്റർ റോഡിന്റെയും പയ്യനാമൺ-വട്ടമൺ രണ്ടര കിലോമീറ്റർ റോഡിന്റെയും പണികളും അക്വിസിഷൻ നടപടികളും നടക്കേണ്ടതായിട്ടുണ്ട്. അതിന്റെ നടപടികൾ പൂർത്തീകരിച്ചു. എസ്.എൽ.ഇ.സി.-യുടെ അപ്രൂവൽ കിട്ടിക്കഴിഞ്ഞു. എൽ.സി.-ക്കുവേണ്ടി ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനുള്ള അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല. ഇത്രയും കാര്യങ്ങളൊക്കെ പറയുമ്പോൾ, അങ്ങുതന്നെ ഇതെല്ലാം വിലയിരുത്തി പൊതുമരാമത്ത് വകുപ്പുമായി ചെയ്യേണ്ട കാര്യങ്ങളെന്നുള്ള നിലയിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അങ്ങ് ചെയ്യുന്ന കാര്യങ്ങൾക്ക് ഞങ്ങളാരും വിമർശന ബുദ്ധിയോടെ ഒന്നും പറയുന്നില്ല. അങ്ങ് ചെയ്യുന്ന കാര്യങ്ങളിൽ ചില കാര്യങ്ങളൊക്കെ ഞങ്ങളും അംഗീകരിക്കുന്നുണ്ട്. എല്ലാ കാര്യങ്ങളും അംഗീകരിക്കുന്നോ എന്നുചോദിച്ചാൽ മുഴുവൻ കാര്യങ്ങളും അംഗീകരിക്കാൻ കഴിയില്ല എങ്കിലും ചെയ്യുന്ന കാര്യങ്ങളൊക്കെ അംഗീകരിക്കുന്നു. അതുകൊണ്ട്

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട്, ഇന്ന് കിഫ്ബി എന്നുപറയുന്ന സംവിധാനം, 'കുളിപ്പിച്ച് കുളിപ്പിച്ച് കുഞ്ഞില്ല' എന്ന അവസ്ഥയിലേയ്ക്ക് വരുന്ന ഒരു സ്ഥിതിയിലേയ്ക്ക് പൊതുമരാമത്ത് വകുപ്പ് പോയിരിക്കുന്നു. പൊതുമരാമത്ത് വകുപ്പിന്റെ പ്രസക്തി തന്നെ ഇന്ന് ഇല്ലാതായിരിക്കുന്നു. അതുകൊണ്ട് ഈ വകുപ്പ് അങ്ങ് സൂക്ഷിച്ച് കൈകാര്യം ചെയ്തുപോകണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിലെ പൊതുമരാമത്ത്, തുറമുഖം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെയും തുറമുഖ വകുപ്പിന്റെയും പ്രവർത്തനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചുവെന്നത് അഭിമാനകരമായ നേട്ടമാണ്. 1000 കോടി രൂപയുടെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 'പുതിയ കാലം, പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ട് നവീകരണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന പൊതുമരാമത്ത് വകുപ്പ് തകർന്നുപോയ ജനവിശ്വാസം വീണ്ടെടുത്തിരിക്കുകയാണ്. കേരളത്തിലെ പശ്ചാത്തല സൗകര്യവികസന പ്രക്രിയയിൽ സുപ്രധാനമായ പങ്ക് വഹിക്കുന്ന വകുപ്പെന്ന നിലയിൽ പൊതുമരാമത്ത് വകുപ്പിനെ കുറേക്കൂടി ശ്രദ്ധയാകർഷിക്കുന്ന തരത്തിൽ ഇപ്പോൾ മാറ്റിയിട്ടുണ്ട്. മികച്ച സാങ്കേതിക മിനിസ്റ്റീരിയൽ ജീവനക്കാരുണ്ടെങ്കിലും അവരെ വേണ്ട രീതിയിൽ ഉപയുക്തമാക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ടായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നിരവധി തനതായ പരിപാടികൾ നടത്തുകയും അതിലൂടെ വകുപ്പിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള നിർമ്മാണ രീതികളും നവീനങ്ങളായ രൂപകല്പനാരീതികളും പുത്തൻ ആശയങ്ങളും പരിചയപ്പെടുത്തുന്നതിനാവശ്യമായ ശില്പശാലകൾ ഉൾപ്പെടെ നമ്മുടെ എഞ്ചിനീയർമാർക്കുവേണ്ടി നടത്തിയത് ഈ വകുപ്പിന്റെ നവീകരണത്തിന്റെ ആക്കം വർദ്ധിപ്പിച്ചിട്ടുണ്ട്. നേരത്തെ ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ സൂചിപ്പിച്ചതാണ്, ഈ ഭരണകാലത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ മണ്ഡലങ്ങളിലും തുല്യമായി വികസന പ്രവർത്തനങ്ങൾ നടത്തുകയെന്ന, പക്ഷപാത രഹിതമായ ഭരണം നടത്തുകയെന്നുള്ളതുതന്നെയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്

കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന മുറയ്ക്ക് കാര്യങ്ങൾ നടന്നിരുന്നുവെങ്കിൽ ഇപ്പോൾ എല്ലാവർക്കും ഒരുപോലെ ലഭിക്കുന്നുവെന്നുള്ളത് ഏറ്റവും വലിയ നേട്ടമാണ്. ഓരോ വർഷവും പ്രത്യേകമായി 10 കോടി രൂപ വീതം അനുവദിക്കുന്ന പൊതുമരാമത്ത് വകുപ്പിനെ പ്രശംസിക്കാതിരിക്കാൻ ആർക്കാണ് കഴിയുക? കൃഷി, വ്യവസായം, വാണിജ്യം എന്നിവ വികസനത്തിന്റെ സൂചികകളാണെങ്കിലും സാധാരണക്കാരായ പൊതുജനങ്ങൾ ഏറ്റവുമധികം ആവശ്യപ്പെടുന്നത് റോഡുകളും പാലങ്ങളും കെട്ടിടങ്ങളും തന്നെയാണ്. അതുകൊണ്ട് ഫണ്ടുകളുടെ മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ ഇവയ്ക്കുകൂടി മുൻഗണന നൽകണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും പൊതുമരാമത്ത് വകുപ്പുമന്ത്രിയോടും പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. പൊതുമരാമത്ത് വകുപ്പ് ചെയ്യുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ചുമതലപ്പെടുത്തിയും അഴിമതിയില്ലാതാക്കാൻ വിജിലൻസിനെ ശക്തിപ്പെടുത്തിയും സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയും സുതാര്യവും കാര്യക്ഷമവുമുള്ള വകുപ്പായി മാറ്റുന്നതിന് ഈ സർക്കാരിനും പ്രത്യേകിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും കഴിഞ്ഞുവെന്നത് ഈ വകുപ്പിന്റെ പ്രവർത്തനം ശരിയായ ദിശയിൽ ചലിക്കുന്നതിന്റെ ലക്ഷണമാണ്. ഇടതുപക്ഷ സർക്കാരിന്റെ വിജയമായി ഇതിനെ വിലയിരുത്തണം.

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം അതിവേഗം നടന്നുകൊണ്ടിരിക്കുകയാണ്. 2016-17 വർഷം 5600 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബി വഴി നടപ്പിലാക്കിവരുന്നു. കിഫ്ബി വഴി ഒരു മണ്ഡലത്തിന് 15 കോടി രൂപയെങ്കിലും കിട്ടുമെന്നുപറഞ്ഞിട്ട് ഒരു പൈസപോലും കിട്ടിയില്ലെന്ന അർത്ഥത്തിൽ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇന്റർനാഷണൽ സ്കൂളുകളാക്കുന്നതിനായി എല്ലാ മണ്ഡലങ്ങളിലെയും എം.എൽ.എ.-മാർ ഇപ്പോൾത്തന്നെ അഞ്ച് കോടി രൂപയുടെ വർക്കിനുള്ള ടെണ്ടർ നടപടിയുൾപ്പെടെ പൂർത്തീകരിക്കുന്ന സമയമാണിതെന്ന് നിങ്ങൾ അറിയണം. എന്തിനാണ് ഇങ്ങനെ സത്യമല്ലാത്തതും വാസ്തവ വിരുദ്ധവുമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നതെന്ന് അവർ പരിശോധിക്കണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 2017-18 സംസ്ഥാന ബഡ്ജറ്റിൽ 13000 കോടി രൂപയുടെ മരാമത്ത് പ്രവൃത്തികൾക്കാണ് തുക നീക്കിവച്ചിരിക്കുന്നത്. 6500 കോടി രൂപയുടെ തീരദേശ ഹൈവേയുടെയും 3,500 കോടി രൂപയുടെ മലയോര ഹൈവേയുടെയും പ്രവൃത്തികൾ കിഫ്ബി വഴി ഏറ്റെടുക്കുന്നതിന്റെ സന്തോഷം ഇവിടെ രേഖപ്പെടുത്തട്ടെ. 2017-18 ബഡ്ജറ്റിൽ മരാമത്ത് പ്രവൃത്തികൾക്കായി 236 കോടി രൂപയുടെയും നോൺ പ്ലാൻ ഇനത്തിൽ 450

കോടി രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളിലൂടെ വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് 46.6 കിലോമീറ്റർ റോഡും നാച്വറൽ റബ്ബർ മിക്സഡ് ബിറ്റുമിൻ ഉപയോഗിച്ച് 276 കിലോമീറ്റർ റോഡും നിർമ്മിച്ചു. സർവ്വോപരി അഴിമതിയിൽ മുങ്ങിക്കിടന്ന ഈ വകുപ്പിനെ സുതാര്യവും നൂതനവുമാക്കി തീർത്തു എന്നതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. പൊതുമരാമത്ത് വകുപ്പ് പരിപാലിക്കുന്ന 31812 കിലോമീറ്റർ റോഡിന്റെ 9.27 ശതമാനം മാത്രമാണ് ഇരട്ടവരി പാതകളായി നമുക്കുള്ളത്. മുഴുവൻ റോഡുകളും ഇരട്ടവരി പാതകളാക്കി സൗകര്യപ്പെടുത്തുക എന്നത് നമ്മുടെ മുമ്പിലുള്ള വലിയൊരു വെല്ലുവിളിയാണ്. ശരാശരി ദേശീയ റോഡ് സാന്ദ്രതയേക്കാൾ വളരെക്കൂടുതലാണ് കേരളത്തിലെ റോഡ് സാന്ദ്രത. എങ്കിലും വേണ്ടത്ര ഗതാഗത സൗകര്യം ലഭ്യമാക്കുവാൻ കഴിയുന്നില്ലെന്നത് കൂടുതൽ പഠനത്തിന് വിധേയമാക്കേണ്ടതാണ്. ഇനിയും നിരവധി വിഷയങ്ങൾ ഈ രംഗത്ത് നിലനിൽക്കുന്നുണ്ട്. വർക്കുകളിൽ വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ വേണ്ടത്രയുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പ്, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി, റവന്യൂ, വ്യവസായം എന്നീ വകുപ്പുകളുടെ സംയോജനമുണ്ടെങ്കിൽ മാത്രമേ സമയബന്ധിതമായും എഫക്ടീവായും വർക്കുകൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. അത്തരമൊരു കോ-ഓർഡിനേഷനുള്ള സാദ്ധ്യതയെക്കുറിച്ച് കൂടുതൽ പരിഗണിക്കേണ്ടതുണ്ടെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്.

അതുപോലെ ഗ്രാമ-ബ്ലോക്ക്-ജില്ല, പി.ഡബ്ല്യു.ഡി., മറ്റ് ഡിപ്പാർട്ട്മെന്റുകൾ കേന്ദ്രീകരിച്ച് ഒരു റോഡ് രജിസ്റ്റർ അത്യാവശ്യമാണ്. അത്തരത്തിലുള്ള ഒരു രജിസ്റ്റർ വളരെ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ ആർക്കും എപ്പോഴും എങ്ങനെയും കൈകാര്യം ചെയ്യാമെന്നുള്ള ഒരു സ്ഥിതിയുണ്ട്. ഇക്കാര്യത്തിൽ ഗൗരവതരമായ നടപടികൾ എടുക്കേണ്ടതുണ്ട്. അതുപോലെ വർഷകാലത്ത് റോഡുകൾ വൃത്തിയാക്കുന്നതിനും പരിപാലിക്കുന്നതിനും വലിയ പങ്ക് വഹിച്ചിട്ടുള്ള എൻ.എം.ആർ. തൊഴിലാളികൾ പണ്ടുണ്ടായിരുന്നു. അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതാണ്. തുറമുഖ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 17 നോൺ മേജർ തുറമുഖങ്ങളുടെ വികസനത്തിനായി ഈ ബഡ്ജറ്റിൽ 110 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുവേണ്ടി തുറമുഖ വകുപ്പ് നിരവധി പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. കരാറിൽ നിഷ്കർഷിച്ച സമയത്തുതന്നെ വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ശ്രദ്ധ കാണിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. അത്തരം പരിപാടികളുൾപ്പെടെ മികച്ച രീതിയിൽ മുന്നോട്ടുപോകുന്ന വകുപ്പിന്റെ പ്രവർത്തനങ്ങളെ ഒരിക്കൽക്കൂടി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം

വിനിയോഗിക്കുന്നു. സംസ്ഥാനത്തിന്റെ ചെറു തുറമുഖങ്ങളിൽ ഗവൺമെന്റ് ഗസ്റ്റ് ഹൗസില്ലാത്ത ഏക തുറമുഖം കയ്പമംഗലം നിയോജക മണ്ഡലത്തിലെ കൊടുങ്ങല്ലൂർ - മുനയ്ക്കൽ തുറമുഖമാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് പരിഹരിക്കാനുള്ള സവിശേഷ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തുറമുഖ, പൊതുമരാമത്ത് വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഏറെ സന്തോഷപൂർവ്വം ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

12.44 P M ]

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി കഴിഞ്ഞ ഞായറാഴ്ച കാസർഗോഡ് ജില്ലയിലെ ഒരു റോഡിന്റെ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്ത് പ്രസംഗിക്കവെ വികസനത്തിൽ വിവേചനം കാണിക്കാറില്ലെന്നും വേണമെങ്കിൽ കാസർഗോഡ്, മഞ്ചേശ്വരം എന്നീ മണ്ഡലങ്ങളിലെ എം.എൽ.എ.-മാരോട് ചോദിക്കുവെന്നും പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി വികസനത്തിൽ വിവേചനം കാണിച്ചുവെന്ന് ഞങ്ങൾ പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയോട് വലിയ രീതിയിൽ വിയോജിക്കുന്നുമില്ല. പക്ഷേ അങ്ങയുടെ ശോഭ കെടുത്താൻ ആഗ്രഹിക്കുന്നത് അങ്ങയുടെ കൂടെയുള്ള ആളുകളാണെന്നാണ് വളരെ ബഹുമാനത്തോടെ മന്ത്രിയോട് എനിക്ക് പറയാനുള്ളത്. അങ്ങ് വളർന്ന് വലുതാകാനോ അങ്ങേയ്ക്ക് ഇങ്ങനെയുള്ള പ്രശംസയൊന്നും കിട്ടാനോ പാടില്ലെന്ന് ആഗ്രഹിക്കുന്ന ആളുകൾ അങ്ങയുടെ അടുത്തും അങ്ങയുടെ കൂടെയുമുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മകൻ മരിച്ചാലും തരക്കേടില്ല, മരുമകളുടെ കണ്ണുനീർ കണ്ടാൽ മതിയെന്ന തരത്തിലാണ് അങ്ങയോടൊപ്പമുള്ള ചില ആളുകളുടെ നിലപാടെന്ന് പറഞ്ഞാൽ അങ്ങും വിയോജിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. 'രാജാവിന്റെ വാളുകൾ' എന്ന അങ്ങയുടെ കവിതയിലെ ഒരു വരിയുണ്ട്.

"വിളവ് തിന്നുന്ന വേലികൾ വേണ്ടിനി

വഴിയടയ്ക്കും വിദഗ്ദ്ധരും വേണ്ടിനി"

ഒരുപക്ഷേ ചില ആളുകളെ മനസ്സിൽ കണ്ടുകൊണ്ടായിരിക്കും അങ്ങ് ഈ കവിത എഴുതിയതെന്ന് ഞാൻ സൂചിപ്പിച്ചാൽ അതിൽ തെറ്റുണ്ടാകുമെന്ന് തോന്നുന്നില്ല. ഇവർ അങ്ങയുടെ വഴിയടയ്ക്കുന്ന ആളുകളാണ്. അതുകൊണ്ട് അങ്ങയുടെ വഴിയടയ്ക്കും വിദഗ്ദ്ധർ ഇനി വേണ്ടെന്നാണ് എനിക്കും പറയാനുള്ളത്.

കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഭരണപക്ഷത്തെ എം.എൽ.എ.-

മാർക്ക് കിട്ടിയതുപോലെ വേണ്ടത്ര റോഡുകൾ പ്രതിപക്ഷ എം.എൽ.എ.-മാർക്ക് കിട്ടിയില്ലെന്ന് ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ പറയുകയുണ്ടായി. ബഹുമാന്യനായ കെ. സുരേഷ് കുറുപ്പ് വളരെ നിഷ്കളങ്കനാണ്. ഭരണപക്ഷത്തെ എം.എൽ.എ.-മാർക്ക് ലഭിച്ചതുപോലെയുള്ള റോഡുകൾ അദ്ദേഹത്തിന് കിട്ടിയിട്ടുണ്ടാവില്ല. ഉദുമ എം.എൽ.എ. ശ്രീ. കെ. കുഞ്ഞിരാമനും തളിപ്പറമ്പ് എം.എൽ.എ. ശ്രീ. ജെയിംസ് മാത്യുവിനും കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ. റ്റി. വി. രാജേഷിനും കഴിഞ്ഞ ഭരണകാലത്ത് റോഡ് കിട്ടിയിട്ടുണ്ടോയെന്ന് ചോദിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പിനോട് പറയാനുള്ളത്. ബഹുമാന്യനായ കെ. സുരേഷ് കുറുപ്പിന് അവരുടെയത്ര സൂത്രം അറിയാത്തതുകൊണ്ട് കിട്ടിയിട്ടുണ്ടാവില്ല. ആ സൂത്രം എന്താണെന്ന് അവരോട് ചോദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ ഭരണപക്ഷത്തുള്ള എം.എൽ.എ.-മാർക്ക് കൊടുത്ത അത്രയും പണം പ്രതിപക്ഷ എം.എൽ.എ.-മാർക്ക് തന്നില്ലെന്ന് കാണിച്ചുകൊണ്ട് ഈ സഭയിൽ അന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ച ആളാണ് ഞാൻ. അവസാനം അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി എല്ലാം പരിഹരിക്കാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ വാക്ക് വിശ്വസിച്ച് വാക്കൗട്ട് നടത്തുന്നില്ലെന്ന് പറഞ്ഞെങ്കിലും അത് നടപ്പിലാക്കിയില്ലെന്നുള്ളതാണ് വസ്തുതയെന്ന കാര്യം അങ്ങയെ ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എല്ലാക്കാലത്തും അങ്ങനെ ചില കാര്യങ്ങളുണ്ടാകാറുണ്ടെന്നുള്ളത് താങ്കൾക്ക് നന്നായി അറിയാമല്ലോ. ഭരണപക്ഷത്തെ എം.എൽ.എ.-മാരായ ഞങ്ങൾക്ക് അന്ന് കിട്ടിയതിനേക്കാൾ കൂടുതൽ റോഡുകൾ പ്രതിപക്ഷത്തെ ചില എം.എൽ.എ.-മാർക്ക് അന്ന് കിട്ടിയിട്ടുണ്ട്. അക്കാര്യം ആ എം.എൽ.എ.-മാർക്ക് നിഷേധിക്കാൻ സാധിക്കുകയില്ല. ഈ സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്ന് മാത്രമല്ല അതിന്റെ എ.എസ്. പോലും കിട്ടിയിട്ടില്ല. എന്റെ മണ്ഡലത്തിലെ ചെർക്കള - കല്ലടുക്ക റോഡ് കിഫ്ബിയിലുൾപ്പെടുത്തി, കിഫ്ബി ബോർഡ് അംഗീകരിക്കുകയും ചെയ്തു. പക്ഷേ അതിന്റെ എ.എസ്. ഇതുവരെ കിട്ടിയിട്ടില്ല. അതുപോലെ ബദിയഡുക്ക - കിന്നിംഗാർ - സുളപദവ റോഡിന്റെ കാര്യം ഈ സർക്കാരിന്റെ രണ്ടാമത്തെ ബഡ്ജറ്റിൽ പറഞ്ഞതാണ്. അതിന്റെ

ഇൻവെസ്റ്റിഗേഷൻ ഇതുവരെ പൂർത്തിയായിട്ടില്ല. ഈ ഇൻവെസ്റ്റിഗേഷൻ നടത്തുന്ന ടീമിനുള്ള പണം സമയബന്ധിതമായി കൊടുക്കുന്നില്ലെന്നുള്ള പരാതിയുണ്ട്. അതുകൊണ്ട് ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നാഷണൽ ഹൈവേയുടെയും പി.ഡബ്ല്യു.ഡി. റോഡുകളുടെയും പ്രീ മൺസൂൺ വർക്ക്, സാധാരണ നാളെ മഴ പെയ്യുകയാണെങ്കിൽ ഇന്നാണ് തുടങ്ങുക, ഇപ്രാവശ്യമെങ്കിലും നേരത്തെയാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ടാറിന്റെ ക്ഷാമമാണ് കാസർഗോഡ് ജില്ല അഭിമുഖീകരിക്കുന്ന വലിയൊരു പ്രശ്നം. കാസർഗോഡ് ജില്ലയിലേയ്ക്കുള്ള മരാമത്ത് പ്രവൃത്തികൾക്കുള്ള ടാർ കൊച്ചിയിലെ റിഫൈനറിയിൽ നിന്നുമാണ് കൊണ്ടുവരുന്നത്. കാസർഗോഡ് നിന്നും കൊച്ചിയിലേയ്ക്ക് 400 കിലോമീറ്റർ ദൂരമുണ്ടെന്നുള്ള കാര്യം അങ്ങേയ്ക്കറിയാം. മംഗലാപുരത്ത് ഒരു റിഫൈനറിയുണ്ട്. കാസർഗോഡ് നിന്നും 50 കിലോമീറ്റർ അകലെയാണ് മംഗലാപുരം. കൊച്ചിയിൽ പോകുന്നതിനേക്കാൾ ചെലവും ലാഭിക്കാം. അതുകൊണ്ട് കാസർഗോഡ് ജില്ലയിലേയ്ക്കാവശ്യമായ ടാർ മംഗലാപുരം റിഫൈനറിയിൽനിന്ന് കൊണ്ടുവരുന്നതിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പി.ഡബ്ല്യു.ഡി.യെ സംബന്ധിച്ചിടത്തോളം ഒരു അവിഭാജ്യ ഘടകമാണ് ക്വാളിറ്റി വിംഗ്. റോഡിന്റെ മരാമത്ത് പണി എവിടെ നടക്കുന്നുവോ അവിടെ പോയി പരിശോധിക്കാനുള്ളതാണ് ക്വാളിറ്റി വിംഗ്. പക്ഷേ ആ ക്വാളിറ്റി വിംഗിന് വാഹനമോ മറ്റ് സൗകര്യങ്ങളോ ഇല്ല. അതുകൊണ്ട് പലപ്പോഴും അവർക്ക് യഥാസമയം സൈറ്റിൽ എത്തിച്ചേരാൻ കഴിയാത്ത പ്രശ്നമുണ്ട്.

കാസർഗോഡ് ജില്ലയിലെ ചില പി.ഡബ്ല്യു.ഡി. ഓഫീസുകൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് കാസർഗോഡ് ഒരു പി.ഡബ്ല്യു.ഡി. കോംപ്ലക്സ് പണിയണമെന്നാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ള നിർദ്ദേശം. ഇതിന് അനുയോജ്യമായ സ്ഥലം അവിടെയുണ്ട്. അതുപോലെ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിനുവേണ്ടി പുതിയ ബ്ലോക്ക് പണിതിട്ടുണ്ട്. എ.സി.-യൊന്നും ഘടിപ്പിക്കാത്തതുകൊണ്ട് അവിടെ വേണ്ടത്ര സംവിധാനം ഒരുക്കാൻ സാധിച്ചിട്ടില്ല. കാസർഗോഡ് ജില്ലയ്ക്ക് ഒരു നാഷണൽ ഹൈവേ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇല്ല. കണ്ണൂർ ജില്ലയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് കാര്യങ്ങൾ നോക്കുന്നത്. അതുകൊണ്ട് കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേകമായി ഒരു നാഷണൽ ഹൈവേ എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിക്കണമെന്ന് വളരെ വിനയപൂർവ്വം ആവശ്യപ്പെടുകയാണ്. കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാതയൊക്കെ കടന്നുപോകുന്ന എല്ലാ ജില്ലാ ആസ്ഥാനത്തും ബൈപ്പാസുണ്ട്. കാസർഗോഡ്

ജില്ലയിൽ നിന്ന് പല സംഘടനകളും ഈ ആവശ്യവുമായി അങ്ങയെ സമീപിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാസർഗോഡ് ചൗക്കിയിൽ നിന്ന് വിദ്യാനഗർ വഴി ഒരു ബൈപ്പാസ് എന്നത് നല്ലൊരു പ്രൊപ്പോസലാണ്. അത് പ്രാവർത്തികമാക്കാൻ അങ്ങയുടെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന്, പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണമാണ്. എം.എൽ.എ.-മാർ അവരുടെ മണ്ഡലത്തിലോ മറ്റെവിടെയെങ്കിലുമോ പോയാൽ റോഡ് നന്നാക്കി കിട്ടണമെന്നാണ് ജനങ്ങൾക്കാവശ്യപ്പെടാനുള്ളത്. അവർക്ക് അത് പഞ്ചായത്ത് റോഡാണോ പി.ഡബ്ള്യു.ഡി. റോഡാണോ എന്നറിയില്ല; അവർ എം.എൽ.എ.യോടാണ് പറയുന്നത്. പഞ്ചായത്ത് റോഡ് എം.എൽ.എ.യ്ക്ക് നന്നാക്കി കൊടുക്കാൻ സാധിക്കില്ല. പഞ്ചായത്തിനാണെങ്കിൽ ഫണ്ടുമുണ്ടാകില്ല. അതുകൊണ്ട് പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് ഓരോ മണ്ഡലത്തിൽ ഓരോ എം.എൽ.എ.-യ്ക്കും കഴിഞ്ഞ സർക്കാർ ചെയ്തതുപോലെ ഫണ്ട് അനുവദിച്ചുതരണമെന്നാണ് പറയാനുള്ളത്. അല്ലെങ്കിൽ ഒരു വർഷത്തിൽ ഒന്നോ രണ്ടോ പഞ്ചായത്ത് റോഡുകൾ പി.ഡബ്ള്യു.ഡി. ഏറ്റെടുക്കണമെന്നുകൂടിയുള്ള നിർദ്ദേശം അങ്ങയുടെ മുമ്പിൽ വയ്ക്കാനുണ്ട്.

ബഹുമാന്യനായ മന്ത്രി ഡോ. കെ. ടി. ജലീലിന്റെ പ്രസംഗം അങ്ങേയ്ക്കുപോലും ഇഷ്ടപ്പെട്ടിരിക്കില്ല. ലീഗിനെ പറയുന്നത് അങ്ങേയ്ക്ക് അത്ര ഇഷ്ടമുള്ള കാര്യമല്ലെന്ന് ഞങ്ങൾക്ക് നല്ലതുപോലെ അറിയാം. എന്നിട്ടും അദ്ദേഹം എന്തിന് അങ്ങനെ പ്രസംഗിച്ചുവെന്ന് അറിയില്ല. എന്തിനാണ് ബഹുമാന്യനായ മന്ത്രി അങ്ങനെ പ്രസംഗിച്ചതെന്ന് ഇന്ന് രാവിലെ ബഹുമാന്യനായ കെ. മുരളീധരനോട് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് യഥാർത്ഥ ക്രിസ്തുമത വിശ്വാസികൾ ബൈബിൾ വളരെ പതുക്കെ മാത്രമേ വായിക്കുകയുള്ളൂ, പുതുതായി ക്രിസ്തുമതത്തിൽ വിശ്വസിച്ച ആളുകൾ ബൈബിൾ വളരെ ഉച്ചത്തിൽ വായിക്കും എന്നാണ്. അതായത്, 'പുത്തനച്ചി മേൽക്കൂര വരെ തൂക്കും. പിന്നീട് വീട്ടുകാർക്ക് വെള്ളംപോലും കൊടുക്കാൻ പുത്തനച്ചി തയ്യാറാവുകയില്ല' എന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് സി.പി.എം. അതോർക്കണമെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. തുറമുഖവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൂടിയുണ്ട്. കാസർഗോഡിന്റെ സ്വന്തം മന്ത്രിയാണ് ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ. അദ്ദേഹത്തിന് നന്നായറിയാം, പുരാതനകാലത്ത് അറേബ്യൻ നാടുകളുമായി വാണിജ്യബന്ധമുണ്ടായിരുന്ന ജില്ലയാണ് കാസർഗോഡ്. അവിടെ നല്ലൊരു തുറമുഖമുണ്ടായിരുന്നു. ആ തുറമുഖത്തെ നമുക്ക് തിരിച്ചുകൊണ്ടുവരണം; ഗൾഫ് നാടുകളുമായും മറ്റുമുള്ള

കച്ചവടബന്ധം പുനഃസ്ഥാപിക്കണം. കാസർഗോഡുണ്ടായിരുന്ന ഈ തുറമുഖം എങ്ങനെ നമുക്ക് സജീവമാക്കാം എന്നതിനെക്കുറിച്ച് ഒരു സ്റ്റഡി നടത്താൻ മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

നിലവിലുള്ള റോഡിന്റെ ഉപരിതല പുനരുദ്ധാരണ പ്രവൃത്തിക്ക് പ്രധാനമായി നമ്മൾ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് (MoRTH)-ന്റെ സ്പെസിഫിക്കേഷൻ പ്രകാരം രണ്ടുതരത്തിലുള്ള ഡാമർ, അതായത് ഹോട്ട് മിക്സാണ് ചെയ്യുന്നത്. ഒന്ന്, ബി.എം.- ബിറ്റുമിനസ് മെക്കാഡം, മറ്റേത് ബി.സി. - ബിറ്റുമിനസ് കോൺക്രീറ്റ്. കേരളത്തിലെ മിക്ക റോഡുകളും വളരെ പെട്ടെന്ന് മോശമാവുകയും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടിവരികയും ചെയ്യുന്നു. കേരളത്തിലെ മഴയുടെ സ്ഥിതി നമുക്കറിയാം, ഇപ്പോൾ മഴ ലഭിക്കുന്നില്ലെങ്കിലും സാധാരണ കേരളത്തിൽ മഴയുടെ കാലം മേയ് 15 മുതൽ ഒക്ടോബർ 15 വരെയാണ്. ഇത്രയധികം കാലയളവിൽ മഴപെയ്യുന്നതിനാൽ ഹോട്ട് മിക്സ് വർക്കിന് കോടിക്കണക്കിന് രൂപ നാം ചെലവാക്കുന്നു. പക്ഷെ, ഈ റോഡുകളുടെ ഇരുവശങ്ങളിലും ഡ്രെയിനേജ്, കോൺക്രീറ്റ് ഗട്ടർ എന്നിവയ്ക്കുമുകളിൽ പ്രീ-കാസ്റ്റ് കോൺക്രീറ്റും സ്ലാബും ഇടാറില്ല. ഇത് എഞ്ചിനീയർമാരും ബാക്കിയുള്ള ആളുകളും ശ്രദ്ധിക്കാറില്ല. ആ നിലയ്ക്കൊരു ശ്രദ്ധയുണ്ടായാൽ നമ്മുടെ റോഡ് നന്നാക്കിയെടുക്കാൻ സാധിക്കും. അങ്ങയുടെ തന്നെ കവിത,

'ഭാവിയിൽ പ്രതീക്ഷയുണ്ടെങ്കിലും

ഇന്നത്തെ ഈ സ്ഥിതി ദുഃസ്ഥിതി

ദൈവമേ കാക്കുക'.

അതാണ് കേരളത്തിന്റെ സ്ഥിതി. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കാൻ സാധിക്കില്ലെന്ന് വളരെ ഖേദപൂർവ്വം അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. സി. കെ. നാണു:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ശ്രീ. ജി. സുധാകരൻ പി.ഡബ്ല്യൂ.ഡി. മന്ത്രിയായപ്പോൾ ഒരു കാലത്തുമുണ്ടായിട്ടില്ലാത്ത വികസനമാണ് ഞങ്ങളുടെ നാട്ടിൽ വടകര-കൊയിലാണ്ടി താലൂക്കിലുണ്ടായിട്ടുള്ളത്. ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് പണിത പാലം വളരെ അപകടമുണ്ടാക്കുന്നതാണ്. രണ്ടുദിവസം മുമ്പ് ബഹുമാനപ്പെട്ട പാറക്കൽ അബ്ദുല്ല, എം.എൽ.എ. ഇതുസംബന്ധിച്ച് ഇവിടെ ഒരു സബ്മിഷൻ കൊണ്ടുവന്നു. മണിക്കൂറുകളായാലും ആ പാലത്തിൽ കൂടി വാഹനങ്ങൾക്ക്

കടന്നുപോകാൻ സാധിക്കുന്നില്ല. പാലത്തിന്റെ രണ്ടു സൈഡുകളിൽക്കൂടി നാഷണൽ ഹൈവേയുടെ പണി തുടങ്ങുന്നതിന് മുമ്പുതന്നെ സഞ്ചാരസൗകര്യമുണ്ടാക്കാനുള്ള നടപടികൾ അദ്ദേഹത്തിന്റെ ഭാഗത്തു നിന്നുമുണ്ടായി. പല റോഡുകളും അതിന്റെ സബ് റോഡുകളും ഓരോന്നായി ഞാൻ വിശദീകരിക്കുന്നില്ല, അതുമാത്രമല്ല, റോഡുകളിൽ കേടുവരുന്ന, കുഴിയുണ്ടാകുന്ന അവസരത്തിൽ അത് പ്രത്യേകം കൈകാര്യം ചെയ്യാൻ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നിലപാട് സ്വീകരിച്ചത് വളരെ മാതൃകാപരമായതും ബുദ്ധിപരമായതുമാണ്.

ഒരു കാര്യം ഞാൻ പറയുന്നു. വടകരയിൽ അദ്ദേഹം അനുവദിച്ചുതന്ന വെള്ളികുളങ്ങര - ഒഞ്ചിയം റോഡിന്റെ പണി നടത്താൻവേണ്ടി ആ പ്രദേശത്തുള്ള മുഴുവൻ ആളുകളെയും ഞാൻ വിളിപ്പിച്ചു. അവരുടെ ഭൂമി, മതിലുകൾ ഇതൊക്കെ മാറ്റേണ്ടതായി വന്നുവെങ്കിലും എല്ലാവരും അതിന് സന്നദ്ധരായി. എന്നാൽ ഞാൻ ഇപ്പോൾ അനുഭവിക്കുന്നത്, ഒരു പണിക്ക് ടെണ്ടർ പിടിച്ചാൽ അതിന്റെ ഗൗരവത്തോടുകൂടി ജോലിയെടുക്കാത്തതുകൊണ്ട് ആളുകൾ എന്റെ വീട്ടിൽ വന്ന് ആക്ഷേപിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ച് റോഡ് ലഭിക്കുന്നു. കോൺട്രാക്ടിൽ ഒരാളെ എടുത്ത് ആ പണി പൂർത്തിയാക്കുന്നു. അതുപോലെ രണ്ടുമൂന്ന് പ്രധാനപ്പെട്ട ഡിസ്ട്രിക്ട് ഹോസ്പിറ്റലുകളുടെ 10-13 കോടി രൂപയുടെ വർക്കിന്റെ കാര്യം ഞാൻ ഇവിടെ പറഞ്ഞിട്ടുണ്ടായിരുന്നു. ഇങ്ങനെയൊക്കെ നടന്നാൽ ബഹുമാനപ്പെട്ട മന്ത്രി അതിന് എന്താണ് വഴി എന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കണം. ഒരു പ്രവൃത്തിക്ക് ടെണ്ടർ വിളിച്ചുകഴിഞ്ഞാൽ പറഞ്ഞ കാലാവധിക്കകം ടെണ്ടർ ജോലി പൂർത്തിയാക്കിയില്ലെങ്കിൽ, നമ്മെ സംബന്ധിച്ചിടത്തോളം അത് വളരെ പ്രധാനപ്പെട്ടതാണ്. അദ്ദേഹം വളരെ മാതൃകാപരമായ രൂപത്തിൽ നീങ്ങുന്നു; എല്ലാഭാഗത്തും നല്ലനിലയിലുള്ള വർക്ക് നടക്കുന്നു. പ്രത്യേകിച്ച് കോഴിക്കോട് ജില്ലയിലും നാദാപുരത്തും കുറ്റ്യാടി മണ്ഡലത്തിലുമെല്ലാം നല്ല രീതിയിൽ തന്നെ പണി നടന്നു.

അതുപോലെ വടകര പോർട്ട് കേരളത്തിലുള്ള 17 പോർട്ടുകളിലൊന്നാണ്. പഴയകാലത്ത് കോഴിക്കോടുനിന്നും വടകരയിൽനിന്നും വലിയ വള്ളങ്ങളിലും കപ്പലിലുമാണ് ബോംബെയ്ക്കും മറ്റു മാർക്കറ്റുകളിലേയ്ക്കും തേങ്ങ എത്തിച്ചിരുന്നത്. അങ്ങനെയുള്ള ഒരു ചെറിയ ഹാർബർ വടകരയിൽ ഉണ്ടായിരുന്നു. ഇത്തരം സാധനങ്ങൾ ലോറിയിലൂടെ കടത്തിയതിന്റെ ഭാഗമായി കോഴിക്കോട് ഹാർബറിലും വടകര ഹാർബറിലുമൊക്കെ സാധനങ്ങൾ കയറ്റിയിറക്കുന്ന തിരക്ക് കുറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തുറമുഖ

വകുപ്പ് ആ പോർട്ടുകൾ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. മണൽ വാരുന്നതിന്റെ ഭാഗമായി അവിടെ ഒരു മാസത്തിൽ ഏകദേശം 10-75 ലക്ഷം രൂപയുടെ വരുമാനമുണ്ടാകുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ഈ തുറമുഖ ഓഫീസിൽ ഒരു കൺസർവേറ്ററെയും ഉദ്യോഗസ്ഥരെയും നിയമിച്ച് കടലിലൂടെ വാഹനയാത്രാ സൗകര്യങ്ങളുണ്ടാക്കുന്ന ഒരവസ്ഥയെപ്പറ്റി ആലോചിച്ചിരുന്നു. അങ്ങനെയൊരു ഘട്ടം വരുന്ന അവസരത്തിൽ വടകര പോർട്ടിനെ വലിയ രൂപത്തിലേയ്ക്ക് മെച്ചപ്പെടുത്തിയെടുക്കാൻ സാധിക്കുമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ മനസ്സിലുണ്ടാകണം. മണൽ എടുക്കുന്ന മേഖലയിലെ 100 കണക്കിന് തൊഴിലാളികൾ ചെറിയ ട്രക്ക് പോലുള്ള വാഹനങ്ങൾ ഉപയോഗിച്ചാണ് മണലെടുക്കുന്നത്. അവരുടെ കുടുംബം സംരക്ഷിക്കാനുതകുന്ന വിധത്തിൽ പോർട്ടുമായി ബന്ധപ്പെട്ട് മണലെടുക്കുന്ന നടപടി ഒരാക്ഷേപവുമില്ലാതെ മാതൃകാപരമായിത്തന്നെ നടത്തുന്നുണ്ട്. ഞങ്ങളുടെ പ്രദേശത്ത് രണ്ടുകാര്യങ്ങളൊഴികെ ഒരു കാലത്തുമില്ലാത്ത വികസനപരമായ പരിപാടികളാണ് ഇപ്പോൾ നടക്കുന്നത്. ഒന്ന്, ഈ ഡിപ്പാർട്ട്മെന്റിന് ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരില്ലാതെ പി.ഡബ്ല്യൂ.ഡി. വർക്ക് മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ല എന്നത്. അതുകൊണ്ട് പ്രാപ്തരായ ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി സ്വീകരിക്കണം. അതുപോലെ ടെണ്ടർ എടുത്ത പല സംഘടനകളും തങ്ങൾക്ക് ടെണ്ടർ ലഭിക്കുന്നില്ലെന്നുപറഞ്ഞ് വരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ച് റോഡ് ലഭിക്കുന്നു. ഒരു പണിക്ക് ടെണ്ടർ പിടിച്ചാൽ അതിന്റെ ഗൗരവത്തോടുകൂടി ജോലിയെടുക്കാത്തതു കൊണ്ട് ആളുകൾ എന്റെ വീട്ടിൽ വന്ന് ആക്ഷേപിക്കുകയാണ്. അതിന് കാലതാമസം വന്നാൽ ഏത് സന്തോഷത്തിലാണോ റോഡ് കിട്ടിയപ്പോൾ അവർ വന്നത് അതേരൂപത്തിൽ തന്നെ വീട്ടിൽ വന്ന് ഞങ്ങളെ ആക്ഷേപിക്കുകയും ചെയ്യുന്നു. അത് ഗൗരവമായി ബഹുമാനപ്പെട്ട മന്ത്രി എടുക്കണം. ഈ രണ്ടു വകുപ്പുകളുടെയും ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

1.00 P M ]

ശ്രീ. പി. സി. ജോർജ്: സർ, പി.ഡബ്ല്യൂ.ഡി.-യെ സംബന്ധിച്ച് പറയുമ്പോൾ ഒരു കാര്യവും ഒളിച്ചുവയ്ക്കുന്നില്ല. മുൻ പൊതുമരാമത്തു വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ഒരു മോശം മന്ത്രിയായിരുന്നുവെന്ന അഭിപ്രായമൊന്നും എനിക്കില്ല. അദ്ദേഹം എന്നോടും എന്റെ നാടിനോടും നീതി കാണിച്ചിട്ടുണ്ടെന്ന് പറയാൻ എനിക്ക് യാതൊരു മടിയുമില്ല. സമഗ്ര വികസനമെന്ന ആശയത്തിന് വേണ്ടിയാണ് ഇവിടെ എല്ലാവരും വഴക്കുണ്ടാക്കുന്നത്. സമഗ്ര വികസനം

യാഥാർത്ഥ്യമാക്കുന്ന നടപടികളുമായിട്ടാണ് പൊതുമരാമത്ത് വകുപ്പുമന്ത്രിയായ ശ്രീ. ജി. സുധാകരൻ മുന്നോട്ട് പോകുന്നതെന്ന് അഭിമാനത്തോടുകൂടി പറയുകയാണ്. അത് നിഷേധിക്കാൻ കഴിയില്ല. അദ്ദേഹം എല്ലാ നിയോജക മണ്ഡലങ്ങളോടും തുല്യമായി നീതി ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ ആ കാഴ്ചപ്പാടിനെ അഭിനന്ദിക്കുന്നു; ബഹുമാനിക്കുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. അങ്ങ് ചെയ്യുന്ന നല്ല പ്രവൃത്തി, പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽനിന്നും ചന്തകളെയെല്ലാം അടിച്ചിറക്കിയതിന് അങ്ങേയ്ക്ക് നമോവാകം. ഒരു പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിൽ ചെല്ലാൻ കഴിയുമായിരുന്നോ; ചന്ത കളിയും കള്ള് കുടിയുമായിരുന്നു. ഇവരെയൊക്കെ അടിച്ചിറക്കി മാന്യമായൊരു സ്ഥാപനമാക്കി മാറ്റിയ അങ്ങയെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. പോർട്ടിനെപ്പറ്റി ഒന്നുരണ്ട് വാക്കുകൾ പറയാൻ ചെയർ എന്നെ അനുവദിക്കണം; സമയം നോക്കരുത്. കേരളത്തിന്റെ സ്വപ്നപദ്ധതിയാണ് വിഴിഞ്ഞം തുറമുഖം. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ നിർമ്മാണത്തിന് 2014 ജനുവരി 3-ാം തീയതി അനുവാദം നൽകിയതാണ്. അവിടെ സ്ഥലം നഷ്ടപ്പെട്ട പാവപ്പെട്ട ജനങ്ങൾ, മത്സ്യത്തൊഴിലാളികൾ, കക്ക വാരുന്ന തൊഴിലാളികൾ, ഹോട്ടൽ തൊഴിലാളികൾ ഇങ്ങനെ അനേകായിരം തൊഴിലാളികളുണ്ട്. അവരുടെ കാര്യങ്ങൾ പരിശോധിക്കുന്നതിന് തിരുവനന്തപുരം ജില്ലാ റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ ഒരു അഞ്ചംഗ സമിതിയെയും തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ മറ്റൊരു അഞ്ചംഗ സമിതിയെയും 2015 ജൂലൈ 20-ാം തീയതിലെ ഉത്തരവുപ്രകാരം നിയമിച്ചു. 18000-ൽപ്പരം പരാതികളാണ് ആകെ ലഭിച്ചത്. ആ പരാതികളൊക്കെ പരിഹരിക്കാൻ കഴിയാതെ നിൽക്കുകയാണ്. എഴുത്തും വായനയും നിശ്ശേഷം അറിയാത്ത പാവപ്പെട്ട തൊഴിലാളികളുടെ ജീവനോപാധികൾ തട്ടിയെടുത്ത് കുത്തക കമ്പനികൾക്ക് അടിയറവച്ച സർക്കാരിന്റെ നടപടി എന്ന് എന്നെകൊണ്ട് പറയിക്കരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കൊരു അപേക്ഷയുണ്ട്. ഞാൻ അങ്ങനെ പറയാൻ ആഗ്രഹിക്കുന്നില്ല. ഈ പോക്ക് പോയാൽ അങ്ങനെ പറയാൻ എന്നെ നിർബന്ധിതനാക്കും. അവിടെ ജീവനോപാധി നഷ്ടപ്പെട്ട മുഴുവൻ ആളുകൾക്കും നഷ്ടപരിഹാരം നൽകണം. ഇല്ലെങ്കിൽ വലിയ സമരത്തിലേയ്ക്ക് പോകും. സ്വപ്ന പദ്ധതിയാണ് വിഴിഞ്ഞം. വിഴിഞ്ഞം പദ്ധതിക്കെതിരെ സമരം ചെയ്യുന്നത് ശരിയല്ല. പക്ഷെ ജീവനോപാധികൾ മുഴുവനും നഷ്ടപ്പെട്ട പാവങ്ങളെപ്പറ്റി കരുണയില്ലാതെ പോകുന്നത് മര്യാദയാണോ; ഇതെന്ത് മര്യാദയാണ്? ഇവിടെ അദാനി വന്നപ്പോൾ എല്ലാവരും കൈനീട്ടി സ്വീകരിച്ചു, നല്ല കാര്യം. പക്ഷെ ഈ

പാവങ്ങൾക്ക് ജീവനോപാധി കൊടുക്കുകയെന്നത് സർക്കാരിന്റെ കടമയല്ലേ? രണ്ട് കമ്മിറ്റികൾ രൂപീകരിച്ചു. എന്ത് ഫലം? ഫിഷറീസ് വകുപ്പിൽ ചെല്ലുമ്പോൾ തുറമുഖ വകുപ്പിലാണെന്നും അവിടെ ചെല്ലുമ്പോൾ വിഴിഞ്ഞമാണെന്നും പറയും. അതുകൊണ്ട് ഈ നടപടി ശരിയല്ല. എത്രയുംവേഗം ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. എൻ. വിജയൻ പിള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും അനുകൂലിക്കുന്നു. വികസന പ്രശ്നങ്ങളിൽ നമ്മളൊക്കെ വിശാലമായ കാഴ്ചപ്പാടുകളാണ് അവതരിപ്പിക്കാറുള്ളത്. എന്നാലും നമ്മുടെ ദേശീയ പാതകളും പൊതുമരാമത്ത് റോഡുകളും ഗതാഗതയോഗ്യമാണെന്ന് വന്നാൽ പൊതുപരാതി ഗണ്യമായി കുറയും. കാരണം ലോകത്ത് ഏറ്റവും കൂടുതൽ വാഹനങ്ങളിൽ യാത്ര ചെയ്യുന്നത് മലയാളികളാണെന്നാണ് കണക്ക്. നമ്മുടെ പൊതുമരാമത്ത് പണികൾ വേഗത്തിലാക്കുവാൻ ഉതകുന്ന നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്. ഡിസൈനിംഗ്, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിൽ വരുത്തുന്ന കാലതാമസം മനസ്സ് മടുപ്പിക്കുന്നതാണ്, ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കി അനാവശ്യമായ കാത്തിരിപ്പ് ഒഴിവാക്കണം. കാത്തിരിപ്പ് പുതിയ കാലത്തിന് യോജിച്ചതല്ല. ചവറ മണ്ഡലത്തിലുള്ളവർ കോസ്റ്റൽ ഹൈവേയ്ക്കുവേണ്ടി കാത്തിരിക്കുകയാണ്. അവിടെ മിക്കയിടത്തും ആവശ്യത്തിന് സ്ഥലമുണ്ട്. സ്ഥലം ലഭ്യമായിടത്ത് ഉടൻതന്നെ റോഡ് പണിയുന്ന പുതിയ രീതി നടപ്പാക്കണം. ട്രാഫിക് തടസ്സങ്ങൾ നോക്കാതെ വേഗതയിലോടുന്ന വകുപ്പാണ് പൊതുമരാമത്ത്. റോഡുകളുടെ നിർമ്മാണത്തിലും ഈ വേഗത കണ്ടുതുടങ്ങിയിട്ടുണ്ട്. കിഫ്ബിയിൽ 51000 കോടി രൂപയുടെ പദ്ധതികൾ അംഗീകരിച്ചുകഴിഞ്ഞു. കിഫ്ബി വെറും തട്ടിപ്പാണെന്ന് പ്രചരിപ്പിക്കുന്ന മണ്ഡലങ്ങളിലും കിലോമീറ്റർ കണക്കിന് റോഡുകൾ ബി.എം. & ബി.സി.യിൽ നിർമ്മിക്കാൻ പോകുന്നു. കാലങ്ങളായി നിവേദനം കൊടുത്ത് മടുത്ത നിരവധി പാലങ്ങളും റോഡുകളും കിഫ്ബിയിൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ജോലികൾ പൂർത്തീകരിച്ചുകഴിഞ്ഞു. എല്ലാ ജില്ലാ സ്റ്റേറ്റ് റോഡുകളും ഒരു വർഷത്തിനുള്ളിൽ ആധുനിക രീതിയിൽ പുതുക്കിപ്പണിയുകയോ മെയിന്റനൻസ് ജോലികളോ ചെയ്ത് സഞ്ചാരയോഗ്യമാക്കും. കേരളത്തിലെ റോഡുകൾക്ക് ശാപമോക്ഷം ലഭിക്കും. വിനോദ സഞ്ചാരികളുടെയോ നാട്ടിലെ സ്ഥിരം വിമർശകരുടെയോ ആക്ഷേപങ്ങൾ കേട്ട് ഇനി നടക്കേണ്ടി വരില്ല. റോഡുകളിൽ ഗട്ടറുകൾ ഇല്ലാത്ത കാലം വരികയാണ്. എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട പൊതുമരാമത്ത് റോഡുകളുടെയെല്ലാം പണികൾ രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നാണ് അന്വേഷണത്തിൽ നിന്ന് ബോദ്ധ്യപ്പെട്ടത്. ഇപ്പോൾ എന്റെ മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം വിവിധ ഘട്ടങ്ങളിലാണ്. ഞാൻ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്. എ.എസ്., ടി.എസ്. എന്നിവ ലഭിക്കാത്ത വർക്കുകളൊന്നും എന്റെ മണ്ഡലത്തിൽ

അവശേഷിക്കുന്നില്ല. ഇത്തരത്തിൽ ചരിത്രം സൃഷ്ടിക്കുന്നതിലൂടെ ചരിത്ര പുരുഷനാകുകയാണ് നമ്മുടെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ജി. സുധാകരൻ. എല്ലാ ക്രെഡിറ്റും ഞാൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് നൽകുകയാണ്. തലപ്പത്തിരിക്കുന്ന ഭരണാധികാരി തന്റേടമുള്ളവനും ജനങ്ങളുടെ ആഗ്രഹങ്ങളൊക്കെ അറിയുന്നവനും ദീർഘകാല സമീപനമുള്ളവനും അഴിമതി രഹിതനുമായിരിക്കണം. ഭയം തീരെ ഉണ്ടാകരുത്. അങ്ങനെയുള്ള ആളായതിനാലാണ് റോഡ് നിർമ്മാണത്തിലെ അഴിമതി ശ്രദ്ധയിൽപ്പെട്ട ഉടനെ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചത്. ബഹുമാന്യനായ മന്ത്രി ജി. സുധാകരനോട് എനിക്കുള്ള ബഹുമാനവും സ്നേഹവും കൂടുന്നുവെന്ന് പറയാൻ മടിയില്ല. അദ്ദേഹത്തെ കേരളത്തിലെ ഏറ്റവും മിടുക്കനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയെന്ന് കാലം വിലയിരുത്തും. എന്നാലും പൊതുമരാമത്ത് വകുപ്പിലെ നിലവിലെ നടപടിക്രമങ്ങൾ പുതുക്കേണ്ടിയിരിക്കുന്നു. നമ്മുടെ കർമ്മങ്ങൾ കുറയ്ക്കാനായി നൽകുന്ന പല തീരുമാനങ്ങളും ഉദ്യോഗസ്ഥർ അട്ടിമറിക്കുന്നു. സങ്കീർണ്ണതകൾ കുറഞ്ഞ റോഡ് ടാറിംഗ് പോലുള്ള ജോലികൾ 15 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയണം. റീ-ടെണ്ടർ ചെയ്യേണ്ടിവരുന്ന അവസ്ഥ പുതിയ കാലത്ത് ഒഴിവാക്കേണ്ടതാണ്. റീടെണ്ടർ ഇല്ലാതെ തന്നെ വർക്കുകൾ ചെയ്യണം. അതിനായി പൊതുമരാമത്ത് ചട്ടങ്ങൾ ഭേദഗതി ചെയ്യണം. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 1484 കോടി രൂപയുടെയും കിഫ്ബിയിൽ വകയിരുത്തിയ 5379 കോടി രൂപയുടെയും പ്രവൃത്തികൾ പൂർത്തീകരിക്കുമ്പോൾ കേരളത്തിലെ ഗതാഗത രംഗം അത്ഭുതകരമായ നേട്ടങ്ങൾ കൈവരിക്കും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ഏറ്റവും വലിയ നേട്ടമുണ്ടാക്കുന്നത് പൊതുമരാമത്ത് വകുപ്പായിരിക്കും.

മി. ചെയർമാൻ: ദയവായി അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. എൻ. വിജയൻ പിള്ള: സർ, കഴക്കൂട്ടം-ചേർത്തല ദേശീയ പാതയുടെ സ്ഥലമെടുപ്പ് നടപടികൾക്ക് വേഗത കൂട്ടണം. ജനങ്ങൾ കാത്തിരിക്കുന്ന ആദ്യത്തെ വികസനം അതുതന്നെയാണ്. പൊതുമരാമത്ത് വകുപ്പിന് മാത്രമേ അത് ചെയ്യാൻ കഴിയുകയുള്ളൂ. ജനങ്ങൾ എന്നോട് പറയുന്ന കാര്യങ്ങളാണ് ഞാൻ ഇവിടെ പറയുന്നത്.

മി. ചെയർമാൻ: ദയവായി അങ്ങ് അവസാനിപ്പിക്കണം. സമയം കഴിഞ്ഞു.

ശ്രീ. എൻ. വിജയൻ പിള്ള: സർ, കേരളത്തിൽ അറിയപ്പെടുന്ന തുറമുഖങ്ങളിലൊന്നായിരുന്ന ചവറ നിയോജകമണ്ഡലത്തിലെ നീണ്ടകര. കേരളത്തിലെ ഏറ്റവും വലിയ മത്സ്യബന്ധന തുറമുഖങ്ങളിലൊന്നാണിത്. എന്നാൽ തുറമുഖത്തിന്റെ കാര്യത്തിൽ നീണ്ടകര പൂർണ്ണമായും അവഗണിക്കപ്പെട്ടു.

അവിടെയുണ്ടായിരുന്ന പോർട്ട് ഓഫീസ് അടച്ചുപൂട്ടി. ട്രക്കുകളുടെ അറ്റകുറ്റപണികൾക്കായുണ്ടായിരുന്ന മെക്കാനിക്കൽ വർക്ക്ഷോപ്പ് കൊല്ലത്തേയ്ക്ക് മാറ്റി. നീണ്ടകരയെ പൂർണ്ണമായും അവഗണിച്ചു. കരിമണലിന്റെ നാടാണ് ചവറ. ചവറയിൽ സ്ഥിതിചെയ്യുന്ന സ്ഥാപനമായ I.R.E.L (Indian Rare Earths Limited) കരിമണൽ വിദേശത്തേയ്ക്ക് കയറ്റി അയച്ചിരുന്നത് നീണ്ടകര തുറമുഖം വഴിയായിരുന്നു. ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്തിരുന്ന സ്ഥലമായിരുന്നു നീണ്ടകര. ഇപ്പോൾ അവിടെ പേരിന് ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് മാത്രമാണുള്ളത്. പ്രവർത്തനം നാമമാത്രമാണ്. കെട്ടിടം പണി പൂർത്തിയാക്കി ഉടൻതന്നെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, പൊതുമരാമത്ത് തുറമുഖ വകുപ്പുകളുടെ ബഡ്ജറ്റ് നിർദ്ദേശങ്ങളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വകുപ്പിൽ എൽ.ഡി.എഫ്. സർക്കാരിന്റെയും വകുപ്പുമന്ത്രിയുടെയും നേട്ടങ്ങൾ പറയുമ്പോൾ ആദ്യം പറയേണ്ടത് ഈ വകുപ്പിലെ അഴിമതിക്കാരെ ശരിയാക്കി എന്നതാണ്. പി.ഡബ്ല്യൂ.ഡി. എന്നത് അഴിമതിയുടെ പര്യായമായിരുന്നു. അത് ഒരു പരിധിവരെയെങ്കിലും മാറ്റാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സ്വീകരിച്ച ധീരമായ നടപടികളെ അഭിനന്ദിക്കുന്നു. നല്ല ഇച്ഛാശക്തിയുള്ള നടപടികളുണ്ടായാൽ ഏത് ഉദ്യോഗസ്ഥരും നേരെയാകുമെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് പൊതുജനങ്ങൾക്കിടയിലും ജീവനക്കാർക്കിടയിലും ഉറച്ചുപോയ ധാരണകൾ മാറ്റാനും നാടിന്റെ വികസന പദ്ധതികൾക്ക് ഊർജ്ജവും വേഗവും പകരാനും സാധിച്ചിട്ടുണ്ട്. ഭാരിച്ച സാമ്പത്തിക ബാദ്ധ്യതകളാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏറ്റെടുക്കേണ്ടിവന്നത്. ബാങ്ക് കരാറുകാർ ബാങ്കിൽനിന്നും ഡിസ്കൗണ്ട് ചെയ്ത വകയിലും ബാക്കി കൊടുക്കാനുള്ളതും പലവകയായും 5482 കോടിയോളം രൂപയുടെ ബാദ്ധ്യതകൾ തീർക്കേണ്ടിവന്നത് എൽ.ഡി.എഫ്. സർക്കാരാണ്. ബഡ്ജറ്റിലില്ലാത്ത 1199 കോടി രൂപയുടെ പ്രവൃത്തികൾക്ക് മുൻസർക്കാർ ഭരണാനുമതി നൽകി എന്നതാണ് വിചിത്രമായ മറ്റൊരു കാര്യം. ഭരണകക്ഷി എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ വാരിക്കോരി നൽകി. ഇന്ന് ഭരണപക്ഷ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ മണ്ഡലങ്ങളെയും തുല്യമായി പരിഗണിക്കുന്ന നിലവന്നു. ഇങ്ങനെ വന്നപ്പോൾ മുൻകാലത്ത് അവഗണിക്കപ്പെട്ട മണ്ഡലങ്ങൾക്ക് തുല്യമായി വർക്ക് കൊടുത്ത് അവരോട് നീതി പുലർത്താൻ ബഹുമാനപ്പെട്ട മന്ത്രി പരിശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അന്ന് ഭരണപക്ഷത്തായിരുന്ന ചില ആളുകൾ മണ്ഡലം മാറി. അവർക്ക് അതിന്റെ ആവശ്യമില്ല. മറ്റുള്ളവർക്ക് അത് കൊടുക്കാൻ ബഹുമാന്യനായ മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നാണ്

എനിക്ക് പറയാനുള്ളത്. പുതിയ ആശയങ്ങളും നിർദ്ദേശങ്ങളും നടപ്പിലാക്കാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാകുന്നത് നാടിന് ഏറെ ഗുണകരമാണ്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതും പുതിയ സമ്പ്രദായമായ 'കോൾഡ് റീസൈക്ലിംഗ് ടെക്നോളജി' ഉപയോഗിച്ച് നടത്തുന്ന റോഡ് നിർമ്മാണവും ശ്രദ്ധേയമായ പ്രവർത്തനമാണ്. അത് നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യത്തിന് പരിഹാരം കാണുന്നതിനും പ്രകൃതിചൂഷണം കുറയ്ക്കുന്നതിനും സഹായകരമാണ്. 2016-17-ൽ 1302 കോടി രൂപ വകയിരുത്തി കുടിശ്ശികയടക്കം 5272 കോടി രൂപ അനുവദിച്ചു. 2017-18-ൽ 1544 കോടി രൂപ വകയിരുത്തി; 1580 കോടി രൂപ ചെലവഴിച്ചു. 2018-19-ൽ 1704 കോടി രൂപ പൊതുമരാമത്ത് റോഡുകൾക്കും പാലങ്ങൾക്കുമായി വകയിരുത്തി. ഇതിനുപുറമെ കിഫ്ബിയിൽ 5379 കോടി രൂപയുടെ പ്രവൃത്തികളും നടപ്പിലാകുന്നതോടെ വികസന കാര്യത്തിൽ വിപ്ലവകരമായ പുരോഗതിയാണ് കേരളത്തിലുണ്ടാകാൻ പോകുന്നതെന്ന് കാണാൻ കഴിയും. പൊതുമരാമത്ത് വകുപ്പ് നവീകരിക്കുന്നതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷനിലും ഡിസൈനിംഗിലുമുള്ള ദൗർലഭ്യങ്ങൾ പരിഹരിക്കുന്നതിന്, ബഡ്ജറ്റ് നിർദ്ദേശങ്ങൾ കാലാനുസൃതമാക്കി, സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ സ്വീകരിക്കുന്ന പരമ്പരാഗത രീതികൾ മാറ്റി കെട്ടിടത്തിന്റെ ബലത്തോടൊപ്പം സൗകര്യവും സൗന്ദര്യവും ഉറപ്പുവരുത്തണം. പരിസ്ഥിതി സൗഹൃദവും കാലാവസ്ഥയ്ക്കും പ്രകൃതിക്കും അനുയോജ്യവുമായ നിർമ്മാണശൈലികളിലേയ്ക്ക് മാറാൻ കഴിയണം. ഈ കാര്യത്തിൽ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ അഭിനന്ദനാർഹമാണ്. റോഡ് വികസന പ്രവൃത്തികൾക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ അവിടെ വർഷങ്ങളായി താമസവും വ്യാപാരവും നടത്തിവരുന്നവർ വഴിയാധാരമാകുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഈ സ്ഥിതി ഒഴിവാക്കാൻ പുനരധിവാസ പാക്കേജുണ്ടാകണം. നിലവിലുള്ള പാക്കേജ് പര്യാപ്തമല്ല. വ്യാപാരികളെ സംരക്ഷിക്കാൻ പുതിയ പാക്കേജുണ്ടാവണം. ഇപ്പോൾ എൻ.എച്ച്. 17-ൽ തലശ്ശേരി മുതൽ കരിവള്ളൂർ വരെ ഏകദേശം ആയിരത്തിലധികം കച്ചവടക്കാരെയാണ് ഒഴിപ്പിക്കൽ ബാധിക്കുന്നത്. അവരെ പുനരധിവസിപ്പിക്കുന്നതിന് ബദൽ സംവിധാനമുണ്ടാകണം. വികസനത്തിന് വ്യാപാരികൾ എതിരല്ല. അവർക്ക് സംരക്ഷണം നൽകാൻ വേണ്ടത് ചെയ്യണം.

സാധാരണ പാലങ്ങൾ അപകടം നടക്കുമ്പോൾ മാത്രമാണ് പുതുക്കിപ്പണിയാറുള്ളത്. എന്നാൽ ഇപ്പോൾ സംസ്ഥാനത്ത് ആദ്യമായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 2529 പാലങ്ങളുടെ ഉറപ്പ് സംബന്ധിച്ച സർവ്വേ പൂർത്തീകരിച്ചു. 162 എണ്ണം പുനർനിർമ്മിക്കാനും 208 എണ്ണം

പുനരുദ്ധരിക്കാനും ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചതിന് വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട ചില പ്രയാസങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കുകയാണ്. സംസ്ഥാനത്ത് മൂന്ന് ഡിവിഷണൽ ഓഫീസുകൾ മാത്രമാണുള്ളത്. ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക വരെയാണുള്ളത്. ഇവർക്ക് രണ്ട് ലക്ഷം രൂപവരെയാണ് സാമ്പത്തികാധികാരം. പ്രവൃത്തികളിൽ അധികവും രണ്ട് ലക്ഷത്തിൽ കൂടുതലുള്ളതാണ്. എല്ലാ വർക്കുകൾക്കും ഡിവിഷണൽ ഓഫീസുകളിൽനിന്നും അംഗീകാരം ലഭിക്കേണ്ടി വരുന്നതുകാരണം പ്രവൃത്തികൾ നടത്താൻ കാലതാമസം നേരിടുന്നുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ സാമ്പത്തിക അധികാരപരിധി വർദ്ധിപ്പിച്ച് ഇതിന് പരിഹാരം കാണുന്നത് നല്ലതാണ്. അതോടൊപ്പം കെട്ടിടങ്ങളുടെ പണി തീർന്നതിനുശേഷം ഇലക്ട്രിക്കൽ പണി ടെണ്ടർ ചെയ്യുന്ന ഇന്നത്തെ രീതി മാറ്റണം. നിർമ്മാണ പ്രവൃത്തികളുടെ കൂടെത്തന്നെ ഇലക്ട്രിക്കൽ വർക്ക് തീർക്കാൻ കഴിയുന്നതാണ്.

ഇനി തുറമുഖവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാൻ ഉദ്ദേശിക്കുകയാണ്. കേരളത്തിന്റെ തുറമുഖങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് വലിയ മുന്നേറ്റം ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഉണ്ടായതായി കാണാൻ കഴിയും. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഏറ്റവും വലിയ അഴിമതിയും ക്രമക്കേടും നടന്ന വകുപ്പുകളിലൊന്നാണ് തുറമുഖ വകുപ്പെന്നും വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട് സംസ്ഥാന താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ വമ്പൻ സാമ്പത്തിക ക്രമക്കേടുകൾ നടന്നുവെന്നും സി.&എ.ജി. ചൂണ്ടി കാണിക്കുകയുണ്ടായി. സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന സാമ്പത്തിക പദ്ധതികളിൽ ഇളവ് അനുവദിക്കുന്നത് 30 വർഷത്തേയ്ക്കാണ്. എന്നാൽ അദാനിയുമായി ഒപ്പിട്ട വിഴിഞ്ഞം കരാർ 40 വർഷത്തേയ്ക്കാണ് ഇളവുകൾ നൽകിയത്. ഈ കരാർ പ്രകാരം പത്ത് ശതമാനം തുകപോലും സർക്കാരിന് ലഭിക്കുകയില്ല എന്ന് സി. &എ.ജി. ചൂണ്ടിക്കാട്ടുന്നു. പദ്ധതിക്കായി കണക്കാക്കിയ 7525 കോടി രൂപ ചെലവിന്റെ 67 ശതമാനം, അതായത് 5071 കോടി രൂപ മുടക്കുന്നത് കേരള സർക്കാരാണ്. ബാക്കി 33 ശതമാനം മുടക്കുന്ന അദാനിക്ക് 90 ശതമാനം ലാഭം ലഭിക്കുന്നു. ഈ കരാറിനെതിരെ രൂക്ഷമായ വിമർശനം കേരള ഹൈക്കോടതിയിൽ നിന്നുപോലുമുണ്ടായി. ഇവർ കേരളത്തിന്റെ പൊതുമുതൽ വിൽപ്പന നടത്തുകയാണോ എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിന്റെ മേൽത്തട്ടിൽ നടന്ന അഴിമതിയുടെ കാര്യമാണ് സി.&എ.ജി.യുടെ റിപ്പോർട്ടിൽ പറഞ്ഞത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് പണം ചെലവഴിച്ചപ്പോൾ മാനദണ്ഡം പാലിക്കാതെ നടത്തിയ

ക്രമക്കേടുകൾ ഇതിനുപുറമെയാണ്. ഈ കരാർ റദ്ദാക്കിക്കൂടെ എന്ന് വിചിത്രമായ വാദം യു.ഡി.എഫ്.-കാരിൽ ചിലർ ഉയർത്താറുണ്ട്. ഓരോ സർക്കാരും തുടർച്ചയാണെന്നും കരാറുകളിൽനിന്നും പിൻമാറിയാൽ കൊടുക്കേണ്ട ഭീമമായ നഷ്ടപരിഹാരം സർക്കാരിന് താങ്ങാൻ കഴിയില്ലെന്നതും ഇതുവരെ ചെലവാക്കിയ കോടികൾ പാഴാകുമെന്നതിനെക്കുറിച്ചും ഇവർ ഓർക്കാറില്ല. ഇന്ന് ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ സൂചിപ്പിച്ചത്, 128 ഏക്കർ ഭൂമിയും നിർമ്മാണത്തിനാവശ്യമായ പണവും മറ്റ് ആനുകൂല്യങ്ങളും സർക്കാർ നൽകുന്ന സാഹചര്യത്തിൽ ഇതേ ഭൂമി പണയപ്പെടുത്തി വായ്പയെടുക്കാമെന്ന വ്യവസ്ഥ സർക്കാരിന് ബാദ്ധ്യതയാകും എന്നാണ്. മാത്രമല്ല, 30 ഏക്കർ സ്ഥലം വാണിജ്യാവശ്യത്തിന് ഉപയോഗിക്കാമെന്നും പറയുന്നു. മറ്റ് ചെലവുകൾക്ക് 2013-ൽ കണക്കാക്കിയത് 634 കോടി രൂപയാണ്. 2015 ആയപ്പോൾ അത് 934 കോടി രൂപയായി. പുലിമുട്ട് നിർമ്മാണം 765 കോടിയിൽനിന്നും 1463 കോടി രൂപയാക്കി ഉയർത്തി. ഈ അഴിമതികൾ എത്ര ഭീകരമാണ്. വടക്കൻ കേരളത്തിന്റെ വികസനത്തിന് വേഗം നൽകാൻ അഴീക്കൽ തുറമുഖത്തിന് സാധിക്കും. അതിന് 500 കോടി രൂപ മുതൽ മുടക്കിൽ അതിവേഗം പുരോഗമിക്കുന്ന പ്രവർത്തനം മാതൃകാപരമാണ്. തുറമുഖ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 17 നോൺ മേജർ തുറമുഖങ്ങളിലൊന്നായ ബേപ്പൂർ തുറമുഖം എന്റെ നിയോജക മണ്ഡലത്തിലാണ്. ഈ തുറമുഖം ചരിത്രപരമായും വാണിജ്യപരമായും ഏറെ പ്രസക്തിയുള്ളതാണ്. അവിടുത്തെ കപ്പൽ ചാലിന്റെ ആഴം 7 മീറ്ററാക്കി വർദ്ധിപ്പിക്കണം. ഇതുവരെ അത് ആയിട്ടില്ല. അടിഞ്ഞുകൂടിയ മണ്ണ് ഡ്രഡ്ജ് ചെയ്തെടുക്കുന്ന പ്രവൃത്തിയാണ് ഇപ്പോൾ നടക്കുന്നത്. വിനോദസഞ്ചാരത്തിന് കൂടുതൽ ഗുണകരമാകുന്ന തരത്തിൽ വാട്ടർ ടൂറിസം ഇവിടെ ആരംഭിക്കുന്നതിന് പദ്ധതികൾ കൊണ്ടുവരുന്ന നടപടികളെ സ്വാഗതം ചെയ്യുന്നു. ബേപ്പൂർ കോവിലകം ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതോടെ വികസനത്തിന്റെ വേഗം കൂടും. വാർഫിന്റെ നീളം 200 മീറ്റർ കൂട്ടുന്നതിന്റെ പ്രവർത്തനം വേഗത്തിൽ ആരംഭിക്കണം. 2012-ൽ ലക്ഷദ്വീപിന് വാർഫുണ്ടാക്കാൻ നൽകിയെങ്കിലും ഇതുവരെയും ഒന്നും നടത്തിയിട്ടില്ല. അവരുമായുണ്ടാക്കിയ കരാർ റദ്ദാക്കി അവിടെ തുറമുഖ വകുപ്പ് നേരിട്ട് കപ്പൽ വരുന്നതിനും ചരക്ക് ഇറക്കുന്നതിനും കയറ്റുന്നതിനും സൗകര്യം ഒരുക്കണം. ഈ കാര്യത്തിൽ പ്രത്യേകമായ ഒരു പരിഗണന ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി ബേപ്പൂരിന് നൽകുമെന്ന് പ്രതീക്ഷിക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പരമാവധി കാര്യക്ഷമമായി നിർവ്വഹിക്കുക എന്നുള്ളത് നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി പുരോഗതിക്ക് അത്യാവശ്യമാണ്. ഇക്കാര്യത്തിൽ

ബഹുമാന്യനായ മന്ത്രി ജി. സുധാകരന്റെ നേതൃത്വത്തിൽ കാര്യക്ഷമതയോടെ നടക്കുന്ന നല്ല പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ റോഡുകളുടെ എണ്ണം വർദ്ധിക്കുന്നില്ല, വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുകയാണ്. വാഹനങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് ഗതാഗതക്കുരുക്കും വർദ്ധിക്കുകയാണ്. ഈ ഒരു സാഹചര്യത്തിൽ പുതിയ ബൈപ്പാസ് റോഡുകളെക്കുറിച്ചാണ് ഇനി കേരളത്തിൽ ചിന്തിക്കാൻ കഴിയുന്നത്. അതിപ്പോൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. അത് മുന്നോട്ട് കൊണ്ടുപോകാൻ ഗവൺമെന്റ് ശ്രമിക്കുന്നുവെന്നത് നല്ല കാര്യമാണ്. എനിക്ക് സൂചിപ്പിക്കാനുള്ളത്, കാലങ്ങളായി തുടങ്ങാൻ കഴിയാത്തതും മുടങ്ങിക്കിടക്കുന്നതും വിവിധ പ്രശ്നങ്ങളിൽ കുടുങ്ങിക്കിടക്കുന്നതും കേരളത്തിന്റെ വിവിധ പട്ടണങ്ങളെ ഗതാഗതക്കുരുക്കിൽനിന്നും രക്ഷപ്പെടുത്താനുള്ള മാർഗ്ഗവുമെന്ന നിലയിൽ ബൈപ്പാസ് റോഡുകളുടെയും ഫ്ലൈ ഓവറുകളുടെയും ഒരു മാസ്റ്റർ പ്ലാൻ കേരളത്തിൽ ഉണ്ടാകേണ്ടത് ആവശ്യമാണ് എന്നാണ്. മണ്ഡലങ്ങൾ നോക്കി ഒരു വേർതിരിവിലല്ല അത് ചെയ്യേണ്ടത്. ഇന്ന് പ്രധാന പട്ടണങ്ങളിലൂടെയെല്ലാം കടന്നുപോകേണ്ടത് പൊതുവായി എല്ലാ മനുഷ്യരുടെയും ആവശ്യമാണ്. അതുകൊണ്ട് കേരളത്തിൽ ഇത്തരത്തിൽ മുടങ്ങിക്കിടക്കുന്നതും ഇനി തുടങ്ങേണ്ടതുമായ പ്രവൃത്തികൾക്ക് മുൻഗണന കൊടുത്തുകൊണ്ട് വരുന്ന മൂന്ന് വർഷങ്ങൾക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് ഏറ്റവും അത്യന്താപേക്ഷിതമാണ്. അതിന് ഫ്ലൈ ഓവറുകളെയും ബൈപ്പാസ് റോഡുകളെയും ചേർത്തുകൊണ്ട് ഒരു കർമ്മപരിപാടിക്ക് രൂപം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. റോഡ് ഗതാഗതം സങ്കീർണ്ണമാകുമ്പോൾ ജലഗതാഗതത്തിന്റെ പ്രാധാന്യം കേരളത്തിൽ വർദ്ധിച്ചിരിക്കുകയാണ്. നിർഭാഗ്യവശാൽ അതിനനുസൃതമായി നമ്മുടെ ഗവൺമെന്റിന് മുന്നോട്ടുവരാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് പ്രത്യേകമായി പരിശോധിച്ച് കുറെ നടപടികളിലേക്ക് വരുന്നത് സ്വാഗതാർഹമാണ്. ജലപാത വികസനത്തിന്റെ ഭാഗമാണ് നമ്മുടെ തുറമുഖങ്ങളുമായി ബന്ധപ്പെട്ടുള്ളത്. കേരളത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ പരിശോധിച്ചാൽ തുറമുഖങ്ങളുടെ കാര്യത്തിൽ പൗരാണികമായ ഒരു പശ്ചാത്തലം നമുക്കുണ്ട്. വാണിജ്യവും വ്യവസായവും സംസ്കാരവുമായി ഒക്കെ അതിന് ബന്ധമുണ്ട്. വ്യവസായ വികസനത്തോടൊപ്പം തുറമുഖങ്ങളുടെ പുരോഗതി എന്നുപറയുന്നത് കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമാണ്. നമ്മൾ സമരങ്ങളിലൂടെ നേടിയെടുത്ത വിഴിഞ്ഞം പോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതാവസ്ഥയിലേക്ക് പോകാൻ ഒരിക്കലും അനുവദിക്കാൻ പാടില്ല. അവിടത്തെ ജനങ്ങളുടെ പ്രശ്നം

പരിഹരിക്കപ്പെടണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല; അത് അത്യാവശ്യമാണ്. രാഷ്ട്രീയ തർക്കങ്ങളിൽ കുടുങ്ങി, നമുക്ക് ലഭിച്ച വിഴിഞ്ഞം പദ്ധതി നഷ്ടപ്പെട്ടുവെന്ന് പറഞ്ഞാൽ തലമുറകൾ ക്ഷമിക്കാത്ത കാര്യമാണ്. അതുകൊണ്ട് ഗവൺമെന്റ് അക്കാര്യത്തിൽ മുൻഗണന കൊടുത്തുകൊണ്ട് അത് പൂർത്തീകരിക്കുന്നതിനുള്ള നടപടികളിലേക്ക് വരണം. അതുപോലെ മറ്റ് തുറമുഖങ്ങളുമായി ബന്ധപ്പെട്ട വികസനവും. ജലപാതാ വികസനത്തിനും റോഡ് വികസനത്തിനും ഒരുപോലെ മുൻഗണന കൊടുത്തുകൊണ്ട് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. റോഡ് വികസന രംഗത്ത് വൈവിദ്ധ്യവും ആധുനികവൽക്കരണവും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ നല്ല കാഴ്ചപ്പാടുള്ളയാളാണ്. അത് ഒരു അനുഗ്രഹവുമാണ്. അദ്ദേഹം ദിശാബോധത്തോടെയും കാഴ്ചപ്പാടോടെയും ഇക്കാര്യങ്ങൾ പ്ലാൻ ചെയ്യുന്നു. ഇവിടെ പലരും അക്കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിനനുസൃതമായി കാര്യങ്ങൾ നടക്കണമെങ്കിൽ ഉദ്യോഗസ്ഥതലത്തിലുള്ള നടപടികൾ വേഗത്തിലാക്കേണ്ടതുണ്ട്. ഉദാഹരണത്തിന് കിഫ്ബി - ഗവൺമെന്റിന്റെ മേജർ പ്രോജക്ടുകളെല്ലാം വരുന്നത് കിഫ്ബി വഴിയാണ്. പക്ഷേ കിഫ്ബിക്ക് ഇഴഞ്ഞുനീങ്ങുന്ന ഒരവസ്ഥയാണുള്ളത്. സ്വാഭാവികമായും ഒരു പുതിയ പദ്ധതി ആരംഭിച്ചാൽ വർഷങ്ങൾ എടുക്കുമെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എങ്കിൽപ്പോലും കിഫ്ബിയുടെ വേഗത വർദ്ധിപ്പിക്കേണ്ടതുണ്ട്. മേജർ പ്രോജക്ടുകൾ ഇംപ്ലിമെന്റ് ചെയ്യാൻ വളരെയേറെ സമയം എടുക്കുകയാണ്. അതിനാൽ തൃപ്തികരമായ ഒരു പരിഹാരത്തിലേക്ക് വരാൻ കഴിയണം.

അതോടൊപ്പംതന്നെ എഞ്ചിനീയർമാരുടെ അഭാവമുണ്ട്. റോഡ് പണികളെല്ലാം നന്നായി നടക്കണമെന്ന നിലപാട് സ്വീകരിക്കുമ്പോൾത്തന്നെ ഇതാര് നോക്കും? പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ലിസ്റ്റ് അനുസരിച്ച് ആയിരത്തോളം പേരെ ഡിപ്പാർട്ട്മെന്റിൽ അടിയന്തര ആവശ്യമുണ്ട് - 500 എഞ്ചിനീയർമാർ, 500 ഓവർസിയർമാർ. റോഡ് പണി നോക്കാൻ പോകാൻ ഓവർസിയർമാരില്ല. എ.ഇ.-മാർ തന്നെ റോഡുപണി നോക്കാൻ പോകുന്ന ഒരു സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. എ.ഇ.-മാർക്ക് ജോലി ഭാരം വർദ്ധിക്കുന്നു. എ.ഇ.-മാരുടെയും ഓവർസിയർമാരുടെയും കുറവ് പരിഹരിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. ടാറിന്റെ ദൗർലഭ്യത്തെക്കുറിച്ച് ഇവിടെ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ഏറ്റവും വലിയ പ്രശ്നമായി വരികയാണ്. വർക്ക് അറേഞ്ച്ചെയ്ത് സമയത്ത് നടത്താൻ കഴിയുന്നില്ല. ടാറിന്റെ ദൗർലഭ്യം പരിഹരിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാകേണ്ടതായിട്ടുണ്ട്. മൺസൂൺ

വരുന്നതിനുമുമ്പ് റോഡിന്റെ അറ്റകുറ്റപ്പണി പൂർത്തിയാക്കിയില്ലെങ്കിൽ അങ്ങ് ചെയ്യുന്ന നല്ല പ്രവർത്തനത്തിന്റെ ശോഭ നഷ്ടപ്പെടും. 10 കോടി രൂപ എം.എൽ.എ.മാരുടെ പ്രൊപ്പോസൽ ചോദിച്ചു. ഞങ്ങൾക്കെല്ലാം സന്തോഷമുണ്ട്. അത് ഗവൺമെന്റിൽ എത്തിയിരിക്കുകയാണ്. അങ്ങയുടെ കുറ്റമല്ല. അങ്ങ് ഗവൺമെന്റിലും ധനകാര്യ വകുപ്പിലുമൊക്കെ ഫയൽ അയച്ചതായി മനസ്സിലാക്കുന്നു. എന്തായാലും ഗവൺമെന്റ് തലത്തിൽ തീരുമാനമെടുത്തു കൊണ്ട് 10 കോടി രൂപയുടെ വർക്ക് കേരളമൊട്ടാകെ കൊടുക്കാൻ കഴിഞ്ഞാൽ ഗവൺമെന്റിനത് ഏറ്റവും വലിയ ഇമേജായിരിക്കും. കാരണം റോഡ് നന്നാകും, സംസ്ഥാനത്തൊട്ടാകെ റോഡ് നന്നാക്കാൻ കഴിയുന്ന ഒരു നല്ല സാഹചര്യത്തിലേക്ക് വരാൻ കഴിയും. അതുപോലെതന്നെ അപകടാവസ്ഥയിലായ പാലങ്ങളുടെ പുനർനിർമ്മാണം. പി.ഡബ്ല്യു.ഡി. തയ്യാറാക്കിയ ലിസ്റ്റനുസരിച്ച് 158 പാലങ്ങൾ, മുന്നൂറോളം കലുങ്കുകൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്. അത് നടപ്പാക്കാൻ കഴിയാത്ത ഒരു സാഹചര്യം നിലനിൽക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഫണ്ടിന്റെ അപര്യാപ്തതയാണ് വിഷയം. ഇപ്പോൾ അപകടാവസ്ഥയിലായ പാലങ്ങൾ പുതുക്കി നിർമ്മിക്കുന്ന കാര്യത്തിൽ, ഒറ്റയടിക്ക് മുഴുവൻ പാലങ്ങളും നിർമ്മിക്കാൻ സാധിക്കില്ലെന്ന് എം.എൽ.എ.-മാർക്ക് എല്ലാവർക്കുമറിയാം. എങ്കിലും ഏറ്റവും ഗുരുതരമായിട്ടുള്ള കാര്യങ്ങൾ കണ്ടെത്തി അത് നന്നാക്കാൻ കഴിയുന്ന ഒരു നടപടിയിലേക്ക് വരാൻ കഴിയണം എന്നഭ്യർത്ഥിക്കുകയാണ്. അതോടൊപ്പംതന്നെ, ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, മാന്വൽ പരിഷ്കരണമാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യങ്ങളിലെല്ലാം വളരെ കാഴ്ചപ്പാടുള്ള ആളാണ്. മാന്വൽ പരിഷ്കരണവുമായി ബന്ധപ്പെട്ട് കുറെ അപാകതകൾ നിലനിൽക്കുകയാണ്. മാന്വൽ പരിഷ്കരണം നടത്തിയെന്നുള്ളത് കേരളത്തിന്റെ അനുഗ്രഹമാണ്. പക്ഷേ അതിൽ വന്നിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതുണ്ട്. കരാറുകാരും എഞ്ചിനീയർമാരും ഉന്നയിക്കുന്ന വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി അങ്ങ് ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തുകൊണ്ട് മാന്വൽ പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കേണ്ടത് മെച്ചപ്പെട്ട നിലവാരത്തിൽ റോഡ് നിർമ്മാണം നടക്കുവാനും തൃപ്തികരമായ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും നമുക്കാവശ്യമാണ്. ഇന്ന് നിർമ്മാണ മേഖലയിലെ ഏറ്റവും വലിയ പ്രതിസന്ധി മെറ്റീരിയലിന്റെ ഷോർട്ടേജാണ്. ഇതിൽ അന്യായമായ കൊള്ള നടക്കുകയാണ്. ഇവിടെ മെറ്റീരിയലിന്റെ കാര്യത്തിൽ ക്വാറികൾ തന്നെ റേറ്റുകൾ

നിശ്ചയിക്കുകയാണ്. ക്വാറികളിലെ മെറ്റീരിയലിന് 30 രൂപയായിരുന്നത് ചില നിയന്ത്രണങ്ങൾ വന്നുകഴിഞ്ഞപ്പോൾ 55-60 രൂപയിലേക്ക് വരികയാണ്. എസ്റ്റിമേറ്റ് അനുസരിച്ച് എങ്ങനെ വർക്ക് നടത്തും; 55-60 രൂപയിലേക്ക് വന്നിരിക്കുന്നത് കോമ്പൻസേറ്റ് ചെയ്തുകൊടുക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. ഇങ്ങനെയുള്ള ക്വാറികൾ അടക്കമുള്ളവയെ നിയന്ത്രിക്കുന്നതിനുള്ള ഒരു സംവിധാനം ഗവൺമെന്റ് കൂട്ടായി ആലോചിച്ച് ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. നിയന്ത്രണ വിധേയമായി കാര്യങ്ങൾ ചെയ്യണം. 25-30 രൂപയായിരുന്നത് 55-60 രൂപയിലേക്ക് പെട്ടെന്ന് മാറുകയാണ്. അതിന് കഴിയുന്ന വിധത്തിലുള്ള ശക്തമായ ഒരു ഇടപെടൽ ആർജ്ജവത്തോടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അങ്ങേയ്ക്ക് മാത്രമായി കഴിയില്ലെന്ന് അറിയാം. എങ്കിലും ഗവൺമെന്റ് ഇക്കാര്യത്തിൽ കൂട്ടായി ആലോചിക്കണം. ഒരു നിർദ്ദേശംകൂടി മുന്നോട്ടുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. കർണാടകയിലും തമിഴ്നാട്ടിലും ഗവൺമെന്റ് സെക്ടറിൽ നിൽക്കുന്ന ക്വാറികൾ ഗവൺമെന്റ് ലേലം ചെയ്ത് ലീസിന് കൊടുക്കുകയാണ്. ഇങ്ങനെ കൊടുക്കുന്നതിനെത്തുടർന്ന് 26, 27, 30 രൂപയ്ക്ക് മെറ്റീരിയൽ കിട്ടുന്ന സാഹചര്യം കർണാടകയിലും തമിഴ്നാട്ടിലും ഗവൺമെന്റ് സെക്ടറിലുണ്ട്. കേരളത്തിൽ ഇത്തരത്തിലുള്ള ഒരു സാദ്ധ്യതയെക്കുറിച്ച് പ്രത്യേകമായി പരിശോധിക്കണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

കരാറുകാരുടെ കുടിശ്ശിക ഇപ്പോൾ തീർക്കേണ്ടത് ഒരാവശ്യമാണ്. പലതരത്തിലുള്ള സംവിധാനങ്ങളും ഗവൺമെന്റ് ചെയ്യുന്നുണ്ട്. എങ്കിലും കരാറുകാരുടെ കുടിശ്ശികകൂടി കൊടുത്തുതീർക്കാൻ കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ തൃപ്തികരമായി കൊണ്ടുപോകാൻ കഴിയും. അതിന് കഴിയുന്ന വിധത്തിലുള്ള ഒരു സാഹചര്യം നമുക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. കരാറുകാരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് അതുചെയ്യണം. കുഴപ്പക്കാരായിട്ടുള്ളവരുടെ മേലുള്ള നടപടി നല്ലതാണ്. പക്ഷേ അവർ ചെയ്യുന്ന നന്മ നിറഞ്ഞ പ്രവർത്തനങ്ങളെ നമുക്ക് കാണേണ്ടതായിട്ടുണ്ട്. അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് നല്ല നിലയിൽ കാര്യങ്ങൾ കൊണ്ടുപോകുന്നതിനുള്ള സാഹചര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഉണ്ടാകട്ടെ എന്ന് സൂചിപ്പിക്കുന്നു. അങ്ങ് നീതിപൂർവ്വമായി എല്ലാവർക്കും പരിഗണന നൽകുന്നതിന് പ്രത്യേകം നന്ദി പറയുകയാണ്. ഞാൻ ഒറ്റക്കാര്യംകൂടി ചൂണ്ടിക്കാണിക്കുകയാണ്. കഴിഞ്ഞ തവണ പല അപാകതകളുണ്ടായിട്ടുണ്ട് എന്നുള്ള കാര്യം പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. പക്ഷേ ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി

ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എല്ലാ എം.എൽ.എ.-മാർക്കും 5 കോടി രൂപ വീതം എം.എൽ.എ. അസെറ്റ് ഫണ്ട് എന്ന നിലയിലുള്ള ഒരു പദ്ധതി കേരളത്തിൽ ആരംഭിച്ചത് നീതിപൂർവ്വമായ പരിഗണനയുടെ മറ്റൊരുദാഹരണമാണ്. ഇവിടെ 140 എം.എൽ.എ.-മാർക്കും ഭരണ-പ്രതിപക്ഷ ഭേദമെന്യേ അനുവദിച്ചു. ഇന്നും നമ്മുടെ മണ്ഡലങ്ങളിലെ വിവിധ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നത് ഈ 5 കോടി രൂപ എല്ലാ വർഷവും എല്ലാവർക്കും കിട്ടുന്ന എം.എൽ.എ. അസെറ്റ് ഫണ്ടിന്റെ ഭാഗമായാണ് എന്നുള്ളത് വിസ്മരിക്കരുത് എന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ബഹുമാന്യനായ പി.ഡബ്ല്യു.ഡി. മന്ത്രി 140 മണ്ഡലങ്ങൾക്കും നീതിപൂർവ്വമായ പരിഗണന നൽകിക്കൊണ്ട് ഫണ്ട് നൽകാനും റോഡുകൾ നന്നാക്കാനും കഴിയുന്ന സാഹചര്യം ഉണ്ടാക്കിയെന്നുള്ളതിൽ പ്രത്യേകം നന്ദിയുണ്ട്. ഞാൻ അക്കാര്യങ്ങൾക്ക് ബഹുമാന്യനായ മന്ത്രിയെ പ്രത്യേകമായി ഈയവസരത്തിൽ അഭിനന്ദിക്കുന്നു. ഒരു വൺടൈം ടാറിംഗിനുവേണ്ടിയുള്ള പരിഗണന പി.ഡബ്ല്യു.ഡി.-യുടെ നേതൃത്വത്തിൽ നേരത്തേ ചെയ്തിട്ടുണ്ട്.

<u>മി. ചെയർമാൻ</u>: പ്ലീസ്....അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, തീർച്ചയായും അത് ഗവൺമെന്റ് തലത്തിൽ കൊണ്ടുവരുന്നതിനുള്ള സാഹചര്യം ഉണ്ടാകട്ടെ. ധാരാളം കാര്യങ്ങൾ ഇവിടെ വിശദീകരിച്ച് പറയുന്നില്ല. സമയത്തിന്റെ കാര്യത്തിൽ നിയന്ത്രണമുള്ളതുകൊണ്ട് ഞാൻ ചുരുക്കുന്നു. കടുത്തുരുത്തിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് റ്റി. ബി. പൂർത്തിയാക്കി. ഞാൻ മന്ത്രിയായിരുന്നപ്പോൾ തുടങ്ങിയതാണ്. അദ്ദേഹം അവിടെ സ്റ്റാഫിനെ തന്നു; തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി എടുത്തു. ഇവിടെ റ്റി.ബി.-കൾ ശുദ്ധീകരിച്ചതിനെക്കുറിച്ച് പറയുകയുണ്ടായി. ഇനിയും അങ്ങയുടെ ഇടപെടൽ റ്റി.ബി.കളുടെ കാര്യത്തിലുണ്ടാകണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ, നല്ല റോഡുകളുണ്ടാകുമ്പോൾ അപകടങ്ങളും വർദ്ധിക്കുന്നു. റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട് ഒരു പദ്ധതികൂടി തയ്യാറാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഏതാനും സമയം കൂട്ടിനൽകിയതിന് ബഹുമാനപ്പെട്ട ചെയറിന് നന്ദികൂടി പറഞ്ഞുകൊണ്ട് പ്രസക്തമായ ചർച്ച നടക്കുന്ന ഈ സന്ദർഭത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ ബഹുമാന്യനായ ജി. സുധാകരന്റെ നേതൃത്വത്തിന് കഴിയട്ടെ എന്നാഗ്രഹിക്കുന്നു. അതിന് എല്ലാ ആശംസകളും അറിയിക്കുകകൂടി ചെയ്തുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എം. മുകേഷ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും

അനുകൂലിക്കുന്നു. ഒരു സമൂഹത്തിന്റെ സംസ്കാരം അവർ റോഡിൽ എങ്ങനെ പെരുമാറുന്നുവെന്നതിനെ അടിസ്ഥാനമാക്കി വിലയിരുത്താറുണ്ട്. അതുകൊണ്ടാണ് റോഡ് കൾച്ചർ എന്ന പ്രയോഗംതന്നെ ഉണ്ടായത്. പൊതുനിരത്തിൽ എന്ത് ചെയ്യുന്നുണ്ടോ അതാണ് ഒരു സമൂഹത്തിന്റെ യഥാർത്ഥ മനോഭാവം. ട്രാഫിക് നിയമങ്ങൾ ലംഘിക്കുക, മത്സരയോട്ടം നടത്തുക, റോഡപകടങ്ങളിൽപ്പെടുന്നവരെ കണ്ടില്ലെന്ന് നടിക്കുക തുടങ്ങിയവ നിത്യവുമുള്ള വാർത്തകളാണ്. നമ്മുടെ റോഡ് സംസ്കാരം അത്ര അഭിമാനകരമല്ല. റോഡ് സംസ്കാരം അഭിമാനകരമായി മാറുന്നില്ലെങ്കിലും കേരളത്തിലെ റോഡുകളുടെ പൊതുനിലവാരം ഇന്ന് അഭിമാനകരമാണ്. സമയാസമയങ്ങളിലുള്ള അറ്റകുറ്റപ്പണികൾ, പുതിയ റോഡ് പദ്ധതികൾ, റോഡ് കരാറിലെ അഴിമതി നിയന്ത്രിക്കൽ തുടങ്ങിയ ശക്തമായ നടപടികൾ അടിസ്ഥാനമാക്കിയുള്ള റോഡ് നയമാണ് ഇടതുപക്ഷ സർക്കാർ പിന്തുടരുന്നത്. റോഡ് പദ്ധതികളും കരാറും നടത്തിപ്പുമൊക്കെ പലപ്പോഴും അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും പേരിൽ വിവാദമാകുന്നതാണ് പതിവ്. എന്നാൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ നേരിട്ട് ഇടപെട്ടുകൊണ്ടാണ് അത്തരം കീഴ്‌വഴക്കങ്ങൾ അവസാനിപ്പിച്ചത്. പരാതി പരിഹാര സെൽ, റോഡ് നിർമ്മാണം സംബന്ധിച്ച സോഷ്യൽ ഓഡിറ്റിംഗ്, റോഡ് മെയിന്റനൻസ് വിംഗ് എന്നീ സംവിധാനങ്ങളിലൂടെ പൊതുമരാമത്ത് വകുപ്പിന്റെ മുഖച്ഛായ അദ്ദേഹം മാറ്റിയിരിക്കുന്നു. അഴിമതിക്കെതിരെയുള്ള തുറന്ന പോരാട്ടത്തിന്റെ ഭാഗമാണത്. റോഡുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതി മന്ത്രി നേരിട്ട് കേൾക്കുകയും ഇടപെടുകയും ചെയ്യുന്നുവെന്നുള്ളത് അനുകരണീയമായ മാതൃകയാണ്. നാട്ടിൽ ഇതിന്റെ ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. കരാർ-ഉദ്യോഗസ്ഥ ലോബികളുടെ അഴിമതി തടയുന്നതിനും റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്.

വളരെ വർഷങ്ങൾക്കുമുമ്പ്, ഞാൻ 'അക്കരെ അക്കരെ അക്കരെ' എന്ന ചിത്രത്തിന്റെ ഷൂട്ടിംഗിനുവേണ്ടി അമേരിക്കയിൽ പോയി. അതിലെ പ്രധാന വില്ലൻ കഥാപാത്രമായ പോൾ ബാർബറിന്റെ റോളെടുത്തത് അമേരിക്കകാരനാണ്. അദ്ദേഹം ഡയറക്ടർ പ്രിയദർശനോട് പറഞ്ഞ ഒരു റിക്വസ്റ്റ്, എന്റെ ഭാഗം അമേരിക്കയിൽ വച്ചുതന്നെ ചിത്രീകരിക്കണം, ഇന്ത്യയിലേയ്ക്കൊന്നും വരാൻ കഴിയില്ലെന്നായിരുന്നു. പക്ഷെ, ക്ലൈമാക്സ് ഷൂട്ട് ചെയ്തത് എറണാകുളത്ത് വച്ചായിരുന്നു. അദ്ദേഹം 10 ദിവസത്തെ ഷൂട്ടിംഗിനുവേണ്ടി വന്നു. 7 ദിവസം കഴിഞ്ഞപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചു, 'എങ്ങനെയുണ്ട് ഞങ്ങളുടെ നാട്?' 'വന്നില്ലായിരുന്നുവെങ്കിൽ വളരെ കഷ്ടമായിപ്പോയേനെ; എത്ര മനോഹരമായ നാടാണ് നിങ്ങളുടേത് എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. 'എങ്ങനെയുണ്ട്

ഇവിടത്തെ ഭക്ഷണം' എന്ന എന്റെ ചോദ്യത്തിന് 'ചോറ്, സാമ്പാർ, ഇഡ്ഡലി, എത്ര ഗംഭീരമായ ഭക്ഷണമാണ്; എന്തുകൊണ്ടാണ് അമേരിക്കക്കാർ ഇത്തരത്തിലുള്ള രുചികരമായ ഭക്ഷണങ്ങൾ ഉണ്ടാക്കാത്തത് എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. 'നാട്ടുകാർ എങ്ങനെയുണ്ട്' എന്ന എന്റെ ചോദ്യത്തിന് 'വളരെ മാന്യന്മാരായുള്ള നാട്ടുകാരാണെന്നും പ്രത്യേകിച്ച് സ്ത്രീകൾ, they have big eyes, very powerful eyes' എന്നായിരുന്നു മറുപടി. ഇവിടത്തെ റോഡും ട്രാഫിക്കും എങ്ങനെയുണ്ടെന്ന എന്റെ ചോദ്യത്തിന് ഒരു മിനിട്ട് അദ്ദേഹം മൗനമായി നിന്നതിനുശേഷം എന്റെ മുഖത്തുനോക്കി പറഞ്ഞു 'non-sense, ഇവിടെ ആടും മാടും മനുഷ്യനും പിന്നൊരു ചെറിയ സാധനം (ഓട്ടോറിക്ഷ)-യും എല്ലാം റോഡിൽതന്നെയാണോ താമസം, very bad road culture.' എന്ന്. സിനിമാ ചിത്രീകരണവുമായി ബന്ധപ്പെട്ട് നീണ്ട കാർ യാത്രകൾ ചെയ്യുന്നയാളാണ് ഞാൻ. പലപ്പോഴും രാത്രി യാത്രകളിൽ ഉറക്കം കാറിൽ തന്നെയാണ്. മുമ്പൊക്കെ കാർ യാത്ര ആരംഭിച്ചുകഴിഞ്ഞാൽ ആരുംതന്നെ ഉറങ്ങാറില്ല. ഒടുവിൽ ഉറക്കത്തിലേയ്ക്ക് വീഴുമ്പോൾ ഡ്രൈവറോട് ഞാൻ ചോദിക്കും, കേരളം വിട്ട് തമിഴ്നാട്ടിൽ എത്തിയല്ലേയെന്ന്. എന്നാൽ ഇന്ന് കാറിൽ കയറിയാൽ ഉടനെ ഉറങ്ങുന്നു, കുറെ കഴിയുമ്പോൾ നമ്മൾതന്നെ ഡ്രൈവറോട് ചോദിക്കുന്നു, കേരളം വിട്ട് തമിഴ്നാട്ടിലോ കർണാടകത്തിലോ എത്തിയല്ലേ എന്ന്. അത്രമാത്രം മറ്റ് സംസ്ഥാനങ്ങളിലെ റോഡുകളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ റോഡുകൾ മുൻപന്തിയിലാണ്. റോഡ് നിർമ്മാണത്തിൽ പുതിയ പരീക്ഷണങ്ങളും സാങ്കേതിക വിദ്യകളും നടപ്പിലാക്കാൻ നമ്മുടെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ സർക്കാരിപ്പോൾ വേണ്ടത്ര ജാഗ്രത പുലർത്തുന്നുണ്ട്. നമ്മുടെ ദേശീയപാതകളുടെ വികസനത്തിലും ഇതേ ജാഗ്രത സർക്കാർ പുലർത്തണം. ദേശീയപാത 45 മീറ്ററിൽ വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനെക്കൊണ്ട് സമ്മതിപ്പിച്ചു. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. ആലപ്പുഴ, കഴക്കൂട്ടം, കൊല്ലം ബൈപ്പാസ്സുകളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. മണ്ണ് ലഭിക്കുന്നതിനുള്ള തടസ്സം തീർത്തതിനാൽ ഈ വർഷം അവസാനത്തോടെ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

സർക്കാരിന്റെ അഭിമാന പദ്ധതിയായ കിഫ്ബിയിൽനിന്നും 3,500 കോടി രൂപ നിക്ഷേപിച്ച് 1251 കിലോമീറ്റർ ദൈർഘ്യത്തിൽ 11 ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ച് നിർമ്മിക്കുന്ന മലയോര ഹൈവേയുടെയും 630 കിലോമീറ്റർ ദൂരത്തിൽ 6,500 കോടി രൂപ ചെലവിൽ 9 ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ച് നിർമ്മിക്കുന്ന തീരദേശ ഹൈവേയുടെയും പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. മൊത്തം

റോഡ് ദൈർഘ്യത്തിന്റെ 15 ശതമാനത്തിൽ താഴെമാത്രമുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകളിൽക്കൂടിയാണ് മൊത്തം വാഹന ഗതാഗതത്തിന്റെ 80 ശതമാനത്തിലധികവും നടക്കുന്നത്. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രൈമറി റോഡുകളായ ദേശീയ പാതയുടെയും സെക്കന്ററി റോഡുകളായ സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാതല റോഡുകളുടെയും സമഗ്ര വികസനം സാദ്ധ്യമായെങ്കിൽ മാത്രമേ വാഹന ഗതാഗതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുകയുള്ളൂ. എൻ.എച്ച്. 66, നാല് വരി പാതയായി വികസിപ്പിക്കേണ്ടതുണ്ട്. മറ്റ് ദേശീയ പാതകളും സംസ്ഥാന പാതകളും രണ്ടുവരിപ്പാതയെന്ന നിലവാരത്തിലേയ്ക്ക് ഉയർത്തി വീതി കൂട്ടേണ്ടതും ആവശ്യമാണ്. നഗരങ്ങളിലുള്ള അപൂർണ്ണമായ എല്ലാ ബൈപ്പാസ്സുകളും റെയിൽവേ ഓവർ ബ്രിഡ്ജുകളും അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്. തിരുവനന്തപുരം - കാസർഗോഡ് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലയോര – തീരദേശ റോഡുകളും യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ പൊതു വികസനത്തിന് അടിയന്തരവും അനിവാര്യവുമായ പ്രസ്തുത വൻകിട പദ്ധതികൾ സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തെ ആശ്രയിച്ചുമാത്രം നടപ്പാക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല. പദ്ധതി വിഹിതത്തിനുപുറമെ മറ്റ് വിഭവ സമാഹരണ മാർഗ്ഗങ്ങളിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളൂ. അടിയന്തരവും അനിവാര്യവുമായ വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നൂതനവും ശാസ്ത്രീയവുമായ മാർഗ്ഗമാണ് കിഫ്ബി. കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള 50,000 കോടി രൂപയുടെ പദ്ധതികളിൽ പകുതിയിലധികവും റോഡ് ഗതാഗത സംവിധാനത്തിന്റെ വികസനത്തിനാണ് വകയിരുത്തിയിട്ടുള്ളത്. ദേശീയപാതാ പദ്ധതികളുടെ നിർമ്മാണത്തിന് അനുവദിക്കുന്ന പണം കൃത്യമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിൽ ഏറെ മുന്നിലാണ് കേരളം. യഥാസമയം പ്രോജക്ടുകൾ സമർപ്പിച്ച് കേന്ദ്ര റോഡ് ഫണ്ടിൽനിന്നും 215 കോടി രൂപ ലഭ്യമാക്കാൻ സാധിച്ചു. 1550 കോടി രൂപയുടെ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് സംസ്ഥാന-ജില്ലാ പാതകളുടെ നവീകരണം നടന്നുവരികയാണ്. 2005 കോടി രൂപയുടെ 10 പ്രധാന റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കെ.എസ്.ടി.പി. വഴി പൂർത്തീകരിച്ചുവരികയാണ്.

റോഡ് ഗതാഗത വികസനത്തെപ്പോലെതന്നെ ഏറെ പ്രാധാന്യമർഹിക്കുന്ന മേഖലയാണ് തുറമുഖ വികസനവും. റോഡ് ഗതാഗത വികസനം നേരിടുന്ന വലിയ സമ്മർദ്ദങ്ങളെ ഒരു പരിധി വരെ ലഘൂകരിക്കുന്നതിനും തുറമുഖ വികസനം സഹായകരമാകും. ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ തീരദേശ കപ്പൽ ഗതാഗതത്തിന്റെ വികസനത്തിന് സഹായകരമായ നയമാണ്

എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചുവരുന്നത്. നിലവിൽ റോഡ്-റെയിൽ മുഖേനയുള്ള ചരക്ക് നീക്കത്തിന്റെ 40 ശതമാനം 2020-ഓടെയും 50 ശതമാനം 2030-ഓടെയും തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ സാദ്ധ്യമാക്കുന്നതിനാണ് സർക്കാർ പരിശ്രമിച്ചുവരുന്നത്. ഇതിനായി വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളുടെ വികസനത്തിന് സഹായകരമായ നടപടികൾ സ്വീകരിച്ചുവരുന്നു. വൻകിട തുറമുഖമായ കൊച്ചിയിൽ കൈകാര്യം ചെയ്യുന്ന ചരക്കിന്റെ കാര്യത്തിൽ വർഷംതോറും ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. എന്നാൽ മറ്റ് ഇടത്തരം തുറമുഖങ്ങളുടെ കാര്യത്തിൽ അവയുടെ ശേഷിക്കും സാദ്ധ്യതകൾക്കും അനുസൃതമായി കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ കാര്യത്തിൽ വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്. കൊല്ലം നഗരത്തെ ചരിത്രത്തിൽ അടയാളപ്പെടുത്തുന്നത് പുരാതന തുറമുഖ നഗരമെന്ന നിലയിൽക്കൂടിയാണ്. പുരാതനകാലം മുതൽ ഗ്രീക്കുകാരും റോമാക്കാരും അറബികളും ചൈനാക്കാരുമൊക്കെ കടൽ വഴി വാണിജ്യ ബന്ധമുണ്ടായിരുന്ന കൊല്ലം തുറമുഖത്ത് പിൽക്കാലത്ത് പോർച്ചുഗീസുകാരും ഡച്ചുകാരും ബ്രിട്ടീഷുകാരുമൊക്കെ വിപുലമായ വാണിജ്യ ബന്ധം സ്ഥാപിച്ചിരുന്നു. കാലത്തിന്റെ ഗതിവിഗതികൾ എപ്പോഴോ കൊല്ലം തുറമുഖത്തിന്റെ പ്രതാപത്തിന് മങ്ങലേൽപ്പിച്ചു. നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനുള്ള പരിശ്രമത്തിലാണ് ഇന്ന് കൊല്ലം. ഒരു ഇടത്തരം തുറമുഖമായ കൊല്ലത്ത് ചരക്കു നീക്കത്തിന് സഹായകരമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സജ്ജമാണ്. 8 മീറ്റർ ആഴം, 126 മീറ്റർ നീളത്തിൽ വാർഫ്, കണ്ടെയ്നർ യാർഡ്, ഗോഡൗൺ, വാട്ടർ ടാങ്ക്, ഫയർ ഫൈറ്റിംഗ് സംവിധാനം, മെക്കാനിക്കൽ വിഭാഗം, കസ്റ്റംസ് ഓഫീസ്, ഇലക്ട്രിക്കൽ വേ ബ്രിഡ്ജ്, 20 ടൺ ശേഷിയുള്ള ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, ഇ.ഡി.ഐ. സംവിധാനം തുടങ്ങിയ എല്ലാ സൗകര്യങ്ങളും സജ്ജമാണ്. തുറമുഖത്ത് 100 മീറ്റർ നീളത്തിൽ പാസ്സഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്. ആരോഗ്യ, വിദ്യാഭ്യാസ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ലക്ഷദ്വീപിലേയ്ക്കും മാലിയിലേയ്ക്കും മറ്റും യാത്രാക്കപ്പൽ സർവ്വീസിനുള്ള സാദ്ധ്യത വലുതാണ്. കൊല്ലം തുറമുഖത്തിന്റെ ശേഷിക്കും സാദ്ധ്യതകൾക്കും അനുസൃതമായി വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. മഹാനായ കാറൽ മാർക്സ് പറഞ്ഞ ഒരു വാചകം ഓർമ്മയിൽ വരുന്നു. Democracy is the road to socialism. സോഷ്യലിസത്തിലേയ്ക്കുള്ള പാതയാണ് ജനാധിപത്യം. ഇടതുപക്ഷത്തിന്റെ വിശ്വാസവും അതാണ്. ജനജീവിതത്തിനുള്ള പാതയ്ക്കൊപ്പം സോഷ്യലിസത്തിലേയ്ക്കുള്ള പാതകളും ഞങ്ങളുടെ ലക്ഷ്യമാണ്. 200-ഓളം

കിലോമീറ്ററുകൾ താണ്ടി 6 ദിവസംകൊണ്ട് ആയിരക്കണക്കിന് സാധുക്കളായ കർഷകർ ബോംബെ നഗരത്തെ അക്ഷരാർത്ഥത്തിൽ കീഴടക്കി. ചെങ്കൊടിയേന്തിയ ആ പ്രക്ഷോഭം ചരിത്രത്തിൽ ലോംഗ് മാർച്ച് എന്ന പേരിൽ ഇടംപിടിച്ചുകഴിഞ്ഞു. ദേശീയ-അന്തർദ്ദേശീയ മാധ്യമങ്ങൾ സമാനതകളില്ലാത്ത ഈ സഹനസമരത്തിന്റെ വൻവിജയം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു ലക്ഷത്തിലധികം പേർ ബോംബെ തെരുവിലെത്തിയിട്ടും ഗതാഗതം തടസ്സപ്പെട്ടില്ല. അത്ര ചിട്ടയോടെയുള്ള സഹനയാത്രയായിരുന്നു. ലോംഗ് മാർച്ചിൽ പങ്കെടുത്ത ആയിരങ്ങൾ റോഡിൽ എങ്ങനെ മാതൃകാപരമായി പെരുമാറണമെന്നുകൂടി ലോകത്തിന് കാണിച്ചുതന്നു. ലോംഗ് മാർച്ചിന്റെ വിജയം അച്ചടക്കത്തിന്റെ വിജയമാണ്; ആത്മാർപ്പണത്തിന്റെ വിജയമാണ്,; ചെങ്കൊടിയുടെ വിജയമാണ്; ചെങ്കൊടി പിടിപ്പിച്ച പാർട്ടിയുടെ വിജയമാണ്. ചെങ്കൊടി പാറിക്കുന്ന പാർട്ടിക്കുമാത്രമേ ഇങ്ങനെ ഒരു വിജയം കൊയ്യാനാകൂ. നിന്ദിതരുടെയും പീഡിതരുടെയും ലോംഗ് മാർച്ചുകൾ അവസാനിക്കുന്നില്ല. റെഡ് സല്യൂട്ട് ലോംഗ് മാർച്ച്. നന്ദി.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഉറമുഖ വകുപ്പുമന്ത്രി സൗമ്യനും ശാന്തനുമായ ഒരു മന്ത്രിയാണ്. ഇതിനോടകംതന്നെ ശ്രദ്ധേയമായിട്ടുള്ള അദ്ദേഹത്തിന്റെ നെടുങ്കൻ കുപ്പായത്തിനുള്ളിൽ ഒരു ഗായകനും കലാകാരനും കവിയുമുണ്ട്. പക്ഷേ ഒരു മന്ത്രി കൂടി അതിനുള്ളിലുണ്ടെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ അദ്ദേഹത്തിന് സാധിക്കണം. അദ്ദേഹത്തിന്റെ വകുപ്പിലുള്ള ഏറ്റവും വലിയൊരു പ്രോജക്ടാണ് വിഴിഞ്ഞം പദ്ധതി. കരാർ പ്രകാരം വിഴിഞ്ഞം പദ്ധതി 2019 ഡിസംബർ മാസത്തിൽ പൂർത്തിയാക്കേണ്ടതാണ്. യു.ഡി.എഫ്.-ന്റെ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി കരാർ ഒപ്പിടുന്ന സമയത്ത്, കരാറിൽ 2019 ഡിസംബർ ആണ് പറഞ്ഞിരിക്കുന്നതെങ്കിലും നിങ്ങൾക്ക് ആയിരം ദിവസംകൊണ്ട് ഇത് പൂർത്തിയാക്കാൻ സാധിക്കുമോ എന്ന് ചോദിച്ചപ്പോൾ ഞങ്ങളതിന് തയ്യാറാണ് എന്നുപറഞ്ഞുകൊണ്ട് വർക്ക് അതിവേഗം മുന്നോട്ടുകൊണ്ടുപോയി. ഇന്ന് ആ പദ്ധതി ആയിരം ദിവസംകൊണ്ട് പൂർത്തിയാക്കാൻ സാധിക്കുമെന്ന് ഗവൺമെന്റിന് പറയാൻ കഴിയുമോ; കരാറിൽ പറഞ്ഞിരിക്കുന്ന ദിവസമെങ്കിലും ഇത് പൂർത്തിയാക്കാൻ സാധിക്കുമെന്ന് പറയാൻ കഴിയുമോ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ]

ഈ പദ്ധതിക്ക് യു.ഡി.എഫ്.-ന്റെ കാലത്ത് നടത്തിയ ഭൂമി ഏറ്റെടുക്കൽ നടപടികൾ നിന്നിരിക്കുന്നു. ഇനി 10 ശതമാനം ഭൂമി മാത്രമേ ഏറ്റെടുക്കാനുള്ളൂ.

അത് ഏറ്റെടുത്തിട്ടില്ല. റിസോർട്ടുകളുടെ കയ്യിലുള്ള ആ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾപോലും കാര്യമായി മുന്നോട്ട് പോകുന്നില്ല. അതുപോലെത്തന്നെ റെയിൽ കണക്ടിവിറ്റിക്കുള്ള ഭൂമി, വളരെ കുറച്ച് ഭൂമിയാണെങ്കിൽപ്പോലും അത് ഏറ്റെടുക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. യു.ഡി.എഫ്.-ന്റെ കാലത്ത് പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരമാണോ വർക്ക് നടക്കുന്നത് എന്നതിനെക്കുറിച്ച് വിലയിരുത്താൻവേണ്ടി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഓരോ മാസവും പ്രോജക്ട് ഇവാല്യുവേഷൻ നടക്കുമായിരുന്നു. ഓരോ രണ്ടാഴ്ച കൂടുമ്പോഴും വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രോജക്ട് ഇവാല്യുവേഷൻ നടക്കുമായിരുന്നു. ഇപ്പോൾ അത് നടക്കുന്നില്ല. അദാനി എന്താണവിടെ ചെയ്യുന്നത് എന്നതിനെ സംബന്ധിച്ചുള്ള ഒരു മോണിറ്ററിംഗ് പോലുമില്ല എന്ന അവസ്ഥയാണ് ഇന്നുള്ളത്. Corporate Social Responsibility Scheme അനുസരിച്ച് അവിടെ ഒരു സീഫുഡ് പാർക്ക് നടത്തുന്നതിനുവേണ്ടി 5 ഏക്കർ ഭൂമി യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏറ്റെടുത്തിരുന്നു. അവിടത്തെ തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിനും മത്സ്യം വാല്യു ആഡഡ് പ്രോഡക്ടായി മാറ്റുന്നതിനും വേണ്ടിയുള്ള വിപുലമായൊരു പദ്ധതിയായിരുന്നു അത്. ആ പദ്ധതി എവിടെയും എത്താത്ത അവസ്ഥയിൽ അവിടെത്തന്നെ നിൽക്കുകയാണ്. കോസ്റ്റൽ ഷിപ്പിംഗിനെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. കോസ്റ്റൽ ഷിപ്പിംഗിന്റെ അപാരമായ സാധ്യതകൾ മുതലെടുക്കുന്നതിനുവേണ്ടി ഇവിടത്തെ തുറമുഖങ്ങൾ, അത് ആലപ്പുഴ, എറണാകുളം, പൊന്നാനി, ബേക്കൽ ഏത് തുറമുഖമായാലും അവ വികസിപ്പിക്കുന്നതിനുള്ള നടപടികൾ കാര്യമായി മുന്നോട്ട് പോകുന്നില്ല എന്നത് ഏറ്റവും ദൗർഭാഗ്യകരമായൊരു വസ്തുതയായാണ് ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ഈ പദ്ധതി വരാൻ ഏറ്റവും കൂടുതൽ പിന്തുണച്ചവരാണ് അവിടത്തെ തദ്ദേശീയരായ ആളുകൾ. ഇനയം തുറമുഖത്തെ സംബന്ധിച്ച് പറയുമ്പോൾ അവിടത്തെ ജനങ്ങൾ ആ പദ്ധതി വരുന്നതിനെ ശക്തമായി എതിർക്കുകയാണ്. അതുകൊണ്ടാണ് ആ പദ്ധതിക്ക് ഇതുവരെയും മുന്നോട്ടു പോകാൻ സാധിക്കാത്തത്. ഇവിടെ ഈ പദ്ധതി വരാൻവേണ്ടി പ്രക്ഷോഭം നടത്തിയ ആളുകളാണ്. ഇന്നവർ പ്രക്ഷോഭം നടത്തുന്നത് അവർക്ക് ഗവൺമെന്റ് കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ള പാക്കേജ് നൽകാത്തതിന്റെ പേരിലാണ്. രണ്ട് ദിവസം മുൻപ് വിഴിഞ്ഞത്ത് അദാനിയുടെ ഓഫീസിനു മുൻപിൽ ഒരു വിഭാഗം മത്സ്യത്തൊഴിലാളികൾ ഉപരോധം ഏർപ്പെടുത്തി. എല്ലാം ഉടനെ പരിഹരിക്കാമെന്ന് പറഞ്ഞിരിക്കുന്നു. രണ്ട് വർഷമായിട്ടും നടപടികൾ പൂർത്തിയാക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറയും, ഞങ്ങൾ ഇന്നയിന്ന കാര്യങ്ങൾ ചെയ്തുവെന്ന്. പക്ഷേ ചെയ്യാനുള്ള കാര്യങ്ങൾ നിങ്ങൾ എന്ന്

പൂർത്തിയാക്കും; ഈ പാവപ്പെട്ട ആളുകൾക്ക് പാക്കേജ് അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങൾ എന്ന് കൊടുത്തുതീർക്കും? അത് എത്ര ദിവസത്തിനകം കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് പറയാൻ ഈ ഗവൺമെന്റിന് സാധിക്കണം. പി.ഡബ്ല്യൂ.ഡി.-യെക്കുറിച്ച് പറയുവാനുള്ളത്, യാതൊരു യുക്തിക്കും നിരക്കാത്ത രീതിയിലുള്ള വലിയ തുകയാണ് പി.ഡബ്ല്യൂ.ഡി.-യുടെ ബിൽഡിംഗുകൾക്കുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നത്. എന്റെ മണ്ഡലത്തിൽ ശ്രീ. എ. കെ. ആന്റണി സാറിന്റെ ഫണ്ട് 50 ലക്ഷം രൂപ ഉപയോഗിച്ചുകൊണ്ട് ഒരു എൽ.പി. സ്കൂളിന് എസ്റ്റിമേറ്റിട്ടു. പക്ഷേ പി.ഡബ്ല്യൂ.ഡി. എസ്റ്റിമേറ്റ് പ്രകാരം ആ തുകയ്ക്ക് മൂന്ന് ക്ലാസ് മുറികൾ പോലും നിർമ്മിക്കാൻ കഴിയില്ല. ഒടുവിൽ 8 ലക്ഷം രൂപ കൂടി അദ്ദേഹം അനുവദിച്ചതുകൊണ്ടാണ് മൂന്ന് ക്ലാസ് മുറികൾ അനുവദിക്കപ്പെട്ടത്. എസ്റ്റിമേറ്റ് നോക്കുമ്പോൾ ഞെട്ടിക്കുന്ന കണക്കുകളാണ് കാണാൻ സാധിക്കുക. ഒരു കിലോ കമ്പിക്ക് നാട്ടിൽ 40-ഉം 42-ഉം രൂപയുള്ളപ്പോൾ എസ്റ്റിമേറ്റിൽ പറയുന്നത് 82-ഉം 85-ഉം രൂപയാണ്. എനിക്ക് പറയുവാനുള്ളത്, ടെണ്ടർ കൊടുക്കണം; സ്കൂൾ ബിൽഡിംഗുകൾ സ്കൂൾ പി.ടി.എ.ക്ക് നിർമ്മിക്കുന്നതിനുള്ള അവകാശം കൊടുക്കണമെന്നാണ്. ഒരു കണ്ടീഷൻകൂടി വയ്ക്കണം. ഈ തുകയിൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ 50 ശതമാനം തുകയ്ക്കുള്ള വർക്കുകൾ കൂടി പി.ടി.എ.ക്ക് ചെയ്യാൻ സാധിക്കുമെങ്കിൽ ആ വർക്കുകൾ പി.ടി.എ.യെ ഏൽപ്പിക്കാൻ തയ്യാറാകണം. 50 ലക്ഷം രൂപകൊണ്ട് സാധാരണ ഒരു സ്വകാര്യ വ്യക്തിക്ക് 10 ക്ലാസ് മുറികളെങ്കിലും നിർമ്മിക്കാൻ സാധിക്കും. അതുകൊണ്ട് സ്കൂൾ ബിൽഡിംഗുകളുടെ കാര്യത്തിൽ, പ്രത്യേകിച്ച് ഗവൺമെന്റ് സ്കൂളുകളുടെ കാര്യത്തിൽ പി.ടി.എ.-യെ കൊണ്ട് ഈ വർക്ക് ചെയ്യിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചാൽ ഏറ്റവും നന്നായിരിക്കും.

മാറുന്ന രാഷ്ട്രീയ കാലാവസ്ഥയാണ് ഇന്ന് നമ്മുടെ രാജ്യത്തുള്ളത്. ഇന്ന് ഉത്തർപ്രദേശിൽ രണ്ട് ലോകസഭാ ഉപതെരഞ്ഞെടുപ്പുകളുടെ റിസൾട്ടുകൾ വന്നുകൊണ്ടിരിക്കുകയാണ്. യു.പി.യിൽ ശ്രീ. യോഗി ആദിത്യനാഥ് മൂന്ന് ലക്ഷം വോട്ടുകൾക്ക് വിജയിച്ച ഗൊരഖ്പൂർ നിയോജകമണ്ഡലത്തിൽ എസ്.പി.-ബി.എസ്.പി. സഖ്യം ഇന്ന് 10000 വോട്ടുകൾക്ക് ലീഡ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതുപോലെത്തന്നെ ബി.ജെ.പി. ജയിച്ച ഫൂൽപൂരിൽ 15000 വോട്ടുകൾക്ക് ലീഡ് ചെയ്തുകൊണ്ടിരിക്കുകയാണ്. അവിടെ പരസ്പരം രാഷ്ട്രീയ ശത്രുക്കളായിരുന്ന മായാവതിക്കും അഖിലേഷ് യാദവിനുമുള്ള രാഷ്ട്രീയ ബോധമെങ്കിലും കേരളത്തിലെ സി.പി.ഐ.(എം.)-കാർക്ക് ഉണ്ടാകണം. മാറുന്ന രാഷ്ട്രീയം മനസ്സിലാക്കണം. ഇപ്പോഴും ഇവിടെയുള്ള ഭരണകക്ഷി അംഗങ്ങൾ, പ്രത്യേകിച്ച് സി.പി.ഐ.(എം.) അംഗങ്ങൾ കോൺഗ്രസിനെ വിമർശിക്കുന്നതിനും

പുലഭ്യം പറയുന്നതിനും വേണ്ടിയാണ് ഏറെ സമയം ചെലവഴിക്കുന്നത്. കോൺഗ്രസ്സിനെ വിമർശിക്കുന്നവരോട് ഞങ്ങൾക്ക് പറയുവാനുള്ളത് ഇതെല്ലാം കണ്ടുംകേട്ടും ശ്രീ. സീതാറാം യെച്ചൂരിയുടെ രൂപത്തിൽ മുകളിൽ ഒരാളുണ്ട് എന്നുള്ളത് നിങ്ങൾ മനസ്സിലാക്കുന്നത് നന്നായിരിക്കും. ശ്രീ. സീതാറാം യെച്ചൂരിക്കുപോലും നിരക്കാത്ത കാര്യങ്ങൾ നിങ്ങളിവിടെ പറയരുത് എന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്. കോൺഗ്രസിനെ ഇങ്ങനെ വിമർശിക്കുന്നവർ അതിന്റെ നാലിലൊന്ന് സമയമെങ്കിലും ബി.ജെ.പി.-യെ ഈ ഫ്ലോറിൽ വിമർശിക്കാനെടുത്തിട്ടില്ല. നിങ്ങൾ ബി.ജെ.പി.-യോട് കാണിക്കുന്ന സൗമ്യ മനോഭാവം ത്രിപുരയിൽ ബി.ജെ.പി.-ക്കാരുടെ വെട്ടും കുത്തുമേറ്റ് പിടഞ്ഞുവീഴുന്ന സി.പി.ഐ.(എം.) പ്രവർത്തകർ പോലും പൊറുക്കില്ല. ത്രിപുരയിൽ സി.പി.ഐ.(എം.) തോറ്റു. നമ്മളെല്ലാവരും, ജനാധിപത്യ വിശ്വാസികളെല്ലാം ദുഃഖിക്കുകയാണ്. പക്ഷേ നമുക്ക് നൽകിയ ഒരു ആത്മവിശ്വാസം, ഞങ്ങൾ കൂടുതൽ ശക്തിയോടുകൂടി തിരിച്ചുവരുമെന്ന് അവിടെ സി.പി.ഐ.(എം.) പറഞ്ഞതാണ്. പക്ഷേ ഇപ്പോൾ നടന്ന ഉപതെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം.)-ന് സ്ഥാനാർത്ഥിയെ വരെ പിൻവലിച്ചുപോകേണ്ടി വന്നു. പക്ഷേ അവിടെ ബി.ജെ.പി.-ക്ക് എതിരായി പേരിനെങ്കിലും ഒരു മത്സരം കാഴ്ച വച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണെന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. വോട്ട് ചിലപ്പോൾ കുറവായിരിക്കാം. പക്ഷേ ഞങ്ങൾ അവരെ എതിർത്ത് അവിടെ നിൽക്കുകയാണെന്ന് കാണാൻ നിങ്ങൾക്ക് കഴിയണം എന്നാണ് ഞങ്ങൾക്ക് പറയുവാനുള്ളത്. ഇവിടെ ശ്രീ. രാഹുൽ ഗാന്ധിയെ വിമർശിക്കുന്നു. അദ്ദേഹത്തെ വിമർശിക്കുന്നവർക്ക് ശ്രീ. അമിത് ഷായെ വിമർശിക്കാൻ സമയം കിട്ടുന്നില്ല. ശ്രീ. അമിത് ഷായെ വിമർശിക്കേണ്ടെ. ബി.ജെ.പി. ഗവൺമെന്റിനെയും ബി.ജെ.പി.-യുടെ നേതാവിനെയും വിമർശിക്കേണ്ടേ? ഇന്ന് യു.പി.-യുടെ മണ്ണിൽ ശ്രീ. നരേന്ദ്ര മോദിയെ പരാജയപ്പെടുത്തുന്ന ദിവസമാണ്. ഈ ദിവസമെങ്കിലും ഇന്നത്തെ രാഷ്ട്രീയത്തെ കുറിച്ച് നിങ്ങൾക്കൊരു തിരിച്ചറിവുണ്ടാകണം. ആ രാഷ്ട്രീയം മുന്നോട്ടുകൊണ്ടുപോകാൻ നിങ്ങൾക്ക് കഴിയണം. ബി.ജെ.പി.-യും സംഘപരിവാറും ഉയർത്തുന്ന രാഷ്ട്രീയ വെല്ലുവിളികളെ പരാജയപ്പെടുത്താൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ന് ഈ രാജ്യത്തെമ്പാടും കെട്ടിപ്പടുക്കുന്ന പ്രതിപക്ഷ ഐക്യനിരയെ തുരങ്കം വയ്ക്കുന്ന നടപടി നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ കേരള ഘടകം വളരെ സൗമ്യമായ നിലപാട് സ്വീകരിക്കുകയാണ്. അതിന്റെ ഏറ്റവും വലിയ തെളിവായി ഈ അടുത്ത ദിവസം ടി.ഡി.പി.-യുടെ ഒരു കേന്ദ്ര മന്ത്രി മന്ത്രിസഭയിൽനിന്ന് രാജി വച്ചു. രാജിവച്ച അദ്ദേഹം ശ്രീ. ചന്ദ്രബാബു

നായിഡുവിന് കൊടുത്ത ഉപദേശം, ശ്രീ. നരേന്ദ്ര മോദിയും ശ്രീ. പിണറായി വിജയനും തമ്മിലുള്ള ബന്ധം നിങ്ങൾ കണക്കിലെടുക്കണം; ആ ബന്ധം കണക്കിലെടുത്ത് മുന്നോട്ടുപോകാൻ നിങ്ങൾക്ക് കഴിയണമെന്നാണ്. അതുകൊണ്ട് ബി.ജെ.പി.യോട് കാണിക്കുന്ന സൗമനസ്യ മനോഭാവം നിങ്ങൾ അവസാനിപ്പിക്കണം. കോൺഗ്രസിനെ പുലഭ്യം പറഞ്ഞുകൊണ്ട് ജനങ്ങളുടെ മുന്നിൽ കോൺഗ്രസിനെ ഒറ്റപ്പെടുത്താൻ പതിറ്റാണ്ടുകളായി സ്വീകരിച്ചു കൊണ്ടിരിക്കുന്ന നയപരിപാടികൾ നിങ്ങൾ അവസാനിപ്പിക്കണം. രാജ്യത്ത് ഉയർന്നുവരുന്ന ഭീഷണി കാണാൻ നിങ്ങൾ തയ്യാറാകണമെന്നുമാത്രം ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിഷയത്തിലേക്ക് കടക്കുന്നതിനുമുൻപ് ശ്രീ. എം. വിൻസെന്റിന്റെ പ്രസംഗം കേട്ടപ്പോൾ തോന്നിയ ഒരു കാര്യം പറയാം. കുറേക്കാലമായി ബി.ജെ.പി., ആർ.എസ്.എസ്. എന്നീ വാക്കുകൾ ഉപയോഗിച്ചു കൊണ്ട് ഇവിടെ കോൺഗ്രസ്സുകാർ പൊതുവേ പ്രസംഗിക്കാറില്ലായിരുന്നു. ഏതായാലും ആദ്യമായി ഇവിടെ ആർ.എസ്.എസ്.നേയും ബി.ജെ.പി.യേയുമൊക്കെ പരാമർശിച്ച് അദ്ദേഹം പ്രസംഗിച്ച രീതിയെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷെ യു.പി.യിലെ തെരഞ്ഞെടുപ്പിനെപ്പറ്റി ഊറ്റം കൊള്ളുന്നതു കണ്ടപ്പോൾ ഞാൻ വിചാരിച്ചത് അദ്ദേഹം അവിടത്തെ കോൺഗ്രസിന്റെ നിലപാടെന്താണെന്നുകൂടി വ്യക്തമാക്കുമെന്നായിരുന്നു. അവിടെ മതേതര വോട്ടുകൾ ഭിന്നിക്കാതിരിക്കാൻ വേണ്ടി, എസ്.പി.-യുടെ സ്ഥാനാർത്ഥികളെ പിൻതുണയ്ക്കാമായിരുന്നവല്ലോ? കെട്ടിവച്ച കാശുപോലും കിട്ടാതെയാണ് അവിടെ തോറ്റുകൊണ്ടിരിക്കുന്നത്. യു.പി.-യിലെ ഇപ്പോഴത്തെ സ്ഥിതി അതാണ്, അവിടെ മതേതര വോട്ടുകൾ ഭിന്നിക്കാതിരിക്കാൻവേണ്ടി ബി.എസ്.പി.- എസ്.പി. സഖ്യത്തെ പിൻതുണയ്ക്കാമായിരുന്നവല്ലോ; അവിടെ ഒറ്റയ്ക്ക് സ്ഥാനാർത്ഥിയെ നിർത്തി പതിനായിരം വോട്ടുപോലും നേടാനാകാതെ അതി ദയനീയമായി തോൽക്കുന്ന സ്ഥിതിയാണുള്ളത്. ഈ നിലപാടെടുത്താൽ എങ്ങനെയാണ് ഇന്ത്യയിൽ മതേതര ജനാധിപത്യ ശക്തികളെ ഒന്നിപ്പിക്കാൻ കഴിയുക? അങ്ങ് അവിടത്തെ നിലപാടുകളെ ആദ്യം വിമർശിക്കണം. ഞങ്ങളുടെ പ്രസ്ഥാനത്തിന് അവിടെ പിശക് പറ്റി എന്നുകൂടി പറഞ്ഞിട്ട് ഇത് പറഞ്ഞിരുന്നുവെങ്കിൽ കുഴപ്പമില്ലായിരുന്നു, പക്ഷേ അത് പറയുന്നില്ല.

പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് പറയുമ്പോൾ, മുൻകാലങ്ങളിൽ അഴിമതിയിൽ ആപാദചൂഡം മുങ്ങിക്കുളിച്ചുനിൽക്കുന്ന ഒരു വകുപ്പായിരുന്നു

പൊതുമരാമത്ത് വകുപ്പ്. അതിനെ കാൻസറിനോട് ഉപമിക്കാൻ പറഞ്ഞാൽ കാൻസറിനെ നമ്മൾ ലഘൂകരിച്ച കാണുന്നതിനു തുല്യമായിരിക്കും. പൊതുമരാമത്ത് വകുപ്പിനെ അഴിമതി വിമുക്തമാക്കാനുള്ള അങ്ങയുടെ ഇടപെടലുകൾ നിമിത്തം വലിയ മാറ്റമാണ് ആ വകുപ്പിൽ ഉണ്ടായിട്ടുള്ളത്. ആ വകുപ്പിൽ വന്നിട്ടുള്ള മാറ്റം, അഴിമതിക്കാർക്കെതിരെ അങ്ങ് എടുക്കുന്ന നടപടികളും ശക്തമായ ഇടപെടലുകളും കൊണ്ടാണ്. തീർത്തും അഭിനന്ദനാർഹമായ ഇടപെടലുകളാണ്, പക്ഷെ ഭാവനാസമ്പന്നമായ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എഞ്ചിനീയർമാരുണ്ട്, കോൺട്രാക്ടർമാരുമുണ്ട്. അങ്ങ് അഴിമതി കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ എടുക്കുന്നു, അവരെ സസ്പെൻഡ് ചെയ്യുന്നു. അതുപോലെതന്നെ നല്ലത് ചെയ്യുന്നവരെ അഭിനന്ദിക്കാനും അവർക്ക് അവാർഡുകൾ നൽകാനും, ബഹുമാനിക്കാനും, ആദരിക്കാനുമൊക്കെ ശ്രമിച്ചാൽ നന്നായിരിക്കും. ഇപ്പോൾ തന്നെ ഡിപ്പാർട്ടുമെന്റിൽ അങ്ങേയ്ക്കെതിരായി ചില പ്രാർത്ഥനകളൊക്കെ ചില അഴിമതിക്കാരായ ഉദ്യാഗസ്ഥൻമാർ നടത്തുന്നുണ്ട്, അത് ന്യൂട്രലൈസ് ചെയ്തുപോകാൻ ഈ അവാർഡുകളും അംഗീകാരങ്ങളും കൊടുക്കുന്നത് നന്നായിരിക്കും, പ്രോൽസാഹിപ്പിക്കേണ്ടവരെ പ്രോൽസാഹിപ്പിക്കണം. പുതിയ കാലം പുതിയ നിർമ്മാണം എന്നത് വാക്കിൽ മാത്രമല്ല അത് പ്രവൃത്തിയിലും പ്രതിഫലിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആറേഴ് മാസത്തിനുള്ളിൽ അപ്പുറത്തു നിന്നും വലിയ പുകിലായിരുന്നു. ഈ റോഡുകളെല്ലാം വളരെ മോശമായി കിടക്കുന്നു, അതായിക്കിടക്കുന്നു ഇതായിക്കിടക്കുന്നു എന്നെല്ലാം പറഞ്ഞ് വലിയ കരച്ചിലും പിഴിച്ചിലും ആക്ഷേപങ്ങളുമായിരുന്നു. ഇന്നിപ്പോൾ നമ്മുടെ പല റോഡുകളും അന്തർദ്ദേശീയ നിലവാരത്തിലേക്ക് മാറാൻ തുടങ്ങി. 447 കിലോമീറ്റർ ബി.എം. ആന്റ് ബി.സി. ചെയ്തിരിക്കുകയാണ്. അതുപോലെത്തന്നെ പ്ലാസ്റ്റിക്ക് വേസ്റ്റ് ഉപയോഗിച്ച് 47 കിലോമീറ്റർ, റബ്ബർ ഉപയോഗിച്ച് 277 കിലോമീറ്റർ റോഡുകളുണ്ട്. റോഡുകളിലുള്ള റിഫ്ലക്ടറുകളും സ്റ്റഡുകളുമെല്ലാം കാണുമ്പോൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്കെത്തിയെന്ന് നമുക്ക് മനസ്സിലാകും. കഴിഞ്ഞ ദിവസം ഇവിടെ ബില്ലിന്റെ ചർച്ചയിൽ നിരീക്ഷിച്ചതുപോലെ അഡാർ ലൗവിലെ പുരികം ടെക്നോളജിപോലെ നിർമ്മാണ വൈദഗ്ധ്യം റോഡിലും പ്രകടമാകുന്ന ഒരു അഡാർ ലുക്ക് നമ്മുടെ റോഡുകൾക്കെല്ലാം ഉണ്ടായി. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലെ വാഗ്ദാനമായിരുന്നു അത്തരത്തിലേക്ക് എത്തുമെന്നത്. ആ വാഗ്ദാനം നിറവേറ്റുന്നതിന് അങ്ങ് നടത്തുന്ന ഇടപെടലുകൾ വളരെ ശ്ലാഘനീയമാണ്. ഞങ്ങളുടെ നാട്ടിലെ ഒരു ഹോട്ടൽ ഉടമ, അദ്ദേഹം നല്ലൊരു ചിത്രകാരനുംകൂടിയാണ്, ഫെയ്സ്ബുക്കിലൂടെ സ്വന്തം വീടിനുമുൻപിലെ റോഡ് കാണിച്ചിട്ട് പറഞ്ഞത് ഇതേതോ വിദേശരാജ്യത്താണ് അദ്ദേഹം ഇപ്പോൾ

താമസിക്കുന്നതെന്നുപോലും തോന്നാറുണ്ടെന്നാണ്. ജർമ്മൻ യന്ത്രങ്ങളും, ടെക്നോളജികളും ഉപയോഗിച്ച് പി.ഡബ്ല്യൂ.ഡി. റോഡുകളെല്ലാം മനോഹരമായി, ഭംഗിയായി നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. വലിയ കാലതാമസമില്ലാതെ നല്ല നിലവാരത്തിലേക്ക് മുഴുവൻ റോഡുകളും എത്തും. നമ്മുടെ ഗ്രാമീണ റോഡുകൾ, അങ്ങയുടെ വകുപ്പല്ല, പക്ഷെ ഗ്രാമീണ റോഡുകൾ വൺടൈം മെയിന്റനൻസിലൂടെ നിർമ്മിച്ച അനുഭവങ്ങളുണ്ട്. അതിനുവേണ്ടി ധനകാര്യവകുപ്പിൽനിന്നും കൂടുതൽ തുക ആവശ്യപ്പെട്ട് അത് കൊടുക്കുമ്പോൾ അങ്ങ് ഇപ്പോൾ കാണിക്കുന്നതുപോലെ സമതുലിതമായി വിതരണം ചെയ്യരുത്. അരൂർ മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. റോഡുകൾ കുറവാണ്, പക്ഷേ ഗ്രാമീണ റോഡുകൾ ധാരാളമായിട്ടുണ്ടാകും. തുക വിതരണം ചെയ്യുമ്പോൾ സമതുലിതമെന്ന അങ്ങയുടെ പ്രിൻസിപ്പിൾ അവിടെ അപ്ലൈ ചെയ്യരുത്. പി.ഡബ്ല്യൂ.ഡി. റോഡുകൾ കുറവുള്ള സ്ഥലങ്ങൾക്ക് കൂടുതൽ തുക എന്നതാകണം. അങ്ങ് ചെയ്യുന്ന വിപ്ലവകരമായ മാറ്റങ്ങളും പ്രവർത്തനങ്ങളുമെല്ലാം പ്രതിഫലിപ്പിക്കുന്ന തരത്തിൽ ഞാൻ ഒരു നിർദ്ദേശം വയ്ക്കുകയാണ്. ഇവിടെ പി.ഡബ്ല്യൂ.ഡി.-ക്ക് ജേർണൽ ഇല്ല; ഹെൽത്ത്, വ്യവസായം, തദ്ദേശ സ്വയംഭരണം, എക്സൈസ്, ഫോറസ്റ്റ് തുടങ്ങി എല്ലാ വകുപ്പുകൾക്കുമുണ്ട്. അതിന് പറ്റുന്ന രൂപത്തിലുള്ള ഒരു നല്ല ജേർണൽ ഇറക്കിയാൽ നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന മാറ്റങ്ങളും, പ്രവർത്തനങ്ങളുമെല്ലാം നന്നായി പറയാൻ സാധിക്കും. കലാകൗമുദി പ്രസിദ്ധീകരിച്ച അങ്ങയുടെ അതിമനോഹരമായ "ഞാൻ എഞ്ചിനീയർ" എന്ന കവിതയിൽ

"നിർമ്മാണമല്ലോ തവ കല
സൃഷ്ടിതൻ നിർമ്മല ശുദ്ധി
തളിർത്തിടട്ടേ!
പാലവും റോഡും സുസൗധവും
മറ്റെല്ലാം താവക
ഭാവനതൻ സൃഷ്ടികൾ!
താജ് മഹൽ നിർമ്മിച്ച
സംഗീതസാന്ദ്രമാം
ഈ കലാസൃഷ്ടി
നിൻ സൃഷ്ടിയല്ലോ!. . . ."

(ഇതുമുഴുവൻ വായിക്കാൻ സമയമില്ലാത്തതിനാൽ ഞാൻ വായിക്കുന്നില്ല.)

"എത്ര യുഗങ്ങളായ് നീ

മിന്നിനിൽക്കുന്നു

കെട്ടുപോകാത്ത കലകളായി!

നിർമ്മാണമേ! നിത്യവിസ്മയമേ!

മർത്ത്യസന്മാർഗ്ഗദീപമേ! വിപ്ലവമേ!

നീയില്ലയെങ്കിൽ

വിഫലമീ ജീവിതം

നീയില്ലയെങ്കിൽ പ്രപഞ്ചവും

പ്രാകൃതം! . . . ."

എന്നാണ് പറയുന്നത്. ഈ കവിതയിലെ എഞ്ചിനീയർ എന്ന പേര് ജേർണലിന് നന്നായി ചേരും. അത് മലയാളീകരിക്കപ്പെട്ട ഒരു ഇംഗ്ലീഷ് പദമാണ്. അല്ലെങ്കിൽ അതിന് പറ്റുന്ന രൂപത്തിലുള്ള ഏതെങ്കിലുമൊരു പേര് സ്വീകരിച്ച് ജേർണൽ അങ്ങ് വകുപ്പിന്റേതായി പ്രസിദ്ധീകരിക്കുന്നത് നന്നായിരിക്കും. 'ഞാൻ എഞ്ചിനീയർ' എന്ന കവിതയിൽ ആലപ്പുഴയിലെ കനാൽ സ്പർശിച്ചുപോകുന്നുണ്ട്. ആലപ്പുഴയിലെ കനാലുകൾ നോക്കുമ്പോൾ രാജാകേശവദാസ് നിർമ്മിച്ചതാണ് ആലപ്പുഴ നഗരം. ആകെ പത്തോ ഇരുപതോ മീറ്റർ വരുന്ന ചെറിയചെറിയ പാലങ്ങളെല്ലാം അതിന്റെ നടുക്ക് തൂണുകളിട്ട് ബോക്സ് കൾവെർട്ടുകളാക്കി വച്ചിരിക്കുകയാണ്, അപനിർമ്മാണങ്ങളാണ്; ഇത്തരത്തിലുള്ള ടെക്നോളജി നമുക്ക് ഭൂഷണമല്ല. ബ്രിട്ടീഷുകാർ നിർമ്മിച്ച ഒരു കിലോമീറ്റർ നീളമുള്ള ഹൗറപാലത്തിൽ അപ്പുറവും ഇപ്പുറവും മാത്രമാണ് തൂണുകളുള്ളത്, നടുക്ക് തൂണുകളില്ല. നടുക്കുള്ള തൂണിനുപകരം മേൽപ്പോട്ട് ഭാരം താങ്ങാൻ പറ്റുന്ന ടെക്നോളജിയാണ് അവർ അപ്പൊ ചെയ്തിരിക്കുന്നത്. അതുപോലെയാണ് കഴിഞ്ഞദിവസം ഇവിടെ ചർച്ചചെയ്ത വെണ്ടുരുത്തിപ്പാലം, കപ്പൽ വരുമ്പോൾ മാറിക്കൊടുക്കുന്ന തരത്തിലേക്ക് അതിന്റെ നിർമ്മാണ വൈദഗ്ധ്യമുണ്ടായിരുന്നു. നമ്മുടെ എഞ്ചിനീയർമാർ വന്ന് അഴിച്ചുനോക്കി എങ്ങനെയാണ് അത് പ്രവർത്തിക്കുന്നതെന്ന് അറിയാൻ, പിന്നീട് അത് ഇതുവരെ പ്രവർത്തിച്ചിട്ടില്ല. അത്തരത്തിൽ പോകാതെ നമ്മുടെ കനാലുകൾക്കിടയിലെ കെട്ടുവള്ളങ്ങളും, വാണിജ്യ ആവശ്യത്തിന് ഉപയോഗിച്ചിരുന്നതാണ്. എഞ്ചിനീയർമാർ

കാണിക്കുന്ന ഇത്തരത്തിലുള്ള അപനിർമ്മാണങ്ങളെ അങ്ങ് സൂക്ഷ്മമായി നിരീക്ഷിക്കുകയും അത് ആവർത്തിക്കാതിരിക്കാനുള്ള ശ്രദ്ധ ചെലുത്തുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. 2000 കോടി രൂപ മുടക്കി പൈതൃക നഗരമായി രാജാകേശവദാസ് നിർമ്മിച്ച ആലപ്പുഴ നഗരത്തെ തത്തുല്യമായി രാജാകേശവദാസൻമാർ എന്നനിലയിൽ ധനവകുപ്പുമന്ത്രിയും അങ്ങുമെല്ലാം ഇടപെട്ട് പുനർ നിർമ്മിക്കാൻ ശ്രമിക്കുമ്പോൾ തീർച്ചയായും ഇത്തരത്തിലുള്ള പാലങ്ങൾക്ക് ബോക്സ് കൾവെർട്ട് എന്ന അപനിർമ്മാണം ഉണ്ടാകാതിരിക്കാൻ നോക്കണം. പെരുമ്പളം പാലം നിർമ്മാണത്തിൽ അങ്ങയുടെ ഇടപെടൽ ഏറ്റവും അഭിനന്ദനാർഹമായ ഒന്നാണ്. ബാന്ദ്രയിൽ കടലിലൂടെ പോകുന്ന പാലത്തിന്റെ മാതൃകയിൽ, അതായത് സസ്പെൻഷൻ ബ്രിഡ്ജിന്റെ മാതൃകയിലാണ് പെരുമ്പളം പഞ്ചായത്തിലേയ്ക്കുള്ള പാലം നിർമ്മിക്കാൻ പോകുന്നത്. പി.ഡബ്ല്യു.ഡി. വകുപ്പിന്റെ ഐക്കൺ ആയി അത് മാറും. തീർച്ചയായും അങ്ങയുടെ കവിതയിൽ പ്രതിഫലിക്കുന്ന സൗന്ദര്യാത്മകത, ആ നിർമ്മാണചാതുര്യം അവിടെക്കാണാൻ കഴിയും. ഒരു ഡിസൈൻ വിംഗിനെ ആ തരത്തിൽ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. ബിൽഡിംഗ്സുകളെക്കുറിച്ച് പറയുമ്പോൾ ഒറ്റവാക്കിൽ പറയാം, തീപ്പെട്ടിക്കൂടിന്റെ പുറത്ത് ഒരു തീപ്പെട്ടിക്കൂട് അതാണ് സർക്കാർ ബിൽഡിംഗുകളുടെ രീതി, അതിനെ തീപ്പെട്ടിക്കൂട് ടെക്നോളജി എന്നു വേണമെങ്കിൽ പറയാം. നല്ലരീതിയിൽ നമ്മുടെ കേരളീയ വാസ്തുശിൽപം പ്രതിഫലിക്കുന്ന രൂപത്തിലേക്ക് അത് മാറ്റിയെടുക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ എല്ലാത്തിനും നേരെ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കട്ടെ എന്നു പറയുന്നു, വലിയ കാലതാമസമാണ് ഇത് ഉണ്ടാക്കുക. അത് ഒഴിവാക്കാൻ എന്തൊക്കെ ചെയ്യാൻ കഴിയും, അത് പൂർണ്ണമായും ഒഴിവാക്കണമെന്ന് ഞാൻ പറയുന്നില്ല, അത് അനിവാര്യ മാണെന്നുണ്ടെങ്കിൽ ആവാം. എങ്കിലും അവിടത്തെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനുള്ള സംവിധാനങ്ങളുണ്ടാകണം. മഴക്കാലത്ത് നിർമ്മാണങ്ങൾ നടത്തേണ്ടിവരുന്ന സാഹചര്യം നമുക്കുണ്ട്, മഴക്കാലത്ത് നിർമ്മാണങ്ങൾ എങ്ങനെ മെച്ചപ്പെടുത്താമെന്നത് ആലോചിക്കണം. ലൈറ്റ് മെട്രോയെ സംബന്ധിച്ച് ഇവിടെ അടിയന്തര പ്രമേയങ്ങൾ വന്നു, ഇവിടെ കൊച്ചി മെട്രോയുടെ ചർച്ചനടക്കുന്ന സമയത്ത് ഏത് ഫീസിബിലിറ്റി സ്റ്റഡിയുടെ അടിസ്ഥാനത്തിലാണ് കൊച്ചി മെട്രോ നിർമ്മിക്കുന്നതെന്ന് ഈ സഭയിൽ കഴിഞ്ഞതവണ ശ്രീ. വി. ഡി. സതീശൻ ചോദിച്ചിട്ടുണ്ട്. നമുക്ക് നമ്മുടെ പൊങ്ങച്ച നിർമ്മാണ സംവിധാനങ്ങളല്ല വേണ്ടത്, നമ്മുടെ നാടിനാവശ്യമായ സംവിധാനങ്ങളാണ്. നമുക്ക് ഫ്ലൈ ഓവറുകൾ ഉണ്ടായിരുന്നുവെങ്കിൽ കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയ്ക്കാമായിരുന്നു,

പക്ഷെ നമ്മൾ അതിലേക്ക് പോയില്ല. വിഴിഞ്ഞത്തെ സംബന്ധിച്ച് ഞങ്ങൾ ഇവിടെ പറഞ്ഞപ്പോഴെല്ലാം വികസനത്തിന് എതിരുനിൽക്കുന്നുവെന്നാണ് പറഞ്ഞത്, ഞങ്ങൾ പറഞ്ഞ കാര്യങ്ങളെല്ലാം അക്ഷരംപ്രതി അംഗീകരിക്കുകയായിരുന്നു സി. ആന്റ് എ. ജി. അതിനുശേഷം കേരളത്തിനെ തൂക്കി വിൽക്കുന്നുവോ എന്നാണ് വിഴിഞ്ഞം കരാറിനെപ്പറ്റി ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചത്. ഞങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങളിൽ കഴമ്പുണ്ടെന്ന് മനസ്സിലാക്കാൻ തയ്യാറാകണം. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയോട്, ഒരു കാര്യംമാത്രമേ പറയാനുള്ളൂ, ഞാൻ വന്ന കാലം മുതൽ കേൾക്കുന്നതാണ് മറീനാ പോർട്ട് കം ബീച്ച് എന്ന പദ്ധതി. ആലപ്പുഴ തുറമുഖത്തെ സംബന്ധിച്ച് പറയുന്നു. എന്താണ് അതിനെ സംബന്ധിച്ച് പറയാനുള്ളതെന്ന് പറയണം. രാഷ്ട്രീയം പറയാൻ നേരമില്ലെങ്കിലും ഒരു കാര്യം, അപ്പുറത്തുള്ള ബഹുമാന്യരായ ശ്രീ. കെ. എൻ. എ. ഖാദറുടെയും, ശ്രീ. കെ. എം. ഷാജിയുടെയുമൊക്കെ തുടർച്ചയായ പ്രസംഗങ്ങൾ കേൾക്കുമ്പോൾ എന്റെ മനസ്സിൽ തോന്നിയ ആകുലതകൾ ഞാൻ പങ്കു വയ്ക്കുകയാണ്. പണ്ട് മുസ്ലീം ലീഗുകാർ അഭിപ്രായവ്യത്യാസങ്ങളും അന്യോന്യമുള്ള രാഷ്ട്രീയ ഭിന്നാഭിപ്രായങ്ങളുമെല്ലാം പ്രകടിപ്പിക്കുമ്പോൾ ഇടതുപക്ഷത്തിന്റെ സാന്നിദ്ധ്യവും സാമീപ്യവുമെല്ലാം ഇവിടെയുണ്ടാകണമെന്ന് അവർ കരുതിയിരുന്നു. അവരുടെ വാക്കുകളിൽ അത് പ്രതിഫലിക്കുമായിരുന്നു, ആർ.എസ്.എസ്.-കാർ ലക്ഷ്യം വയ്ക്കുന്നതുപോലെ ഇടതുപക്ഷമില്ലാത്ത ഒരു ഇന്ത്യ എന്നതല്ലായിരുന്നു മുസ്ലീം ലീഗിന്റെ പഴയ സമീപനം. മുസ്ലീം ലീഗിന്റെ ഉള്ളിന്റെയുള്ളിൽ എവിടെയോ ഒളിപ്പിച്ചുവച്ച ഇടതുപക്ഷ സ്നേഹമുണ്ടായിരുന്നു. ഒരു തണ്ണിമത്തൻ പോലെ പുറമേ അതിന്റെ പച്ചപ്പ് ഉണ്ടെങ്കിലും, അകത്ത് എവിടെയോ ഒരു ചെറിയ ചുവപ്പ് ഉണ്ടായിരുന്നു. പക്ഷേ, സമീപകാലത്ത് തണ്ണിമത്തനെക്കുറിച്ച് പറയുന്നത് അതിനകത്ത് വിഷമയമായ ഹാനികരമായ രാസപദാർത്ഥങ്ങൾ കടത്തിവിട്ടാണ് വിൽപ്പനയ്ക്ക് കൊണ്ടുവരുന്നത് എന്നാണ്. മുസ്ലീം ലീഗിനകത്ത് ഇത്തരത്തിലുള്ള രാസപദാർത്ഥങ്ങൾ അടങ്ങിയിട്ടുള്ള, ഇതുപോലുള്ള വിഷമയമായിട്ടുള്ള കീടനാശിനികൾ, അതുപോലുള്ള സാധനങ്ങൾ കടന്നുകൂടിയിരിക്കുന്നതിന്റെ ലക്ഷണമായി ഇവരുടെ പ്രസംഗങ്ങളിൽ കാണുകയാണ്.

അതിനകത്തിരുന്ന് വിഷമയമായ രാസപദാർത്ഥങ്ങളായി മാറുകയാണ്. ജനിതക കാരണങ്ങളാൽ ഉണ്ടാകുന്ന ട്രാൻസ്ജെൻഡേഴ്സിനെ കാണുമ്പോൾ നമുക്ക് സഹതാപവും, പരിഗണനയും, പരിലാളനയുമെല്ലാം തോന്നും. അതുപോലെ ചില രാഷ്ട്രീയ ട്രാൻസ്ജെൻഡേഴ്സുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ രാഷ്ട്രീയ

ട്രാൻസ്ജെൻഡേഴ്സിന്റെ കാര്യങ്ങൾ പറയുമ്പോൾ, അവരുടെ ട്രാൻസ്ഫോർമേഷൻ പിരീഡ് കാണുമ്പോൾ നമുക്കറിയാം അവർ എങ്ങോട്ടുപോകുന്നുവെന്ന്. ഞാൻ ആരുടേയും പേര് പറഞ്ഞില്ല, കോൺഗ്രസ്സെന്നോ യു.ഡി.എഫ്. എന്നോ പറഞ്ഞില്ല, എന്റെ തലയിൽത്തന്നെയാണോ, എന്നെത്തന്നെയാണോ, എന്നെമാത്രമാണോ ഉദ്ദേശിച്ചത് എന്നു ജഗതി ശ്രീകുമാർ പറഞ്ഞതുപോലെ ചാടിക്കടിക്കേണ്ട കാര്യമുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ,.....പോയിന്റ് ഓഫ് ഓർഡർ........ രാഷ്ട്രീയ ട്രാൻസ്ജെൻഡേഴ്സ് എന്നുപറയുമ്പോൾ ട്രാൻസ്ജെൻഡേഴ്സ് ഒരു മോശം പദമാണെന്നാണോ ബഹുമാനപ്പെട്ട അംഗം ഉദ്ദേശിച്ചത്, എന്തെങ്കിലും മോശമായ ഒന്നിനെ കണക്ക് ചെയ്യേണ്ട പദമാണ് ട്രാൻസ്ജെൻഡേഴ്സ് എന്ന് ഇന്നും വിശ്വസിക്കുന്നുണ്ടെങ്കിൽ അങ്ങ് ആദ്യം ആ ധാരണ തിരുത്തുകയാണ് വേണ്ടത് ഞങ്ങളെ നിങ്ങൾക്ക് രാഷ്ട്രീയമായി എങ്ങനെ വേണമെങ്കിലും ആക്രമിക്കാം, അതിന് ട്രാൻസ്ജെൻഡേഴ്സ് എന്നത് മോശമായി കണക്ക് ചെയ്യേണ്ടതാണെന്ന ധാരണ അങ്ങ് മാറ്റണമെന്ന് ഈ സഭയ്ക്കുവേണ്ടി ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, പോയിന്റൊന്നും ഇതിനകത്തില്ല, പക്ഷെ ട്രാൻസ്ജെൻഡേഴ്സിനെക്കുറിച്ച് ഞാൻ ആദ്യമേ പറഞ്ഞു, ജനിതക കാരണങ്ങളാൽ ഉണ്ടാകുന്നതുകൊണ്ട് നമുക്ക് അവരോട് സ്നേഹമാണ്, വാത്സല്യമാണ് അവരോട് അനുകമ്പയാണ്; ഇത്രയും പറഞ്ഞതിനുശേഷമാണ് ഞാൻ പറഞ്ഞത്. ഉടനെ ചാടി എഴുന്നേറ്റ്, എന്നെത്തന്നെയല്ലേ എന്നു ചോദിക്കേണ്ട കാര്യമില്ല. പരിണാമത്തിന്റേതായ എല്ലാ ലക്ഷണങ്ങളും കാട്ടിത്തുടങ്ങിയിട്ടുണ്ട്. ട്രാൻസ്ഫോർമേഷൻ പിരീഡുണ്ട്; പരിണാമം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് നിരീക്ഷിക്കണം, ഇവരുടെ നേതൃപരിശീലന ക്യാമ്പുകളിൽ വച്ച് എങ്ങനെ ഇടിച്ചുകയറണം, എങ്ങനെ ഫോട്ടോയ്ക്ക് പോസുചെയ്യണം, എങ്ങനെ കള്ളത്തരങ്ങൾ പ്രചരിപ്പിക്കണം എന്നുള്ള ക്ലാസ്സുകൾ കൊടുക്കുന്നതിനുപകരം ആർ.എസ്.എസ്. എന്താണെന്ന് മനസ്സിലാക്കണം. പഴയകാലത്തെ ആർ.എസ്.എസ്. അല്ല, മുഞ്ചയുടേയും ഗോൾവാർക്കറുടേയും കേവലം വംശീയ ഹിന്ദുത്വമല്ല, പുതിയ ആർ.എസ്.എസ്.-ന്റെ അകംപുറം. സവർണ്ണ, ആര്യ, കോർപ്പറേറ്റ്, വംശീയ സമ്മിശ്രണമാണ് ലക്ഷ്യം, ന്യൂനപക്ഷങ്ങളെ കൊന്നുതീർക്കൽ മാത്രമല്ല, റോക്ക്ഫില്ലറും, റോക്ക് ഷീൽഡും, മുൻസാൻഡയും ഒക്കെ ചിറകുവിരിക്കുന്ന സാമ്രാജ്യത്വത്തിന്റെ കൂട്ടിക്കൊടുപ്പുകാരാണ്, അത് അന്താരാഷ്ട്ര ഭീകര സേനയാണ്. എന്തും ചെയ്യാൻ മടിക്കാത്തവർ, ഇന്ത്യയിൽ മാത്രമല്ല ലോകത്തിന്റെ വിവിധ

ഭാഗങ്ങളിൽ പല പേരുകളിൽ പല രഹസ്യ സംഘങ്ങളിലും ഏർപ്പെട്ട് അവർ സജീവമായി പ്രവർത്തിക്കുന്നു. ലോകത്തിന്റെ മിക്ക ഭരണകൂടങ്ങളിലും അന്തർദ്ദേശീയ മനുഷ്യാവകാശ ബോഡികളിലും സംഘങ്ങളിലും പോലീസിലും എന്നുവേണ്ട സകലതിലും പതിറ്റാണ്ടുകളായി നിശബ്ദരായി പണിയെടുത്തു കൊണ്ടിരിക്കുന്നു. സാഹചര്യം അനുകൂലമെന്നു കണ്ടാൽ അവർ പുറത്തുചാടും, അവർ നാളെ നമുക്കൊരു രാഷ്ട്രപിതാവിനെ സമ്മാനിക്കാൻ ഒരുങ്ങിയിരിക്കുകയാണ്, നാഥുറാം വിനായക് ഗോഡ്സെയാണത്. അങ്ങനെയുള്ള രാഷ്ട്രപിതാവിനെ അവർ ഒരുക്കി വച്ചിരിക്കുകയാണ്, അവർ എന്തു ചെയ്യും എന്തു ചെയ്യില്ല എന്നതിന് അവരെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. അതിന് പഠിപ്പിക്കുകയാണ് ചെയ്യേണ്ടത്. ഇവരുടെ നേതൃപരിശീലന ക്യാമ്പുകളിൽ, അത് പഠിപ്പിക്കാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള ട്രാൻസ്ഫോർമേഷൻ ലക്ഷണങ്ങൾ ഇവർ കാണിക്കുന്നത്. ആൺ പെണ്ണാകുന്നതുപോലെ, പെണ്ണ് ആണാകുന്നതുപോലെയുള്ള ലക്ഷണങ്ങളാണ് ഇവർ കാണിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ ജാഗ്രത പുലർത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. മുരളി പെരുനെല്ലി : സർ, 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ പൊതുമരാമത്ത്, തുറമുഖങ്ങൾ എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. റോഡ്, റെയിൽ, വ്യോമ, ജലഗതാഗത മാർഗ്ഗങ്ങളെല്ലാം നിലവിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് നമ്മുടെ പ്രിയപ്പെട്ട കേരളം. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ റോഡ് സാന്ദ്രത വളരെ ഉയർന്നതാണെന്ന കാര്യം നമുക്കറിയാം. മുഴുവൻ റോഡുകളും ഗതാഗതയോഗ്യമായ റോഡുകളാൽ ബന്ധപ്പെട്ടവയാണെന്ന സവിശേഷത നമുക്കുമാത്രം അവകാശപ്പെടുന്ന ഒന്നാണ്. കേരളത്തിൽ വാഹനങ്ങളുടെ എണ്ണം കുതിച്ചുയരുകയാണ്. ഓരോ ആറര വർഷത്തിലും വാഹനങ്ങളുടെ എണ്ണം ഇരട്ടിയാകുകയാണ്. 1980-ൽ 2 ലക്ഷം വാഹനങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ 2017-ലെ കണക്കനുസരിച്ച് അവയുടെ എണ്ണം 110 ലക്ഷമായി വർദ്ധിച്ചിരിക്കുകയാണ്. വാഹനങ്ങളുടെ എണ്ണം പെരുകുന്നതിന് അനുസരിച്ച് നമ്മുടെ റോഡുകളും മറ്റു ഗതാഗത സൗകര്യങ്ങളും വിപുലീകരിക്കേണ്ടതുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള ക്രിയാത്മകമായ പദ്ധതികളുമായാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. 'New Times New Construction' അഥവാ 'പുതിയ കാലം പുതിയ നിർമ്മാണം' ഇതാണ് പൊതുമരാമത്തു വകുപ്പിന്റെ പുതിയ നയം. അടിസ്ഥാന സൗകര്യ നിക്ഷേപത്തിന്

മുന്തിയ പരിഗണന നൽകി, പദ്ധതികൾ നടപ്പിലാക്കുന്നതിൽ ആധുനിക സുസ്ഥിര സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി നിരത്തുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ ഇവയുടെ നിർമ്മാണവും സംരക്ഷണവും ഈ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. കേരളത്തിലെ റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് കാരണമായ നിർമ്മാണത്തിലെ അശാസ്ത്രീയത, എസ്റ്റിമേറ്റിലെ ന്യൂനത, മേൽനോട്ടത്തിലെ വീഴ്ച, അഴിമതി എന്നീ ശാപങ്ങളിൽനിന്നും പൊതുമരാമത്ത് എന്ന ഈ അഹല്യയ്ക്ക് മോക്ഷം നൽകിയിരിക്കുകയാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ മന്ത്രി ജി. സുധാകരൻ.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഡി.പി.ആർ. ആവശ്യമാണ്. ഡി.പി.ആർ. തയ്യാറാക്കാൻ കേരളത്തിൽ മൂന്നോ നാലോ കമ്പനികളാണ് പ്രധാനമായുള്ളത്. ഇൻവെസ്റ്റിഗേഷൻ നടത്തുന്ന ഈ കമ്പനികൾക്ക് വൻ കുടിശ്ശികയാണുള്ളത്. കുടിശ്ശികയുള്ളതുകൊണ്ട് നിശ്ചിത സമയത്ത് ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കാൻ ഈ കമ്പനികൾ തയ്യാറാകുന്നില്ല. അതുകൊണ്ടുതന്നെ കിഫ്ബിയിൽ പ്രഖ്യാപിച്ച പ്രവൃത്തികളുൾപ്പെടെ മുന്നോട്ടുനീങ്ങാത്ത അവസ്ഥ ഇപ്പോഴുണ്ട്. അതിനാൽ ഇൻവെസ്റ്റിഗേഷൻ ഏജൻസികൾക്ക് ഫണ്ട് അടിയന്തരമായി കൊടുക്കണമെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, കൊടുക്കേണ്ടതു തന്നെയാണെന്നാണ് എന്റെ അഭിപ്രായം. വർദ്ധിച്ച റോഡപകടങ്ങൾ കണക്കിലെടുത്ത് റോഡ് സുരക്ഷയ്ക്ക് സർക്കാർ മുന്തിയ പരിഗണന കൊടുക്കുന്നുണ്ട്. ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ട്രാഫിക് സൈൻ ബോർഡുകളും ഹാൻഡ് റെയിലുകളും ട്രാഫിക് ലൈറ്റുകളും സ്ഥാപിക്കുന്നത് ഈ രംഗത്തെ പ്രധാന കാര്യങ്ങളാണ്. സ്കൂൾ മേഖല വികസിപ്പിക്കുന്നത് വളരെ ശ്രദ്ധേയമാണ്. നിരീക്ഷണ ക്യാമറകൾ, റിഫ്ലക്ടറുകൾ, ക്രാഷ് ബാരിയറുകൾ എന്നിവ സ്ഥാപിച്ച് റോഡ് സുരക്ഷ സുശക്തമാക്കാനുള്ള നീക്കം അഭിനന്ദനാർഹമാണ്. നിലവിലെ പൊതുമരാമത്ത് മാനദണ്ഡമനുസരിച്ച്, പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബിൽ നിന്നുള്ള ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റുകൂടി ലഭിച്ചാൽ മാത്രമെ പേമെന്റ് നടത്തുകയുള്ളൂവെന്നതും വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. സോഷ്യൽ ഓഡിറ്റ് സമ്പ്രദായവും പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുകയാണ്.

ഇന്ത്യയ്ക്ക് ദിശാബോധം നൽകുന്ന ഇടതുപക്ഷ ബദൽ വെട്ടിത്തെളിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ ഈ വഴിയിൽ നിന്നും മാറി, ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്ന പ്രതിപക്ഷം യഥാർത്ഥത്തിൽ ആരെയാണ് സഹായിക്കുന്നതെന്ന കാര്യം നമ്മൾ പരിശോധിക്കേണ്ടതാണ്. ഹിന്ദു രാഷ്ട്രമായി ഇന്ത്യയെ മാറ്റാൻ ശ്രമിക്കുന്ന ആർ.എസ്.എസ്.നേയും നരേന്ദ്ര മോദിയേയുമാണ് ഇവർ സഹായിക്കുന്നത്. കാടിനുള്ളിലെ രഹസ്യ നിധി തേടുന്ന യുവാവിന്റെ കഥ പറയുന്ന ഒരു സിനിമയുണ്ട്. ആ കഥ വടക്കേ അമേരിക്കയിൽ ഇപ്പോൾ അടുത്ത കാലഘട്ടത്തിൽ യാഥാർത്ഥ്യമായിരിക്കുകയാണ്. 2010-ൽ The Thrill of the Chase എന്ന തന്റെ ആത്മകഥയിൽ ഫോറസ്റ്റ് ഫെൻ എന്ന കോടീശ്വരൻ, താൻ 20 ലക്ഷം ഡോളർ റോക്കി മലനിരകളിൽ കുഴിച്ചിട്ടിരിക്കുന്നതായി ആത്മകഥയിൽ പറയുന്നുണ്ട്. ആത്മകഥ വായിച്ചവരിൽ ചിലർ നിധി തേടിയുള്ള യാത്ര തുടങ്ങി. 4800 കി.മീ. നീണ്ടു കിടക്കുന്നതാണ് റോക്കി മൗണ്ടെയിൻസ്. മല കയറിയവരിൽ ആദ്യ മരണം 2016-ൽ നടന്നു. തുടർന്ന് നിരവധി പേർ മരണപ്പെട്ടു. ഈയടുത്ത ദിവസമാണ് അമേരിക്കൻ സ്വദേശി 54 വയസ്സുള്ള ജസ് മർഫി എന്നയാൾ മരണപ്പെട്ടത്. ശ്രീ. നരേന്ദ്ര മോദി കുഴിച്ചിട്ട വൻ നിധി ശേഖരത്തിൽ ഭ്രമിച്ച് ബി.ജെ.പി. മലകയറുന്ന കോൺഗ്രസുകാരുടെ അവസ്ഥ മറ്റൊന്നായിരിക്കാൻ വഴിയില്ല എന്നാണ് ഈ കഥയിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്.

'അവനവനാത്മസുഖത്തിനായ് ആചരിക്കുന്നവ-

യപരന്നു സുഖത്തിനായ് വരേണം' എന്നുള്ളതാണ് സാമൂഹ്യ പരിഷ്കർത്താക്കളിൽ എന്തുകൊണ്ടും പ്രഥമസ്ഥാനീയനായ ശ്രീനാരായണ ഗുരുദേവൻ പറഞ്ഞിരിക്കുന്നത്. എന്നാൽ ഈ മഹത് സന്ദേശം ഉൾക്കൊള്ളാൻ പ്രതിപക്ഷം തയ്യാറല്ല എന്നുള്ളതാണ് അവരുടെ പ്രവൃത്തികളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അഞ്ച് വർഷത്തെ യു.ഡി.എഫ്.-ന്റെ ഭരണം തന്നെ അതിനുദാഹരണമാണ്. അവനവന് ആത്മസുഖമുണ്ടായി, പക്ഷേ പണിയെടുക്കുന്നവർക്കും കഷ്ടപ്പെടുന്നവർക്കും ദുരിതം മാത്രം സംഭാവന ചെയ്തുകൊണ്ടാണ് ആ കാലഘട്ടം പോയതെന്ന് നിങ്ങൾക്ക് കാണാൻ കഴിയും. നിങ്ങളുടെ ആത്മസുഖത്തിനാണ് ഏറ്റവും അവസാനം ത്രിപുരയിലടക്കം കോൺഗ്രസുകാർ ബി.ജെ.പി.-യിൽ ചേർന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. അതല്ലാതെ ജനങ്ങളുടെ സുഖത്തിനുവേണ്ടിയല്ല അവിടെ പോയിട്ടുള്ളത്. ഇവിടെ കേരളത്തിൽ അതിന്റെ തിരനോട്ടം അടുത്ത കാലത്ത് കണ്ടതാണ്. 'കൂടെക്കിടക്കുന്നവനേ രാപ്പനിയറിയൂ' എന്നൊരു ചൊല്ലുണ്ട്. കൂടെക്കിടക്കുന്ന ശ്രീ. കെ. സുധാകരന്റെ പരസ്യ പ്രസ്താവന ഇവിടെയിരിക്കുന്ന കോൺഗ്രസുകാരുടെ

മനസ്സിൽ ഇല്ലെങ്കിൽപ്പോലും പുറത്തുള്ളവരുടെ മനസ്സിലൊക്കെ ഏകദേശം ആ പരുവത്തിലാണെന്നത് നാം അറിയണം. അടിയന്തര പ്രമേയത്തിന്റെ സമയത്ത് ശ്രീ. കെ. എം. മാണി ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചു, കേരളത്തിലും ലോംഗ് മാർച്ച് വേണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം. പ്രതിപക്ഷനേതാവ് ഭംഗ്യന്തരേണ അതിനെ പിന്തുണയ്ക്കുകയും ചെയ്തതാണ്. മഹാരാഷ്ട്രയിലെ ലോംഗ് മാർച്ചിൽ മുന്നോട്ടുവച്ച പ്രധാന മുദ്രാവാക്യം ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക എന്നതായിരുന്നു. ഇന്ത്യയൊട്ടാകെ ആത്മഹത്യ പെരുകിയ യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ, ആത്മഹത്യകൾ പെരുകുന്നതിന്റെ കാരണവും അതിന്റെ പരിഹാരമാർഗ്ഗവും കണ്ടെത്തുന്നതിന് അന്നത്തെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് നിയോഗിച്ച കമ്മീഷനായിരുന്നു ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ. ആ കമ്മീഷൻ റിപ്പോട്ട് നടപ്പിലാക്കിയിരുന്നുവെങ്കിൽ...., കേരളത്തിൽ ഇന്ന് കർഷക ആത്മഹത്യ എന്നൊക്കെ പറയുന്നുണ്ടല്ലോ. കൃഷിക്കാരന് ഉത്പന്നത്തിന്റെ ഉത്പാദനച്ചെലവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ആദായകരമായ വില വേണമെന്നാണ് പറയുന്നത്. ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശിക്കുന്നതും അതുതന്നെയാണ്. ഉത്പാദനച്ചെലവിന്റെ ഒന്നരയിരട്ടി നൽകണമെന്നാണ് പറയുന്നത്. കോൺഗ്രസ് സർക്കാരും ബി.ജെ.പി. സർക്കാരും അത് നൽകുന്നില്ല, ഇതാണ് രാജ്യമൊട്ടാകെ സമരമുണ്ടാകാൻ കാരണം. ഇവർക്കെതിരെയാണ് മഹാരാഷ്ട്രയിൽ അഖിലേന്ത്യാ കിസാൻ സഭയുടെ നേതൃത്വത്തിൽ ലോംഗ് മാർച്ച് നടന്നത്. കോൺഗ്രസിന്റെ കഴിഞ്ഞകാല ഭരണം വരുത്തിവച്ച കെടുതികൾ, അതിന് തുടർച്ചയായി ബി.ജെ.പി. സർക്കാർ വരുത്തിവച്ച കെടുതികൾ, ഇതിനെതിരെയാണ് ലോംഗ് മാർച്ച് നടന്നത്. ആ സമരത്തെക്കുറിച്ച് വരുന്ന വാർത്തകളെന്താണ്? സമരം ലക്ഷ്യം കണ്ടു, ഇന്ത്യയിൽ അടിസ്ഥാനവർഗ്ഗത്തിന് സമരം നയിക്കാനും അതൊരു പ്രസ്ഥാനമായി വളർത്താനും കഴിയുന്ന ഏക പാർട്ടി സി.പി.ഐ.(എം) ആണെന്ന് പറഞ്ഞുകൊണ്ടാണ് മലയാള മനോരമയുടെ ചാനലിൽ അവതാരകൻ ഇക്കാര്യം അവതരിപ്പിച്ചത്. സി.പി.ഐ.(എം.)-ന്റെയും ഇടതുപക്ഷത്തിന്റയും പ്രസക്തിയെ ശക്തിപ്പെടുത്തുന്ന വാക്കുകളാണ് ഇതെന്ന് നാം കാണേണ്ടതുണ്ട്. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റുകാർക്ക് എന്തു പ്രസക്തിയെന്ന് നിങ്ങൾ ചോദിക്കുന്നു. കമ്യൂണിസ്റ്റുകാരില്ലാത്ത ഇന്ത്യയുടെ ഭാവിയെന്താണ്; കോൺഗ്രസിന്റെ ഭാവിയെന്താണ്? കമ്മ്യൂണിസ്റ്റുകാരില്ലാത്തിടത്താണ് കൂട്ടത്തോടെ ബി.ജെ.പി.-യിലേക്ക് ചേക്കേറിപ്പോകുന്നത്. കേരളത്തിന് ഒരു മതനിരപേക്ഷ മനസ്സുണ്ട്, ഇടതുപക്ഷമുണ്ട്, കമ്മ്യൂണിസ്റ്റുകാരുണ്ട്. അതിന്റെ ബലത്തിലാണ് പ്രതിപക്ഷം

എന്നനിലയിൽ നിങ്ങൾ ഇവിടെ നിൽക്കുന്നത്. പ്രതിപക്ഷം കൂട്ടത്തോടെ ബി.ജെ.പി.യിലേയ്ക്ക് ചേക്കേറുന്ന കാഴ്ച കേരളത്തിൽ കാണുന്നില്ല. ആ മതനിരപേക്ഷ മനസ്സാണ് കേരളത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. ഞങ്ങൾക്ക് ഇവിടെ ഞങ്ങളെപ്പറ്റി വലിയ ആശങ്കകളില്ല. കാരണം ഞങ്ങൾ ഞങ്ങൾക്ക് വേണ്ടിയല്ല പ്രവർത്തിക്കുന്നത്, നാടിനുവേണ്ടിയാണ്, ജനങ്ങൾക്കുവേണ്ടിയാണ് എന്നുള്ളത് നിങ്ങൾ കാണണം. കേരളത്തിൽ നിന്ന് ത്രിപുരയിലേയ്ക്കും മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും സ്വപ്നം കാണുന്നുണ്ടെങ്കിൽ ആ സ്വപ്നം ഇവിടെ നടക്കാതെ പോകുന്നത് ഞങ്ങൾ കമ്യൂണിസ്റ്റുകാരുടെ സാന്നിദ്ധ്യം കൊണ്ടും ഈ മത നിരപേക്ഷ മനസ്സിന്റെ സാന്നിദ്ധ്യം കൊണ്ടുമാണ്. സാമൂഹിക പരിഷ്കർത്താക്കളും നവോത്ഥാന നായകന്മാരും കമ്മ്യൂണിസ്റ്റുകാരും പടുത്തുയർത്തിയ ആ മതനിരപേക്ഷ മനസ്സ് തകർന്നാൽ കേരളം ത്രിപുരയാകും, ഒരു തർക്കവുമില്ല. അതുപോലെ മഹാരാഷ്ട്രയോ, ഉത്തർപ്രദേശോ ആകുന്നത് കാണാനുള്ള വിശാലമായ മനസ്സ് നിങ്ങൾക്കില്ലാതെ പോയല്ലോയെന്ന് ഖേദിക്കുകയാണ്. ഇവിടെ അതിന് വലിയ വില കൊടുക്കേണ്ടിവരും. ചുരുങ്ങിയത് 1931-ലെ കോൺഗ്രസ്സിന്റെ കറാച്ചി പ്രമേയമെങ്കിലും പഠിക്കണ്ടേ? ഇവിടെ ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചത്, ഞങ്ങൾക്ക് നയം പലതാണെന്നാണ്. അങ്ങ് വിഷമിക്കേണ്ട കാര്യമില്ല; സി.പി.ഐ.(എം) പാർട്ടി കോൺഗ്രസിൽ ചർച്ച ചെയ്യപ്പെടുന്ന കരട് രാഷ്ട്രീയ പ്രമേയം അഞ്ചു രൂപ കൊടുത്താൽ ശ്രീ. വിൻസെന്റിന് ലഭിക്കും. അദ്ദേഹത്തിന് വേണമെങ്കിൽ സൗജന്യമായി കൊടുക്കുകയും ചെയ്യാം. അത് വായിച്ചാൽ സി.പി.ഐ.(എം)-ന്റെ നയം എന്താണെന്ന് കൃത്യമായും നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. കേരളത്തിൽ ഇടതുപക്ഷം തകർന്നാൽ സംഭവിക്കാൻ പോകുന്നത് എന്താണെന്നുള്ളത് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും കാണാൻ കഴിയുന്ന കാര്യമാണ്. മറ്റ് സംസ്ഥാനങ്ങളിലില്ലാത്ത കാർഷിക പരിഷ്കരണം നടന്ന സംസ്ഥാനമാണ് കേരളം. 10 സെന്റുമുതൽ അതിന് മുകളിലുള്ള ഭൂമി കൈവശമുള്ളവരായി നമ്മൾ മാറിയത് കമ്മ്യൂണിസ്റ്റുകാരുടെ ഭരണം ഇവിടെ വന്നതുകൊണ്ടാണ്. സ്വന്തമായി ലഭിച്ച ഭൂമിക്കു ചുറ്റും വേലി കെട്ടി, മതിൽ കെട്ടി അതിൽ സുന്ദരമായ വീട് തീർത്തുകൊണ്ട് ഞങ്ങൾക്കെതിരെ ഇങ്ങനെ കുരച്ചുചാടുന്നത് കാണുമ്പോൾ ഇവിടെയും സി.പി.ഐ.(എം), ഇടതുപക്ഷം തകരുകയാണെങ്കിൽ വരാൻപോകുന്നത് ഈ പറയുന്ന ഭൂതമാണ്. ആ ഭൂതം വന്നിടത്തെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്ന കാഴ്ചകൾ കേരളത്തിൽ ആവർത്തിക്കണമെന്നുള്ളതാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അത് പരസ്യമായി പറയുന്നതായിരിക്കും നല്ലതെന്നുമാത്രമാണ് എനിക്കിവിടെ സൂചിപ്പിക്കുവാനുള്ളത്. കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും കോർപ്പറേറ്റ് അനുകൂല നയങ്ങൾക്ക് ഇടതുപക്ഷമാണ്

യഥാർത്ഥ ബദലെന്ന് സ്ഥാപിച്ചുകൊണ്ട് മഹാരാഷ്ട്രയിലെ ആ മഹാസമരം മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുക എന്ന സ്ഥിതി വിശേഷമാണുള്ളത്. അവിടെ തേങ്ങ ഉടയ്ക്കുമ്പോൾ ഒരു ചിരട്ട ഉടയ്ക്കണ്ടേ എന്ന ചോദിച്ചുകൊണ്ട് ഇവിടെ കെ.പി.സി.സി.-യും കർഷക കോൺഗ്രസും നാലാം തീയതി സെക്രട്ടേറിയറ്റ് വളയാൻ പോകുന്നുവെന്ന ഒരു വാർത്ത കേൾക്കുകയുണ്ടായി.ഏതായാലും നല്ല കാര്യമാണ്. ബദൽ ഉയർത്തിക്കൊണ്ടുവന്ന്, ആ ബദൽ ശക്തിപ്പെടുത്തുക എന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നിർവ്വഹിക്കുന്ന കടമ. ആ കടമ നിർവ്വഹിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുപോകുന്നതിൽ, അതിന് സഹായകരമായ രീതിയിലുള്ള പൊതുമരാമത്തു വകുപ്പിന്റെയും തുറമുഖ വകുപ്പിന്റെയും ധനാഭ്യർത്ഥനകളെ ആത്മാർത്ഥമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ പൊതുമരാമത്ത് വകുപ്പിന്റെയും തുറമുഖ വകുപ്പിന്റെയും ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വളരെ പ്രധാനപ്പെട്ട, വികസനത്തിന്റെ അവിഭാജ്യമായ ഒരു ഘടകമാണ് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനംകൊണ്ട് നമുക്ക് സാധിക്കേണ്ടതായിട്ടുള്ളത്. ഇന്ത്യയിലാകെ 92851 കിലോമീറ്റർ റോഡുകളുള്ളതിൽ കേരളത്തിൽ 2.19 ലക്ഷം കിലോമീറ്റർ റോഡുകളുണ്ടെന്നാണ് പറയപ്പെടുന്നത്. റോഡ് ശൃംഖലയിൽ ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ രാജ്യം ഇന്ത്യയാണ്. പക്ഷെ 40 ശതമാനം ട്രാഫിക് മാത്രമേ നാഷണൽ ഹൈവേ വഴി നടക്കുന്നുള്ളൂ. 24 ശതമാനം റോഡുകൾക്കുമാത്രമേ നാലുവരി പാതയുള്ളൂ. ഇന്ത്യൻ റെയിൽവേ 66687 കിലോമീറ്ററുള്ള ലോകത്തിലെ ഏറ്റവും വലിയ റെയിൽവേയാണ്. ചരക്കുഗതാഗതം 67 ശതമാനവും നടക്കുന്നത് അതുവഴിയാണ്. ഈ കണക്കുകൾ ആർക്കും ലഭ്യമായിട്ടുള്ളതാണ്. അതിൽ 1558 കിലോമീറ്റർ റെയിൽവേയും 1687 കിലോമീറ്റർ ഉൾനാടൻ ജലഗതാഗതവും കേരളത്തിലുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമാകുകയും വളരെ മെച്ചപ്പെട്ട രീതിയിൽ ലോകത്തോടും ഇന്ത്യയോടുമൊപ്പം സഞ്ചരിക്കാൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിന്റെ കാര്യത്തിൽ ഈ സംസ്ഥാനത്തിന് സാധിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഭാവനാസമ്പന്നമായ പരിപാടികളാണ് വാസ്തവത്തിൽ ഈ വകുപ്പ് അവിഷ്കരിക്കേണ്ടതെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഇവിടെ അത്തരത്തിലുള്ള ഒരു സീരിയസ്നെസ് പൊതുമരാമത്ത് വകുപ്പിന് കിട്ടുന്നുണ്ടോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. പൊതുമരാമത്ത് വകുപ്പിനെമാത്രം പറഞ്ഞിട്ട് കാര്യമില്ല, ധനകാര്യവകുപ്പ് ബഡ്ജറ്റിൽ പണം നീക്കിവയ്ക്കാത്തത് വലിയൊരു പ്രശ്നമായിട്ടാണ് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നത്. കിഫ്ബി എന്നു പറയുന്നത്, ബീറ്റിംഗ് ബോയ് എന്നുപറഞ്ഞ്

പണ്ട് ഇംഗ്ലണ്ടിൽ രാജാവിന്റെ കുട്ടിയും ഒരു സെർവന്റും ഒരുമിച്ച് സ്കൂളിൽ പോകുമ്പോൾ രാജാവിന്റെ കുട്ടി ചെയ്യു തെറ്റിന് സെർവന്റിനെയാണ് അടിക്കുന്നത്. അതാണ് ബീറ്റിംഗ് ബോയ്. അതിനുവേണ്ടി ഒരാളെ പ്രത്യേകം പറഞ്ഞയയ്ക്കുകയാണ് ചെയ്യുന്നത്. അതുപോലെ എന്തെങ്കിലും ഒരാവശ്യം ഒരാൾ ഉന്നയിച്ചാൽ അത് കിഫ്ബിയിൽ തരാമെന്നുപറഞ്ഞാൽ അത് കിട്ടുകയില്ലെന്ന് ഉറപ്പാകുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. എന്തുകൊണ്ട് ഈ ബഡ്ജറ്റിൽത്തന്നെ പണം നീക്കിവയ്ക്കാനുള്ള നടപടി സ്വീകരിക്കുന്നില്ല? പൊതുമരാമത്ത് വകുപ്പിന് ഫണ്ട് സ്പെഷ്യലായി കൊടുക്കേണ്ട കാര്യമുണ്ടോ? ഫണ്ട് ബഡ്ജറ്റിൽത്തന്നെ നീക്കിവച്ചാൽ മന്ത്രിസഭയ്ക്ക് അന്തസ്സാണ്, അതുകൊണ്ട് നാട്ടിലെ കാര്യങ്ങളും നടക്കും, എം.എൽ.എ.-മാർക്കും നല്ലതാണ്. ടോക്കൺമാത്രം നീക്കിവച്ചിട്ട് ആ ജോലി നടക്കുമോ ഇല്ലയോ എന്ന കാര്യത്തിൽ ബലമായ സംശയം നിലനിൽക്കുകയും ആളുകളെല്ലാം അത് വിശ്വസിക്കാതിരിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് ഫണ്ട് നീക്കിവയ്ക്കുമ്പോൾ അത് പൂർണ്ണമായും ബഡ്ജറ്റിൽത്തന്നെ നീക്കിവയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഏറ്റവും കൂടുതൽ ടെക്നോളജിക്കൽ ഡെവലപ്മെന്റ് ഉണ്ടായിട്ടുള്ള സമയത്ത്, ആ ഡെവലപ്മെന്റ് മുഴുവൻ യൂട്ടിലൈസ് ചെയ്യാൻ നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്. റോഡുനിർമ്മാണ രംഗത്തും ബിൽഡിംഗ് കെട്ടുന്നതിലും ബ്രിഡ്ജസ് ഉണ്ടാക്കുന്നതിലും ലോകത്ത് ലഭ്യമായിട്ടുള്ള ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നില്ല എന്ന പ്രശ്നമുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. റോഡുകൾ വെട്ടിപ്പൊളിക്കുക എന്നത് ഏറ്റവും വലിയ പ്രശ്നമാണ്. ജലനിധിയുടെയും വാട്ടർ അതോറിറ്റിയുടെയും വകയായിട്ടും ബി.എസ്.എൻ.എൽ.-ന് കേബിൾ ഇടാൻ വേണ്ടിയും റോഡുകൾ നിരന്തരമായി പൊളിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ രാജ്യത്തും ഇങ്ങനെയാണോ ചെയ്യുന്നതെന്ന് എന്തുകൊണ്ട് അന്വേഷിച്ചുകൂടാ? അതിനുവേണ്ടി മാത്രം റോഡിന്റെ ഓരങ്ങളിൽ ഡക്റ്റ് നിർമ്മിക്കുന്ന സമ്പ്രദായമാണ് പല രാജ്യങ്ങളിലുമുള്ളത്. ആ ഡക്റ്റുകൾ തുറന്ന് കേബിളുകൾ വയ്ക്കാനും മാറ്റാനും ഒരു പ്രയാസവുമുണ്ടാകാറില്ല. പക്ഷേ, ഇവിടെ സ്ഥിരമായി റോഡു നിർമ്മാണം പൂർത്തിയായാൽ വെട്ടിപ്പൊളിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ മൂന്നുപഞ്ചായത്തുകളിൽ വെട്ടിപ്പൊളിക്കാത്ത ഒരു റോഡുമില്ല. അതുകൊണ്ട് വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് സംജാതമാകുന്നത്. പാലം നിർമ്മാണത്തിലും കെട്ടിട നിർമ്മാണത്തിലും അതിനൂതനമായ മെറ്റീരിയലും ടെക്നോളജിയുമൊക്കെ ഇന്ന് ലഭ്യമാണ്. ഇവിടെ നല്ല എഞ്ചിനീയർമാർ ധാരാളമുണ്ട്. പക്ഷേ, അവർ വകുപ്പിൽവന്ന് ജോലി ആരംഭിച്ചുകഴിഞ്ഞാൽ സ്വാഭാവികമായും ഒരു

എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായിത്തീരുകയാണ്. പുതിയ ഭാവനകളും പദ്ധതികളും ഒന്നും ആവിഷ്കരിക്കാനോ നടപ്പിലാക്കാനോ അവർക്ക് താല്പര്യമില്ലാതായിത്തീരുന്ന ഒരു സ്ഥിതിവിശേഷം ഇവിടെയുണ്ട്. അവരെമാത്രം കുറ്റപ്പെടുത്തുന്നതല്ല, അവർക്കും അതിലൊരു പങ്കുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിലും ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യത്തിലും ഏറ്റവും പുതിയ ടെക്നോളജി എപ്രകാരം ഉപയോഗിക്കണമെന്ന പരിശീലനത്തിനായി, സംയുക്തമായ പരിശീലന പരിപാടികൾക്കുവേണ്ടി അവരെ വിദേശ രാജ്യങ്ങളിലേയ്ക്കും മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും അയയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന ഒരു കാര്യമാണ്, അതിനെക്കുറിച്ച് ചിലർ പറയുകയും ചെയ്തിരുന്നു. എൻ.എം.ആർ. എന്ന ഒരു വിഭാഗം പി.ഡബ്ല്യു.ഡി.ക്കുണ്ടായിരുന്നു. എല്ലാ വർഷവും മുടങ്ങാതെ റോഡിന്റെ സൈഡ് ചെത്തിക്കോരി വൃത്തിയാക്കിയും ഡ്രെയിനേജുണ്ടാക്കിയും നടന്നിരുന്ന ഒരു വിഭാഗമാണ്. അത് പൂർണ്ണമായി അവസാനിപ്പിച്ചു. ഗ്രാമീണ റോഡുകളെങ്കിലും സംരക്ഷിക്കുന്നതിന് അയൽക്കൂട്ടങ്ങളെയോ കുടുംബശ്രീയെയോ തൊഴിലുറപ്പ് പദ്ധതിയെയോ ഉപയോഗിച്ച് സ്ഥിരമായി വാർഷിക മെയിന്റനൻസ് സാദ്ധ്യമാകുന്ന വിധത്തിൽ നടത്താൻ അവരെ ഏൽപ്പിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. എന്തായാലും പൊതുമരാമത്ത് വകുപ്പുമന്ത്രി നല്ലതാണ്; പക്ഷേ മന്ത്രി നല്ലതായതുകൊണ്ട് കാര്യമില്ല; മന്ത്രി മാത്രമല്ല കാര്യങ്ങൾ തീരുമാനിക്കുന്നത്. ശ്രീ. ഇബ്രാഹിം കുഞ്ഞ് മന്ത്രിയായിരുന്ന കാലത്ത് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തിട്ടുള്ളതാണ്. അതിന്റെ തുടർച്ച എന്നുള്ള നിലയ്ക്ക് അദ്ദേഹം ചെയ്യാൻ വേണ്ടി ശ്രമിക്കുന്നുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ കർക്കശ സ്വഭാവം കൊണ്ടുമാത്രം നേരിടാൻ കഴിയുന്ന ഒരു വിഷയമാണെന്ന് എനിക്ക് തോന്നുന്നില്ല. കുറേക്കാലം കഴിയുമ്പോൾ റോഡുകളുടെ കാര്യത്തിൽ ഈ മന്ത്രിയേയും വന്നുപോയ മന്ത്രിമാരെയുമൊക്കെ കുറ്റപ്പെടുത്തുന്ന, ഭരണാധികാരികളെ മുഴുവൻ കുറ്റപ്പെടുത്തുന്നവിധം ജനങ്ങൾക്ക് വളർച്ചയുണ്ടായിട്ടുണ്ട്. ജനങ്ങൾ ഒരുപാട് സഞ്ചരിച്ചിട്ടുണ്ട്; കാര്യങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്; ചാനലുകൾ കാണുന്നുണ്ട്. പുതിയ മനുഷ്യരാണ് കേരളത്തിൽ ജീവിക്കുന്നത്; പഴയതുപോലെ നമ്മെ എല്ലാവരെയും വിശ്വസിച്ച് നടക്കുന്നവരല്ല. നമ്മുടെ ഉദ്യോഗസ്ഥന്മാരോടും ജനപ്രതിനിധികളോടും ഗവൺമെന്റുകളോടുംതന്നെ പുച്ഛം തോന്നിത്തുടങ്ങുന്ന ഒരു സാഹചര്യം, പരസ്പരം കുറ്റപ്പെടുത്തലുകൾകൊണ്ടും പ്രവർത്തനക്ഷമത ഇല്ലായ്മകൊണ്ടും കാര്യഗൗരവം ഇല്ലാത്തതുകൊണ്ടും അല്ലെങ്കിൽ ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് നമുക്ക് ഉയരാൻ സാധിക്കാത്തതുകൊണ്ടും പലപ്പോഴും നല്ല വിവരമുള്ള ധാരാളം ആളുകളുടെയിടയിൽ അഭിപ്രായ വ്യത്യാസമുണ്ടാകുന്നുണ്ട്. നമ്മൾ അതിനെക്കുറിച്ച് ജാഗ്രത

പാലിക്കേണ്ടതാണ്.

തുറമുഖ വകുപ്പിൽ കവിയും കലാകാരനുമായ വിശാലഹൃദയനായ ഒരു മന്ത്രിയുണ്ട്. പക്ഷേ അദ്ദേഹം കൈകാര്യം ചെയ്യുന്ന തുറമുഖ വകുപ്പ് കടലുമായി ബന്ധപ്പെട്ടതാണ്. കടൽ എന്നുപറഞ്ഞാൽത്തന്നെ ഒരു രൗദ്ര ഭാവമാണ്. സ്ഥിരം പ്രക്ഷുബ്ധമായിരിക്കുക, തിരമാലകൾ അടിക്കുക, സുനാമിയുണ്ടാവുക, ഓഖിയുണ്ടാകുക, വാസ്കോഡഗാമ, പായ്ക്കപ്പലുകൾ തുടങ്ങി രൗദ്ര ഭാവങ്ങളുള്ള വലിയൊരു സംഭവം കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് സാധിക്കുമോയെന്ന് എനിക്ക് അറിയില്ല. പ്രത്യേകിച്ച് ഗുണദോഷങ്ങളൊന്നുമില്ലാത്ത മന്ത്രിയാണ്. അദ്ദേഹത്തിന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പബ്ലിക് റിലേഷൻസ് ഓഫീസർ പോലുള്ള എന്തെങ്കിലും ജോലി കൊടുത്താൽ എല്ലാവരെയും തൃപ്തിപ്പെടുത്തി, തോളിൽ കയ്യിട്ട്, ചിരിച്ചുകളിച്ച് നടക്കുമായിരുന്നു. അങ്ങനെയുള്ള വിഷയമല്ല തുറമുഖം. 700 വർഷങ്ങൾക്കുമുമ്പ് ഇബ്നുബത്തൂത്ത കോഴിക്കോട് വരുമ്പോൾ 13 കപ്പലുകൾ കോഴിക്കോട് തുറമുഖത്തുണ്ട്. പാനൽ ഓഫ് ചെയർമാനായ ശ്രീ. ഇ. കെ. വിജയന്റെ കൊല്ലം പന്തലായനിയിൽ നല്ലൊരു തുറമുഖമുണ്ട്. അതുപോലെ ബേപ്പൂരും കൊടുങ്ങല്ലൂരും നല്ല തുറമുഖങ്ങളുണ്ട്. ബത്തൂത്ത കോഴിക്കോട് വരുമ്പോൾ, അവിടെയുണ്ടായിരുന്ന 13 കപ്പലുകളിൽ രണ്ടെണ്ണം വലിയ ചൈനീസ് കപ്പലായിരുന്നു, വളരെക്കൂടുതൽ ആളുകൾ അങ്ങനെയുള്ള കപ്പലുകളിൽ കൂടുതൽ ദിവസം സഞ്ചരിച്ചിരുന്നു. ആ കപ്പലുകളിൽ ചീരയൊക്കെ നട്ടുവളർത്തി യാത്രാമധ്യേ ആഹാരത്തിനുവേണ്ടി ഉപയോഗിച്ചിരുന്നു. ആ തുറമുഖങ്ങളുടെയൊക്കെ പ്രശസ്തി നഷ്ടപ്പെടുകയാണുണ്ടായത്. അന്ന് കോഴിക്കോട് ധാരാളം ട്രേഡ് നടന്നിരുന്നു. വലിയങ്ങാടിയിലെ ഏറ്റവും വലിയ കച്ചവടക്കാരൻ ഇബ്രാഹിം ഷാ ബന്ധർ എന്ന ബഹ്റിൻകാരനായിരുന്നു. അങ്ങനെ പല രാജ്യങ്ങളിൽനിന്ന് സുഗന്ധ വ്യഞ്ജനങ്ങളും മറ്റും വാങ്ങാൻ വരികയും വലിയ രീതിയിൽ കച്ചവടം നടക്കുകയും ചെയ്തിരുന്ന കാലമായിരുന്നു. തുറമുഖങ്ങളുടെ കാര്യത്തിൽ ആ സുവർണ്ണകാലമൊക്കെ കേരളത്തിന് നഷ്ടപ്പെട്ടുവെന്ന് പറയേണ്ടിവരും. വിഴിഞ്ഞത്ത് ഉമ്മൻ ചാണ്ടി ഗവൺമെന്റിനുശേഷം ഒരു പുതിയ കല്ലുപോലും വച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയുള്ള സാഹചര്യമാണ് ഇപ്പോഴുള്ളത്. കേന്ദ്ര ഗവൺമെന്റിൽനിന്ന് സാദ്ധ്യമാകുന്നത്ര പണം ഈ വിഷയങ്ങളുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനായി വാങ്ങാൻ സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പ്രത്യേകിച്ച് കേരളത്തിലെ ഇടതുമുന്നണി ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും തമ്മിലുള്ള നല്ല ബന്ധം ഇത്തരം കാര്യങ്ങൾക്കായി പരമാവധി പ്രയോജനപ്പെടുത്തണം. ജി.എസ്.ടി. വന്നതിനുശേഷം കരാർ രംഗത്തുണ്ടായ പ്രശ്നങ്ങളും കരാറുകാർ ബുദ്ധിമുട്ടുന്നതും

നിർമ്മാണ പ്രക്രിയയിലുണ്ടായ വർദ്ധനവുമൊക്കെ നമുക്ക് അറിയാവുന്നതാണ്. ഈ ഗവൺമെന്റ് കോർപ്പറേറ്റുകളുടെ ഗവൺമെന്റാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ബാങ്കുകളുടെ ലയനവും ഡെപ്പോസിറ്റ് സ്വീകരിക്കലും ക്യാഷ് ലെസ് ട്രാൻസാക്ഷനുമെല്ലാം അതാണ് കാണിക്കുന്നത്. ഞാൻ 100 രൂപ ഒരാൾക്ക് കൊടുത്താൽ എനിക്ക് 100 രൂപ കുറയുകയും അയാൾക്ക് 100 രൂപ ലഭിക്കുകയും ചെയ്യുന്നുവെന്നല്ലാതെ മൂന്നാമതൊരാൾക്ക് ഒന്നും കിട്ടുന്നില്ല. എന്നാൽ ക്യാഷ്‌ലെസ് ട്രാൻസാക്ഷനാകുമ്പോൾ, 100 രൂപയുടെ ട്രാൻസാക്ഷൻ നടത്തുമ്പോൾ ഒന്നര രൂപ മൂന്നാമതൊരാൾക്ക് ലഭിക്കുന്നു. ഒരു ദിവസം ഒരു ലക്ഷം കോടി കറൻസിയുടെ ക്യാഷ്‌ലെസ് സർക്കുലേഷൻ നടക്കുമ്പോൾ 10000 കോടി രൂപ അംബാനിയുടെ പെട്ടിയിലേക്കാണ് പോകുന്നത്. 17 ലക്ഷം കോടി കറൻസി ഇന്ത്യയിൽ ഇപ്പോൾ ട്രാൻസാക്ഷനിലുണ്ട്. നീരവ് മോദിയുടെയും ചോക്സിയുടെയും വിക്രം കോത്താരിയുടെയും അംബാനിയുടെയും അദാനിയുടെയും ജിൻഡാലിന്റെയും മിത്തലിന്റെയും ഗവൺമെന്റാണ് രാജ്യം ഭരിക്കുന്നത്. സാധാരണക്കാരന്റെ പൈസ മുഴുവൻ ബാങ്കിൽ കൊണ്ടിട്ട് അത് കുമിഞ്ഞുകൂടി ഹിമാലയംപോലെ വലുതായി വരുമ്പോൾ ആ പണം മുഴുവൻ കടം വാങ്ങിക്കൊണ്ടുപോയിട്ട് തിരിച്ചടയ്ക്കാതിരിക്കുകയാണ്. ഇനി ഒരാളും ബാങ്കിൽ ഒരു പൈസയും ഡെപ്പോസിറ്റ് ചെയ്യരുത്. എല്ലാ ബാങ്ക് അക്കൗണ്ടുകളും ക്ലോസ് ചെയ്യണം. അങ്ങനെയാണ് അതിനെതിരായി സമരം നടത്തേണ്ടത്. ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ക്യാഷ്‌ലെസ് ട്രാൻസാക്ഷൻ എന്ന സംവിധാനമില്ലാതെ നേരിട്ട് കറൻസി ഉപയോഗിച്ചാലെ ഇവരൊക്കെ പഠിക്കുകയുള്ളൂ. അങ്ങനെയുള്ള പ്രക്ഷോഭങ്ങൾ ആവശ്യമായി വരികയാണ്. കേന്ദ്രഗവൺമെന്റ് പൂർണ്ണമായും അവരോടൊപ്പം നിൽക്കുകയാണ്. ഭീകരമായ ഫാസിസം, വർഗ്ഗീയത എന്നുമാത്രം പറഞ്ഞാൽ പോര, സാമ്പത്തിക രംഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ കൊടിയ വലതുപക്ഷ വ്യതിയാനത്തിനെതിരായുള്ള പ്രക്ഷോഭംകൂടി ആവശ്യമായിവരും. മഹാരാഷ്ട്രയിലെ കർഷകരുടെ പ്രക്ഷോഭം നല്ല പ്രക്ഷോഭമാണ്. അതുപോലെയുള്ള വമ്പിച്ച ജനകീയ പ്രക്ഷോഭങ്ങളുയർത്തി മാത്രമേ നമുക്കിതിനെ നേരിടാൻ കഴിയുകയുള്ളൂ. ഇതിൽ സാമ്പത്തിക വിഷയങ്ങളും ഉൾപ്പെടുത്തണം. വർഗ്ഗീയതയും ഫാസിസവും മാത്രം പറഞ്ഞാൽ മതിയാകില്ല, സാമ്പത്തികമായ ധാരാളം കാര്യങ്ങൾ ഈ ഗവൺമെന്റിന് വിരുദ്ധമായി പറയാനുണ്ട്. അതൊക്കെ കോൺഗ്രസിനോട് താരതമ്യം ചെയ്യാൻ കഴിയുന്ന വിഷയങ്ങളല്ല. കോൺഗ്രസ് പാർട്ടിയെക്കുറിച്ച് പറഞ്ഞ് നമുക്ക് ആശ്വസിക്കാം എന്നല്ലാതെ അവരെ ആക്ഷേപിച്ചിട്ടോ അവരോട് സഹതപിച്ചിട്ടോ കാര്യമില്ല. മാർക്സിസ്റ്റുകാരായ സ്നേഹിതൻമാരോട് എനിക്ക് പലപ്പോഴും സഹതാപമാണ് തോന്നുന്നത്. അവർ എന്തുകൊണ്ടാണ് ഈ

യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാത്തത്. കോൺഗ്രസ് തീരെയില്ലാത്ത ഇന്ത്യയിൽ മാർക്സിസ്റ്റ് പാർട്ടി അവശേഷിക്കുമെന്ന് ഞാൻ കരുതുന്നില്ല. ഇതെല്ലാം പരസ്പര ബന്ധിതമാണ്. മാർക്സിസ്റ്റ് പാർട്ടിക്കായാലും കോൺഗ്രസിനായാലും നിലനിൽക്കണമെങ്കിൽ എല്ലാവരും പരസ്പരം ആശ്രയിച്ചും സഹകരിച്ചുമല്ലാതെ നിലനിൽക്കാൻ കഴിയില്ലെന്നുള്ളതാണ് വാസ്തവം. അതുകൊണ്ട് കോൺഗ്രസ് പൂർണ്ണമായി ഇല്ലാതായി കോൺഗ്രസ് മുക്ത ഭാരതമുണ്ടായാൽ അവിടെ മാർക്സിസ്റ്റ് പാർട്ടി മാത്രം പതാകയുമായി നിൽക്കുമെന്ന് എനിക്ക് തോന്നുന്നില്ല. കോൺഗ്രസ് ഇല്ലാതാകുന്നതോടെ മാർക്സിസ്റ്റ് പാർട്ടിയും ഇല്ലാതാകും. അത്തരം ഭയാനകമായ സ്ഥിതിവിശേഷമാണുണ്ടാവുക. ഇന്ദിരാ ഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കാലത്ത് ഇന്ത്യൻ പാർലമെന്റിൽ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ ലിയോനിഡ് ബ്രെഷ്നേവ് (Leonid Brezhnev) ഇന്ദിരാ ഗാന്ധിയുടെ സാമ്രാജ്യത്വ നിലപാടുകളെ പ്രശംസിച്ച് പ്രസംഗിച്ചിട്ടുണ്ട്. അന്ന് പാർലമെന്റിലുണ്ടായിരുന്ന ഒരു മാർക്സിസ്റ്റുകാരനും അതിനെ ചോദ്യം ചെയ്തിട്ടില്ല. ബ്രഷ്നേവ് ഡൽഹിയിൽ വരുന്ന സമയത്ത് ഇന്ത്യ-സോവിയറ്റ് ബന്ധം നീണാൾ വാഴട്ടെയെന്ന മുദ്രാവാക്യം വിളിച്ച് ഇന്ത്യക്കാരായ കുട്ടികളും റഷ്യക്കാരും അവരെ സ്വീകരിക്കുകയാണ് ചെയ്തത്. കമ്മ്യൂണിസ്റ്റുകാരെല്ലാം പാർലമെന്റിൽ ഇരിക്കുമ്പോഴാണ് സംയുക്ത പാർലമെന്റ് സമ്മേളനത്തിൽ അടിയന്തരാവസ്ഥ കാലത്ത് ഇന്ദിരാ ഗാന്ധിയെ വാഴ്ത്തി, അവരുടെ സാമ്രാജ്യവിരുദ്ധ നിലപാടുകളെപ്പറ്റി ബ്രെഷ്നേവ് പ്രസംഗിച്ചത്. അത് നമ്മൾ എങ്ങനെയാണ് വിസ്മരിക്കുന്നത്. ഇപ്പോൾ നല്ലൊരു കാര്യമുണ്ടായി, സോണിയാ ഗാന്ധി ഇന്നലെ നൽകിയ വിരുന്നിന് രംഗരാജൻ എന്ന സി.പി.ഐ.(എം.)-കാരനും സി.പി.ഐ.-ക്കാരായ ശ്രീ. ഡി. രാജയും ശ്രീ. എസ്. സുധാകർ റെഡ്ഡിയും പോയിരുന്നു. ഒരു പാർട്ടിയിൽനിന്ന് ഒരാൾ പോയാൽ മതി, ഇവിടെ രണ്ടുപേരാണ് പോയത്. യു.പി.-യിലെ ഗൊരഖ്പൂരിൽ 77000 വോട്ടിന്റെ ഭൂരിപക്ഷത്തിന് ഭാരതീയ ജനതാ പാർട്ടിയെ പരാജയപ്പെടുത്തി എസ്.പി. ജയിച്ചിട്ടുണ്ടെന്ന സന്തോഷകരമായ വാർത്തയുണ്ട്. നിങ്ങൾക്ക് ബി.ജെ.പി.-യെപ്പറ്റി പറയാൻ മടിയുണ്ടാകും, അത് ഇവിടത്തെ ഗവൺമെന്റ് നിലനിൽക്കാൻ വേണ്ടിയാണ്. വർഗ്ഗശത്രുക്കൾക്കെതിരായ പോരാട്ടങ്ങളെ ഞങ്ങൾ എതിർക്കുന്നില്ല. ഒരു വർഗ്ഗസമരം എന്ന നിലയ്ക്കാണ് മഹാരാഷ്ട്രയിലെ കൃഷിക്കാരുടെ സമരത്തെ പുകഴ്ത്തിയത്. അതേസമയം, നിങ്ങളിവിടെ കൊന്നൊടുക്കുന്ന ആളുകളെല്ലാം വർഗ്ഗ ശത്രുക്കളാണോ? ഷുക്കൂറും ഷുഹൈബും ചന്ദ്രശേഖരനുമൊക്കെ വർഗ്ഗ ശത്രുക്കളാണോ? നിങ്ങൾ അംബാനിയെയോ അദാനിയെയോ കൊന്നിട്ട് വരികയാണെന്നുപറഞ്ഞാൽ അതിന് ന്യായമുണ്ട്. ആരെ കൊല്ലുന്നതിനും ഞങ്ങൾ എതിരാണ്. പക്ഷേ അദാനി, അംബാനി, സിംഘാനിയ, മഫത്‌ലാൽ, ഗോയങ്ക,

മിത്താൽ, ജിൻഡാൽ തുടങ്ങിയ മുതലാളിമാരെ കൊന്നിട്ട് വരികയാണെന്ന് പറഞ്ഞാൽ ശ്രീ. പി. ജയരാജന് നമ്മൾ അവാർഡ് കൊടുക്കാം. നേരെമറിച്ച് ഷുക്കൂറിനെയോ ഷുഹൈബിനെയോ ചന്ദ്രശേഖരനെയോ കൊന്നിട്ട് വരികയാണെന്നുപറഞ്ഞാൽ അതിന് എന്തർത്ഥമാണുള്ളത്. അവർ വർഗ്ഗ ശത്രുക്കളാണോ? ....(ബഹളം)... ശബ്ദമുണ്ടാക്കി ഇതൊന്നും നേരെയാക്കാൻ പറ്റില്ല. നിങ്ങൾക്ക് കഴിയുമെങ്കിൽ പാർലമെന്റിൽ ബി.ജെ.പി.-ക്കെതിരായി ശബ്ദമുയർത്തണം. എനിക്കെതിരായി ശബ്ദമുണ്ടാക്കിയിട്ട് കാര്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ......

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഞാനിത് നന്മയ്ക്കുവേണ്ടിയാണ് പറയുന്നത്. മതേതര ശക്തികളുടെ ഐക്യം, ബഹുജനപ്രക്ഷോഭം എന്നൊക്കെ പറയുന്നത് അത്യാവശ്യ കാര്യമാണ്. അത് വളർന്നുവരാൻ ഈ നിലപാടല്ല സ്വീകരിക്കേണ്ടത്. Empty vessels make the greatest sound എന്നാണ് പറയുന്നത്. കാലിപ്പാത്രങ്ങളാണ് ഏറ്റവും കൂടുതൽ ഒച്ചയുണ്ടാക്കുന്നതെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രതിസന്ധി അഴിമതിയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളും ഭരണപക്ഷാംഗങ്ങളും ഇവിടെ സംസാരിച്ചെങ്കിലും പ്രതിപക്ഷാംഗങ്ങളിൽ ഒരാൾക്കുപോലും ഈ ഗവൺമെന്റിലെ മന്ത്രിമാർക്കെതിരെ അഴിമതി ആരോപണം ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതുതന്നെയാണ് ഈ ഗവൺമെന്റിന്റെയും മന്ത്രിമാരുടെയും മഹത്തരമായി ഞങ്ങൾ കാണുന്നത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ, അദ്ദേഹത്തിന്റെ നയത്തെ സംബന്ധിച്ച് നിരന്തരമായി പറയുന്ന ഒരു മുദ്രാവാക്യമാണ് 'പുതിയ കാലം, പുതിയ നയം' എന്നത്. വലിയൊരു മാറ്റമുണ്ടാക്കാനുള്ള പരിശ്രമം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. എഞ്ചിനീയറിംഗ് ആക്ട് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് കരട് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം അദ്ദേഹം നൽകിയിട്ടുണ്ട്. അതോടൊപ്പം എഞ്ചിനീയർമാർക്കും കരാറുകാർക്കുമുള്ള പരിശീലന പരിപാടികൾ ഗവൺമെന്റ് ആരംഭിച്ചിരിക്കുന്നു. അക്കാഡമി സംബന്ധിച്ച നിർദ്ദേശം നൽകിയതിന് പ്രത്യേകമായി അഭിനന്ദിക്കുന്നു. നിർമ്മിതികളുടെ ഉറപ്പ് ഇനിമുതൽ എഞ്ചിനീയർമാരുടെയും കരാറുകാരുടെയും നിയമപരമായ ബാദ്ധ്യതയാക്കാനുള്ള

നിർദ്ദേശത്തെ സ്വാഗതം ചെയ്യുകയാണ്. കോൺട്രാക്ടർമാരുടെ വാറന്റി പിരീഡ് സംബന്ധിച്ച് കുറച്ചുകൂടി വ്യക്തതയുണ്ടാകണം. റോഡുകൾക്കുള്ള 3 വർഷ വാറന്റിയും പാലം, ബിൽഡിംഗ് എന്നിവയുടെ വാറന്റിയും സംബന്ധിച്ച് കുറച്ചുകൂടി വ്യക്തത കോൺട്രാക്ടർമാർക്കും ഞങ്ങൾക്കും ഉണ്ടാകുന്നത് നല്ലതായിരിക്കുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തെക്കുറിച്ചും ഡോക്ടർ-നഴ്സ്-രോഗി അനുപാതത്തെക്കുറിച്ചും ഗൗരവമായി ചർച്ച ചെയ്യാറുണ്ട്. ഇവിടെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ആയിരത്തോളം എഞ്ചിനീയർമാരുടെ കുറവുണ്ടെന്ന് പറഞ്ഞു. റോഡുകളുടെ നീളം കൂടുകയും പലതരം റോഡുകൾ ഏറ്റെടുക്കാൻ പി.ഡബ്ല്യു.ഡി. നിർബന്ധിതമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ആവശ്യത്തിന് ജീവനക്കാരെ കൊടുക്കാതിരുന്നാൽ ജോലിഭാരംകൊണ്ട് ജീവനക്കാർക്ക് പലപ്പോഴും ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാകും. അതുകൊണ്ട് പൊതുമരാമത്തുമായി ബന്ധപ്പെട്ട നയം പ്രഖ്യാപിക്കുമ്പോൾ അനുപാതമുണ്ടാക്കി നയത്തിന്റെ ഭാഗമാക്കണമെന്ന അപേക്ഷയാണുള്ളത്. പി.എസ്.സി. പരീക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം എഞ്ചിനീയർമാരെ സെലക്ട് ചെയ്താലുണ്ടാകുന്ന പ്രശ്നം അവരുടെ പ്രവൃത്തികളിൽ കാണാൻ സാധിക്കും. ഫോഴ്സിലേയ്ക്കാണെങ്കിൽ ഫിസിക്കൽ ടെസ്റ്റ്, മെന്റൽ എബിലിറ്റി, പേഴ്സണാലിറ്റി തുടങ്ങിയ കാര്യങ്ങൾ ടെസ്റ്റ് ചെയ്യുന്നതിന് ധാരാളം മാർഗ്ഗങ്ങളുണ്ട്. പി.എസ്.സി. ടെസ്റ്റ് എഴുതി ഈ രംഗത്ത് എത്തിച്ചേരുന്ന എഞ്ചിനീയർമാരുടെ ഇൻഎഫിഷ്യൻസി കാരണം പലപ്പോഴും സമയ ബന്ധിതമായി വർക്കുകൾ പൂർത്തീകരിക്കാൻ കഴിയാത്ത, പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയാത്ത പല പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് പി.എസ്.സി. പരീക്ഷ മാത്രമല്ലാതെ അനുബന്ധമായി എന്തെല്ലാം കാര്യങ്ങൾ ഇതിന്റെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയുമെന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. എഞ്ചിനീയർമാരെ പൊതുമരാമത്ത്, മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, എൽ.എസ്.ജി.ഡി. തുടങ്ങിയ എല്ലാ വകുപ്പുകളും വീതംവച്ച് എടുത്തിട്ടുണ്ട്. ഒരു പണിയും ചെയ്യാതെ കുറച്ച് എഞ്ചിനീയർമാർ ഇരിപ്പുണ്ടെങ്കിൽ അത്തരം പോസ്റ്റുകൾ അബോളിഷ് ചെയ്ത് പൂൾ ചെയ്യാൻ ഗവൺമെന്റ് തലത്തിൽ, ക്യാബിനറ്റ് തീരുമാനിക്കേണ്ടതാണ്. അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് ഇക്കാര്യങ്ങൾ കൊണ്ടുവരികയാണ്. ഒരു ജോലിയും ചെയ്യാതിരിക്കുന്ന എഞ്ചിനീയർമാരെ സംബന്ധിച്ച്, അവർ ഒരു വർഷം എത്ര കോടി രൂപയുടെ വർക്ക് സൂപ്പർവൈസ് ചെയ്യുന്നുണ്ടെന്നുള്ളത് സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഡിപ്പാർട്ടുമെന്റ് തലത്തിൽ ഒരു അവലോകനം നടത്തുന്നത് നന്നായിരിക്കും. ഒരു ജോലിയും ചെയ്യാതെ ശമ്പളം വാങ്ങുമെന്ന നിലപാട് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവരെ

ട്രാൻസ്ഫർ ചെയ്ത് ഇടുക്കി ജില്ലയിലേയ്ക്ക് വിടുന്നതുകൊണ്ട് മാത്രമാകുന്നില്ല. അങ്ങനെയുള്ളവരെ എങ്ങനെയാണ് നിയമപരമായി, ഡിപ്പാർട്ട്മെന്റലായി കൈകാര്യം ചെയ്യുക എന്നുള്ളത് സംബന്ധിച്ചുകൂടി ഗൗരവമായ ചർച്ച ഉണ്ടാകണം. എൽ.സി.ജി.ഡി.-യിൽ ആർക്കും വേണ്ടാത്ത ഒരു എഞ്ചിനീയറെ ഇടുക്കി ജില്ലയ്ക്ക് തന്നിട്ടുണ്ട്. അവിടെ വലിയ കുഴപ്പമില്ലാതെ വർക്ക് നടന്നുകൊണ്ടിരുന്നതാണ്. ഇടുക്കി ജില്ലയിലെ എൽ.എസ്.ജി.ഡി.യുടെ പ്രവർത്തനങ്ങൾ ഏതാണ്ട് കുളമാകുമെന്ന കാര്യത്തിൽ സംശയമില്ല. അത്തരത്തിലുള്ള ഇടപെടലുകൾ ഉണ്ടാകരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇവർക്ക് ക്വാളിറ്റി ഇല്ലെന്ന് പറയുമ്പോഴും റിട്ടയർ ചെയ്തതിനുശേഷം ഇവർ പ്രൈവറ്റ് ഫേമുകളിൽ ജോലി ചെയ്യുന്നുണ്ട്. പ്രൈവറ്റ് ഏജൻസികളിലേയ്ക്ക് ചെല്ലുമ്പോൾ ഇവരുടെ വർക്കിന്റെ സ്പീഡും ഭാവനയുമൊക്കെ കണ്ടുകഴിഞ്ഞാൽ നമുക്ക് അത്ഭുതം തോന്നും. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു സൗന്ദര്യമുണ്ടാകണം. മന്ത്രി, അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ആവർത്തിച്ച് പറയുന്നതാണത്. അദ്ദേഹത്തിന്റെ കവിതകളിലുള്ള സൗന്ദര്യവും ആർജ്ജവും പോലെ പി.ഡബ്ല്യു.ഡി.യുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഒരു സൗന്ദര്യം കൊണ്ടുവരുന്നതിനുള്ള ഇടപെടലുണ്ടാകണം. മഞ്ഞ, ബ്രൗൺ നിറത്തിലുള്ള പെയിന്റുകളല്ലാതെ മറ്റ് പെയിന്റുകളെക്കുറിച്ച് പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്ക് അറിയില്ലെന്നുള്ളതാണ്. അതുകൊണ്ടാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളും മറ്റ് സംവിധാനങ്ങളും അനിവാര്യമായി വരുന്നത്. എന്നാൽ ഈ എഞ്ചിനീയർമാരുടെ സ്വന്തം വീടുകളിലേയ്ക്ക് ചെന്നാൽ നമ്മൾ ഞെട്ടിപ്പോകും. എത്ര മനോഹരമായിട്ടാണ് വീടുകൾ നിർമ്മിച്ചിരിക്കുന്നത്. ഓരോ സ്പേയ്സും, ബാൽക്കണിയുടെ അടിയിലുള്ള സ്പെയ്സ് പോലും ഉപയോഗിക്കത്തക്ക വിധത്തിൽ അവരുടെ ഭാവന പ്രവർത്തിക്കുന്നുണ്ട്. അവർക്ക് പണി ചെയ്യാൻ അറിയാഞ്ഞിട്ടല്ല, ഇങ്ങനെയൊക്കെ ചെയ്താൽ മതിയെന്ന നിലപാടാണുള്ളത്. തന്റെ സർവ്വീസ് കാലഘട്ടത്തിൽ മനോഹരമായ ഒരു കെട്ടിടമെങ്കിലും നിർമ്മിക്കണമെന്ന ഒരു ചിന്തയിലേയ്ക്ക് എത്തിക്കുന്നതിന് പുതിയൊരു സംസ്കാരം അവരുടെയിടയിൽ ഉണ്ടാക്കുന്നതിനുള്ള നല്ല ഇടപെടലുണ്ടാകണം.

പലപ്പോഴും പൊതുമരാമത്തുമായി ബന്ധപ്പെട്ട് അഴിമതിയുടെ ഉറവിടങ്ങൾ തേടി ചെല്ലുമ്പോൾ മനസ്സിലാകുന്ന ഒരു കാര്യമുണ്ട്. ലോക ബാങ്ക് നിശ്ചയിച്ച കൺസൾട്ടന്റിനോടൊപ്പം കരാറുകാരും കൂടിയാൽ ശ്രീ. ജി. സുധാകരനല്ല, പത്ത് സുധാകരന്മാർ വന്നാലും എത്ര ഇടപെട്ടാലും അഴിമതി തുടരുന്ന സാഹചര്യമുണ്ട്. കൺസൾട്ടന്റും കരാറുകാരുംകൂടി നടത്തുന്ന അഴിമതി സംബന്ധിച്ച് ലോക ബാങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഇടപെടലുണ്ടാകണം. അല്ലെങ്കിൽ എത്ര ശ്രമിച്ചാലും

ഇത്തരം ആളുകളെ നിയന്ത്രിക്കാൻ കഴിയാത്ത പ്രശ്നമുണ്ടാകും. ബിൽഡിംഗ്, പാലം തുടങ്ങിയ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഒരു ലോംഗ് വിഷൻ ഉണ്ടായിരിക്കണം. ഒരു നിർമ്മാണം നടത്തി കുറച്ചുകാലമാകുമ്പോൾ അത് പൊളിച്ചുമാറ്റി പുതിയ നിർമ്മാണം എന്ന തരത്തിലേയ്ക്ക് പോകാതെ നിയോജക മണ്ഡലാടിസ്ഥാനത്തിലെങ്കിലും പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാകണം. ഇക്കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു മാസ്റ്റർ പ്ലാൻ എന്നുപറയുന്നത് എത്രമാത്രം പ്രായോഗികമാകുമെന്നറിയില്ല. പൊതുമരാമത്ത് പ്രവൃത്തികൾ തീരെയില്ലാത്ത മണ്ഡലങ്ങൾക്ക് പ്രത്യേക പരിഗണനയുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി എടുക്കുന്ന നിലപാടുകളെ ഞാൻ വിമർശിക്കുന്നില്ല. എല്ലാവർക്കും തുല്യമായി കൊടുക്കുന്നുവെന്ന് പറയുമ്പോൾ, ഞാൻ മറ്റൊരു അർത്ഥത്തിൽ പറയുന്നതല്ല, ഒരു നിയോജകമണ്ഡലത്തിൽ 50 കിലോമീറ്റർ മാത്രം പി.ഡബ്ല്യു.ഡി. റോഡുള്ള എം.എൽ.എ.-യ്ക്കും 300-400 കിലോമീറ്റർ റോഡുള്ള എം.എൽ.എ.-യ്ക്കും തുല്യമായി വീതം വയ്ക്കുമ്പോൾ പണിയാൻ കഴിയുന്ന റോഡിന്റെ നീളത്തിൽ കുറവുണ്ടാകും. അതുകൊണ്ട് റോഡിന്റെ നീളംകൂടി പരിഗണിക്കണമെന്നുള്ളതാണ് മലയോര പ്രദേശത്തുനിന്നും വരുന്ന എം.എൽ.എ.-മാരുടെ അഭിപ്രായം. മന്ത്രിയെന്നുള്ള നിലയിൽ ഇക്കാര്യങ്ങൾ പൂർണ്ണമായും അങ്ങയുടെ അധികാര പരിധിയിൽ വരുന്നതാണ്. ഇക്കാര്യത്തിൽ എന്റെ അഭിപ്രായം പറഞ്ഞുവെന്നേയുള്ളൂ. ഞങ്ങൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം, റോഡ് സംബന്ധമായ രേഖകൾ ഇല്ലെന്നുള്ളതാണ്. അത് പി.ഡബ്ല്യു.ഡി.യിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കയ്യിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കയ്യിലും ഇല്ല. താലൂക്കിൽ ചെന്നാൽ അവിടെയും ലഭ്യമല്ല. നമ്മുടെ ആസ്തികൾ സംബന്ധിച്ച പ്രോപ്പർ ഡോക്യുമെന്റേഷൻ ഉണ്ടാകണം. പി.ഡബ്ല്യു.ഡി. റോഡുകളും പാലങ്ങളും കയ്യേറിപ്പോകുന്നു. അതുകൊണ്ട് ആസ്തികൾ സംബന്ധിച്ച വിവരം രജിസ്റ്റർ ഉണ്ടാക്കി സൂക്ഷിക്കുന്നതിന്, ഹാർഡ് കോപ്പി ഡോക്യുമെന്റേഷൻ എത്രമാത്രം നടക്കുമെന്നറിയില്ല, ലഭ്യമാകുന്ന വിവരങ്ങൾ ശേഖരിച്ച് ഹാർഡ് കോപ്പിയായി സൂക്ഷിക്കുക. അല്ലെങ്കിൽ സോഫ്റ്റ് കോപ്പിയെങ്കിലും ലഭ്യമാക്കുന്നതിനുള്ള നടപടി എന്നുള്ള നിലയിൽ, പഴയ റോഡുകളും പാലങ്ങളും കയ്യേറി പോകാതിരിക്കുന്നതിനുള്ള ഒരു ഇടപെടൽ ഉണ്ടാകണം. ലഭ്യമാകുന്ന വിവരങ്ങൾ ഡോക്യുമെന്റ് ചെയ്താൽ നന്നായിരിക്കുമെന്ന അഭിപ്രായമുണ്ട്. പി.ഡബ്ല്യു.ഡി. നിർമ്മാണങ്ങൾക്ക് സ്ഥലം ഏറ്റെടുക്കേണ്ടിവരുന്നതോടുകൂടി ആ പദ്ധതി പാളിപ്പോകുന്ന സ്ഥിതിയുണ്ട്. ഇതിന് ആൾട്ടർനേറ്റ് സംവിധാനമുണ്ടാക്കി കുറച്ചുകൂടി സുതാര്യമാക്കണം. സ്ഥലം ഏറ്റെടുക്കുന്നതിന് പലപ്പോഴും ഉദ്യോഗസ്ഥന്മാർ ഭയപ്പെടുന്ന സാഹചര്യങ്ങളുണ്ട്. കളക്ടർ ചെയർമാനായുള്ള

സമിതിയെയാണ് സ്ഥലം ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. പലപ്പോഴും നടക്കാത്ത സാഹചര്യങ്ങളും വർഷങ്ങളോളം നീണ്ടുപോകുന്ന സാഹചര്യവുമുണ്ട്. പത്തുപതിനഞ്ച് വർഷംവരെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പല പദ്ധതികളും താറുമാറാകുന്നുണ്ട്. അതിന് പരിഹാരമായി സിംഗിൾ വിൻഡോ സിസ്റ്റം കൊണ്ടുവരാൻ അങ്ങേയ്ക്ക് കഴിയും. അഴിമതിവിരുദ്ധ മുഖം ഉണ്ടെന്നുള്ളതുകൊണ്ട് അങ്ങയുടെ ഇടപെടലുകളെ ആരും ഒരിക്കലും സംശയിക്കില്ല. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെങ്കിലും സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ആൾട്ടർനേറ്റ് പ്രൊപ്പോസൽ ഉണ്ടാക്കുന്നതിന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ റോഡുകളിൽ ധാരാളം ക്യാമറകൾ വച്ചിട്ടുണ്ട്. ക്യാമറകൾ സംബന്ധിച്ച് ഇവിടെ ആരും ഉന്നയിക്കാറില്ല. ഓവർ സ്പീഡുമായി ബന്ധപ്പെട്ട് എനിക്ക് പിഴ കിട്ടിയിട്ടുണ്ട്. സ്വാഭാവികമായും ഈ വിഷയങ്ങൾ ആരും ശ്രദ്ധിക്കാറില്ല. എത്ര കോടി രൂപ മുടക്കിയാണ് ക്യാമറകൾ വച്ചത്. ഈ ക്യാമറകൾ ഒന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ല; ഇതിന്റെ വാറന്റി പീരീഡ് തീർന്നതാണോ? ടെക്നോളജി പരാജയമാണെങ്കിൽ നമുക്കത് മനസ്സിലാക്കാൻ സാധിക്കും. പരീക്ഷണാടിസ്ഥാനത്തിൽ കൊണ്ടുവരുന്ന ടെക്നോളജി നൂറ് ശതമാനവും വിജയിക്കണമെന്നില്ല. ടെക്നോളജി സംബന്ധിച്ച പരാജയമാണെങ്കിൽ അക്കാര്യം അറിയണമെന്നുണ്ട്. അതല്ല, ക്യാമറകൾക്ക് മെയിന്റനൻസ് പിരീഡ് ഉണ്ടെങ്കിൽ, മെയിന്റനൻസ് ചെയ്യാതിരിക്കുന്ന സാഹചര്യമുണ്ടെങ്കിൽ അങ്ങനെയുള്ള ആളുകൾക്ക് നോട്ടീസ് കൊടുത്ത് മെയിന്റനൻസ് അടക്കമുള്ള കാര്യങ്ങൾ ചെയ്യുന്നതിന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. കാരണം ഇതിന്റെയൊക്കെ നിർവ്വഹണവുമായി ബന്ധപ്പെട്ട് റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. രോഗവും ദുരന്തവും കാരണം ഉണ്ടാകുന്ന മരണത്തിന്റെ എത്രയോ മടങ്ങാണ് റോഡ് അപകടങ്ങളിൽ മരിക്കുന്നത്. ഓരോ വർഷത്തെയും റോഡപകട മരണങ്ങളുടെ കണക്കെടുത്താൽ ഞെട്ടിക്കുന്ന കണക്കുകളാണ് ലഭിക്കുന്നത്. അതുകൊണ്ട് റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം പുന:സംഘടിപ്പിച്ച് വിപുലപ്പെടുത്തി, ജനകീയമാക്കി, ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം. ഇതിന് വകുപ്പുതല ഏകോപനം ആവശ്യമാണ്. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം കുറച്ചുകൂടി ജനകീയമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റോഡുകളിലെ ഹമ്പ്, സിഗ്നലുകൾ എന്നിവ സംബന്ധിച്ച് ഒരു പുനരാലോചനയുണ്ടാകണം. ഹമ്പുകളുടെ അടുത്തെത്തുമ്പോഴായിരിക്കും അഞ്ചും

ആറും ഹമ്പുകൾ ചാടിച്ചാടി പോകേണ്ട സാഹചര്യമുണ്ടെന്ന് മനസ്സിലാകുന്നത്. അത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. ഹൈക്കോടതി പറഞ്ഞിട്ടുപോലും നമുക്ക് അതിൽ വേണ്ടത്ര വ്യക്തത വരുത്താൻ കഴിയാത്ത സാഹചര്യത്തിൽ ഇക്കാര്യങ്ങളെ സംബന്ധിച്ച് ഒരു ഇടപെടൽ വകുപ്പുതലത്തിലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പലപ്പോഴും പല അസൗകര്യങ്ങൾക്കും അപകടങ്ങൾക്കും ഇത് കാരണമായി മാറുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിൽ ഒരു ഗ്രീൻ പ്രോട്ടോകോൾ കൊണ്ടുവരാൻ പോകുന്നുവെന്ന അങ്ങയുടെ പ്രസ്താവനയെ നൂറുശതമാനം സ്വാഗതം ചെയ്യുകയാണ്. പാരിസ്ഥിതികമായ ഒട്ടനവധി വെല്ലുവിളികൾ നേരിടുന്ന ഒരു കാലഘട്ടത്തിൽ, പ്രത്യേകിച്ച് പ്ലാസ്റ്റിക്ക് മുതലായവ പുതിയ ടെക്നോളജിയുടെ ഭാഗമായി ഉപയോഗിക്കുമ്പോൾ, ഒരു ഗ്രീൻ പ്രോട്ടോകോൾകൂടി ഇതിന് അനുബന്ധമായി ഡിക്ലെയർ ചെയ്യുന്നത് എന്തുകൊണ്ടും നന്നായിരിക്കും. മഴ കൂടുതലുള്ളൊരു സംസ്ഥാനമാണ് കേരളം. റോഡ് കേടാകാതിരിക്കാൻവേണ്ടി മഴ കൂടുതലുള്ള രാജ്യങ്ങളിൽ ഉപയോഗിക്കുന്ന ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് ഉപയോഗിക്കുന്നത് നന്നായിരിക്കും. റോഡ് ടാർ ചെയ്തുകഴിയുമ്പോഴോ അല്ലെങ്കിൽ ടാറിംഗ് നടന്നുകൊണ്ടിരിക്കുമ്പോഴോ മഴ പെയ്താൽ ദിവസങ്ങൾക്കകം ആ റോഡ് പൊളിഞ്ഞുപോകുന്ന സാഹചര്യമുണ്ടാകുന്നു. അതുകൊണ്ട് മഴ കൂടുതലുള്ള രാജ്യങ്ങളിൽ പ്രയോഗിക്കുന്ന ടെക്നോളജി നമ്മുടെ സംസ്ഥാനത്തുകൂടി പ്രയോഗിക്കുന്നതിനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പലപ്പോഴും നാഷണൽ ഹൈവേ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ പാരിസ്ഥിതികാനുമതിയും വനം വകുപ്പിന്റെ അനുമതിയുമൊക്കെ കിട്ടാതെ വരുന്നതുകാരണം റോഡിന്റെ പ്രവർത്തനങ്ങൾ നിന്നുപോകുന്ന അവസ്ഥയുണ്ട്. ഇടുക്കിയിലെ നാഷണൽ ഹൈവേ അങ്ങുകൂടി വന്ന് ഉദ്ഘാടനം ചെയ്ത റോഡാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നാഷണൽ ഹൈവേയുടെ റോഡിന്റെ പ്രവർത്തനം നിന്നുപോയി. അതുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. അത്തരം വിഷയങ്ങളിൽ ഒരു ജോയിന്റ് മീറ്റിംഗ് നടത്തി അടിയന്തര ഇടപെടലുണ്ടായില്ലെങ്കിൽ ഇന്നയിന്ന അസൗകര്യങ്ങളുണ്ടായതുകൊണ്ടാണ് ഈ പ്രവർത്തനം സമയത്ത് പൂർത്തിയാക്കാൻ കഴിയാത്തതെന്ന ന്യായം കോൺട്രാക്ടർമാർ ഉന്നയിക്കുകയും കോസ്റ്റ് റിവിഷൻ അടക്കമുള്ള കാര്യങ്ങളിലേയ്ക്ക് പോകുകയും ചെയ്യുന്നത് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസമുണ്ടാക്കുമെന്നുള്ളതുകൊണ്ട് ഇത്തരം

കാര്യങ്ങളിൽ അങ്ങയുടെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം റോഡുമായി ബന്ധപ്പെട്ട കയ്യേറ്റങ്ങൾ ഇവിടെ ചർച്ച ചെയ്യുതാണ്. പോലീസ്, എക്സൈസ് വകുപ്പുകൾ പിടിക്കുന്ന വാഹനങ്ങൾ, തടികൾ, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർ സ്റ്റോക്ക് ചെയ്യുന്ന മെറ്റീരിയലുകൾ എന്നിവയെല്ലാം അപകടത്തിന് കാരണമാകുന്നുണ്ട്. ഒരു കോൺട്രാക്ടർ പണി ഇട്ടിട്ട് പോയാൽ സ്റ്റോക്ക് ചെയ്യുന്ന മെറ്റീരിയൽ വർഷങ്ങളോളം അവിടെ കിടക്കുന്ന സാഹചര്യങ്ങളുണ്ടാകുന്നുണ്ട്.

ഇന്ന് ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ കൊണ്ടുവന്ന ഒരു സബ്മിഷന് അങ്ങ് മറുപടി പറഞ്ഞു, റോഡ് ക്രോസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ട്, അതടക്കമുള്ള കാര്യങ്ങളിൽ ഗൗരവമായ ഇടപെടലുണ്ടാകണം. മെറ്റീരിയലുകൾ വർഷങ്ങളോളം റോഡിൽ സ്റ്റോക്ക് ചെയ്യുന്നുവെന്ന് പറയുന്നതിനോട് ഒരുകാരണവശാലും യോജിക്കാൻ പാടില്ല. ആ കോൺട്രാക്ടർമാരെ ഇതുമായി ബന്ധപ്പെട്ട് പിന്നെ വിളിച്ചാൽ അവർ പലപ്പോഴും ഗുണ്ടകളെപ്പോലെ പെരുമാറുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് റോഡുകളിൽ നിരന്തരമായി ഉപേക്ഷിക്കപ്പെട്ട വാഹനങ്ങളുണ്ടെങ്കിൽ അത് എടുത്തു മാറ്റുന്നതടക്കമുള്ള നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആകെയുള്ള വാഹനങ്ങളുടെ എണ്ണവും റോഡിന്റെ നീളവും തമ്മിൽ താരതമ്യം ചെയ്യുകയാണെങ്കിൽ, നമ്മുടെ സംസ്ഥാനത്തുള്ള മുഴുവൻ വാഹനങ്ങളും ഒന്നിച്ച് റോഡിലേയ്ക്ക് ഇറങ്ങുന്ന സാഹചര്യമുണ്ടായാൽ നമ്മുടെ സംസ്ഥാനംതന്നെ നിശ്ചലമായിപ്പോകും. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പ് ഒരു നയം കൊണ്ടുവരുന്നുണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾകൂടി അതിന്റെ ഭാഗമായി പരിഗണിക്കേണ്ട സാഹചര്യമുണ്ട്. 60-ഉം 70-ഉം 80-ഉം 100-ഉം കിലോമീറ്ററിൽ ഓടുന്ന ആധുനിക വാഹനങ്ങളാണ് നമ്മുടെ നാട്ടിൽ വന്നുകൊണ്ടിരിക്കുന്നത്. 41 ലക്ഷം രൂപ വാഹനത്തിന്റെ ടാക്സായി സംസ്ഥാന ഖജനാവിലേയ്ക്ക് കിട്ടിയെന്നുപറയുമ്പോൾ അത് സന്തോഷമുള്ള കാര്യമാണ്. എന്നാൽ ടാക്സ് പേ ചെയ്യുന്ന ആൾ കാർ വാങ്ങുന്നത് മ്യൂസിയത്തിൽ സൂക്ഷിക്കുന്നതിനോ അല്ലെങ്കിൽ ഗമയ്ക്ക് വീട്ടിൽ സൂക്ഷിക്കുന്നതിനോ വേണ്ടിയല്ല, റോഡിൽ ഓടിക്കുന്നതിനുവേണ്ടിത്തന്നെയാകും. ടാക്സ് വാങ്ങുമ്പോൾ അവർക്കത് ഓടിക്കുന്നതിനുള്ള മികച്ച സൗകര്യം ചെയ്തുകൊടുക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. അതുപോലെ പി.ഡബ്ല്യു.ഡി. പതിനായിരക്കണക്കിന് രൂപ മുടക്കി സ്ഥാപിക്കുന്ന സിഗ്നൽ ബോർഡുകൾ ആക്രിക്കാരൻ കൊണ്ടുപോയി ആക്രിക്കടയുടെ ഭാഗമായി മാറ്റുന്ന സാഹചര്യമുണ്ട്. ഇത് സ്ഥാപിക്കുന്നത് ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ ഉത്തരവാദിത്വമായി മാറ്റുന്നതിനുള്ള ഇടപെടലുണ്ടാകണം. ഇപ്പോൾ സിഗ്നൽ

ബോർഡുകളിൽ പോസ്റ്റും നോട്ടീസുമൊക്കെ ആര് ഒട്ടിച്ചാലും അവർക്ക് യാതൊരു ശിക്ഷയുമില്ല. അത് നടപ്പാക്കാനോ കണ്ടുപിടിക്കാനോ ഉള്ള സംവിധാനങ്ങളില്ല. ഒരു കുഴിയുണ്ടെങ്കിൽ ആ കുഴി റിപ്പോർട്ട് ചെയ്താൽ അതിന്റെ പേരിൽ നടപടിയെടുത്ത മന്ത്രിയാണ് അങ്ങ്. അങ്ങേയ്ക്ക് ഇത്തരം കാര്യങ്ങളിൽ ഇടപെടാൻ കഴിയുമെന്നതന്നെയാണ് വിശ്വസിക്കുന്നത്. അശാസ്ത്രീയമായ റോഡ് നിർമ്മാണത്തിന്റെ ഡിസൈനിലുണ്ടാകുന്ന കുഴപ്പങ്ങൾതന്നെയാണ് പലപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്നത്. നിരന്തരമായി അപകടങ്ങളുണ്ടാകുന്ന പ്രദേശങ്ങളിലെ റോഡുകളെ സംബന്ധിച്ച് ശാസ്ത്രീയമായി പഠനം നടത്തുകയും ഒരു ഇന്റർനാഷണൽ ഏജൻസിയോ അല്ലെങ്കിൽ അതിനൊരു ഡിസൈനറോ വേണമെങ്കിൽ അത്തരം കാര്യങ്ങളെ സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കണം. തുടർച്ചയായി അപകടങ്ങളുണ്ടാകുന്ന സ്ഥലങ്ങളിൽ റോഡിന്റെ അശാസ്ത്രീയതയാണോ കാരണമെന്ന് പരിശോധിക്കുന്നതിന് ഗൗരവമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സീബ്രാ ലൈനുകളിൽ ക്ലൗഡ് ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ഇടപെടലുകളുണ്ടാകണം. പലപ്പോഴും സീബ്രാലൈനുകളിൽ നിന്നാൽപ്പോലും സ്ത്രീകൾക്കും കുട്ടികൾക്കും റോഡ് ക്രോസ് ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് റോഡുകളിൽ സെൻസറും അലാറവും സ്ഥാപിക്കുന്നതിനുള്ള നടപടികളുണ്ടാകണം. ഇടുക്കി, വയനാട് ഉൾപ്പെടെയുള്ള ജില്ലകളിലെ വലിയ വളവുകളിൽ, എതിർദിശയിൽനിന്നും വാഹനങ്ങൾ വരുന്നുണ്ടോയെന്ന് പകൽസമയത്തുപോലും അറിയാതെ പോകുന്ന സാഹചര്യങ്ങളിൽ, അലാറമടക്കമുള്ള പുതിയ ടെക്നോളജികളെ സംബന്ധിച്ച് അങ്ങ് ആലോചിക്കണം. വനവൽക്കരണത്തിന്റെ ഭാഗമായി സകല റോഡുകളിലും തോന്നുന്നതുപോലെ മരങ്ങൾ നട്ടുപിടിപ്പിക്കുകയെന്നുപറഞ്ഞാൽ നമുക്കത് അനുവദിക്കാൻ കഴിയില്ല. പലപ്പോഴും ഇങ്ങനെ നടുന്ന മരങ്ങൾ ഒടിഞ്ഞുവീണ് അപകടങ്ങളുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഒരു പ്രീ-പ്ലാനിംഗ് ഈ രംഗത്തുണ്ടാകണം. മരത്തിന്റെ വേരുകൾ കാരണം റോഡ് നശിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചും ഗൗരവമായ പഠനമുണ്ടാകണം. അപകടകരമായി നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിനോടൊപ്പം റോഡിൽ നിൽക്കുന്ന വലിയ പോസ്റ്റുകളടക്കം മാറ്റുന്നതിനുള്ള നടപടികളുണ്ടാകണം. നിർമ്മാണ വസ്തുക്കളുടെ ദൗർബല്യത്തെക്കുറിച്ച് ഞാൻ ആവർത്തിക്കുന്നില്ല. ആ വിഷയം ഗൗരവമായിട്ടെടുക്കണം. ബഹുമാനപ്പെട്ട അംഗങ്ങൾ ആവർത്തിച്ച വാട്ടർ അതോറിറ്റിയുടെയും ബി.എസ്.എൻ.എൽ.-ന്റെയും റിലയൻസിന്റെയുമടക്കമുള്ള കേബിൾ കുഴികളെ സംബന്ധിച്ചൊരു സംവിധാനമുണ്ടാക്കണം. വെള്ളപ്പൊക്കംമൂലം റോഡുകൾ നഷ്ടപ്പെട്ടുപോകുമ്പോൾ അടിയന്തരമായി ഈ റോഡുകൾ നന്നാക്കണമെങ്കിൽ അതിനൊരു ക്രമീകരണം ഉണ്ടാക്കണം. ഇപ്പോഴത്തെ

സിസ്റ്റമനുസരിച്ച് പ്രൈസ് ലിസ്റ്റിൽ മാത്രമേ ഒരു വർക്ക് അപ്‌ലോഡ് ചെയ്യാൻ കഴിയൂ. ഒരു നിശ്ചിത എമൗണ്ട് വച്ച് അത്രയെങ്കിലും വർക്കുകൾ ചെയ്യുന്നതിനുള്ള അനുവാദം എഞ്ചിനീയർമാർക്ക് കൊടുത്തെങ്കിൽ മാത്രമേ ഈ പറയുന്ന മെയിന്റനൻസ് വർക്കുകൾ സമയബന്ധിതമായി നടക്കൂ എന്നുള്ളതുകൊണ്ട് അത്തരം വിഷയങ്ങളിൽ അങ്ങയുടെ ഇടപെടൽ ഉണ്ടാകണം. കാട് വെട്ടിമാറ്റുകയെന്നത് ഏറ്റവും ഗൗരവതരമായ പ്രശ്നമാണ്. ഇത് സമയത്ത് നടക്കുന്നില്ല. ഈ കാടുകൾ പലപ്പോഴും അപകടത്തിന് കാരണമാകുന്നുണ്ട്. അതുകൊണ്ട് മാലിന്യ നിക്ഷേപം, മലിനജലം ഒഴുക്കൽ, വാഹന പാർക്കിംഗ്, വഴിയോരക്കച്ചവടം തുടങ്ങിയ കാര്യങ്ങളിലൊക്കെ ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം. ഉത്സവത്തിന്റെയും മറ്റ് ആഘോഷപരിപാടികളുടെയും പേരിൽ റോഡുകളിൽ മുഴുവൻ കടകൾ കെട്ടി ലക്ഷങ്ങൾ സമ്പാദിക്കുന്ന ആളുകളുണ്ട്. ഈ വകുപ്പ് അഴിമതി വിമുക്തമാക്കുന്നതിനുള്ള വലിയൊരു പരിശ്രമമാണ് നടത്തുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലും സംസ്ഥാന ബഡ്ജറ്റിൽ ലഭിച്ചിട്ടുള്ള വർക്കുകൾക്ക് സമയ ബന്ധിതമായി ഭരണാനുമതി കൊടുക്കുന്ന കാര്യത്തിലും വകുപ്പ് നടത്തിയിട്ടുള്ള ഇടപെടലുകളെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭ്യമായിട്ടുള്ള പണം സമയബന്ധിതമായി ചെലവഴിക്കുന്നതിനും വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഈ രണ്ട് ധനാഭ്യർത്ഥനകളെയും പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള പൊതുമരാമത്ത്, തുറമുഖങ്ങൾ എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. സത്യസന്ധവും ധീരവുമായ നിലപാടുകളിലൂടെ പൊതുമരാമത്ത് വകുപ്പുമന്ത്രി ഈ വകുപ്പിനെ ശക്തമായി നയിച്ചുകൊണ്ടിരിക്കുകയാണ്. ഒരുതരത്തിലുമുള്ള വഴിവിട്ട നീക്കങ്ങൾക്ക് വഴങ്ങാത്ത മന്ത്രി ശ്രീ. ജി. സുധാകരൻ കേരളത്തിലെ പൊതുമരാമത്ത് വകുപ്പിനെ സുവർണ്ണ പാതയിലേയ്ക്കാണ് നയിക്കുന്നത്. അഴിമതിയും സ്വജനപക്ഷപാതവുമാണ് പല ഘട്ടങ്ങളിലും പൊതുമരാമത്ത് വകുപ്പിനെ നയിച്ചിരുന്ന പാത. മുമ്പ് പി.ഡബ്ല്യു.ഡി. മന്ത്രിമാരുടെ ഓഫീസുകളിൽ കരാറുകാരുടെയും ഇടനിലക്കാരുടെയും തിരക്കുകൊണ്ട് കയറാൻ കഴിയാത്ത അവസ്ഥയായിരുന്നു. ഇപ്പോൾ അത്തരം ആളുകളുടെ തിരക്കുകൾ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസിൽ കാണാനില്ല എന്നുതന്നെ ഈ സർക്കാരിന്റെയും മന്ത്രിയുടെയും നയം വ്യക്തമാക്കുന്നുണ്ട്. പഴയ മലയാള കഥകളിൽ കടമറ്റത്ത് കത്തനാരെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. പ്രേതഭൂതയക്ഷികളുടെ പേടിസ്വപ്നമായിരുന്നു കടമറ്റത്തച്ചൻ. പൊതുമരാമത്ത് വകുപ്പിലെ അഴിമതി ഭൂതങ്ങളുടെ പേടിസ്വപ്നമായി സഖാവ് ജി. സുധാകരൻ മാറിയിരിക്കുന്നു എന്നതാണ് കേരളത്തിലെ ഏറ്റവും വലിയ സവിശേഷത.

അദ്ദേഹത്തിന്റെ ധീരമായ നിലപാടുകൾക്ക് എല്ലാവിധ പിന്തുണയും അർപ്പിക്കുകയാണ്. പുതിയ കാലം, പുതിയ നിർമ്മാണം എന്നത് കേവലം വാക്കുകളിൽ പറയുക മാത്രമല്ല, പ്രാവർത്തികമാക്കുകയാണ് കഴിഞ്ഞ രണ്ടുവർഷങ്ങളായി അദ്ദേഹം ചെയ്യുന്നത്. 20 പാലങ്ങൾ ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ അദ്ദേഹം പൂർത്തീകരിച്ചു. ആറ് പാലങ്ങളുടെ പുനർനിർമ്മാണം നടത്തുകയുണ്ടായി. ഓരോ വർഷവും നമ്മുടെ നാട്ടിൽ പുതിയ രീതിയിൽ റോഡുകൾ നിർമ്മിക്കുന്ന അവസ്ഥയുണ്ടായി. അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റ് ഈയിടെയുണ്ടാക്കിയ രണ്ട് മാറ്റങ്ങൾ ഏറ്റവും മാതൃകാപരമായി ഞാൻ കാണുകയാണ്. അതിലൊന്ന്, ജർമ്മൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ക്കൊണ്ടുള്ള ആലപ്പുഴയിലെ റോഡ് നിർമ്മാണമാണ്. പഴയ റോഡുകൾ പൊളിച്ച് ആ മെറ്റീരിയൽ ഉപയോഗിച്ചുതന്നെ റോഡ് പുനർ നിർമ്മിക്കുന്ന ഒരു സിസ്റ്റം അദ്ദേഹം ആരംഭിച്ചിരിക്കുന്നു. അതുപോലെ വേസ്റ്റ് പ്ലാസ്റ്റിക്കുകൊണ്ട് ഏകദേശം 46 കി.മീ. റോഡ് നിർമ്മിച്ചിരിക്കുന്നു. ഈ കാലഘട്ടം ആവശ്യപ്പെടുന്ന ഒരു കാര്യമാണത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ റോഡുകൾ ടാർ ചെയ്തിട്ടുള്ള സംസ്ഥാനമാണ് കേരളം. ദേശീയ പാതയും സംസ്ഥാന പാതയും ജില്ലാ റോഡുകളും ഗ്രാമീണ റോഡുകളുമുൾപ്പെടെ ആയിരക്കണക്കിന് കിലോമീറ്റർ റോഡ് ഇവിടെ ടാർ ചെയ്തിട്ടുണ്ട്. നമ്മൾ ഇന്ന് വലിയൊരു പ്രതിസന്ധി നേരിടുകയാണ്. റോഡ് നിർമ്മാണത്തിന് പരമ്പരാഗത മാർഗ്ഗങ്ങൾ മാത്രം അവലംബിച്ചാൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. കാരണം റോഡ് നിർമ്മിക്കാനായി അധികം പാറകളൊന്നും ഇനി ഇടിക്കാൻ ബാക്കിയില്ല. പരിസ്ഥിതിവാദികളും സാമൂഹ്യ പ്രവർത്തകരുമെല്ലാം ഉന്നയിക്കുന്ന ഒരു പ്രശ്നം നമ്മൾ മലകൾ ഇടിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതാണ്. നമുക്കാണെങ്കിൽ റോഡ് ഇല്ലാതെ പറ്റുകയുമില്ല. പുതിയ സാങ്കേതിക വിദ്യകൾ കണ്ടെത്തണമെന്ന പുതിയ കാലത്തിന്റെ ആവശ്യമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളെന്ന് വളരെ അഭിമാനപൂർവ്വം ഞാൻ പറയുന്നു. അത് വളരെ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. അദ്ദേഹം തന്റെ വകുപ്പിൽ നടപ്പിലാക്കുന്ന മാറ്റങ്ങൾ വളരെ ദീർഘവീക്ഷണത്തോടെയുള്ളതാണ്. ഞാൻ അദ്ദേഹം ചെയർമാനായ സബ്ജക്ട് കമ്മിറ്റിയിലെ അംഗമാണ്. ഞങ്ങൾ എറണാകുളത്ത് ഒരു മീറ്റിംഗിന് പോയപ്പോൾ കാക്കനാടുള്ള പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് അടഞ്ഞുകിടക്കുകയായിരുന്നു. കഴിഞ്ഞ ഗവൺമെന്റ് അടച്ചുപൂട്ടിയതാണെന്നാണ് എഞ്ചിനീയർമാർ പറഞ്ഞത്. അദ്ദേഹം എഞ്ചിനീയർമാരെ വിളിച്ച് എങ്ങനെയാണിത് അടച്ചുപൂട്ടുന്നതെന്ന് ആരാഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ കർശന നിർദ്ദേശത്തെത്തുടർന്ന് ആ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് ഇന്ന്

തുറന്നുപ്രവർത്തിക്കുകയാണ്. അതാണ് ഈ ഗവൺമെന്റിന്റെ മാറ്റം. കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ അദ്ദേഹത്തിന്റെ നല്ല നിലയിലുള്ള സമീപനങ്ങൾ നമുക്ക് കാണാൻ കഴിയും. 3580 പരാതികൾ പൊതുമരാമത്ത് പരാതി പരിഹാര സെല്ലിൽ ലഭിക്കുകയും 3058 എണ്ണത്തിന് പരിഹാരം കാണുകയും ചെയ്തു. പൊതുമരാമത്ത് പാലങ്ങൾ, കൾവെർട്ടുകൾ എന്നിവ 100 വർഷമെങ്കിലും നിലനിൽക്കുന്ന നിർമ്മാണത്തിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുകയാണ്. വളരെ നല്ല കാര്യമാണത്. ഇത് ചെയ്യുന്നതോടൊപ്പം അപകടാവസ്ഥയിലുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അതോടൊപ്പം വളരെ വർഷങ്ങളായി പെയിന്റുപോലും അടിക്കാതെ പലയിടത്തും വൃത്തിഹീനമായി കിടക്കുന്ന പാലങ്ങളും കൾവെർട്ടുകളും നന്നായി പെയിന്റ് ചെയ്യാനുള്ള സംവിധാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി റോഡുകളുടെ സുരക്ഷ നല്ല നിലയിൽ മുന്നോട്ടുവരുന്നുണ്ട്. 2016-നെ അപേക്ഷിച്ച് 2017-ൽ റോഡപകടങ്ങൾ കുറയുകയാണുണ്ടായത്. 2016-ൽ 39420 റോഡപകടങ്ങളുണ്ടായപ്പോൾ 2017-ൽ 38462 റോഡപകടങ്ങളാണുണ്ടായത്. മരണ നിരക്കും കുറയുകയുണ്ടായി. റോഡ് നിർമ്മാണത്തിലുള്ള ശാസ്ത്രീയത വർദ്ധിച്ചുവരുന്നതിന്റെ ഫലമായി നല്ല മാറ്റം നാട്ടിലുണ്ടാകുന്നുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഈ വകുപ്പ് സംസ്ഥാന പാതയിലെ ഏതാനും ടോൾ പിരിവുകൾ നിർത്തലാക്കുകയുണ്ടായി. അദ്ദേഹം നേരത്തേ നിയമസഭയിൽ പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അധീനതയിലുള്ള ചില ടോൾ പിരിവുകൾകൂടി നിർത്തേണ്ടതുണ്ട്. അതിന് അദ്ദേഹം നേതൃത്വം നൽകുമെന്ന് ഞാൻ കരുതുകയാണ്. എൻ.എച്ച്. 47-ന്റെ ഭാഗമായ അങ്കമാലി-മണ്ണുത്തി റോഡിൽ ടോൾ പിരിവ് ആരംഭിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. മണ്ണുത്തി മുതൽ വടക്കഞ്ചേരി വരെയുള്ള വർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ നിലനിൽക്കുന്ന പ്രശ്നം കരാർ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും നടന്നിട്ടില്ല എന്നുള്ളതാണ്.

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങ് മണ്ണുത്തി-വടക്കഞ്ചേരി പ്രദേശത്തെ റോഡ് നിർമ്മാണം സംബന്ധിച്ച് പറയുകയുണ്ടായി. അവിടെ മുടിക്കോട്ടും മുളയറയും ഇപ്പോൾ സമരം നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് വളരെ ശാസ്ത്രീയമായി ആ പണി നടത്തണമെന്ന് അവരോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയിരക്കണക്കിന് ഏക്കർ സ്ഥലത്തെ കൃഷി നശിക്കുന്ന തരത്തിൽ വളരെ മോശമായ ഒരു മാനേജ്മെന്റാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, തീർച്ചയായും, അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യമാണ്. അദ്ദേഹം അതിനുവേണ്ട ശക്തമായ നടപടി സ്വീകരിക്കുന്നുണ്ടെന്നാണ് അറിയുന്നത്. കിഫ്ബിയിൽപ്പെട്ടാൽ വർക്ക് നടക്കില്ലെന്ന ഒരു ആക്ഷേപം ഇവിടെ ഉന്നയിക്കുകയുണ്ടായി. എന്ത് വസ്തുതയാണ് അതിലുള്ളത്? വെറുതെ ആക്ഷേപമുന്നയിക്കാൻ വേണ്ടിയാണെങ്കിൽ പറയാം. 20,000 കോടി രൂപയുടെ കിഫ്ബി വർക്കുകൾക്ക് എ.എസ്. കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്ന കാര്യം മറന്നുകൊണ്ടാണ് അത്തരത്തിലുള്ള ആക്ഷേപമുന്നയിക്കുന്നത്. വെറുതെ ആക്ഷേപമുന്നയിച്ചതുകൊണ്ട് കാര്യമില്ല. ഈ ഗവൺമെന്റ് ഫലപ്രദമായി അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു, പക്ഷപാത രഹിതമായി നൽകുന്നു. ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ കാര്യങ്ങൾകൂടി ഗവൺമെന്റ് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഇന്നിവിടെ ചില രാഷ്ട്രീയ പ്രശ്നങ്ങൾ ഉന്നയിക്കുകയുണ്ടായി. കേന്ദ്രത്തിലെ കോൺഗ്രസിന്റെ നയങ്ങളുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം) കോൺഗ്രസിനെ ഒറ്റപ്പെടുത്തി സംസാരിക്കുന്നുവെന്നും സി.പി.ഐ.(എം)-ന് ബി.ജെ.പി. വിരോധമില്ലെന്നുമെല്ലാം ശ്രീ. എം. വിൻസെന്റ് ഉൾപ്പെടെയുള്ള ആളുകൾ പറയുകയുണ്ടായി. എന്താണ് വസ്തുത? സി.പി.ഐ.(എം)-ന്റെ 22-ാം പാർട്ടി കോൺഗ്രസിൽ അവതരിപ്പിക്കുന്ന രാഷ്ട്രീയ പ്രമേയം ശ്രദ്ധാപൂർവ്വം വായിച്ചാൽ മനസ്സിലാക്കാൻ കഴിയുന്ന കാര്യം സി.പി.ഐ.(എം.)-ന്റെ ഒന്നാമത്തെ പരിഗണന ഇന്ന് കേന്ദ്രത്തിൽ അധികാരത്തിലുള്ള ബി.ജെ.പി. ഗവൺമെന്റിനെ അധികാരത്തിൽനിന്ന് ഒഴിച്ചുനിർത്താൻ കഴിയുന്ന തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കുക എന്നുള്ളതാണ്. മുഖ്യമായ നയം അതുതന്നെയാണ്. അതിനുവേണ്ടിയുള്ള പ്രവർത്തന പദ്ധതികളുമായി മുന്നോട്ടുപോകും. നമ്മുടെ നാട്ടിലെ സാമൂഹ്യ പ്രശ്നങ്ങൾ, പാർലമെന്റിലും നിയമസഭകളിലുമെല്ലാം ഉയർന്നുവരുന്ന പ്രശ്നങ്ങൾ, പാർലമെന്റിന് പുറത്തുള്ള പ്രശ്നങ്ങൾ എന്നിവയിൽ സംയുക്തമായി പ്രക്ഷോഭം നടത്താൻ സി.പി.ഐ.(എം)-ന് യാതൊരു മടിയുമില്ലെന്നുള്ള കാര്യം അസന്നിഗ്ദ്ധമായി വ്യക്തമാക്കുന്നുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഒരു പാർട്ടിയെ സംബന്ധിച്ചിടത്തോളം നയപരമായ ഒരു നിലപാട് വേണം, പ്രാക്ടിക്കലായ സമീപനവും വേണം. നയപരമായ നിലപാടിൽ അങ്ങ് ഇവിടെ സൂചിപ്പിച്ചത് ശരിയായിരിക്കാം. പക്ഷെ അതിന് പ്രാക്ടിക്കബിലിറ്റി ഉണ്ടാകണ്ടേ? അതിനുവേണ്ടി നിങ്ങൾ പറയുന്നത് ഇവിടത്തെ പ്രമുഖമായ രണ്ട് രാഷ്ട്രീയ കക്ഷികളെ ഒഴിവാക്കിനിർത്തി അതിന്റെ ബദലായുള്ള ശക്തിയായി വളർന്നുവരുമെന്നാണ്; ആകാശ കുസുമമാണത്. അത്

ഏതു കാലഘട്ടത്തിൽ ഉണ്ടാകുമെന്നാണ് പറയുന്നത്?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സി.പി.ഐ.(എം.)-ന്റെ നിലപാട് വളരെ കൃത്യമാണ്. ഇന്ത്യയിലെ രാഷ്ട്രീയ വിഷയങ്ങളിൽ കോൺഗ്രസുമായി തെരഞ്ഞെടുപ്പ് സഖ്യം വേണ്ടെന്നുപറയുന്നത് ശരിയാണ്. സാമൂഹ്യ പ്രശ്നങ്ങളിൽ യോജിച്ച് സമരം ചെയ്യുന്നതിന് ഒരു തടസ്സവുമില്ലെന്ന് ആ പ്രമേയത്തിൽ വ്യക്തമാക്കുന്നുണ്ട്. പക്ഷെ ഇവിടെ പലരും സംസാരിക്കുമ്പോൾ സി.പി.ഐ.(എം)-ന് ബി.ജെ.പി. പ്രണയമെന്ന് പറയുന്നതുകേട്ടു. എന്തടിസ്ഥാനമാണ് അതിനുള്ളത്? ഇന്ത്യയിലെ ബി.ജെ.പി. ഭരണകൂടത്തിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ഏറ്റവും ശക്തമായ പ്രതിരോധം ആരാണ് ഉയർത്തുന്നത്? മഹാരാഷ്ട്രയിൽ കണ്ട പതിനായിരക്കണക്കിന് ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വമ്പിച്ച ജനമുന്നേറ്റം, രാജസ്ഥാനിലെ പോരാട്ടം, മധ്യപ്രദേശിലെ കർഷക സമരങ്ങൾ തുടങ്ങി പല സമരങ്ങളും അതിന് തെളിവാണ്. ഇന്ത്യയിലെ വലിയ പാർട്ടി കോൺഗ്രസാണല്ലോ; എന്താണ് കോൺഗ്രസിന്റെ നിലപാട്? ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ട് പോരാടുന്നതിൽ കോൺഗ്രസ് പരാജയമല്ലേ? തെരഞ്ഞെടുപ്പ് കാലത്ത് ശ്രീ. രാഹുൽ ഗാന്ധിയുടെ റോഡ്ഷോ ഉണ്ടാകുന്നില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ബഹുജന പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് സമരം നടത്തുന്നതിൽ ഇന്ത്യയിലെ മുഖ്യ പ്രതിപക്ഷമായ കോൺഗ്രസ് ദയനീയമായി പരാജയപ്പെടുന്നുവെന്നുള്ളത് സത്യമാണ്. ആ സത്യം ഞങ്ങൾ പറഞ്ഞാൽ, ശരി ശരിയല്ലാതാകുമോ? ഇന്നിവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കർഷക പ്രശ്നങ്ങളെക്കുറിച്ച് പറഞ്ഞു. അദ്ദേഹം സമർത്ഥമായി മറച്ചുവച്ച കാര്യം ഇന്ത്യ ഇന്ന് നേരിടുന്ന കാർഷിക പ്രശ്നങ്ങൾ, ജവഹർലാൽ നെഹ്റുവിന്റെ നയങ്ങൾ, നെഹ്റുവിയൻ നയങ്ങളെ ആരാണ് തിരുത്തിയത്? അപ്പുറത്തിരിക്കുന്ന ശ്രീ.വി.ടി.ബൽറാമിനെപ്പോലെയുള്ളയാൾക്ക് നെഹ്റുവിനെയും തിരുത്താനുള്ള മനസ്സാണ്. ജവഹർലാൽ നെഹ്റു പറഞ്ഞകാര്യം അദ്ദേഹം പിന്നീട് തിരുത്തിയിട്ടുണ്ടെന്നൊക്കെയാണ് ശ്രീ. വി. ടി. ബൽറാം പറഞ്ഞത്. ലെനിന്റെ പ്രതിമ തകർത്തതിനെക്കുറിച്ച് ശ്രീ. വി. ടി. ബൽറാം ഇവിടെ സംസാരിക്കുമ്പോൾ എന്താണ് പറഞ്ഞത്? ലെനിൻ സ്വേച്ഛാധിപതിയാണ്, ആ വിപ്ലവം തന്നെ അശാസ്ത്രീയമാണെന്നൊക്കെയാണ് പറഞ്ഞത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ഇന്ദിരാ ഗാന്ധിക്ക് അയച്ച കത്ത് "ഒരച്ഛൻ മകൾക്കയച്ച കത്ത്" എന്ന പുസ്തകത്തിൽ വളരെ വ്യക്തമായി പറയുന്നു; "The Great Revolution" എന്നാണ് സോവിയറ്റ് വിപ്ലവത്തെക്കുറിച്ച് ജവഹർലാൽ നെഹ്റു പറയുന്നത്. ശ്രീ. വി. ടി. ബൽറാമും കൂട്ടരും അതൊക്കെ കാണാതെ ആക്ഷേപകരമായി ഉന്നയിക്കുകയാണ്. ലെനിൻ ഉൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റ്

നേതാക്കളെ മുഴുവൻ സ്വേച്ഛാധിപതികളെന്നുവിളിച്ച ആ മനസ്സ് ഒരിക്കലും ജവഹർലാൽ നെഹ്റുവിന്റെ കോൺഗ്രസ്സിന്റെ മനസ്സല്ല എന്നുപറയുമ്പോൾ തെറ്റിദ്ധരിക്കരുത്. നമ്മുടെ നാട്ടിലെ രാഷ്ട്രീയ പ്രശ്നങ്ങളെ സംബന്ധിച്ച് പറയുമ്പോൾ ഭാരതീയ ജനതാ പാർട്ടിയുടെ നയങ്ങളെ എതിർക്കാൻ സി.പി.ഐ.(എം)-ന് ആരുടെയും ഒത്താശയുടെ ആവശ്യമില്ല. ഗോരഖ്പൂരിലെ റിസൽട്ട് നമുക്ക് ലഭ്യമാണ്. ഇവിടെ എല്ലാവരും സന്തോഷം പങ്കുവച്ചു. നമുക്കെല്ലാവർക്കും സന്തോഷമുണ്ട്. അവിടെ കിട്ടിയ വോട്ടുകളുടെ കണക്കുകൂടി പറയണം. എസ്.പി.-ക്ക് 229622 വോട്ടുംബി.ജെ.പി.-ക്ക് 206492 വോട്ടും അവിടെ മത്സരിച്ച കോൺഗ്രസ് പാർട്ടിക്ക് 9442 വോട്ടുമാണ് കിട്ടിയത്. നമ്മുടെ രാജ്യത്തെല്ലാമുള്ള രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ച് കൃത്യമായി അസസ്സ് ചെയ്തുകൊണ്ടാണ് സി.പി.ഐ.(എം) പ്രവർത്തിക്കുന്നത്. ലീഗിനെ സഹായിക്കാനെന്ന മട്ടിൽ ശ്രീ. വി. പി. സജീന്ദ്രൻ ഒരു കമന്റ് നടത്തി. ലീഗിനെ സഹായിക്കാൻ വേണ്ടിയാണെങ്കിലും അങ്ങനെയൊരു കമന്റ് നടത്തരുതെന്നാണ് എന്റെ അഭ്യർത്ഥന. ലീഗ് എന്നാൽ മീറ്റിംഗും ഈറ്റിംഗും മാത്രമുള്ള പാർട്ടിയാണെന്നാണ് ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞത്. അത് നിന്ദാസ്തുതിയാണ്, അങ്ങനെ സഹായിക്കരുതെന്നാണ് എന്റെ അഭ്യർത്ഥന. നമ്മുടെ നാട്ടിൽ ഉയർന്നുവരുന്ന സാമൂഹ്യ പ്രശ്നങ്ങളിൽ ക്രിയാത്മക നിലപാട് എടുത്തുകൊണ്ട് മുന്നോട്ടുപോകാൻ കഴിയണം. സംസ്ഥാനത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണം ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന ഭരണമായി നടപ്പിലാക്കുന്നത് ഇന്ന് നിലനിൽക്കുന്ന ഇന്ത്യയുടെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യത്തിൽ ബി.ജെ.പി. ഉയർത്തുന്ന വെല്ലുവിളിക്കെതിരായി ഫലപ്രദമായ മറുപടിയാണെന്നുകൂടി പറഞ്ഞുകൊണ്ട് ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

3.00 P M ]

ശ്രീ. ഷാഫി പറമ്പിൽ: സർ, വിണ്ടുകീറിയ കാൽപ്പാദങ്ങളും മെലിഞ്ഞുണങ്ങിയ ശരീരവും ചുളിവുകൾ വീണ കയ്യുമായി 180 കി. മീറ്റർ കിസാൻ ലോംഗ് മാർച്ച് നടത്തി സമര ചരിത്രത്തിൽ പുതിയ ഏടുകൾ എഴുതിച്ചേർത്ത കർഷക സുഹൃത്തുക്കൾക്കും കിസാൻ സഭയ്ക്കും എന്റെ അഭിവാദ്യങ്ങൾ ആദ്യമേ നേരാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം ഇവിടെ 29 വയസ്സുള്ള ഒരു ചെറുപ്പക്കാരന്റെ കാലിൽ 37 വെട്ടുവെട്ടി പുതിയ ചരിത്രം രചിക്കുന്നവർക്കും എന്റെ നമോവാകം ഞാൻ അർപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഇവിടെയുള്ള എല്ലാവരും അങ്ങയെപ്പറ്റി വളരെ നല്ല വാക്കുകൾ പറയുകയുണ്ടായി. പി.ഡബ്ല്യു.ഡി. എന്ന സർവ്വ പ്രതാപിയായിരുന്ന ഗജരാജനെ പട്ടിണിക്കിട്ട് മെലിയിച്ച് തൊഴുത്തിൽ കെട്ടാൻ ശ്രമിക്കുന്നത് അങ്ങ്

കാണാഞ്ഞിട്ടാണോ അതോ കണ്ടിട്ടും പ്രത്യേകിച്ച് ഗുണമില്ലാത്തതു കൊണ്ടാണോ എന്നുള്ളതാണ് ഞങ്ങളുടെ വിനീതമായ ചോദ്യം. കിഫ്ബിയെ സംബന്ധിച്ച് ഞങ്ങളുടെ അഭിപ്രായം തന്നെയാണ് അങ്ങേയ്ക്കുമുള്ളതെന്ന് അറിയാം. കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു വാർത്ത വന്നു. "കിഫ്ബി വക സൂപ്പർ പാര; മലയോര തീരദേശ പാതകൾക്ക്" തുരങ്കം വയ്ക്കുന്നത് ഉദ്യോഗസ്ഥരാണെന്ന അങ്ങയുടെ പ്രതികരണവും ഇതുസംബന്ധിച്ച് വരികയുണ്ടായി. എല്ലാവരും പ്രസംഗിക്കുമ്പോൾ അങ്ങയുടെ കവിതകളെ സംബന്ധിച്ച് സൂചിപ്പിക്കുന്നു. അങ്ങേയ്ക്ക് കവിതയെഴുതാൻ ഇഷ്ടംപോലെ സമയംകിട്ടാൻ വേണ്ടിയാണോ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്ററി സപ്പോർട്ട് വേണ്ടവിധത്തിൽ തരാതെ അങ്ങയെയും ഈ വകുപ്പിനെയും ഇങ്ങനെ അപ്രസക്തമാക്കാൻ നോക്കുന്നതെന്ന സംശയം ആർക്കെങ്കിലും തോന്നിയാൽ അവരെ കുറ്റം പറയാൻ സാധിക്കില്ല. റോഡുകൾ നേരെയാക്കാൻ 20,000 കോടി രൂപയുടെ എ.എസ്. ലഭിച്ചതിനെ സംബന്ധിച്ചൊക്കെ പറഞ്ഞു. അത് നാൽപ്പതിനായിരമോ അമ്പതിനായിരമോ ആകട്ടെ, ഞങ്ങളുടെ മണ്ഡലത്തിലെ റോഡുകൾ നേരെയാക്കാനും കുറച്ചു ഗ്രാമീണ റോഡുകൾക്കുമുള്ള ഫണ്ട് പി.ഡബ്ല്യു.ഡി.-യിൽ നിന്ന് എത്തിച്ചുതരാൻ ഒരു ഇടപെടലാണ് അങ്ങയുടെ ഭാഗത്തുനിന്ന് ആദ്യമുണ്ടാകേണ്ടത്. അല്ലെങ്കിൽ ബാക്കിയാകുന്നത് ഈ വാക്കുകൾ മാത്രമായിരിക്കും, പ്രവൃത്തിയിലൊന്നും കാണാൻ കഴിയില്ല. കിഫ്ബിയെപ്പറ്റി ഞങ്ങൾക്ക് പരാതി ആശയത്തിലല്ല, അവിടെ നടപ്പാക്കുന്ന കാര്യത്തിലാണ്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെ പ്രഖ്യാപിച്ച നാല് റോഡുകളിൽ ഒന്നുപോലും തുടങ്ങാൻ ഇന്നുവരെ തയ്യാറാകുന്നില്ല. എന്താണ് കാരണമെന്ന് നമുക്കെല്ലാവർക്കുമറിയാം. ഈ വകുപ്പിനെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ പറയണമെങ്കിൽ ഈ വകുപ്പിന് ഗവൺമെന്റുതന്നെ കൂടുതൽ പരിഗണന നൽകേണ്ടിയിരിക്കുന്നു. അല്ലാതെ കൂടുതൽ പറഞ്ഞിട്ട് കാര്യമില്ല.

ഇന്ന് ഷുഹൈബ് വധക്കേസിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ സ്റ്റേ വന്നിരിക്കുകയാണ്. കളങ്കിതമായ ആശ്വാസത്തിന്റെ നെടുവീർപ്പുകൾ ചില കോണിൽ നിന്ന് ഉയരുന്നുണ്ടെന്ന് ഞങ്ങൾക്കറിയാം. നിങ്ങൾക്ക് അത് ആശ്വാസത്തിന്റെ നെടുവീർപ്പാണെങ്കിൽ ഒരു ഉമ്മയ്ക്ക് അത് നെഞ്ചിലെ തീയാണ്. ഒരു പിതാവിന് തീരാദുഃഖമാണ്. രണ്ട് സഹോദരിമാർക്ക് ആശ്രയമറ്റവരുടെ വേദനയാണ്. ഒപ്പം പ്രവർത്തിച്ചവർക്ക് അത് ചങ്കിൽ തറയ്ക്കുന്ന വേദനയാണ്. ഒപ്പം കൊടി പിടിച്ചവർക്കും സഹായത്തിന്റെ ഹസ്തം നീണ്ടുചെന്ന ഒരുപാട് കുടുംബങ്ങൾക്കും അത് തീരാവേദനയാണെങ്കിൽ പാർട്ടിക്ക് ഒരു പങ്കുമില്ലെന്ന് ആവർത്തിച്ച് വ്യക്തമാക്കുന്നവർ സി.ബി.ഐ.-യുടെ അന്വേഷണത്തെ ഭയപ്പെടുന്നുണ്ടെങ്കിൽ കേരളത്തിലെ ജനങ്ങൾക്കും കേരളത്തിലെ മാധ്യമങ്ങൾക്കും

അറിയുന്നതിനപ്പുറത്തേയ്ക്കെന്തോ നിങ്ങൾ ഭയക്കുന്നുണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. ഒരു കാര്യം ഞങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. ആകാശ് തില്ലങ്കേരിയും ഷുഹൈബും തമ്മിൽ സാമ്പത്തികമായ ഇടപാടുകളില്ല, കുടുംബ തർക്കമില്ല, അതിർത്തി തർക്കമില്ല, പരസ്പരം ബന്ധമില്ല, അടുത്തു താമസിക്കുന്നവരല്ല, രണ്ട് മുനിസിപ്പാലിറ്റികൾക്കപ്പുറത്ത്, മറ്റൊരു നിയോജക മണ്ഡലത്തിൽ നിന്ന് ആകാശ് തില്ലങ്കേരി മട്ടന്നൂർ വന്ന് ഷുഹൈബിനെ കൊല്ലണമെങ്കിൽ, തല്ലിയാൽപോര വെട്ടണമെന്ന്, കൊല്ലണമെന്ന് നിർദ്ദേശം കൊടുത്ത, മരണ വാറന്റ് ഒപ്പിട്ട അഭിനവ കാലൻ അധികം വൈകാതെ നിലവിളി ശബ്ദമിടുന്നത് കേരളം കേൾക്കണം, കാണണം. കാരണം കൊലപാതക രാഷ്ട്രീയം ഇവിടെ നിൽക്കണമെങ്കിൽ അതിനുവേണ്ടി ഉപയോഗിക്കുന്ന ആയുധങ്ങളല്ല, മരണ വാറന്റ് ഒപ്പിടുന്നവരെയാണ് നിയമത്തിനുമുന്നിൽ കൊണ്ടുവരേണ്ടത്. നിങ്ങൾ എന്തിന് അസ്വസ്ഥരാകണം; നിങ്ങൾക്ക് പങ്കില്ലെങ്കിൽ എന്തിന് ശ്രീ. ഷംസീർ അസ്വസ്ഥനാകണം; നിങ്ങൾക്ക് പങ്കില്ലെങ്കിൽ എന്തിന് സി.പി.ഐ.(എം)-ന് സി.ബി.ഐ.യെ ഭയം? നിങ്ങൾക്ക് റോഡുകൾ നേരെയാക്കാൻ പങ്കില്ലെങ്കിൽ എന്തിന് ഒരു പാവപ്പെട്ട ചെറുപ്പക്കാരനെ കൊന്ന കേസ്സിലെ പ്രതികളെ, അതിന് ഗൂഢാലോചന നടത്തിയവരെ വെളിച്ചത്തുകൊണ്ടുവരണമെന്ന ന്യായമായ ആവശ്യം ആ കുടുംബവും കേരളവും കണ്ണീരോടെ മുന്നോട്ടുവയ്ക്കുമ്പോൾ അതിനെതിരെ കോടതിയിൽപോയി സ്റ്റേ വാങ്ങാൻ ശ്രമിക്കുന്ന നാണംകെട്ട സർക്കാരായി നിങ്ങളുടെ ഗവൺമെന്റ് എന്തിന് മാറണം? സി.ബി.ഐ.യുടെ അന്വേഷണം പ്രഖ്യാപിക്കുമ്പോൾ കോടതി പറഞ്ഞത് "Fairness of investigation is the very first requirement for the fairness of a trial" എന്നാണ്. ഒരു അന്വേഷണത്തിന്റെ നീതിയുക്തമായ വിചാരണയുടെ ഏറ്റവും പ്രഥമമായ ആവശ്യമെന്ന് പറയുന്നത് നീതിയുക്തമായ അന്വേഷണമാണ്. "A trial based on partisan motivated, one sided or biased investigation can hardly be fair." രാഷ്ട്രീയ പ്രേരിതമായ ഏകപക്ഷീയമായ അന്വേഷണത്തിന് നീതിയുക്തമായ വിചാരണ സാദ്ധ്യമാക്കാൻ കഴിയില്ലെന്ന കോടതിയുടെ ആദ്യത്തെ നിരീക്ഷണത്തെ ഞങ്ങൾ ഇപ്പോഴും പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. കൊന്നവനെപ്പോരാ, കൊല്ലിച്ചവനെ കേരളം അറിയണം. പ്രിയപ്പെട്ട ശ്രീ. എം. സ്വരാജിന്റെ കുനിഞ്ഞുപോയ ശിരസ്സ് ഇനിയെങ്കിലും ഉയരണമെങ്കിൽ കൊല്ലിച്ചവൻ പുറത്തുവന്നേ തീരൂ എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. എന്തിനാണ് നിങ്ങളെ കേരളം തെരഞ്ഞെടുത്തത്? നിങ്ങളെ കേരളം തെരഞ്ഞെടുക്കുമ്പോൾ നിങ്ങൾ കേരളത്തിനുമുന്നിൽ സൃഷ്ടിച്ച ചില പുകമറകളുണ്ടായിരുന്നു. 2015 നവംബർ 9-ലെ ശ്രീ. പിണറായി വിജയന്റെ ഫെയ്സ് ബുക്ക് പോസ്റ്റ് "ബാർ കോഴയുടെ വിവരങ്ങൾ പുറത്തുവന്നപ്പോൾത്തന്നെ

ശ്രീ. കെ. എം. മാണി രാജിവയ്ക്കണം, അല്ലെങ്കിൽ നാണംകെട്ട് പുറത്തുപോകേണ്ടിവരുമെന്ന് ഞങ്ങൾ പറഞ്ഞതാണ്. അന്വേഷണ സംവിധാനത്തെയും ഉദ്യോഗസ്ഥരെയും ദുരുപയോഗിച്ച് രക്ഷപ്പെടാൻ നോക്കി ഒടുവിൽ ഹൈക്കോടതിയുടെ നിശിത വിമർശനത്തിന് ഇരയാകേണ്ടി വന്ന ശ്രീ. കെ. എം. മാണി, ശ്രീ. ഉമ്മൻ ചാണ്ടി നയിക്കുന്ന സർക്കാരിന്റെ പ്രതീകമാണ്" എന്നാണ്. ഇവിടെ കണ്ട നാടകങ്ങളിലെല്ലാം കസേരവരെ അടിച്ചുപൊളിച്ചവരും കമ്പ്യൂട്ടർ അടിച്ചുപൊളിച്ചവരും തള്ളിതാഴെയിട്ട വരുമാണുള്ളത്. ആ സമരം അഴിമതി വിരുദ്ധതയുടെ, ശ്രീ. കെ. എം. മാണിക്കെതിരായിട്ടുള്ള, യു.ഡി.എഫ്.-ന് എതിരായുള്ള പോരാട്ടമാണെന്ന് പ്രഖ്യാപിച്ചവർ 21-2-2018-ന് "മാണി ജനകീയ അടിത്തറയുള്ള നേതാവ്" ആണെന്ന് പറയുന്നു. കേരള കോൺഗ്രസ് നേതാവ് ശ്രീ. കെ. എം. മാണിയെ പുകഴ്ത്തിയും എൽ.ഡി.എഫ്.-ലേയ്ക്ക് പരോക്ഷമായി ക്ഷണിച്ചും സി.പി.ഐ.(എം) കേന്ദ്ര കമ്മിറ്റി അംഗം ശ്രീ. ഇ. പി. ജയരാജനാണ് ഈ പ്രസ്താവന നടത്തിയത്. അദ്ദേഹത്തിന്റെ പാർട്ടിക്ക് നല്ല അടിത്തറയുണ്ട്. മുന്നണിയുടെ ബഹുജനാടിത്തറ വിപുലീകരിക്കുന്നതിന് ഇടതുപക്ഷ നയവുമായി ചേർന്നുപോകുന്ന ആരെയും ഒപ്പം നിർത്താൻ ലേശം ഉളുപ്പുണ്ടെങ്കിൽ ഈ പ്രസ്താവനയെ തള്ളിപ്പറയാൻ കഴിയുന്ന എത്ര പേർ നിങ്ങൾക്കിടയിലുണ്ട്. സോളാറിന്റെ പേരിൽ നിങ്ങൾ നടത്തിയ പ്രഖ്യാപനങ്ങൾ എന്താണ്; പിന്നീട് ഇവിടെ നടന്നത് എന്താണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ നടത്തിയ പ്രഖ്യാപനം എന്താണ്? ഇതുകൊണ്ടും തീരുന്നില്ല. നിങ്ങളുടെ ഗവൺമെന്റിന് ഇരട്ട ചങ്കല്ല, ഇരട്ട മുഖമാണെന്ന് ഓരോ ഘട്ടത്തിലും വ്യക്തമാവുകയാണ്. ഒരു വാർത്തയും കൂടി ഞാൻ വായിക്കാം "കേരളം കത്തും" - ഇടതു യുവജന നേതാക്കൻമാർ. എന്തിനാണ് കത്തുന്നത്? പെൻഷൻ പ്രായം 56 ആയി ഏകീകരിച്ചതിന്. ഡോ. തോമസ് ഐസക്കിന്റെ ഒരു പരിഷ്കരണത്തെ പ്രാവർത്തികമാക്കിയതിന് കേരളം കത്തുമെന്ന് അന്ന് പ്രതിപക്ഷത്തിരുന്ന ശ്രീ. പി. ശ്രീരാമകൃഷ്ണനുൾപ്പെടെയുള്ള ആളുകൾ പറഞ്ഞു. ഇന്നത്തെ മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറും എം.എൽ.എ. ശ്രീ. റ്റി. വി. രാജേഷ് അടക്കമുള്ളവരും സഭയ്ക്കകത്തും പുറത്തും കേരളം കത്തുമെന്ന് പറഞ്ഞു. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള മേഖലയിൽ പെൻഷൻ പ്രായം 60 ആക്കുമെന്ന് പറഞ്ഞപ്പോൾ കത്തുമെന്ന് പോയിട്ട് ഒന്നെഴുന്നേറ്റുനിന്ന് ഒരു വരി പ്രതിഷേധംപോലും പറയാൻ കഴിയാതെ ശ്രീ. പിണറായി വിജയന്റെ ഫാൻസ് അസോസിയേഷനായി കേരളത്തിലെ ഡി.വൈ.എഫ്.ഐ. അടക്കമുള്ള സംഘടനകൾ അധഃപതിച്ചു പോകുമ്പോൾ എവിടെ നിങ്ങളുടെ യുവത്വം; യുവത്വത്തോടുള്ള നിങ്ങളുടെ കമ്മിറ്റ്മെന്റ് എവിടെയാണ്?

കഴിഞ്ഞ മന്ത്രിസഭയുടെ അവസാനകാലത്തെ എല്ലാ തീരുമാനങ്ങളും തെറ്റാണെന്ന് വലിയ പ്രഖ്യാപനങ്ങൾ നടത്തിയിരുന്നവർ ഇപ്പോൾ എന്തുചെയ്യുന്ന വെന്നുള്ളത് നിങ്ങൾ പരിശോധിക്കുക. മഹാരാഷ്ട്രയിലെ സമരത്തെ പ്രകീർത്തിക്കുന്നവർ, കണ്ണൂരിന്റെ മണ്ണിലെ വയൽക്കിളികൾ നടത്തുന്ന സമരത്തിനെതിരെ പോലീസ് ലാത്തിച്ചാർജ് നടത്തുന്നത് നമ്മൾ കാണേണ്ടതായി വരുന്നു. നിങ്ങൾ കോൺഗ്രസിനെ പരിഹസിക്കുന്നുണ്ട്. 72000 കോടി രൂപയുടെ കാർഷിക കടമാണ് കോൺഗ്രസ് എഴുതിത്തള്ളിയത്. പഞ്ചാബിലും കർണാടകയിലും ഇപ്പോൾ ഭരണത്തിലിരിക്കുന്ന കോൺഗ്രസ് അവിടത്തെ കാർഷിക കടം എഴുതിത്തള്ളി. കർഷകരോട് നിങ്ങൾക്ക് ആഭിമുഖ്യമുണ്ടെങ്കിൽ എന്തുകൊണ്ട് കേരളത്തിലെ കർഷകരുടെ കടം എഴുതിത്തള്ളാൻ തയ്യാറാകുന്നില്ല? ബി.ജെ.പി. വിരോധം നിങ്ങൾ ഞങ്ങളെ പഠിപ്പിക്കുകയാണ്. ബി.ജെ.പി. വിരോധത്തെ സംബന്ധിച്ച് ഞങ്ങൾക്ക് ക്ലാസ്സെടുക്കുമ്പോൾ നിങ്ങൾ എങ്ങനെയാണ് ഫാസിസ്റ്റ് വിരുദ്ധ പോരാട്ടം നടത്തുന്നത്? മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ജില്ല, ശ്രീ. ഇ. പി. ജയരാജന്റെ ജില്ല, ശ്രീ. പി. ജയരാജന്റെ ജില്ല, ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ ജില്ല, ശ്രീ. എ. എൻ. ഷംസീറും ശ്രീ. റ്റി. വി. രാജേഷും ഉൾപ്പെടെയുള്ളവർ കടന്നുവരുന്ന ജില്ല, ആ ജില്ലയിലെ പയ്യന്നൂരിലെ ഒരു റോഡിന് കുഴി അടയ്ക്കാൻ ശ്രീ. അമിത് ഷാ കേരളത്തിൽ വരേണ്ടി വന്നുവെന്ന് പറയുമ്പോൾ, നിങ്ങൾ ഞങ്ങൾക്ക് ഫാസിസ്റ്റ് വിരുദ്ധ ക്ലാസ് എടുക്കരുത്. ദീൻ ദയാൽ ഉപാദ്ധ്യായയുടെ ജന്മദിനാഘോഷം ആചരിക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ ഒരു വാറോല വന്നപ്പോൾ, അത് കേരളത്തിലെ എല്ലാ സ്കൂളുകൾക്കും അയച്ചുകൊടുത്തവർ ഞങ്ങൾക്ക് ഫാസിസ്റ്റ് വിരുദ്ധതയ്ക്ക് ക്ലാസ് എടുക്കരുത്. ആർ.എസ്.എസ്.-കാരൻ തല്ലിയ കേസിൽ തല്ലുകൊണ്ടവരെ റിമാന്റ് ചെയ്ത്, തല്ലിയവരെ വെറുതെ വിട്ടവർ ഞങ്ങൾക്ക് ഫാസിസ്റ്റ് വിരുദ്ധതയ്ക്ക് ക്ലാസ് എടുക്കരുത്. അണികളെ തമ്മിൽ കൊല്ലാൻ നിങ്ങൾ ഏർപ്പാട് ചെയ്യുകയാണ്. അടച്ചിട്ട മുറിക്കകത്ത് നേതാക്കന്മാർ ചർച്ച ചെയ്യും. മാധ്യമങ്ങൾ ചെല്ലുമ്പോൾ കടക്കു പുറത്ത് എന്ന റിപ്പോർട്ട്, അപ്പോൾ നിങ്ങൾ അകത്ത് എന്താണ് പറഞ്ഞിട്ടുണ്ടാകുക? ഒരുപക്ഷേ ശ്രീ. കുമ്മനം രാജശേഖരൻ, ശ്രീ. പിണറായി വിജയൻ എന്ന മുഖ്യമന്ത്രിയെ കാണുമ്പോൾ പറഞ്ഞിട്ടുണ്ടാകും - 'എന്താ വിജയാ, ഈ ബുദ്ധി നമുക്ക് നേരത്തേ തോന്നാത്തത്'. അതിന് അദ്ദേഹം മറുപടി പറഞ്ഞിട്ടുണ്ടാകും - 'ഓരോന്നിനും അതിന്റേതായ സമയമുണ്ട് ദാസാ' എന്ന്. അടച്ചിട്ട മുറിക്കകത്ത് നേതാക്കന്മാർക്ക് ചർച്ചയാകാമെങ്കിൽ; ഇവിടെ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാമെങ്കിൽ; രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ മുന്നോട്ടുവയ്ക്കാമെങ്കിൽ; താഴെത്തട്ടിൽ പാർട്ടി പ്രവർത്തകർ എന്നുപറയുന്നവർ പരസ്പരം കൊലയ്ക്ക് കൊടുക്കാതിരിക്കാനുള്ള ജാഗ്രത കേരളത്തിലെ രാഷ്ട്രീയ നേതൃത്വത്തിന് അനിവാര്യമാണ്. കേരളത്തെ

ഇത്രയും കാലം നാം എത്തിപ്പിടിച്ച ഉയരങ്ങൾ നിലനിർത്താൻ ഏറ്റവും വലിയ അനിവാര്യതയാണ് അതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി ചില നേതാക്കന്മാർക്ക് ഉപദേശം കൊടുത്തത് ഇത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് കേരള (മാർക്സിസ്റ്റ്) അല്ല, ഇത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്) ആണെന്നാണ്. അത് പറഞ്ഞത് കോൺഗ്രസുകാരോടല്ല, കേരളത്തിലെ ശ്രീ. വി. എസ്. അച്യുതാനന്ദനും ഡോ. ടി. എം. തോമസ് ഐസക്കുമല്ലാത്ത ചില സഖാക്കളോടാണ് എന്നുള്ളത് ഈ മാധ്യമങ്ങളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അഴിമതിക്ക് കോപ്പ് കൂട്ടുന്നവരെന്ന് ഞങ്ങളെ സംബന്ധിച്ച് ശ്രീ. പി. രാജീവ് എന്നുപറയുന്ന സുഹൃത്ത് എഴുതിയ ഒരു ലേഖനത്തെക്കുറിച്ച് ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ നിർത്തുകയാണ്. 'ഡി.എം.ആർ.സി.യെയും ശ്രീ. ഇ. ശ്രീധരനെയും ഒഴിവാക്കാൻ ഗൂഢനീക്കം' - ശ്രീ. രാജീവ് എം.പി. കൊച്ചി മെട്രോ; 'ഡി.എം.ആർ.സി.-യെ ഒഴിവാക്കാനുള്ള നീക്കത്തിൽ വൻ പ്രതിഷേധം'. അഴിമതിക്കുവേണ്ടിയാണെന്ന് പറഞ്ഞ് അവിടെ മനുഷ്യച്ചങ്ങല കോർത്ത് പ്രതിഷേധം നടത്തുകയും യു.ഡി.എഫ്.-നുമേലെ സർവ്വവിധ ആരോപണങ്ങളും ഉന്നയിച്ചിരുന്ന ശ്രീ. പി. രാജീവ് ഉൾപ്പെടെയുള്ള എന്റെ സഹപ്രവർത്തകർ ഇന്ന് സുഖമായി ഇരിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. ശ്രീ. ഇ. ശ്രീധരൻ പറഞ്ഞത്, മുഖ്യമന്ത്രി എല്ലാം ശരിയാക്കാമെന്ന് പറഞ്ഞു, കാണാൻ പോലും അവസരം തന്നില്ലെന്നാണ്. ശ്രീ. ഇ. ശ്രീധരനോട് മാത്രമല്ല, കേരളത്തോട് മൊത്തം എല്ലാം ശരിയാക്കിത്തരാമെന്നുതന്നെയാണ് മുഖ്യമന്ത്രി പറയുന്നത്. എന്നാൽ അത് ശരിയാകുന്നില്ല എന്നുമാത്രമല്ല, എല്ലാം കുളമാകുകയും ചെയ്യുന്നു. ആ കുളത്തിൽ താമര വിരിയിക്കാനുള്ള ശ്രമം കൂടി നിങ്ങളുടെ പക്കൽ നിന്നുണ്ടാകുന്നു. മുസ്ലീം ലീഗിന്റെ തണ്ണിമത്തനകത്ത്, ചില ചുവന്ന സാധനങ്ങൾക്കകത്ത് വിഷം കയറി വരുന്നുണ്ട് എന്നാണ് ശ്രീ. എ. എം. ആരിഫ് ഇവിടെ പ്രസംഗിച്ചത്. ഞാൻ മനസ്സിലാക്കിയത്തിടത്തോളം ആ വിഷം പുറത്തുപോയിരിക്കുന്നു. ഇപ്പോൾ അത് വേറെ എവിടയെങ്കിലും പോയി മന്ത്രിയായിട്ടുണ്ടോ എന്ന് ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റം പറയാൻ സാധിക്കില്ല. ഡോ. കെ. ടി. ജലീൽ, അങ്ങ് ഇത്രയും കടന്നുപറയരുത്; 44 കൊല നടത്തിയ പാർട്ടിയാണെന്നൊന്നും പറയരുത്. അങ്ങ് ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്താഫീസിനുമുമ്പിൽ നടത്തിയ പ്രസംഗം കേട്ടിട്ടുള്ള ഒരു വ്യക്തിയാണ് ഞാൻ. അങ്ങേയ്ക്ക് നാളെ ഏത് ഭാഗത്തേയ്ക്ക് മാറേണ്ടിവരുമെന്ന് അങ്ങേയ്ക്കും ഞങ്ങൾക്കും അറിയാത്തതുകൊണ്ട് ഏകപക്ഷീയമായ അത്തരം പ്രസ്താവനകൾ നടത്തരുത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട 17 അംഗങ്ങൾ ഇവിടെ സംസാരിച്ചുകൊണ്ട് ഇരുന്നൂറിലേറെ

നിർദ്ദേശങ്ങളും ഏതാനും വിമർശനങ്ങളും ഉന്നയിച്ചിട്ടുണ്ട്. നമ്മുടെ അടിസ്ഥാന വികസനത്തിന്റെ വകുപ്പായ പൊതുമരാമത്തിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഇരുന്നൂറിലധികം സുപ്രധാനമായ പ്രശ്നങ്ങൾ മുന്നോട്ടു കൊണ്ടുവന്നുവെന്നുള്ളത് നല്ല കാര്യമാണ്, അത് സ്വാഗതം ചെയ്യുകയാണ്. അതിലെല്ലാമടങ്ങിയിട്ടുള്ള വകുപ്പ് മെച്ചപ്പെടാനും നിർമ്മാണ പ്രവർത്തനങ്ങൾ മെച്ചപ്പെടാനും സുതാര്യവും അഴിമതിരഹിതവുമായി ദീർഘായുസ്സോടുകൂടി നമ്മുടെ ആസ്തികൾ സംരക്ഷിക്കപ്പെടാനും സൗന്ദര്യാത്മകത വീണ്ടെടുക്കാനുമെല്ലാമുള്ള അഭിപ്രായങ്ങളോടെല്ലാം യോജിക്കുകയും സ്വാഗതം ചെയ്യുകയും അതിനനുസരിച്ചുള്ള മാറ്റം വരുത്താൻ ലഭ്യമായ സാഹചര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് അങ്ങേയറ്റം ശ്രമിക്കുമെന്ന് പറയാനും ഞാൻ ആഗ്രഹിക്കുകയാണ്. ചില അംഗങ്ങൾ വലിയ ശബ്ദഘോഷങ്ങളോടുകൂടി സംസാരിച്ചത് ഈ വകുപ്പിനെ പറ്റിയായിരുന്നില്ല. വിശ്വനാടകകൃത്തായ ഷേക്സ്പിയറുടെ ഒരു നാടകമുണ്ട് - Much Ado About Nothing; അദ്ദേഹത്തിന്റെ മറ്റൊരു നാടകമുണ്ട് - As you Like It. അപ്പോൾ Much Ado About Nothing-ഒന്നുമില്ലാത്തതിനെപ്പറ്റി ഒരുപാട് ബഹളമുണ്ടാക്കിയവരോട് As you Like It എന്നാണ് പറയാനുള്ളത്. ഒരു വ്യക്തിയെപ്പറ്റിയല്ല പറയുന്നത്, ഈ പറഞ്ഞതൊക്കെ രേഖകളിൽ വരും. ഇതുകൊണ്ട് പറഞ്ഞ അംഗത്തിന് എന്തെങ്കിലും പ്രയോജനമുണ്ടോ; കേട്ടവർക്ക് ഉണ്ടോ എന്നൊക്കെ ആലോചിച്ചാൽ മതി. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പക്ഷെ പ്രതിപക്ഷത്തിന്റെയടക്കം നിർണ്ണായകമായ ധാരാളം നിർദ്ദേശങ്ങൾ ഇവിടെ വരികയുണ്ടായി. അതൊക്കെ ഞാൻ സശ്രദ്ധം കുറിച്ചുവച്ചു. ഞാൻ ഒരു വ്യക്തിയെപ്പറ്റിയല്ല പറയുന്നത്, മൊത്തത്തിൽ ഇങ്ങനെ പലപ്പോഴും സംഭവിച്ചുകൊണ്ടേയിരിക്കുകയാണ്.

2017-18-ലെ ബഡ്ജറ്റിൽ ഒരു റോഡുപോലും കിട്ടിയില്ല എന്നൊക്കെ സൂപ്പർലേറ്റീവിൽ, അതൊക്കെ കിട്ടിയവരടക്കം പറയുന്നുണ്ട്. ഒരുപക്ഷെ എല്ലാ വർക്കുകളും നടന്നിട്ടുണ്ടാവില്ല. അതൊക്കെ ബന്ധപ്പെട്ട മണ്ഡലങ്ങളിൽ നോക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കും അക്കാര്യം കർശനമായി എഞ്ചിനീയർമാരോട് ആവശ്യപ്പെടാം. ഏറ്റക്കുറച്ചിലുണ്ടാകും; പക്ഷെ അനുവദിച്ചു വെന്നുള്ളത് യാഥാർത്ഥ്യമാണ്. അറ്റകുറ്റപ്പണിക്കുമാത്രം 21 മാസം കൊണ്ട് 836 കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. അതിൽ കുറച്ച് കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ചത്, അന്ന് ചെലവാകാതെയിരുന്നത് ഇപ്പോൾ ചെലവഴിച്ചിട്ടുണ്ട്. അത് സ്വാഭാവികമായി വരും. എങ്കിലും ഈ ഗവൺമെന്റ് അനുവദിച്ചതാണ് പ്രധാനമായും. 9157 വർക്കുകളാണ് നടന്നത്. ചെറുതും വലുതുമായ അറ്റകുറ്റപ്പണികളാണ്. ബഡ്ജറ്റിൽ വേണ്ടത്ര പണമില്ലാത്തതുകൊണ്ട് സ്പെഷ്യൽ

സാങ്ഷൻ തരുന്നതടക്കം ചെയ്തിട്ടുണ്ട്. 1300 കോടി രൂപയുടെ സ്പെഷ്യൽ സാങ്ഷൻ അഡീഷണൽ ആതറൈസേഷനാണ്. അത് ബഡ്ജറ്റിന്റെ ഭാഗമായി മാറും. 2016-17-ൽ ബഹുമാനപ്പെട്ട തോമസ് ഐസക് നല്ല നിലയിൽ തുക അനുവദിച്ചു. 2017-18-ൽ 1400 കോടി രൂപ ചോദിച്ചിട്ടുണ്ട്, അനുവദിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. 2017-18-ലെ ബജറ്റും 2016-17-ൽ തന്ന സ്പെഷ്യൽ സാങ്ഷനും ഇപ്പോൾ ചെയ്യുന്നതുമടക്കം 768 വർക്കുകൾ ഇവിടെ നടന്നു. എല്ലാം റോഡുകളും ചെറിയ പാലങ്ങളുമാണ്. അതെല്ലാം കൃത്യമായ എണ്ണം തന്നെയാണ്, അറ്റകുറ്റപ്പണിയല്ല. 1439 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നബാർഡിൽനിന്നും 324 കോടി രൂപയുടെ 53 വർക്കുകൾ കിട്ടി. വർക്കുകളെല്ലാം തീർന്നിട്ടില്ല, പണി നടന്നുകൊണ്ടിരിക്കുന്നു. സെൻട്രൽ റോഡ് ഫണ്ട് മുഖേന 666 കോടി രൂപയുടെ 47 വർക്കുകൾ കിട്ടി. കഴിഞ്ഞ പത്ത് വർഷംകൊണ്ട് കിട്ടിയതിനേക്കാൾ കൂടുതലാണ് ഈ 21 മാസം കൊണ്ട് കിട്ടിയത്. ഇത് ചരിത്രമാണ്. ഇതിനുമുമ്പുള്ള പത്ത് വർഷം ഇത്രയും വർക്ക് കിട്ടിയിട്ടില്ല. ശബരിമലയ്ക്കുവേണ്ടി 174 കോടി രൂപയുടെ 349 വർക്ക് നടത്തി. 21 മാസംകൊണ്ട് ചെയ്ത വർക്കുകളുടെ കണക്കാണ് ഞാൻ പറയുന്നത്. ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് 2 കോടി രൂപയുടെ 5 വർക്കുകൾ ചെയ്തു. ഹിൽ ഹൈവേയ്ക്കും കോസ്റ്റൽ ഹൈവേയ്ക്കും വേണ്ടി 10000 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. 66 റീച്ചുകളായിട്ടാണ് വർക്ക് ആസൂത്രണം നടത്തിയിട്ടുള്ളത്. നാല് വർക്കുകൾക്കുള്ള ടെണ്ടർ നടപടികളായിട്ടുണ്ട്. ബാക്കിയുള്ളത് കിഫ്ബിയിൽനിന്നും പാസ്സായി വരുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യും. 25 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ രണ്ടുമാസമായി സമർപ്പിച്ചിട്ടുണ്ട്. 2012-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.ടി.പി.-യുടെ 8 പ്രോജക്ടുകൾ ആരംഭിച്ചതാണ്. അതിൽ ഒരെണ്ണം ശ്രീ. അടൂർ പ്രകാശ് പറഞ്ഞ പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ വർക്കാണ്. അതിന്റെ വർക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ മാറ്റിവച്ചതാണ്, ഞാനായിട്ട് മാറ്റിവച്ചതല്ല. ഈ 8 വർക്കുകൾക്കുവേണ്ടി 2835 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. എട്ട് വർക്കുകളിൽ ഏഴെണ്ണവും ഈ ഡിസംബറിൽ പൂർത്തിയാകുമെന്നാണ് അവർ റിവ്യൂ നടത്തി റിപ്പോർട്ട് തന്നിട്ടുള്ളത്. ബഹുമാനപ്പെട്ട അടൂർ പ്രകാശ് പറഞ്ഞ പുനലൂർ - പൊൻകുന്നം - മൂവാറ്റുപുഴ റോഡിന്റെ വർക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മാറ്റിവച്ചതാണ്. 2012-ലാണ് അത് തുടങ്ങിയത്. 2016 മേയ് വരെ അവിടെ ഒന്നും നടന്നില്ല. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സഖാവോ ഞാനോ ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസകോ അല്ല അതിന് ഉത്തരവാദി. അതൊരു

നയ പ്രശ്നമായിരുന്നില്ലേ?അതിന് പ്രൈവറ്റ്-പബ്ലിക് പാർട്ടിസിപ്പേഷൻ വേണമെന്നാണ് അവർ പറയുന്നത്. ബാക്കിയുള്ള ഏഴ് വർക്കുകൾക്കും അവർ അങ്ങനെ പറയാത്തതുകൊണ്ട് ആ വർക്കുകൾ കൃത്യമായി നടക്കുന്നു. ഈ ഗവൺമെന്റിന് പ്രൈവറ്റ് പാർട്ടിസിപ്പേഷന് താല്പര്യമില്ല. മറ്റ് ഏഴ് വർക്കുകൾ ചെയ്തതുപോലെ ചെയ്യാം. പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ വർക്ക് നഷ്ടപ്പെടാൻ പോകുകയാണെന്ന് ഇവിടെ ചിലർ പറഞ്ഞുനടക്കുന്നു. ആ വർക്ക് നഷ്ടപ്പെടില്ലെന്ന് മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും KSTP-യുമായി ചർച്ച ചെയ്തപ്പോൾ അവർ അത് അംഗീകരിച്ചു. സ്റ്റാൻഡ് എലോൺ ആയി അവർ പ്രോജക്ട് തരും. നമുക്ക് ഒരു വർഷം നീട്ടിക്കിട്ടും. 2020 വരെ കാലാവധി തന്നിരിക്കുകയാണ്. അങ്ങനെ അവസാനത്തെ കടമ്പയും കടന്നു. അവസാനത്തെ കടമ്പയെന്ന് പറഞ്ഞാൽ, കേന്ദ്ര ഗവൺമെന്റിന്റെ വകുപ്പായ Department of Economic Affairs-ന്റെ അനുവാദം വേണം; അതും കിട്ടി. ആ വർക്ക് ടെണ്ടർ ചെയ്ത് നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ പ്രശ്നവും ഞങ്ങൾ പരിഹരിച്ചു. കഴിഞ്ഞവർഷം ആ റോഡ് ശബരിമല ഫണ്ടിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.

റോഡ് ഫണ്ട് ബോർഡ് വഴി നടക്കുന്ന സിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 50 റോഡുകൾ ചെയ്തു. അതിൽ തിരുവനന്തപുരത്തേത് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയെങ്കിലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഭൂരിഭാഗവും പൂർത്തീകരിച്ചത്. അതിന്റെ അറ്റകുറ്റപ്പണികളും കാര്യങ്ങളുമൊക്കെ നടക്കുകയാണ്. 641 കോടി രൂപ അതിനുവേണ്ടി ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ റോഡിന്റെ വർക്ക് ഇപ്പോൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. അതും 641 കോടി രൂപയുടെ വർക്കിൽ വരും. കോഴിക്കോടും തിരുവനന്തപുരവുമാണ് നേരത്തെ എടുത്തത്. കോഴിക്കോടുള്ള റോഡിന്റെ വർക്ക് പൂർത്തിയായി. രണ്ട് മാസത്തിനുമുമ്പ് മുഖ്യമന്ത്രി ഏഴ് റോഡുകളും ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ തിരുവനന്തപുരത്തെ റോഡിന്റെ വർക്ക് പൂർത്തിയായി. പക്ഷേ അതിന്റെ വർക്കിൽ കോൺട്രാക്ടിംഗ് കമ്പനിയുടെ ചില വീഴ്ചകളുണ്ടായിട്ടുണ്ട്. അതിന്റെ ചില ഭാഗങ്ങളൊക്കെ മോശമായിട്ടാണ് ചെയ്തിരിക്കുന്നത്. അത് നന്നാക്കി നല്ലതുപോലെ ചെയ്യാമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. ആ റോഡ് 14 വർഷം അവരുടെ കയ്യിലാണ്. അത് അവർ ചെയ്തേ മതിയാകൂ. ആലപ്പുഴയിലെ വർക്ക് ഇപ്പോൾ ടെണ്ടർ ചെയ്യുകയാണ്. കണ്ണൂരും കൊല്ലത്തും ഇപ്പോൾ പ്രോജക്ട് എടുക്കുന്നുണ്ട്. അതിന് രണ്ടിനുംകൂടി 1000 കോടി രൂപ വരും.

കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ 1296 കോടി രൂപയുടെ 168 വർക്കുകളാണ് ഏറ്റെടുത്തിരിക്കുന്നത്. ആർ.ബി.ഡി.സി.കെ. 283 വർക്കുകൾ ഏറ്റെടുത്തിട്ടുണ്ട്. അതുപോലെ ബിൽഡിംഗ്സിന്റെ 283 വർക്കുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു. അതിന് 566 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ 2126 കോടി രൂപ ചെലവഴിച്ച് 57 വർക്കുകൾ പൂർത്തീകരിച്ചു. അത് സെൻട്രൽ ഗവൺമെന്റിന്റെ പണമാണ്. നാഷണൽ ഹൈവേ നാല് വരിയാക്കുന്ന വർക്കിന്റെ നടപടി നടക്കുന്നതേയുള്ളൂ. 45 റീച്ച് ആയിരിക്കും. 30,000 കോടി രൂപ സെൻട്രൽ ഗവൺമെന്റ് മാറ്റിവച്ചിട്ടുണ്ട്. അതുപോലെ തലശ്ശേരി - മാഹി ബൈപ്പാസിന്റെ പണി ആരംഭിച്ചു. കോഴിക്കോട് ബൈപ്പാസിന്റെ വർക്കും കരാറായി. പക്ഷേ കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരി വന്ന് തറക്കല്ലിടാമെന്ന് പറഞ്ഞതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പും കാത്തിരിക്കുകയാണ്. അദ്ദേഹം എപ്പോൾ വന്നാലും തറക്കല്ലിടാം. ആ രണ്ട് ബൈപ്പാസിന്റെയും വർക്ക് ആരംഭിക്കാൻ പറഞ്ഞിട്ടുണ്ട്. ബാക്കി ചേർത്തല-കഴക്കൂട്ടം വരെയുള്ളതെല്ലാം സ്ഥലമെടുത്ത് 3 എ നോട്ടിഫിക്കേഷനായി. അതിന്റെ നടപടികൾ നടന്നു വരികയാണ്. തൃശ്ശൂർ ജില്ലയിലെ 3 എ നോട്ടിഫിക്കേഷൻ ഇനി വരാനുണ്ട്. എറണാകുളത്തിന്റെ വടക്കുഭാഗവുമുണ്ട്. ബാക്കിയെല്ലാം 3 എ നോട്ടിഫിക്കേഷൻ ആയി. 2018 ജനുവരി 17-ന് ഞാൻ ഡൽഹിയിൽ പോയിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യമായിട്ടാണ് പോയത്. കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയെ കണ്ടു. അദ്ദേഹത്തിന് നല്ല സമീപനമായിരുന്നു. അങ്ങനെ പോയി കണ്ടതുകൊണ്ടാണ് ഇത്രയും വേഗം 3 എ നോട്ടിഫിക്കേഷൻ ലഭിക്കാനിടയായത്. കാരണം നാഷണൽ ഹൈവേ അതോറിറ്റിയുടെ ഉദ്യോഗസ്ഥന്മാർ പല തരത്തിലാണ് അവിടെ പറഞ്ഞിരുന്നത്. എല്ലാ കാര്യങ്ങളും പറഞ്ഞ് അദ്ദേഹത്തെ മനസ്സിലാക്കി. ഗവൺമെന്റ് സെക്രട്ടറിയും എന്നോടൊപ്പം വരികയുണ്ടായി. നാഷണൽ ഹൈവേ നാലുവരിയാക്കുന്ന കാര്യം നടക്കുമെന്നുള്ളത് ഏതാണ്ട് ഉറപ്പായിക്കഴിഞ്ഞു. അതിന്റെ നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കഴക്കൂട്ടത്ത് പുതിയ ഫ്ലൈ ഓവറും പ്രഖ്യാപിച്ചിട്ടുണ്ട്. സ്റ്റാൻഡ് എലോൺ ആയി നേരത്തെ ചെയ്യുകയാണ്. ബഹുമാനപ്പെട്ട സി. കെ. നാണു പറഞ്ഞ വടകരയിലെ മൂരാട്ടും പാലൊളി പാലവും പ്രത്യേകം പണിയണമെന്ന് ഞങ്ങൾ കത്തയച്ചിരിക്കുകയാണ്. ഡിസ്കഷനിൽ അവർ സമ്മതിച്ചിട്ടുണ്ട്. ഇനി ഉത്തരവ് മാത്രം വന്നാൽ മതി. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി സമ്മതിച്ചതാണത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ, അതായത് ബഡ്ജറ്റിൽ പണമില്ലാതെ തന്നെ തുടങ്ങിയതെന്ന് പറയേണ്ടിയിരിക്കുന്നു; അത് അന്നത്തെ ധനകാര്യ വകുപ്പ് സമ്മതിച്ചുകൊടുത്തു.

ബഡ്ജറ്റിൽ പണമില്ല, എന്നിട്ടും പ്രഖ്യാപിക്കാൻ പറഞ്ഞു. ആവശ്യമായ കാര്യങ്ങളാണ് പ്രഖ്യാപിച്ചത്. പക്ഷേ ബഡ്ജറ്റിൽ പണമില്ലായിരുന്നുവെന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. ഡിസ്ട്രിക്റ്റ് ഫ്ലാഗ് ഷിപ് പ്രോഗ്രാം 5 എണ്ണം തുടരുകയാണ്. അതിൽ ഒരെണ്ണം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിലാണ്. ഇപ്പോൾ പണമൊക്കെയുണ്ട്, പ്രശ്നമൊന്നുമില്ല. അതിന് 174 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. അങ്ങനെ 5 എണ്ണത്തിനുംകൂടി 977 കോടി രൂപ കൊടുത്തുകൊണ്ടിരിക്കുകയാണ്. മറ്റ് വകുപ്പുകളുടെ കെട്ടിട നിർമ്മാണം ഇപ്പോൾ പൊതുമരാമത്ത് വകുപ്പാണ് ചെയ്യുന്നത്. വാസ്തവത്തിൽ ഇപ്പോൾ എഞ്ചിനീയർമാർ ആവശ്യമനുസരിച്ച് ഇല്ല. ആരോഗ്യ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും കെട്ടിടങ്ങളാണ് ഏറ്റവും കൂടുതലുള്ളത്. ഗവൺമെന്റിന്റെ തന്നെ മറ്റു നല്ല ഏജൻസികൾക്കുകൂടി വർക്ക് ഏല്പിക്കാൻ മറ്റ് വകുപ്പുകളോട് പറഞ്ഞിരിക്കുകയാണ്. അല്ലെങ്കിൽ ഈ വർക്കുകളെല്ലാം ചെയ്തുതീർക്കാൻ കഴിയില്ല. ഇപ്പോൾ ഏല്പിച്ചിരിക്കുന്ന മറ്റ് വകുപ്പുകളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 3305 കോടി രൂപയുടെ 1751 വർക്കുകളുണ്ട്. നോൺ പ്ലാൻ വർക്കുകളായി 1955 വർക്കുകളുണ്ട്. അത് ഒരു ലക്ഷം, രണ്ട് ലക്ഷം, മൂന്ന് ലക്ഷം രൂപയുടെ ചെറിയ ചെറിയ വർക്കുകളാണ്. അത് 200 കോടി രൂപയുടെ വർക്കുണ്ട്. ഇങ്ങനെ 19 ഇനങ്ങളിലായി 15181 വർക്കുകളാണ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിരിക്കുന്നത്. അതിൽ കുറെ വർക്കുകൾ തീർന്നു; കുറേ വർക്കുകൾ നടക്കുന്നു. അതിന്റെ ടോട്ടൽ ഔട്ട്ലേ 82603 കോടി രൂപയാണ്. ചരിത്രത്തിലെ ഏറ്റവും വലിയ ഔട്ട്ലേയാണിത്. ഇതെല്ലാം ധനകാര്യ വകുപ്പ് തന്നതാണ്. ഡോ. ടി. എം. തോമസ് ഐസക് ഓർക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. പക്ഷേ കുറച്ചുകൂടി തരണമെന്നാണ് അംഗങ്ങൾ പറയുന്നത്. വേണ്ടതുപോലെ ചെയ്യണം. എത്ര തന്നാലും അടിസ്ഥാന വികസനം തീരത്തില്ലല്ലോ. അതെല്ലാം ന്യായമായ കാര്യമാണ്. ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക് സമയത്ത് ഫണ്ട് കിട്ടിയില്ലെന്നുള്ള വിമർശനം ശ്രീ. രാജു എബ്രഹാം ഉന്നയിച്ചതായി കേട്ടു. അത് ശരിയാണ്, സമയത്ത് കിട്ടിയിട്ടില്ല; രണ്ട് കോടി രൂപയേയുള്ളൂ; അത് തരും. ഈ വർഷം കിഫ്ബിയിൽ പദ്ധതികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. കിഫ്ബിയിൽ ഈ വർഷം പദ്ധതികളൊന്നും ഇല്ലാത്തതിന്റെ വിഷമം എല്ലാവർക്കുമുണ്ട്. ആ പദ്ധതി മോശമാണെന്ന് ആരും പറഞ്ഞിട്ടില്ല. വൻകിട പദ്ധതികൾ ഏറ്റെടുക്കാൻ ബഡ്ജറ്റിൽ പണമില്ല. അതുകൊണ്ടാണ് കിഫ്ബിവഴി ഏറ്റെടുക്കുന്നത്. അതിന്റെ ആശയക്കുഴപ്പങ്ങളെല്ലാം മാറി. ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതും അതിന്റെ ടെണ്ടർ ചെയ്യുന്നതും ഡി.പി.ആർ. തയ്യാറാക്കുന്നതും എ.എസ്. കൊടുക്കുന്നതും അപ്ലോഡ് ചെയ്യുന്നതും പി.ഡബ്ല്യു.ഡി. ആണ്. അത് പരിശോധിച്ച് ചില തിരുത്തലുകളൊക്കെ അവർ പറയുന്നുണ്ട്. അതിലെ

സാങ്കേതികമായ കാലതാമസത്തെപ്പറ്റി പൊതുവിൽ എല്ലാവർക്കും ബോദ്ധ്യമുണ്ട്. അത് ചർച്ച ചെയ്ത് കാലതാമസം കുറച്ചുകൂടി പരിഹരിക്കണം. അതിന്റെ ഫിനാൻഷ്യലായ സ്റ്റെബിലിറ്റിയിലൊന്നും ഒരു കുഴപ്പവും വരുത്താൻ കഴിയില്ല. അതെല്ലാം കൃത്യമായി പാലിക്കണം. കാലതാമസം സംബന്ധിച്ച് കുറച്ച് പ്രശ്നങ്ങളുണ്ട്. കാരണം പണം മുടക്കുമ്പോൾ അതിന് പരിശോധനയൊക്കെയുണ്ട്. എങ്കിലും ആ പരിശോധന വേഗത്തിൽ നടത്താം. അക്കാര്യത്തിലൊക്കെ കൂട്ടായി ചർച്ചചെയ്യാൻ മരാമത്ത്, ധനകാര്യം, പൊതുഭരണം എന്നീ വകുപ്പുകളോട് പറയാവുന്നതാണ്. ഈ വർഷം കിഫ്ബിയിൽ പദ്ധതികളൊന്നുമില്ല. അടുത്ത വർഷവും അതിന്റെ അടുത്ത വർഷവും ബഡ്ജറ്റിനുപുറമെ കിഫ്ബിയിലും പ്രോജക്ടുകൾ അനുവദിക്കുകയാണെങ്കിൽ, 30000 വർക്കുകൾ വരും. ഏതാണ്ട് 1,25,000 കോടി രൂപയുടെ വർക്ക് ഈ 5 വർഷം കൊണ്ട് ഇവിടെ നടക്കും. അല്ലെങ്കിൽ കിഫ്ബിയിൽ പ്രോജക്ടൊന്നും ഉൾപ്പെടുത്തുന്നില്ലെന്നിരിക്കട്ടെ, അങ്ങനെ വന്നാലും 1,00,000 കോടി രൂപയുടെ വർക്കുകൾ വരും. മൂന്ന് ബഡ്ജറ്റുകളിലുമായി ഇനി 18,000 കോടി രൂപ വരും. ഇതൊരു ചെറിയ കാര്യമല്ല. ഇനി വരുന്ന ഒരു ഗവൺമെന്റിനും ഇതിനെ മറികടക്കാൻ കഴിയില്ല. ഇതിനുപിന്നാലെ പോകാനേ കഴിയുകയുള്ളൂവെന്ന് മനസ്സിലാക്കണം. ഇവിടെ എന്ത് നടന്നു എന്നൊക്കെ അപൂർവ്വം ചിലർ ചോദിച്ചു. വളരെ നിഷ്കളങ്കമായും വഴക്കില്ലാതെയും ചോദിച്ചതുകൊണ്ട് വെറുതെ ചോദിച്ചതായിരിക്കും എന്നുകരുതുന്നു.

ഇന്നേദിവസം വരെ പി.ഡബ്ല്യു.ഡി. പ്ലാൻ ഫണ്ടിന്റെ 121 ശതമാനം ചെലവായിട്ടുണ്ട്. സാധാരണ അത് കുറച്ച് കൂടുതൽ വരും. 121 ശതമാനം ചെലവായി എന്നുപറയുമ്പോൾ അത് കഴിഞ്ഞ ജൂലൈ വരെ ചെലവായെന്നു പറഞ്ഞ പൈസ കൊടുത്തതാണ്. ഈ വകുപ്പ് ആ പണിയെല്ലാം പൂർത്തിയാക്കിക്കഴിഞ്ഞു. അതിന്റെ ബില്ല് കൊടുത്തതല്ല. ബിൽ തുക 4000 കോടി രൂപ കൊടുക്കാൻ കിടക്കുകയാണ്. ജൂലൈ വരെയുള്ളത് മാത്രമെ പേമെന്റിന് പോയിട്ടുള്ളൂ. മുഴുവൻ പേമെന്റിന് പോയാൽ 4000 കോടി രൂപ വരും. അങ്ങനെ വന്നാൽ അത് 350 ശതമാനത്തോളം വരും. ആ കാര്യത്തിൽ വളരെ വേഗം നീങ്ങിയിട്ടുണ്ടെന്നും പഴയ പല രീതികളും മാറ്റാൻ ശ്രമിച്ചിട്ടുണ്ടെന്നുമാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. കരാറുകാരുടെ കുടിശ്ശികയെ സംബന്ധിച്ച് പറഞ്ഞു. ആകെ 1,233 കോടി രൂപയായിരുന്നു കുടിശ്ശിക. അതിൽ ഭൂരിഭാഗവും കൊടുത്തു. ഇനി 656 കോടി രൂപ മാത്രമേ കുടിശ്ശികയായുള്ളൂ. അന്ന് യു.ഡി.എഫ്. ഗവൺമെന്റ് പോകുമ്പോൾ 1,233 കോടി രൂപയുണ്ടായിരുന്നുവെന്ന് നിങ്ങൾ പറഞ്ഞു. ഇത് താരതമ്യേന മുൻകാലങ്ങളെക്കാൾ കുറവാണ്. 3,000 കോടി

രൂപയൊക്കയുണ്ടായ കാലവും ഉണ്ടായിരുന്നു. പക്ഷേ അന്ന് അത്രയും ഉണ്ടായിരുന്നില്ല. അതുതന്നെ 80 ശതമാനം കൊടുത്തു. ബാക്കി 20 ശതമാനവും ഈ ഗവൺമെന്റ് വന്നശേഷമുള്ള കുറച്ച് ബില്ലുകളുമുണ്ട്. അതുംകൂടിയായാൽ 656 കോടി രൂപയുള്ളത് കൊടുത്തുതീർക്കാൻ കഴിയുന്നതായിരിക്കും. അതിൽ ആശങ്കപ്പെടേണ്ടതില്ല.

അതുപോലെതന്നെ ഈ ഗവൺമെന്റിന്റെ സമഗ്രവികസനം എന്ന കാഴ്ചപ്പാടനുസരിച്ചുള്ള ബഡ്ജറ്റ് തുക മിക്ക വകുപ്പിനും ലഭിക്കാൻ ടോട്ടൽ ഔട്ട്ലേ ഇല്ലെന്നതുപോലെ ഏറ്റവും കൂടുതൽ ലഭിക്കേണ്ട മരാമത്ത് വകുപ്പിനും പ്ലാൻ ഔട്ട്ലേ മൊത്തത്തിൽ കുറവല്ലേ? കേന്ദ്ര ഗവൺമെന്റ് തരുന്നതല്ലേ പ്ലാൻ ഔട്ട്ലേ? അത് വീതം വയ്ക്കുമ്പോൾ വരുന്ന ആവശ്യവുമായി ബന്ധപ്പെടുത്തി കുറവുണ്ടെങ്കിലും മുൻകാലങ്ങളെക്കാൾ മുന്നേറ്റമാണ്. 2015-16 സാമ്പത്തിക വർഷത്തെക്കാൾ 2016-17-ൽ പി.ഡബ്ല്യൂ.ഡി.-ക്ക് പ്ലാൻ ഫണ്ടിൽ 253 കോടി രൂപ കൂടുതലാണ്. അതുപോലെതന്നെ 2017-18-ൽ 2015-16-നേക്കാൾ 500 കോടി രൂപ കൂടുതലും ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന 2018-19-ൽ 2015-16-നേക്കാൾ 555 കോടി രൂപ കൂടുതലുമാണ്. നോൺ പ്ലാൻ എടുക്കുകയാണെങ്കിൽ 2015-16-നേക്കാൾ ഈ സാമ്പത്തികവർഷം 500 കോടി രൂപയും ഇനി വരാനിരിക്കുന്ന ഏപ്രിൽ ഒന്ന് മുതലുള്ള സാമ്പത്തികവർഷം 1000 കോടി രൂപയും കൂടുതലാണ്. സ്വാഭാവികമായും കുറച്ച് കൂടുതൽ വരും. ലഭ്യമായത് വീതിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇതെല്ലാം മതി എന്നുപറയാൻ കഴിയില്ല. പോരാ എന്നുള്ളത് യാഥാർത്ഥ്യമാണ്. നമുക്ക് അതിനുള്ള വഴികൾ കണ്ടെത്തണം.

വകുപ്പിൽ ജീവനക്കാരില്ല എന്നത് സത്യമാണ്. പഴയ കാലത്തെ സ്റ്റാഫ് പാറ്റേൺ ആണുള്ളത്. അതുസംബന്ധിച്ച് ഫയലൊക്കെ പോയിട്ടുണ്ട്; പൈസയുടെ പ്രശ്നമുണ്ട്. എന്നാലും ഇപ്പോൾ ഗവൺമെന്റ് അനുവദിച്ച തസ്തികകൾ പി.ഡബ്ല്യൂ.ഡി.-യിൽ 7350 ആണ്. പുതുതായി ഒഴിവുവന്ന 2476 നിയമനങ്ങൾ ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് നടത്തിയിട്ടുണ്ട്. ഇനി നിലവിലുള്ള ഒഴിവുകൾ 33 എണ്ണമേയുള്ളൂ; തസ്തികയില്ല. 500 എ.ഇ.-മാരും 500 ഓവർസിയർമാരുംകൂടി ഉണ്ടെങ്കിലേ ഈ ഭാരിച്ച ജോലി ചെയ്യാൻ സാധിക്കുകയുള്ളൂ. ഇല്ലെങ്കിൽ ഇതിൽനിന്ന് അഞ്ചിരട്ടി കാശുകൊടുത്ത് ഔട്ട് സോഴ്സ് ചെയ്ത് വെറുതെ ഖജനാവിലെ കാശ് കളയേണ്ടി വരും. അത് എങ്ങനെ വേണമെന്നുള്ളത് ഗവൺമെന്റ് തീരുമാനിക്കേണ്ട കാര്യമാണ്. നിങ്ങൾ ആ പ്രശ്നം ഉന്നയിച്ചതുകൊണ്ട് ഈ ആവശ്യം ഞാൻ പറഞ്ഞുവെന്നേയുള്ളൂ. അത് വസ്തുതയാണ്. അതിന്റെകൂടെത്തന്നെ പ്രൊമോഷനും വരുന്നുണ്ട്. അതെല്ലാം ഓട്ടോമാറ്റിക്കായി വരുന്നതാണ്; ഇതെല്ലാം വേണ്ടിവരും. സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ്

വളരെ പരിതാപകരമാണ്. അടുത്തകാലത്തൊന്നും ക്വാർട്ടേഴ്സ് പണിഞ്ഞിട്ടില്ല. ദൂരെനിന്നുവരുന്ന മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിനുപോലും കൊടുക്കാൻ മുറിയില്ലാത്ത അവസ്ഥയാണ്. ഉള്ളതിൽ പലതും മോശമാണ്. അതുകൊണ്ട് തിരുവനന്തപുരത്ത് ഒരു ബഹുനില മന്ദിരം ഒബ്സർവേറ്ററി കോമ്പൗണ്ടിൽ നിർമ്മിക്കാൻ 171 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അതിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ട്. ആലപ്പുഴയിലാണെങ്കിൽ ഒരാൾക്കും തമസിക്കാനാവില്ല. കൈതവനത്തിൽ 86 കോടി രൂപയുൾപ്പെടെ 257 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ജീവനക്കാരുടെ ക്വാർട്ടേഴ്സ് പണിയാൻ രണ്ട് കേന്ദ്രങ്ങളാണ് തീരുമാനിച്ചിരിക്കുന്നത്. കൂടുതൽ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും വേണം. നാഷണൽ ഹൈവേയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വർക്കുകൾ 87 എണ്ണമാണ്. അതിന് 1,181 കോടി രൂപയുടെ അടങ്കൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് നാഷണൽ ഹൈവേയുടെ അവസ്ഥ എന്തായിരുന്നു? സെക്രട്ടേറിയറ്റിൽ നിന്ന് കാസർഗോഡ് വരെ പോയാൽ എന്തായിരുന്നു സ്ഥിതി? ആലപ്പുഴയുടെ സ്ഥിതി എന്തായിരുന്നു? അങ്ങേയറ്റം പരിതാപകരമായ സ്ഥിതിയായിരുന്നു. ആ സമയം കഴിഞ്ഞിട്ടും കേന്ദ്രഗവൺമെന്റിന്റെ പണം വന്നില്ല; ഓവർ ലേയ്ക്ക് തുക വന്നില്ല; സമയവും കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റിന് ഈ പണം കിട്ടാതെ ആകെ നാശമായി കിടക്കുകയായിരുന്നു. ബഹുമാനപ്പെട്ട ഗവർണർ കൈതവനത്തിൽ 2016-ലെ നെഹ്റു ട്രോഫി വള്ളംകളി ഉദ്ഘാടനം ചെയ്യാൻ വന്നപ്പോൾ അദ്ധ്യക്ഷനായിരുന്ന എന്നോട് ഈ റോഡൊക്കെ മഹാമോശമാണെന്ന് പറഞ്ഞു. അതെല്ലാം മാറിയില്ലേ? നിങ്ങൾ സെക്രട്ടേറിയറ്റിൽ നിന്ന് വണ്ടിയിൽ കയറിക്കോളൂ. കാസർഗോഡ് മുതൽ മഞ്ചേശ്വരം വഴി അതിനപ്പുറവും പൊയ്ക്കോളൂ. കുണ്ടും കുഴിയും ഒരിടത്തുമില്ല. ഭൂരിപക്ഷവും കേന്ദ്രഗവൺമെന്റിന്റെ പണം വാങ്ങി ഓവർ ലേ ചെയ്തുകഴിഞ്ഞു. ഇനി നാല് സ്ട്രെച്ചാണ് ചെയ്യാനുള്ളത്. അവിടെയെല്ലാം അറ്റകുറ്റപ്പണികൾ നടത്തി നന്നാക്കിയിട്ടുണ്ട്. ജർമ്മൻ ടെക്നോളജി ഉപയോഗിച്ചത് അവിടെയാണ്. പുതിയ കാലത്തെപ്പറ്റി ശ്രീ. കെ. എൻ. എ. ഖാദർ ഇവിടെ പറഞ്ഞു. അതെല്ലാം പ്രയോഗിച്ചുതുടങ്ങി. എന്നാൽ നടീൽ മെഷീൻ ഇല്ല. ജർമ്മൻ ടെക്നോളജിയുടെ മെഷീൻ ഇന്ത്യയിൽ ഒരാൾക്കേയുള്ളൂ. മദ്രാസിലുള്ള ഒരാളിൽ നിന്ന് വാടകയ്ക്കെടുത്താണ് അത് ചെയ്തിരിക്കുന്നത്. അതിന് 10 കോടി രൂപ വേണം. രാവിലെ ഒരു മൺവെട്ടിയും വെട്ടിരുമ്പുമായിട്ടിറങ്ങുന്ന നമ്മുടെ കോൺട്രാക്ടർമാർക്കൊന്നും അത് പറഞ്ഞാൽ മനസ്സിലാകില്ല. നാട്ടിലെ പ്രമാണിമാർക്ക് 10 പൈസയൊക്കെ കൊടുത്ത് അഴിമതിയും മറ്റുമായി നടക്കുകയാണ്; അതൊന്നുമല്ല കോൺട്രാക്ട്. ഇവിടെ ലോ

ഓഫ് കോൺട്രാക്ട് ഭരണഘടനയിൽ നിന്നുവരുന്നതല്ലേ; അതനുസരിച്ചാണ് ഇവിടെ കോൺട്രാക്ട് കൊടുക്കുന്നത്. അവർ മോശക്കാരൊന്നുമല്ല; കോൺസ്റ്റിറ്റ്യൂഷൻ ലോയിൽ ഗവൺമെന്റിന്റെ മറുഭാഗത്ത് ഒപ്പിടുന്നവരാണെന്ന ബോധം അവർക്കുകൂടി വേണം. ആ ബോധം ഉണ്ടാക്കിക്കൊടുക്കാനാണ് 'കോൺട്രാക്ടേഴ്സ് അക്കാഡമി' തുടങ്ങാൻ ആലോചിക്കുന്നത്. കേന്ദ്രഗവൺമെന്റ് റോഡ് നിർമ്മാണത്തിൽ ഈ കാര്യത്തിൽ ധാരാളം സഹായിച്ചിട്ടുണ്ട്. നാഷണൽ ഹൈവേയിൽ നാലുവരിപ്പാതകൂടി വന്നുകഴിഞ്ഞാൽ നമ്മുടെ ദേശീയപാത ലോക നിലവാരത്തിലെത്തും. അത് ഈ ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ തീർക്കാൻ നമുക്ക് ശ്രമിക്കാം. ചില കളക്ടർമാർ നന്നായിട്ട് ചെയ്യും. ഭൂമി എടുക്കുന്നതിൽ ചില കളക്ടർമാർക്ക് വലിയ പരിചയമില്ല. അങ്ങനെ കുറേ പ്രശ്നങ്ങളുണ്ട്. അതെല്ലാം ചർച്ച ചെയ്ത് പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ നിലപാട് വ്യക്തമാണ്. അടിസ്ഥാന വികസനം ഈ ഗവൺമെന്റിന്റെ ലക്ഷ്യമാണ്. ഈ ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവന്ന രാഷ്ട്രീയ മുന്നണിയുടെ പ്രകടനപത്രികയിൽ അതുസംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അതിന് യാതൊരുവിധത്തിലും വിട്ടുവീഴ്ചയില്ലാത്ത അനിഷേധ്യമായ നേതൃത്വമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ തന്നുകൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിക്ക് ഈ വകുപ്പിനോട് അങ്ങേയറ്റം താൽപ്പര്യമാണ്. അങ്ങനെയുള്ള ഒരു മുഖ്യമന്ത്രിയും, കേരളത്തിന്റെ ഭാവിയിൽ വലിയ പ്രതീക്ഷയുള്ള, താല്പര്യമുള്ള നിയമസഭയും, 'പുതിയ കാലം പുതിയ നിർമ്മാണം' എന്നാഗ്രഹിക്കുന്ന ഒരു വകുപ്പും, നമ്മുടെ ജനങ്ങളും ചേർന്നാൽ, രാഷ്ട്രീയപ്രസ്ഥാനങ്ങളും ട്രേഡ് യൂണിയനുകളുമെല്ലാം ചേർന്നാൽ എല്ലാം നടക്കും. അങ്ങനെയൊരു കാഴ്ചപ്പാട് ഉണ്ടാക്കാനുള്ള ശ്രമങ്ങളും നടക്കുന്നു.

ഇവിടെ ശ്രീ. ഇ. ശ്രീധരനെപ്പറ്റി ഒരു സുഹൃത്ത് പറഞ്ഞു. ഇവിടെ ഇന്ന് ലൈറ്റ് മെട്രോയുടെ ചർച്ചയില്ല; മെട്രോയുടെ ചർച്ചയുമില്ല. ശ്രീ. ഇ. ശ്രീധരനെ ഒരാളും ഓടിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഇ. ശ്രീധരനെപ്പറ്റി മഹാനായ മനുഷ്യൻ എന്നാണ് പറഞ്ഞത്. ഞാൻ അത് കേട്ടുകൊണ്ടിരിക്കുകയായിരുന്നു. 'The Great man' എന്നാണ് ഇംഗ്ലീഷിൽ; ചിലർക്ക് ഇംഗ്ലീഷിൽ പറഞ്ഞാലേ മനസ്സിലാകൂ. അദ്ദേഹം പറഞ്ഞത് മലയാളത്തിലാണ്. ഒരു എഞ്ചിനീയറെ മഹാനായ മനുഷ്യനെന്ന് ശ്രീ. പിണറായി വിജയൻ വിളിക്കണമെങ്കിൽ നിസ്സാര കാര്യമാണോ; കാണുന്നവരെയൊക്കെ വിളിക്കുമോ? അപ്പോൾ മഹാനാണ് എന്നതിൽ സംശയമില്ല. ഇവിടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 'എഞ്ചിനിയേഴ്സ് കോൺഗ്രസ്സ്' എന്ന ഒരു പ്രസ്ഥാനം സംഘടിപ്പിച്ചു. ഏത് ഗവൺമെന്റിനും അത് മുന്നോട്ടുകൊണ്ടുപോകാം. എല്ലാ എഞ്ചിനീയർമാരുടെയും

ഒരു മഹാസമ്മേളനമാണത്. അതിന്റെ ഒന്നാമത്തെ സമ്മേളനത്തിന് മുഖ്യമന്ത്രി ഇല്ലായിരുന്നു; ഞാനായിരുന്നു ഉദ്ഘാടനം ചെയ്തത്. പ്രസംഗകനായി ഒരാളെ മാത്രമേ ഞാൻ വിളിച്ചിട്ടുള്ളൂ, ശ്രീ. ഇ. ശ്രീധരനെ. അദ്ദേഹം അവിടെ ഒന്നര മണിക്കൂർ പ്രസംഗിച്ചു. അഴിമതിക്കെതിരെ പ്രസംഗിച്ചു. ആദ്യമായി അദ്ദേഹം എ.ഇ. ആയി വന്നപ്പോൾ കൈക്കൂലി കൊടുക്കാൻ പണം മാസികയ്ക്കകത്ത് പൊതിഞ്ഞു കൊണ്ടുചെന്ന കാര്യമൊക്കെ പറഞ്ഞു. വളരെ ഇൻസ്പൈറിംഗാണ്; യാതൊരു സംശയവുമില്ല. ഇവിടെ വേറെ ചില പ്രശ്നങ്ങളുണ്ട്. ലൈറ്റ് മെട്രോയെന്ന് പറഞ്ഞാൽ, കേന്ദ്രഗവൺമെന്റിന്റെ അനുവാദമില്ലാതെ ചെയ്യണോ വേണ്ടയോ എന്നുള്ളത് മൗലിക പ്രശ്നമാണ്. കേരളത്തിൽ ഗ്യാലപ് പോൾ ഒന്നുമില്ല. ഇതിനുവേണ്ടി 7,000 കോടി രൂപയാണ് ചെലവഴിക്കേണ്ടത്. ആശുപത്രി, പള്ളിക്കൂടം എന്നിവ മാറ്റിവച്ചു. റേഷൻ അരി വരെ മാറ്റിവച്ചു. അത്യാവശ്യമായ പി.ഡബ്ല്യൂ.ഡി. റോഡുവരെ മാറ്റിവച്ചിട്ടാണ് നമ്മൾ ചെലവഴിക്കുന്നത്. ലോകത്ത് മെട്രോ എല്ലാം നഷ്ടമാണെന്ന് എല്ലാവർക്കുമറിയാം. ശ്രീ. ഇ. ശ്രീധരനും പറഞ്ഞിട്ടുണ്ട്. ഇവിടെ അതൊന്നും പ്രശ്നമേയല്ല; നമ്മൾ തയ്യാറാണ്. കേന്ദ്രഗവൺമെന്റിന്റെ അനുവാദമില്ലാതെ നമ്മൾ ചെയ്താൽ രാഷ്ട്രീയമായ ഒരു പ്രശ്നം നാളെ വരാം. അത് ഞങ്ങൾ പുറത്ത് പറയുന്നില്ല. ഭരണപരമായ പ്രശ്നം വരുമ്പോൾ സാമ്പത്തികമായി ഇഷ്ടംപോലെ കാശുണ്ട്. ഇപ്പോൾ കേന്ദ്രം നമ്മുടെ പദ്ധതിവിഹിതം വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഇഷ്ടംപോലെ കാശുണ്ട്; എന്തിനാണ് ഇവിടെ കാശ് കൊടുക്കുന്നത് എന്നുള്ള നിലപാടാണ്. അവർക്ക് മെട്രോ പണിയാനുള്ള കാശുണ്ടെന്ന് കേന്ദ്രഗവൺമെന്റ് വിചാരിച്ചാൽ, ശ്രീ. ഒ. രാജഗോപാൽ നമ്മളെ സഹായിക്കുമോ? സഹായിക്കില്ല, ഇവിടെ ഇഷ്ടംപോലെ കാശുണ്ടെന്ന് അദ്ദേഹവും പറയും. ഇവരെ വിശ്വസിച്ച് ചെയ്യാൻ കഴിയുമോ? അതിനൊരു തീരുമാനം വരട്ടെ. ശ്രീ. ഇ. ശ്രീധരനെ ആരും ഓടിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരട്ടെ കാര്യങ്ങളെല്ലാം ചർച്ച ചെയ്യും. അപ്പോൾ എനിക്കുംകൂടി ലൈറ്റ് മെട്രോയുടെ ഒരു ചെറിയ ചുമതല വരും. ആവശ്യമുണ്ടെങ്കിൽ ഞാനും അവിടെയുണ്ടാകും. ബഹുമാനപ്പെട്ട കെ. മുരളീധരൻ പറഞ്ഞല്ലോ; നമ്മൾ അതിന്റെ പടമൊക്കെ കണ്ടതല്ലേ; ഞങ്ങൾ അതിൽനിന്നും പിൻവലിയുന്ന പ്രശ്നമില്ല. മെട്രോ വേണമെന്ന് പറഞ്ഞ് ഇപ്പോൾ മുനിസിപ്പാലിറ്റിയിലൊക്കെ ചർച്ചയാണ്. കുടിവെള്ളം കൊടുക്കാൻ കഴിവില്ലാത്ത മുനിസിപ്പാലിറ്റി മെട്രോ വേണമെന്ന് പറയുകയാണ്. എന്ത് കളിയാണിത്? നിങ്ങൾ ആദ്യം പൈപ്പ് ഇടുകയും റോഡ് നന്നാക്കുകയുമാണ് ചെയ്യേണ്ടത്. നിങ്ങളെ ഏൽപ്പിച്ച ജോലി ചെയ്താൽ മതി. ഇതൊന്നും നിങ്ങൾ ചെയ്യേണ്ട; നിങ്ങൾക്കുവേണ്ടി ഞങ്ങൾ ചെയ്തോളാം. ഇതൊന്നും ശരിയല്ല. പല

മാധ്യമങ്ങളും കാര്യമറിയാതെയാണ് പറയുന്നത്. ഇപ്പോൾ പ്രതികരണമൊക്കെ വളരെ നല്ല നിലയിലായി. പുതിയ മെട്രോ നയത്തിൽ പുതിയ നികുതി ഉൾപ്പെടുത്താൻ പറഞ്ഞിരിക്കുകയാണ്. നിങ്ങൾ പുതിയ നികുതി അംഗീകരിക്കുമോ? മെട്രോ കടന്നുപോകുന്ന രണ്ട് ഭാഗത്തെയും പുരയിടങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ച് പൈസയുണ്ടാക്കാൻ പറഞ്ഞിരിക്കുകയാണ്. കുറച്ച് പ്രശ്നങ്ങളുണ്ട്; നമുക്ക് സംസാരിച്ച് പരിഹാരം കാണാം. അതൊരു രാഷ്ട്രീയ പ്രശ്നമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഇതിന്റെ പേരിൽ കൺവെൻഷനോ സമരമോ നടത്തേണ്ട ഒരു ആവശ്യവുമില്ല. ശ്രീ. വി. എസ്. ശിവകുമാർ സമരം നടത്താൻ പോകുകയാണെന്ന് പത്രത്തിൽ കണ്ടതുകൊണ്ട് ഞാൻ പറഞ്ഞതാണ്. നടത്തിയാലും ഒന്നുമില്ല. അതിന്റെ ആവശ്യമില്ല. അങ്ങനെയൊരു കേസല്ല അത്. പേടിയുണ്ടായിട്ടല്ല, ആവശ്യമില്ലാത്ത കാര്യമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതേ കാര്യത്തിൽ എറണാകുളത്ത് ഒരു മനുഷ്യച്ചങ്ങല പിടിച്ചിരുന്നു. അതിൽ അങ്ങ് ഉണ്ടായിരുന്നോയെന്ന് അറിയില്ല. പക്ഷെ ശ്രീ. പിണറായി വിജയൻ അതിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു.

ശ്രീ. ജി. സുധാകരൻ: സർ, അത് വേറൊരു ഇഷ്യൂവാണ്. ഈ പദ്ധതി ഉപേക്ഷിക്കാൻ പോകുന്നുവെന്ന് വന്നപ്പോഴാണ് മനുഷ്യച്ചങ്ങല പിടിച്ചത്. അത് മെട്രോയുടെ ഇഷ്യൂവാണ്; ഇതല്ല. എന്തായാലും അതിനുപകരം നിങ്ങൾ ചെയ്യുന്നുവെന്ന് പറയുന്നത് ശരിയല്ല. അത് വേറെ ഇഷ്യൂ; ഇത് വേറെ ഇഷ്യൂ. ഞങ്ങൾ ഇത് ഉപേക്ഷിക്കുന്നില്ല. ഞങ്ങൾ നടത്താൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. അങ്ങയുടെ അടിയന്തര പ്രമേയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മറുപടി പറഞ്ഞുകഴിഞ്ഞു. അത് ഉറപ്പല്ലേ? ഇപ്പോൾ ഈ പ്രശ്നം ഉന്നയിച്ചതുകൊണ്ടും ലൈറ്റ്മെട്രോയുടെ കാര്യം ഞങ്ങളുംകൂടി നോക്കുന്നതുകൊണ്ടും പറഞ്ഞുവെന്നേയുള്ളൂ. പുതിയ സാങ്കേതികവിദ്യ അദ്ദേഹം തന്നിരിക്കുകയാണ്. അനുവാദം വരുന്നതിനുമുമ്പുതന്നെ ഇതിന്റെ കോച്ച് എവിടെനിന്ന് വാങ്ങണമെന്ന് അദ്ദേഹം ഉപദേശിച്ചതനുസരിച്ചാണ് ഉപയോഗിക്കാൻ പോകുന്നത്. അതെല്ലാം കെട്ടി കവർ ഇട്ട് വച്ചിരിക്കുകയാണ്. വെളിയിൽ എടുത്തിട്ടില്ല. കാരണം അതിപ്പോൾ എടുക്കാൻ കഴിയില്ല. എല്ലാ കാര്യവും ഞങ്ങൾ വിശ്വസിച്ചിട്ടുണ്ട്. പക്ഷെ ഇ. ശ്രീധരനെ സംബന്ധിച്ച് ഒരു കാര്യം ഞാൻ പറയാം. ഏതെങ്കിലും ഒരു വ്യക്തി ഈ നാടിനും ഗവൺമെന്റിനും ബദൽ ആണെന്ന് പറഞ്ഞ് മാധ്യമങ്ങൾ ഫോക്കസ് ചെയ്യുമോ? അദ്ദേഹം അത് പറഞ്ഞു. ശരിയല്ല. ഭൂമിയും പണവും കൊടുക്കുന്നതും കഷ്ടപ്പെടുന്നതും ഗവൺമെന്റ്; ചർച്ച നടത്തുന്നത് നമ്മളും. അതിന്റെ ഉത്തരവാദിത്വം നമ്മൾ ഏറ്റെടുക്കേണ്ടേ? നമുക്ക് തദവസരത്തിൽ

അദ്ദേഹത്തെ വിളിക്കാനും ചർച്ച ചെയ്യാനും കഴിയും. അതിനുള്ള ക്ഷമയും വിവേകവും നമുക്കെല്ലാവർക്കുമുണ്ട്. ബഹുമാനപ്പെട്ട സുഹൃത്ത് അതു സംബന്ധിച്ച് പറഞ്ഞതുകൊണ്ട് ഞാൻ അത്രയും പറഞ്ഞതാണ്. ഏറ്റക്കുറച്ചിലിനെപ്പറ്റി, തുല്യമായിട്ടല്ല റോഡിന് അനുവാദം നൽകിയതെന്ന് പറഞ്ഞു. അങ്ങനെയല്ല, കിലോമീറ്റർ നോക്കിയിട്ടാണ് റോഡിന് അനുവാദം നൽകിയത്. ബഹുമാനപ്പെട്ട ഇ. എസ്. ബിജിമോളുടെ മണ്ഡലത്തിൽ ഒരുപാട് നീളമുള്ള റോഡുകളാണുള്ളത്. ബഹുമാനപ്പെട്ട എം. എം. മണിക്കും ശ്രീമതി ഇ. എസ്. ബിജിമോൾക്കും കുറച്ച് കൂടുതൽ തുകയാണ് നൽകിയത്. നിങ്ങൾക്ക് മാത്രമല്ല ഒരുപാട് പേർക്ക് കൊടുത്തു. 40 കിലോമീറ്റർ റോഡാണെങ്കിൽ ഒന്നര കോടിയാണ് കൊടുത്തിട്ടുള്ളത്. തിരുവനന്തപുരത്തും എറണാകുളത്തുമൊക്കെ ചിലയിടത്ത് 40 കിലോമീറ്റർ റോഡേയുള്ളൂ. എനിക്ക് 70 കിലോമീറ്റർ റോഡേയുള്ളൂ. അതുകൊണ്ട് രണ്ട് കോടി രൂപയേയുള്ളൂ. അതിന്റെ ആവശ്യമേയുള്ളൂ. 2016-17-ൽ അത് നോക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ നമ്മൾ നോക്കി. അടുത്ത തവണ ഒന്നുകൂടി നോക്കും. ആനുപാതികമായി തന്നെയാണ് കൊടുത്തിരിക്കുന്നത്. അതാണ് വ്യത്യാസം വന്നത്. അതുകൊണ്ട് തുല്യമല്ല. പക്ഷെ അതിന്റെ പ്രിൻസിപ്പിൾ തുല്യമാണ്. ഒരു കാര്യംകൂടെ ഞാൻ പറയാം. ഇപ്പോൾ നിങ്ങൾ അധികാരത്തിലിരിക്കുന്നുവെന്ന് കരുതുക, നിങ്ങൾ പ്രതിപക്ഷത്തിന് ഒന്നും കൊടുക്കരുതെന്ന് പറയുകയാണ്. അങ്ങനെ നിങ്ങൾ പറഞ്ഞതിന്റെ അബദ്ധം നിങ്ങൾക്ക് ഇപ്പോൾ സംഭവിച്ചില്ലേ; ഞാൻ വായിക്കാം. കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ച് വർഷം ശ്രീ. കെ. എം. മാണിക്ക് 373 കോടി രൂപ നൽകി ശ്രീ. വി. എസ്. അച്ചുതാനന്ദൻ 2015 ഡിസംബറിൽ അടിയന്തര പ്രമേയം അവതരിപ്പിച്ചതിനുശേഷം ശ്രീ. സി. ദിവാകരന് 6.40 കോടി രൂപയും. അതിനുമുമ്പ് അന്നത്തെ അടൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. പക്ഷെ കാര്യമായിട്ട് പൈസയൊന്നും തന്നില്ല. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന് 214.24 കോടി രൂപയും എനിക്ക് 6.55 കോടി രൂപയുമാണ് തന്നത്. എനിക്ക് പരാതിയൊന്നും ഇല്ല. അതുകൊണ്ട് ഇപ്പോൾ അദ്ദേഹത്തിന് ന്യായമായി കൊടുത്തിരിക്കുകയാണ്. ഒരു കുറവും വരുത്തുകയില്ല. അതാണ് ഞാൻ തീരുമാനിച്ചിരിക്കുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് കൊടുത്ത തുക എത്രയെന്ന് ഞാൻ പറയില്ല. ക്ലാസ്മേറ്റ്സാണ്; അതുകൊണ്ട് പറയുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടിക്ക് 157.70 കോടി രൂപയും; ഒരു തെറ്റും ഇല്ല. ഞങ്ങൾക്കുംകൂടി തരണമെന്നാണ് ഞാൻ പറയുന്നത്. ശ്രീ. അനൂപ് ജേക്കബിന് 145.75 കോടി രൂപയും ശ്രീ. കെ. രാജുവിന് 5.85 കോടി രൂപയും ശ്രീ. വി. എസ്.സുനിൽ കുമാറിന് 6.15 കോടി രൂപയും ശ്രീ. പി. തിലോത്തമന് വെറും 2.95 കോടി രൂപയും

ശ്രീ. സി. കെ. നാണുവിന് 4.32 കോടി രൂപയുമാണ് നൽകിയത്. ഡോ. എം. കെ. മുനീറിന് 120 കോടി രൂപ കിട്ടിയിട്ടുണ്ട്. പഴയ പി.ഡബ്ല്യൂ.ഡി. മിനിസ്റ്ററായിരുന്ന ശ്രീ. പി. ജെ. ജോസഫിന് 104 കോടി രൂപയും ശ്രീമതി പി. കെ. ജയലക്ഷ്മിക്ക് 105 കോടി രൂപയും കൊടുത്തു. ഏറ്റവും കുറഞ്ഞ തുക കിട്ടിയവരെയാണ് ഇനി പറയുന്നത്; ശ്രീ. കെ. വി. അബ്ദുൾ ഖാദറിന് 3.27 കോടി രൂപയും ശ്രീ. കോവൂർ കുഞ്ഞുമോന് 4.95 കോടി രൂപയും ശ്രീ. കെ. വി. വിജയദാസിന് 5.90 കോടി രൂപയുമാണ് നൽകിയത്. ഞങ്ങൾ അത് നിയമസഭയിൽ പറഞ്ഞു. അതിനുശേഷമാണ് ഈ പണം അനുവദിച്ചത്. 2015 ഡിസംബറിൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ അടിയന്തര പ്രമേയം വന്നപ്പോൾ ഞാൻ എഴുന്നേറ്റുനിന്ന് എനിക്കൊന്നും കിട്ടിയിട്ടില്ലെന്ന് പറഞ്ഞു. അപ്പോൾ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് കിട്ടിയിട്ടുണ്ടെന്ന് പറഞ്ഞു. കാരണം തലേന്ന് രാത്രി 5.55 കോടി രൂപ അനുവദിച്ചുവച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് എനിക്ക് വലിയ കാര്യമായി. ഞാൻ ഈ ചെറിയ തുകകൊണ്ട് സമൃദ്ധമായി ഓണം പോലെ വിതറി. നല്ല പ്രയോജനം ഉണ്ടായി. അങ്ങനെയൊന്നും ഇപ്പോൾ ചെയ്യുന്നില്ല.; ചെയ്യേണ്ട കാര്യം നമുക്കില്ല. അതുകൊണ്ട് തുല്യമല്ല. ഇപ്പോൾ ചെങ്ങന്നൂർ സീറ്റ് യു.ഡി.എഫ്.ൽ നിന്നും എൽ.ഡി.എഫ്. പിടിച്ചെടുത്തു. അന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് കുറച്ച് കൂടുതൽ തുക വാങ്ങിയതിനാൽ ശ്രീ. കെ. കെ. രാമചന്ദ്രൻ നായർക്ക് പ്രയോജനമുണ്ടായി. ഒരുപാട് ആർത്തിയോടുകൂടി വാങ്ങിയതു കൊണ്ടുമാത്രം ജയിക്കില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഇപ്പോൾ ന്യായമായി കൊടുത്തു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഒരു പാലത്തിന് കേട്ടുവന്നപ്പോൾ അപ്പോൾത്തന്നെ കുറച്ച് പൈസ കൊടുത്തു; അദ്ദേഹം ആർത്തിയൊന്നും കാണിച്ചില്ല. അത് എല്ലാവർക്കും കൊടുക്കുന്നുണ്ട്. അല്ലാതെ നിഷേധിക്കാൻ നമുക്ക് എന്ത് അവകാശമാണുള്ളത്? സമഗ്ര വികസനമല്ലേ പറഞ്ഞിരിക്കുന്നത്. അടുത്ത തവണ അവിടെ നമ്മൾ ജയിക്കണ്ടേ; അങ്ങനെ ആലോചിക്കു. അസംബ്ലിയിൽ തോറ്റവരുടെ പഞ്ചായത്ത് പ്രസിഡന്റുമാർ ഇല്ലേ; നഗരസഭാ ചെയർമാൻമാരില്ലേ, അവർക്കൊന്നും കൊടുക്കണ്ടേ; മൗലികമായി നോക്കിയാൽ മണ്ഡലങ്ങളുടെ നീതിയനുസരിച്ചും അവിടുത്തെ പി.ഡബ്ല്യു.ഡി. റോഡുകളുടെ രീതിയനുസരിച്ചും നിതീപൂർവ്വം കൊടുക്കാമെന്നല്ലാതെ രാഷ്ട്രീയമായ യാതൊരു വിവേചനത്തിനും സ്ഥാനമില്ല. അതിനെതിരായ ഒരു വാദവും അംഗീകരിക്കുന്നില്ല. അംഗീകരിക്കാൻ എൽ.ഡി.എഫ്. തീരുമാനിച്ചിട്ടില്ല; തീരുമാനിക്കുകയുമില്ല. അതുസംബന്ധിച്ച് വളരെ ന്യായമായിട്ടുതന്നെ കാര്യങ്ങൾ ചെയ്യാം. അഴിമതിയും വർഗ്ഗീതയുമല്ലേ ഇന്ത്യയിലെ ജനങ്ങളുടെ ഒന്നാം നമ്പർ ശത്രു? ഇത് രണ്ടും സഹിക്കുകയില്ല. ബി.ജെ.പി. എല്ലായിടത്തും തോൽക്കുമെന്ന് പണ്ടേ ഞാൻ പറഞ്ഞതാണ്. ഒരു ഭയവുമില്ല. 31 ശതമാനം വോട്ടുമായി മൂന്നിൽ

രണ്ട് സീറ്റ് ഭൂരിപക്ഷമെന്ന പറഞ്ഞാൽ കൃത്രിമ ഭൂരിപക്ഷമല്ലേ; ഇലക്ഷൻ രീതിയുടെ തകരാറല്ലേ; സിംപിൾ മെജോറിറ്റി കൊണ്ടല്ലേ? ഇത് പ്രൊപ്പോഷണൽ റെപ്രസന്റേഷനാണെങ്കിൽ അവർക്ക് കിട്ടേണ്ടത് 175 സീറ്റാണ്. കോൺഗ്രസ്സിന് 125 സീറ്റ് കിട്ടുമായിരുന്നു. നിങ്ങൾ എതിർക്കുകയാണ്. എന്തിനാണ് നിങ്ങൾ എതിർത്തത്? നിങ്ങൾക്ക് 19 ശതമാനത്തിൽ 125 കിട്ടണം. രണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കും കൂടി അഞ്ച് ശതമാനം വച്ച് 25 സീറ്റ് കിട്ടണം. പല പാശ്ചാത്ത്യ രാജ്യങ്ങളിലും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും ഉള്ളതുപോലെ എത്ര ശതമാനം വോട്ട് അത്ര ശതമാനം സീറ്റേ കിട്ടാവൂ. സിംപിൾ മെജോറിറ്റിയല്ല, 50 ശതമാനം കടക്കുന്നതുവരെ വോട്ട് മാറി മാറി എണ്ണി പ്രിഫറൻസ് കൊടുക്കണം. അപ്പോൾ ജനാധിപത്യം സമ്പുഷ്ടമാകും, കുറെക്കൂടി ജനാധിപത്യവൽക്കരിക്കപ്പെടും. അത് നമുക്ക് നടപ്പാക്കാൻ കഴിഞ്ഞില്ല. എന്നാലും 49 ശതമാനംവരെ വോട്ട് കിട്ടിയ കോൺഗ്രസ്സിന് 19 ശതമാനമായപ്പോൾ കിട്ടേണ്ടത് 41 സീറ്റല്ല 125 സീറ്റാണ്. ശ്രീ. നരേന്ദ്ര മോദിക്ക് വെറും 175 സീറ്റേ കിട്ടൂ. അദ്ദേഹത്തിന് ജനപിന്തുണയില്ല. പക്ഷേ കോൺഗ്രസ് പലയിടത്തും മോശമായി പെരുമാറിയതുകൊണ്ടാണ് ബി.ജെ.പി.-ക്ക് വോട്ട് കിട്ടയത്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ഭദ്രമായി സംരക്ഷിക്കാൻ 14 വർഷം പാർട്ടി സെക്രട്ടറിയായിരുന്ന ബഹുമാന്യനായ പിണറായി വിജയന് കഴിഞ്ഞതുകൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. അല്ലെങ്കിൽ ഈ പാർട്ടി അധികാരത്തിൽ വരില്ലായിരുന്നു. കോൺഗ്രസ് തൊട്ടുതാഴെയുള്ളതുകൊണ്ടാണ് നിങ്ങളിൽ കുറച്ചുപേരെങ്കിലും ഇവിടെ ഇരിക്കുന്നത്. ഇതൊക്കെ തല്ലിപ്പൊളിച്ച് എന്തെങ്കിലുമൊക്കെ പറഞ്ഞിട്ട് കാര്യമില്ല. അതൊന്നും നടക്കുന്ന കാര്യമല്ല. അതുകൊണ്ട് ശരിയായ വീക്ഷണത്തിലാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. അത് നിങ്ങൾക്കും സുരക്ഷയാണ്. ഞങ്ങൾ ഭരണകക്ഷിയാകുമ്പോൾ പ്രതിപക്ഷമായി ഇരിക്കാനുള്ളൊരു അവസരം നിങ്ങൾക്കും ഉണ്ടാകുന്നുണ്ട്. നിങ്ങൾ ഭരണകക്ഷിയായിരുന്നപ്പോൾ ഞങ്ങൾ പ്രതിപക്ഷമായിരുന്നല്ലോ; അങ്ങനെയായിരുന്നല്ലോ ഇതുവരെ; അതുകൊണ്ട് അടുത്ത തവണ നിങ്ങൾ ഭരണകക്ഷിയാകുമെന്ന ധാരണയൊന്നും വേണ്ട; അതത്രയെളുപ്പമുള്ള കാര്യമല്ല. അതൊക്കെ വേറെ കാര്യം. പക്ഷെ ഇതിനകത്ത് വേറൊരു സെറ്റ് കയറിവരാൻ പാടില്ല. കയറിയയിടത്തെല്ലാം ഇറക്കണം. അങ്ങനെ ഇറക്കാനുള്ള സാഹചര്യമുണ്ട്. അതിന് ഓരോരുത്തരും അവരവർ എടുത്ത നിലപാടുകളിൽ ഉറച്ച് നിൽക്കുകയാണ് വേണ്ടത്. അല്ലാതെ അങ്ങോട്ടും ഇങ്ങോട്ടും കെട്ടിപ്പിടിച്ചാലൊന്നും വോട്ടൊന്നും ജനങ്ങൾ തരികയില്ല. അങ്ങനെയൊന്നും ആരും ധരിക്കേണ്ട. അങ്ങനെയൊരു കൂട്ടുകെട്ടിനെപ്പറ്റി ആവശ്യമില്ലാതെ ആലോചിക്കുകയും വേണ്ട. ഇതാണ് സമഗ്ര വികസനം. റെസ്റ്റ്

ഹൗസുകൾ നന്നാക്കാൻ ശ്രമിച്ചു. പല റെസ്റ്റ് ഹൗസുകളിലും പോകുമ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ എന്നെ വിളിച്ചുപറഞ്ഞു, വയനാട് റെസ്റ്റ് ഹൗസിൽ പോയപ്പോൾ, അവിടെ ശരിയല്ല എന്ന്. നിങ്ങൾക്ക് തന്നെയറിയാം, നിങ്ങളിൽ പലരും പറഞ്ഞു. ഇപ്പോൾ റെസ്റ്റ് ഹൗസിലെ ജീവനക്കാരുടെ ഡ്രസ്സ് തന്നെ മാറ്റി. രാത്രി 12 മണിക്ക് ചെന്നാൽ നനയ്ക്കുകയും കുളിക്കുകയും ചെയ്യാതെ എഴുന്നേറ്റ് വരികയാണ്, ഒരുതരം പീറ തുണിയുമായി അവിടുത്തെ മാനേജർ, കണ്ടിട്ടില്ലേ? ഇപ്പോൾ അതൊക്കെ മാറ്റി ഗവൺമെന്റ് ഗസ്റ്റ്ഹൗസിലേതു പോലെയാക്കി. ഇപ്പോൾ അവർക്ക് എന്ത് ആത്മവിശ്വാസമാണെന്നോ. റെന്റെല്ലാം മാന്യമായി വർദ്ധിപ്പിച്ചു. എം.എൽ.എ.-മാർക്കും എം.പി.മാർക്കും അവിടെ ആനുകൂല്യമില്ലായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലം വരെ അവർക്ക് ഫസ്റ്റ് ക്ലാസ്സ് ഉദ്യോഗസ്ഥരുടെ ആനുകൂല്യമേ ഉണ്ടായിരുന്നുള്ളൂ. ബഹുമാനപ്പെട്ട ലീഗ് അംഗം പറഞ്ഞപ്പോഴാണ് ഞാൻ അറിഞ്ഞത്. ഇപ്പോൾ എല്ലാ ഗസ്റ്റ് ഹൗസിലേതുംപോലെ എ.സി. റൂമിന് 175 രൂപ, അതിനപ്പുറം വാങ്ങാനാവില്ല. എക്സ് എം.എൽ.എ.-ക്കും എക്സ് എം.പി.-ക്കും അങ്ങനെയാക്കി. ഗവൺമെന്റ് ഗസ്റ്റ് ഹൗസ് സിസ്റ്റമാക്കി. റെന്റ് നമ്മുടേതായ രീതിയിൽ വർദ്ധിപ്പിച്ചു. കുറച്ചൊന്ന് മാറിയിട്ടുണ്ട്. റെസ്റ്റ് ഹൗസുകൾ നന്നാക്കുന്നുണ്ട്. കുറച്ച് സമയമെടുത്താൽ എല്ലാ റെസ്റ്റ് ഹൗസുകളും മെച്ചപ്പെടുത്തും. അതിനെക്കുറിച്ച് ഇവിടെ പലരും സംസാരിച്ചു കഴിഞ്ഞു. വളരെ കാര്യമായ മാറ്റമുണ്ടായിട്ടുണ്ട്.

ബ്രിഡ്ജസിന്റെ കാര്യം ഇവിടെ എല്ലാവരും പറഞ്ഞുകഴിഞ്ഞു. 2529 പാലങ്ങളിൽ 370 എണ്ണം ഏത് സമയത്തും അപകടത്തിലാകാം, എന്നുപറഞ്ഞാൽ ഏത് സമയത്തും വീഴുമെന്നല്ല, അത് പുതുക്കി പണിയണം. 600 എണ്ണത്തിന് കുഴപ്പമില്ല. ബാക്കിയെല്ലാത്തിനും റിപ്പെയർ ആൻഡ് മെയിന്റനൻസ് നടത്തണം. അതിന് 5000 കോടി രൂപ വേണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്, പ്രത്യേക തുകയായി പറയുന്നില്ല. ഓരോ പാലവും പുതുക്കി പണിയാൻ ഡി.പി.ആർ. ആകുമ്പോൾ തരാമെന്നാണ് അദ്ദേഹം പറയുന്നത്, അത് കൊടുത്തുകൊണ്ടേയിരിക്കും. എല്ലാം ഒരുമിച്ച് തരില്ല. എല്ലാവരും ചേർന്ന് പാലങ്ങൾ നന്നാക്കണം. ഇതിനെല്ലാമായി നമ്മളെ ഉണർത്തിയത് ഏനാത്ത് പാലത്തിന്റെ തകരാറാണ്. അഞ്ചരമാസം കൊണ്ട് നമ്മുടെ എഞ്ചിനീയർമാർ അത് പുതുക്കി പണിഞ്ഞു. കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നമ്മൾ ബെയ്‌ലി പാലം നിർമ്മിച്ചു. എത്ര നന്നായാണ് അത് കൈകാര്യം ചെയ്തത്. പാലങ്ങൾ ഉദ്ഘാടനം ചെയ്യാൻ എന്ത് ആവേശമാണ്. കഴിഞ്ഞ ദിവസമാണ് കോട്ടപ്പുറം പാലം ഉദ്ഘാടനം ചെയ്തത്. ഒൻപത് വർഷമെടുത്തു ആ പാലം പണിയാൻ. ഒരു രാത്രിയിൽ ഞാൻ അവിടെ ചെന്ന് നോക്കിയപ്പോൾ ആ പാലം പണി

ഉഴപ്പിലാണ്, അത് പണിയുന്നില്ല. ഞാൻ പോയിട്ട് 21 മാസമായില്ല 10-15 മാസമായതേയുള്ളൂ. എന്തൊരു ഉത്സവമായിരുന്നു. ഒരു അമ്പലത്തിലോ പള്ളിയിലോ ഇത്തരം ഉത്സവം ഉണ്ടാകില്ല. എന്തൊരു ആവേശമാണ് അവിടെ. അതുപോലെ എം.സി റോഡിലെ പന്തളം പാലം പണിഞ്ഞു. ഏനാത്ത് പാലം പുതുക്കിപ്പണിഞ്ഞു. ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ മണ്ഡലത്തിലെ ഒരു പാലം പുതുക്കിപ്പണിഞ്ഞു. ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലത്തിലെ രണ്ട് പാലം, നെയ്യാറ്റിൻകരയിലും പാറശ്ശാലയിലും കാട്ടാക്കടയിലും എല്ലാം ഉദ്ഘാടനം ചെയ്തു. പണിതീർന്ന പാലങ്ങൾ എല്ലാം ഉദ്ഘാടനം ചെയ്യുകയാണ്. ധാരാളം പാലങ്ങൾ, കഴിഞ്ഞ ഗവൺമെന്റ് പണി ആരംഭിച്ചതും പണി പൂർത്തീകരിച്ചതും നമ്മൾ പുതിയതായി പണിയുന്നതും അങ്ങനെ പാലം നിർമ്മാണം വളരെ ഉഷാറായി നടന്നുവരുന്ന ഒരു കാലഘട്ടമാണ്. അതിന് പ്രത്യേക പ്രാധാന്യം ബഡ്ജറ്റിൽ കൊടുത്തിട്ടുണ്ട്. രാമനാട്ടുകര ഫ്ലൈ ഓവർ പണി തുടരുന്നു. നാല് മേൽപ്പാലങ്ങൾ ഉദ്ഘാടനം ചെയ്തു. എറണാകുളത്ത് മൂന്നും കോഴിക്കോട് ഒന്നും. കോഴിക്കോടുള്ള രാമനാട്ടുകര ഫ്ലൈ ഓവർ നാലുമാസം കൊണ്ട് പൂർത്തിയാക്കും. കുതിരാൻ തുരങ്കം പണി തീരാൻ മൂന്നുനാല് മാസം വ്യത്യാസം വന്നു. അത് അവിടുത്തെ കമ്പനികളുടെ തോന്ന്യാസംകൊണ്ടും അവർ വാക്ക് പാലിക്കാത്തതുകൊണ്ടും സംഭവിച്ചതാണ്. ഇതെല്ലാം ഉടനെ പൂർത്തിയാകും. നാഷണൽ ഹൈവേ അതോറിറ്റിയാണ് ഇത് ചെയ്യുന്നത്. കരമന-കളിയിക്കാവിള രണ്ടാംഘട്ടത്തിന് ഇപ്പോൾ പണം അനുവദിച്ചിട്ടുണ്ട്. അതുപോലെ മലയോര വികസന ഹൈവേയെക്കുറിച്ച് ഞാൻ പറഞ്ഞു. ആലപ്പുഴയിലും കൊല്ലത്തും ബൈപ്പാസിന്റെ പണി എന്നു തുടങ്ങിയതാണ്? അത് വളരെ വേഗത്തിൽ നടക്കുകയാണ്. മിക്കവാറും ആലപ്പുഴയിലുള്ളത് ആഗസ്റ്റിലും കൊല്ലത്തേത് ഒക്ടോബറിലും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. അതിന്റെ പണിയും വളരെവേഗം നടന്നു കൊണ്ടിരിക്കുകയാണ്. സന്തോഷകരമായ ഒരു കാര്യം, മരാമത്തും ഗതാഗതവും അടങ്ങുന്ന V-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ എല്ലാ ശിപാർശകളും ധനകാര്യ വകുപ്പ് അംഗീകരിച്ചു എന്നതാണ്. ആദ്യമായിട്ടാണിത്. പണ്ടുമുതലേ പരിഗണിക്കുന്ന ഒരു പാരമ്പര്യമുണ്ട്, അതിൽ നിന്നും വ്യത്യസ്തമായി എല്ലാ ശിപാർശകളും അംഗീകരിച്ചു. എല്ലാം സമയമാകുമ്പോൾ ചെയ്യും. പതിനെട്ട് ഐറ്റങ്ങളുണ്ട്. അവ ഞാൻ വായിക്കുന്നില്ല. ഈ കാലഘട്ടത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന പ്രോമിസുകൾ, ആവശ്യമുള്ളപ്പോൾ അത് ചെയ്യാമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതെല്ലാം ചെയ്യും. വളരെ പ്രതീക്ഷാനിർഭരമായ കാര്യങ്ങളാണ് നടന്നിരിക്കുന്നത്. ഇവിടെ ഓരോ അംഗങ്ങളുടെയും നിർദ്ദേശങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല.

ഇരുന്നൂറിലേറെ നിർദ്ദേശങ്ങൾ വന്നു. സോഷ്യൽ ആഡിറ്റ് നടപ്പിലാക്കിയില്ലേ; അത് ചെറിയ കാര്യമാണോ? ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ് അദ്ധ്യക്ഷൻ. മലപ്പുറത്ത് ഇപ്പോൾ ലീഗിന്റെ ആളല്ലേ എന്നുവച്ച് രാഷ്ട്രീയമല്ലല്ലോ നോക്കുന്നത്, ആരാണ് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എന്നല്ലേ നോക്കുന്നത്. 70 എഞ്ചിനീയർമാർക്കെതിരെ നടപടി എടുത്തു. അതിൽ ചീഫ് എഞ്ചിനീയർമാരുണ്ട്; ഇ.ഇ.-മാരുണ്ട്; എ.എക്സ്.ഇ.-മാരുമുണ്ട്. കുറച്ചുകഴിഞ്ഞ് എല്ലാവരേയും തിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ ചിലത് ചെയ്യുന്നത് നല്ലതാണ്. അത്രമാത്രം തെറ്റായ പാതയിലാണ് അവർ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇവിടെ കണ്ട ഫയലുകളിൽ നിന്നും എന്റെ വിലയിരുത്തൽ, അഞ്ച് വർഷം നമ്മൾ കണ്ണടച്ചാൽ പതിനായിരം കോടി രൂപ ബഡ്ജറ്റിൽനിന്നും പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടറുടെയും അഴിമതിക്കാരായ രാഷ്ട്രീയക്കാരുടെയും ബ്യൂറോ ക്രാറ്റുകളുടെയും പോക്കറ്റിലേയ്ക്ക് പോകും. ഏറ്റവും ചുരുങ്ങിയ തുകയാണിത്. എസ്റ്റിമേറ്റിൽനിന്നും 40 ശതമാനം തുകവരെ എടുക്കുകയാണ്. എസ്റ്റിമേറ്റ് കൂട്ടി വയ്ക്കും. അതിന്റെ ആവശ്യമില്ല. അത്തരത്തിൽ പല കാര്യങ്ങളുമുണ്ടായിട്ടുണ്ട്. ഇത് ഒരാളിന്റെ കുറ്റമല്ല. ഈ സിസ്റ്റത്തിന്റെ കുറ്റമാണ്. ആ സിസ്റ്റം തിരുത്താവുന്നിടത്തോളം തിരുത്താനാണ് ഞങ്ങൾ ശ്രമിക്കുന്നത്. എറണാകുളത്തും കോഴിക്കോടും തിരുവനന്തപുരത്തും ഡിസൈൻ കേന്ദ്രം തുടങ്ങി. കുറച്ച് ഉപകരണങ്ങൾ വാങ്ങിക്കൊടുക്കണം. അങ്ങനെ ഡിസൈൻ വേഗത്തിലാക്കാനുള്ള തീരുമാനവും എടുത്തു. ബഹുമാന്യനായ കെ. സുരേഷ് കുറുപ്പ് പറഞ്ഞ എല്ലാ നിർദ്ദേശങ്ങളും ഞാൻ അംഗീകരിക്കുന്നു. ശ്രീ. അടൂർ പ്രകാശ് ഉന്നയിച്ച കോന്നി ബൈപ്പാസിന്റെ ബാക്കി പണിയും മെഡിക്കൽ കോളേജിലേയ്ക്കുള്ള റോഡും പണിയും. പുനലൂർ - മൂവാറ്റുപുഴയെ സംബന്ധിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ മുടങ്ങിക്കിടന്നതാണ്. നമ്മൾ കുരുക്കഴിച്ച് പണിതു. അങ്ങ് പറഞ്ഞ കുറെയധികം കാര്യങ്ങൾ അംഗീകരിക്കുന്നു. പിന്നെ കുറേ രാഷ്ട്രീയം പറഞ്ഞു, അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അതിന്റെ കാര്യവുമില്ല. അങ്ങ് ചോദിച്ച കുടിശ്ശിക സംബന്ധിച്ചും മറുപടി പറഞ്ഞുകഴിഞ്ഞു. 10 കോടിയുടെ പ്രൊപ്പോസൽ സംബന്ധിച്ചും ഞാൻ പറഞ്ഞു. അത് ധനകാര്യ വകുപ്പിന്റെ മുന്നിലുണ്ട്. തരാമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. എത്ര തരുമെന്നത് മാത്രം പറഞ്ഞിട്ടില്ല. അത് തരുമെന്നാണ് പ്രതീക്ഷ. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ക്വാളിറ്റി കൺട്രോൾ അടക്കമുള്ള വളരെ നല്ല കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. എല്ലാത്തിനോടും ഞാൻ യോജിക്കുന്നു. വകുപ്പുകളുടെ കോ-ഓർഡിനേഷൻ; വകുപ്പുകൾക്ക് കോ-ഓർഡിനേഷൻ ഇല്ലാത്തതുകൊണ്ടല്ല, നമ്മുടെ എഞ്ചിനീയർമാർ ചെല്ലുമ്പോൾ അവർക്ക് ഒരു രീതിയുണ്ട്. എന്നാലും പി.ഡബ്ല്യൂ.ഡി., വാട്ടർ അതോറിറ്റി, റവന്യൂ,

ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയ വകുപ്പുകൾ തമ്മിൽ കോ-ഓർഡിനേഷൻ വേണം. റവന്യൂ വകുപ്പിന് ഇക്കാര്യത്തിൽ വലിയ പ്രാധാന്യമില്ലെങ്കിലും മറ്റ് മൂന്ന് വകുപ്പുകൾ തമ്മിൽ കോ-ഓർഡിനേഷൻ ആവശ്യമാണ്. കുറെയേറെ മാറിയിട്ടുണ്ട്. ശ്രീ. റ്റി. ഒ. സൂരജ് സെക്രട്ടറിയായിരുന്നപ്പോഴാണ് ഈ കുഴപ്പങ്ങളെല്ലാമുണ്ടാക്കിവച്ചത്. എത്ര സർക്കുലറുകളാണ് ഇവർക്കുവേണ്ടി ഇറക്കിയത്; എത്ര രൂപയാണ് വാങ്ങിയത്? കേബിൾ കമ്പനികൾ പൈസ കൊടുക്കും. കേബിൾ ചുമ്മാ മുറിക്കാൻ പറഞ്ഞാൽ മതി. 100 കിലോമീറ്റർ മുറിക്കാൻ പറഞ്ഞാൽ രണ്ടായിരമാണ് മുറിക്കുന്നത്. ആരാണ് അത് ചോദിക്കുന്നത്? കണ്ണൂരിലെ നാഷണൽ ഹൈവേയിലെ ഇ.ഇ. അടക്കം രണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ഞാൻ സസ്പെൻഡ് ചെയ്തു. കാരണം രാത്രിയിൽ ആരുമറിയാതെ പൊളിക്കുകയാണ്. പിന്നീട് അവരെ തിരിച്ചെടുത്തു. ഇപ്പോൾ ജാഗ്രതയായിട്ടുണ്ട്. പരസ്പരമുള്ള ധാരണ വേണം. എല്ലാം ഗവൺമെന്റാണ്. കയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നിലപാടെടുക്കണം. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ കാസർഗോഡെ വികസനപരമായ എല്ലാ കാര്യങ്ങളോടും യോജിക്കുന്നു. അതുപോലെ ശ്രീ. സി. കെ. നാണു പറഞ്ഞ, വെള്ളിക്കുളങ്ങര-ഓഞ്ചിയം റോഡ് ടെണ്ടർ കാര്യം സ്പീഡ്-അപ് ചെയ്യാം. ശ്രീ. പി. സി. ജോർജ് പൊതുവെ അനുകൂലമായിട്ടാണ് പറഞ്ഞത്. ശ്രീ. എൻ. വിജയൻപിള്ള പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകാര്യമാണ്. ശ്രീ. വി. കെ. സി. മമ്മത് കോയ വളരെ ആധികാരികമായി പറഞ്ഞ നിർമ്മാണ സൗന്ദര്യം, പാരിസ്ഥിതിക ദർശനം, വ്യാപാരികളുടെ ആവശ്യം, ഇലക്ട്രിക് വിംഗിന്റെ കാര്യം തുടങ്ങിയ എല്ലാംതന്നെ അംഗീകരിക്കുകയാണ്. ശ്രീ. മോൻസ് ജോസഫ് പി.ഡബ്ല്യൂ.ഡി. മന്ത്രിയായിരുന്ന കാലത്ത് മാന്വൽ നന്നാക്കാൻ ശ്രമിച്ച ആളാണ്. വളരെ സദുദ്ദേശ്യപരമായി സംസാരിച്ചു. ബൈപ്പാസുകൾ ധാരാളം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പറഞ്ഞു. അതിനോടെല്ലാം ഞാൻ യോജിക്കുന്നു. അതെല്ലാം ചർച്ചചെയ്ത് പരിഹാരം കാണാം. ശ്രീ. എം. മുകേഷ് വളരെ അർത്ഥഗംഭീരമായ പ്രസംഗം ഇവിടെ നടത്തി. ഗതാഗത സംസ്കാരമില്ലായ്മയെപ്പറ്റി അദ്ദേഹം പറഞ്ഞു. അതാണ് ഇവിടുത്തെ പ്രശ്നം. അത് നമുക്ക് കൂട്ടായി പരിഹരിക്കണം. ബിൽഡിംഗ് എസ്റ്റിമേറ്റിൽ പപ്പടം പൊള്ളിക്കുന്നതിനെക്കുറിച്ച് ശ്രീ. എം. വിൻസെന്റ് പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. അത് പരിശോധിക്കാം. ബിൽഡിംഗ് വകുപ്പിൽ കുറച്ച് അധികപ്പറ്റ് എസ്റ്റിമേറ്റിൽ വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിൽഡിംഗ് വകുപ്പ് പ്രത്യേകം പരിശോധിക്കുന്നതാണ്. ശ്രീ. എ. എം. ആരിഫ് പറഞ്ഞ, എഞ്ചിനീയർമാരെ പ്രോത്സാഹിപ്പിക്കുന്ന കാര്യം, തീർച്ചയായും എഞ്ചിനീയേഴ്സ് കോൺഗ്രസ്സിന് പ്രോത്സാഹനം കൊടുത്തുതുടങ്ങി. അത് സ്ഥിരം പരിപാടിയാക്കാം.

പി.ഡബ്ല്യൂ.ഡി. ജേർണൽ ആരംഭിക്കാം. അപനിർമ്മാണങ്ങൾ ഒഴിവാക്കാം. ആലപ്പുഴ കടപ്പുറത്ത് ഒരു മുപ്പാലമുണ്ട്. അത് പൊളിച്ച് നാൽപ്പാലമായി പണിയുകയാണ്. അത്തരത്തിലുള്ള പുതിയ നിർമ്മാണങ്ങൾ വരുന്നു. ശ്രീ. മുരളി പെരുനെല്ലി പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുന്നു. ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞ പണത്തിന്റെ കാര്യത്തിന് ഞാൻ മറുപടി പറഞ്ഞു. എൻ.എം.ആർ. വേണമെന്നും നല്ലൊരു ടീം വേണമെന്നും പറഞ്ഞത് എങ്ങനെ വേണമെന്ന് പരിശോധിക്കാം. ശ്രീമതി ഇ. എസ്. ബിജിമോൾ വളരെയധികം കാര്യങ്ങൾ ഇവിടെ ഉന്നയിച്ചു. പുതിയ പി.ഡബ്ല്യൂ.ഡി. നയം വേണമെന്ന് പറഞ്ഞു. ആരോഗ്യനയം രൂപീകരിച്ചതുപോലെ ഇക്കാര്യത്തിലും ചർച്ച ചെയ്ത് നടപടി സ്വീകരിക്കാം. പുനഃസംഘടന വേണമെന്നതും അംഗീകരിക്കുന്നു. പെയിന്റുകൾ പോലും ഏസ്തെറ്റിക് സെൻസുള്ളതായിരി ക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അങ്ങനെയുള്ള പെയിന്റാണ് ഇപ്പോൾ അടിച്ചുകൊണ്ടിരിക്കുന്നത്. പഴയ പെയിന്റ് മാറ്റിക്കൊണ്ടിരിക്കുകയാണ്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവസാനം പരമ്പരാഗത രീതികൾ മാറ്റി പുതിയ നിർമ്മാണ വിദ്യകൾ സ്വീകരിച്ചതിനെ ശക്തമായി പിന്തുണച്ചു. കാര്യങ്ങളൊക്കെ ഗവൺമെന്റ് ആ നിലയിൽ കാണുകയാണ്. അപകടം കുറഞ്ഞുവരുന്നുവെന്ന് പറഞ്ഞു. പക്ഷേ അപകടം ഇല്ലാതെയാകണം. അതിന് റോഡ് നന്നായി നിർമ്മിച്ചാൽ മാത്രം പോരാ. ഡ്രൈവർമാർ സൂക്ഷിക്കുകയാണ് വേണ്ടത്. മദ്യപിച്ചും അലക്ഷ്യമായും അഹങ്കാരത്തോടും മൊബൈലിൽ സംസാരിച്ചും നടക്കുന്ന ഡ്രൈവർമാർക്ക് ലൈസൻസ് തന്നെ കൊടുക്കണമോയെന്നുള്ളത് ബന്ധപ്പെട്ട അധികാരികൾ ആലോചിക്കേണ്ട കാര്യമാണ്. നമ്മൾ ജീവിക്കണമെങ്കിൽ ചിലതൊക്കെ ചെയ്തേ പറ്റൂ. മറ്റുള്ളവരുടെ അഹങ്കാരത്തിന് ഒരു സാധാരണ പൗരൻ എന്തിനാണ് ഇരയാകുന്നത്; അങ്ങനെയൊരു അവകാശം ആർക്കുമില്ല. അക്കാര്യത്തിൽ പൊതുവായ ഒരു സംസ്കാരം രൂപപ്പെട്ടുവരണമെന്നുള്ളതാണ്. ടോളുകൾ 6 എണ്ണം നിർത്തലാക്കി. 10 സ്റ്റേറ്റ് ടോൾ കൂടി നിർത്തുന്നതിനുവേണ്ടി ഫയൽ പോയിട്ടുണ്ട്. പക്ഷേ 900 കോടി രൂപ നമ്മൾ ചെലവഴിച്ചിട്ടുള്ളതാണ്. ആ ഒരു പ്രശ്നത്തിലാണ് ധനകാര്യവകുപ്പ് മൗനം പാലിക്കുന്നത്. കാരണം കോൺട്രാക്ട് ഏറ്റെടുത്ത കോൺട്രാക്ടർമാർ ചിലപ്പോൾ കേസ്സിന് പോകും. അങ്ങനെയുള്ള ആശങ്ക കൊണ്ടാണ്. എന്തായാലും എല്ലാ ടോളും നിർത്തണമെന്നാണ് നമ്മുടെ ആഗ്രഹം. പി.ഡബ്ല്യൂ.ഡി.ക്ക് ഫണ്ട് ലഭിക്കുന്നില്ല എന്ന് ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞത് താരതമ്യേന ശരിയാണ്. പക്ഷേ മുമ്പത്തേക്കാൾ കൂടുതൽ കിട്ടിയ കാര്യം ഞാൻ പറയുകയുണ്ടായി. ഒരു റോഡും അദ്ദേഹത്തിന് കിട്ടിയില്ലെന്നാണ് പറയുന്നത്, അങ്ങ് ചെറുപ്പമാണ്, വായിക്കുന്ന ആളാണ്, അങ്ങ് മണ്ഡലത്തിൽ പോകില്ല എന്ന് എനിക്ക് പറയാൻ പറ്റുകയില്ല.

എന്തായാലും അങ്ങ് പറഞ്ഞത് ശരിയല്ല; അങ്ങ് വെറുതെ പറഞ്ഞതാണ്; അങ്ങ് മണ്ഡലത്തിൽ പോകുന്നയാളാണെന്ന് എല്ലാവർക്കുമറിയാം. ഞാൻ കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല.

ഇതൊരു സാധാരണ ഗവൺമെന്റല്ല. ഭരണഘടനാപരമായി സാധാരണ ഗവൺമെന്റാണ്. അസാധാരണ ലോക സാഹചര്യത്തിൽ, ദേശീയ സാഹചര്യത്തിൽ കേരളത്തിൽ വന്നൊരു ഗവൺമെന്റാണ് പിണറായി വിജയൻ ഗവൺമെന്റ്. അതാണ് ഞങ്ങൾ കണ്ടത്. ഒരു പൈസയുടെ എങ്കിലും അഴിമതി ഞങ്ങൾ 19 പേരിൽ ആരുടെ പേരിലെങ്കിലും പറയാൻ പറ്റുമോ? നിങ്ങൾ ഞങ്ങളെ അഹങ്കാരികൾ എന്ന് വിളിച്ചു, വിവരദോഷികൾ എന്ന് വിളിച്ചു. പക്ഷേ ഞങ്ങൾക്ക് അഴിമതിയില്ല. നിങ്ങൾ നിങ്ങളുടെ ഇഷ്ടം പോലെ വിളിച്ചോളൂ. ഒരു അഴിമതിയും ഞങ്ങൾ കാണിച്ചിട്ടില്ല. ഞങ്ങൾ അഴിമതി കാണിക്കുകയില്ല. നിങ്ങൾ എല്ലാവരും അഴിമതിക്കാരാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഴിമതിയൊക്കെ നടത്തിയതായി ആരോപണമുണ്ടല്ലോ; അത് ജനങ്ങൾ വിശ്വസിക്കുന്നുണ്ടല്ലോ; അതാണല്ലോ പ്രശ്നം. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഒരു കോൺട്രോവേഴ്സിയിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ വികസനത്തിനുവേണ്ടി ദാഹിച്ച കേരളത്തിലെ രാഷ്ട്രീയ ഭരണാകാശത്തിലെ സപ്തവർണ്ണ മഴവില്ലാണ് പിണറായി വിജയൻ ഗവൺമെന്റ്. ഏഴ് വർണ്ണങ്ങളുള്ള മഴവില്ലാണ്. കൊച്ചുകുഞ്ഞുങ്ങൾ പോലും ആഹ്ലാദത്തോടെ 'ഇതാ പിണറായി മഴവില്ല്' എന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഞാൻ ഒരു കവിത ഉദ്ധരിക്കുകയാണ്. ഞാൻ എഞ്ചിനീയർമാർക്ക് എതിരല്ല എന്ന് 'ഞാൻ എഞ്ചിനീയർ' എന്ന് കലാകൗമുദി പ്രസിദ്ധീകരിച്ച കവിത അദ്ദേഹം കുറച്ച് നന്നായി പാടി ഉദ്ധരിച്ചുകൊണ്ട്, ഞാൻ എഞ്ചിനീയർമാർക്ക് എതിരല്ല. അവരുടെ ഫിലോസഫിക്കലായ, ബേസിലേക്ക് വരണമെന്നുള്ളതാണ് എന്റെ പ്രശ്നം. അതിലേയ്ക്ക് കടക്കുന്നില്ല.

"മാനത്തെത്തിയ മഴവിൽക്കൊടിയേ, മായരുതേ നീ മായരുതേ

നീരദ പാളികൾ തോളിലുയർത്തിയ നീലപ്പീലി കാവടിയേ

ഇന്നലെ രാത്രിയിൽ വെൺതിങ്കൾക്കല നിന്നുമയങ്ങിയ മലമുകളിൽ

വരളും മണ്ണിന് ദാഹം തീർക്കാൻ വാർമഴവില്ലേ നീ വന്നു. "

അങ്ങനെ ഈ ഗവൺമെന്റ് വന്നു, പിണറായി സർക്കാർ വന്നു. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

4.00 P M ]

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരന്റെ മനോഹരമായ കവിതയ്ക്കുശേഷം ഇനി ഒരു പ്രസംഗത്തിന്റെ ആവശ്യമില്ലായിരിക്കുന്നു. സഭയിൽ ചർച്ചയിൽ പങ്കെടുത്ത എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അതിന്റെ പ്രാധാന്യവും പ്രസക്തിയും കണക്കിലെടുത്ത് ഉൾക്കൊള്ളുന്നതാണെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. വിൻസെന്റ് വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വളരെ രൂക്ഷമായ വിമർശനത്തിന് വിധേയമാക്കിയത്. പൊതു സ്വകാര്യ പങ്കാളിത്തത്തിന്റെ മാതൃകയിൽ വിഴിഞ്ഞം തുറമുഖ പദ്ധതി രൂപപ്പെടുത്തിയ കാര്യമറിയാമല്ലോ. അതുണ്ടാക്കിയ കരാറനുസരിച്ച് പദ്ധതി നിർമ്മാണത്തിന്റെ കാലാവധി 1460 ദിവസമാണ്. കരാർ കമ്പനി തന്നെയാണ് 1000 ദിവസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാമെന്ന വാഗ്ദാനം നൽകിയത്. അതിനിടയിലാണ് അടുത്തകാലത്ത് കേരള തീരത്തുണ്ടായ ഓഖി ചുഴലിക്കാറ്റും തുടർന്നുള്ള ആഘാത പ്രത്യാഘാതങ്ങളും. കരിങ്കൽ പാറ ലഭിക്കാനുള്ള മാന്ദ്യവും പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിന് അൽപ്പം കാലതാമസമുണ്ടാക്കിയിട്ടുണ്ട്. എന്നാൽ പ്രഖ്യാപിത കരാറിൽ പറഞ്ഞ കാലാവധിയ്ക്കുള്ളിൽ തന്നെ ഈ പദ്ധതി പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ഗവൺമെന്റ് വളരെ ഊർജ്ജസ്വലമായി നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ പരാമർശിച്ചിട്ടുള്ള ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ആവശ്യമായ പരിഗണന നൽകിയില്ലെന്ന ഒരു ആക്ഷേപം ഉയരുകയുണ്ടായി. ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനകം 88-ഓളം കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും 5 സെന്റ് വീതം ഭൂമിയും നൽകിക്കഴിഞ്ഞിട്ടുണ്ട്. പരാതികളും നിർദ്ദേശങ്ങളും ഉണ്ടാകുന്നത് സ്വാഭാവികമാണ്. എങ്കിലും അത് പരിശോധിക്കാൻ സംസ്ഥാന സർക്കാരിന്റെ ചുമതലയിൽത്തന്നെ ആർ.ഡി.ഒ. ചെയർമാനായ ഉപജീവന ആഘാത നിർണ്ണയ സമിതിയും ജില്ലാ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റിയും ഇത് പരിശോധിക്കുകയാണ്. ആ പരിശോധനയുടെ അടിസ്ഥാനത്തിലാണ് ഓരോ കാര്യങ്ങളും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. രണ്ട് ഘട്ടങ്ങളിലായി കരമടി മത്സ്യബന്ധനത്തൊഴിലാളികൾ, ചിപ്പിത്തൊഴിലാളികൾ, റിസോർട്ട് തൊഴിലാളികൾ എന്നിവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 170 കരമടി

മത്സ്യബന്ധന തൊഴിലാളികൾക്കും 254 ചിപ്പിത്തൊഴിലാളികൾക്കും 211 റിസോർട്ട് തൊഴിലാളികൾക്കുമായി 28.28 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 1.48 കോടി രൂപ യന്ത്രവൽകൃത ബോട്ടുകളുടെ മണ്ണെണ്ണ വിതരണത്തിനായി മത്സ്യഫെഡിന് കൈമാറിയിട്ടുണ്ട്. വിഴിഞ്ഞം സൗത്ത് മേഖലയിൽ പരിശോധന നടത്തി 129 കരമടി തൊഴിലാളികൾകൂടി അർഹരാണെന്ന് LIAC-AC-യുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചുകഴിഞ്ഞാൽ തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അടുത്ത ദിവസം അടിമലത്തുറ പ്രദേശത്തെ കരമടി തൊഴിലാളികളുടെ രേഖാ പരിശോധന പൂർത്തിയാക്കുകയും ജീവനോപാധി നഷ്ടപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തിന് അർഹരായ 604 പേരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. നഷ്ടപരിഹാരം വിതരണം ചെയ്യുന്ന നടപടികൾ ക്രമീകരിക്കുകയാണ്. ഇങ്ങനെ ഓരോ ഘട്ടങ്ങളിലുമായി തുറമുഖ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഉപജീവന മാർഗ്ഗത്തിന് വിഘാതം സൃഷ്ടിക്കപ്പെട്ടവർക്ക് സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ മറ്റ് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത നിലയിൽ തുടർന്ന് നടത്താനാണ് ഗവൺമെന്റ് തീരുമാനം. അതനുസരിച്ചുള്ള പരിപാടികളുമായി മുന്നോട്ടുപോകുകയാണ്. പ്രധാനപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങൾ ചൂണ്ടിക്കാണിച്ചതുകൊണ്ട് ഹ്രസ്വമായ സമയത്തിനുള്ളിൽ അതുകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

കൊല്ലം തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. മുകേഷ് ഇവിടെ പറയുകയുണ്ടായി. കൊല്ലം തുറമുഖത്ത് 20 കോടി രൂപ ചെലവിൽ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ആഴം 12 മീറ്റർ ആക്കുന്നതിനുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് കിറ്റ്കോയെ ഏൽപ്പിച്ചു. അതിന്റെ പ്രവർത്തനങ്ങൾ സാഗർമാലയിൽ ഉൾപ്പെടുത്തുന്നതാണ്. ഇതിന്റെ ഭാഗമായി അവിടത്തെ റോഡ് നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുന്നതിനുവേണ്ടി ബന്ധപ്പെട്ടവരുടെ യോഗം ബഹുമാനപ്പെട്ട ജനപ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ കൊല്ലത്തുവച്ച് ചേരുകയും തുറമുഖത്ത് എത്തിച്ചേരുന്ന കപ്പലുകൾ തിരിച്ചുപോകുമ്പോൾ ചരക്കുകളുമായി തിരിച്ചുപോകാനുള്ള സാദ്ധ്യതകൾ ആരായുന്നതിനുള്ള ക്രമീകരണങ്ങൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്. ആലപ്പുഴയുടെ കാര്യം ശ്രീ. എ. എം. ആരിഫ് പറയുകയുണ്ടായി. ആലപ്പുഴ തുറമുഖത്ത് മറീന

ബീച്ച് നിർമ്മാണം 50 കോടി രൂപ കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തുന്നതിനുള്ള പാരിസ്ഥിതിക പഠനം അവസാനഘട്ടത്തിലാണ്. അക്കാര്യങ്ങളുമായി മുന്നോട്ടുപോകും. ഈയടുത്ത ദിവസമാണ് ആലപ്പുഴയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള നവീകരിച്ച സിഗ്നൽ സ്റ്റേഷൻ, ഓഫീസ് സമുച്ചയം എന്നിവ ഉദ്ഘാടനം ചെയ്യാൻ സാധിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് ആ ചടങ്ങുകൾ നിർവ്വഹിക്കപ്പെട്ടത്. അതുകൊണ്ട് ഇവിടെ ആശങ്കപ്പെട്ടതുപോലെ ആലപ്പുഴ തുറമുഖത്തെ അവഗണിക്കുകയോ അനാഥമാക്കുകയോ ചെയ്യുന്ന പ്രശ്നമില്ല. തുടർന്നുള്ള പരിപാടികൾ അതുപോലെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് ഞങ്ങളുടെ വിശ്വാസം. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ പറഞ്ഞ ചില വിഷയങ്ങളിൽ, കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനായി പദ്ധതി പ്രദേശം കായലിൽ നിന്നും ഉയർത്തി എടുക്കുന്നതിനുവേണ്ടി 6 കോടി രൂപ ചെലവിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അടുത്ത ദിവസം അവിടത്തെ കെട്ടിട സമുച്ചയത്തിൽ ഒരു പരിപാടി ഉദ്ഘാടനം ചെയ്യുകയുണ്ടായി. അവിടെ ഒരു പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ വേണ്ടി വകുപ്പുമായി ബന്ധപ്പെട്ട ഒരു സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള ക്രമീകരണങ്ങൾ ആരംഭിക്കുന്നതാണ്. കാസർഗോഡ് എം.എൽ.എ.-യും എന്റെ സുഹൃത്തുമായ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ, കാസർഗോഡ് തുറമുഖത്തിന്റെ സാദ്ധ്യതകൾക്ക് മുമ്പുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി പരിഗണന കൊടുത്തുകൊണ്ട് അടുത്ത കാലത്താണ് അതിന്റെ ഓഫീസും ക്വാർട്ടേഴ്സും ഉദ്ഘാടനം ചെയ്തത്. ഓഫീസ് തുറന്നതുതന്നെ തുറമുഖത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയാണ് എന്നതുകൊണ്ട് വളരെ വൈകാതെ തന്നെ കാസർഗോഡിനേയും ശ്രദ്ധേയമായ ഒരു തുറമുഖമാക്കി മാറ്റിയെടുക്കാൻ സാധിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. ബഹുമാനപ്പെട്ട സി. കെ. നാണു വടകരയിൽ ധാരാളം സാദ്ധ്യതകളുള്ള കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. അവിടെ പ്രധാനമായും നടന്നുവരുന്നത് മണൽ വിതരണവുമായി ബന്ധപ്പെട്ട കാര്യമാണ്. അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഓഫീസ് കെട്ടിടം പൂർത്തിയായി വരികയാണ്. അതിന്റെ ഉദ്ഘാടന കർമ്മം വളരെ വൈകാതെ തന്നെ അവിടെ നിർവ്വഹിക്കാൻ കഴിയുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എൻ. വിജയൻ പിള്ള ചൂണ്ടിക്കാണിച്ചതുപോലെ നീണ്ടകരയിൽ ഇൻസ്റ്റിറ്റ്യൂട്ട് മാത്രമേയുള്ളൂ. കൊല്ലം തുറമുഖത്തിന് വികസന സാദ്ധ്യതയുള്ളതുകൊണ്ടും അതിന്റെ സമീപ പ്രദേശമെന്ന നിലയ്ക്കും അതുപോലെയുള്ള ഒരു തുറമുഖമാക്കി മാറ്റാൻ കഴിയില്ലെങ്കിലും കൊല്ലത്തിന്റെ വികസനപ്രവർത്തനങ്ങളുടെ പ്രാന്തഭൂമി എന്നനിലയ്ക്ക് അവിടെയും വികസന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ കഴിയുമെന്നാണ് ഞങ്ങളുടെ വിശ്വാസം. ബഹുമാന്യനായ മോൻസ് ജോസഫ് പറഞ്ഞ വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യം ഞാനിവിടെ ആമുഖമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. കൂടുതൽ കാര്യങ്ങളൊന്നും സൂചിപ്പിച്ചിട്ടില്ല. എങ്കിലും വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചെയ്ത ഒന്നുരണ്ടു കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയാണ്. അഴീക്കൽ തുറമുഖ വികസനത്തിനുവേണ്ടി ഒരു എസ്.പി.വി. ആയി അഴീക്കൽ പോർട്ട് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. 500 കോടി രൂപ ചെലവിൽ കിഫ്ബി ഫണ്ടുവഴി ഇതിന്റെ വികസനത്തിനുള്ള പദ്ധതി ആവിഷ്കരിച്ച് ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിച്ചുകഴിഞ്ഞു. ഇത് സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അഴീക്കൽ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കാനുള്ള പരിപാടിയുടെ ഭാഗമായി 4.9 കോടി രൂപയുടെ മെക്കാനിക്കൽ ഡ്രെഡ്ജിംഗ് ഡിപ്പാർട്ടുമെന്റ് വക ചന്ദ്രഗിരി എന്ന ഡ്രഡ്ജർ ഉപയോഗിച്ച് നടത്തിവരുന്നു. ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി ബഹുമാനപ്പെട്ട വി. കെ. സി. മുഹമ്മദ് കോയ ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. അതിനായി ഐ.ഐ.ടി. ചെന്നൈയെക്കൊണ്ട് 200 മീറ്റർ പുതിയ വാർഫ് നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. ലഭിച്ചിട്ടുണ്ട്. സാഗർമാലയിലുൾപ്പെടുത്തി ഇതിന് കേന്ദ്ര സഹായം ലഭ്യമാക്കുന്നതാണ്. കോവിലകം ലാൻഡ് അക്വിസിഷൻ അവസാന ഘട്ടത്തിലാണ്; ഏറെക്കാലമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി 30 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആഴം 6 മീറ്റർ ആക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയും സാഗർമാലയിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് ശ്രമിക്കുകയാണ്. ആ പരിപാടിയുമായി മുന്നോട്ടു പോകുന്നതുമാണ്. കേരളത്തിന്റെ വടക്കേ അറ്റം മുതൽ വിഴിഞ്ഞം വരെ നീണ്ടുനിൽക്കുന്ന തുറമുഖങ്ങളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി തുറമുഖ ശൃംഖല ശക്തിപ്പെടുത്താനും മെച്ചപ്പെടുത്താനുമാണ് പ്രധാനമായും

ആഗ്രഹിക്കുന്നത്. തലസ്ഥാന നഗരിയുടെ പ്രാന്ത പ്രദേശമായ വിഴിഞ്ഞത്ത് നടക്കുന്ന അന്തർദ്ദേശീയ പ്രാധാന്യമുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഏറ്റവും പ്രാധാന്യം കൊടുത്തുകൊണ്ടുതന്നെയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതിയുടെ ഭാഗമായി 3000 മീറ്റർ നീളമുള്ള പുലിമുട്ടിൽ ഏകദേശം 600 മീറ്റർ പൂർത്തിയായിട്ടുണ്ട്. 800 മീറ്റർ നീളമുള്ള ബർത്തിന് 615 പൈലുകൾ ഉള്ളതിൽ 143 പൈലുകൾ താഴ്ത്തിയിട്ടുണ്ട്. അതിന്റെ ഉദ്ഘാടന കർമ്മം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് നിർവ്വഹിച്ചത്. 53 ഹെക്ടർ കടൽ നികത്തുന്നതിൽ 33 ഹെക്ടർ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ ഷെഡ്യൂൾ പ്രകാരം നടന്നുവരികയാണ്. അതിനോടൊപ്പംതന്നെ തിരുവനന്തപുരം-നാഗർകോവിൽ റെയിൽപ്പാതയുമായി തുറമുഖത്തെ ബന്ധിപ്പിക്കുന്ന നിർമ്മാണത്തിന് കൊങ്കൺ റെയിൽവെ കോർപ്പറേഷനുമായി വിഴിഞ്ഞം തുറമുഖ കമ്പനി കരാർ ഒപ്പിട്ടുകഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആ ചടങ്ങ് നിർവ്വഹിക്കപ്പെട്ടു. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് അനുബന്ധമായ മറ്റ് പരിപാടികളും ആലോചിക്കുന്നുണ്ട്. ആ പരിപാടികളൊക്കെതന്നെ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ നിർദ്ദേശിച്ചിട്ടുള്ള മറ്റ് ചെറുതും വലുതുമായ തുറമുഖങ്ങളുടെ വികസനത്തിനുവേണ്ടി എന്ത് ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ചുള്ള പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് അതാത് പ്രദേശങ്ങളിലേയ്ക്ക് ഉത്തരവാദിത്തപ്പെട്ട സമിതികളെ അയയ്ക്കുന്നതാണ്. ആ റിപ്പോർട്ടുകൂടി കണക്കിലെടുത്തുകൊണ്ട് ഈ പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ കഴിയും. അങ്ങനെ ചരക്ക ഗതാഗതത്തിനും വാണിജ്യ വികസന പ്രവർത്തനത്തിനും കൂടുതൽ അവസരം സൃഷ്ടിക്കുന്നതാണ്. അതിന്റെ ഭാഗമായി ബേപ്പൂരിലും കൊല്ലത്തും യാത്രാ കപ്പലുകൾ പ്രയോജനപ്പെടുത്തി ലക്ഷദ്വീപുമായുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തുവാനും ചരക്ക് ഗതാഗത വർദ്ധനവിനുമുള്ള നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ലക്ഷദ്വീപ് ഭരണകൂടവുമായി ആലോചിച്ച് കോഴിക്കോടുനിന്നും കൊല്ലത്തുനിന്നും ഗതാഗതബന്ധം ശക്തിപ്പെടുത്താം. അതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ നീണ്ടുനിൽക്കുന്ന തുറമുഖ ശൃംഖലയുടെ സമഗ്രമായ പുരോഗതിയും വികസനവും

നമ്മുടെ സംസ്ഥാനത്തിന്റെ വാണിജ്യ-വ്യാവസായിക-സാമ്പത്തിക പുരോഗതിയുടെ ഒരു ഘടകമായി പരിവർത്തിതമാക്കുന്നതിന് തുറമുഖവകുപ്പിനെ വേണ്ടരീതിയിൽ പ്രവർത്തിപ്പിക്കാൻ സന്നദ്ധമാക്കുന്നതാണ്. ബഹുമാന്യരായ എം.എൽ.എ.മാരുടെ നിർദ്ദേശങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടും ഗൗരവത്തോടുംകൂടി പരിഗണിക്കുന്നതാണെന്നുകൂടി അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ പി. കെ. ബഷീർ, മോൻസ് ജോസഫ്, പി. ടി. തോമസ്, കെ. എൻ. എ. ഖാദർ, സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന്, അടൂർ പ്രകാശ്, എം. ഉമ്മർ എന്നീ അംഗങ്ങൾ പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.) അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്

7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി

31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. ആർ. സുനിൽ കുമാർ
68. ശ്രീ. വി. എസ്. സുനിൽ കുമാർ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
72. ശ്രീ. പി. തിലോത്തമൻ
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. കെ. എൻ. എ. ഖാദർ
13. ശ്രീ. സി. മമ്മൂട്ടി
14. ഡോ. എം. കെ. മുനീർ
15. ശ്രീ. കെ. മുരളീധരൻ
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. ഉമ്മൻ ചാണ്ടി
18. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ശ്രീ. രമേശ് ചെന്നിത്തല
20. ശ്രീ. റോജി എം. ജോൺ
21. ശ്രീ. കെ. എസ്. ശബരീനാഥൻ
22. ശ്രീ. എൻ. ഷംസുദ്ദീൻ
23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. കെ. എം. ഷാജി

25. ശ്രീ. വി. എസ്. ശിവകുമാർ

26. ശ്രീ. സണ്ണി ജോസഫ്

27. ശ്രീ. പി. ടി. തോമസ്

28. ശ്രീ. പി. ഉബൈദുള്ള

29. ശ്രീ. എം. ഉമ്മർ

30. ശ്രീ. എം. വിൻസെന്റ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 30

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ കെ. എൻ. എ. ഖാദർ, മോൻസ് ജോസഫ്, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, എം. ഉമ്മർ, സി. മമ്മൂട്ടി എന്നീ അംഗങ്ങൾ തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)
<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ

21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി

43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ

64. ശ്രീ. എ. എൻ. ഷംസീർ

65. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

66. ശ്രീ. ജി. സുധാകരൻ

67. ശ്രീ. വി. ആർ. സുനിൽ കുമാർ

68. ശ്രീ. വി. എസ്. സുനിൽ കുമാർ

69. ശ്രീ. കെ. സുരേഷ് കുറുപ്പ്

70. ശ്രീ. എം. സ്വരാജ്

71. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

72. ശ്രീ. പി. തിലോത്തമൻ

73. ഡോ. ടി. എം. തോമസ് ഐസക്

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. അടൂർ പ്രകാശ്

5. ശ്രീ. മഞ്ഞളാംകുഴി അലി

6. ശ്രീ. അനിൽ അക്കര
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. കെ. എൻ. എ. ഖാദർ
13. ശ്രീ. സി. മമ്മൂട്ടി
14. ഡോ. എം. കെ. മുനീർ
15. ശ്രീ. കെ. മുരളീധരൻ
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. ഉമ്മൻ ചാണ്ടി
18. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ശ്രീ. രമേശ് ചെന്നിത്തല
20. ശ്രീ. റോജി എം. ജോൺ
21. ശ്രീ. കെ. എസ്. ശബരീനാഥൻ
22. ശ്രീ. എൻ. ഷംസുദ്ദീൻ
23. ശ്രീ. വി. ഡി. സതീശൻ
24. ശ്രീ. കെ. എം. ഷാജി
25. ശ്രീ. വി. എസ്. ശിവകുമാർ

26. ശ്രീ. സണ്ണി ജോസഫ്

27. ശ്രീ. പി. ടി. തോമസ്

28. ശ്രീ. പി. ഉബൈദുള്ള

29. ശ്രീ. എം. ഉമ്മർ

30. ശ്രീ. എം. വിൻസെന്റ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 30

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## VIII. അറിയിപ്പ്

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഇന്ന് വൈകുന്നേരം 6.00 മണിക്ക് ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ച് നടക്കുന്ന പുസ്തക സംവാദത്തിലും സംഗീതസന്ധ്യയിലും തുടർന്നുള്ള അത്താഴവിരുന്നിലും എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.17-ന് പിരിഞ്ഞു.)

# IX. അനുബന്ധം

ശ്രീ. കെ. ദാസൻ എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി നൽകിയ മറുപടി.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): 2017 നവംബർ 29, 30 തീയതികളിലായി വീശിയടിച്ച ഓഖി ചുഴലിക്കാറ്റ് കേരള തീരത്ത് വൻനാശ നഷ്ടമാണുണ്ടാക്കിയത്. 52 മത്സ്യത്തൊഴിലാളികൾക്ക് ജീവഹാനിയുണ്ടാകുകയും 102 മത്സ്യത്തൊഴിലാളികളെ കാണാതാകുകയും ചെയ്തു. 354 മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വള്ളവും വലയും മറ്റ് അനുസാരികളും നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിട്ടുണ്ട്. മത്സ്യമേഖലയിലെ 74 വീടുകൾ പൂർണ്ണമായും 458 വീടുകൾ ഭാഗികമായും നഷ്ടമായിട്ടുണ്ട്. ഇത് കൂടാതെ റോഡുകൾ, പാലങ്ങൾ, വൈദ്യുതശൃംഖലകൾ എന്നിവയ്ക്കും തീരദേശവാസികളുടെ വിശിഷ്യാ മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾക്കും നാശനഷ്ടമുണ്ടാകുകയും ചെയ്തു.

ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപവീതം സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി. ഇതുകൂടാതെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും രണ്ട് ലക്ഷം രൂപവീതവും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ കാണാതായവരുടെ കുടുംബങ്ങൾക്ക്, മരണപ്പെട്ടവർക്ക് അനുവദിച്ച അതേ നിരക്കിലുള്ള നഷ്ടപരിഹാര ധനസഹായം നൽകുന്നതിന് തീരുമാനമെടുക്കുകയും ആയത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ തടസ്സങ്ങൾ ഒഴിവാക്കിയെടുക്കുന്നതിനുള്ള ത്വരിത പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്.

ഓഖി ദുരന്തബാധിതരുടെ പുനരധിവാസത്തിനും നാശനഷ്ടം സംഭവിച്ച തീരദേശങ്ങളുടെ പുനഃസൃഷ്ടിക്കുമായി കേരള സർക്കാർ 7340 കോടി രൂപയുടെ പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി 3002.71 കോടി രൂപ, തീരദേശ റോഡുകൾക്കും പാലങ്ങൾക്കുമായി 650 കോടി രൂപ, തീരദേശ ആരോഗ്യ-സാമൂഹ്യ ക്ഷേമ മേഖലയ്ക്ക് 465 കോടി രൂപ, മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള പ്രത്യേക ധനസഹായ പദ്ധതിക്കായി 12.50 കോടി രൂപ, മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് ജീവനോപാധി

ഏർപ്പെടുത്തുന്നതിനായി 12.15 കോടി രൂപ, മരണമടഞ്ഞവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനായുള്ള പ്രത്യേക സഹായ പദ്ധതിക്കായി 7.5 കോടി രൂപ, പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ അപ്ഗ്രേഡ് ചെയ്ത് ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമാക്കുന്ന പദ്ധതിക്കായി 625 കോടി രൂപ, തീരദേശത്തെ മത്സ്യഗ്രാമങ്ങളിൽ സോളാർ അധിഷ്ഠിത ഡിസലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 500 കോടി രൂപ, ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി 100 കോടി രൂപ, തീരദേശത്തെ സർക്കാർ സ്കൂളുകളുടെ അപ്ഗ്രഡേഷനായി 306 കോടി രൂപ, കമ്മ്യൂണിറ്റി പ്രൊഡക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപ, റെസിഡൻഷ്യൽ മറൈൻ സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനായി 50 കോടി രൂപ, ദേശീയ മത്സ്യത്തൊഴിലാളി കാര്യശേഷി വികസന ഇൻസ്റ്റിറ്റ്യൂട്ടിനായി 100 കോടി രൂപ, മറൈൻ ആംബുലൻസിനായി 63 കോടി രൂപ, തീരദേശ പോലീസിന് 35 കോടി രൂപ, വൈദ്യുതിക്ക് 537 കോടി രൂപ, കുടിവെള്ള വിതരണത്തിന് 28 കോടി രൂപ, തീരസംരക്ഷണത്തിന് 323 കോടി രൂപ, ഹാർബറുകൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്കായി 25 കോടി രൂപ എന്നിവയാണ് സമർപ്പിച്ചത്.

കേന്ദ്ര സർക്കാരിന് സമർപ്പിച്ച പുനരധിവാസ പാക്കേജ് അനുസരിച്ചുള്ള ധനസഹായം ലഭിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയവും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതായിട്ടുണ്ട്. ഇതിനായി മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും റവന്യൂ, ഭവനനിർമ്മാണം, ദുരന്തനിവാരണം, ആരോഗ്യം, വൈദ്യുതി, സാമൂഹ്യനീതി, പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു ഉന്നതതല ഔദ്യോഗിക സമിതി രൂപീകരിച്ചിട്ടുണ്ട്.

ദേശീയ ദുരന്തനിവാരണ ഫണ്ടിൽ നിന്നും 27-12-2017-ൽ 133 കോടി രൂപ സംസ്ഥാന സർക്കാരിന് അനുവദിക്കുകയുണ്ടായി. എന്നാൽ ഈ തുക തീരെ അപര്യാപ്തമാണ്. 133 കോടി രൂപ, കേരള സർക്കാർ പ്രധാനമന്ത്രിക്ക് സമർപ്പിച്ച 7340.45 കോടി രൂപയുടെ പ്രത്യേക പാക്കേജുമായി ബന്ധപ്പെട്ടുള്ളതല്ല. ഈ തുക ദേശീയ ദുരന്തനിവാരണ ഫണ്ടിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്ക് അടിയന്തര സഹായമായി അനുവദിച്ചിട്ടുള്ളതാണ്.

സംസ്ഥാന സർക്കാർ സമർപ്പിച്ച ബൃഹത്തായ പാക്കേജ് പ്രകാരമുള്ള ധനസഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്, 2021.